കേരള നിയമസഭാ നടപടികൾ
പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 06, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 – നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 06, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിരിക്കുന്നു.)

II ശ്രദ്ധക്ഷണിക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി
ലഭ്യമാക്കേണ്ടതിന്റെയും അരേകാപ്പ്-വീരാങ്കുടി
ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ
ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത

- ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ

III സബ്മിഷൻ

റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ
- ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

IV മേശപ്പുറത്തുവച്ച കടലാസുകൾ

V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2024 ഏപ്രിൽ 1 മുതൽ
2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(2) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024 ഏപ്രിൽ 1 മുതൽ
2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

2025-ലെ കേരള വ്യവസായ ഏകജാലക
ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ
വികസനവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും

(3) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
(സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ
സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ)
ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

(4) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024 ഏപ്രിൽ 1 മുതൽ
2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024 ഏപ്രിൽ 1 മുതൽ
2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും
2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ
ബിൽ സംബന്ധിച്ച റിപ്പോർട്ടും

(6) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ
അറുപത്തിയേഴ് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

VI ധനകാര്യം

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള
ഉപധനാഭ്യർഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

(ii) 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി)ബിൽ

(iii) 2025-ലെ മലയാളഭാഷാ ബിൽ

(iv) 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

(v) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

(vi) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

അനുബന്ധം I, II, III

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 06, തിങ്കൾ

വാല്യം 197} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2025 ഒക്ടോബർ മാസം 06-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9.00 AM]

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ (*181) (.....ബഹളം.....) (....ബഹളം....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെയും രാജ്യത്തെയും അയ്യപ്പഭക്തന്മാരെയെല്ലാം ഞെട്ടിച്ചുകൊണ്ട് ശബരിമലയിൽ കിലോക്കണക്കിന് സ്വർണ്ണം കവർന്നെടുത്തിരിക്കുകയാണ്. (.....ബഹളം.....) ഈ വിഷയം സഭ മുമ്പാകെ കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചെങ്കിലും അത് അവതരിപ്പിക്കാൻ സമ്മതിച്ചില്ല. ശബരിമല സ്വർണ്ണ കൊള്ളയുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റിനെ പുറത്താക്കണമെന്നതുമാണ് ഞങ്ങളുടെ പ്രധാനപ്പെട്ട ആവശ്യം. (.....ബഹളം.....) (.....ബഹളം.....)

മി. സ്പീക്കർ: ചോദ്യം നമ്പർ (*181) (.....ബഹളം.....) യെസ്.....യെസ്.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതി

1(*181) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിപ്രകാരം സംരംഭകർക്ക് എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) കെ.എഫ്.സി. മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രത്യേക വായ്പാ പദ്ധതി ആർക്കെല്ലാമാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി കൂടുതൽ സംരംഭകർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രധാനമായും മൂന്ന് സംരംഭക വികസന പദ്ധതികൾ വഴിയാണ് സംരംഭകരെ സഹായിക്കുന്നത്.

1. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസനപദ്ധതി

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അഞ്ച് ശതമാനം പലിശ നിരക്കിൽ രണ്ട് കോടി രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്. (.....ബഹളം.....) മൂന്ന് ശതമാനം സർക്കാർ സബ്സിഡിയും രണ്ട് ശതമാനം കെ.എഫ്.സി. റിബേറ്റും വഴിയാണ് ഈ കുറഞ്ഞ പലിശ നിരക്ക് ലഭ്യമാക്കുന്നത്. നിലവിൽ ഈ പദ്ധതി വഴി 3183 സംരംഭങ്ങൾക്കായി 1121.02 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും 82,700 തൊഴിലവസരങ്ങൾ സംസ്ഥാനത്ത്

സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. (.....ബഹളം.....) 2025-26 സാമ്പത്തിക വർഷത്തിൽ 500 പുതിയ സംരംഭങ്ങൾക്കുകൂടി പിന്തുണ നൽകാനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

മി. സ്പീക്കർ: പ്ലീസ്....അവിടെ പോയിരിക്കൂ...പ്ലീസ്...യെസ്...യെസ്.....

2. കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരളവായ്പാ പദ്ധതി

2021-22 സാമ്പത്തിക വർഷത്തിൽ 'കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി' എന്ന പേരിൽ ഒരു സമഗ്രമായ പദ്ധതി തന്നെ അവതരിപ്പിച്ചു. മികവുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആശയരൂപീകരണം മുതൽ കമ്പനിയുടെ വിപുലീകരണം വരെയുള്ള ഓരോ ഘട്ടത്തിലും സമഗ്രമായ പിന്തുണയും വായ്പാ സഹായവും ലഭ്യമാക്കുന്ന പദ്ധതിയാണ് കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള പദ്ധതി. പ്രോഡക്ടൈസേഷന്റെ ഘട്ടത്തിൽ 25 ലക്ഷം രൂപവരെയും കൊമേഴ്സ്യലൈസേഷന്റെ ഘട്ടത്തിൽ 50 ലക്ഷം രൂപവരെയും സ്കെയിൽ-അപ്പിനായി രണ്ടുകോടി രൂപവരെയും 5.6 ശതമാനം പലിശ നിരക്കിൽ ഈടില്ലാതെ ലഭ്യമാകും.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... എന്താണിത്? അവിടെ പോയിരിക്കൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സംസ്ഥാന സർക്കാരിന്റെ സബ്സിഡിയും കെ.എഫ്.സി. റിബേറ്റും വഴിയാണ് ഈ കുറഞ്ഞ പലിശനിരക്ക് ലഭ്യമാകുന്നത്. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനും വെഞ്ച്വർ ഡെബ്റ്റ് ഫണ്ടിങ്ങിനും പത്ത് കോടി രൂപവരെയുള്ള വായ്പയും ലഭ്യമാണ്. കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള പദ്ധതിവഴി ഇതുവരെ 77 കമ്പനികൾക്കായി 97.72 കോടി രൂപയാണ് വായ്പയായി

നൽകിയിട്ടുള്ളത്.

3. കെ.എഫ്.സി. കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. വായ്പാ പദ്ധതി

കാർഷികാധിഷ്ഠിത സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. വായ്പാ പദ്ധതി (KFC Agro-based MSME {Micro, Small and medium Enterprises} Loan Scheme-KAMS) എന്ന പേരിൽ ഒരു വായ്പാ പദ്ധതി പ്രഖ്യാപിച്ചത് 2022-23 സാമ്പത്തിക വർഷത്തിലാണ്. ഈ പദ്ധതിവഴി സംരംഭകർക്ക് പത്ത് കോടി രൂപവരെയുള്ള വായ്പ 6 ശതമാനം പലിശനിരക്കിൽ ലഭ്യമാകും. ഈ പദ്ധതിപ്രകാരം 41 യൂണിറ്റുകൾക്ക് 95.13 കോടി രൂപ വായ്പ നൽകി. ഇതിലൂടെ 410 പേർക്ക് പ്രത്യക്ഷമായും 615 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാനും സാധിച്ചിട്ടുണ്ട്. (.....ബഹളം.....)

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന വായ്പാ പദ്ധതികളായ CMEDP (Chief Minister's Entrepreneurship Development Programme), സ്റ്റാർട്ടപ്പ് കേരള, KAMS (KFC Agro-based MSME Loan Scheme) തുടങ്ങിയവ സ്റ്റാർട്ടപ്പ് സംരംഭകർക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നവയാണ്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കുള്ള വായ്പ, കൂടുതൽ സംരംഭങ്ങൾക്ക് പ്രയോജനപ്പെടാൻ പാകത്തിൽ, സ്കെയിൽ-അപ്പിനായി നൽകുന്ന വായ്പാ തുകയുടെ പരിധി 2 കോടി രൂപയിൽനിന്നും 3 കോടി രൂപയായും പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനും വെഞ്ചർ ഡെബ്റ്റ് ഫണ്ടിങ്ങിനുമായി നൽകുന്ന വായ്പയുടെ പരിധി 10 കോടി രൂപയിൽനിന്നും 15 കോടി രൂപയായും ഉയർത്താൻ പദ്ധതിയുണ്ട്.

സർ, പ്രതിപക്ഷാംഗങ്ങൾ ഡയസിനുചുറ്റും നിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കറെ കാണാൻ സാധിക്കുന്നില്ല. സാധാരണഗതിയിൽ ഇന്ത്യയിലെ മറ്റ് സഭകളിലൊരിടത്തും ചോദ്യോത്തരവേളയിൽ ഇപ്രകാരം ബഹളമുണ്ടാക്കാറില്ല. ചോദ്യോത്തരവേള കഴിഞ്ഞശേഷം പ്രതിപക്ഷത്തിന് ഈ വിഷയം ഉന്നയിക്കാവുന്നതാണല്ലോ; നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകാൻ മറന്നുപോയതുകൊണ്ടാണോ ചോദ്യോത്തര സമയത്ത് ഇത്രയും മോശമായ സമീപനം സ്വീകരിക്കുന്നതെന്ന് എനിക്ക് അറിയില്ല. (.....ബഹളം.....) എന്തായാലും ഇത് ശരിയായ രീതിയല്ല. ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കുകയെന്നത് അംഗങ്ങളുടെ അവകാശമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രതിപക്ഷാംഗങ്ങൾക്ക് ആവശ്യമായ ഉപദേശം നൽകണം. അങ്ങ് നിയന്ത്രണമില്ലാതെ അംഗങ്ങളെ ഇങ്ങനെ വിടാൻ പാടില്ല. (.....ബഹളം.....) ചോദ്യത്തിന്റെ 'ബി' പിരിവിനുള്ള മറുപടി പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... (.....ബഹളം.....)

ശ്രീ. പ്രമോദ് നാരായൺ: സർ, (.....ബഹളം.....) ബഹുമാനപ്പെട്ട സ്പീക്കറെ കാണാൻ കഴിയുന്നില്ല. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ചലനമായിതീരുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കാനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികളുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് തുടക്കത്തിൽ നൽകുന്ന സാമ്പത്തിക പിന്തുണപോലെതന്നെ പ്രധാനപ്പെട്ട സ്കെയിൽ അപ്പിന് ആവശ്യമായ തരത്തിൽ ടി പദ്ധതി സമഗ്രമായി പരിഷ്കരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (.....ബഹളം.....) സ്റ്റാർട്ടപ്പുകൾക്ക് വായ്പാ സഹായം നൽകുന്നതിനുള്ള CMEDP (Chief Minister's Entrepreneurship Development

Programme) പദ്ധതിപ്രകാരം നൽകിവരുന്ന രണ്ട് കോടി രൂപ വർധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതുപോലെ ഒരു ഈടുമില്ലാതെ ഉൽപന്നങ്ങളുടെ അടിസ്ഥാനത്തിൽമാത്രം ഒൻപതര ശതമാനം പലിശയ്ക്ക് പത്ത് കോടി രൂപവരെ നൽകുന്ന ഒരു ബൃഹത് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. CMEDP മുഖേനയുള്ള വായ്പയുടെ പലിശനിരക്ക് അഞ്ച് ശതമാനമാണ്. ടി വായ്പാത്തുക വർധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഒരു ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിച്ച പദ്ധതിയെന്ന നിലയ്ക്ക് സ്റ്റാർട്ടപ്പുകളെയും പൊതുസംരംഭകരെയും സഹായിക്കുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. (.....ബഹളം.....) അങ്ങേയ്ക്ക് കാണാൻ കഴിയുമോയെന്ന് അറിയില്ല. ശ്രീ. ചാണ്ടി ഉമ്മൻ, ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നീ പുതിയ അംഗങ്ങളെയാണ് സഭയിൽ ബാനർ പിടിക്കാൻ ഏൽപ്പിച്ചിരിക്കുന്നത്. (.....ബഹളം.....) ബാനർ പിടിക്കാൻ അവരെ ഏൽപ്പിക്കുന്നത് ശരിയാണോ; ഏറ്റവും പുതിയ അംഗങ്ങളെ കൊണ്ടാണോ ബാനർ പിടിപ്പിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തുന്നത്? അങ്ങേയ്ക്ക് കാണാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. സഭയ്ക്കുള്ളിൽ ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ല. നാടിനാകെ അപമാനമുണ്ടാക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സംസ്ഥാനത്തുണ്ടാകുന്ന ഏതൊരു തെറ്റായ നടപടിക്കെതിരെയും അതിശക്തമായ നിലപാടെടുക്കുന്ന ഗവൺമെന്റാണ് ഇവിടെയുള്ളത്. കുറ്റം ചെയ്യുന്ന ആരെയും സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കില്ല. അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് അതെല്ലാം മറച്ചുവയ്ക്കാനും ചർച്ച ഒഴിവാക്കാനും പുകമറ സൃഷ്ടിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. (.....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങയുടെ ടീമിനോട് സീറ്റുകളിൽ ഇരിക്കാൻ പറയണം. പ്ലീസ്.....പ്ലീസ്....., ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെപ്പോലും കാണാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങളോട് ബാനർ താഴ്ത്താൻ പറയണം. പ്ലീസ്....പ്ലീസ്.... അംഗങ്ങൾ അവരവരുടെ സീറ്റിലേക്ക് പോകണം. കേരളത്തിലെ ഏറ്റവും ഗൗരവമുള്ള വിഷയങ്ങളാണ് ചോദ്യോത്തരവേളയിൽ ചർച്ച ചെയ്യുന്നത്. ചോദ്യോത്തരവേളപോലും തടസ്സപ്പെടുത്തുന്നത് ശരിയായ രീതിയല്ല. ഇത് മാന്യമായ രീതിയല്ല. ചോദ്യോത്തരവേള തുടരാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരിക്കൽക്കൂടി അഭ്യർഥിക്കുകയാണ്. .....പ്ലീസ്.....പ്ലീസ്..., ഇത് കേരളത്തിലെ ജനങ്ങളോടുള്ള അനാദരവാണ്. ശ്രീ. പി. കെ. ബഷീർ, അങ്ങ് സീനിയറായ അംഗമല്ലേ? അങ്ങ് ബഹുമാനപ്പെട്ട അംഗങ്ങളോട് അവരവരുടെ സീറ്റിലേയ്ക്ക് പോകാൻ പറയൂ. ഇത്തരത്തിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന രീതി സഭാനടപടികളോടുള്ള അനാദരവാണ്. ചോദ്യോത്തരവേള തുടർന്നുകൊണ്ടുപോകാൻ സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. (.....ബഹളം.....) സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗം റദ്ദുചെയ്യുന്നു. സഭാനടപടികൾ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.06-ന് സഭ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+)

+ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

9.58 AM]

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.06-ന് നിർത്തിവച്ച സഭ 9.58-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....., ശ്രദ്ധക്ഷണിക്കൽ.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചചെയ്ത സഭയാണിത്. ഒരുപക്ഷേ, ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ അത്യപൂർവമായിരിക്കും ഇത്. ഏത് വിഷയവും ചർച്ച ചെയ്യാനുള്ള സർക്കാരിന്റെ ആത്മവിശ്വാസവും ധൈര്യവും ജനാധിപത്യബോധവുമാണ് ഇത് വ്യക്തമാക്കുന്നത്. ഏതൊരു വിഷയവും ചർച്ചയിലൂടെ അഭിമുഖീകരിക്കാൻ തയ്യാറുള്ള സർക്കാരിനെയും ചർച്ചയ്ക്കുപോലും തയ്യാറാകാതെ ഒളിച്ചോടുന്ന പ്രതിപക്ഷത്തെയുമാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആറ് ദിവസത്തിനുള്ളിൽ നാലുതവണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച നടത്തുകയുണ്ടായി. ഈ സർക്കാരിന്റെ ആത്മവിശ്വാസത്തെയാണ് ഇത് കാണിക്കുന്നത്. നിയമസഭാ നടപടിക്രമമനുസരിച്ചുള്ള

നോട്ടീസുപോലും നൽകാതെ ചോദ്യോത്തരവേള ഉൾപ്പെടെയുള്ള സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് അത്യപൂർവമായ സംഭവമാണെന്നതിലുപരി പ്രതിപക്ഷത്തിന്റെ ഭീരുത്വത്തെയാണ് കാണിക്കുന്നത്. ഈ സഭ നിലവിൽ വന്ന് നാളിതുവരെ 188 ദിവസം സമ്മേളിച്ചതിൽ ഒൻപത് ദിവസം മാത്രമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകാതിരുന്നത്. പ്രതിപക്ഷം ഉന്നയിക്കുന്നത് പ്രധാനപ്പെട്ട വിഷയമാണെങ്കിൽ ഒരു നോട്ടീസെങ്കിലും കൊടുക്കാനുള്ള പാർലമെന്ററി മര്യാദയോ സഭയോടുള്ള ബഹുമാനമോ ഇവർ കാണിക്കണ്ടേ? നോട്ടീസ് കൊടുത്താൽ സർക്കാർ അത് ചർച്ചയ്ക്കെടുക്കുകയാണെങ്കിൽ സ്വന്തം കള്ളി വെളിച്ചത്താവുമെന്നതുകൊണ്ട് നോട്ടീസുപോലും കൊടുക്കാൻ ധൈര്യമില്ലാത്തവരാണ് ഈ പ്രതിപക്ഷം. വേണമെങ്കിൽ ഇവർക്ക് ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാമായിരുന്നല്ലോ; അതും അവതരിപ്പിക്കാൻ അനുവദിച്ചില്ലെങ്കിൽ സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് മനസ്സിലാക്കാം. നടപടിക്രമമനുസരിച്ചുള്ള ശ്രമംപോലും നടത്താതെ മുൻകൂട്ടി തയ്യാറാക്കിവച്ച തിരക്കഥയും ബാനറുമായി വന്ന പ്രതിപക്ഷം ജനങ്ങളുടെ മുന്നിൽ നഗ്നരാക്കപ്പെട്ടിരിക്കുകയാണ്. വസ്തുതകൾ പുറത്തുവരുമെന്ന ഭയമാണ് ഇവർക്കുള്ളത്. വസ്തുതകൾ പുറത്തുവരണമെന്നല്ല സമൂഹമധ്യത്തിൽ പുകമറ നിലനിർത്തണമെന്നാണ് ഇവർ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി മാത്രമാണ് ഈ നാടകം അവതരിപ്പിക്കുന്നത്. പിണറായി വിജയൻ സർക്കാരിന്റെ ട്രാക്ക് റെക്കോർഡ് എന്താണ്? തെറ്റ് ചെയ്തവർ ആരായിരുന്നാലും മുഖംനോക്കാതെ കൈവിലങ്ങണിയിച്ച് തുറുങ്കിലടച്ച ചരിത്രമാണ് ഈ സർക്കാരിനുള്ളത്. അത് ഇവർക്ക്

നന്നായിട്ടറിയാം. പ്രതിപക്ഷത്തിന്റെ ഈ നടപടി സഭയോടും ചെയറിനോടും കേരളത്തിലെ ജനങ്ങളോടും ജനാധിപത്യത്തോടുമുള്ള അനാദരവാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്, പ്ലീസ്.....പ്ലീസ്.....പ്ലീസ്....., ശ്രീ. റോജി എം. ജോൺ, പ്ലീസ്.....പ്ലീസ്, ബാനർ ഒന്ന് മാറ്റൂ..... പ്ലീസ്... സീറ്റിൽ പോയിരിക്കൂ. നിങ്ങൾ Disrupt ചെയ്യുന്നതിന്റെ ഗ്രൗണ്ട് എന്താണ്? അത് പറയൂ. എന്ത് ഗ്രൗണ്ടിലാണ് disrupt ചെയ്യുന്നത്; നിങ്ങൾ നോട്ടീസ് തന്നിട്ടുണ്ടോ? ഒരു നോട്ടീസും നൽകിയിട്ടില്ല. നോട്ടീസ് നൽകൂ.... സഭ disrupt ചെയ്യുന്നതിന്റെ ഗ്രൗണ്ട് പറയൂ. ഒരു നോട്ടീസുപോലും നൽകാതെ സഭാ നടപടികൾ തടസ്സപ്പെടുത്തരുത്. പ്ലീസ്.....പ്ലീസ്..... (.....ബഹളം.....).

II ശ്രദ്ധക്ഷണിക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കേണ്ടതിന്റെയും അരേകാപ്പ് - വീരാങ്കുടി ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നവും പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയമാണ് സഭ മുമ്പാകെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ടി വിഷയം അവതരിപ്പിക്കാൻ കഴിയാത്തവിധം പ്രതിപക്ഷം ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പതിനഞ്ചാം കേരള നിയമസഭയിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള 17 ഉപക്ഷേപങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. എന്നാൽ ഒരു നോട്ടീസുപോലും നൽകാതെ പ്രതിപക്ഷം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് തികച്ചും അപലപനീയമാണ്.

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലയാറ്റൂർ വനമേഖലയിലെ മണ്ണിടിച്ചിലും ഉരുൾപൊട്ടൽ ഭീഷണിയുംമൂലം വാസസ്ഥലം ഉപേക്ഷിക്കേണ്ടിവന്ന അരേക്കാപ്പ്-വീരാങ്കുടി ആദിവാസി നഗറിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പുനരധിവാസം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും ഭൂമിക്ക് രേഖ നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. വീരാങ്കുടി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലാഭരണകൂടവും പട്ടികവർഗ വികസന വകുപ്പും വനം വകുപ്പും സംയുക്തമായി അരേകാപ്പ് ഉന്നതിയോടുചേർന്ന് കണ്ടെത്തിയ കോടശ്ശേരി പഞ്ചായത്തിലെ മാരാങ്കോട് ഭാഗത്തെ സ്ഥലം താമസത്തിന് സജ്ജമാക്കിയതിനുശേഷം വനം വകുപ്പിന്റെ തടസ്സവാദങ്ങളുണ്ടായിരിക്കുകയാണ്. (.....ബഹളം.....) വീരാങ്കുടി ഉന്നതിയിലെ ജനങ്ങൾ മാറിത്താമസിച്ച സ്ഥലത്തിന് സമീപത്തുവച്ച് ഒരു കുട്ടിയെ പുലി ആക്രമിച്ച സാഹചര്യം പരിഗണിച്ച്, അവിടെ കുടിൽകെട്ടി താമസിക്കുന്ന അൻപതോളം കുടുംബങ്ങളെ മാരാങ്കോട് പ്രദേശത്തേയ്ക്ക് പുനരധിവസിപ്പിക്കേണ്ടതുണ്ട്. കൃഷി വകുപ്പിന്റെ ജൈവ കർഷക ഉന്നതിക്കുള്ള പുരസ്കാരം നേടിയതും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുമായ അരേകാപ്പ്-വീരാങ്കുടി ഉന്നതിയിലെ മുഴുവൻ ആദിവാസി കുടുംബങ്ങളെയും മാരാങ്കോട് പ്രദേശത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും അവർക്ക് കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനാവശ്യമായ ഭൂമി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. (.....ബഹളം.....)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്തെ പട്ടികവർഗ വിഭാഗക്കാരുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും മലയാറ്റൂർ വനം ഡിവിഷന്റെ ഇടമലയാർ ഫോറസ്റ്റ് റെയിഞ്ചിന്റെ കീഴിലുള്ള പെരുങ്കുഴി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാരപരിധിയിലുൾപ്പെടുന്നതുമായ കപ്പായം വനമേഖലയിലെ ആദിവാസി നഗറാണ് അരേകാപ്പ്-വീരാങ്കുടി. ടി വിഷയം വകുപ്പിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ വികസനം, വനം, റവന്യൂ വകുപ്പുകളുടെ സംയുക്തയോഗം ചേരുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം ലഭിക്കേണ്ട ഭൂമി അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തെ 14 ജില്ലകളിലെയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ലാൻഡ് ബാങ്ക് പദ്ധതി, വനാവകാശ നിയമം എന്നിവപ്രകാരവും മിച്ചഭൂമിയിൽ ഉൾപ്പെടുത്തിയും പരമാവധി ഭൂമി ലഭ്യമാക്കി സംസ്ഥാനത്തെ മുഴുവൻ

+ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ വിഭാഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമേറിയ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ആദിവാസി ജനതയുടെ ജീവിതപ്രശ്നങ്ങളാണ് ഉന്നയിച്ചത്. അതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ വനം വകുപ്പുമന്ത്രിയുടെയും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെയും എന്റെയും സാന്നിധ്യത്തിൽ സംയുക്ത യോഗം ചേർന്നിരുന്നു. അവർക്ക് അനുവദിച്ച പ്രദേശത്ത് നിരന്തരമായി വന്യമൃഗശല്യമുണ്ടാകുന്നതുമൂലം അവിടെനിന്നും മാറി താമസിക്കേണ്ട സാഹചര്യം വന്നതിനാൽ പകരം സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. ഭാവിയിൽ ഇത്തരമൊരു സാഹചര്യമുണ്ടായാൽ എന്ത് നടപടി സ്വീകരിക്കാമെന്നതിനെ സംബന്ധിച്ച് മൂന്ന് വകുപ്പുകളും ചേർന്ന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്വർ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളിലേക്ക് കടക്കുകയും ആയത് അന്തിമ ഘട്ടത്തിലെത്തിയിരിക്കുകയുമാണ്. ആദിവാസികളായ മനുഷ്യരുടെ ജീവിതപ്രശ്നം ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയ്ക്കുന്ന രീതിയിൽ പ്രതിപക്ഷം നടത്തുന്ന തെറ്റായ നടപടി ഗുണകരമായ കാര്യമല്ല. അത് ആദിവാസികളോടുള്ള അവഹേളനമായി ഈ സഭ കാണണം.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി കെ. കെ. രമ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

III സബ്മിഷൻ

റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസിപ്പിക്കുന്നതിനുവേണ്ടി കീഴല്ലൂർ വില്ലേജിൽപ്പെട്ട കാനാട്, കീഴല്ലൂർ മേഖലകളിൽ 245 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നോട്ടിഫിക്കേഷൻ ചെയ്ത ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയാത്തതിനാൽ കഴിഞ്ഞ ഒൻപത് വർഷമായി ഈ പ്രദേശത്തെ ജനങ്ങൾ നരകയാതന അനുഭവിക്കുകയാണ്. അതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കാനും 2008-ലെ ഭൂമി ഏറ്റെടുക്കൽ പാക്കേജനുസരിച്ച് പുനരധിവാസത്തിന് പത്ത് സെന്റ് ഭൂമിവീതം നൽകാനും നടപടി സ്വീകരിക്കണം. കീഴല്ലൂർ, കൂടാളി വില്ലേജുകളിലായി പുനരധിവാസത്തിനായി 36 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ടി ഭൂമികൾ ഏറ്റെടുത്ത് ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുചേർത്തിരുന്നു. സ്ഥലം ഏറ്റെടുക്കാനും നഷ്ടപരിഹാരം ലഭ്യമാക്കാനും സത്വരനടപടി

സ്വീകരിക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: സഭാനടപടികളുമായി സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് ആവർത്തിച്ച് ചെയർ അഭ്യർഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ കാണാൻ സാധിക്കുന്നില്ല. ബാനർ ഒന്ന് താഴ്ത്തിപിടിച്ചാൽ അദ്ദേഹത്തെ കാണാമായിരുന്നു. (.....ബഹളം.....) പ്രതിപക്ഷം സഭാനടപടികളുമായി സഹകരിക്കാത്ത സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയുടെ ഭാഗമായിട്ടുള്ള മറ്റ് സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. *

IV. മേശപ്പുറത്തുവച്ച കടലാസുകൾ

സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന പത്രികകളുടെ പട്ടിക

(1) ലിസ്റ്റ് 1 പ്രകാരം (ചട്ടം 236(5) അനുസരിച്ചുള്ളത്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
II- ഭ്രനികുതിയും ദേവസ്വവും	2019-20	4	21, 22

* അനുബന്ധമായി ചേർത്തിരിക്കുന്നു.

XIV – ആഭ്യന്തരകാര്യങ്ങൾ	2023-24	3	129, 131-134

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VIII - സാമ്പത്തിക കാര്യങ്ങൾ	2022-23	2	59
	2023-24	3	3-6

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
II - ഭൂനികുതിയും ദേവസ്വവും	2022-23	2	3

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
IV - വ്യവസായവും ധാതുക്കളും	2019-20	4	24
	2022-23	2	11, 17, 26
	2023-24	3	2, 3, 6, 7, 8, 30, 35, 37, 39, 40, 41, 53, 54

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
IX - തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും	2023-24	3	20-32, 39-78

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും	2022-23	2	53, 56, 76
	2023-24	3	2, 55

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VI - വിദ്യാഭ്യാസം	2022-23	2	121-124
II - ഭ്രനികുതിയും ദേവസ്വവും	2023-24	3	22

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VI - വിദ്യാഭ്യാസം	2019-20	4	31, 32, 34, 38
	2022-23	2	45, 46, 55, 56
	2023-24	3	52-55

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
V —മരാമത്തും ഗതാഗതവും വാർത്താവിനിമയവും	2021-22	1	123

ബഡ്ജറ്റ് വിഭജനപ്രകാരമുള്ള ചെലവ് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ പട്ടിക

(2) ലിസ്റ്റ് 2 പ്രകാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
III-നീതിന്യായ നിർവഹണം	2023-24 (കാലതാമസ പത്രിക സഹിതം	കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	2023-24 (കാലതാമസ പത്രിക സഹിതം	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി
XXI - ഭവന നിർമ്മാണം	2023-24 (കാലതാമസ പത്രിക സഹിതം)	കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ
XXIII-വാർത്താ വിതരണവും പ്രചരണവും	2023-24 (കാലതാമസ പത്രിക സഹിതം	ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ	2023-24 (കാലതാമസ പത്രിക സഹിതം)	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ് കേരളം
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	കേരള പബ്ലിക് സർവീസ് കമ്മീഷൻ
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	പൊതുഭരണ (ബജറ്റ് വിങ്) വകുപ്പ്
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	സംസ്ഥാന ആസൂത്രണ ബോർഡ്
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.11) വകുപ്പ്
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് (കേരള ഹൗസ്, ന്യൂഡൽഹി)
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന	2024-25	പദ്ധതി നിർവഹണ വിലയിരുത്തൽ

ഉദ്യോഗസ്ഥന്മാർ		നിരീക്ഷണ വകുപ്പ്
III-നീതിന്യായ നിർവഹണം	2024-25	ജുഡീഷ്യറി, കേരള സ്റ്റേറ്റ് പ്രോസിക്യൂഷൻ സർവീസസ് വകുപ്പ്
IV-തിരഞ്ഞെടുപ്പുകൾ	2024-25	ഇലക്ഷൻ വകുപ്പ്
XII-പോലീസ്	2024-25	വിജിലൻസ് വകുപ്പ്
XII-പോലീസ്	2024-25	പോലീസ് വകുപ്പ്
XIII-ജയിലുകൾ	2024-25	ജയിൽ വകുപ്പ്
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	2024-25	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	2024-25	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ്
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	2024-25	പൊതുഭരണ (എ.ഐ.എസ്. -എ) വകുപ്പ്
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	2024-25	സ്റ്റേഷനറി വകുപ്പ്
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	2024-25	അച്ചടി വകുപ്പ്
XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	2024-25	ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പ്
XVI - പെൻഷനും പലവകയും	2024-25	പൊതുഭരണ പ്രോട്ടോക്കോൾ വകുപ്പ്
XVI - പെൻഷനും പലവകയും	2024-25	പൊതുഭരണ (രഹസ്യ) വിഭാഗം വകുപ്പ് (2075-00-104-99-ജീവൻ രക്ഷാ പതക്കങ്ങൾ)
XVI - പെൻഷനും പലവകയും	2024-25	പൊതുഭരണ (രഹസ്യ) വിഭാഗം വകുപ്പ് (2075-00-104-95-00-34-03-കേരള അവാർഡ്സ് -NV)
XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	2024-25	പൊതുഭരണ വകുപ്പ്
XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	2024-25	സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

XXI -ഭവന നിർമ്മാണം	2024-25	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (ഹൗസിങ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ)
XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ	2024-25	വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ്, വർക്കല
XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ	2024-25	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (മുനിസിപ്പാലിറ്റികളിലെ ജനന-മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ)
XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ	2024-25	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (സെൻസസ് സർവ്വേയും സ്ഥിതി വിവരക്കണക്കുകളും)
XXIX- കൃഷി	2024-25	കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)
XXIX- കൃഷി	2024-25	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
XXIX - കൃഷി	2024-25	കേരള സംസ്ഥാന ഭ്രവിനിയോഗ ബോർഡ്
XXIX - കൃഷി	2024-25	വയനാട് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)
XXIX - കൃഷി	2024-25	ഇടുക്കി വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)
XXIX - കൃഷി	2024-25	കാസറഗോഡ് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)
XXXVII - വ്യവസായങ്ങൾ	2024-25	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (വാർഷിക വ്യവസായ സർവ്വേ)
XXXVII - വ്യവസായങ്ങൾ	2024-25	ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്
XLI - ഗതാഗതം	2024-25	കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
XLV-പലവക വായ്പകളും മുൻക്കൂറുകളും	2024-25	പൊതുഭരണ(എ.ഐ.എസ്. - സി) വകുപ്പ്

XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2024-25	സൈനിക ക്ഷേമ വകുപ്പ്
XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2024-25	പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ) വകുപ്പ്
XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2024-25	ആഭ്യന്തര വകുപ്പ് (ദുർഗ്രണ പരിഹാര പാഠശാല, തടവുകാരുടെ ക്ഷേമം)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
V-ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	2021-22 (കാലതാമസ പത്രിക സഹിതം)	ചരക്ക് സേവന നികുതി വകുപ്പ്
V-ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	2021-22 (കാലതാമസ പത്രിക സഹിതം)	ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)
V-ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	2022-23 (കാലതാമസ പത്രിക സഹിതം)	ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)
X - ട്രഷറികളും അക്കൗണ്ടുകളും XI - ജില്ലാ ഭരണവും	2023-24	

പലവകയും XVI - പെൻഷനും പലവകയും XLIII - നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും XLV - പലവക വായ്പകളും മുൻകൂറുകളും XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	(കാലതാമസ പത്രിക സഹിതം)	ധനകാര്യ വകുപ്പ്
II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, XVI - പെൻഷനും പലവകയും	2024-25	ധനകാര്യ വകുപ്പ്
V-ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	2024-25	ചരക്ക് സേവന നികുതി വകുപ്പ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XI-ജില്ലാ ഭരണവും പലവകയും	2024-25	ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് (റവന്യൂ വകുപ്പ്)
XXI- ഭവന നിർമ്മാണം	2024-25	ഭവന നിർമ്മാണ വകുപ്പ്
VI -ഭ്രനികുതി XI -ജില്ലാ ഭരണവും പലവകയും XXVIII-പലവക സാമ്പത്തിക സർവീസുകൾ	2024-25 (കാലതാമസ പത്രിക സഹിതം)	ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേയും ഭ്രരേഖയും വകുപ്പ്, സ്റ്റേറ്റ് ലാൻഡ് ബോർഡ് (റവന്യൂ വകുപ്പ്)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXVIII - ജലസേചനം	2018-19 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് (പ്രോജക്ട്സ് -I വിഭാഗം, ഐ.ഡി.ആർ.ബി.)
XXXVIII - ജലസേചനം	2019-20 (കാലതാമസ പത്രിക സഹിതം)	ജലസേചന വകുപ്പ് (ഐ.ഡി.ആർ.ബി.)
XX - ശുദ്ധജല വിതരണവും ശുചീകരണവും	2023-24 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് (കേരള വാട്ടർ അതോറിറ്റി)
XX - ശുദ്ധജല വിതരണവും ശുചീകരണവും	2024-25	കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (KRWSA)
XXIX – കൃഷി (ചെറുകിട ജലസേചനം)	2024-25	കേരള സംസ്ഥാന ഭൂജലവകുപ്പ്
XXIX – കൃഷി (ചെറുകിട ജലസേചനം)	2024-25	ജലവിഭവ വകുപ്പ്
XXXVIII - ജലസേചനം	2024-25	ജലവിഭവ വകുപ്പ് (വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ) പ്രോജക്ട്സ് - I വിഭാഗം, ഇറിഗേഷൻ പ്രോജക്ട് 2, ഐ.ഡി.ആർ.ബി., കുട്ടനാട് പാക്കേജ്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
V - ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	2024-25	ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്)
XXXIX - വൈദ്യുത പദ്ധതികൾ	2024-25	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
XXXIX- വൈദ്യുത പദ്ധതികൾ	2024-25	എനർജി മാനേജ്മെന്റ് സെന്റർ - കേരള

വനം-വന്യജീവി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXIV-വനം	2024-25 (കാലതാമസ പത്രിക സഹിതം)	വനം-വന്യജീവി വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXVII - വ്യവസായങ്ങൾ	2018-19 (കാലതാമസ പത്രിക സഹിതം)	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2018-19 (കാലതാമസ പത്രിക സഹിതം)	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

XXXVII - വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2020-21 (കാലതാമസ പത്രിക സഹിതം)	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2020-21 (കാലതാമസ പത്രിക സഹിതം)	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2020-21 (കാലതാമസ പത്രിക സഹിതം)	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2020-21 (കാലതാമസ പത്രിക സഹിതം)	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2020-21 (കാലതാമസ പത്രിക സഹിതം)	ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2021-22 (കാലതാമസ പത്രിക സഹിതം	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2021-22 (കാലതാമസ പത്രിക സഹിതം	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2021-22 (കാലതാമസ പത്രിക സഹിതം	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2021-22	ട്രാൻസ്ഫോർമേഴ്സ് ആൻഡ്

	(കാലതാമസ പത്രിക സഹിതം	ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2022-23 (കാലതാമസ പത്രിക സഹിതം	കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്
II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, III-നീതിന്യായ നിർവ്വഹണം	2023-24 (കാലതാമസ പത്രിക സഹിതം	നിയമ വകുപ്പ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24	കൈത്തറി - യന്ത്രത്തറി

	(കാലതാമസ പത്രിക സഹിതം	വ്യവസായങ്ങൾ
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	കേരള ക്ലെയ്സ് ആൻഡ് സിറാമിക് പ്രൊഡക്ട്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2023-24 (കാലതാമസ പത്രിക സഹിതം	വ്യവസായ വാണിജ്യ വകുപ്പ്
XXXVII - വ്യവസായങ്ങൾ	2024-25	കരകൗശല വികസന കോർപ്പറേഷൻ
XXXVII - വ്യവസായങ്ങൾ	2024-25	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം)
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി
XXXVII - വ്യവസായങ്ങൾ	2024-25	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ
XXXVII - വ്യവസായങ്ങൾ	2024-25	കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

XXXVII - വ്യവസായങ്ങൾ	2024-25	ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)
XXXVII - വ്യവസായങ്ങൾ	2024-25	കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)
XXXVII - വ്യവസായങ്ങൾ	2024-25	കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
XXXVII - വ്യവസായങ്ങൾ	2024-25	ദി കേരള സിറാമിക്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കയർ വികസന വകുപ്പ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)
XXXVII - വ്യവസായങ്ങൾ	2024-25	കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള ക്ലെയ്സ് & സിറാമിക് പ്രൊഡക്ട്സ് ലിമിറ്റഡ് (കെ. സി. സി. പി. ലിമിറ്റഡ്)
XXXVII - വ്യവസായങ്ങൾ	2024-25	കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

XXXVII - വ്യവസായങ്ങൾ	2024-25	ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള റബ്ബർ ലിമിറ്റഡ് (KRL)
XXXVII - വ്യവസായങ്ങൾ	2024-25	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
XXXVII - വ്യവസായങ്ങൾ	2024-25	സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)
XXXVII - വ്യവസായങ്ങൾ	2024-25	സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് (എസ്. ഐ. എഫ്.എൽ.)
XXXVII - വ്യവസായങ്ങൾ	2024-25	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.)
XXXVII - വ്യവസായങ്ങൾ	2024-25	കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)
XXXVII - വ്യവസായങ്ങൾ	2024-25	ആട്ടോകാസ്റ്റ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
XXXVII - വ്യവസായങ്ങൾ	2024-25	കേരള ചെറുകിട വ്യവസായ

		വികസന കോർപ്പറേഷൻ (സിഡ്കോ)
XXXVII - വ്യവസായങ്ങൾ	2024-25 (കാലതാമസ പത്രിക സഹിതം)	കൈത്തറി - യന്ത്രത്തറി വ്യവസായങ്ങൾ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXII - നഗരവികസനം, XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ, XXXV - പഞ്ചായത്ത്, XXXVI - ഗ്രാമ വികസനം	2022-23 (കാലതാമസ പത്രിക സഹിതം)	തദ്ദേശ സ്വയംഭരണ വകുപ്പ്
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2024-25	പാർലമെന്ററികാര്യ വകുപ്പ് , പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്
VIII-എക്സൈസ്	2024-25	എക്സൈസ് വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXIX - കൃഷി	2023-24 (കാലതാമസ പത്രിക സഹിതം)	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള
XXIX - കൃഷി	2024-25	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള

XXIX - കൃഷി	2024-25	മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
XXIX - കൃഷി	2024-25	കേരള കാർഷിക സർവകലാശാല
XXIX - കൃഷി & XXX-ഭക്ഷ്യം	2024-25	കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
VII-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	2024-25	രജിസ്ട്രേഷൻ വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
IX-വാഹന നികുതികൾ, XLI-ഗതാഗതം	2024-25	ഗതാഗത വകുപ്പ്

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XI-ജില്ലാ ഭരണവും പലവകയും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
XX-ശ്രദ്ധജലവിതരണവും ശുചീകരണവും	2023-24 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം
XXIX - കൃഷി	2023-24 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (ശബരിമല മാസ്റ്റർ പ്ലാൻ)
XI-ജില്ലാ ഭരണവും പലവകയും	2024-25 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (ശബരിമല ശുചീകരണ പ്രവൃത്തികൾ)
XXVII-സഹകരണം	2024-25	സഹകരണ വകുപ്പ്
XXIX - കൃഷി	2024-25	റവന്യൂ (ദേവസ്വം) വകുപ്പ് (ശബരിമല മാസ്റ്റർ പ്ലാൻ)
XL-തുറമുഖങ്ങൾ	2024-25	തുറമുഖ വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXIII-മത്സ്യബന്ധനം	2023-24 (കാലതാമസ പത്രിക സഹിതം)	മത്സ്യബന്ധന വകുപ്പ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2018-19 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2019-20 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV - തൊഴിലും തൊഴിലാളി	2023-24	കേരള സംസ്ഥാന അസംഘടിത

ക്ഷേമവും പ്രവാസി ക്ഷേമവും	(കാലതാമസ പത്രിക സഹിതം)	തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV- തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25	കേരള ഷോപ്പ് &കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25	ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25	വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25	ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XV-പൊതുമരാമത്ത്	2024-25	പൊതുമരാമത്ത് വകുപ്പ്
XLII-വിനോദസഞ്ചാരം	2024-25	വിനോദസഞ്ചാര വകുപ്പ്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXV-പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2023-24 (കാലതാമസ പത്രിക സഹിതം)	പിന്നാക്ക വിഭാഗ വികസന വകുപ്പ്
XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2023-24 (കാലതാമസ പത്രിക സഹിതം)	പട്ടികജാതി വികസന വകുപ്പ്
XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2024-25	പിന്നാക്ക വിഭാഗ വികസന വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXI-മൃഗസംരക്ഷണം	2021-22 (കാലതാമസ പത്രിക സഹിതം)	കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല
XXXI-മൃഗസംരക്ഷണം	2024-25	മൃഗസംരക്ഷണ വകുപ്പ്
XXXI-മൃഗസംരക്ഷണം	2024-25	കേരള ഫീഡ്സ് ലിമിറ്റഡ്

XXXI-മൃഗസംരക്ഷണം	2024-25	മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
XXXI-മൃഗസംരക്ഷണം	2024-25	കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
XXXI-മൃഗസംരക്ഷണം	2024-25	കേരള വെറ്ററിനറി &അനിമൽ സയൻസസ് സർവ്വകലാശാല
XXXI-മൃഗസംരക്ഷണം	2024-25	കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
XXXII-ക്ഷീരവികസനം	2024-25	ക്ഷീരവികസന വകുപ്പ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2019-20 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2020-21 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2024-25	വനിത ശിശു വികസന വകുപ്പ്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2023-24 (കാലതാമസ പത്രിക സഹിതം)	ന്യൂനപക്ഷ ക്ഷേമ വകുപ്പ്
XVI-പെൻഷനും പലവകയും	2024-25	കേരള സ്റ്റേറ്റ് വഖഫ് ബോർഡ്
XVI-പെൻഷനും പലവകയും	2024-25	കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി
XXV-പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2024-25	ന്യൂനപക്ഷ ക്ഷേമ വകുപ്പ്
XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	2024-25	ന്യൂനപക്ഷ ക്ഷേമ കമ്മീഷൻ

V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(.....ബഹളം.....) ഇത് വായിക്കുമ്പോൾ പോലും ബഹു. സ്പീക്കറെ കാണാൻ കഴിയുന്നില്ല.

മി. സ്പീക്കർ: യെസ്.....യെസ്....., ബാനർ താഴ്ത്തി പിടിക്കൂ, അദ്ദേഹം മുഖം കണ്ടോട്ടെ.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് ഒന്ന് എണീറ്റ് നിൽക്കൂ. അങ്ങയുടെ മുഖം ഒന്ന് കണ്ടോട്ടെ. (.....ബഹളം.....) എങ്ങനെയാണ് സമരം ചെയ്യേണ്ടതെന്ന് ഞങ്ങൾ പറഞ്ഞുതരാം. (.....ബഹളം.....) ഒരു മര്യാദയുമില്ല, മര്യാദയേയില്ല നിങ്ങൾക്ക്? (.....ബഹളം.....)

(4) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ സംബന്ധിച്ച റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ

ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

(6) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VI. ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള
ഉപധനാഭ്യർഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000/- രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000/- രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 48,67,50,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

1,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 124,20,35,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 5,00,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 17,03,14,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

20,25,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ക്രമ നം.	വകുപ്പുമന്ത്രി	ധനാഭ്യർത്ഥനയുടെ നമ്പറും പേരും		തുക (രൂപയിൽ)
(1)	(2)	(3)		(4)
1	മുഖ്യമന്ത്രി	III	നീതിന്യായ നിർവ്വഹണം	2,000/-
		XII	പോലീസ്	2,000/-
		XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	48,67,50,000/-
2	തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	VIII	എക്സൈസ്	1,000/-
3	പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	XV	പൊതുമരാമത്ത്	124,20,35,000/-
4	പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	XXV	പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	5,00,00,000/-
5	ധനകാര്യ വകുപ്പുമന്ത്രി	XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	3,000/-
6	നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	XXXVII	വ്യവസായങ്ങൾ	17,03,14,000/-

7	ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	XLVI	സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും	20,25,000/-

(ചർച്ച നടന്നില്ല)

മി. സ്പീക്കർ: നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 48,67,50,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 124,20,35,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 5,00,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 17,03,14,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 20,25,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

VII. നിയമ നിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, പ്രതിപക്ഷം എത്ര തടസ്സപ്പെടുത്തിയാലും 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബില്ലുമായി ബന്ധപ്പെട്ട് ചില പ്രാഥമിക കാര്യങ്ങൾ പറയാതെ പോകാൻ കഴിയില്ല. കേരളത്തിലെ റവന്യൂ രേഖകൾക്ക് ഒരു കൃത്യത ഉറപ്പാക്കുന്നതിനായി ഐക്യകേരള ചരിത്രത്തിൽ ആദ്യമായി അവതരിപ്പിക്കുന്ന ഒരു സെറ്റിൽമെന്റ് ബില്ലാണിത്. 1883 മുതൽ 1911 വരെയുള്ള കാലഘട്ടത്തിൽ നടന്ന സബ്ജക്ട് സെറ്റിൽമെന്റുകൾക്കുശേഷം ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഒരു സെറ്റിൽമെന്റുമുണ്ടായിട്ടില്ല. 06-10-1965-ലാണ് റീ-സർവെ നടപടികൾ ആരംഭിക്കാൻ കേരളം തീരുമാനിച്ചത്. അതിന്റെ ഭാഗമായി എല്ലാ 30 വർഷം കൂടുമ്പോഴും സെറ്റിൽമെന്റ് ഉണ്ടാക്കാവുന്ന തരത്തിൽ റീ-സർവെ നടപടികൾ കൊണ്ടുവരണമെന്നാണ് ആലോചിച്ചിരിക്കുന്നത്. ഈ ഘട്ടത്തിലാണ് രണ്ടാം പിണറായി സർക്കാർ കേരളത്തിൽ ഒരു

ഡിജിറ്റൽ റീ-സർവെ അനിവാര്യമാണെന്ന് തീരുമാനിച്ചത്. 1966-ൽ ആരംഭിച്ച റീ-സർവെ നടപടികളെ സംബന്ധിച്ച് 2000-ൽ പരിശോധിച്ചപ്പോൾ കേവലം 921 വില്ലേജുകളിൽ മാത്രമാണ് നടപ്പിലാക്കാനായതെന്ന് കണ്ടെത്തി. എന്നാൽ ഈ ഗവൺമെന്റ് ആരംഭിച്ച ഡിജിറ്റൽ റീ-സർവെ നടപടികൾ രണ്ട് വർഷക്കാലം പിന്നിടുമ്പോൾ 535 വില്ലേജുകളിൽ സർവെ ആരംഭിക്കുകയും 342 വില്ലേജുകളിൽ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. രണ്ട് വർഷക്കാലംകൊണ്ട് 831067 ഹെക്ടർ ഭൂമിയും 6081000 ലാൻഡ് പാഴ്സലുകളും അളന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞു. കേരളത്തിൽ ആകെയുള്ള ഭൂമി 35 ലക്ഷം ഹെക്ടറാണ്. അതിലുൾപ്പെടുന്ന 8 ലക്ഷം ഹെക്ടർ വനഭൂമി ഒഴികെയുള്ള ബാക്കി ഭൂമിയുടെ ഏകദേശം മൂന്നിലൊന്നോളം ഈ രണ്ട് വർഷക്കാലംകൊണ്ട് അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ വസ്തുതയാണ്. കോലളവ്, ചങ്ങല, ടേപ്പ് തുടങ്ങിയ പഴയ രീതികളിൽനിന്ന് ആധുനികരീതിയിലേയ്ക്ക് മാറിയപ്പോൾ ഒരാളുടെ ബൗണ്ടറിക്കുള്ളിൽ അധികമായി ഭൂമി കാണുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. 60 ലക്ഷം ലാൻഡ് പാഴ്സലുകൾ അളന്നപ്പോൾ ബൗണ്ടറിക്കുള്ളിലുള്ള 50 ശതമാനം ഭൂമിയും നിലവിലെ രേഖപ്രകാരമുള്ള ഭൂമിയേക്കാൾ കൂടുതലാണെന്ന സ്ഥിതിവിശേഷമുണ്ടായി. റവന്യൂ രേഖകളും സർവെ റിക്കോർഡുകളും ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയ സാഹചര്യങ്ങൾ നിലവിലുണ്ട്. ഒരു വ്യക്തിക്ക്, അയാൾക്ക് അവകാശമുള്ള ഭൂമി മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ. ആകെ ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഉടമസ്ഥാവകാശം മാറണമെങ്കിൽ അയാളുടെ ടൈറ്റിലിൽ മാറ്റമുണ്ടാകണം. 10 സെന്റ് ഭൂമിയുള്ള ഒരാൾ അയാളുടെ അതിർത്തിക്കുള്ളിലെ ഭൂമി

അളക്കുമ്പോൾ 12 സെന്റുണ്ടെന്ന് കണ്ടെത്തിയാൽ 12 സെന്റ് ഭൂമിക്കും നികുതി അടയ്ക്കാമെന്ന് ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. പക്ഷേ, നികുതിയുള്ളതുകൊണ്ടുമാത്രം ടി ഭൂമിയുടെ ഉടമസ്ഥാവകാശം അയാൾക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിലാണ് അധിക വിസ്തീർണ്ണത്തിന് ഉടമസ്ഥത ലഭിക്കത്തക്കവിധത്തിൽ ഒരു സെറ്റിൽമെന്റ് ആക്ട് ഐക്യകേരളത്തിന്റെ ചരിത്രത്തിലാദ്യമായി അവതരിപ്പിക്കണമെന്ന് ഗവൺമെന്റ് ആലോചിക്കുന്നത്. ഡിജിറ്റൽ സർവെയുടെ കൃത്യതയുടെ ഫലമായാണ് വ്യക്തമായ അതിരിനുള്ളിലെ ഭൂമിക്ക് കൂടുതൽ വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞത്. ഇങ്ങനെ കണ്ടെത്തിയ അധിക വിസ്തീർണ്ണത്തിലുള്ള ഭൂമിക്കും ഉടമസ്ഥാവകാശമുള്ള ഭൂമിയോടൊപ്പം ചേർത്ത് കരം ഒടുക്കാൻ അനുവാദം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷേ, റവന്യൂ രേഖകളും സർവെ രേഖകളും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളല്ലെന്നും അവ കൈവശത്തിനുള്ള തെളിവുകൾ മാത്രമാണെന്നുമാണ് നിലവിലെ സെറ്റിൽഡ് പൊസിഷൻ. എന്നാൽ, ടൈറ്റിലും കൈവശവും (possession) ചേരുമ്പോഴാണ് ഉടമസ്ഥതയുണ്ടാകുന്നത്. ടൈറ്റിലും കൈവശവും ചേർന്നാൽ അത് ഓണർഷിപ്പായി പരിഗണിക്കപ്പെടുന്നു. വ്യക്തമായ അതിർത്തിക്കുള്ളിലുള്ള ഭൂമിക്ക് ഉടമസ്ഥത നൽകാനാണ് ഇപ്പോൾ ഗവൺമെന്റ് ശ്രമിക്കുന്നത്. പ്രമാണപ്രകാരമുള്ള വ്യക്തമായ അതിർത്തിക്കുള്ളിൽ അധിക ഭൂമി കാണുന്നപക്ഷമാണ് ഉടമസ്ഥരേഖ നൽകുന്നത്. ഒരു ആധാരത്തിൽ പറഞ്ഞിരിക്കുന്ന വിസ്തൃതി അതിലെ ബൗണ്ടറികളുമായി യോജിക്കാതെ വന്നാൽ boundaries prevail over extent എന്ന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. പ്രതിപക്ഷം ബഹളമുണ്ടാക്കിയതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക്

ലഭിക്കേണ്ട ഒരു അവകാശവും ഈ ഗവൺമെന്റ് ഇല്ലാതാക്കാൻ പോകുന്നില്ല. ഡിജിറ്റൽ റീ-സർവെയിൽ അധികഭൂമി കണ്ടെത്തിയാൽ അതിന്റെ അവകാശം ഉടമയ്ക്ക് ലഭിക്കുന്നതിനും അത് വിൽക്കാനും കഴിയുന്ന തരത്തിൽ ഒരു സംവിധാനമുണ്ടാകണ്ടേ? 1964-ലെ കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ടിന്റെ ഉദ്ദേശ്യകാരണങ്ങൾ പരിശോധിച്ചപ്പോൾ ഇതിനായി ടി നിയമത്തിൽ ഭേദഗതി വരുത്തിയിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയതിനാലാണ് റവന്യൂ നിയമങ്ങളിൽ ഉണ്ടായേക്കാവുന്ന ഒരു വിടവ് അല്ലെങ്കിൽ ശൂന്യത നികത്തുന്നതിനായുള്ള നിയമനിർമ്മാണത്തിലേക്ക് സർക്കാർ കടക്കുന്നത്. സർക്കാർഭൂമി സംരക്ഷിച്ചുകൊണ്ടു മാത്രമേ കൈവശക്കാരന് ഉടമസ്ഥാവകാശ സാക്ഷ്യപത്രം നൽകി ഭൂമി ക്രമവത്കരിച്ചു നൽകുകയുള്ളൂവെന്ന മുൻകരുതൽ ഈ ആക്ടിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ, വ്യവഹാരത്തിൽപ്പെടാത്ത തർക്കരഹിതമായിട്ടുള്ള അതിർത്തിക്കുള്ളിലെ ഭൂമിയാണ് ക്രമവത്കരിച്ച് നൽകുന്നതെന്നതിനാൽ മറ്റൊരു ഭൂവുടമയുടെയും ഭൂമി നഷ്ടപ്പെടില്ലെന്നും ഉറപ്പാക്കുന്നതാണ്. കേരളത്തിലെ ആകെയുള്ള ഭൂവുടമകളിൽ പകുതിയിലധികം പേർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ വ്യക്തതയുള്ള ഒരു നിയമത്തിന്റെ കരടാണ് നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്നത്. ഭൂപരിഷ്കരണ നിയമത്തിലൂടെ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കപ്പെട്ട കേരള മോഡലിനുശേഷം ഭൂഭരണത്തിന് കേരളം ഒരു മോഡൽ ഉണ്ടാക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഒരു ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025–ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, ടി സർവ്വകലാശാലയിലെ വൈസ് ചാൻസലർ നിയമനം യു.ജി.സി. റെഗുലേഷൻസിന് അനുസൃതമായി നടത്തുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. ഇതിൽ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വൈസ് ചാൻസലർ നിയമനങ്ങൾക്കുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരം വ്യക്തമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാലയിലെയും ഡിജിറ്റൽ സർവ്വകലാശാലയിലെയും വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കമ്മിറ്റി നൽകുന്ന ലിസ്റ്റിന്റെ പരിഗണനാക്രമം നിർണ്ണയിക്കാനുള്ള അധികാരം മുഖ്യമന്ത്രിക്ക് നൽകിയിരിക്കുന്നതും സംസ്ഥാന ഗവൺമെന്റിനുള്ള അധികാരം വ്യക്തമാക്കുന്നതാണ്. സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ ആരൊക്കെ അംഗങ്ങളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതാണ് ആദ്യത്തെ ഭേദഗതി. വൈസ് ചാൻസലറുടെ ഒഴിവ് വരുന്നതിന് മൂന്നുമാസം മുമ്പെങ്കിലും സമിതി രൂപീകരിക്കണമെന്നും ആയത് രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വൈസ് ചാൻസലർ നിയമനത്തിനായി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ഏകകണ്ഠമായോ ഏകകണ്ഠമാകാൻ സാധിക്കുന്നില്ലെങ്കിൽ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലോ തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കണമെന്നും അപ്രകാരം സമർപ്പിക്കപ്പെടുന്ന പാനലിൽനിന്നും ഒരാളെ ചാൻസലർ വൈസ്

ചാൻസലറായി നിയമിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതാണ് രണ്ടാമത്തെ ഭേദഗതി. അതുപോലെ, വൈസ് ചാൻസലറുടെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ നിയമിക്കപ്പെടുന്ന തീയതി മുതൽ നാല് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്ന തീയതി വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെയായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2025-ലെ മലയാളഭാഷാ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ മലയാളഭാഷാ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, 2025-ലെ മലയാളഭാഷാ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, ഏറെ ചരിത്ര പ്രാധാന്യമുള്ള ഒരു ബില്ലാണിത്. നമ്മുടെ ഭരണ നിർവഹണം പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റണമെന്ന അഭിപ്രായം പല ഘട്ടത്തിലും നിയമസഭ പ്രകടിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2015 ഡിസംബർ 17-ന് പതിമൂന്നാം കേരള നിയമസഭ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസാക്കി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട രാഷ്ട്രപതി കാരണമൊന്നും വ്യക്തമാക്കാതെ പ്രസ്തുത ബില്ലിന് അനുമതി നിഷേധിക്കുകയാണ് ചെയ്തത്. എന്നാൽ ബില്ലിലെ മറ്റുചില വ്യവസ്ഥകളിലും അതായത് ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശം, ദേശീയ പാഠ്യപദ്ധതിക്കനുസൃതമായ ത്രിഭാഷാ പഠനം, 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ എന്നിവ അടിസ്ഥാനപ്പെടുത്തി കേന്ദ്ര സർക്കാർ തടസ്സവാദങ്ങൾ ഉന്നയിച്ച സാഹചര്യത്തിൽ ഓരോ കാര്യങ്ങളിലും വ്യക്തത വരുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ അഭിപ്രായം അറിയിച്ചെങ്കിലും കാരണമൊന്നും കൂടാതെ ബില്ലിന് അനുമതി നിഷേധിക്കുകയാണുണ്ടായത്. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷകൂടി പഠിക്കാനുള്ള അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് അന്ന്

ബിൽ പാസ്സാക്കിയത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അതായത്, 2017-ൽ മലയാള ഭാഷാ പഠന ആക്ട് പാസ്സാക്കിയിട്ടുള്ളതാണ്. ആയതുപ്രകാരം 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്ന് മുതൽ പത്താം ക്ലാസ് വരെ മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതാണ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിൽ മലയാള ഭാഷ അധ്യയനത്തിനുവേണ്ടി മാത്രമല്ല ഭരണനിർവഹണത്തിനും ജില്ലാ കോടതി വരെയുള്ള കോടതികളുടെ നടപടിക്രമങ്ങൾ മലയാള ഭാഷയിലേക്ക് മാറ്റുന്നതിനും മലയാളം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഔദ്യോഗിക ഭാഷാ സംവിധാനത്തിനുപകരം ഒരു പ്രത്യേക കമ്മീഷൻ എന്ന നിലയ്ക്ക് മലയാള ഭാഷ വികസന ഡയറക്ടറേറ്റ് രൂപീകരിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെതന്നെ നിയമങ്ങൾ, ബില്ലുകൾ, ഓർഡിനൻസുകൾ എന്നിവ മലയാളത്തിൽ അവതരിപ്പിക്കാറുണ്ട്. ഭരണഘടന പ്രകാരം ഒരു ബിൽ മലയാളത്തിലാണ് അവതരിപ്പിക്കുന്നതെങ്കിൽ അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഗവർണറുടെ അതോറിറ്റിയിൽ അംഗീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ പ്രായോഗികമായ രീതിയിൽ ഗവർണ്ണർതന്നെ ഒപ്പുവയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. യഥാർഥത്തിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ബിൽ ശരിയാണോയെന്ന ഒത്തുനോക്കൽ പ്രക്രിയ മാത്രമാണ് ഭരണഘടന പ്രകാരം നിർവഹിക്കേണ്ടത്. അത് under the Authority of the Governor എന്നാണ് ഭരണഘടന നിഷ്കർഷിക്കുന്നതെങ്കിലും ഗവർണ്ണർതന്നെ ഒപ്പുവയ്ക്കണമെന്നുള്ളതാണ് നിലവിൽ പിന്തുടരുന്ന കീഴ്വഴക്കം. അക്കാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യേണ്ടതാണെങ്കിലും നിലവിൽ ഇംഗ്ലീഷ് പരിഭാഷ നിർബന്ധമായി പ്രസിദ്ധീകരിക്കണമെന്ന ഭാഗം ഒഴിവാക്കി പൂർണ്ണമായും മലയാളത്തിൽതന്നെ

പ്രസിദ്ധീകരിക്കണമെന്ന നിർദേശമാണ് മുന്നോട്ടുവയ്ക്കുന്നത്. കൂടാതെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ തുടങ്ങിയ മറ്റ് ഭാഷക്കാരുടെ കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഭാഷയോ മാതൃഭാഷയോ ഉപയോഗിക്കാനുള്ള വ്യവസ്ഥയും കൂട്ടിച്ചേർത്തിട്ടുണ്ട്. ന്യൂനപക്ഷ ഭാഷാ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ പുതിയ നിയമം അവതരിപ്പിക്കുന്നത്. അതുപോലെതന്നെ ഇതരസംസ്ഥാന-ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ ഏഴാം ഖണ്ഡത്തിൽ പുതിയതായി ചേർത്തിട്ടുണ്ട്. സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാ ന്യൂനപക്ഷക്കാർ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പധ്യക്ഷന്മാരുമായും ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷപ്രദേശങ്ങളെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ എല്ലാ പ്രാദേശിക ഓഫീസുകളുമായുള്ള കത്തിടപാടുകളിൽ അവരുടെ ഭാഷകൾ ഉപയോഗിക്കാവുന്നതാണ്. ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ പുതിയ ബിൽ അവതരിപ്പിക്കുന്നത്. സാധാരണയായി ഇംഗ്ലീഷിൽ വരാറുള്ള പെറ്റി കേസുകളുടെ വിധിന്യായം മലയാളത്തിലാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കിയും ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനാവശ്യമായ വിധിന്യായങ്ങൾ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള വ്യവസ്ഥകളിലേയ്ക്കും പുതിയ ബില്ലിൽ മാറ്റം വരുത്തിയിട്ടുണ്ട്. യൂണിയൻ ഗവൺമെന്റ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾകൂടി പരിഗണിച്ച് സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരപരിധിക്കകത്ത് പൂർണ്ണമായി ഒതുങ്ങിനിന്നുകൊണ്ടും മാതൃഭാഷ എന്നത് ഭരണനിർവഹണത്തിന്റെ പ്രധാനപ്പെട്ട ഘടകമായി അംഗീകരിച്ചുകൊണ്ടുമുള്ള ഒരു

ബില്ലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപത്തിലൂടെ അവതരിപ്പിക്കുന്നത്. ഏറെ ചരിത്ര പ്രാധാന്യമുള്ള ഇത്തരമൊരു ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ പ്രതിപക്ഷം ഇപ്രകാരം നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം തുടർച്ചയായി ചർച്ചയ്ക്കെടുക്കുകയും മറുപടി ലഭിച്ചപ്പോൾ തൃപ്തിപ്പെടാതെ പുറത്തേയ്ക്കുപോയി രണ്ടുപേരെ സത്യാഗ്രഹത്തിന് ഇരുത്തുകയുമാണ് പ്രതിപക്ഷം ചെയ്തത്. അന്തിമ തീരുമാനമുണ്ടാകുന്നതുവരെ അവർ രണ്ടുപേരും സത്യാഗ്രഹമിരിക്കുകയാണെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ പൊലീസ് നയത്തിൽ പൂർണ്ണമായ തൃപ്തിയുള്ളതുകൊണ്ടായിരിക്കാം സഭയുടെ ശ്രദ്ധയിൽപ്പെടുത്താതെതന്നെ അവർ ഇന്ന് സഭയ്ക്കകത്തുള്ളത്. സഭയ്ക്കകത്തേയ്ക്ക് അവർ തിരിച്ചുവന്ന സാഹചര്യമെന്താണെന്ന് ഇതുവരെ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമയം കണ്ടെത്തിയിട്ടില്ലെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ മലയാളഭാഷാ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, '2025-ലെ കേരള പൊതു സേവനാവകാശ ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, ഇത് കേരള നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ടൊരു നിയമനിർമ്മാണമായി പരിഗണിക്കേണ്ടതാണ്. കേരളചരിത്രത്തിൽ നിർണ്ണായകമായി രേഖപ്പെടുത്തേണ്ട നിരവധി ബില്ലുകൾ സഭയുടെ പരിഗണനയ്ക്ക് വരികയാണെന്നുള്ളത് ഈ സെഷന്റെ പ്രത്യേകതയാണ്. സ്വാഭാവികമായും പ്രതിപക്ഷത്തിന് പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാമെങ്കിലും നാടിനെയാകെ ബാധിക്കുന്ന വലിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം നിയമനിർമ്മാണത്തിലൂടെ സർക്കാർ നടത്തുമ്പോൾ അതിനെ പിന്തുണയ്ക്കുകയാണ് വേണ്ടത്. നിയമനിർമ്മാണ ചർച്ചയിൽ പങ്കെടുക്കാതെ ഇത്തരത്തിലുള്ളള പ്രതിഷേധം സംഘടിപ്പിക്കുന്നത് യഥാർഥത്തിൽ കേരളീയ സമൂഹത്തോടുള്ള വെല്ലുവിളിയായി കണേണ്ടിവരും.

പൊതു സേവനാവകാശത്തിനുള്ള ബില്ലാണിത്. 2012-ൽ പൊതുസേവനാകാശ നിയമം നിയമസഭ പാസാക്കുകയുണ്ടായി. എന്നാൽ ടി നിയമത്തിലുണ്ടായിരുന്ന ചില പരിമിതികൾ പ്രയോഗത്തിലൂടെ കാണുകയുണ്ടായി. കൂടാതെ, എന്തുകൊണ്ടാണ് നിയമം പൂർണ്ണമായും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തൃപ്തിപ്പെടുത്തുന്ന രൂപത്തിലേക്ക് എത്തിക്കാൻ കഴിയാഞ്ഞതെന്ന് ഐ.എം.ജി.-യുടെ റിപ്പോർട്ട് ഉണ്ടായിരുന്നു. അതുപോലെ നിയമത്തിൽ എന്തെല്ലാം പ്രായോഗിക പരിമിതികൾ ഉണ്ടെന്നുള്ളത് പരിശോധിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും നിയമസഭയുടെ പരിഗണനയിലുണ്ട്. പൊതുസേവനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ അതിനുവേണ്ടി ഒരു പ്രത്യേക സ്വതന്ത്ര സംവിധാനം രൂപീകരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഏതൊക്കെ സേവനങ്ങളായിരിക്കണം ലഭിക്കേണ്ടതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എത്ര ദിവസത്തിനുള്ളിൽ സേവനങ്ങൾ ലഭിക്കണമെന്നും കൃത്യമായി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. ഒരിക്കൽ നടത്തിയ വിജ്ഞാപനം കാലോചിതമായി പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ ഒരാൾക്ക് സേവനം ലഭിക്കുന്നില്ലെങ്കിൽ ഒന്നാം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അവകാശവും ഒന്നാം അപ്പീലിന് സമയബന്ധിതമായി തീരുമാനം വന്നില്ലെങ്കിൽ രണ്ടാം അപ്പീലിനുള്ള അവകാശവും ഈ നിയമം ഉറപ്പുനൽകുന്നു. സേവനം നിഷേധിക്കുകയോ വൈകിപ്പിക്കുകയോ പൂർണ്ണമായും നൽകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരിൽനിന്ന് ഫൈൻ ഈടാക്കുക മാത്രമല്ല ഒന്നാം അപ്പീൽ അധികാരി കൃത്യസമയത്ത് തീരുമാനമെടുക്കുന്നില്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരിയുടെമേലും ഫൈൻ ഈടാക്കാനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, രണ്ടാം അപ്പീൽ അധികാരിയുടെ പ്രവർത്തനങ്ങൾ

പരിശോധിക്കാനായി ഒരു സ്വതന്ത്ര സംവിധാനം വരികയാണ്. 'റൈറ്റ് ടു സർവീസ്' എന്നാൽ സേവനം ജനങ്ങളുടെ അവകാശമാണ് എന്നാണ്. അത് ജനാധിപത്യത്തിന്റെ ഏറ്റവും ഉയർന്ന പ്രയോഗമാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ആ സ്വതന്ത്ര സംവിധാനത്തിന് അധികാരങ്ങൾ നൽകിക്കൊണ്ട് പല്ലും നഖവുമുള്ള ഒരു കമ്മീഷനെയാണ് ഈ നിയമത്തിന്റെ ഭാഗമായി രൂപീകരിക്കുന്നത്. ചരിത്രപ്രാധാന്യമുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(v) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(vi) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാംനമ്പർ) ബിൽ ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, '2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കരണങ്ങളുടെ നാല് വർഷങ്ങളാണ് ഇപ്പോൾ പിന്നിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങളെല്ലാംതന്നെ വിദ്യാർഥികൾക്ക് അവകാശപ്പെട്ട സേവനങ്ങൾ വേഗതയിലും ഗുണമേന്മ ഉറപ്പാക്കിയും ലഭിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും വേഗത്തിലും സമയനിഷ്ഠയോടെയും നടത്താൻ സാധിച്ചിട്ടുണ്ട്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ ജോബ് റെഡിനസ് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു. ഗവേഷണോന്മുഖ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാധ്യമാകുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലവും സിലബസ്സും സമയബന്ധിതമായി തയ്യാറാക്കി സംസ്ഥാനത്തെ സർവകലാശാലകളിൽ നടപ്പാക്കുക, പ്രവേശന പ്രക്രിയ കൃത്യമായി പൂർത്തീകരിക്കുക, പരീക്ഷകളുടെ നടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കാലതാമസമില്ലാതെ നടപ്പാക്കുക, വിദ്യാർഥികളുമായി നേരിട്ട് ബന്ധപ്പെടുന്ന സർവകലാശാലയുടെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിലാക്കുക, ബിരുദാനന്തര ബിരുദ കരിക്കുലവും എഞ്ചിനീയറിങ് കരിക്കുലവും ബി.എഡ്. കരിക്കുലവും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിങ്ങനെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളെല്ലാംതന്നെ ഈ കാലഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. നാല്

അഫിലിയേറ്റിങ് സർവകലാശാലകളിലും മൂന്ന് യൂണിറ്ററി സർവകലാശാലകളിലും ഒരു ഓപ്പൺ സർവകലാശാലയിലും ഒരേസമയം മുഴുവൻ ബിരുദ പ്രോഗ്രാമുകളും നാലുവർഷ ബിരുദ പ്രോഗ്രാമുകളായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സർവകലാശാലയിലെ അക്കാദമിക് കമ്മ്യൂണിറ്റി അധ്യാപകരും ജീവനക്കാരും നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായാണ് ഇത്തരം കാര്യങ്ങൾ സാധിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള paradigm shift-ലേയ്ക്ക് ഉന്നത വിദ്യാഭ്യാസ മേഖലയെ നയിക്കുന്നതിനും ഗുണമേന്മാ വർധനവിലൂടെ NAAC അക്രഡിറ്റേഷനിലും NIRF റാങ്കിങ്ങിലും മികച്ച ഗ്രേഡുകളും റാങ്കുകളും കരസ്ഥമാക്കുന്നതിനും സർവകലാശാലകളിലെ സിൻഡിക്കേറ്റുകളടക്കമുള്ള ഭരണ സംവിധാനങ്ങൾ നൽകിയ നേതൃത്വപരമായ സഹകരണം ഈ അവസരത്തിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഒരു ഏകീകൃത അക്കാദമിക് കലണ്ടറിന് രൂപം നൽകി അക്കാദമിക പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ഏകോപിതമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതിലും സിൻഡിക്കേറ്റുകൾക്ക് വലിയ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് സർവകലാശാല നിയമപ്രകാരമുള്ള വിവിധ സംവിധാനങ്ങൾ സമയനിഷ്ഠയോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. എന്നാൽ സർവകലാശാല ഭരണസംവിധാനത്തിൽ ഏറ്റവും പ്രമുഖമായ സിൻഡിക്കേറ്റുകൾ ആവശ്യാനുസരണം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളേണ്ട സാഹചര്യങ്ങളുണ്ടാകുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിവരുന്നതും ഇനി നടപ്പാക്കേണ്ടതുമായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നെടുനായകത്വം വഹിക്കുന്ന സർവകലാശാല സിൻഡിക്കേറ്റുകൾ സമയബന്ധിതമായി വിളിച്ചുചേർക്കുന്ന കാര്യത്തിൽ

ചില സർവകലാശാല വൈസ് ചാൻസലർമാർ അലംഭാവം പ്രകടിപ്പിക്കുകയാണ്. നിലവിൽ സിൻഡിക്കേറ്റുകൾ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിബന്ധനയുണ്ട്. അല്ലെങ്കിൽ വൈസ് ചാൻസലർക്ക് ആവശ്യമെന്ന് തോന്നിയാൽ യോഗം ചേരാനും നിബന്ധനയുണ്ട്. സിൻഡിക്കേറ്റിലെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ 7 ദിവസത്തിനകം യോഗം വിളിച്ചുചേർക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുന്ന ഭേദഗതിയാണ് ബില്ലിലൂടെ അവതരിപ്പിക്കുന്നത്. വൈസ് ചാൻസലർ എന്ന വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല സിൻഡിക്കേറ്റുകൾ പ്രവർത്തിക്കേണ്ടത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളാണ് സിൻഡിക്കേറ്റുകൾ. വിദ്യാർഥികളും രക്ഷിതാക്കളുമടങ്ങുന്ന പൊതുസമൂഹത്തിന്റെ ഇച്ഛയ്ക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസത്തെ രൂപപ്പെടുത്തിയെടുക്കാനുള്ള ഉത്തരവാദിത്വം പ്രധാനമായും ഏറ്റെടുക്കേണ്ടത് സിൻഡിക്കേറ്റുകളാണ്. അവയുടെ പ്രവർത്തനം വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഒതുങ്ങേണ്ടവയല്ല. വൈസ് ചാൻസലർമാർ ചില ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി തീരുമാനമെടുക്കുന്ന രീതി നിലവിലുണ്ട്. ചിലപ്പോഴെങ്കിലും വൈസ് ചാൻസലർമാർ തങ്ങളുടെ അധികാര പരിധിക്കുപുറത്ത് തീരുമാനമെടുക്കുകയും നിയമസംവിധാനങ്ങൾ ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. സംസ്ഥാനത്തിന് യോജിക്കാത്തതും ഇവിടത്തെ ജനത ഉൾക്കൊള്ളാത്തതുമായ ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും ഒളിച്ചുകടത്താനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ സിൻഡിക്കേറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത്

സർവകലാശാലകളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർഥി സമൂഹത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അത്യന്താപേക്ഷിതമായതിനാൽ ഇവിടെ അവതരിപ്പിച്ച സർവകലാശാല ഭേദഗതി ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ സർവകലാശാല (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവകലാശാല (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

അറിയിപ്പ്

ഭേദഗതികൾക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2025 ഒക്ടോബർ 9, 10 തീയതികളിൽ സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തിനുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള സമയം യഥാക്രമം ഒക്ടോബർ 6, 7 തീയതികളിൽ ഉച്ചയ്ക്കശേഷം 3.00 മണി വരെയും വകുപ്പ് തിരിച്ചുള്ള ഭേദഗതികൾക്ക്

നോട്ടീസ് നൽകുന്ന സമയം അന്നേദിവസം രാത്രി 8.00 മണി വരെയും പുനഃക്രമീകരിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ....., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.50-ന് പിരിഞ്ഞു.)

******

അനുബന്ധം I

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെ.എസ്.എഫ്.ഇ.-യുടെ നേട്ടങ്ങൾ

2(*182) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മിസലേനിയസ് നോൺ ബാങ്കിങ് കമ്പനികളിൽ ആദ്യമായി ഒരു ലക്ഷം കോടിയുടെ ബിസിനസ് നേട്ടം കൈവരിക്കുന്നതിന് കെ.എസ്.എഫ്.ഇ.-ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തെ മിസലേനിയസ് നോൺ ബാങ്കിങ് കമ്പനികളിൽ ആദ്യമായി ഒരു ലക്ഷം കോടിയുടെ ബിസിനസ് നേട്ടം കൈവരിക്കുന്നതിന് കെ.എസ്.എഫ്.ഇ.-ക്ക് കഴിഞ്ഞിട്ടുണ്ട്.

ചിട്ടിയിനത്തിൽ 46,900 കോടി രൂപ വായ്പായിനത്തിൽ 20,802 കോടി രൂപ നിക്ഷേപമായി 35,106 കോടി രൂപ എന്നിങ്ങനെ 1,02,808 കോടി രൂപയുടെ ബിസിനസ്സ് വളർച്ച കൈവരിച്ചുകൊണ്ട് 31-07-2025-ൽ കെ.എസ്.എഫ്.ഇ. ഈ നേട്ടത്തിലേക്കെത്തുകയുണ്ടായി.

(ബി) എങ്കിൽ ഇത്തരമൊരു നേട്ടം കൈവരിക്കുന്നതിന് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന സ്ഥാപനം എന്ന വസ്തുത നൽകുന്ന സുരക്ഷിതത്വവും വിശ്വാസവുമാണ് ജനങ്ങളെ കെ.എസ്.എഫ്.ഇ.-യിൽ എത്തിക്കുന്ന പ്രധാന ഘടകം. കെ.എസ്.എഫ്.ഇ.-യിൽ നിക്ഷേപിക്കുന്ന പണം പൂർണ്ണമായും സുരക്ഷിതമാണെന്ന നിക്ഷേപകരുടെ വിശ്വാസമാണ് കെ.എസ്.എഫ്.ഇ.-യുടെ ഏറ്റവും പ്രധാനപ്പെട്ട കൈമുതൽ. നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകി വരുന്നത് നിക്ഷേപകരിൽ കൂടുതൽ സുരക്ഷിതത്വത്തിന്റെ വിശ്വാസമുണർത്തുന്നു. ചിട്ടികൾക്കും മറ്റും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ സർക്കാരിന്റെ നിയമമനുസരിച്ച് രജിസ്ട്രാറെ സമീപിക്കുക എന്നതുൾപ്പെടെ നിരവധി സംവിധാനങ്ങൾ പരാതി പരിഹരിക്കാൻ സർക്കാരിന്റെ ഭാഗമായി നിലവിലുണ്ട്. സ്ഥാപനത്തിൽ നിലവിലുള്ള പരാതി പരിഹാര സംവിധാനങ്ങൾക്ക് പുറമെയാണിത്. ഇതോടൊപ്പം സർക്കാർ നടപ്പാക്കിയിട്ടുള്ള വികസന നവീകരണ പ്രവർത്തനങ്ങൾ ആകെ ബിസിനസ്സ് ഒരു ലക്ഷം കോടി രൂപ കവിയുന്നതിനും കെ.എസ്.എഫ്.ഇ.-യെ രാജ്യത്തെ മുൻനിര മിസലേനിയസ് നോൺ ബാങ്കിങ് കമ്പനിയായി ഉയർത്തി കൊണ്ടുവരുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്. കെ.എസ്.എഫ്.ഇ-യുടെ അറ്റമൂല്യം (Net worth) 1547 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ലാഭം 2024-25 സാമ്പത്തിക വർഷം 512 കോടി രൂപയായും വർധിച്ചിട്ടുണ്ട്. ഈ സർക്കാർ അംഗീകൃത മൂലധനം 250 കോടി രൂപയായും അടച്ച് തീർത്ത മൂലധനം 200 കോടി രൂപയായും ഉയർത്തുകയുണ്ടായി. കെ.എസ്.എഫ്.ഇ.-ക്ക് ചിട്ടി ഇതര ബിസിനസ്സുകൾ ചെയ്യുന്നതിന് ചിറ്റ് ഫണ്ട് ആക്ടിലെ 12(1) വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ

നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയുക്തമാക്കി Other Lines of Business ചെയ്യുന്നതിന് ഈ സർക്കാർ കാലപരിധിയില്ലാത്ത അനുമതി നൽകി ഉത്തരവായിരുന്നു.

കെ.എസ്.എഫ്.ഇ.-യുടെ സാന്നിധ്യം കേരളത്തിൽ എല്ലായിടത്തും എത്തിക്കുന്നതിന് ഉതകുംവിധം പുതിയ ശാഖകൾ അതുപോലെ സാധാരണക്കാർക്ക് ഗ്രാമ പ്രദേശങ്ങളിലും മറ്റും മൈക്രോ ശാഖകൾ എന്നിവ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. ആയത് പ്രകാരം 2025-ൽ ആകെ ശാഖകൾ 683 ആയി വർധിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകി വരുന്നു. ആയതിനാൽ കെ.എസ്.എഫ്.ഇ.-യിലെ നിക്ഷേപങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വമുണ്ട്. ഏറ്റവും മികച്ച പലിശ നിരക്കും നിക്ഷേപങ്ങൾക്ക് നൽകുന്നു. നിക്ഷേപങ്ങൾ ഉപയോഗിച്ച് ജനോപകാരപ്രദമായ വായ്പാ പദ്ധതികളും മറ്റും നടപ്പാക്കി വരുന്നു. സ്വകാര്യ സംരംഭങ്ങളേക്കാൾ കുറഞ്ഞ പലിശ നിരക്കായതിനാൽ സ്വർണ്ണപ്പണയ വായ്പയ്ക്കായി സാധാരണക്കാർ കെ.എസ്.എഫ്.ഇ.-യെ കാര്യമായി ആശ്രയിച്ചുവരുന്നു. ഇതുമൂലം ഈ സർക്കാർ വന്നശേഷം സ്വർണ്ണപ്പണയ വായ്പാ വളർച്ച 10000 കോടി രൂപയും കവിഞ്ഞ് മുന്നോട്ടുപോവുകയാണ്. 2500-ൽപ്പരം PSC നിയമനങ്ങൾ ഈ കാലയളവിൽ നടത്തിയിട്ടുണ്ട്. കമ്മീഷൻ വ്യവസ്ഥയിൽ 700-ലധികം യുവജനങ്ങൾക്ക് ബിസിനസ്സ് പ്രൊമോട്ടർമാരായി തൊഴിൽ നൽകി. ഏകദേശം 4000 ഏജന്റുമാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ഏജന്റുമാർ മുഖേന നടത്തുന്ന ഡോർ കളക്ഷൻ

സംവിധാനം POS മെഷീനുകൾ ഉപയോഗിച്ചുകൊണ്ട് പൂർണ്ണമായും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിച്ച് തുടങ്ങിയത് ഈ സർക്കാരിന്റെ കാലത്താണ്.

ഇടപാടുകാർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ, ഡിജിറ്റൽ മാർക്കറ്റിങ്, SMS/Automated Call അറിയിപ്പുകൾ എന്നിവ വ്യാപകവും ശാസ്ത്രീയവുമായി നടപ്പാക്കുന്നതിനും സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരിച്ച് വാർഷിക ജനറൽ ബോഡി യോഗം കൃത്യമായി നടത്തുന്നതിനും ഇടപാടുകാർക്ക് നല്ല നിലയിൽ പലിശയിളവും സഹായങ്ങളും നൽകി കുടിശ്ശിക നിവാരണം ഊർജ്ജിതമാക്കുന്നതിനും സർക്കാർ വലിയ പിന്തുണയാണ് നൽകിവരുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം പ്രവർത്തനങ്ങൾ ആകെ ബിസിനസ്സ് ഒരു ലക്ഷം കോടി രൂപയെന്ന ചരിത്രലക്ഷ്യം കൈവരിക്കാൻ കെ.എസ്.എഫ്.ഇ-യെ ഏറെ സഹായിച്ചിട്ടുണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനായി ജനോപകാരപ്രദമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ?

കേരളത്തിലെ ഏറ്റവും ജനകീയമായ ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ.-യുടെ ഇന്ന് കാണുന്ന വളർച്ചയുടെ അടിത്തറ 60 ലക്ഷത്തിലധികം വരുന്ന ഇടപാടുകാരുടെ ശക്തിയാണ്. ജനോപകാര പ്രദമായ പദ്ധതികളാണ് എല്ലാ കാലത്തും കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏറെ ആദായകരമായ

ചെറിയ ചിട്ടികൾ നല്ല അളവിൽ ആരംഭിക്കുകയുണ്ടായി. 1000/- രൂപ മുതൽ 5000/- രൂപ വരെ തവണ സംഖ്യയുള്ള സാമാന്യം കാലാവധി കൂടിയ ചിട്ടികൾ തുടങ്ങുകയും ആയതുവഴി സാധാരണ ജനവിഭാഗങ്ങളിലേക്ക് ചിട്ടിയുടെ ഗുണഫലം എത്തിക്കുകയുമുണ്ടായി. ഒട്ടനവധി ദീർഘകാല ചിട്ടികൾ തുടങ്ങി കെ.എസ്.എഫ്.ഇ. ശാഖകൾ മികച്ച ആദായം ഇടപാടുകാർക്ക് നൽകുന്നു.

എല്ലാ ഗ്രാമ നഗര പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് സാമ്പത്തിക സേവനം ഉറപ്പുവരുത്തുന്നതിന് ഉതകുംവിധം 683 ശാഖകൾ ഇന്ന് കേരളത്തിൽ പ്രവർത്തിച്ചുവരുന്നു.

ഇടപാടുകാരന് ചിട്ടികളുടെയും വായ്പകളുടെയും വിവരങ്ങൾ അറിയുന്നതിനും 24x7 എന്ന നിലയിൽ പണം അടയ്ക്കുന്നതിനും ചിട്ടിയിൽ പ്രോക്സി നൽകുന്നതിനും നിക്ഷേപങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ഉതകുന്ന വിധത്തിൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മൊബൈൽ ആപ്പ് കെ.എസ്.എഫ്.ഇ. പവർ ആപ്പ് എന്ന പേരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഏറ്റവും വേഗത്തിൽ പണലഭ്യത ഉറപ്പുവരുത്തുന്നതും നാനാവിഭാഗങ്ങൾക്ക് ഉതകുന്നതുമായ സ്വർണ്ണപ്പണയ വായ്പകൾ, പവർ (മൊബൈൽ) ആപ്പ് ഉപയോഗിച്ച് 24x7 എന്ന നിലയിൽ ഏത് സമയത്തും പണമെടുക്കാൻ കഴിയുന്ന സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റ്, കേവലം 4.9% നിരക്കിൽ ജനമിത്രം വായ്പ, 7.5% പലിശ നിരക്കിൽ 20,000/- രൂപ ലഭിക്കുന്ന സ്വർണ്ണപ്പണയ വായ്പ, വനിതകൾക്കായി ഗൃഹോപകരണങ്ങളും മറ്റും വാങ്ങുന്നതിനുള്ള മഹിളാസമൃദ്ധി കൺസ്യൂമർ ലോൺ, സുഗമ സേവിങ്സ് പദ്ധതിയിൽ 5% പലിശ നൽകുന്ന മഹിളാ പ്ലസ് സുഗമ സ്കീം, സ്മാർട്ട് ഗോൾഡ് ഓവർഡ്രാഫ്റ്റിന്റെ പ്രോസസിങ് ചാർജ് 100% ഒഴിവാക്കിക്കൊണ്ടുള്ള മഹിളാ പ്ലസ് ഗോൾഡ് ഓവർഡ്രാഫ്റ്റ്, നിക്ഷേപങ്ങൾക്ക് മികച്ച

പലിശ നിരക്ക് നൽകുന്ന നേട്ടം, നേട്ടം+, മുതിർന്ന പൗരന്മാർക്ക് അധിക നേട്ടം നൽകുന്ന വന്ദനം എന്നീ നിക്ഷേപ പദ്ധതികൾ എന്നിവ ഈ കാലയളവിലെ കെ.എസ്.എഫ്.ഇ.-യിലെ ജനകീയ പദ്ധതികളാണ്. ഇടപാടുകാർക്കായി ചിട്ടി ഡോർകളക്ഷൻ സംവിധാനത്തിൽ കൂടുതൽ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കുന്നതിനായി പുതിയ ഡോർ കളക്ഷൻ 'ഏജന്റ്സ് ആപ്പ്' നടപ്പാക്കാൻ കഴിഞ്ഞു. പ്രവാസ ജീവിതം നയിക്കുന്ന കേരളീയരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാനുതകും വിധം കെ.എസ്.എഫ്.ഇ. പ്രവാസി ബിസിനസ്സ് സെന്റർ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. 120-ലധികം രാജ്യങ്ങളിൽ നിന്നുള്ള മലയാളികളാണ് പ്രവാസി ചിട്ടിയിൽ ഇതുവരെ വരിക്കാരായിട്ടുള്ളത്. ദീർഘകാല ചിട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ചിട്ടിയിൽ ചേരുന്ന പ്രവാസികൾക്ക് മികച്ച ഡിവിഡന്റ് ഉറപ്പുവരുത്തുകയും പ്രവാസികളുടെ നിക്ഷേപം മൂല്യവത്താക്കി മാറ്റുകയും ചെയ്യുന്നു. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയോടുകൂടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം എന്ന പദ്ധതി നടപ്പാക്കുകയും ഇതുവഴി 8788 സംരംഭങ്ങൾക്കായി 378 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ചിട്ടിയുടെയും വായ്പയുടെയും നിക്ഷേപങ്ങളുടെയും വിവരങ്ങൾ സമയാസമയങ്ങളിൽ കൃത്യമായി ഇടപാടുകാരിൽ എത്തിക്കുന്നതിനും അതുവഴി മികച്ച ഉപഭോക്തൃ സേവനം നൽകുന്നതിനുമായി SMS, WhatsApp സന്ദേശം, ആട്ടോമേറ്റഡ് കോൾ എന്നീ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കിയിരിക്കുന്നു. ഇടപാടുകാരന്റെ ഏത് ആവശ്യങ്ങളെ

സംബന്ധിച്ചും അന്വേഷണം നടത്തുന്നതിന് ഹെൽപ്പ് ലൈൻ നമ്പറും വിപുലമായ കോൾ സെന്ററും പ്രവർത്തിച്ചുവരുന്നു.

കോവിഡ് രോഗികൾക്കും കുടുംബാംഗങ്ങൾക്കും 5% പലിശ നിരക്കിൽ സൗഖ്യ സ്വർണ്ണപ്പണയ വായ്പാപദ്ധതിയും കോവിഡ് പ്രതിസന്ധിയിൽ തിരികെ എത്തിയ പ്രവാസികൾക്ക് 3% നിരക്കിലും സ്വർണ്ണപ്പണയ വായ്പാപദ്ധതി നടപ്പാക്കുകയുണ്ടായി. സ്ത്രീകൾക്കുവേണ്ടി 5% പലിശ നിരക്കിൽ 2021-22-ൽ അജയ്യ സ്വർണ്ണപ്പണയ വായ്പയും 2022-23-ൽ സമ്മാനങ്ങളോട് കൂടിയ സമത സ്വർണ്ണപ്പണയ വായ്പയും നടപ്പാക്കി. ഇൻഷ്വറൻസ് പരിരക്ഷയിലൂടെയും പലിശ ഇളവിലൂടെയും ഇടപാടുകാർക്ക് കുടിശ്ശിക തീർപ്പാക്കാൻ സഹായങ്ങൾ നൽകി.

ഇടപാടുകാർക്ക് ആശ്വാസം നൽകുന്ന വിധത്തിൽ കാലാകാലങ്ങളിൽ വിവിധ രീതിയിൽ കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പാക്കി വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതിയായി 'ആശ്വാസ് 2024-25' നടപ്പാക്കുകയും ഇതിലൂടെ 96.28 കോടി രൂപ ഇളവ് അനുവദിക്കുകയും നടപ്പുസാമ്പത്തിക വർഷത്തിൽ

15-07-2025 മുതൽ 15-09-2025 വരെ 'സമാശ്വാസ് 2025' നടപ്പാക്കുകയും ഇതിലൂടെ 41.66 കോടി രൂപ ഇളവ് അനുവദിച്ചുകൊണ്ട് ഇടപാടുകാർക്ക് ആശ്വാസം നൽകുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ലൊക്കേഷൻ ഉൾപ്പെടെയുള്ള പ്രാഥമിക വിവരങ്ങൾ ലഭ്യമാകുന്ന വിധത്തിൽ കെ.എസ്.എഫ്.ഇ.-യുടെ 702 യൂണിറ്റുകളെയും 'ഗ്രഗിൾ മൈ ബിസിനസ്സ്' GMB-യിൽ ഔദ്യോഗികമായി ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ സോഫ്റ്റ്വെയർ സൊലൂഷനുകൾ

ഉപയോഗപ്പെടുത്തി www.ksfe.com എന്ന കെ.എസ്.എഫ്.ഇ. വെബ്സൈറ്റ് നവീകരിക്കുകയും ഉപഭോക്താക്കൾക്ക് ഉതകുന്നവിധം വിവിധങ്ങളായ പുതിയ സവിശേഷതകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടപാടുകാർക്കുള്ള സേവനങ്ങൾ കൂടുതൽ സുതാര്യവും ത്വരിതവുമാക്കുന്നതിന് ഹെഡ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കി. ഉപഭോക്തൃ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തിക്കൊണ്ട് KYC കാര്യക്ഷമമാക്കുന്നതിനുള്ള 'കസ്റ്റമർ ഓൺ ബോഡിങ് സോഫ്റ്റ്വെയർ' സംവിധാനം നടപ്പിൽ വരുത്തി.

ഈ വിധം ഇടപാടുകാർക്കുതകുന്ന ജനോപകാരപ്രദമായ വിവിധങ്ങളായ പദ്ധതികളും സംവിധാനങ്ങളും കെ.എസ്.എഫ്.ഇ. നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കയർ കോൺക്ലേവ്

3(*183) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ പ്രശ്നങ്ങളിൽ സ്വീകാര്യമായ പരിഹാരമാർഗ്ഗങ്ങൾ ആരായുന്നതിനും ലക്ഷ്യമിട്ട് കയർ കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ പ്രശ്നങ്ങളിൽ സ്വീകാര്യമായ പരിഹാരമാർഗ്ഗങ്ങൾ ആരായുന്നതിനും ലക്ഷ്യമിട്ട് 2025 സെപ്റ്റംബർ മാസം 23-ാം തീയതിയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിവിധമേഖലകളിലെ

വിദഗ്ധരെ ഉൾപ്പെടുത്തി ആലപ്പുഴയിലെ കയർ കോർപ്പറേഷൻ അങ്കണത്തിൽ വച്ച് 'കയർ കോൺക്ലേവ് 2025' സംഘടിപ്പിക്കുകയുണ്ടായി.

പ്രസ്തുത കോൺക്ലേവിൽ മന്ത്രിമാർ, കയർ മേഖലയിലെ വിദഗ്ധർ, കയറ്റുമതിക്കാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കയർ സഹകരണ സംഘം പ്രതിനിധികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID), ഭോപ്പാൽ സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID), കയർ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. 'കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും', 'പുതിയകാലം പുതിയ സമീപനം' എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. "കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും" എന്ന വിഷയത്തിൽ ഇറക്കുമതി നയത്തിൽ അമേരിക്ക നടപ്പാക്കിയ അധിക തീരുവ കേരളത്തിലെ കയർ വ്യവസായ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളാണ് ചർച്ച ചെയ്തത്. "പുതിയകാലം പുതിയ സമീപനം" എന്ന വിഷയത്തിൽ കയർ മേഖലയിൽ വൈവധ്യവൽക്കരണം ഉൾപ്പെടെ നൂതന ആശയങ്ങൾ നടപ്പിലാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച നടന്നു. മേൽ രണ്ടുവിഷയത്തിലും കൂടി ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

• യൂറോപ്യൻ രാജ്യങ്ങൾ, ബ്രിക്സ് രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നും കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കയറുൽപന്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഒരു അവബോധം മറ്റ് രാജ്യങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

• ആഭ്യന്തര വിപണനം സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

• ഉൽപന്ന വൈവിധ്യവൽക്കരണം ശക്തിപ്പെടുത്തുക.

• നിലവിൽ കയർ വ്യവസായത്തിൽ വാല്യൂ അഡിഷൻ പ്രോസസ് മാത്രമെ നടക്കുന്നുള്ളൂ. എന്നാൽ കൂടുതൽ ഇന്നവേറ്റീവ് സസ്റ്റെനബിൾ പ്രൊഡക്ട്സ് ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

• പി.വി.സി. ടഫ്റ്റിങ് യൂണിറ്റുകളിൽ ഉണ്ടാകുന്ന കട്ടിങ് വേസ്റ്റുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ അവ പുനരുപയോഗിച്ച് ഒരു പുതിയ പ്രോഡക്ട് ഉണ്ടാക്കുന്നതിനുള്ള പഠനങ്ങൾ നടത്തിയെങ്കിലും നാളിതുവരെ വിജയകരമാക്കാൻ സാധിച്ചില്ല. ഇതിനുവേണ്ട ആർ.&ഡി. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

• ഉൽപന്ന നിർമ്മാണത്തിന് ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക.

• പുതുതലമുറയെ കയർ മേഖലയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

(ബി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 26-08-2022-ലെ സ.ഉ.(സാധാ)നം.930/2022/ID പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതിയുടെ

റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഇന്ത്യയ്ക്കുമേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധികതീരുവ കയർ മേഖലയിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നിലവിൽ കയർമേഖലയിൽ നിന്നും 75% കയറ്റുമതിയും അമേരിക്കയിലേക്കാണ് എന്ന കാരണത്താൽ ഇന്ത്യയ്ക്കുമേൽ അമേരിക്ക ചുമത്തിയ അധികതീരുവയുടെ പ്രത്യാഘാതം ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് ഏകദേശം 4 കോടി രൂപയുടെ ഓർഡറുകളുടെ കുറവ് വന്നിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ എക്സ്പോർട്ടേഴ്സ് നൽകിയ കണക്കുകൾ പ്രകാരം കയറ്റുമതി സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ആദ്യപാദത്തിൽ ഏകദേശം 150 കോടിയലധികം രൂപയുടെ ഓർഡറുകളുടെ ലഭ്യതക്കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2025 സെപ്റ്റംബർ മാസം 23-ാം തീയതിയിൽ ആലപ്പുഴ വച്ച് നടന്ന "കയർ കോൺക്ലേവ് 2025"-ൽ "കമ്പോള വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും" എന്ന വിഷയത്തിൽ ഇറക്കുമതി നയത്തിൽ അമേരിക്ക നടപ്പാക്കിയ അധികതീരുവ കേരളത്തിലെ കയർ വ്യവസായ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

• യൂറോപ്യൻ രാജ്യങ്ങൾ, ബ്രിക്സ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കയറുൽപന്നങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗം സംബന്ധിച്ച് ഒരു അവബോധം മറ്റ് രാജ്യങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

• ആഭ്യന്തര വിപണനം സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

• ഉൽപന്ന വൈവിധ്യവൽക്കരണം ശക്തിപ്പെടുത്തുക.

• പുതുതലമുറയെ കയർ മേഖലയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

(ഡി) സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കയർ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ DA/DP പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ 2 കയർ പാർക്കുകൾ നിലവിലുണ്ട്. കൂടാതെ പ്രവർത്തനരഹിതമായ കയർ സംഘങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും കയർ ക്ലസ്റ്റർ സംരംഭങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

കശുവണ്ടി മേഖലയുടെ ഉന്നമനം

4(*184) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി തീരുവയും കേന്ദ്ര ബജറ്റിലെ അവഗണനയും മൂലം പ്രതിസന്ധിയിലായ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ തോട്ടണ്ടിക്ക് ഏർപ്പെടുത്തിയ ഇറക്കുമതി തീരുവ, കേന്ദ്ര ബജറ്റിൽ കശുവണ്ടി മേഖല നേരിടുന്ന തുടർച്ചയായ അവഗണന, കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം, സംസ്ഥാനത്തുണ്ടായ തുടർച്ചയായ പ്രകൃതിക്ഷോഭങ്ങൾ, തോട്ടണ്ടിയുടെ ദൗർലഭ്യം, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് തോട്ടണ്ടിയുടെ ഉയർന്ന സംസ്കരണ ചെലവ് എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ ഒട്ടനവധി പദ്ധതികളും ക്രിയാത്മക ഇടപെടലുകളും നടത്തിയിട്ടുണ്ട്. കശുവണ്ടി മേഖലയിൽ സംസ്ഥാന സർക്കാരിനുകീഴിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ കീഴിലുള്ള 40 ഫാക്ടറികളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടർച്ചയായി പ്രവർത്തിച്ചുവരുന്നു. കശുവണ്ടി വ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും

ഇറക്കുമതി ചെയ്യും സംസ്ഥാന ബജറ്റിൽ പ്ലാൻ ഫണ്ട് മുഖേന ടി മേഖലയിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ധനസഹായം ഉറപ്പുവരുത്തിയുമാണ് ഇത് സാധ്യമാക്കിയത്.

- കശുവണ്ടി വികസന കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവവൽക്കരണത്തിനുമായി 545 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിങ്ങിന് 255 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കാഷ്യു കോർപ്പറേഷന്റെ 30 ഫാക്ടറികൾ ആധുനികവവൽക്കരിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.
- 2025-26 സാമ്പത്തിക വർഷത്തിൽ ഫാക്ടറികളുടെ ആധുനികവവൽക്കരണത്തിനും ഭാഗിക യന്ത്രവവൽക്കരണത്തിനുമായി 165 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിങ്ങിന് 140 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.
- നിലവിൽ കോർപ്പറേഷന് ലഭ്യമായ തോട്ടണ്ടി വിനിയോഗിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി 2026 മെയ് മാസം വരെ തൊഴിൽ നൽകാൻ കഴിയുന്നതാണ്.
- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഷ്യു കോർപ്പറേഷന്റെ ഫാക്ടറികളിൽ 535 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

- കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 957 ലക്ഷം രൂപ അനുവദിച്ചു.
- കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി 2022-23 മുതൽ 2025-26 വരെ (സെപ്റ്റംബർ 29 വരെ) ആകെ 306.57 ലക്ഷം രൂപയും ബ്രാൻഡ് പ്രൊമോഷന് മേൽ കാലയളവിൽ 54.68 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം വർധിപ്പിച്ചും വൈവിധ്യവൽക്കരിച്ചും പരമാവധി ആഭ്യന്തര വിപണനം ഉറപ്പുവരുത്തുന്നതിന് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും സാധിച്ചിട്ടുണ്ട്.
- ഗുജറാത്തിലെ ബനാസ്കാന്ത ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേർസ് യൂണിയൻ ലിമിറ്റഡ്, ഗുജറാത്തിലെ Surat Tapi District Co-operative Milk Producers Union Ltd, തിരുമല തിരുപ്പതി ദേവസ്ഥാനം, ഗുജറാത്ത് വിദ്യ ഡയറി എന്നിവരുമായി ബന്ധപ്പെട്ട് പുതിയ വിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.
- സപ്ലൈകോ, കൺസ്യൂമർ ഫെഡ്, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കൺസ്യൂമർ സൂപ്പർ മാർക്കറ്റുകൾ, പോലീസ് കാന്റീനുകൾ, കൊച്ചിൻ ഷിപ്യാർഡ് കാന്റീൻ, സർക്കാർ ഓൺലൈൻ മാർക്കറ്റ് പ്ലാറ്റ്ഫോമായ K-shoppe തുടങ്ങിയവ മുഖേന വിപണനവും ഇ-ടെൻഡർ വഴി മൊത്ത കച്ചവടവും കാപ്പക്സ് നടത്തുന്നുണ്ട്. കൂടാതെ ആറ് മൂല്യ വർധിത ഉൽപന്നങ്ങളായ കാഷ്യൂ ബട്ടർ,

(വാനില, ചോക്ലേറ്റ്), കാഷ്യൂ പൗഡർ, കശുമാങ്ങ അച്ചാർ, കശുമാങ്ങ സിറപ്പ്, ഫ്യൂഷൻ ജാം എന്നിവയും വിപണിയിൽ ഇറക്കിയിട്ടുണ്ട്.

- കശുവണ്ടി തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുന്നതിന്റെ ഭാഗമായി 09-02-2024-ൽ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൻ പ്രകാരം 23% കൂലി വർധനവാണ് നടപ്പാക്കിയിട്ടുള്ളത്.
- കാഷ്യൂ ബോർഡ് 2021-22 മുതൽ 2025-26 വരെ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 62635.237 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകുകയും അതുവഴി കശുവണ്ടി ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.
- 2021-22 മുതൽ 2025-26 വരെ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി 256.51 കോടി രൂപ സർക്കാർ ലോൺ സഹായമായി കാഷ്യൂ ബോർഡിന് നൽകിയിട്ടുണ്ട്.
- 2025-26-ൽ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പരമാവധി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കേരള ബാങ്കിൽ നിന്നും ലഭ്യമായ 100 കോടി രൂപ വായ്പയ്ക്കുപുറമേ 50 കോടി രൂപയുടെ One Time Adhoc വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

- കൂടാതെ ആഭ്യന്തര തോട്ടണ്ടി സംഭരിക്കുന്നതിനായി സർക്കാർ അംഗീകരിച്ച് നൽകിയ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 2025-26-ൽ കാഷ്യൂ ബോർഡ് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.
- ഐവറികോസ്റ്റുമായി ഗവൺമെന്റ് ടു ഗവൺമെന്റ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് Memorandum of understanding ഒപ്പിടുകയും ഇതുവഴി വരും വർഷങ്ങളിൽ തോട്ടണ്ടി ലഭ്യതയിലെ പ്രതിസന്ധി പരിഹരിക്കാനും സാധിക്കുന്നതാണ്.
- സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ മുൻസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തിർപ്പാക്കൽ (OTS) പദ്ധതിയുടെ പരിധിയിൽ 31-03-2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ പരിഗണിച്ച് 2 കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% ഉം 2 കോടിരൂപയ്ക്ക് മുകളിൽ 10 കോടി രൂപവരെയുള്ള NP അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% ഉം അംഗീകരിച്ചാണ് OTS ഉത്തരവായിട്ടുള്ളത്. OTS സ്വീകരിക്കുന്ന അവസാന തീയതി 31-03-2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം 31-12-2024 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ഇത് 31-12-2025 വരെ ദീർഘിപ്പിച്ച് നൽകാൻ ബഹു.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദേശം നൽകിയിട്ടുണ്ട്.

- 24 OTS അപേക്ഷകളിൽ 117.04 കോടി രൂപ ഇതുവരെ Settle ചെയ്തിട്ടുണ്ട്.

(ബി) ഇന്ത്യൻ ഇറക്കുമതി ഉൽപന്നങ്ങളിന്മേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധികചുങ്കം കശുവണ്ടി മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇറക്കുമതി തീരുവയിൽ വർധന വരുത്താൻ അമേരിക്ക തയ്യാറെടുത്തപ്പോൾ തന്നെ ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രത്യേകിച്ച് കയറ്റുമതി മേഖലയിലുണ്ടാകാൻ ഇടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വ്യക്തമാക്കി ബഹു. പ്രധാനമന്ത്രിക്ക് ജൂലൈ 4, 2025-ന് ബഹു. മുഖ്യമന്ത്രി കത്ത് നൽകിയിരുന്നു.

ഇറക്കുമതി തീരുവ അമ്പത് ശതമാനമായി അമേരിക്ക വർധിപ്പിച്ചതിനെ തുടർന്ന് കേരളത്തിന്റെ കയറ്റുമതി മേഖലയിലുണ്ടാകുന്ന ഇടിവും അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലുണ്ടാക്കുന്ന പ്രത്യാഘാതവും ചൂണ്ടിക്കാട്ടി അധിക ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് സെപ്റ്റംബർ 11, 2025-ന് കേരളം അഡീഷണൽ മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ട്.

2025 ജൂലൈ മാസം അമേരിക്ക ഏർപ്പെടുത്തിയ 25% ഇറക്കുമതി തീരുവയ്ക്കുപുറമേ 25% അധിക ചുങ്കം (ആകെ 50%) പ്രാബല്യത്തിൽ വന്നതിനുശേഷം കേരളത്തിൽ നിന്ന് കശുവണ്ടിയുടെ കൺസൈൻമെന്റ് ഒന്നുംതന്നെ അമേരിക്കയിലേക്ക് കയറ്റുമതി

ചെയ്യപ്പെട്ടിട്ടില്ല. ഇന്ത്യൻ ഉൽപന്നങ്ങൾക്കുള്ള ഇറക്കുമതി തീരുവ 50% വർധിപ്പിച്ചതിനാൽ മറ്റ് ഉൽപന്നങ്ങളുടെ പോലെ കശുവണ്ടി മേഖലയെയും ബാധിച്ചിട്ടുള്ളതിനാൽ ഇന്ത്യൻ കശുവണ്ടി വ്യവസായികൾക്ക് അമേരിക്കയിലെ മത്സര കമ്പോളത്തിൽ കശുവണ്ടി കയറ്റുമതി ചെയ്യാൻ സാധിക്കുകയില്ല. ഇതുമൂലം കശുവണ്ടി ഉൽപാദനക്കുറവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടവും രാജ്യത്തിന് വിദേശനാണ്യത്തിന്റെ ലഭ്യതയിൽ കുറവും സംഭവിക്കുമെന്ന് വിലയിരുത്തുന്നു. കൂടാതെ അമേരിക്കയിലെ കശുവണ്ടി ഇറക്കുമതിക്കാർ ഇന്ത്യയിൽ നിന്നുള്ള ഓർഡറുകൾ കുറയ്ക്കാനും വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ കശുവണ്ടി വിതരണക്കാർക്ക് കൂടുതലായി ഓർഡറുകൾ നൽകുന്നതിനും ഇടയാകുന്നതാണ്.

(സി) കശുവണ്ടി മേഖലയുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് നടത്തിയ പഠനങ്ങൾ ഈ രംഗത്ത് നടപ്പാക്കി വരുന്ന പദ്ധതികൾക്ക് മുതൽക്കൂട്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി അഞ്ചംഗ വിദഗ്ധ സമിതി ഈ സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയുടെ പദ്ധതി നിർവഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

A) Continued Operation Linked Stimulus Programme – 20 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിങ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപാദനക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

B) Women Friendly Physical infra Creation/ Upgradation-5 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപാദനക്ഷമത വർധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിങ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

C) Modernization /Upgradation of Shelling Units – 5 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിങ് യൂണിറ്റുകളിലെ ഷെല്ലിങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി

ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തു. നടപ്പുസാമ്പത്തിക വർഷവും ഈ പദ്ധതിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു.

1) Phased mechanization and Technology induction

കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ നവീകരണത്തിന്റെ ഭാഗമായി ഭാഗീക യന്ത്രവൽക്കരണവും ആധുനിക വൽക്കരണവും സർക്കാർ സാമ്പത്തിക സഹായം വിനിയോഗിച്ച് നടപ്പിലാക്കുകയും ആയത് തുടർന്നുവരികയും ചെയ്യുന്നു.

2) Improve procurement mechanism

തോട്ടണ്ടി സംഭരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വിപണിയിൽനിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ഐവറികോസ്റ്റുമായി ഗവൺമെന്റ് ടു ഗവൺമെന്റ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് Memorandum of understanding ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി വരും വർഷങ്ങളിൽ തോട്ടണ്ടി ലഭ്യതയിലെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുന്നതാണ്.

3) Improve the earnings, Social protection and working condition of workers

2025-26 വർഷം നാളിതുവരെ 15768.254 മെടിക് ടൺ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. 2025-26 വർഷം 175 തൊഴിൽ ദിനങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതുമൂലം തൊഴിലാളികളുടെ വരുമാന വർധനവും ജീവിതനിലവാരം വർധിപ്പിക്കലും ആരോഗ്യ പരിരക്ഷയ്ക്കായി ഇ.എസ്.ഐ. ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു.

4) Promote Cashew cultivation in Public Land

സംസ്ഥാനത്ത് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം 10119445 കശുമാവ് തൈകൾ ഇതുവരെ പൊതുസ്ഥലങ്ങളിലുൾപ്പെടെ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി 1569.36898 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയുടെ പ്രോത്സാഹനത്തിനായി നിലവിൽ പ്രവർത്തിക്കുന്ന കാഷ്യൂ ഫാക്ടറിയുടെ നവീനവൽക്കരണത്തിനായി മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood"

പദ്ധതിക്ക് 700 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 80 ലക്ഷം രൂപ തിരുവനന്തപുരം (25 ലക്ഷം), കൊല്ലം (45 ലക്ഷം), പത്തനംതിട്ട (5 ലക്ഷം), കാസർഗോഡ് (5 ലക്ഷം രൂപ) ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ലോട്ടറി മേഖലയിലെ നികുതി വർധനവ്

5(*185) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തെ ലോട്ടറി മേഖലയിൽ നികുതി വർധനവിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തെ ലോട്ടറി മേഖലയിൽ നികുതി വർധനവിന് കാരണമായിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി.എസ്.ടി. 28 ശതമാനത്തിൽനിന്നും 40 ശതമാനമായി വർധിച്ചു.

(ബി) ലോട്ടറി മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കാൻ സാധ്യതയുള്ള നികുതി പരിഷ്കരണത്തിന്റെ അനന്തര ഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി.എസ്.ടി. 28%-ൽനിന്നും 40% ആയി വർധിപ്പിച്ചത് ലോട്ടറി മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മറ്റ് തൊഴിൽ ചെയ്യാൻ സാധിക്കാത്ത, ജീവനോപാധിയായി ലോട്ടറി വ്യാപാരത്തെ ആശ്രയിക്കുന്ന നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിക്കുമെങ്കിലും ടിക്കറ്റ് വിലയിൽ വർധനവ് വരുത്താതെ നിലവിലെ നിരക്കിൽ തന്നെ ടിക്കറ്റുകൾ വില്പന നടത്തുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക, പൊതുജനങ്ങൾക്ക് അധിക ഭാരമുണ്ടാക്കാതിരിക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. നികുതി പരിഷ്കരണം 22-09-2025 മുതലാണ് പ്രാബല്യത്തിൽ വന്നത്. ആയതിനാൽ നികുതി പരിഷ്കരണത്തിന്റെ അനന്തരഫലങ്ങൾ വിലയിരുത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണ്.

(സി) സംസ്ഥാനത്തെ ലോട്ടറി മേഖലയിലെ തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ബാധിക്കുന്ന നികുതി പരിഷ്കരണം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാന ലോട്ടറി മേഖലയിലെ തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ഒരു തരത്തിലും ബാധിക്കാത്ത രീതിയിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത പരിഷ്കരണം പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

ഭാഗ്യക്കുറി ടിക്കറ്റിനുമേലുള്ള ജി.എസ്.ടി. 28%-ൽനിന്നും 40% ആയി വർധിപ്പിച്ചത് ലോട്ടറി മേഖലയെ പ്രതികൂലമായി ബാധിച്ചു. മറ്റ് തൊഴിൽ ചെയ്യാൻ സാധിക്കാത്ത, നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ ടിക്കറ്റ് വില വർധിപ്പിച്ചിട്ടില്ല. ഇത് സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാക്കും. സമ്മാനത്തുകയിലും ഏജന്റ് പ്രൈസ്, ഡിസ്കൗണ്ട് എന്നിവയിലും നാമ മാത്രമായ കുറവ് വരുത്തിയാണ് ജി.എസ്.ടി. വർധനവിനെ നേരിട്ടത്. ഇത്തരത്തിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

6(*186) ശ്രീ. കെ. പ്രേംകുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് Expert Committee-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ നൽകുകയും സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങളാക്കി ഡയമണ്ട്/ഗോൾഡ്/സിൽവർ/ബ്രോൺസ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും.

• കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും MoU സിസ്റ്റം (Memorandum of Understanding) നടപ്പാക്കി. ഇതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് സാധിക്കുന്നു.

• പൊതുമേഖലാ സ്ഥാപനങ്ങളുടെ സൂപ്പർവൈസറി/മാനേജീരിയൽ ഉദ്യോഗസ്ഥർക്ക് അവരുടെ കരിയർ വികസനവുമായി ബന്ധിപ്പിച്ചുകൊണ്ട് അക്കാദമിക റിഫ്രഷർ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പൊതുമേഖലാ യൂണിറ്റുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു ഉന്നത മാനേജീരിയൽ പ്രൊഫഷണലുകളെ വികസിപ്പിക്കുക വഴി പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. കോർപ്പറേറ്റ് ഗവേണൻസ്,

കോർപ്പറേറ്റ് ഫിനാൻസ്, ഇമോഷണൽ ഇന്റലിജൻസ്, മോഡേൺ ഓപ്പറേഷൻസ്, മാനേജ്മെന്റ് ടെക്നോളജീസ് എന്നീ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളിലായിരിക്കും പരിശീലനം.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപാദനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർധിപ്പിച്ച് കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി സ്വയം പര്യാപ്തമാക്കി ശക്തിപ്പെടുത്തുക എന്ന വികസന നയത്തിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് സ്ഥാപനങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

• ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ, വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പാക്കി വരുന്നത്. നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്ന് വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യകത കണക്കിലെടുത്ത് ചില ഉൽപാദന സൗകര്യങ്ങളിൽ മാത്രം സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

• 2025-26 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി ഘട്ടം ഘട്ടമായി സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബജറ്റിൽ വകയിരുത്തി അനുവദിച്ചുവരുന്നു.

• പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. അതിനുശേഷം ഓരോ ശിപാർശകളും വിശദമായി പരിശോധിച്ച് ഘട്ടം ഘട്ടമായി അംഗീകാരം നൽകിവരുന്നു.

• മികവുറ്റ എം.ഡി/മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത എല്ലാ നിയമനങ്ങളും കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ടമെന്റും) ബോർഡ് വഴി നടപ്പാക്കി വരുന്നു.

• Safety Audit/Energy Audit ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായി കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പാക്കുക മുതലായവയും ലക്ഷ്യമിടുന്നു.

• സംസ്ഥാനത്തെ പൊതുമേഖലയുടെ ചരിത്രത്തിലാദ്യമായി വൈദ്യുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ 31-12-2024 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 294 കോടി രൂപ ഒഴിവാക്കി നൽകി.

• സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കിയതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു. ഒപ്പം സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും സമയബന്ധിതമായി നൽകാൻ കഴിഞ്ഞു.

• കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ നിയമിക്കുകയും വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ പാനൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

• പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിലെ അവാർഡുകൾ നൽകി വരുന്നു.

• ടെക്സ്റ്റൈയിൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണ മേഖലയിലുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത

ഉറപ്പുവരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. ഇതിലൂടെ പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തി മില്ലുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഒപ്പം കയർ മേഖലകളിലെ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 കോടി രൂപയുടെ 'Fibre Bank' പദ്ധതിക്ക് അംഗീകാരം നൽകി. ആദ്യ ഘട്ടമായി 1.25 കോടി രൂപയ്ക്ക് അംഗീകാരം നൽകി. കയർ മേഖലയിലെ ചകിരിയുടെയും ഉൽപന്നങ്ങളുടെയും വില സമയബന്ധിതമായി നൽകുന്നതിന് 10 കോടി രൂപ revolving fund-ന് സർക്കാർ അനുമതി നൽകി. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തന മൂലധനത്തിനായി NCDC-യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത എട്ട് സ്ഥാപനങ്ങളിൽ വിദഗ്ധരുടെ സഹായത്തോടെ ഒരു Turnaround Strategy-യുടെ ഭാഗമായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

• വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി BPT-യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ 'kshoppe.in' എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു.

• പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു. നാല് പെട്രോൾ പമ്പുകൾ

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ.-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് പുതിയതായി ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കിയതെന്ന് വ്യക്തമാക്കുമോ?

കൂടുതൽ മൂല്യ വർധനവും വിപണന സാധ്യതയുള്ളതുമായ ഉൽപന്നങ്ങൾ നിർമ്മിച്ച് വൈവിധ്യവൽക്കരണം നടപ്പാക്കണമെന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (KELTRON), കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് (KCCL), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE), ഫോം മാറ്റിങ്സ് ലിമിറ്റഡ് (FOMIL), കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC), കേരള സ്റ്റേറ്റ് കയർ മെഷിനറി

കോർപ്പറേഷൻ (KSCMMC), ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (HDCK), ഹാൻവീവ് (HANVEEV), കാപ്പെക്സ് (CAPEX) എന്നീ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത ഏകദേശം മുപ്പതോളം ഉൽപന്നങ്ങൾ വിപണനത്തിന് സജ്ജമായിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ എഞ്ചിനീയറിങ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച കാതലായ നടപടികൾ വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് എൻജിനീയറിങ് മേഖലയിൽ പ്രവർത്തിക്കുന്നത്.

• നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്ന് വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, API (അമേരിക്കൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട്) രജിസ്ട്രേഷൻ നേടി ഖത്തർ ആസ്ഥാനമായുള്ള ഗ്യാസ് കമ്പനികളുമായി സഹകരിച്ച് അന്താരാഷ്ട്ര വിപണിയിൽ തങ്ങളുടെ സാന്നിധ്യം വികസിപ്പിക്കുന്നു. കൂടാതെ CERN (യൂറോപ്യൻ യൂണിയൻ ഫോർ ന്യൂക്ലിയർ റിസർച്ച്) എന്നിവയിൽ നിന്ന് ഓർഡറുകൾ നേടാൻ തുടങ്ങി. BARC, ഇന്ത്യയിലെ റെയിൽവേ മേഖല, യു.എസ്. കമ്പനി മില്ലർ എന്നിവയ്ക്കായി കമ്പനി സ്പെഷ്യാലിറ്റി ഫോർജിങ്സും നിർമ്മിച്ച് നൽകിയിട്ടുണ്ട്. മിസൈൽ ഘടകങ്ങൾക്കായി അലുമിനിയം, ടൈറ്റാനിയം ഫോർജിങ്സ്

വിതരണം ചെയ്യുന്നതിനായി അടുത്തിടെ ബ്രഹ്മോസ് ഏറോസ്പേസിൽനിന്ന് കമ്പനിക്ക് ഓർഡർ ലഭിച്ചു. ഫോർജിങ്സ് റെഡി-ഫിറ്റ് അവസ്ഥയിൽ വിതരണം ചെയ്യുന്നതിനുള്ള ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനായി SIFL, 6 ടൺ ശേഷിയുള്ള ഒരു ഓപ്പൺ ഡൈ ഫോർജിങ് ഹാമർ, CNC മെഷീനിങ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്.

• കപ്പലിന്റെ പ്രധാന ഘടകങ്ങൾ, അതായത് ഹാച്ച് കോമിങ്, അണ്ടർ വാട്ടർ മാൻവേകൾ, സബ്-അസംബ്ലികൾ എന്നിവ വിതരണം ചെയ്യുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കൊച്ചിൻ ഷിപ്പ്യാർഡുമായി യോജിച്ച് പ്രവർത്തിച്ചുവരുന്നു. സിൽക്കിന്റെ ചേർത്തലയിലെ യൂണിറ്റിൽ തുടർച്ചയായി ഈ ഘടകങ്ങളുടെ ഉൽപാദനം നൽകാൻ ഷിപ്പ്യാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അടുത്തിടെ സിൽക്കിന് ഷിപ്പ്യാർഡിൽ നിന്ന് ഫാബ്രിക്കേഷൻ റോറോ വെസ്സലിനുള്ള ഓർഡർ ലഭിച്ചു. ഇത് ഫാബ്രിക്കേഷൻ കപ്പലുകളിൽ വഴിത്തിരിവായി. അഴീക്കലിലെ സിൽക്കിന്റെ യൂണിറ്റിൽ ഡ്രൈ ഡോക്കിങ് സിസ്റ്റവും സ്ലിപ്പ് വേയും വികസിപ്പിച്ചെടുത്തു. ചെറുകിട കപ്പൽ നിർമ്മാണത്തിൽ മാത്രമല്ല, ഇന്ത്യൻ നാവികസേനയുടെ വലിയ അന്തർവാഹിനികൾ പൊളിക്കുന്നതിനുള്ള ഓർഡറുകളും ലഭിച്ചുതുടങ്ങി. അടുത്തിടെ കേരളത്തിലെ രണ്ടു സോണുകളിലെ (North and South) കാലാവധി കഴിഞ്ഞ വാഹനങ്ങൾ സ്ക്രാപ്പിങ് സൗകര്യത്തിനുള്ള Registered Vehicle Scrapping Facility അനുമതി ലഭിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

• കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോകൾ/ഇ-കാർട്ടുകൾ ഉൽപാദിപ്പിക്കാൻ തുടങ്ങി. വിപണിയിലെ മുൻ നിര കമ്പനികളുമായി മത്സരിക്കുന്നതിനായി ഇ-ഓട്ടോകളുടെ പുതിയ

രൂപകല്പനയും പുതിയ മോഡലുകളുടെ ഉൽപാദനവും കെ.എ.എൽ. പദ്ധതിയിടുന്നു. സമാന്തരമായി ഐസ്ക്രീം വണ്ടി, മാലിന്യ നിർമാർജന വണ്ടി തുടങ്ങിയ വിവിധ യൂട്ടിലിറ്റി മോഡലുകളിലേക്ക് കെ.എ.എൽ. ഇ-കാർട്ടുകളെ വൈവിധ്യവൽക്കരിക്കുന്നുമുണ്ട്. ഇ-സ്കൂട്ടർ ഉൽപാദനത്തിനായി സംയുക്ത സംരംഭ കമ്പനി രൂപീകരിച്ചതാണ് മറ്റൊരു പ്രധാന നേട്ടം. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായി. ഇ-സ്കൂട്ടറുകളുടെ ഉൽപാദനം ആരംഭിച്ചു. ഇത് കേരളത്തിലെ ഇ-മൊബിലിറ്റി രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തും.

• ആട്ടോകാസ്റ്റിൽ വൈദ്യുതി ചാർജ് കുറയ്ക്കുന്നതിന്റെ ഭാഗമായി 2 MW സോളാർ പദ്ധതി സർക്കാർ ധനസഹായത്തോടെ കമ്മീഷൻ ചെയ്തുകഴിഞ്ഞു. കൂടാതെ കമ്പനിയുടെ അധികമുള്ള സ്ഥലത്ത് BPCL-ന്റെ പെട്രോൾ പമ്പ് താമസിയാതെ പ്രവർത്തന സജ്ജമാകും. മാത്രമല്ല സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷന് വെയർഹൗസ് സ്ഥാപിക്കാൻ സ്ഥലം പാട്ടത്തിന് നൽകാൻ ആട്ടോകാസ്റ്റ് ലിമിറ്റഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

• മെറ്റൽ ഇൻഡസ്ട്രീസിന്റെ നവീകരണത്തിന്റെ ഭാഗമായി 3 ടൺ ഹാമറിന്റെ ഭാഗമായുള്ള രണ്ടു ഇലക്ട്രിക് ഫർണസുകൾ സ്ഥാപിച്ചു. നിലവിലെ ഉൽപാദനത്തിനുള്ള ഇന്ധനം LPG ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി Fuel Outlet ഉം ഉൽപന്നങ്ങളുടെ വില്പനയ്ക്കായി ഒരു ഷോറൂമും കമ്പനിയിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി നടപ്പാക്കിയിട്ടുള്ള ഇ-കൊമേഴ്സ് സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി 'kshoppe.in' എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നുവരുന്നു.

നിലവിൽ 25 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളാണ് ഇ-കൊമേഴ്സ് പോർട്ടലിലൂടെ ഓൺലൈനായി വാങ്ങാൻ കഴിയുന്നത്. പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

• ഉപഭോക്താക്കൾക്ക് ഓൺലൈനിൽ ഉൽപന്നങ്ങൾ തിരയുന്നതിനും ഓർഡർ നൽകുന്നതിനും സൗകര്യപ്രദമായ വെബ് പ്ലാറ്റ്ഫോമിന് പുറമേ ആൻഡ്രോയിഡ് അടിസ്ഥാനമായ മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് അവർ തിരയുന്ന ഉൽപന്നങ്ങളുടെ പൂർണ്ണ വിവരണം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങൾ വേഗത്തിൽ കണ്ടെത്താനുള്ള Filtering/Sorting സംവിധാനവും ലഭ്യമാണ്.

• രാജ്യത്തെ വിവിധയിടങ്ങളിൽ ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങൾ എത്തിച്ച് നൽകുന്നതിന് ഇന്ത്യ പോസ്റ്റിനെയാണ് വിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

• വിവിധ ബാങ്ക്/യു.പി.എ. payment സ്വീകരിക്കാവുന്ന തരത്തിൽ Payment Gateway സംവിധാനം ഒരുക്കിയിട്ടുണ്ട്.

• ഉപഭോക്താക്കൾക്ക് ഓർഡർ/ഡെലിവറി അപ്ഡേറ്റുകൾക്കായി SMS അറിയിപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്.

• സമയബന്ധിതമായി പരാതി പരിഹാരത്തിനും അന്വേഷണത്തിനും ഉതകുന്നതരത്തിലുള്ള ഒരു പ്രൊഫഷണൽ കോൾ സെന്റർ ഉപഭോക്തൃ സേവനത്തിനായി ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ, കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉൽപന്നങ്ങളുടെ വിപണനത്തിനായി ONDC-യുടെ ഇ-കൊമേഴ്സ് പോർട്ടലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ പൊതുവിതരണ വകുപ്പിന്റെ K-STORE-കൾ മുഖേനയും മറ്റ് ഓൺലൈൻ വിപണന പോർട്ടലുകൾ മുഖേനയും വില്പന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക തീർപ്പാക്കുന്നതിനായി പ്രത്യേക ധനസഹായം വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരുടെ ദീർഘകാലങ്ങളായുള്ള ആവശ്യം മുൻനിർത്തി അത്യാവശ്യമുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകി തുക നൽകിവരുന്നു. മുൻ സാമ്പത്തിക വർഷം (2024-25) 28 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തി തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു.

ജി.എസ്.ടി. പരിഷ്കരണം ആഭ്യന്തര വിപണിയിലുണ്ടാക്കുന്ന പ്രതിഫലനം

7(*187) ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പരിഷ്കരിക്കുന്നതിലൂടെ നികുതി കുറയുന്നതിനനുസരിച്ച് ഉൽപന്നങ്ങളുടെ വിലയിലും കുറവ് ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്കുകൾ ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചുകൊണ്ടുവരികയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഏതൊരു പരിഷ്കരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണമെന്ന ശക്തമായ നിലപാടാണ് കേരളം ജി.എസ്.ടി. കൗൺസിലിൽ കൈക്കൊണ്ടത്.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളം കൂടി മുൻകൈയെടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ, 2025 ഏപ്രിൽ മുതൽ 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇതുസംബന്ധിച്ച ആശങ്കകൾ പങ്കുവയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണമെന്ന ആവശ്യം മുന്നോട്ട് വച്ചുകൊണ്ടിരിക്കുകയും ചെയ്തു.

(ബി) നികുതി കുറയുന്നതിന്റെ ആനുകൂല്യം ഉൽപന്നങ്ങളുടെ അടിസ്ഥാന വില ഉയർത്തി ഉൽപാദകർ തട്ടിയെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ ഇത്തരമൊരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നികുതി ഘടനയിലെ മാറ്റങ്ങൾ ആഭ്യന്തര വിപണിയിൽ എങ്ങനെ പ്രതിഫലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അതിൻ പ്രകാരം 12%, 28% നിരക്കുകൾ ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചുകൊണ്ടുവരികയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ടി നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം വിപണിയെ എപ്രകാരം ബാധിക്കുമെന്നത് വിപണിയിലെ ഡിമാൻഡ് ഉൾപ്പെടെയുള്ള ഘടകങ്ങളെ ആശ്രയിച്ചാണുള്ളത്. അതിനാൽ തന്നെ ഇത് സംബന്ധിച്ച് ഒരു വിശകലനം ദുഷ്കരമാണ്.

കാർബൺ ന്യൂട്രൽ സംസ്ഥാനമായി മാറ്റുന്നതിനുള്ള പദ്ധതികൾ

8(*188) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി മേഖലയിൽ നടത്തുന്ന ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2040-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്നും കണ്ടെത്താൻ സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുക എന്നതാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനോട് ചേർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിരവധി ഇടപെടലുകൾ ആരംഭിക്കുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും പുനരുപയോഗ ഊർജ വികസനം, ഗ്രീൻ മൊബിലിറ്റി തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. കേരളത്തിൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിൽ ജലവൈദ്യുത പദ്ധതികൾ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യമിടുന്നവയാണ്. ഇതിലേക്കായി നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് വിവിധ പഠനങ്ങൾ നടത്തിവരുന്നു. ഈ ലക്ഷ്യം മുൻനിർത്തി 127.53 MW ശേഷിയുള്ള 9 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 92 MW ശേഷിയുള്ള 13 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇടുക്കി ഗോൾഡൻ ജൂബിലി (800 MW), ശബരിഗിരി എക്സ്റ്റൻഷൻ (450 MW), ഇടമലയാർ കപ്പാസിറ്റി അഡീഷൻ (75 MW), ലെക്ച്മി (450 MW) എന്നീ 5 പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതിരേഖ തയ്യാറാക്കലും നടന്നു വരുന്നു. ഇതിനുപുറമേ 2000 MW ശേഷിയുള്ള പമ്പ്ഡ് സ്റ്റോറേജ്

പദ്ധതികളും 1500 MW ഹവർ ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി മേഖലയിൽ നടത്തിയ പദ്ധതിയാണ് 'കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതി'. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി ആകെ 54 സ്ഥലങ്ങളിൽ 455 കിലോവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ പദ്ധതിക്ക് 3 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. നാളിതുവരെ 375 കിലോവാട്ടിന്റെ സൗരോർജ നിലയങ്ങൾ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി 80 കിലോവാട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അതുപോലെ തന്നെ സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങ്ങിനായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ അധിക ഊർജ ആവശ്യകത മുന്നിൽ കണ്ട് അനെർട്ട് നടപ്പാക്കി വരുന്ന സൗരോർജ പദ്ധതികൾ ചുവടെ ചേർക്കുന്നു.

പൊതു കെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

ഹരിത വരുമാന പദ്ധതി

സർക്കാർ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണം

• വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

• ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പൈലറ്റ് പദ്ധതി നടപ്പിലാക്കി.

• ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി മേഖലയിൽ നടത്തുന്ന ഇടപെടലുകളിൽ ചിലതാണ് ഹരിത ഹൈഡ്രജൻ പദ്ധതികളും ഫ്ലോട്ടിങ് സോളാർ പദ്ധതികളും. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കൂടെ സഹായത്തോടെ വിവിധ പൈലറ്റ് പദ്ധതികൾക്ക് കേരളത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഹൈഡ്രജൻ വാലി ഇന്നോവേഷൻ ക്ലസ്റ്റർ, ഹരിത ഹൈഡ്രജൻ ഉപയോഗിച്ച് ഭാരവാഹനങ്ങൾ ഓടിക്കാനുള്ള പദ്ധതി

എന്നിവയാണിവ. കേരളത്തിനുള്ളിൽ കാർബൺ പ്രസരണം ഏറ്റവും കൂടുതലുള്ള ഒരു മേഖലയാണ് ഗതാഗത രംഗം. ഇതിൽ ചെറുവാഹനങ്ങൾ ധാരാളമായി വൈദ്യുതിയിലേക്ക് മാറുന്നുണ്ടെങ്കിലും ഭാരവാഹനങ്ങൾക്ക് ഹൈഡ്രജനായിരിക്കും കൂടുതൽ അനുയോജ്യമെന്ന് കരുതപ്പെടുന്നു. വൻകിട സൗരോർജ നിലയങ്ങൾ നടപ്പാക്കാൻ സ്ഥലപരമിതിയുള്ള കേരളത്തിൽ മനുഷ്യ നിർമ്മിതജലാശയങ്ങൾ ഇതിനായി ഉപയോഗിക്കാനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. (01-03-2025-ലെ സ.ഉ.(കൈ) നം. 4/2025/Power) ഇതനുസരിച്ച് കൂടുതൽ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത് കേരളത്തിന്റെ താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയെ ആശ്രയിക്കുന്നതിൽ കുറവുവരുത്തുകയും അങ്ങനെ കേരളത്തിന്റെ യഥാർഥ കാർബൺ 'ഫുട്പ്രിന്റ്' കുറയ്ക്കാനും സാധിക്കും.

ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദേശീയപാത, മറ്റ് സംസ്ഥാന പാത എന്നിവിടങ്ങളിലെ ഹോട്ടലുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളിൽ സൗരോർജ സംവിധാനമൊരുക്കുന്നതിന് സംസ്ഥാന സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. 5kW മുതൽ 50 kw വരെ സൗരോർജ സംവിധാനമൊരുക്കുന്നതിനാണ് സാമ്പത്തിക സഹായം നൽകിവരുന്നത്. പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി.എം. കുസും) പദ്ധതിയിൽ 1150 എണ്ണം സൗരോർജ നിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ കർഷകർക്ക് സൗരോർജവുമായി ബന്ധപ്പെട്ട് സഹായം നൽകുന്ന കേന്ദ്ര പദ്ധതിയാണിത്. ഇതിലൂടെ 4.1 MW അധിക സൗരോർജ ശേഷി

നേടാനായിട്ടുണ്ട്. ഇത്രയും സോളാർ പ്ലാന്റ് ശേഷിയിൽനിന്നും ഏകദേശം 4000 ടൺ കാർബൺ ബഹിർഗമനം പ്രതിവർഷം കുറയ്ക്കാനാകും.

സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നതിന് എനർജി മാനേജ്മന്റ് സെന്റർ വിവിധ മേഖലകളിൽ വിവിധ പദ്ധതികൾ, അവബോധ-പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. വ്യവസായം, കാർഷികം, വൈദ്യുതി വിതരണം, ഗതാഗതം, കെട്ടിടങ്ങൾ, ഗാർഹിക മേഖലകൾ തുടങ്ങി വിവിധ മേഖലകളിൽ അംഗൻ ജ്യോതി, ഊർജ്ജയാൻ, ചൈതന്യം, കുളിർമ പോലുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ AgDSM പദ്ധതിയിലൂടെ ഊർജ കാര്യക്ഷമമായ പമ്പ്സെറ്റുകളുടെ പ്രയോഗം, ഗ്രാമീണ വനിതാ സംരംഭകരെ ലക്ഷ്യമിട്ട് STREE ഇ-സൈക്കിൾ സംരംഭം, സ്കൂളുകളിലെ സ്മാർട്ട് ഇലക്ട്രിക് കിച്ചൺ പദ്ധതി എന്നിവയും മുന്നോട്ട് കൊണ്ടുപോകുന്നു. ഇതോടൊപ്പം സംസ്ഥാനത്തുടനീളം ഉണർവ്, എനർജി ക്ലബ്, ഊർജകിരൺ പോലുള്ള ബോധവൽക്കരണ-പരിശീലന പരിപാടികൾ, സ്റ്റാൻഡേർഡ്സ് & ലേബലിങ് പ്രോഗ്രാം, എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് (ECBC) നടപ്പാക്കൽ, സംസ്ഥാന ഊർജ സംരക്ഷണ അവാർഡ്, അന്താരാഷ്ട്ര ഊർജ മേള (IEFK), സംസ്ഥാന ഊർജ സംരക്ഷണ നിധി വഴിയുള്ള ധനസഹായം, കൂടാതെ ഗോ ഇലക്ട്രിക് ക്യാമ്പെയിൻ മുഖേന ഇ-മൊബിലിറ്റിയും ചാർജിങും ഇൻഫ്രാസ്ട്രക്ചറും പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

കേരള സർക്കാരിന്റെ ഊർജ വകുപ്പിനുകീഴിലുള്ള സ്വയംഭരണ സ്ഥാപനവും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന നിയുക്ത ഏജൻസിയുമായ എനർജി

മാനേജ്മെന്റ് സെന്റർ, സംസ്ഥാനത്ത് ഒരു കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ സെൽ (CCFC) ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അങ്കണവാടികളിൽ കാർബൺ ന്യൂട്രൽ ഊർജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുന്ന അംഗൻജ്യോതി പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാനത്തെ 2050 ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജക്ഷമതയുള്ളതും കാർബൺ ന്യൂട്രലുമാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ 'അംഗൻ ജ്യോതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

അംഗൻ ജ്യോതി പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 196 അങ്കണവാടികളിലും ചിറ്റൂർ നിയോജകമണ്ഡലത്തിലെ 226 അങ്കണവാടികളിലും പദ്ധതിയുടെ ഭാഗമായി നിലവിലെ പാചകം വൈദ്യുത പാചകത്തിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള വിവിധ ഉപകരണങ്ങൾ ഇ.എം.സി. നൽകി കഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ നെറ്റ് സീറോയ്ക്കായി ഹരിതകേരളം മിഷൻ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഊർജ സംരക്ഷണത്തിനും കാര്യക്ഷമമായ വൈദ്യുതി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരളത്തിലെ വ്യവസായം, കാർഷികം, വൈദ്യുതി വിതരണം, ഗതാഗതം, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല എന്നിവിടങ്ങളിൽ ഊർജ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സർക്കാർ/ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ, അവബോധ-പരിശീലന പരിപാടികൾ തുടങ്ങിയ സമഗ്രമായ ഇടപെടലുകൾ നടത്തിവരുന്നു. സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജക്ഷമതയുള്ളതും കാർബൺ ന്യൂട്രലുമാക്കി അംഗൻ ജ്യോതി പദ്ധതി, സർക്കാർ സ്ഥാപനങ്ങളിൽ ഊർജ കാര്യക്ഷമത വർധിപ്പിക്കാൻ ഊർജയാൻ പദ്ധതി, ആരോഗ്യ കേന്ദ്രങ്ങളിൽ ഊർജ കാര്യക്ഷമത വർധിപ്പിക്കാൻ ചൈതന്യം പദ്ധതി, അന്തരീക്ഷ താപനില നിയന്ത്രിക്കാൻ കൂൾ റൂഫ് സാങ്കേതിക വിദ്യയിലൂടെ കുളിർമ പദ്ധതി, ഗ്രാമീണ വനിതാ സംരംഭകരെ ലക്ഷ്യമിട്ട് STREE ഇ-സൈക്കിൾ വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക മേഖലയെ കേന്ദ്രീകരിച്ച് AgDSM പദ്ധതിയിലൂടെ കാര്യക്ഷമമായ പമ്പ്സെറ്റുകളുടെ പ്രയോഗം, സ്കൂളുകളിലെ പരിസ്ഥിതി സൗഹൃദ പാചകത്തിനായി സ്മാർട്ട് ഇലക്ട്രിക് കിച്ചൻ പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. സംസ്ഥാനത്തുടനീളം ഉണർവ്, എനർജി ക്ലബ്, ഊർജകിരൺ, സ്റ്റാൻഡേർഡ്സ് & ലേബലിങ് പ്രോഗ്രാം, എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് (ECBC) പരിശീലനം എന്നിവയിലൂടെ പൊതുജനങ്ങളിൽ,

വിദ്യാർഥികളിൽ, പ്രൊഫഷണലുകളിൽ ഊർജ സംരക്ഷണ ബോധവൽക്കരണം ശക്തിപ്പെടുത്തിവരുന്നു. ഇതിനുപുറമെ സംസ്ഥാന ഊർജ സംരക്ഷണ അവാർഡ്, അന്താരാഷ്ട്ര ഊർജ മേള (IEFK), സംസ്ഥാന ഊർജ സംരക്ഷണ നിധി വഴി കുറഞ്ഞ നിരക്കിൽ ധനസഹായം, ഗോ ഇലക്ട്രിക് ക്യാമ്പയിൻ മുഖേന ഇ-മൊബിലിറ്റിയും ചാർജിങ് ഇൻഫ്രാസ്ട്രക്ചറും പ്രോത്സാഹിപ്പിക്കൽ എന്നിവയും നടപ്പിലാക്കുന്നു. ഇത്തരത്തിലുള്ള ഇടപെടലുകൾ സംസ്ഥാനത്തിന്റെ ഊർജ കാര്യക്ഷമതയും കാർബൺ ന്യൂട്രാലിറ്റിയും ലക്ഷ്യമാക്കി മുന്നോട്ട് കൊണ്ടുപോകുന്ന സമഗ്രമായ പ്രവർത്തനങ്ങളാണ്.

(ഡി) ഊർജ കാര്യക്ഷമതയിൽ രാജ്യത്തിന് മാതൃകയായി സംസ്ഥാനം നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

(ഡി&ഇ) ഊർജ കാര്യക്ഷമതയിൽ സംസ്ഥാനം നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേന്ദ്ര ഊർജ മന്ത്രാലയം ഊർജ കാര്യക്ഷമത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ കണക്കാക്കി പുറത്തിറക്കുന്ന ദേശീയ തലത്തിലെ ഊർജ കാര്യക്ഷമത സൂചിക 2023-ൽ കേരളം മികച്ച പ്രകടനം കാഴ്ചവച്ച 3 സംസ്ഥാനങ്ങളെ ഉൾപ്പെടുത്തിയ Front Runner

Category-ൽ എത്തുകയും 2024 സൂചികയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ് 2-ൽ 100-ൽ 50.68 പോയിന്റോടെ (Achiever Category) രണ്ടാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി.

2019, 2021, 2023 വർഷങ്ങളിൽ സംസ്ഥാന ഊർജ സംരക്ഷണ പുരസ്കാരം കെ.എസ്.ഇ.ബി.എൽ. നേടിയിട്ടുണ്ട്. ഊർജ സംരക്ഷണവും പരിപാലനവുമാണ് ഇത്തരം പുരസ്കാരങ്ങൾ നൽകുന്നതിനായി പ്രധാനമായും വിശകലനം ചെയ്യുന്നത്. കൂടാതെ ഊർജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കിയ പദ്ധതികളാണ് ടി പുരസ്കാരങ്ങൾ നൽകുന്നതിനായി വിലയിരുത്തുന്നത്.

അതുപോലെ തന്നെ പുരപ്പുറ സോളാർ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ-സർക്കാരിതര ഏജൻസികളിൽ നിന്ന് താഴെ പറയുന്ന അവാർഡുകൾ ലഭിക്കുകയുണ്ടായി.

1. 2022-ൽ പുനരുപയോഗ ഊർജ മേഖലയിലെ മികച്ച പ്രവർത്തനത്തിന് ആർ.ഇ. അസറ്റ് ഇന്ത്യയുടെ അവാർഡ്.

2. 2022-ൽ പി.വി. ഇൻവെസ്റ്റ് ടെക് ഇന്ത്യ കോൺഫെറെൻസിലെ സോളാർ റൂഫ്ടോപ് എനേബ്ലർ അവാർഡ്.

3. 2022-ൽ ഉത്തർപ്രദേശ് സർക്കാരിന്റെയും ഉത്തർപ്രദേശ് എനർജി സപ്ലൈ കമ്പനിയുടെയും മൂന്നാമത് APAC ഡിജിറ്റൽ എംപവർമെന്റ് അവാർഡ്.

4. 2023-ൽ ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ് പ്രോഗ്രാമിന്റെ മികച്ച പ്രവർത്തനത്തിന് സൂര്യകോൺ കേരളം സോളാർ അവാർഡ്.

കേന്ദ്ര ഊർജ് മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ സംരക്ഷണ അവാർഡിൽ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ എനർജി മാനേജ്മെന്റ് സെന്റർ (EMC) 2017, 2018, 2019, 2020 വർഷങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. 2024-ൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രസിദ്ധീകരിച്ച ദേശീയ ഊർജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിൽ കേരളത്തിന് പുരസ്കാരം ലഭിച്ചു. കൂടാതെ, 2018, 2022, 2023 വർഷങ്ങളിലും കേരളം ദേശീയ ഊർജ കാര്യക്ഷമത സൂചികയിൽ മുന്നിലെത്തി. ഇതോടൊപ്പം നീതി ആയോഗ് പ്രസിദ്ധീകരിച്ച State Energy and Climate Index (Round 1) 2022 പ്രകാരം വലിയ സംസ്ഥാനങ്ങൾ (Larger States) വിഭാഗത്തിൽ 49.1 പോയിന്റോടെ കേരളം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

കേരളം ദേശീയ തലത്തിൽ നേടിയ ഊർജ കാര്യക്ഷമതാ നേട്ടങ്ങൾ സംസ്ഥാനത്ത് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) നടപ്പിലാക്കി വരുന്ന സമഗ്രമായ ഇടപെടലുകളുടെ കൂടി ഫലമാണ്. വ്യവസായം, കാർഷികം, വൈദ്യുതി വിതരണം, ഗതാഗതം, കെട്ടിടങ്ങൾ, ഗാർഹിക മേഖലകൾ തുടങ്ങി വിവിധ മേഖലകളിൽ അംഗൻ ജ്യോതി, ഊർജ്ജയാൻ, ചൈതന്യം, കുളിർമ പോലുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ AgDSM പദ്ധതിയിലൂടെ ഊർജ കാര്യക്ഷമമായ പമ്പ്സെറ്റുകളുടെ ഉപയോഗം, ഗ്രാമീണ വനിതാ സംരംഭകരെ ലക്ഷ്യമിട്ട് STREE ഇ-സൈക്കിൾ സംരംഭം,

സ്കൂളുകളിലെ സ്മാർട്ട് ഇലക്ട്രിക് കിച്ചൺ പദ്ധതി എന്നിവയും മുന്നോട്ട് കൊണ്ടുപോകുന്നു. ഇതോടൊപ്പം സംസ്ഥാനത്തുടനീളം ഉണർവ്, എനർജി ക്ലബ്, ഊർജകിരൺ പോലുള്ള ബോധവൽക്കരണ-പരിശീലന പരിപാടികൾ, സ്റ്റാൻഡേർഡ്സ് & ലേബലിങ് പ്രോഗ്രാം, എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് (ECBC) നടപ്പാക്കൽ, സംസ്ഥാന ഊർജ സംരക്ഷണ അവാർഡ്, അന്താരാഷ്ട്ര ഊർജ മേള (IEFK), സംസ്ഥാന ഊർജ സംരക്ഷണ നിധി വഴിയുള്ള ധനസഹായം, കൂടാതെ ഗോ ഇലക്ട്രിക് ക്യാമ്പയിൻ മുഖേന ഇ-മൊബിലിറ്റിയും ചാർജിങ് ഇൻഫ്രാസ്ട്രക്ചറും പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ഇതിലൂടെ സംസ്ഥാനത്തിന് ദേശീയ തലത്തിൽ തുടർച്ചയായി മുൻനിര അംഗീകാരം ലഭിക്കാൻ സാധിച്ചു.

വ്യവസായരംഗത്ത് നൂതന സാങ്കേതികവിദ്യ

9(*189) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അത്യാധുനിക സാങ്കേതികവിദ്യയുടെ കേന്ദ്രമായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

ഹൈടെക് സാങ്കേതിക വിദ്യയ്ക്ക് പ്രധാന്യം നൽകി കൊണ്ടുള്ള നാലാം തലമുറ (4.0) വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുതകുന്നതാണ് പുതിയ വ്യവസായ നയം. മെഷീൻ ലേണിങ്, ഡാറ്റ അനലിറ്റിക്സ് എന്നീ പ്രക്രിയകളുടെ ഓട്ടോമേഷൻ സാധ്യമാകുന്നതിലൂടെ ഉൽപാദനരംഗത്ത് ഡിജിറ്റൽവൽക്കരണം കടന്നുവരികയും ആധുനിക സ്മാർട്ട് വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകി വ്യവസായ രംഗത്ത് പുതുനിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്നൊരു മികച്ച ആവാസ വ്യവസ്ഥ സൃഷ്ടിക്കാനും കഴിയുന്നതാണ്.

(ബി) നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

2023-ൽ സർക്കാർ പുറപ്പെടുവിച്ച വ്യവസായ നയം നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകികൊണ്ടുള്ളതാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എയ്റോസ്പേസ്, പ്രതിരോധം, റോബോട്ടിക്സ്, ബയോടെക്നോളജി, ഇലക്ട്രിക് വാഹനങ്ങൾ, വിവര സാങ്കേതിക വിദ്യ, ലോജിസ്റ്റിക്സ്, ഭക്ഷ്യസംസ്കരണം, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഗ്രാഫീൻ എന്നിവയുൾപ്പെടെ 22 മുൻഗണനാ മേഖലകൾ കണ്ടെത്തി ഈ മേഖലകളിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് 18 സബ്സിഡി പദ്ധതികളും പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) രാജ്യം റോബോട്ടിക്സ് മേഖലയിൽ ഉയർന്ന വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ട്.

സംസ്ഥാന വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽപ്പെട്ടതാണ് 'റോബോട്ടിക്സ്'. റോബോട്ടിക്സിലധിഷ്ഠിതമായ വ്യവസായ ഓട്ടോമേഷൻ മേഖലയുടെ പ്രചാരത്തിനായി അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം 2024 ഓഗസ്റ്റ് മാസം കൊച്ചിയിൽ നടത്തുകയുണ്ടായി. പ്രസ്തുത സംഗമത്തിൽ 190-ൽപ്പരം കമ്പനികളും/ സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 700-ൽപ്പരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. 31 എക്സിബിഷൻ സെന്ററുകളും റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ റോബോട്ടിക്സ് പാർക്ക് കെ.എസ്.ഐ.ഡി.സി. മുഖേന സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ പുത്തൻ വ്യവസായ നയത്തിൽ മുൻഗണനാ മേഖലകളിലൊന്നായി റോബോട്ടിക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വ്യാപകമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

സംസ്ഥാന വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുള്ള 18 സബ്സിഡി പദ്ധതികൾ റോബോട്ടിക്സ് മേഖലയ്ക്കും ബാധകമാണ്. ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

സൗരോർജ വൈദ്യുതി സൗജന്യമായി ലഭ്യമാക്കാൻ നടപടി

10(*190) ശ്രീ. ആന്റണി ജോൺ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും മുതൽമുടക്കില്ലാതെ സൗജന്യമായി സൗരോർജ വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ചുള്ള നിർദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പാക്കുന്ന കേരള സർക്കാരിന്റെ മാതൃക പദ്ധതിയാണ് 'ഗ്രീൻ ഇൻകംസ്കീം അഥവാ ഹരിത വരുമാന പദ്ധതി'. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി

പ്രകാരമുള്ള വീടുകൾ, പട്ടികജാതിവകുപ്പ് നിർമിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമിച്ച വീടുകൾ എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത്.

പ്രസ്തുത പദ്ധതിക്ക് കീഴിൽ 1,700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ നിലയങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഓരോവീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗശേഷം അധികം ഉൽപാദിപ്പിക്കുന്ന വൈദ്യുതി ശൃംഖലയിലേക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് പ്രതിവർഷം ഏകദേശം 5,000/- മുതൽ 6,000/- രൂപ വരെ അധികവരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന് സൗജന്യമായി ഇൻഡക്ഷൻ കുക്ക്ടോപ്പ് നൽകുന്നതിലൂടെ എൽ.പി.ജി.-യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. ഈ പദ്ധതി ഒരു ലക്ഷം വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 50,000 വീടുകളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 600 കോടി രൂപ കേന്ദ്ര സബ്സിഡിയായും 900 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ച് സൗജന്യമായി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത നിർദേശം കൂടാതെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഗുണകരമായ റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റേഴ്സ് റെഗുലേഷൻസ് 2025-ലെ മറ്റ് നിർദേശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി & റിലേറ്റഡ് മാറ്റേഴ്സ് 2025 (Renewable Energy & Related Matters) എന്ന കരട് റഗുലേഷനിൽ നിലവിൽ നെറ്റ് മീറ്ററിങ് സംവിധാനത്തിൽ തുടരുന്ന മുഴുവൻ ഉപഭോക്താക്കൾക്കും ആ നിലയിൽ തുടരാൻ അനുവദിക്കുന്നുണ്ട്. കൂടാതെ 3 കിലോ വാട്ട് വരെ ശേഷിയുള്ള പുരപ്പുറ നിലയങ്ങൾക്ക് തുടർന്നും നെറ്റ് മീറ്ററിങ് സംവിധാനത്തിൽ തുടരാനും 3 മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് സ്റ്റോറേജ് സംവിധാനം ഉൾപ്പെടുത്തി നെറ്റ് മീറ്ററിങ്ങിൽ തുടരാനും കമ്മീഷൻ നിർദേശിക്കുന്നുണ്ട്. ഇതിലൂടെ പകൽ സമയത്ത് ലഭിക്കുന്ന അധിക ഊർജ്ജം സംഭരിച്ചുവച്ച് രാത്രി സമയത്ത് ഉപയോഗിക്കാൻ ഉപഭോക്താക്കൾക്ക് സാധിക്കുന്നു. കാർഷിക മേഖലയിൽ നെറ്റ് മീറ്ററിങ്ങിൽ തുടരുന്നതിന് കണക്ട്ഡ് ലോഡിന്റെ നിയന്ത്രണം ബാധകമല്ല.

നെറ്റ് മീറ്ററിങ് ബില്ലിങ്ങിന് പുറമേ നെറ്റ് ബില്ലിങ്, ഗ്രോസ് മീറ്ററിങ് തുടങ്ങിയ ബില്ലിങ് രീതികളും കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പകൽ സമയത്ത് ഉൽപാദിപ്പിച്ച് സംഭരിക്കുന്ന വൈദ്യുതിക്ക് രാത്രി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കുന്നതിനും സഹായിക്കുന്ന വ്യവസ്ഥകൾ പുതിയ കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ വർഷാവസാനം പുരപ്പുറ സോളാർ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സെറ്റിൽമെന്റ് തുക മുൻകൂട്ടി നിശ്ചയിച്ച് മാസാമാസം നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പുരപ്പുറ സോളാറിനുള്ള അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ ബില്ലിങ് നടപ്പാക്കുന്നതിനും കരട് നിർദേശത്തിൽ വ്യവസ്ഥകൾ

ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എം. സൂര്യഘർ പദ്ധതികളുടെ അപേക്ഷാ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ നിലയം സ്ഥാപിച്ചതിനുശേഷമുള്ള ബില്ലിൽനിന്ന് ഈടാക്കുന്നതിനും 10 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് ഫീസിബിലിറ്റി പ്രത്യേക പരിശോധന കൂടാതെ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വെഹിക്കിൾ ടു ഗ്രിഡ് (Vehicle to Grid), ഗ്രൂപ്പ് നെറ്റ് മീറ്ററിങ് (Group Net Metering), ബിഹൈൻഡ് ദി മീറ്റർ (Behind the meter) തുടങ്ങി ഒട്ടനവധി പുതിയ വ്യവസ്ഥകളും കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനരുപയോഗ ഊർജ മേഖലയിലെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിന് വികേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങൾ കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025-ലെ പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

ഈ കരടുരേഖയുടെ രണ്ടാം അധ്യായത്തിൽ പ്രോസ്യൂമേഴ്സിന് വിവിധ തരത്തിലുള്ള മീറ്ററിങ് സിസ്റ്റം തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. നെറ്റ് മീറ്ററിങ്, നെറ്റ് ബില്ലിങ്, ഗ്രോസ് മീറ്ററിങ് രീതികൾക്ക് പുറമേ ഒരു പ്ലാന്റിൽനിന്നും നിരവധി ഉപഭോക്താക്കൾക്ക് (ഫ്ലാറ്റുകൾ, റസിഡൻഷ്യൽ അസോസിയേഷനുകളുടെ പരിധിയിലുള്ള ഗുണഭോക്താക്കൾ തുടങ്ങിയവ) നേരിട്ട് വൈദ്യുതി ലഭ്യമാക്കുന്ന വെർച്വൽ നെറ്റ് മീറ്ററിങ്, ഗ്രൂപ്പ് നെറ്റ് മീറ്ററിങ് എന്നിവ പുതുതായി നിർദേശിച്ചിട്ടുണ്ട്. വൈദ്യുതി

വാഹനത്തിൽ നിന്നും വൈദ്യുതി ശൃംഖലയിലേക്ക് നൽകൽ, പ്രോസ്യൂമേഴ്സിന് നേരിട്ട് ഇതര ഉപഭോക്താക്കൾക്ക് വൈദ്യുതി വിൽക്കൽ, ഒരു കൂട്ടം പ്രോസ്യൂമേഴ്സിന് ഒരുമിച്ച് വൈദ്യുതി കമ്പോളത്തിൽ വൈദ്യുതി വിൽക്കൽ തുടങ്ങിയ നൂതന സംരംഭങ്ങളും കരട് റഗുലേഷൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫീസിബിലിറ്റി, രജിസ്ട്രേഷൻ തുടങ്ങിയവ ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഒഴിവാക്കാനും അപേക്ഷകർക്ക് ഓൺലൈൻ സംവിധാനം ലഭ്യമാക്കാനും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ചാർജ് നിലവിൽ ഒരു കിലോ വാട്ടിന് 1,000/- രൂപ എന്നത് 300/- രൂപയാക്കി കുറയ്ക്കാനും വ്യവസ്ഥ ചെയ്യുന്നു.

മൂന്നാം അധ്യായത്തിൽ പ്രോസ്യൂമേഴ്സിന്റെയും CPP, IPP-കളുടെയും എനർജി അക്കൗണ്ടിങ്, ബാങ്കിങ്, സെറ്റിൽമെന്റ് രീതികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വികേന്ദ്രീകൃത എനർജി സ്റ്റോറേജ് കൂടുതൽ വ്യാപിപ്പിക്കാൻ സഹായകരമായ നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പീക്ക് സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് ഉയർന്ന വില ലഭിക്കുന്ന രീതിയിലാണ് എനർജി അക്കൗണ്ടിങും ബില്ലിങും ക്രമീകരിച്ചിരിക്കുന്നത്. ഉപഭോക്താക്കളുടെ ക്രെഡിറ്റിൽ അധിക വൈദ്യുതി ഉള്ളപ്പോഴും വിവിധ ചാർജുകൾ എല്ലാ മാസവും ഈടാക്കുന്ന രീതി ഒഴിവാക്കി സീറോ ബില്ലിങിന് വ്യവസ്ഥ ചെയ്യുന്നു. പുനരുപയോഗ ഊർജ പദ്ധതികളിലും എനർജി സ്റ്റോറേജ് പദ്ധതികളിലും നമ്മുടെ സംസ്ഥാനത്ത് വലിയ തോതിൽ നിക്ഷേപം ആകർഷിക്കാനും സംരംഭക വികസനത്തിനും സഹായകരമായ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നാലാം അധ്യായത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെയും ഇതര വിതരണ ലൈസൻസികളുടെയും ഏറ്റവും കുറഞ്ഞ പുനരുപയോഗ ഊർജ ഉപഭോഗ ശതമാനം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ അത് കൃത്യമായി നിരീക്ഷിക്കാനുള്ള ഏജൻസിയെക്കുറിച്ചും അതിന്റെ ചുമതലകളും നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പുനരുപയോഗ പ്ലാന്റ്, ബാറ്ററി എനർജി സ്റ്റോറേജ് എന്നിവയുടെ സാങ്കേതിക കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഉചിതമായ ഏജൻസികളെ കണ്ടെത്തുന്നതിനും ആവശ്യമായ പിന്തുണയും വിവരങ്ങളും ലഭ്യമാക്കുന്നത് പ്രസ്തുത ഏജൻസിയുടെ ചുമതലയായിരിക്കും.

അഞ്ചാം അധ്യായത്തിൽ കേരളത്തിൽ തുടങ്ങുന്ന പുനരുപയോഗ ഉൽപാദക സംരംഭങ്ങളിൽ നിന്നുള്ള ഊർജത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗ പദ്ധതികളിൽനിന്നും പീക്ക് സമയത്ത് ലഭിക്കുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്ക് നിലവിലുള്ള ജലസംഭരണികൾ ഉപയോഗിച്ച് വേനൽക്കാലത്ത് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കരട് രേഖയിലെ മറ്റ് പ്രധാനപ്പെട്ട നിർദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.[+]

(സി) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സൗജന്യ വൈദ്യുതി എത്തിക്കുന്നത് ലക്ഷ്യമാക്കി നടപ്പാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വൈദ്യുതി സൗജന്യമായി എത്തിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. 2017 ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന് 2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29-05-2017-ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വൈദ്യുതി സൗജന്യമായി എത്തിക്കുന്നതിന് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകുന്ന പദ്ധതിയും പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണവുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78,135 BPL കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL

വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും അനുകൂലമായ കാലാവസ്ഥ തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് നവംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

അനെർട്ട് മുഖേനെ വിദൂര ആദിവാസി നഗറുകളായ താഴെതുടുക്കി, വേലപ്പൻകണ്ടി, മേലെ തുടുക്കി, ഗലസി, ഊരടം എന്നീ സ്ഥലങ്ങളിൽ സോളാർ, വിൻഡ് ഉൾപ്പെടെയുള്ള ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തി. ഇതുകൂടാതെ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി

നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

നാനോ വ്യവസായ പദ്ധതി

11(*191) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിൽ വീടുകളിൽ നാനോ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

യുവതീയുവാക്കൾ, വീട്ടമ്മമാർ, വിദ്യാർഥികൾ എന്നിവർക്ക് വീടുകളിലും വ്യവസായം ആരംഭിക്കാൻ കഴിയുന്ന നാനോ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' (OFOE), Margin Money Grant to Nano units എന്നീ രണ്ട് പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

a) ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE) പ്രകാരം ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/പ്രവർത്തന മൂലധന വായ്പ), അഞ്ചു വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 01-04-2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ അർഹരാണ്.

b) നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം കേരളത്തിലെ ഉൽപാദന മേഖലയിലും ജോബ് വർക്ക് മേഖലയിലും മൂല്യ വർധനവുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 10 ലക്ഷം വരെ പദ്ധതി ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30% മുതൽ 40% വരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

(സി) നാനോ വ്യവസായ യൂണിറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും അവയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നാനോ വ്യവസായ യൂണിറ്റുകൾ ഉൾപ്പെടെയുള്ള MSME സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ എജൻസികളുടെ ലൈസൻസുകൾ, ക്ലിയറൻസുകൾ, അനുമതി എന്നിവ മൂന്നര വർഷത്തേക്ക് ഒഴിവാക്കുന്നതിന് വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് acknowledgment എടുത്താൽ മതിയാകുന്നതാണ്. 10 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപവും 5 HP വരെ കണക്ടഡ് ലോഡുമുള്ള ഗ്രീൻ, വൈറ്റ് കാറ്റഗറിയിൽപ്പെട്ട

സംരംഭങ്ങൾ വീടുകളിൽ തുടങ്ങുന്നതിന് അനുമതി നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് 2025 ഓഗസ്റ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വൈദ്യുതോൽപാദനത്തിൽ സ്വയംപര്യാപ്തത

12(*192) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പഠനം നടത്താൻ കെ.എസ്.ഇ.ബി.എൽ. വിദഗ്ധ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ വൈദ്യുതോൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനും ഇതിനോടൊപ്പം തന്നെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന മത്സരാധിഷ്ഠിത ബിസിനസ് അന്തരീക്ഷത്തിൽ സുസ്ഥിരമാകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനും സമഗ്രവും തന്ത്രപ്രധാനവുമായ ഒരു പ്ലാൻ തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബിഎൽ.-ലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് 2024 നവംബർ മുതൽ 2025 മേയ് വരെ വിവിധ ശില്പശാലകൾ നടത്തിയിരുന്നു. 2031-32 കാലയളവിൽ വൈദ്യുതി ആവശ്യകത ഏകദേശം 10000 MW എത്താനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് അതനുസരിച്ച് ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രസ്തുത ശില്പശാലയിൽ ചർച്ച ചെയ്തിരുന്നു. അതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും ആഭ്യന്തര ഉൽപാദനത്തിലൂടെ കണ്ടെത്താൻ സാധിക്കാത്ത

സാഹചര്യത്തിൽ ആയത് നികത്താനായി ഇതര സംസ്ഥാനങ്ങളിലെ നിലയങ്ങളെ ആശ്രയിക്കേണ്ടി വരും. ഇത് കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കേണ്ടതും പ്രസരണ ശൃംഖലകൾ ശക്തിപ്പെടുത്തേണ്ടതും ആവശ്യമാണ്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2032 കാലയളവ് വരെയുള്ള long term perspective transmission plan തയ്യാറാക്കിയിട്ടുണ്ട്. ടി ശില്പശാലയിൽ നിന്നും ഉരുത്തിരിഞ്ഞ പ്രധാന ആശയങ്ങൾ ബോർഡിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനും പമ്പ്ഡ് സ്റ്റോറേജ് പദ്ധതി ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ ആരംഭിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. കാര്യാലയത്തിന്റെ കീഴിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(A) <u>നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനുള്ള പര്യവേഷണവും വിശദമായ പദ്ധതി പഠന റിപ്പോർട്ട് തയ്യാറാക്കലും നടന്നുവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**പദ്ധതിയുടെ പേര്**	**സ്ഥാപിത ശേഷി (മെഗാവാട്ട്)**
1	ഇടുക്കി ഗോൾഡൽ ജൂബിലി	800.00
2	ശബരിഗിരി എക്സ്റ്റൻഷൻ	450.00
3	ഇടമലയാർ കപ്പാസിറ്റി അഡിഷൻ	75.00
	ആകെ സ്ഥാപിത ശേഷി	**1325.00**

കൂടാതെ നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതി	അധികശേഷി
കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)	7.5 MW (പദ്ധതി പൂർത്തിയാകുമ്പോൾ 7.5 MW അധിക ശേഷി ലഭിക്കും)

(B) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ

പീക്ക് പവർ ഡിമാന്റ് നിറവേറ്റുന്നതിനും വൈദ്യുത ഗ്രിഡിന്റെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ അനിവാര്യമാണ്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രകൃതിദത്ത ബാറ്ററി സ്റ്റോറേജുകൾ എന്ന നിലയിലാണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള അണക്കെട്ടുകളുമായി ബന്ധപ്പെട്ടവയാണ്. പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാവാട്ട്)
1	കക്കയം പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	800
2	പൊരിങ്ങൽക്കുത്ത് പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	400
3	മുതിരപ്പുഴ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	100
	ഇടുക്കി പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	700

4		
ആകെ		**2000**

മുൻപ് സാധ്യതാ പഠനം നടത്തിയിട്ടുള്ള ഏതാനും പദ്ധതികളുടെ തുടർ പഠനങ്ങളിൽ പ്രായോഗിക തടസ്സങ്ങൾ കണ്ടെത്തിയതിനാൽ കൂടുതൽ ആകർഷണീയമായ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ സാധ്യതാ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ക്രമ നമ്പർ	**പദ്ധതിയുടെ പേര്**	**സ്ഥാപിത ശേഷി** (മെഗാവാട്ട്)
1	അപ്പർചാലിയാർ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	1500
2	ശബരിഗിരി പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	750
3	പൂതംപാറ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	750
ആകെ		**3000**

ഇ.എം.സി.-യുടെ സാങ്കേതിക മേൽനോട്ടത്തിൽ സ്വകാര്യ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സഹകരണ മേഖല/പൊതുമേഖല മുതലായവയെ പങ്കെടുപ്പിച്ച് പദ്ധതികൾ വികസിപ്പിക്കാനുദ്ദേശിച്ച് സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് ജല വൈദ്യുത നയ രൂപീകരണം അന്തിമഘട്ടത്തിലാണ്. കേരളത്തിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി കെ.എസ്.ഇ.ബി.എൽ. അധീനതയിലുള്ള പ്രോജക്ടുകൾ ഒഴികെയുള്ള 10 ഇടങ്ങൾ ഇ.എം.സി. കണ്ടെത്തുകയും ആദ്യ ഘട്ടത്തിൽ പ്രസ്തുത പദ്ധതികളിൽ 5 പദ്ധതികളുടെ പ്രീ-ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇടുക്കിയിലെ ഇലവീഴാപൂഞ്ചിറ, പാലക്കാടിലെ പോത്തുണ്ടി, ചുള്ളിയാർ, വയനാട്ടിലെ പരപ്പൻപാറ, ഇടുക്കിയിലെ മാങ്കുളം എന്നിവിടങ്ങളിൽ ആകെ 3,120 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളുടെ

പ്രീ-ഫീസിബിലിറ്റി പഠനം പൂർത്തിയായി. അവയിൽ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളായ THDCIL-നും (ഇലവീഴാപൂഞ്ചിറ പദ്ധതി) NTPC-ക്കും (ചുള്ളിയാർ പദ്ധതി) നോമിനേഷൻ അടിസ്ഥാനത്തിൽ നൽകാൻ ഇ.എം.സി. നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പോത്തുണ്ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാനും അനുമതികൾ ഏകോപിപ്പിക്കാനും EMC-യെ ചുമതലപ്പെടുത്തുന്നതും സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സൗരോർജ വൈദ്യുതി ശേഖരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പകൽ സമയത്ത് ലഭ്യമാകുന്ന സൗരോർജ വൈദ്യുതി ശേഖരിച്ച് സംസ്ഥാനത്തിന്റെ അധിക ഊർജ ആവശ്യകത നിറവേറ്റുന്നത് ലക്ഷ്യമിട്ട് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതി നടപ്പിലാക്കി വരുന്നു. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികളിലൂടെ പ്രതിദിനം 1000 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കാനും സംസ്ഥാനത്തെ പീക്ക് സമയങ്ങളിലെ അധിക ഊർജ ആവശ്യകത നിറവേറ്റാനും ഉപകരിക്കും. പ്രസ്തുത പദ്ധതികൾ ഒക്ടോബർ 2026-ഓടുകൂടി പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വൈദ്യുതസംഭരണ പദ്ധതികൾക്ക് 270 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ കേന്ദ്ര ഊർജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ

ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ടവർ (BESS) സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ അധിക ഊർജ ആവശ്യകത മുന്നിൽ കണ്ട് സൗരോർജ വൈദ്യുതി ശേഖരണത്തിന് അനെർട്ട് നടപ്പിലാക്കി വരുന്ന സൗരോർജ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പൊതു കെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

2. പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണം, വിദൂര ആദിവാസി നഗറുകളിൽ സോളാർ പവർ പ്ലാന്റുകൾ/വിൻഡ്/സോളാർ ഹൈ ബ്രിഡ് പവർ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

3. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പൈലറ്റ് പദ്ധതി നടപ്പിലാക്കി.

വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കാനുള്ള നീക്കം

13(*193) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കാനും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കാനുമുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം, കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിന് വൈദ്യുതി മേഖലയിൽ പ്രത്യേകിച്ച് വൈദ്യുതി വിതരണരംഗത്ത് ഒന്നിലധികം ലൈസൻസികൾ ആവശ്യമാണെന്ന മുൻധാരണയുമായി കേന്ദ്രസർക്കാർ വച്ചിട്ടുള്ള

നിർദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വൈദ്യുതി രംഗത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഒരു പ്രധാന നിയമമാണ് ഇലക്ട്രിസിറ്റി ആക്ട്, 2003. വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദേശങ്ങൾ കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees, 30-06-2023-ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) റൂൾസ് 2023 എന്നിവയും വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് സഹായകരമായ നിലപാടുകൾ ഉൾപ്പെടുന്നവയാണ്.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്തിക്കാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്.

2022 ഓഗസ്റ്റ് മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കരട് വൈദ്യുതി നിയമ ഭേദഗതി ബില്ലിലുണ്ടായിരുന്ന പല നിർദേശങ്ങളും സ്വകാര്യ മേഖലകൾക്ക് കടന്നുവരുന്നതിന് സഹായകരമായിരുന്നു. വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര നീക്കത്തിനെതിരെ സംസ്ഥാന നിയമസഭ 05-08-2021-ന് ഐകകണ്ഠ്യേന പ്രമേയം

പാസ്സാക്കുകയും ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വ്യാപകമായ എതിർപ്പുകളെ തുടർന്ന് പിന്നീട് കേന്ദ്ര സർക്കാർ പ്രസ്തുത ബിൽ വിശദമായ പരിശോധനയ്ക്കായി ഊർജ്ജ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് കൈമാറിയിരുന്നു. തുടർന്ന് ഇത് പാസാക്കുന്നതിനെക്കുറിച്ചോ നടപ്പാക്കുന്നതിനെക്കുറിച്ചോ ഔദ്യോഗിക വിശദീകരണങ്ങൾ ഉണ്ടായിട്ടില്ല.

(ബി) കാർഷിക മേഖലയെ സഹായിക്കുക എന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് കാർഷിക മേഖലയിലെ മൂല്യവർധിത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05-12-2024-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്.

ഈ ഉത്തരവുപ്രകാരം നാണ്യവിളകൾ ഉൾപ്പെടെയുള്ള എല്ലാ വിളകളുടെ കൃഷിക്കും നെൽ കൃഷിക്കുമുള്ള ജലസേചനത്തിന് ആവശ്യമായ വൈദ്യുതി, കാർഷിക താരിഫിലാണ് (LT V (A) Agriculture) നൽകി വരുന്നത്. എന്നാൽ ഇപ്രകാരം ലഭ്യമാകുന്ന വിളകൾ മൂല്യവർധിത ഉൽപന്നങ്ങളിലേക്ക് മാറ്റം ചെയ്യപ്പെടുന്ന തുടർ പ്രക്രിയകൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് വ്യവസായിക നിരക്കിലാണ് (LT IV(A) Industry) ഈടാക്കി വരുന്നത്. എന്നാൽ

വീടുകൾക്ക് ചേർന്നുള്ള 5HP/4kW-ൽ താഴെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഗാർഹിക താരിഫ് ഈടാക്കിയാൽ മതിയെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2024 ൽ ഇറക്കിയ സപ്ലൈകോഡ് ഭേദഗതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ 10 കിലോവാട്ടിന് താഴെയുള്ള മൂല്യവർധിത സംരംഭകർക്ക് വ്യവസായ താരിഫിനേക്കാൾ കുറഞ്ഞ ഒരു താരിഫ് നിർണ്ണയിച്ച് തരണമെന്നുള്ള അപേക്ഷ അടുത്ത താരിഫ് പരിഷ്കരണ സമയത്ത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) വൈദ്യുതി ലഭ്യമല്ലാത്ത ആദിവാസി ഊരുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ആദിവാസി നഗറുകളിലെ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും അനുകൂലമായ കാലാവസ്ഥ തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് നവംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ

കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടിൽനിന്നുമാണ് കണ്ടെത്തിയത്. അനെർട്ട് മുഖേന **താഴെഇടുക്കി,** വേലപ്പൻകണ്ടി, മേലെ ഇടുക്കി, ഗലസി, ഊരടം എന്നീ സ്ഥലങ്ങളിൽ സോളാർ, വിൻഡ് ഉൾപ്പെടെയുള്ള ഹൈബ്രിഡ് പവ്വർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തി.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന PM-JANMAN (Pradhan Mantri Janjati Adivasi Nyaya Maha Abhiyan) പദ്ധതിയുടെ (Particularly Vulnerable Tribal Group) PVTG mission പ്രകാരം PVTG നഗറുകളിലെ PVTG വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികളിൽ 345 എണ്ണത്തിൽ 313 എണ്ണം നാളിതുവരെ പൂർത്തീകരിച്ചു. ബാക്കിയുള്ള വീടുകളുടെ നിർമ്മാണവും വയറിങ്ങും സംസ്ഥാന പട്ടികജാതി, പട്ടികവർഗ വകുപ്പ് പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.എൽ.-ന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അവ വൈദ്യുതീകരിക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ മറ്റൊരു പദ്ധതിയായ DA-JAGUA (Dharthi Aaba Jangathiya Gram Uthkarsh Abhiyan) പ്രകാരം ഒരു നഗറിലെ ജനസംഖ്യയുടെ 50% പട്ടികവർഗ വിഭാഗമോ അല്ലെങ്കിൽ ഒരു നഗറിലെ ജനസംഖ്യയിൽ 500 പേർ പട്ടികവിഭാഗത്തിൽപ്പെട്ടവരോ ആയ നഗറുകളിൽ വസിക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട ആളുകളുടെ വീടുകളും അവിടെയുള്ള പൊതുസ്ഥാപനങ്ങളും വൈദ്യുതീകരിക്കാനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 164 നഗറുകളിൽ 1226 വീടുകളും 17 പൊതു സ്ഥാപനങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര ഊർജ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇവയിൽ 159 വീടുകളുടെ വൈദ്യുതീകരണം പൂർത്തിയാക്കി. ബാക്കിയുള്ള വീടുകളുടെ

നിർമാണവും വയറിങ്ങും സംസ്ഥാന പട്ടികജാതി-പട്ടികവർഗ വകുപ്പ് പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.എൽ.-ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ വൈദ്യുതീകരിക്കാവുന്നതാണ്.

(ഡി) വൈദ്യുതി വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലെ വീടുകൾക്ക് വൈദ്യുതി എത്തിക്കാൻ ഉചിതമായ സാങ്കേതികവിദ്യാ സഹായം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലെ വീടുകളിൽ സൗരോർജം/വിൻഡ് സോളാർ ഹൈബ്രിഡ് ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് വഴി നടപ്പിലാക്കി വരുന്നു.

സ്വർണ്ണപ്പാളികളുടെ ഭാരം കുറഞ്ഞ സംഭവത്തിൽ അന്വേഷണം

14(*194) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കുശേഷം തിരിച്ചെത്തിച്ചപ്പോൾ സ്വർണ്ണപാളികളുടെ ഭാരം നാലര കിലോയോളം കുറഞ്ഞുവെന്ന ഹൈക്കോടതി കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഹൈക്കോടതി നടത്തിയ പ്രസ്തുത കണ്ടെത്തലിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിന്മേൽ വകുപ്പ് അന്വേഷണം നടത്തുമോ; വിശദമാക്കാമോ?

(ബി&സി) ശബരിമലയിലെ സ്വർണ്ണപ്പാളി അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയ സംഭവവുമായി ബന്ധപ്പെട്ട് SSCR 23/2025 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 29-09-2025-ലെ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

ജി.എസ്.ടി. പരിഷ്കാരങ്ങൾ ജനങ്ങളിൽ എത്തിക്കാൻ നടപടി

15(*195) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ ജി.എസ്.ടി. പരിഷ്കാരങ്ങൾ ഉൾപ്പെട്ട 5%, 12%, 18%, 28% തുടങ്ങിയ നികുതി സ്ലാബുകളിൽ നിന്ന് സംസ്ഥാനത്തിന്റെ മൊത്ത നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് ലഭ്യമായിരുന്നുവെന്നത് വിശദമാക്കാമോ?

നിലവിൽ ജി.എസ്.ടി. backend പോർട്ടലിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളിൽ ഒരു ഉൽപന്നം അടിസ്ഥാനമാക്കിയുള്ള ഒരു സംസ്ഥാനത്തിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ നികുതി വരുമാനം ലഭിക്കാനുള്ള സംവിധാനങ്ങളില്ല. ഒരു നികുതിദായകൻ ഫയൽ ചെയ്യേണ്ട ജി.എസ്.ടി. റിട്ടേണായ GSTR-3B-യിൽ HSN/SAC (Harmonized System of Nomenclature/Services Accounting Code) തിരിച്ചോ നികുതി നിരക്ക് തിരിച്ചോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്താനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമല്ല. GSTR 1 റിട്ടേൺ

ഫോമിൽ ആയത് രേഖപ്പെടുത്താനുള്ള സംവിധാനമുണ്ടെങ്കിലും അത് എല്ലാ നികുതിദായകർക്കും നിർബന്ധമാക്കിയിട്ടുമില്ല.

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ സ്ലാബുകളിൽ കേരളത്തിന്റെ നികുതി വിഹിതം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കൃത്യമായമൊരു താരതമ്യം സാധ്യമല്ല. കൂടാതെ മറ്റ് സംസ്ഥാനങ്ങളുടെ വിവിധ നികുതി നിരക്കുകളിലെ നികുതി ലഭ്യത സംബന്ധിച്ച ഔദ്യോഗിക കണക്കുകൾ GSTN common portal-ലിലോ GST കൗൺസിലോ ലഭ്യമാക്കിയിട്ടില്ല.

(സി) പ്രസ്തുത പരിഷ്കാരം മൂലം സാധന-സേവനങ്ങൾക്കായുള്ള നിരക്കിലുണ്ടാകുന്ന കുറവ് ജനങ്ങളിൽ എത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചുകൊണ്ടുവരികയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഏതൊരു പരിഷ്കാരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണമെന്ന ശക്തമായ നിലപാടാണ് കേരളം കൗൺസിലിൽ കൈക്കൊണ്ടതും.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളം കൂടി മുൻകൈയെടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ 2025 ഏപ്രിൽ മുതൽ 53 ആം ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇതുസംബന്ധിച്ച ആശങ്കകൾ പങ്കുവയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണമെന്ന ആവശ്യം മുന്നോട്ട് വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ശബരിമല ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളി

16(*196) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിക്കുന്നതിന് മുൻപ് ഒരു മാസത്തിൽ കൂടുതൽ ദേവസ്വം അധികൃതർ കൈവശം വച്ചിരുന്നുവെന്ന ഹൈക്കോടതി കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സ്വർണ്ണപ്പാളിയും പീഠവും അനധികൃതമായി കൈവശം വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) 19-07-2019, 20-07-2019 തീയതികളിലെ മഹസ്സർ റിക്കോർഡുകൾ പ്രകാരം SSCR 23/2025 നമ്പർ കേസിലെ ഏഴാം എതിർ കക്ഷിയായ ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിക്ക് സ്വർണ്ണം പൂശുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈമാറിയ വസ്തുക്കൾ

ടിയാൻ 29-08-2019-നാണ് ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിച്ചതെന്ന ബഹു. ഹൈക്കോടതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി കേസിൽ ബഹു. ഹൈക്കോടതിയുടെ 29-09-2025-ലെ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) പ്രസ്തുത സംഭവത്തിന് ശേഷം സ്വർണ്ണപ്പാളിയുടെ ഭാരം കുറഞ്ഞുവെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

19-07-2019, 29-08-2019 തീയതികളിലെ മഹസ്സർ റിക്കോർഡുകൾ പരിശോധിച്ചതിൽ ഗോൾഡ് പ്ലേറ്റിങ് നടത്തുന്നതിനായി ചെന്നൈയിൽ എത്തിച്ച വസ്തുക്കളിൽ 4.541 കിലോഗ്രാം ഭാരം കുറവ് വന്നതായുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇതും അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

17(*197) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെയ്സ് ആൻഡ് മീൻസ് പരിധി 25 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി കുറച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയവയിൽ കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ, ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങളിലുൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ വായ്പാ പരിധിയിൽ നിന്നും ഏകദേശം പതിനായിരം കോടിയിൽപ്പരം രൂപയുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. ഇങ്ങനെയിരിക്കെയാണ് ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം നടപ്പിലാക്കിയത്. ഇതുമൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപവരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് GIFT-ന്റെ ഒരു പഠനപ്രകാരം പ്രതീക്ഷിക്കുന്നത്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി വെയ്സ് & മീൻസ് പരിധി 10 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാരുകൾ സ്വീകരിക്കുന്ന നടപടിക്രമമാണ്. SNA SPARSH-ൽ onboard ചെയ്തിട്ടുള്ള സ്കീമുകളുടെ വെയ്സ് & മീൻസ് പരിധി ഒരു കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. മേൽ ക്രമീകരണം നിലനിൽക്കുമ്പോൾ തന്നെ 10

ലക്ഷത്തിനുമുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേമെന്റുകൾ നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തി കാരണമാണ് നിലവിലെ പണഞെരുക്കത്തിനിടയിലും വികസന പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്താൻ സാധിച്ചിട്ടുള്ളത്.

ശബരിമലയിലെ സ്വർണ്ണപ്പാളിയുടെ അറ്റകുറ്റപ്പണി

18(*198) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്വർണ്ണപ്പാളി അടക്കമുള്ള വിലകൂടിയ വസ്തുക്കൾ അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ട് പോകുന്നതിന് ഹൈക്കോടതിയുടെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി അറ്റകുറ്റ ജോലികൾക്കായി ചെന്നൈയിലേക്ക് കൊണ്ടുപോയത് ഹൈക്കോടതിയുടെ അനുമതിയോടെ ആയിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ&ബി) ശബരിമല ശ്രീ ധർമ്മ ശാസ്താവിന് ചാർത്തുന്ന തിരുവാഭരണങ്ങളായ യോഗദണ്ഡ്, ജപമാല എന്നിവയുടെ അറ്റകുറ്റപ്രവൃത്തികൾ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട SSCR 13/2023 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 30-06-2023-ലെ ഉത്തരവിൽ ശബരിമല ക്ഷേത്രത്തിലെ ശ്രീകോവിലുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ ബഹു. ഹൈക്കോടതി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ കമ്മീഷണറെ മുൻ കൂട്ടി അറിയിക്കണമെന്നാണ് നിർദ്ദേശമുള്ളത്.

അടിസ്ഥാന സൗകര്യവികസന മേഖലയിൽ കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ

19(*199) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അടിസ്ഥാന വികസന പദ്ധതി മേഖലയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന വിടവ് നികത്തുക, സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ

ലക്ഷ്യങ്ങൾക്കായി കിഫ്ബിയെ സജ്ജമാക്കുന്നതിനായാണ് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട്, 2016-ൽ ഭേദഗതി ചെയ്തുകൊണ്ട് ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചത്. പ്രസ്തുത ഭേദഗതി പ്രകാരം പെട്രോളിയം ഇന്ധനങ്ങൾക്കുമേലുള്ള സെസ്സും മൊട്ടോർ വാഹന നികുതിയുടെ വിഹിതവുമാണ് കിഫ്ബിയുടെ വരുമാന സ്രോതസ്സ്. ഈ സ്രോതസ്സിനെ സെക്യൂരിറ്റൈസ് ചെയ്ത് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വായ്പയെടുത്ത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരികയെന്നതാണ് കിഫ്ബിയുടെ ലക്ഷ്യം. 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് തുടക്കത്തിൽ കിഫ്ബി മുഖേന വിഭാവനം ചെയ്തിരുന്നത്.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ വിവിധ വകുപ്പുകളിലായി 90,474 കോടി രൂപയുടെ 1190 പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 69,838 കോടി രൂപയുടെ 1183 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 20,000 കോടി രൂപയുടെ 7 പദ്ധതികളും ഉൾപ്പെടുന്നു. ഇതിനോടകം വിവിധ വകുപ്പുകൾക്കുകീഴിൽ 37,026.51 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+]. 21,881 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.

കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ ആ പ്രതിസന്ധി ഘട്ടത്തിലും കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.

ഇങ്ങനെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജം തുടങ്ങിയ വിവിധ മേഖലകളിലെ നിരവധി പദ്ധതികൾ യാഥാർഥ്യമാവുന്നതോടൊപ്പം സാമ്പത്തിക മേഖലയെ ചലനാത്മകമാക്കാനും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സഹായകരമായി.

(ബി) രൂപീകരണ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധം കിഫ്ബിയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയുടെ രൂപീകരണ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധം അതിനെ ശക്തിപ്പെടുത്തുന്നതിനായി ഇതിനോടകം തന്നെ നിരവധി ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ നടപ്പിലാക്കിവരുന്നത് അവയുടെ നടത്തിപ്പിലെ ഗുണനിലവാരം, ധനലഭ്യത, സമയക്രമം എന്നിവ ഉറപ്പുവരുത്തിക്കൊണ്ടാണ്.

2016-ൽ നിലവിൽ വന്ന ഭേദഗതി ചെയ്ത KIIF Act പ്രകാരം കിഫ്ബിയുടെ ബോർഡിന്റെ ഘടന പുനഃസംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലത്തിൽ സാമ്പത്തിക രംഗത്ത് പ്രാവീണ്യമുള്ള ഏഴ് സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ, കിഫ്ബിയുടെ ധനസമാഹരണവും പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി മുൻ സി.&എ.ജി. ശ്രീ. വിനോദ് റായി അധ്യക്ഷനായ Fund Trustee & Advisory Commission (FTAC) രൂപീകരിച്ചു. FTAC വർഷത്തിൽ രണ്ടുതവണ യോഗം ചേർന്ന് കിഫ്ബിയുടെ ധനസ്ഥിതിയും പ്രവർത്തനവും സംബന്ധിച്ച Fidelity Certificate നൽകുന്നു. ഇത് ബജറ്റ് രേഖകളോടൊപ്പം നിയമസഭയിൽ സമർപ്പിക്കാറുണ്ട്.

കിഫ്ബി മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും വിദഗ്ധ അവലോകനം നടത്തുന്നതിനുമായി ഒരു പദ്ധതി അവലോകന വിഭാഗം നിലവിലുണ്ട്. കൂടാതെ, ആധുനിക രീതിയിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതികൾക്ക് അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രഹാ സർട്ടിഫിക്കേഷൻ ഉൾപ്പെടെ പാരിസ്ഥിതിക അവലോകനം നടത്തുന്നതിനായി ESG വിഭാഗം സ്ഥാപിച്ചു. ഇതോടൊപ്പം കിഫ്ബിയുടെ സ്വന്തം ESG

പോളിസി നിലവിൽ വന്നു. സംസ്ഥാന സർക്കാർ ഇതിനെ മാതൃകയായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ സൂക്ഷ്മ പരിശോധനക്കായി KIIF Act-ന്റെ പരിരക്ഷയോടെ സ്വതന്ത്ര പരിശോധന വിഭാഗം (Inspection Authority) നിലവിൽ വന്നു. ഈ വിഭാഗം നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൃത്യമായ പരിശോധനകൾ നടത്തുകയും പോരായ്മകൾ കണ്ടെത്തുമ്പോൾ Observation Memo നൽകി വരികയും ചെയ്യുന്നു.

പദ്ധതികളുടെ നടത്തിപ്പ് റിയൽ ടൈം ആയി നിരീക്ഷിക്കാനായി കിഫ്ബിയിൽ തന്നെ പ്രത്യേക മോണിറ്ററിങ് സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ കിഫ്ബിയുടെ സാങ്കേതിക സഹായങ്ങൾ പദ്ധതികളുടെ നിർവഹണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനായി ഒരു Technical Resource Centre (TRC) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിൽ ഓഡിറ്റിങ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സി.&എ.ജി. ഓഡിറ്റിന് പുറമേ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, കൺകറണ്ട് ഓഡിറ്റ്, റിസ്ക് ബേസ്ഡ് ഇന്റേണൽ ഓഡിറ്റ്, ടാക്സ് ഓഡിറ്റ് എന്നിവ കിഫ്ബിയിൽ നിലവിലുണ്ട്.

(സി) കിഫ്ബി പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ നാളിതുവരെയായി ആകെ 516 പദ്ധതികളിലായി 34,256 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി

നൽകിയിട്ടുള്ളത്. ഇതിൽ മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ സംസ്ഥാനത്തിന്റെ അഭിമാന പദ്ധതികൾ ഉൾപ്പെടെയുള്ള റോഡുകൾ, പാലങ്ങൾ, റെയിൽവേ മേല്പാലങ്ങൾ, ഫ്ലൈ ഓവറുകൾ, ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡ്, ജങ്ഷൻ വികസന പദ്ധതികൾ മുതലായവ ഉൾപ്പെടുന്നു. മലയോര ഹൈവേയിൽ ഉൾപ്പെട്ട 47 സ്റ്റേച്ചുകൾക്കായി 3,611 കോടി രൂപയും തീരദേശ ഹൈവേയുടെ ഭാഗമായി 39 സ്റ്റേച്ചുകൾക്കായി 3,073 കോടി രൂപയും മറ്റുള്ള 245 റോഡുകൾക്ക് 18,329 കോടി രൂപയും 96 പാലങ്ങൾക്ക് 3,243 കോടി രൂപയും 60 റെയിൽവേ മേൽപാലങ്ങൾക്ക് 2,263 കോടി രൂപയും ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡിന് 2,135 കോടി രൂപയും 17 ഫ്ലൈ ഓവറുകൾക്ക് 1,249 കോടി രൂപയും 10 ജങ്ഷൻ വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിനായി 158 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിന് പുറമെ തീരദേശ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായി 194 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

റോഡുകളും പാലങ്ങളുമായി 104 പൊതുമരാമത്ത് പദ്ധതികൾ നിർമ്മാണം പൂർത്തിത്തീകരിച്ച് ഇതിനകം പൊതുജനങ്ങൾക്കായി തുറന്നുനൽകിക്കഴിഞ്ഞു. അവയിൽ ഭൂരിഭാഗം പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ പൂർത്തീകരിച്ചാണ് നിർമ്മാണം സാധ്യമാക്കിയിട്ടുള്ളത്. പൂർത്തിയാക്കിയ മൊത്തം പദ്ധതി തുക 4299 കോടി രൂപയാണ്. കൂടാതെ പൊതുമരാമത്ത് മേഖലയിൽ 140 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തി പുരോഗമിച്ച് വരുന്നതും 7 പ്രവൃത്തികൾ ടെൻഡർ ചെയ്ത് വർക്ക് അവാർഡ്

ചെയ്തിട്ടുള്ളതും 38 പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുള്ളതും ഒരു പ്രവൃത്തി സാങ്കേതികാനുമതി നൽകിയ ഘട്ടത്തിലുമാണ്. ഇതിനുപുറമെ 12 പദ്ധതികളുടെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 148 പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നതുമാണ്. ഇതിനുപുറമെ ദേശീയപാതാ വികസനത്തിനായുള്ള ഭൂമി ഏറ്റെടുത്ത് നൽകിയത് സർക്കാരിന്റെ സുപ്രധാനമായ ഒരു നേട്ടമാണ്.

(ഡി) സംസ്ഥാനത്തെ വ്യവസായ രംഗത്ത് കിഫ്ബി നടപ്പാക്കുന്ന പദ്ധതികളുടെ ആകെ മൂല്യം എത്രയെന്ന് വിശദമാക്കാമോ?

നാളിതുവരെ കിഫ്ബി വഴി വ്യവസായ വകുപ്പിനുകീഴിൽ 8 ബൃഹത്ത് പദ്ധതികളിലായി 16,527 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക സൗഹൃദം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉണർവ് നൽകുന്നതിനുമായി വ്യാവസായിക പാർക്കുകൾ, വ്യാവസായിക ഇടനാഴികൾ തുടങ്ങിയ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ട വിപുലീകരണത്തിനായുള്ള സ്ഥലമേറ്റെടുപ്പ്, എറണാകുളത്ത് പെട്രോ കെമിക്കൽ & ഫാർമ പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കാനായുള്ള HNL-ന്റെ ഭൂമി ഏറ്റെടുക്കൽ, കണ്ണൂർ-പാലക്കാട് ജില്ലകളിലെ ബൃഹദ് സ്ഥലം ഏറ്റെടുക്കൽ, കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴിക്കുള്ള (KBIC) സ്ഥലം ഏറ്റെടുക്കൽ, KBIC-യുടെ ഭാഗമായി എറണാകുളം അങ്കമാലിയിലെ ഗ്ലോബൽ സിറ്റി പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ ആരോഗ്യ രംഗത്ത് വർധിച്ചുവരുന്ന കാൻസർ സംബന്ധ വെല്ലുവിളികളെ നേരിടുന്നതിനായി കാൻസർ പ്രധിരോധ

മരുന്നുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴയിൽ ഓങ്കോളജി പാർക്കിനുള്ള അംഗീകാരവും കിഫ്ബി നൽകിക്കഴിഞ്ഞു. വയനാട്ടിലെ കാപ്പി കർഷകരുടെ ക്ഷേമം മുൻനിർത്തി അവലംബിച്ചിട്ടുള്ള കാർബൺ ന്യൂട്രൽ കോഫി പാർക്കാണ് മറ്റൊരു പദ്ധതി. ഇതിനായുള്ള സ്ഥലമേറ്റെടുപ്പിന് അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിച്ചുവരികയാണ്. വ്യവസായ വകുപ്പിനുകീഴിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+. വിഴിഞ്ഞം ഇറമുഖത്തെ അവലംബമാക്കി ഒരു വ്യാവസായിക-സാമ്പത്തിക ക്ലസ്റ്റർ യാഥാർഥ്യമാക്കുന്നതിന് വിഴിഞ്ഞം- കൊല്ലം-പുനലൂർ വ്യവസായിക സാമ്പത്തിക വളർച്ചാ മുനമ്പ് എന്ന പദ്ധതിക്കും കിഫ്ബി തത്വത്തിൽ അംഗീകാരം നൽകി.

അനധികൃത ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടി

20(*200) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മൈനിങ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളും 12-04-2023-ലെ സ. ഉ. (കൈ) 29/2023/വ്യവ. നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ 14 ജില്ലാ സ്ക്വാഡുകളും ക്വാറികളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചട്ടപ്രകാരമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തവരുന്നു. ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അനധികൃത ഖനനത്തിന് നടപടി സ്വീകരിക്കുന്നതിനുമായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള വിജ്ഞാപനത്തിലൂടെ റവന്യൂ, പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ട അധികാരികളെയും സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. ഒപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻസ് സേഫ്റ്റി എന്നീ സ്ഥാപനങ്ങളും ക്വാറികളിൽ പരിശോധന നടത്താറുണ്ട്. വകുപ്പിന്റെ ഇ-ഗവേണൻസ് സംരംഭമായ കേരള ഓൺലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സർവീസസ് (KOMPAS) മുഖേന ധാതു ഗതാഗതം ചെയ്യുന്നതിന് ഇ-പാസ് അനുവദിക്കുകയും ആയത് നിരീക്ഷിച്ച് വരുന്നതുമാകുന്നു. കൂടാതെ ഇത്തരത്തിലുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിന് ഡ്രോൺ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് വേണ്ടനടപടികൾ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) റവന്യൂ പുറമ്പോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ പുറമ്പോക്കിൽ അനധികൃത ഖനനം നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ആയവ തുടർ നടപടികൾക്കായി റവന്യൂ വകുപ്പിന്

അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി കേരള ലാൻഡ് കൺസേർവൻസി ആക്ട് പ്രകാരമുള്ള ലാൻഡ് കൺസേർവൻസി കേസെടുക്കുന്നതിന് കൈമാറി വരുന്നു. വിശദാംശങ്ങൾ ലഭിക്കാത്ത പക്ഷം വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾക്ക് രേഖാമൂലം അറിയിപ്പും നൽകാറുണ്ട്. ഇതുകൂടാതെ അനധികൃത ഖനനം നടത്തുന്നവർക്കെതിരെ കെ.എം.എം.സി. ചട്ടപ്രകാരവും നടപടി സ്വീകരിച്ചുവരുന്നു.

(സി) ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിങ് ആൻഡ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

അനധികൃത ധാതുഖനന, ഗതാഗത പ്രവർത്തനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിലേക്ക് മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ്, റവന്യൂ, മോട്ടോർ വെഹിക്കിൾ, ലീഗൽ മെട്രോളജി, മൈനിങ് ആൻഡ് ജിയോളജി വകുപ്പുകളുടെ സംയുക്ത പരിശോധനകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. മാത്രമല്ല തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09-10-2024-ലെ G. O. (Rt) No. 1880/2024/LSGD ഉത്തരവ് പ്രകാരം ജില്ലാ തലത്തിലും ഡിവിഷണൽ തലത്തിലും വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ ഏകോപനം

സംസ്ഥാനതലത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി നടത്തിവരുന്നതുമാണ്.

സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

21(*201) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടത്തര-വൻകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കേരളത്തിലെ ഇടത്തര-വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനും സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടേയും യുവതികളുടേയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാമേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാക്കി സംസ്ഥാന സർക്കാർ

വ്യവസായ നയം രൂപീകരിച്ചിരുന്നു. വ്യവസായ നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെയും വ്യവസായങ്ങളായി ഉത്തേജിപ്പിക്കുന്നതിനുമാണ്.

ഇതുകൂടാതെ, സംസ്ഥാനത്തെ ഒരു ഹൈടെക് ഹബ്ബാക്കി മാറ്റുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളും നടപടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതികയിലധിഷ്ഠിതമായ ഗ്ലോബൽ കാപ്പബിലിറ്റി സെന്റർ, കൃത്രിമ ബുദ്ധി, ഗ്രാഫീൻ കൂടാതെ ബ്ലൂ ഇക്കോണമി, വെൽനെസ്സ് & ആയുർവേദ, സ്കില്ലിങ് (പി.പി.പി. ഫ്രെയിംവർക്) തുടങ്ങിയ മേഖലകളിൽ കരട് നയങ്ങൾ രൂപീകരിക്കുകയും ഇവ നിലവിൽ സർക്കാർ പരിഗണനയിലുമാണ്. കയറ്റുമതി പ്രോത്സാഹന നയം, ഇ.എസ്.ജി. നയം എന്നിവ സർക്കാർ ഇതിനോടകം അംഗീകരിക്കുകയും ലോജിസ്റ്റിക് പാർക്ക് നയം പ്രഖ്യാപിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലുമാണ്. നവീന വ്യവസായത്തെ കേരളത്തിലേക്ക് ആകർഷിക്കാനും അവയെ പ്രോത്സാഹിപ്പിക്കാനായി ഹൈടെക് മാനുഫാക്ച്ചറിങ് നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇവയുടെയെല്ലാം രൂപീകരണവും മേൽനോട്ട ചുമതലയും സർക്കാർ കെ.എസ്.ഐ.ഡി.സി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

ഇവയ്ക്കപുറമേ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും നിരവധി നിക്ഷേപകരെ നേരിൽ കണ്ടുമുട്ടി ചർച്ചകൾ നടത്താനും അവസരമൊരുക്കുന്ന വിവിധ ദേശീയ-അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും കേരളത്തിന്റെ സജീവ പങ്കാളിത്തം സർക്കാർ ഉറപ്പുവരുത്തുകയും അതോടൊപ്പം വിവിധതരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, ഉച്ചകോടികൾ തുടങ്ങിയവയും കേരള സർക്കാർ സംഘടിപ്പിച്ചുവരുന്നു.

അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കാനുമായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു ആഗോള നിക്ഷേപ സംഗമമാണ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് എന്ന ആഗോള നിക്ഷേപക സംഗമം. ഈ നിക്ഷേപ സംഗമം വഴി 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണ പത്രങ്ങൾ സർക്കാരിന് ലഭിക്കുകയും ഇവ നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ച് വരികയും ചെയ്യുന്നു.

അമേരിക്ക 50% ഇറക്കുമതി തീരുവ വർധിപ്പിച്ചതിനെ തുടർന്ന് കേരളത്തിലെ കയറ്റുമതി മേഖലയ്ക്ക് ഗൗരവമായ വെല്ലുവിളികൾ ഉയർന്നതിന്റെ പശ്ചാത്തലത്തിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ വിവിധ വ്യവസായ പ്രതിനിധികളും അസോസിയേഷനുകളും പ്ലാനിങ് ബോർഡും വ്യാപാര സ്ഥാപനങ്ങളും പങ്കെടുത്ത യോഗത്തിൽ പ്രശ്നങ്ങൾ, നിർദേശങ്ങൾ, അടിയന്തര സഹായ ആവശ്യം എന്നിവ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാനമായ പരിപാടികളാണ് മീറ്റ് ദി

ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് എന്നിവ. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40-ലധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70-ൽപ്പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലും മറ്റുള്ളവ പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിപാടികളിലൂടെ 10,000 കോടിയിൽപ്പരം നിക്ഷേപ താൽപര്യങ്ങളും 5000-ത്തിൽപ്പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു. ഇവയ്ക്കുപുറമെ കെ.എസ്.ഐ.ഡി.സി. വ്യവസായം തുടങ്ങുന്നതിനും അവ വിപുലീകരിക്കുന്നതിനും വിവിധ തരത്തിലുള്ള വായ്പകൾ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലം (ലഭ്യതയ്ക്കനുസരിച്ച്) എന്നീ സേവനങ്ങളും നൽകി വരുന്നു.

(ബി) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിവിധ വ്യവസായ പാർക്കുകളെ പ്രവർത്തന സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വികസനത്തിന് പ്രോത്സാഹനമാകുന്ന തരത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ (ഐ.ജി.സി. പള്ളിപ്പുറം ആലപ്പുഴ, ഐ.ജി.സി. കിനാലൂർ കോഴിക്കോട്, ഐ.ജി.സി. വലിയവെളിച്ചം കണ്ണൂർ, കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ പാലക്കാട്, ബിസിനസ് പാർക്ക് അങ്കമാലി) ജലം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതാണ്. അലോട്ട്മെന്റിന് സജ്ജമായിട്ടുള്ള 560.67 ഏക്കർ ഭൂമിയിൽ 520.88 ഏക്കറും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതി രണ്ട്

ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കി വരുന്നത്. പാർക്കിൽ ഇൻകുബേഷൻ സെന്റർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 20 മീറ്റർ വീതിയുള്ള ആന്തരിക റോഡുകൾ ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജലവും (1 MLD) വൈദ്യുതിയും (3 MVA) വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിങ് സെന്റർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ, KSCSTE-യുടെ വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിനായി KSIDC, 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ് സ്ഥലം, ലബോറട്ടറി തുടങ്ങിയവ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ, നിലവിൽ ഏറ്റെടുത്ത 86 ഏക്കറിൽ പ്ലാൻ ചെയ്യുന്ന പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ആന്തരിക റോഡുകൾ, ചുറ്റമതിലുകൾ, തെരുവ് വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ആയതിന്റെ 85% പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിന്റെ വൈദ്യുതീകരണത്തിനായി KSEB-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള വിവിധ വ്യവസായ ഇടനാഴികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച ചെന്നൈ-ബംഗളൂരു പദ്ധതിയുടെ വിപുലീകരണമായ കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി.) വ്യവസായ ഇടനാഴി പദ്ധതി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

നോഡ് 1 –

ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ (ഐ.എം.സി.) പാലക്കാട്.

നോഡ് 2 –

ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.

പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്ററിന് 3805 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ഓഗസ്റ്റ് 28-ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെ.ബി.ഐ.സി.-യുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐ.എം.സി. കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ. റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്.പി.വി.-ക്ക് കൈമാറി. NICDC 104.50 കോടി രൂപയുടെ തുല്യ ഇക്വിറ്റി എസ്.പി.വി.-ക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി

ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മെയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ ഡെവലപ്മെന്റിനായി ഇ.പി.സി. ടെൻഡർ വിളിക്കുകയും ജി.എസ്.ടി. ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുയും ചെയ്തു.

ലാൻഡ് ആൻഡ് പ്രൊജക്ട് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ച് കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞു.

ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി

22(*202) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയി തിരിച്ച് കൊണ്ടുവന്നപ്പോൾ ഭാരം രേഖപ്പെടുത്തിയിരുന്നില്ലെന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഭാരം രേഖപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കാമോ?

2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയി തിരിച്ച് കൊണ്ടുവന്ന് വീണ്ടും

സോപാനത്തിൽ സ്ഥാപിച്ച അവസരത്തിൽ ഭാരം രേഖപ്പെടുത്തിയിരുന്നില്ലെന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. SSCR 23/2025 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 29-09-2025-ലെ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം വിഷയത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) 1999-ൽ സ്വർണ്ണം പൂശിയ പാളി 2019-ൽ വീണ്ടും സ്വർണ്ണം പൂശാനുണ്ടായ കാരണം വ്യക്തമാക്കാമോ?

ബഹു. ഹൈക്കോടതി നിർദേശ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് & സെക്യൂരിറ്റി വിഭാഗത്തിന്റെ അന്വേഷണം നടന്നുവരുന്ന വിഷയമാണിത്.

സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

23(*203) ശ്രീ. ജി എസ് ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ, സാമൂഹിക, സാമ്പത്തിക ക്ഷേമ രംഗങ്ങളിൽ സഹകരണ മേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ സഹകരണ പ്രസ്ഥാനം ജനജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ സുരക്ഷയൊരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവഹിച്ച് കൊണ്ടിരിക്കുന്നത്. ഏത് ആപത്ഘട്ടത്തിലും സഹായഹസ്തവുമായി ജനങ്ങൾക്ക്

ആശ്രയിക്കാവുന്ന മേഖലയായി അത് മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പാ വിതരണത്തിനുപുറമെ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു. സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. അതുയ്ക്ക് വിപുലമാണ് കേരളത്തിലെ സഹകരണ മേഖല.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരായ അംഗങ്ങളുടെ പങ്കാളിത്തത്തോടെയും തികച്ചും ജനാധിപത്യപരമായ നിയന്ത്രണത്തോടെയും പ്രവർത്തിച്ചുവരുന്നു. കാർഷിക വ്യവസായ മേഖലകളിലെയും സേവന മേഖലയിലെയും സംഘങ്ങൾക്ക് പുറമേ മാർക്കറ്റിങ് രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും ക്ഷീരോൽപാദനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഏറ്റവും അധികം ആളുകൾ തൊഴിൽ ചെയ്തുവരുന്നു. പുരുഷൻമാർക്കൊപ്പം തുല്യ പ്രാധാന്യത്തോടെ സ്ത്രീകളും രംഗത്തുണ്ട്. സാമ്പത്തിക വളർച്ചക്ക് സമ്പൂർണ്ണവും ഉൽപാദനപരവുമായ തൊഴിൽശേഷിയുടെ ഉപയോഗവും മികച്ച തൊഴിലും എന്ന ആശയം

എറ്റവും നല്ല രീതിയിൽ പ്രാവർത്തികമാകുന്നത് സഹകരണ മേഖലയിലാണെന്ന് നിസ്സംശയം പറയാൻ കഴിയും.

വാണിജ്യബാങ്കുകൾ നിഷേധ നിലപാട് സ്വീകരിക്കുമ്പോൾ കേരളത്തിലെ ഇടത്തരക്കാരും കുറഞ്ഞ വരുമാനക്കാരും ഉൾപ്പെടെയുള്ള വിവിധവിഭാഗം ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ മുതൽ കേരള ബാങ്ക് വരെയുള്ള വായ്പാ സംഘങ്ങളാണ്.

സഹകരണ മേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. റിസ്ക് ഫണ്ട്

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ച് നൽകിയ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ്. ആയത് പ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരകരോഗം ബാധിച്ചവർക്ക്

പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് നൽകുന്നു.

2. മുറ്റത്തെ മുല്ല

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.

3. ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്യൂഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

4. കെയർ ഹോം പദ്ധതി

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയായ കെയർ

ഹോം പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറി. 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി.

പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ താലൂക്കുകളിൽ പദ്ധതി നിർവഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

5. പുനർജനി പദ്ധതി

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

6. സ്നേഹതീരം വായ്പാ പദ്ധതി

കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യതൊളിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്ന

പദ്ധതിയാണ് "സ്നേഹതീരം വായ്പാ പദ്ധതി". ടി പദ്ധതി പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ആയത് പ്രകാരം കോട്ടയം ജില്ലയിലെ അയ്മനം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. കെ 750-ൽ നിന്നും ആദ്യഘട്ട വായ്പയായി 5 പേരുൾപ്പെടുന്ന ദീപം ആകൃവിറ്റി ഗ്രൂപ്പിന് 50,000/-രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

7. സഹകരണം സൗഹൃദം

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

8. സഹായ ഹസ്തം വായ്പാ പദ്ധതി

പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട-വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. നാളിതുവരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

9. യുവജന സഹകരണ സംഘങ്ങൾ

യുവജനങ്ങളുടെ തൊഴിലും വരുമാനവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്കാവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും ജില്ലാ തലത്തിൽ നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

10. സഹകാരികൾക്കുള്ള ആശ്വസ നിധി

അശരണരായ സഹകാരികൾക്കുള്ള 'ആശ്വാസ നിധി' എന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെടുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പദ്ധതി പ്രകാരം 436 അപേക്ഷകളിലായി 1,17,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

11. കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി

സഹകരണ സംഘങ്ങളിലെ ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധനസഹായ വിതരണം നടത്തി വരുന്നു. ഈ സർക്കാർ

വന്നതിനുശേഷം ഏഴ് ഘട്ടങ്ങളിലായി ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 46,310 ഗുണഭോക്താക്കൾക്കായി ആകെ 97,44,20,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

12. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി

പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

13. പാലിയേറ്റീവ് കെയർ പദ്ധതി

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കാൻ ഉതകുന്ന സഹകരണ ആശുപത്രികളില്ലാത്തതിനാൽ ടി

ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി ആരംഭിച്ച വേളയിൽ 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പിലാക്കിവരുന്നു.

14. കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (AARTICE)

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd.No.4506 (AARTICE) എന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു.

15. കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം

സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511. കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവതോമുഖ അഭിവൃദ്ധിയും വ്യാപാര വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ

മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമവുമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം.

16. കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി അവരുടെ പുനരധിവാസം, വിദ്യാഭ്യാസം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ കോട്ടയം ജില്ല ആസ്ഥാനമായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

17. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. നിലവിൽ ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ്മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതുകൂടാതെ തെങ്ങ്,

മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്തുവരുന്നു. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്ത, ഓപ്പൺ മാർക്കറ്റ്. കുടുംബശ്രീ എന്നിവ വഴിയും വിറ്റഴിക്കുന്നു. ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കി വരുന്നു. നാളിതുവരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷി നടത്തിവരുന്നു. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനും അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്താനും ഈ പദ്ധതിമൂലം സാധിക്കുകയുണ്ടായി.

18. പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിങ് & മാർക്കറ്റിങ് സഹകരണ സംഘം (PAPCOS)

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കാൻ ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതുമാർക്കറ്റിൽ എത്തിക്കുകയും കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുകയും

ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിങ് & മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) പ്രവർത്തിക്കുന്നു. സംഘത്തിൽ 2500 MT സംഭരണ ശേഷിയുള്ള 6 സൈലോകൾ (ആകെ 15000 MT) 1 ലക്ഷം MT വരെ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പാർ ബോയിലിങ് യൂണിറ്റ്, ആധുനിക റൈസ് മിൽ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ആയത് സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നതുമാണ്.

19. കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിങ് & മാർക്കറ്റിങ് സഹകരണ സംഘം (KAPCOS)

പാലക്കാട് ഒഴികെയുള്ള 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് രൂപീകരിച്ചിട്ടുള്ള സഹകരണ സംഘമാണ് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിങ് & മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS). കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആയതിനാവശ്യമായ സംഭരണശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽകർഷകരെ സഹായിക്കുക, നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ. അരിയും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിലെത്തിക്കുന്നതിനായി ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കർഷകരിൽനിന്നും അരി സംഭരിച്ച് ബ്രാൻഡഡ് അരിയായി വിപണിയിലെത്തിക്കുന്നതിനും

പദ്ധതി തയ്യാറാക്കി വരുന്നു. പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (KAPCOS) എന്നീ സഹകരണ സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി പൂർണ്ണപഥത്തിൽ എത്തുന്നതോടെ കേരളത്തിലെ 67 ശതമാനത്തോളം വരുന്ന നെല്ലൽപാദനത്തിന്റെ 39.90% പാലക്കാട് ജില്ലയിൽനിന്നും 26.64% കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽനിന്നും സംഭരിക്കാൻ സാധിക്കുന്നതും സംസ്കരിച്ച് വിപണനം നടത്താൻ സാധിക്കുന്നതുമാണ്. കൂടാതെ ടി സംഘങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കാനും കഴിയുന്നതാണ്.

20. ബ്രാന്റിങ് & മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ടി ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "ബ്രാന്റിങ് & മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം 14 കോപ്മാർട്ടുകൾ ആരംഭിച്ചിട്ടുള്ളതും പുതിയ 16 കോപ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഘട്ടം

ഘട്ടമായി കോപ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ച് വരികയാണ്. സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള കോപ്കേരള സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് സർക്കാർ 11 അംഗ മാനേജിങ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ കോപ്കേരള സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നതുമാണ്. ഗുണമേന്മയുള്ള വിവിധ സഹകരണ ഉൽപന്നങ്ങൾ കോപ്കേരള (coopkerala) ബ്രാന്റോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപന്നങ്ങൾക്കും 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപന്നങ്ങൾക്കും കോപ്കേരള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇപ്രകാരം കോപ്കേരള സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപന്നങ്ങൾക്കായി ഒരു സ്വാതന്ത്ര ഡിജിറ്റൽ വിപണിയായ "അങ്ങാടി കേരള" പ്ലാറ്റ്ഫോം ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

21. നെറ്റ് സീറോ എമിഷൻ പദ്ധതി

"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന കാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കാർബൺഡൈഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ്

തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യപ്രേരിത കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതുഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ ഐ.ടി., സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ഐ.ടി., സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള സാധാരണ ബാങ്കിങ് ഇടപാടുകൾക്കുപുറമെ, ഐ.ടി. ജീവനക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ,

റീസ്കിൽ അപ്പ് സ്കിൽ ട്രെയിനിങ്ങുകൾ, എഞ്ചിനീയറിങ് ബിരുദധാരികൾക്കുവേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിങ് പ്രോഗ്രാമുകൾ, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, വിവിധ സോഫ്റ്റ്വെയർ സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രസ്തുത സൊസൈറ്റിയുടെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങൾ.

സയൻസ് ടെക്നോളജി ആൻഡ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് പ്രൊഫഷനൽ ആൻഡ് എക്സ്പേർട്ട്സ് (SCOPE) ക്ലിപ്തം നമ്പർ 4520 പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന സഹകരണ സംഘമാണ്.

ഗിഗ്/ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സൊസൈറ്റി വഴി ഐ.ടി. പ്രൊഫഷണലുകൾക്ക് റീ സ്കിൽ - അപ് സ്കിൽ ട്രെയിനിങ്ങുകൾ, വിവിധ സോഫ്റ്റ്വെയർ സർവീസസ് എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഐ.ടി./സയൻസ് ആൻഡ് ടെക്നോളജി കോപ്പറേറ്റീവ് സഹകരണ സംഘങ്ങളുടെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളിൽ ഒന്നാണ് റീ സ്കിൽ - അപ് സ്കിൽ ട്രെയിനിങ്ങുകൾ. സംഘം, നിയമാവലി വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി പരിശീലനത്തിനുള്ള അംഗീകാരം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വകുപ്പ് നൽകുന്നതാണ്.

(ഡി) കുറഞ്ഞ ചെലവിൽ അഴിമതിരഹിതമായും ഗുണമേന്മയോടെയും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദൽ മാതൃകയായി തൊഴിൽകരാർ സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

കുറഞ്ഞ ചെലവിൽ അഴിമതിരഹിതമായും ഗുണമേന്മയോടെയും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദൽ മാതൃകയായി തൊഴിൽ കരാർ സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ട്.

കേരളത്തിലെ തൊഴിൽക്കരാർ സഹകരണ സംഘങ്ങൾക്ക് നൂറിലേറെ വർഷത്തെ പാരമ്പര്യമുണ്ട്. രാജ്യത്തുതന്നെ ആദ്യത്തെ തൊഴിൽക്കരാർസംഘം പിറന്നത് കേരളത്തിലാണ്.

സ്വകാര്യ കരാറുകാരെപ്പോലെ ലാഭേച്ഛയോടെ നിർമ്മാണങ്ങളെ സമീപിക്കുന്നവയല്ല സഹകരണ സംഘങ്ങൾ എന്നതാണ് പ്രധാനകാരണം. ഓരോ നിർമ്മാണത്തെയും രാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമായി കാണുന്ന തൊഴിൽസംസ്കാരം ഇത്തരം സംഘങ്ങൾക്കുണ്ട്. അതിനാൽ നിർമ്മാണങ്ങൾ നിശ്ചിത സമയത്തോ അതിനുമുമ്പോ പൂർത്തിയാക്കി അതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര നേരത്തേ ലഭ്യമാക്കാനുള്ള ജാഗ്രത തൊഴിലാളി സഹകരണ സംഘങ്ങൾ കാണിക്കാറുണ്ട്. ഇത്തരത്തിൽ പ്രവൃത്തി യഥാസമയം പൂർത്തിയാകുമ്പോൾ സ്വാഭാവികമായും ചെലവ് നിശ്ചിത തുകയിൽത്തന്നെ ഒതുങ്ങുന്നതാണ്. തൊഴിൽ കരാർ സഹകരണ സംഘങ്ങളുടെ സംയോജിതവും പുരോഗമനപരവുമായ ശൃംഖലയായി സംസ്ഥാനത്തെ തൊഴിൽ സമൂഹങ്ങളെ ഏകീകരിക്കുന്നതിലും ചെലവ്

കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലേബർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് "മെറ്റീരിയൽ ബാങ്ക്" പ്രവർത്തിച്ചുവരുന്നു. അംഗ സംഘങ്ങളുടെയും തൊഴിലാളികളുടെയും പ്രവർത്തനച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന വിശാലമായ നിർമ്മാണ, കാർഷിക യന്ത്രങ്ങളുടെ വില്പന, വാടക സേവനങ്ങൾ, അംഗ സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിതരണം ചെയ്യാനും അവയുടെ വ്യാപ്തി വർധിപ്പിക്കാനും ന്യായമായ വില ഉറപ്പാക്കാനുമുള്ള ഒരു വേദിയായി കേരളത്തിലുടനീളം മെറ്റീരിയൽ ബാങ്ക് നിലകൊള്ളുന്നു.

നിർമ്മാണ മേഖല കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്. അതിൽ ചെറുതല്ലാത്ത ഒരു പങ്ക് വഹിക്കുന്നതിന് തൊഴിൽ കരാർ സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അനുബന്ധ വ്യവസായങ്ങളെ ശക്തിപ്പെടുത്തുകയും സേവനങ്ങൾക്കും ടൂറിസത്തിനും ചെലവ് കുറഞ്ഞ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇത് സ്വകാര്യ കരാറുകാരെ അപേക്ഷിച്ച് പദ്ധതികൾ കാര്യക്ഷമമായും കുറഞ്ഞ ചെലവിലും പൂർത്തിയാക്കുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതോടൊപ്പം ബാഹ്യ കരാറുകാരെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സംസ്ഥാനത്തെ സഹായിക്കുകയും ചെയ്യുന്നു.

തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ളതും കൈകാര്യം ചെയ്യുന്നതുമായ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന തൊഴിൽ സഹകരണ സംഘങ്ങളിലൊന്നാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം (യു.എൽ.സി.സി.എസ്.). അടിസ്ഥാന സൗകര്യ

വികസനത്തിനും മാനേജ്മെന്റ് പ്രോജക്ടുകൾക്കുമുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയി സംഘം വളർന്നിരിക്കുന്നു. നിർമ്മാണ മേഖലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് ശക്തമായ അടിത്തറയുണ്ട്. ഗുണനിലവാരവും കൃത്യതയും ഉറപ്പുനൽകിക്കൊണ്ട് വർക്കുകൾ നേരത്തെ പൂർത്തിയാക്കുന്നതിലുള്ള മികവിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രാജ്യത്തിന് തന്നെ ഒരു മാതൃകയാണ്. ടി പ്രവർത്തനങ്ങളിലൂടെ ദേശീയവും അന്തർദേശീയവുമായ അംഗീകാരം നേടിയെടുക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനുകഴിഞ്ഞിട്ടുണ്ട്. 7500-ലധികം പദ്ധതികളാണ് ഇത്തരത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം പൂർത്തീകരിച്ചിട്ടുള്ളത്. ഐക്യരാഷ്ട്ര വികസന പരിപാടി (യു.എൻ.ഡി.പി.) ഒരു മാതൃകാ സഹകരണ സ്ഥാപനമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ അംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സഹകരണ സഖ്യത്തിൽ അംഗമായ ഇന്ത്യയിലെ ഏക പ്രാഥമിക സഹകരണ സംഘമെന്ന ഖ്യാതിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനുണ്ട്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആദ്യമായി ഏറ്റെടുത്ത തലപ്പാടി-ചെങ്കള സ്റ്റേച്ച് യൂണിയൻ സർക്കാരിന്റെ "നാഷണൽ ഹൈവേ എക്സലൻസ് അവാർഡി"-ന് അർഹമായിട്ടുണ്ട്. രാജ്യത്തെ മുൻനിര കോർപ്പറേറ്റ് കരാർ കമ്പനികളെക്കാൾ ഗുണമേന്മയിലും മികവിലും തൊഴിലാളിസംഘങ്ങൾ പ്രവൃത്തികൾ നിർവഹിക്കുന്നുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കരാർ കമ്പനികൾ ക്വാട്ട് ചെയ്തതിലും നന്നേ കുറഞ്ഞ തുകയ്ക്ക് കരാറെടുത്താണ് ഈ

നിലവാരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത്. എല്ലാ പ്രവൃത്തിയും സംഘങ്ങൾ നേരിട്ടാണ് ചെയ്യുന്നത്. മറ്റ് സ്ഥാപനങ്ങളെപ്പോലെ ഉപകരാർ കൊടുത്ത് തൊഴിലവസരം നഷ്ടപ്പെടുത്തുകയില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഉൾപ്പെടെ വിജയകരമായി പ്രവർത്തിക്കുന്ന തൊഴിൽ സഹകരണ സംഘങ്ങൾ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്നത് സാമൂഹിക നീതിയും സാമ്പത്തിക വളർച്ചയും കൈകോർത്ത് പോകുന്ന കേരളത്തിന്റെ ബദൽ വികസന പാതയുടെ വിജയത്തെയാണ് കാണിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ സുരക്ഷ

24(*204) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാ വീഴ്ചമൂലം മരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാവീഴ്ചമൂലം മരണമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാവീഴ്ചമൂലമുള്ള മരണങ്ങൾ

തുടർച്ചയായി സംഭവിക്കുന്നില്ല. പ്രവൃത്തികൾ പെട്ടെന്ന് തീർക്കുന്നതിനായി സുരക്ഷ പാലിക്കാതെ പ്രവർത്തിക്കുന്നതാണ് സുരക്ഷാവീഴ്ചമൂലമുള്ള അപകടങ്ങളിൽ ഭൂരിഭാഗവും ഉണ്ടാകാനുള്ള കാരണമെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ അപകടത്തെക്കുറിച്ചും വിശദമായി പഠിച്ച് അപകടങ്ങൾ ഒഴിവാക്കാനുള്ള എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരികയാണ്.

ഇത്തരത്തിലുള്ള എല്ലാ വൈദ്യുത അപകടങ്ങളും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന അന്വേഷണം നടത്തി ആയതിന്റെ കാരണം അവലോകനം ചെയ്യുകയും അപകടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ/കരാർ തൊഴിലാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ. സേഫ്റ്റി കമ്മീഷണർക്ക് നൽകുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങളെക്കുറിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ടെയിനിങ്ങും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു.

(ബി) എല്ലാ ജോലികളും അംഗീകൃത എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

കെ.എസ്.ഇ.ബി.എൽ.-ലെ എല്ലാ ജോലികളും കെ.എസ്.ഇ.ബി.എൽ. എഞ്ചിനീയർമാരുടെയോ നിയമാനുസൃതമായി നിയമിക്കപ്പെട്ട മറ്റ് സൂപ്പർവൈസർമാരുടെയോ മേൽനോട്ടത്തിലാണ് നടത്തുന്നത്. വൈദ്യുത പ്രതിഷ്ഠാപനങ്ങളിലെ ജോലികളുടെ

നടത്തിപ്പിനും സുരക്ഷയും സംബന്ധിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃതമായ CEA (Measures relating to safety and Electric Supply) Regulations 2023-ൽ ഇതുസംബന്ധിച്ച് നിഷ്കർഷിക്കുന്നുണ്ട്. മേൽ ചട്ടത്തിലെ റെഗുലേഷൻ 7, 8 എന്നിവയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പോലുള്ള ഒരു വൈദ്യുത ഉൽപാദന-പ്രസരണ-വിതരണ സ്ഥാപനത്തിൽ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥർക്ക് വേണ്ട യോഗ്യതകൾ/പരിശീലനം എന്നിവയെ പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇപ്രകാരം മതിയായ യോഗ്യതയുള്ള/പരിശീലനം സിദ്ധിച്ച കെ.എസ്.ഇ.ബി.എൽ. എഞ്ചിനീയർമാരെയും/ സൂപ്പർവൈസറുമാരെയുമാണ് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയമിക്കുന്നത്. പ്രവൃത്തികളുടെ മേൽനോട്ടത്തിന് യോഗ്യതയുള്ള/ പരിശീലനം സിദ്ധിച്ച എഞ്ചിനീയർ/സൂപ്പർവൈസർ എന്നിവരെ നിയമിക്കണമെന്നല്ലാതെ അംഗീകൃത എഞ്ചിനീയർ (Certified Engineer) നിർവഹിക്കണമെന്ന് ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടോ/നിഷ്കർഷിച്ചിട്ടോ ഇല്ല.

കൂടാതെ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 31-ൽ ലൈസൻസുള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ മാത്രമേ വൈദ്യുത ജോലികൾ ചെയ്യാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്. സുരക്ഷാ നിർദേശങ്ങൾ കർശനമായി

പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിയമാനുസൃതമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സുരക്ഷാ നയം രൂപീകരിച്ച് അപ്രകാരം ജീവനക്കാർ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് ജോലി സംബന്ധമായും സുരക്ഷാപരമായുമുള്ള പരിശീലനവും നൽകി വരുന്നുണ്ട്. കൂടാതെ ഓരോ അപകടം ഉണ്ടാകുമ്പോഴും അത് അവലോകനം ചെയ്ത് അത്തരം അപകടങ്ങൾ ആവർത്തികാതിരിക്കാൻ എല്ലാ ജീവനക്കാരിലും അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പതിനാറാം ധനകാര്യ കമ്മീഷൻ

25(*205) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പതിനാറാം ധനകാര്യ കമ്മീഷൻ തീർപ്പുകൾ സംബന്ധിച്ച റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്നാണ് സർക്കാർ കരുതുന്നത്; സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തൊക്കെ ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) മുൻകാല ധനകാര്യ കമ്മീഷൻ തീർപ്പുകളിൽ നേരിട്ട വിവേചനം പരിഹരിക്കുന്നതിനും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുന്നതിനും സഹായകമായ ഏതെല്ലാം നിർദ്ദേശങ്ങളാണ് ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ?

(എ&ബി) പതിനാറാം ധനകാര്യ കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള 31-12-2023-ലെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം പ്രകാരം കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2025 ഒക്ടോബർ 31-നകം സമർപ്പിക്കേണ്ടതുണ്ട്. 2026-31 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന Vertical Fiscal Imbalance (VFI) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കുന്നതിനുമായി Population 2011 (32.5%), Demographic Performance (22.5%), Income Distance (30%), Area (5%), Forest Cover (7.5%), Population Density (2.5%) എന്നീ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർധിപ്പിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള (SDRMF) കേന്ദ്രവിഹിതം വർധിപ്പിക്കുന്നതിനുമുള്ള വ്യക്തമായ പ്രോപ്പോസലും മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ധനഫെഡറിലസം ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റേറ്റ്/സെക്ടർ സ്പെസിഫിക് ഗ്രാന്റുകൾ അനുവദിച്ച് നൽകണമെന്നും തൊഴിൽ നികുതിയുടെ

ceiling ഉയർത്തുന്ന വിഷയം പരിഗണിക്കണമെന്നും കേരളം മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അർഹമായ നികുതി വിഹിതം ലഭിക്കുമെന്ന തന്നെയാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കഴിയില്ല.

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ നികുതി വിന്യാസത്തിലുണ്ടായ കുറവ് എത്രയാണ്; ഈയിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആകെ എത്ര തുകയാണ് കുറവ് വന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് അനുവദിച്ചുനൽകിയ നികുതി വിഹിതം 2.5 ശതമാനമായിരുന്നുവെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്.

കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം

26(*206) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം ധാതുക്കൾ ശേഖരിക്കാനുള്ള അവകാശം സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട് 2002 മുതൽ നിലവിലിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2023-ൽ വരുത്തിയ ഭേദഗതിയിലൂടെയും തുടർന്ന് പുറപ്പെടുവിച്ച 2025-ലെ ഓഫ്ഷോർ ഏരിയാസ് അറ്റോമിക് മിനറൽസ് ഓപ്പറേറ്റിങ് റൈറ്റ് ചട്ടങ്ങളിലൂടെയും ഖനന മേഖലയിൽ സ്വകാര്യ മേഖലയ്ക്കും പങ്കാളിത്തം നൽകിയിട്ടുണ്ട്. അനധികൃതമായുള്ള ഓഫ്ഷോർ ധാതുക്കളുടെ ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയുന്നതിനായി 01-06-2025-ൽ കരടായി വിജ്ഞാപനം ചെയ്ത Offshore Areas Mineral (Prevention of Illegal Mining and Transportation) Rules, 2025-മേൽ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും സംസ്ഥാനത്തിന്റെ അഭിപ്രായം 02-06-2025-ൽ കേന്ദ്ര ഖനി മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളതുമാണ്. 2025-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളുടെ കരടിൽ ഓഫ്ഷോർ ധാതു ശേഖരണത്തിനായുള്ള വ്യവസ്ഥകളിൽ സ്വകാര്യപങ്കാളിത്തത്തിനുള്ള വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിയമംമൂലം കരിമണലിന്റെ അവകാശം സംസ്ഥാന സർക്കാരിന് നഷ്ടമാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും മണവാളക്കുറിച്ചി മുതൽ കായംകുളം വരെയുള്ള മേഖലകളിലാണ് കരിമണൽ എന്ന് പൊതുവെ വിളിക്കുന്നതും എന്നാൽ 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിന്റെ ഒന്നാം ഷെഡ്യൂളിന്റെ പാർട്ട് ബി-യിൽ ഉൾപ്പെടുന്നതുമായ "ബീച്ച് സാൻഡ് മിനറൽസ്" കാണപ്പെടുന്നത്. അതിൽ തന്നെ "ചവറ ഡെപ്പോസിറ്റ്" എന്നത് ബീച്ച് സാൻഡ് മിനറലുകളുടെ വളരെയേറെ പ്രാധാന്യമർഹിക്കുന്നൊരു നിക്ഷേപമാണ്. ഓഫ്ഷോർ ആക്ടിലും അതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായിട്ടുള്ള ചട്ടങ്ങളിലും ഓഫ്ഷോർ ധാതുക്കളുടെ കാര്യനിർവഹണ വ്യവസ്ഥകളിൽ സുതാര്യതക്കുറവും സ്വകാര്യ മേഖലയുടെ പങ്കാളിത്തവും സ്വകാര്യ മേഖലയ്ക്ക് ഖനനത്തിന് അനുമതി നൽകുമ്പോൾ സംസ്ഥാനത്തിന്റെ അഭിപ്രായം തേടാത്ത സാഹചര്യങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ നിലപാട് ബഹു. മുഖ്യമന്ത്രി ബഹു. പ്രാധാനമന്ത്രിയെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെ ഈ നിയമം എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കടൽ തീരത്ത് നിന്ന് 12 നോട്ടിക്കൽ മൈലിനുശേഷമുള്ള കടൽ മണൽ ഖനനം വലിയ രീതിയിൽ സ്വകാര്യ കമ്പനികൾ നടത്തുകയാണെങ്കിൽ അതോടൊപ്പമുള്ള ധാതുമണൽ കെ.എം.എം.എൽ.-നും സംസ്ഥാനത്തിനും നഷ്ടപ്പെടുകയും മാത്രമല്ല ഭാവിയിൽ ബീച്ച്വാഷ് വഴി ലഭിക്കുന്ന കരിമണലിന്റെ ലഭ്യതയെ വലിയ തോതിൽ ബാധിക്കുകയും അത്

കെ.എം.എം.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും.

വിഴിഞ്ഞം തുറമുഖം

27(*207) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ ആരംഭത്തോടുകൂടി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിന് ലഭിച്ചുതുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ

ഒരു ശതമാനം സംസ്ഥാനത്തിന് ലഭിച്ച് തുടങ്ങും. ഇത് വർഷാവർഷം ഒരു ശതമാനം വീതം വർധിച്ച് പരമാവധി 40 ശതമാനത്തിലെത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കും. ഇതുബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വ്യാപാരവും കയറ്റുമതിയും വർധിപ്പിക്കൽ

- പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിപ്പിക്കും.

ഇത് കാർഷിക ഉൽപന്നങ്ങൾ, സമുദ്രോൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും ആഗോള വിപണിയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.

- വിദേശ ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും.

2. സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.

- വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്നതാണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.
- ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമ്മാണ കേന്ദ്രങ്ങളും രൂപപ്പെടുകയും അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.

3. തൊഴിലവസരങ്ങളും നൈപുണ്യ വികസനവും

- തുറമുഖത്തിന്റെ വികസനം, കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിങ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും തൊഴിലില്ലായ്മ കുറയ്ക്കുകയും പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർധിപ്പിക്കുകയും ചെയ്യും.

4. പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്ടിവിറ്റിക്കും ഉത്തേജനം

- വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്ടിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊരുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.
- മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.

5. ദീർഘകാല സാമ്പത്തിക വളർച്ച

- കേരളം ഒരു പ്രധാന സമുദ്ര വാണിജ്യ കവാടമായി മാറുന്നതോടെ ആഗോള ഷിപ്പിങ് കമ്പനികളെയും നിക്ഷേപകരെയും ആകർഷിക്കും. ഇത് അന്താരാഷ്ട്ര വിതരണ ശൃംഖലകളിൽ (International supply chains) സംസ്ഥാനത്തിന് നിർണ്ണായകമായൊരു സ്ഥാനം നേടിക്കൊടുക്കും.

(ബി) വിഴിഞ്ഞം പദ്ധതിയിൽ തദ്ദേശീയർക്ക് തൊഴിൽ സംവരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള സർക്കാർ അദാനി തുറമുഖ കമ്പനിയെ ദർഘാസ് നടപടികളിലൂടെ തിരഞ്ഞെടുത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സംരംഭമാണ് വിഴിഞ്ഞം

അന്താരാഷ്ട്ര തുറമുഖ പദ്ധതി. സംസ്ഥാന സർക്കാരും സ്വകാര്യ പങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) ആഗസ്റ്റ് 17-നാണ് കൺസഷൻ കരാറിൽ ഏർപ്പെടുന്നത്. ടി കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം തുറമുഖത്തെ ജോലികളിൽ തദ്ദേശീയർക്ക് തൊഴിൽ സംവരണം നൽകുന്നതിന് ഭരണഘടനാപരമായ പരിമിതികളുണ്ട്.

പൂർണ്ണമായും സെമി ആട്ടോമേറ്റഡ് തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. തുറമുഖ പ്രവർത്തനങ്ങളിൽ വളരെ ചുരുങ്ങിയ മാനുഷിക അധ്വാനം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. കൂടാതെ, തുറമുഖാധിഷ്ഠിത സാങ്കേതിക പരിജ്ഞാനം ആവശ്യമായ ജോലികളാണവ. എന്നിരുന്നാലും തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണറായ AVPPL പരിഗണിച്ചുവരുന്നു. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ടി തൊഴിൽ ലഭ്യത ഉണ്ടാകുന്നതാണ്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്.

വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർധിപ്പിക്കുന്നതിനായി ASAP-ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. കൂടാതെ തുറമുഖാനുബന്ധവികസനം സാധ്യമാകുന്നതോടെ വിവിധ വ്യവസായശാലകൾ

സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും.

തിരുവനന്തപുരം ജില്ലയിൽ തുറമുഖാധിഷ്ഠിതവും തുറമുഖാനുബന്ധവുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായുള്ള നയപരമായ നടപടികൾ സർക്കാർ തലത്തിൽ മുൻകൈയെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇത് തുറമുഖവുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ ഇട നൽകുന്നതാണ്.

ആഗോള അയ്യപ്പ സംഗമം

28(*208) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ സമഗ്ര വികസനം ചർച്ച ചെയ്യുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2025 സെപ്റ്റംബർ 20-ന് പമ്പയിൽ വച്ച് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ ശബരിമല മാസ്റ്റർപ്ലാൻ, സ്പിരിച്വൽ ടൂറിസം, ക്രൗഡ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ചർച്ചകളിൽ പങ്കെടുത്ത പാനലിസ്റ്റുകളുടെയും പ്രധാനമായും ചർച്ച നടന്ന മേഖലകളും അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ചർച്ചകളിൽ ഉയർന്നുവന്ന നിർദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) ശബരി റെയിൽപ്പാതയുമായി ബന്ധപ്പെട്ട് സമ്മേളനത്തിൽ വന്നിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ശബരിമല വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾ ആഗോള അയ്യപ്പ സംഗമം ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ശബരി റെയിൽപാത, വിമാനത്താവളം എന്നിവയുമായി ബന്ധപ്പെട്ട് ആഗോള അയ്യപ്പ സംഗമത്തിൽ ലഭിച്ച നിർദേശങ്ങൾ പരിശോധിച്ചുവരുന്നു. ഉയർന്നുവന്ന നിർദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ

29(*209) ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാൻ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന 187.536 MW സ്ഥാപിത ശേഷിയുള്ള പദ്ധതികൾക്കുപുറമേ വിവിധ ജല വൈദ്യുത പദ്ധതികളുടെ പര്യവേഷണം, സാധ്യതാ പഠന

റിപ്പോർട്ട്/പ്രാരംഭ പദ്ധതി റിപ്പോർട്ട് (പി.എഫ്.ആർ.)/വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) എന്നിവ തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു.

വിവിധ ജലവൈദ്യുത പദ്ധതികളായ പാംബ്ല (10 മെഗാവാട്ട്), ലോവർ പൂഴിത്തോട് (5.10 മെഗാവാട്ട്), ഗ്രഹാംസ് ലാന്റ് (5 മെഗാവാട്ട്), ഇടുക്കി ഗോൾഡൻ ജൂബിലി (800 മെഗാവാട്ട്), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 മെഗാവാട്ട്), ലെച്ച്മീ (240 മെഗാവാട്ട്), ഒറ്റക്കൽ (4 മെഗാവാട്ട്), താന്നിക്കാവട്ടം (10 മെഗാവാട്ട്), അരുവിക്കുഴി (1.5 മെഗാവാട്ട്), മാങ്കുളം സ്റ്റേജ്-II (40 മെഗാവാട്ട്), ഇടമലയാർ എക്സ്റ്റൻഷൻ (75 മെഗാവാട്ട്), കീരിത്തോട് (12 മെഗാവാട്ട്) തുടങ്ങിയ പദ്ധതികളുടെ പര്യവേഷണവും വിശദ പദ്ധതി നിർവഹണ റിപ്പോർട്ടും വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ പൊരിങ്ങൽക്കുത്ത് സ്റ്റേജ്-II (24 മെഗാവാട്ട്), ആനക്കയം (7.5 മെഗാവാട്ട്), തുടങ്ങിയ പദ്ധതികളുടെ വിശദ പദ്ധതി നിർവഹണ റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കാവശ്യമായ വിവിധ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ പുതിയതായി സ്വകാര്യ സംരംഭകർ മുഖേനയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇനത്തിൽ സ്വന്തം ഭൂമിയിൽ സ്വയം കണ്ടെത്തുന്ന പദ്ധതികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്തി നടപ്പാക്കുന്ന പദ്ധതികൾക്കും ഇ.എം.സി. പ്രോത്സാഹനം നൽകിവരുന്നു.

(ബി) പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം അനുമതി ലഭ്യമാകാതെ തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും സമയബന്ധിതമായി അനുമതികൾ നേടിയെടുത്ത് പ്രസ്തുത പദ്ധതികൾ യാഥാർഥ്യമാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

നിലവിൽ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം തടസ്സപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പാത്രക്കടവ് ജലവൈദ്യുത പദ്ധതി

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ ഭാരതപ്പുഴയുടെ കൈവഴിയായ കുന്തിപ്പുഴയിൽ 105 മെഗാവാട്ട് ശേഷിയുള്ള പവർഹൗസ് നിർമ്മിച്ച് വാർഷിക ഉൽപാദനം 260 Mu ലക്ഷ്യമിടുന്ന പദ്ധതിയാണിത്. പാത്രക്കടവ് പദ്ധതിയുടെ Pre feasibility Study നടന്നുവരവെ ടി പദ്ധതി പ്രദേശം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിലായതിനാൽ സ്വതന്ത്ര ഏജൻസിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വനം വകുപ്പിൽനിന്ന് പ്രാഥമിക പഠനത്തിനുള്ള അനുമതി ലഭ്യമാകുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. തുടർന്ന് Director, Wildlife Institute India, Dehradun പ്രസ്തുത പഠനം നടത്തുന്നതിന് സംസ്ഥാന വനംവകുപ്പ് മേധാവി മുഖേന അപേക്ഷിക്കുന്നതിന് നിർദേശിച്ചിരുന്നു. പ്രസ്തുത പഠനത്തിന് അനുമതിക്കായി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(സി) ജലവൈദ്യുത പദ്ധതികൾ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം പദ്ധതികളായി വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്. ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് പവലിയൻ നിർമ്മിച്ച് ലേസർഷോ നടപ്പിലാക്കുന്നതിനുള്ള പദ്ധതി, നാടുകാണി പവലിയൻ നവീകരണ പ്രവൃത്തികൾ നടത്തി

വിപുലീകരിക്കുന്നതിനുള്ള പദ്ധതി, വടക്കേപ്പുഴയിൽ പെഡൽ ബോട്ട്, കുട്ടവഞ്ചി തുടങ്ങിയ ബോട്ടിങ് സൗകര്യങ്ങൾ ഉൾപ്പെടുത്തി ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള പദ്ധതി, മൂലമറ്റം പവർഹൗസിന്റെ മാതൃകയിൽ ഏകദേശം മൂന്ന് ഏക്കറിൽ മിനിയേച്ചർ നിർമ്മിക്കുന്നതിനുള്ള പദ്ധതി, മൂന്നാർ ഹൈഡൽ പാർക്ക്, വയനാട് ബാണാസുരസാഗർ എന്നിവിടങ്ങളിൽ ഡാമിന്റെ സമീപ പ്രദേശങ്ങളിൽ മ്യൂസിക്കൽ ഫൗണ്ടൻ, ഫ്രൂട്ട് ഗാർഡൻ, ബട്ടർഫ്ലൈ പാർക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാര്യം സജീവ പരിഗണനയിലാണ്.

(ഡി) ഹൈഡൽ ടൂറിസം മേഖലയിലെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പാരിസ്ഥിതികാനുമതികൾ വൈകുന്നതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടൂറിസം വികസനത്തിന്റെ ഭാഗമായി ഹൈഡൽ ടൂറിസം മേഖലയിൽ കൂടുതൽ സാധ്യതകളെക്കുറിച്ച് പരിശോധിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിയന്ത്രണത്തിൽ പൊരിങ്ങൽകുത്ത്, ഷോളയാർ, വയനാട് ബാണാസുരസാഗർ, കക്കയം, ചെങ്കുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിത് വിനോദസഞ്ചാരികൾക്ക് താമസത്തിനായി നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ഡാമുകൾ വനം മേഖലയിലായതിനാൽ കൂടുതൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. മന്ത്രി-ഉദ്യോഗസ്ഥ തലത്തിൽ പലതവണ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടന്നുവെങ്കിലും ഇതുവരെ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.

പരിസ്ഥിതി പ്രശ്നം ഉന്നയിച്ച് പൊതുതാൽപര്യ ഹർജി ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന ഇടുക്കി ജില്ലയിലെ ആനയിറങ്കൽ ഡാമിലെ ബോട്ടിങ് പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. പാരിസ്ഥിതികാനുമതികൾ ലഭ്യമാകാൻ വൈകുന്നത് ഹൈഡൽ ടൂറിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി

30(*210) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ, കളക്ടറേറ്റുകൾ തുടങ്ങിയ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലും ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ, കളക്ടറേറ്റുകൾ തുടങ്ങിയവ ഉൾപ്പെടെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അതിൻപ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങിനായി ചാർജിങ്

സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

അനെർട്ട്

മോട്ടോർ വാഹന വകുപ്പ് നിർദേശിക്കുന്ന സ്ഥലങ്ങളിൽ 30 kW ശേഷിയുള്ള 35 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് ANERT-മായി എഗ്രിമെന്റ് വയ്ക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 25 സ്ഥലങ്ങളാണ് മോട്ടോർ വാഹന വകുപ്പ് തിരഞ്ഞെടുത്ത് നൽകിയിട്ടുള്ളത്. ഇതിൽ 25 സ്ഥലങ്ങൾ എൻഫോഴ്സ്മെന്റ് ഓഫീസുകളും കളക്ടറേറ്റുകളും മറ്റ് സർക്കാർ അനുബന്ധ സ്ഥാപനങ്ങളുമാണ്. ഇതിൽ 7 സ്ഥലങ്ങളിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 18 സ്ഥലങ്ങളിൽ പദ്ധതി നടപടികൾ പുരോഗമിച്ച് വരുന്നു.

(ബി) ഇലക്ട്രിക് വാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡക്ഷൻ ചാർജിങ്, വെഹിക്കിൾ-ടു-ഗ്രിഡ് സാങ്കേതികവിദ്യ, അൾട്രാ ഫാസ്റ്റ് ചാർജറുകൾ തുടങ്ങിയ പുതുതലമുറ ഇ.വി. ചാർജിങ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇൻഡക്ഷൻ ചാർജിങ്, വെഹിക്കിൾ-ടു-ഗ്രിഡ് (വി2 ജി) സാങ്കേതിക വിദ്യ അൾട്രാ ഫാസ്റ്റ് ചാർജറുകൾ തുടങ്ങിയ പുതുതലമുറ ഇ.വി. ചാർജിങ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. അതിൻ പ്രകാരം വെഹിക്കിൾ-ടു-ഗ്രിഡ് (V2G) സാധ്യത

വിലയിരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനും തുടർന്ന് അടുത്ത ഘട്ടത്തിൽ കേരളത്തിലെ വൈദ്യുതി വിതരണ ശൃംഖലയിൽ ഒരു പൈലറ്റ് വെഹിക്കിൾ-ടു-ഗ്രിഡ് (V2G) പദ്ധതി നടപ്പാക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബോംബെ (IIT Bombay)-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ഇൻഡക്ഷൻ അധിഷ്ഠിത വയർലെസ് ചാർജിങ് സംവിധാനങ്ങൾ, വാഹനങ്ങൾ ഓടുമ്പോൾ തന്നെ ചാർജ് ചെയ്യാൻ കഴിയുന്ന ഡൈനാമിക് ചാർജിങ് സാധ്യമാക്കുന്നു.

ഇലക്ട്രിക് ട്രക്കുകൾ, ഇലക്ട്രിക് ബസ്സുകൾ എന്നിവ ചാർജ് ചെയ്യുന്നതിനാവശ്യമായ ഉയർന്ന കപ്പാസിറ്റിയുള്ള ഡി.സി. ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

അനെർട്ട്

ഇലക്ട്രിക് വാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി Induction charging, Vehicle to Grid സാങ്കേതിക വിദ്യ Ultra Fast charger-കൾ തുടങ്ങിയ പുതുതലമുറ EV ചാർജിങ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന സാധ്യത പരിശോധിച്ചിട്ടുണ്ട്. Induction charging സാങ്കേതിക വിദ്യയിൽ Static induction wireless ചാർജിങും Dynamic induction wireless ചാർജിങും ഉൾപ്പെടുന്നു. Static Induction ചാർജിങിനെ അപേക്ഷിച്ച് Dynamic Induction charging-ന് മുതൽ മുടക്ക് കൂടുതലാണ്.

ഇലക്ട്രിക് വാഹനങ്ങളിൽ സംഭരിക്കുന്ന വൈദ്യുതി പീക്ക് സമയങ്ങളിൽ ഗ്രിഡിലേക്ക് നൽകുന്ന സാങ്കേതിക വിദ്യ "Vehicle to Grid" പ്രോജക്ടുമായി ബന്ധപ്പെട്ട് ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ANERT-ന്റെ കേന്ദ്ര കാര്യാലയത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 400 മുതൽ 500 kW ശേഷിയുള്ള Pantograph സാങ്കേതിക വിദ്യയോടുകൂടിയ Ultra fast ചാർജറുകൾ KSRTC ബസ്സുകൾക്കുവേണ്ടി സ്ഥാപിക്കുന്നതിനുള്ള പരിശോധനകൾ നടത്തിവരുന്നു.

(സി) ഇ.വി. ചാർജിങ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങിനും വിശ്രമത്തിനും ഒരു പോലെ അവസരമൊരുക്കുന്നതിനായി റിഫ്രഷ് ആൻഡ് റീചാർജ് പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങിനും വിശ്രമത്തിനും ഒരുപോലെ അവസരമൊരുക്കുന്നതിനായി റിഫ്രഷ് & റീച്ചാർജ് (Refresh&Recharge) പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാനുള്ള ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളെല്ലാം തന്നെ പുത്തൻ സാങ്കേതിക വിദ്യയിലുള്ള ചാർജിങ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേസമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ, മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേമെന്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്.

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അത്തൂർ മണ്ഡലത്തിൽ ധനകാര്യ വകുപ്പ് വഴി അനുവദിച്ച പ്രവൃത്തികൾ

1(2473) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ അത്തൂർ മണ്ഡലത്തിൽ ധനകാര്യ വകുപ്പ് വഴി അനുവദിച്ച പ്രവൃത്തികൾ (ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ ഒഴികെ) ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, അതിന്റെ നിർവഹണ ചുമതല, നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

(എ&ബി) 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റുകളിലെ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേര്, സാമ്പത്തിക വർഷം, നിർവഹണ വകുപ്പ്, തുക എന്നിവ പ്രസ്തുത രേഖയിലെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു+. കൂടാതെ ബജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ വകുപ്പുകൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട്

2(2483) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ വിവിധ വകുപ്പുകൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയാണെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പും ചെലവഴിച്ച തുക എത്രയാണെന്ന കണക്ക് ലഭ്യമാക്കാമോ?

(എ&ബി) വിവിധ വകുപ്പുകൾക്കുവേണ്ടി പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പകരം 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 ആഗസ്റ്റ് വരെ വിവിധ വകുപ്പുകൾക്കായി അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം വിവിധ ധനാഭ്യർത്ഥനകൾക്ക് കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

2025-26-ലെ പദ്ധതി അടങ്കലിന്റെ നിലവിലെ പുരോഗതി

3(2484) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2025-26 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ പദ്ധതി അടങ്കലിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) സാമ്പത്തിക വർഷം ആരംഭിച്ച് ആറുമാസമായിട്ടും പദ്ധതിയിൽ പ്രതീക്ഷിച്ച പുരോഗതിയില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

(എ-സി) 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും അക്കൗണ്ടന്റ് ജനറലിന്റെ ആഗസ്റ്റ് മാസം വരെയുള്ള പ്രാരംഭകണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു[1]. ഇത് പ്രകാരം പദ്ധതിയിനത്തിൽ വകയിരുത്തിയ ആകെ തുകയുടെ 44.97% ചെലവഴിച്ചിട്ടുണ്ട്. നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ വായ്പാ

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിയിൽനിന്നും ഏകദേശം പതിനാലായിരം കോടിയിൽപ്പരം രൂപയുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. ഇതിനു പുറമെയാണ് ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം നടപ്പിലാക്കിയത്. ഇതുമൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപ വരെ റവന്യു നഷ്ടം ഉണ്ടാകുമെന്നാണ് GIFT-ന്റെ ഒരു പഠന റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിച്ച പണഞെരുക്കത്തിന്റെ ഇടയിലും നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനും പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമായി നടത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

അച്ചടി ജോലികൾക്കായി ചെലവഴിച്ച തുക

4(2485) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന സർക്കാരിന്റെ ഭരണ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, വിവിധ കമ്മീഷനുകൾ എന്നിവയുടെ വിവിധ അച്ചടി ജോലികൾക്കായി സർക്കാർ പ്രസ് വഴിയല്ലാതെ ചെലവഴിച്ച ആകെ തുക സാമ്പത്തികവർഷം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

5(2486) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസിയിലൂടെയാണെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി നടപ്പാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനയാണ്.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്നും അത് ഏത് വകുപ്പിലൂടെയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിലൂടെയാണ് തുക അനുവദിക്കുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച ആകെ തുക (രൂപയിൽ)		
	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
2019-20	1225616694	4980827723	6206444417
2020-21	1381061182	3565746000	4946807182
2021-22	1388989685	10025000000	11413989685
2022-23	1513371432	9000000000	10513371432
2023-24	1513371432	8054914288	9568285720
2024-25	1513371432	9785400000	11298771432
2025-26	1135028574	2996914288	4131942862

(സി) കഴിഞ്ഞ നാല് വർഷത്തിനിടെ ഈ പദ്ധതി വഴി എത്ര പേർക്ക് എത്ര രൂപയുടെ സൗജന്യ ചികിത്സ നൽകി എന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ 2025 ഓഗസ്റ്റ് വരെ കാസ്പ് സ്കീമിന് കീഴിലുള്ള ഗുണഭോക്താക്കളുടെ എണ്ണവും ക്ലെയിം ചെയ്ത തുകയും സാമ്പത്തിക വർഷം തിരിച്ച് ചുവടെ നൽകിയിരിക്കുന്നു.

സാമ്പത്തിക വർഷം	**ചികിത്സ ലഭിച്ച ഗുണഭോക്താക്കൾ**	**ക്ലെയിം ചെയ്ത തുക (രൂപയിൽ)**
2021-2022	541425	14698717916
2022-23	626658	15477576692
2023-24	603645	15747108881
2024-25	544211	14658509775
2025-2025 ആഗസ്റ്റ് വരെ	237097	5546626169

(ഡി) പദ്ധതികളുമായി ബന്ധപ്പെട്ട പരാതികൾക്കും വിവരങ്ങൾക്കും പൊതുജനങ്ങൾ ബന്ധപ്പെടേണ്ട ഹെൽപ്‌ലൈൻ നമ്പർ ഏതാണെന്ന് അറിയിക്കാമോ?

ദിശ ടോൾ ഫ്രീ നമ്പറായ 1056, 14555, ദിശ ലാൻഡ് ലൈൻ നമ്പറായ 0471 2552056, 2551056, കൂടാതെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ലാൻഡ് ലൈൻ നമ്പറിലും ഡിസ്ട്രിക്ട് പ്രൊജക്ട് കോർഡിനേറ്ററിന്റെ നമ്പറിലും വിളിച്ച് പരാതികൾ സമർപ്പിക്കാവുന്നതാണ്.

പെൻഷനായവരുടെ മാതാപിതാക്കളെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

6(2488) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ മെഡിസെപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ പെൻഷനായവരുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പെൻഷൻകാരെ ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളെയും, ഭാര്യ/ഭർത്താവ് എന്നിവരുടെ മാതാപിതാക്കളെയും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) മെഡിസെപ്പ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നത് പെൻഷൻകാരുടെ ചുവടെ പറയുന്ന കുടുംബാംഗങ്ങൾക്കാണ്.

(1) നിയമപരമായ ജീവിത പങ്കാളി

(2) പെൻഷൻകാരുടെ ശാരീരികമായോ, മാനസികമായോ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പ്രായപരിധിയില്ലാതെ 23-06-2022-ലെ സ.ഉ.(പി)നം.70/2022/ധന. ഉത്തരവിലെ അനുബന്ധം4-ൽ ചേർത്തിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

പ്രസ്തുത പദ്ധതിയിൽ പെൻഷൻകാരെ ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളെയും ഭാര്യ/ഭർത്താവ് എന്നിവരുടെ മാതാപിതാക്കളെയും കൂടി പദ്ധതിയിലുൾപ്പെടുത്താൻ നിലവിൽ നിർവാഹമില്ല.

സർക്കാർ എടുക്കുന്ന വായ്പകൾ

7(2489) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നും കടപത്രം വഴിയും മറ്റും സർക്കാർ എടുക്കുന്ന വായ്പകൾ പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാറുണ്ടോ; വ്യക്തമാക്കാമോ?

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് വായ്പയായി എടുത്തത്; കടപത്രം വഴിയും നബാർഡിൽനിന്നും വിദേശ വായ്പയിനത്തിലും ദേശീയ

ലഘുസമ്പാദ്യ പദ്ധതിയിൽനിന്നും കടമെടുത്ത തുക സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ വായ്പയെടുത്ത തുക (തനി) 110334.15 കോടി രൂപയാണ്. ഇതിൽ കടപത്രം, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതി, വിദേശ വായ്പ എന്നിവയിലൂടെ യഥാക്രമം 98343.98 കോടി രൂപ, -372.76 കോടി രൂപ, 9469.73 കോടി രൂപ, 441.97 കോടി രൂപ വീതം വായ്പ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം കടമെടുത്ത തുക മറ്റ് ആവശ്യങ്ങൾക്കായും കടം തിരിച്ചടയ്ക്കുവാൻ വേണ്ടിയും ഉപയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷത്തിലും 2025-26 സാമ്പത്തിക വർഷം സെപ്തംബർ 30-വരെയും കടമെടുത്ത തുകയുടെ എത്ര ശതമാനമാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്.

സംസ്ഥാനത്തിന്റെ പൊതു കടം

8(2490) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ പുതിയ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണെന്നതിന്റെ വിശദാംശം നൽകാമോ;

(ബി) അക്കൗണ്ട് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ പൊതുകടം എത്ര കോടി രൂപയാണ്; വ്യക്തമാക്കാമോ?

(എ&ബി) 2016–17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പൊതുകടം 125882.85 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ പൊതുകടം 310015.87 കോടി രൂപയുമാണ്. പ്രസ്തുത കാലയളവിലെ പൊതുകടം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

വർഷം (1)	ആഭ്യന്തര വായ്പ (2) (തുക കോടിയിൽ)	കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (3) (തുക കോടിയിൽ)	പൊതു കടം (തുക കോടിയിൽ) (4) (4=2+3)
2016-17	118268.72	7614.14	125882.86
2024-25	296717.59	13298.28	310015.87

ലോകബാങ്ക് വായ്പ

9(2491) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽ നിന്ന് വിവിധ വകുപ്പുകൾക്കായി സംസ്ഥാന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള ലോകബാങ്ക് വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ലോകബാങ്ക് അല്ലാതെ മറ്റ് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) 2023-24 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് പ്രകാരമുള്ള ലോകബാങ്ക് അടക്കമുള്ള വിവിധ വിദേശ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വിദേശ സഹായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വിദേശ വായ്പകളുടെ തിരിച്ചടവിൽ currency exchange rate-ൽ ഉണ്ടാകുന്ന fluctuation-ന് വിധേയമായി മാറ്റങ്ങൾ സംഭവിക്കും. അതുകൊണ്ട് ഓരോ കാലയളവിലെയും ആകെ തിരിച്ചടവ് തുക കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല. ഓരോ വായ്പയുടെയും തിരിച്ചടവ് കാലാവധിയും പലിശയും വ്യത്യസ്തമാണ്.

സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ

10(2492) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയിലെ ഓരോ ഘടകങ്ങളിലും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കടം എത്ര വീതം ആയിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ആഭ്യന്തര വായ്പായിനത്തിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും പി.എഫ്., ലഘുസമ്പാദ്യങ്ങളിൽനിന്നുള്ള വായ്പായിനത്തിലുമുള്ള കുടിശ്ശിക ബാധ്യതയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

വർഷം	ആഭ്യന്തര വായ്പ	കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ	പി.എഫ്, ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ	ആകെ
2015-16	102496	7235	47639	**157370**
2016-17	118269	7614	60571	**186454**
2017-18	135501	7484	67778	**210763**
2018-19	150991	7243	77397	**235631**
2019-20	165960	8680	85671	**260311**
2020-21	190474	9208	97219	**296901**
2021-22	210792	9183	115667	**335641**
2022-23	227137	10864	124191	**362192**
2023-24	257158	10832	123944	**391934**
2024-25 (as per supplementar	296718	13298	125298	**435314**

y figures from AG)				
2025-26 (monthly civil accounts up to the month of August)	312631	13994	136329	**462954**

സാമ്പത്തിക പ്രതിസന്ധി നിയന്ത്രിക്കാൻ നടപടി

11(2493) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളത്; ആണെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം നൽകുമോ?

നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങനെയിരിക്കെയാണ് ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം നടപ്പിലാക്കിയത്. ഇതുമൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപവരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് GIFT-ന്റെ ഒരു പഠനപ്രകാരം പ്രതീക്ഷിക്കുന്നത്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

കിഫ്ബി പദ്ധതിയിലെ റവന്യൂ ടവർ നിർമ്മാണം

12(2494) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലെ റവന്യൂ ടവർ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; നിലവിൽ എന്തെങ്കിലും സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ-സി) 25 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി 2016-2017-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും തുടർന്നുള്ള മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 7 വർഷത്തിനുശേഷം മാത്രമാണ് എറണാകുളം ജില്ലയിലെ മുളന്തുരുത്തി റവന്യൂ ടവർ നിർമാണത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറക്കുന്നത്തിനായുള്ള ഭരണാനുമതി 08-02-2023-ലെ സ.ഉ.(സാധാ) നം. 636/2023/RD പ്രകാരം പുറപ്പെടുവിക്കുകയും നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസി ആയ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 22.59 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫബിയിൽ 01-03-2023-ൽ സമർപ്പിക്കുകയും ചെയ്തു. ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾക്കായി DPR ലഭിക്കുന്നതിൽ കാലതാമസം വന്ന വരുമാനദായകമല്ലാത്തതും സർക്കാരിന്റെ മുൻഗണനയിൽ ഇല്ലാത്തതുമായ പദ്ധതികൾക്ക് ധനസഹായം അനുവദിക്കാൻ നിർവാഹമില്ലാത്ത സാഹചര്യത്തിലും റവന്യൂ ടവറുകളുടെ നിർമ്മാണം നിലവിൽ സർക്കാരിന്റെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടതല്ലാത്തതിനാലും പ്രസ്തുത പദ്ധതിക്കായുള്ള ധനസഹായം പരിഗണിക്കാൻ ഇപ്പോൾ കഴിയുന്നതല്ല. എന്നാൽ സർക്കാരിന്റെ മുൻഗണനയിലുള്ള പദ്ധതികൾ നടപ്പാക്കിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ പോലുള്ള പദ്ധതികൾക്കായി കിഫ്ബി ധനസഹായം അനുവദിക്കുന്ന വിഷയം കിഫ്ബി ബോർഡിന്റെ അംഗീകാരത്തോടെ പരിഗണിക്കുന്നതാണ്.

അത്തൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. ചന്തിത്തൂർ സ്കൂൾ നിർമ്മാണം

13(2495) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് അത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ജി.എച്ച്.എസ്.എസ്. ചന്തിത്തൂർ സ്കൂൾ കെട്ടിടത്തിന്റെ ഫൈനൽ ബിൽ പാസാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് അത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണം പൂർത്തികരിച്ച ജി.എച്ച്.എസ്.എസ്. ചന്തിത്തൂർ സ്കൂൾ കെട്ടിടത്തിന്റെ ഫൈനൽ ബിൽ പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്കൂൾ നിർമ്മാണത്തിന് അധിക തുകയായി എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച 95 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പാർട്ട് ബില്ലുകളിന്മേൽ ആകെ 1,72,34,993 രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ ലഭ്യമായാൽ മാത്രമേ ബഹു. എം.എൽ.എ ഫണ്ടിൽനിന്നും അധിക തുകയായി അനുവദിച്ച 95 ലക്ഷം രൂപ ആവശ്യമായി വരുമോയെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(സി) ടി തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ ടി തുകയ്ക്ക് മറ്റൊരു പ്രവൃത്തി അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ബഹു. എം.എൽ.എ ഫണ്ട് ഉപയോഗിച്ചില്ലെങ്കിൽ ടി തുകയ്ക്ക് മറ്റൊരു പ്രവൃത്തി അനുവദിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയൊന്നും കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

കല്ലിക്കൽ പാടം സ്കൂൾ കെട്ടിടം നിർമ്മാണം

14(2496) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. കല്ലിക്കൽ പാടം സ്കൂൾ കെട്ടിടം (1.30 കോടി) പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. കല്ലിക്കൽ പാടം പ്രവൃത്തിയുടെ 88% പൂർത്തികരിച്ചിട്ടുണ്ട്. ടി സ്കൂളിലെ ഫ്ലോറിങ്ങ്, ഇലക്ട്രിഫിക്കേഷൻ, ഫിനിഷിങ്ങ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

കോട്ടയം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ

15(2497) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലങ്ങളിലായി കോട്ടയം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലങ്ങളിലായി കോട്ടയം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ധനാനുമതി നൽകിയതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇക്കാലയളവിൽ കോട്ടയം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചതിൽ നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഇക്കാലയളവിൽ കോട്ടയം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ധനാനുമതി നൽകിയതിൽ നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികളൊന്നും തന്നെയില്ല.

കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡ് പുനരുദ്ധാരണം

16(2498) <u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന ഹൈവേയായ കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് (കെ.എൻ.ജി. റോഡ്) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24-02-2018-ലെ G.O.(MS) No. 69/2018/Fin പ്രകാരം കിഫ്ബി മുഖേന നടപ്പാക്കുന്നതാണെന്ന് ബജറ്റിൽ പ്രഖ്യാപിക്കുകയോ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയോ ചെയ്ത പദ്ധതികളാണ് കിഫ്ബി ഫണ്ടിങ്ങിനായി പരിഗണിക്കുന്നത്. ആകയാൽ അന്തർ സംസ്ഥാന പാതയായ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡ് (കെ.എൻ.ജി. റോഡ്) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് പ്രസ്തുത പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതാണെന്ന് ബജറ്റിൽ പ്രഖ്യാപിക്കുകയോ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയോ ചെയ്യേണ്ടതാണ്.

തൊടുപുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

17(2499) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കിഫ്ബിയിൽ ഉൾപ്പെടുത്തി തൊടുപുഴ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കിഫ്ബി വഴി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിക്ഷിപ്തമാണ്. ഇപ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഭരണ വകുപ്പ് നിയോഗിക്കുന്ന പദ്ധതി നിർവഹണ ഏജൻസികൾ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും ചെയ്ത പദ്ധതികളിൽ നിന്ന് 2021-നുശേഷം തൊടുപുഴ

നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

കോഴിക്കോട് ജില്ലയിലെ കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡിന്റെ പ്രവൃത്തികൾ

18(2500) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-കൊയിലാണ്ടി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡിന്റെ പ്രവൃത്തിക്ക് എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് കിഫ്ബിയിൽനിന്നും ലഭിച്ചതെന്നും ഇതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

01-11-2016-ലെ GO(Rt)No 1502/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡിന് കിഫ്ബി 28-10-2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പടെ 38.96 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പദ്ധതിക്കായി നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് പൂർത്തിയാക്കി 11 (1) പ്രകാരം നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടും മറ്റുനടപടികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28-10-2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ധനാനുമതി ലഭിച്ച ഈ പ്രവൃത്തിക്കായി 02-11-2021-ലെ GO (Rt) No. 3675/2021/RD പ്രകാരമാണ് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിച്ചത്. എന്നാൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിട്ടിരുന്നതിനാൽ ടി പ്രവൃത്തി ഡെഫർ ചെയ്യുന്നതിന് കിഫ്ബി തീരുമാനിച്ചിരുന്നു. ഇതിനിടെ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 4(1) വിജ്ഞാപനം 18-09-2023-ന് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് 14-01-2024-ന് അംഗീകാരം നൽകിയിട്ടുള്ളതായി പദ്ധതി നിർവഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. നിലവിൽ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 04-06-2025-ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പദ്ധതി ഡെഫേർഡ് ലിസ്റ്റിൽനിന്നും ഒഴിവാക്കി പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നതിന് കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) ഇതിന്റെ തുടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് കിഫ്ബി നിർവഹണ ഏജൻസിയായ KRFB-ക്ക് നിർദ്ദേശം നൽകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റവന്യൂ വകുപ്പ് മുഖേന ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. ഭൂമിയേറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി

നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

കിഫ്ബിയുടെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

19(2501) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. വി. ശശി:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ മുന്നോട്ട് നയിക്കുന്നതിനും സാമൂഹിക വികസനം വർദ്ധിപ്പിക്കുന്നതിനും വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ ഒഴിച്ചുകൂടാനാവാത്തതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക മേഖലയിലെ മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിഫ്ബി മുഖേന ആധുനിക ഗതാഗത സംവിധാനങ്ങൾ, ഊർജ്ജ ഗ്രിഡുകൾ, ആശയവിനിമയ ശൃംഖലകൾ എന്നിവയിൽ അധിഷ്ഠിതമായ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) അടിസ്ഥാന വികസന പദ്ധതി മേഖലയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന വിടവ് നികത്തുക, സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന മാന്ദ്യത്തെ

ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കിഫ്ബിയെ സജ്ജമാക്കുന്നതിനായാണ് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് 2016-ൽ ഭേദഗതി ചെയ്തുകൊണ്ട് ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പാക്കാൻ വിഭാവനം ചെയ്തത്. 1999-ലെ കിഫ്ബി ആക്ടിന്റെ 2016-ലെ ഭേദഗതി നിലവിൽ വന്ന ശേഷം, ആദ്യത്തെ ബാച്ച് പദ്ധതികൾ (Tranche-1) കിഫ്ബി അംഗീകരിക്കുന്നത് 2016 നവംബറിലാണ്. ഇതിനോടകം 28 Tranche-കളിലായി ആകെ 1190 പദ്ധതികൾക്ക് 90,474 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ 69,838 കോടി രൂപയുടെ 1183 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുന്ന 7 പദ്ധതികളുമാണുള്ളത്. നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ടും അതോടൊപ്പം കിഫ്ബി തനതായി വിഭവസമാഹരണം നടത്തികൊണ്ടും വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യ വികസനം സമീപ ഭാവിയിൽ തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. ഇതിലൂടെ സാമ്പത്തിക മേഖലയിലെ മാന്ദ്യം മൂലം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ സംഭവിക്കുന്ന മന്ദ പുരോഗതി ഒരു പരിധിവരെ പ്രധിരോധിക്കുന്നതിനും അതുമൂലം സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും സാധ്യമായിട്ടുണ്ട്. സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. റോഡുകളും പാലങ്ങളുമായി 104 പൊതുമരാമത്ത് പദ്ധതികൾ നിർമ്മാണം പൂർത്തിത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുനൽകിക്കഴിഞ്ഞു. അവയിൽ ഭൂരിഭാഗം പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ പൂർത്തീകരിച്ചാണ് നിർമ്മാണം സാധ്യമാക്കിയിട്ടുള്ളത്. പൂർത്തിയാക്കിയ മൊത്തം പദ്ധതിത്തുക 4299 കോടി രൂപയാണ്. ഊർജ വിതരണ ശൃംഖലയിൽ 1709 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയാണ് ഇത് വരെ പൂർത്തീകരിയായിട്ടുള്ളത്. ആശയവിനിമയ മേഖലയിൽ കെ-ഫോൺ പദ്ധതി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. നാളിതുവരെ 21,881.42 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നൂതന ധനകാര്യസ്ഥാപനമെന്ന രീതിയിൽ ആഭ്യന്തര- അന്താരാഷ്ട്ര മാർക്കറ്റുകളിൽ കിഫ്ബി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നൂതന ധനകാര്യ സ്ഥാപനമെന്ന നിലയിൽ ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റുകളിൽ കിഫ്ബി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. 2019-ൽ കിഫ്ബി മസാല ബോണ്ട് മുഖേന രണ്ടായിരത്തി ഒരുനൂറ്റി അമ്പത് കോടി രൂപ അന്തരാഷ്ട്ര വിപണിയിൽ (ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച്) നിന്നും സമാഹരിക്കുയം വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കുകയും ചെയ്തു. കിഫ്ബി നിലവിൽ ആഭ്യന്തര മാർക്കറ്റിൽനിന്നും ഗ്രീൻ ബോണ്ട് മുഖേനയും ഡൊമസ്റ്റിക് ബോണ്ട് മുഖേനയും ഫണ്ട് സമാഹരിക്കുന്നുണ്ട്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റുകളിൽ കിഫ്ബി ബോണ്ടുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്.

ചിറ്റൂർ ഗവൺമെന്റ് കോളേജ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്

20 (2502) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചിറ്റൂർ ഗവ. കോളേജിൽ ഒരു അമിനിറ്റി സെന്ററും (ഗ്രൗണ്ട് ഫ്ലോറും അതിനുമുകളിൽ ഒരു നിലയും രണ്ടാം നിലയിലേക്കുള്ള സ്റ്റെയർകെയ്സും) മറ്റ് അനുബന്ധ പ്രവൃത്തികളും നടപ്പാക്കുന്നതിന് 02-04-2025-ൽ 10.30 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെയും പുതുക്കിയ ഭരണാനുമതിയുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്നും നിർമ്മാണം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

കിഫ്ബി പുറപ്പെടുവിച്ച ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. ആയ കെ.എസ്.ഐ.ടി.ഐ.എൽ. ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുകയും തുടർന്ന് ടെൻഡർ ചെയ്യുകയും ചെയ്തു. എന്നാൽ ഒരു ബിഡ് മാത്രമാണ് ലഭിച്ചത് എന്നതിനാൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തിട്ടുണ്ട്. ആയതിന്റെ ബിഡ് 03-10-2025-ൽ ഓപ്പൺ ചെയ്യാൻ എസ്.പി.വി തീരുമാനിച്ചിട്ടുണ്ട്. റീ-ടെൻഡറിങ് നടപടികൾ പൂർത്തിയാക്കി വർക്ക് യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ എസ്.പി.വി.-ക്ക് സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചിറ്റൂർ ഗവ. കോളേജിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന എല്ലാ പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മന്ത്രിമാർ/എം.എൽ.എ.-മാർ/ഭരണ വകുപ്പ് സെക്രട്ടറിമാർ എന്നിവരുടെ സാന്നിധ്യത്തിലും കിഫ്ബിയിലെ വിവിധ ഉദ്യോഗസ്ഥ തലത്തിലും യോഗങ്ങൾ ചേരുന്നതിനോടൊപ്പം പദ്ധതി നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം അവ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിശോധിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകിവരുന്നുമുണ്ട്. കൂടാതെ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തിയാക്കലും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയിലെ ഇൻസ്പെക്ഷൻ വിഭാഗം സ്ഥലസന്ദർശനം നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന അനുവദിച്ച പ്രവൃത്തി

21(2503) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന സാമ്പത്തികാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് നിയോഗിക്കുന്ന പദ്ധതി നിർവഹണ ഏജൻസികൾ സമർപ്പിക്കുന്ന DPR കിഫ്ബി മാനദണ്ഡപ്രകാരം അവലോകനം നടത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായാണ് കിഫ്ബി പദ്ധതികൾക്ക് ധനാനുമതി നൽകുന്നത്. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കെല്ലാം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുള്ളതുമാണ്. ഇവയിൽ ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേവികുളം താലൂക്ക് ലെവൽ ഹോസ്പിറ്റൽ എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ദേവികുളം താലൂക്ക് ലെവൽ ഹോസ്പിറ്റൽ എന്ന പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകുന്നതിനുള്ള ഡി.പി.ആർ. നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും 11-07-2025-ലെ G.O.(Rt) No. 1907/2025/H&FWD പ്രകാരം മൂന്നാർ താലൂക്ക് ആശുപത്രിയുടെ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നതും തുടർന്ന് 19-08-2025-ലെ G.O (Rt) No. 2428/2025/H&FWD പ്രകാരം 'മൂന്നാർ താലൂക്ക് ആശുപത്രി' എന്നത് 'മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, മൂന്നാർ' എന്ന് മാറ്റി പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി പ്രവൃത്തി സംബന്ധിച്ച വിശദമായ പദ്ധതി രേഖയും കിഫ്ബിയിൽ നാളിതുവരെ

ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്നപക്ഷം കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി സാമ്പത്തികാനുമതി നൽകാവുന്നതും പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിർദ്ദിഷ്ട എസ്.പി.വി.-ക്ക് സ്വീകരിക്കാവുന്നതുമാണ്.

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികൾ

22(250) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികളായ ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിലവിലെ പുരോഗതി അറിയിക്കാമോ?

അത്താണി മാർക്കറ്റിന്റെ ഡിസൈൻ റിവ്യൂ കിഫ്ബിയിൽ പൂർത്തികരിച്ചിട്ടുണ്ട്. അത്താണി മാർക്കറ്റിന്റെ പുതുക്കിയ ഡ്രോയിങ്സ് ഉപയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നിർവഹണ ഏജൻസിയായ ഇമ്പാക്ട്, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശപ്രകാരമുള്ള തിരുത്തലുകൾ പദ്ധതി നിർവഹണ ഏജൻസി നടത്തി വരുന്നു.

ഒട്ടുപാറ മാർക്കറ്റിന്റെ ഡിസൈൻ റിവ്യൂ കിഫ്ബിയിൽ പൂർത്തികരിച്ചിട്ടുണ്ട്. പുതുക്കിയ ഡ്രോയിങ്സ് ഉപയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികൾ പദ്ധതി നിർവഹണ

ഏജൻസി നടത്തി വരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ പദ്ധതി നിർവഹണ ഏജൻസി ഉടനടി സമർപ്പിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി ആധുനിക ക്രിമറ്റോറിയം പദ്ധതിക്ക് 08-09-2025-ന് DSR 2018 പ്രകാരം കിഫ്ബി ധനാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2021 പ്രകാരം Price 3 സോഫ്റ്റ്വെയറിൽ പദ്ധതി നിർവഹണ ഏജൻസി തയാറാക്കി വരികയാണ്.

(ബി) മേൽ പരാമർശിച്ച വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഡി.പി.ആർ., ഡ്രോയിങ്സ്, എസ്റ്റിമേറ്റ് എന്നിവ കിഫ്ബിക്ക് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ പ്രാഥമിക ഡി.പി.ആർ., ഡ്രോയിങ്സ്, എസ്റ്റിമേറ്റ്സ് എന്നിവ പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ശേഷം ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ച വേളയിൽ കിഫ്ബിയിൽ നിർദേശിച്ച പ്രകാരം തിരുത്തലുകൾ വരുത്തിയ ഡ്രോയിങ്ങ്സുകളും പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. വടക്കാഞ്ചേരി ആധുനിക ക്രിമിറ്റോറിയം പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

വടക്കാഞ്ചേരി ആധുനിക ക്രിമറ്റോറിയം പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2021 പ്രകാരം Price 3 സോഫ്റ്റ്വെയറിൽ തയ്യാറാക്കി പരിശോധനയ്ക്കായി ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ പദ്ധതി നിർവഹണ ഏജൻസി സമർപ്പിക്കുന്നതാണ്. തുടർന്ന് സാങ്കേതിക അനുമതിയും കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി പദ്ധതി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ സാങ്കേതിക അനുമതിയും കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ നടപടികളിലേക്ക് കടക്കാവുന്നതും തുടർന്ന് പ്രവൃത്തികൾ ആരംഭിക്കാവുന്നതുമാണ്.

ഉള്ളിയേരി മുതൽ കൂറ്റ്യാടി വരെയുള്ള റോഡ് നവീകരണം

23(2505) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കൂറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡ് നവീകരണത്തിനായി ഉള്ളിയേരി മുതൽ കൂറ്റ്യാടി വരെയുള്ള ഭാഗത്ത് എത്രകോടി രൂപയാണ് കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പാവങ്ങാട്-ഉള്ളിയേരി-കൂറ്റ്യാടി-ചൊവ്വ റോഡിന്റെ ഉള്ളിയേരി മുതൽ കൂറ്റിയാടി വരെയുള്ള റോഡിന് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10-07-2017-ലെ G.O (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി

ലഭിച്ചിട്ടുണ്ട്. ഉള്ളിയേരി മുതൽ കുറ്റിയാടി വരെ എൽ.എ. വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതാണ്. പ്രവൃത്തിയുടെ സർവേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 03-04-2024, 05-06-2024, 16-07-2024 തീയതികളിൽ എൽ.എ. സ്പെഷ്യൽ തഹസിൽദാർ കൊയിലാണ്ടിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കെ.ആർ.എഫ്.ബി.-പി.എം.യു. കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ പേരാമ്പ്ര ടൗൺ ഒഴിവാക്കി പേരാമ്പ്ര ബൈപാസ്സിൽ കൂടെ കടന്നുപോകുന്ന രീതിയിൽ അലൈൻമെന്റ് feasible ആണെന്ന് 22-06-2024-ൽ കെ.ആർ.എഫ്.ബി.-യിൽനിന്നും ഡിസൈൻ വിഭാഗത്തെ അറിയിച്ചിരുന്നു. അതുപ്രകാരം പേരാമ്പ്ര ടൗൺ ഒഴിവാക്കി 160.30 കോടി രൂപയുടെ DPR 18/07/2024-ൽ കെ.ആർ.എഫ്.ബി. കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് 02-08-2024 -ൽ നിരീക്ഷണ കുറിപ്പ് കിഫ്ബിയിൽനിന്നും കെ.ആർ.എഫ്.ബി.-ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശങ്ങൾ പാലിച്ച് DPR കെ.ആർ.എഫ്.ബി. പുനഃസമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ബജറ്റിൽ എത്ര കോടി രൂപയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉള്ളിയേരി മുതൽ കുറ്റിയാടി വരെയുള്ള റോഡിന് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10-07-2017-ലെ G.O. (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും ചമയങ്ങൾക്കുമായി 23.98 കോടി രൂപയുൾപ്പടെ 160.30 കോടി രൂപയുടെ ഡി.പി.ആർ. ആയിരുന്നു കിഫ്ബിയിലേക്ക് കെ.ആർ.എഫ്.ബി. സമർപ്പിച്ചിരുന്നത്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടം

24(2506) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടത്തിന്റെ (3.90 കോടി) പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂളിലെ പ്രവൃത്തിയുടെ 33% നിലവിൽ പൂർത്തികരിച്ചിട്ടുണ്ട്. താഴത്തെ നിലയിലെ Masonry പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ റൂഫ് സ്ലാബ് ഷട്ടറിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

25(2507) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന കിഫ്ബി പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും അവയിൽ ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന അനുവദിച്ച തുക

26(2508) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ 2025 മാർച്ച് 31 വരെ അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 2025 മാർച്ച് 31 വരെ 88,070.26 കോടി രൂപയുടെ 1156 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 68,070.26 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ 1149 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുന്ന 7 പദ്ധതികളുമാണുള്ളത്. 2025 മാർച്ച് 31 വരെ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കിഫ്ബി സഹായത്തോടെ ഇക്കാലയളവിനുള്ളിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഭാഗികമായി പൂർത്തിയാക്കിയതുമായ പദ്ധതികൾ എത്രയെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 2025 മാർച്ച് 31 വരെ 21,881.42 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. 24014.91 കോടി രൂപയുടെ 367 പദ്ധതികളാണ് പ്രവൃത്തി പുരോഗതിയിലുള്ളത്. 2025 മാർച്ച് 31 വരെ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

അരൂർ നിയോജകമണ്ഡലത്തിലെ നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണം

27(2509) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തൂർ നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നിർമ്മാണം പൂർത്തീകരിച്ച നെടുമ്പ്രക്കാട്-വിളക്കുമരം പാലം പദ്ധതിക്ക് 21.779 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ അപ്രോച്ച് റോഡിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിൽ നെടുമ്പ്രക്കാട് ഭാഗത്തേക്ക് 128.5 മീറ്റർ നീളത്തിലും വിളക്കുമരം ഭാഗത്തേക്ക് 111.3 മീറ്റർ നീളത്തിലും, പരപ്പേൽ ഭാഗത്തേക്ക് 157.3 മീറ്റർ നീളത്തിലും അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള തുക ഉൾപ്പെടുത്തുകയും ആയവ പ്രസ്തുത പാലം പ്രവൃത്തിയോടൊപ്പം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പാലം പൂർത്തീകരിച്ചെങ്കിലും പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്ന് കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി അപ്രോച്ച് റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട് വകയിരുത്തി നിർമ്മിച്ച പാലത്തിന്റെയും അതിന്റെ അപ്രോച്ച് റോഡുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തകർന്ന് കിടക്കുന്ന പഞ്ചായത്ത് വക അപ്രോച്ച് റോഡ് ഈ പ്രവൃത്തിയുടെ ഭാഗമായിട്ടുള്ളതല്ല.

വല്ലാർപാടം-പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണം

28(2510) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ വല്ലാർപാടം-പനമ്പുകാട് കായലോര റിങ് റോഡ് നിർമ്മാണത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വല്ലാർപാടം, പനമ്പുകാട് പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം നൽകാനും പ്രവൃത്തി ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

(എ&ബി) വല്ലാർപാടം-പനമ്പുകാട്-കായലോര റിങ് ബണ്ട് റോഡ് പദ്ധതിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 07-03-2023-ന് KIIFB എക്സിക്യൂട്ടീവ് ഡയറക്ടർ പദ്ധതി സ്ഥലം സന്ദർശിക്കുകയും, ജലസേചന വകുപ്പ് സാധാരണയായി ഏറ്റെടുക്കുന്ന ഒരു സ്ലൂയിസ് ഗേറ്റിന്റെ നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ GIDA പോലുള്ള ഏജൻസികൾ വഴിയോ അല്ലെങ്കിൽ ജലസേചന വകുപ്പ് നേരിട്ടോ നടപ്പാക്കാമെന്ന് അഭിപ്രായപ്പെടുകയും തുടർന്ന് പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി പദ്ധതി നിർവഹണ ഏജൻസി ആയ KRFB-യുടെ നിരീക്ഷണത്തിൽ ജലസേചന വകുപ്പ് നിർവഹിക്കുമെന്ന് 24-11-2023-ന് കിഫ്ബി CEO-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

നിലവിൽ പദ്ധതിയുടെ DPR ജലസേചന വകുപ്പ് KRFB-ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

29(2511) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ജി.എച്ച്.എസ്.എസ്. കുറ്റിപ്പുറം സ്കൂൾ പ്രവൃത്തി പദ്ധതി നിർവഹണ ഏജൻസി ടെൻഡർ ചെയ്ത് 12-08-2025-ന് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രാരംഭ നടപടിയായ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന പൂർത്തികരിച്ചിട്ടുണ്ട്. പ്രവൃത്തി ഉടനടി ആരംഭിക്കുമെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച

ജി.യു.പി.എസ് പൊന്മള സ്കൂളിലെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തികരണ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രോജക്ട് എക്സ്റ്റിക്യൂഷൻ ഡോക്യുമെന്റ്സിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ പ്രോജക്ട് എക്സ്റ്റിക്യൂഷൻ ഡോക്യുമെന്റിന് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. കുറ്റിപുറം സ്കൂളിലെ പ്രവൃത്തി പതിനഞ്ച് മാസത്തിനകവും ജി.യു.പി.എസ്. പൊന്മള സ്കൂളിലെ പ്രവൃത്തി ഒൻപത് മാസത്തിനകവും പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള റെയിൽവേ മേൽപ്പാല നിർമ്മാണം

30(2512) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് വകയിരുത്തി ഏതൊക്കെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഏതൊക്കെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്തുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതൊക്കെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ?

(ബി&സി) ടെൻഡർ നടപടി പൂർത്തിയാക്കി ആരംഭിച്ച 15 റെയിൽവേ മേൽപ്പാലങ്ങളിൽ 4 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 11 മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ 6 പ്രവൃത്തികളുടെ കൂടി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ടെൻഡർ നടപടി സ്വീകരിച്ച പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പൂവച്ചൽ ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

31(2513) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

(എ&ബി) അരുവിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പദ്ധതി നിർവഹണ ഏജൻസി മണ്ണ് പരിശോധന നടത്തുകയും മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഫൗണ്ടേഷൻ ഡിസൈനിൽ മാറ്റം ആവശ്യമായി വരികയും ചെയ്തു. ആയത് പ്രകാരം പുതിയ ഡിസൈൻ പദ്ധതി നിർവഹണ ഏജൻസിയായ കില തയ്യാറാക്കി വരികയാണ്. പുതിയ ഡിസൈൻ തയ്യാറാക്കി പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന വേളയിൽ ടി ഡിസൈൻ പരിശോധിച്ച് അനുമതി നൽകുന്ന നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി

32(2514) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

69.53 കോടി രൂപയുടെ ധനാനുമതിയാണ് വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തികൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബി ധനാനുമതി അനുവദിച്ചിരിക്കുന്നത്. ടി പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. പ്രസ്തുത പദ്ധതി 2026 ഡിസംബർ 31-നുള്ളിൽ പൂർത്തീകരിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി ആയ കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം

33(2516) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോട്ടക്കൽ നഗരസഭ മാർക്കറ്റ് നവീകരണത്തിന് 09-04-2021-ലെ ഉത്തരവ് നം. LSG006-01/APR-1/2020/KIIFB പ്രകാരം 15,23,92,780/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ നടന്നുവരികയാണ്. ഡിസൈൻ റിവ്യൂമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട് പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ച Structural Drawings-ൽ ചില തിരുത്തലുകൾ വരുത്തി തിരികെ സമർപ്പിക്കാൻ ആവശ്യപ്പെട്ട് കിഫ്ബി 06-08-2025-ന് പദ്ധതി നിർവഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. കിഫ്ബി നിർദേശിച്ച തിരുത്തലുകൾ പദ്ധതി നിർവഹണ ഏജൻസി നടത്തിവരുന്നു.

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ടി പ്രവൃത്തിക്ക് നിലവിൽ പുതുക്കിയ ധനാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടില്ല. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തികരിച്ച് PRICE 3-ൽ പുതുക്കിയ എസ്റ്റിമേറ്റ് പദ്ധതി നിർവഹണ ഏജൻസി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതിയും പദ്ധതി നിർവഹണ ഏജൻസിയുടെ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതിയും വാങ്ങി പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണെന്നും അറിയിക്കുന്നു.

കാഞ്ഞങ്ങാട് ണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

34(2517) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നൽകിയ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിൽ ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നൽകിയ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതിയും പ്രസ്തുത പ്രൊപ്പോസലുകളിൽ ഭരണാനുമതി ലഭിച്ചതും ടെൻഡർ നടപടികൾ പൂർത്തിയാക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടെൻഡർ സേവിങ്സ് തുക

35(2520) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതലുള്ള ടെൻഡർ സേവിങ്സ് തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതലുള്ള ടെൻഡർ സേവിങ്സ് തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**ടെൻഡർ സേവിങ്സ് തുക (രൂപയിൽ)**
2020-2021	33,43,162/-
2021-2022	11,85,452/-
2022-2023	29,43,374/-
2023-2024	7,82,710/-
2024-2025	1,075/-

തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+

(ബി) പ്രസ്തുത തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

1. 29-12-2017-ലെ സ.ഉ. (അച്ചടി) നം.161/2017/ധന
2. 31-03-2022-ലെ സ.ഉ. (അച്ചടി) നം.40/2022/ധന
3. 17-12-2022-ലെ സ.ഉ. (അച്ചടി) നം.145/2022/ധന
4. 12-08-2025-ലെ സ.ഉ. (അച്ചടി) നം.100/2025/ധന

(ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിലെ ടെൻഡർ സേവിങ്സ്

36 (2521) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി 2023-24 പ്രകാരം പൂർത്തിയായ പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് എത്രയാണെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ടെൻഡർ സേവിങ്സ്

37(2522) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന നിധി, പ്രത്യേക വികസനനിധി പദ്ധതികളിൽ 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ടെൻഡർ സേവിങ്സ് തുക സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന നിധി, പ്രത്യേക വികസന നിധി പദ്ധതികളിൽ 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ടെൻഡർ സേവിങ്സ് തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷം	പൂർത്തീകരിച്ച പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക (രൂപയിൽ)	
	ആസ്തിവികസന നിധി	പ്രത്യേക വികസന നിധി
2020-21	28,98,150	4,86,088
2021-22	14,09,702	5,86,788
2022-23	41,69,559	ഇല്ല
2023-24	ഇല്ല	ഇല്ല
2024-25	ഇല്ല	ഇല്ല

കോങ്ങാട് നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതികൾ

38(2523) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പദ്ധതികളിൽ ഇനിയും ഭരണാനുമതി ലഭിക്കാനുള്ളവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) 2021-22 മുതൽ 2025-26 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിൽ ശിപാർശ നൽകിയ പദ്ധതികളും പ്രസ്തുത

പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പദ്ധതികളിൽ ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

തൊടുപുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി

39(2525) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം തൊടുപുഴ നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നിർദേശിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടങ്ങാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം തൊടുപുഴ നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നിർദേശിച്ച പ്രവൃത്തികളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ, ഭരണാനുമതി നൽകിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, നിർമ്മാണം തുടങ്ങാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ക്യാമറകൾ സ്ഥാപിക്കുന്നതിന് എസ്.ഡി.എഫ്.-ൽനിന്നും തുക അനുവദിക്കാൻ നടപടി

40(2526) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ പാലപ്പിള്ളി ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിൽ വിവിധ സ്ഥലങ്ങളിൽ എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനായി എം.എൽ.എ.-എസ്.ഡി.എഫ്.-ൽനിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വന്യജീവികളുടെ സാന്നിധ്യവും ആക്രമണ സാധ്യതയുമുള്ള വ്യത്യസ്ത മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽ 2025-26 വർഷത്തെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിച്ച് പാലപ്പിള്ളി ഫോറസ്റ്റ് റെയിഞ്ചിന് കീഴിൽ എ.ഐ. ലൈവ് ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം 3288208/NC-B1/238/2025-FIN നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

41(2527) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് (എ.ഡി.എഫ്.) പ്രകാരവും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരവും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ടി പ്രവൃത്തികൾക്ക് അനുവദിച്ച തുകയും ഓരോ പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് (എ.ഡി.എഫ്.) പ്രകാരവും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരവും ഭരണാനുമതി ലഭിച്ച പ്രവൃത്തികളും ടി പ്രവൃത്തികൾക്ക് അനുവദിച്ച തുകയും ഓരോ പ്രവൃത്തികളുടെ പുരോഗതിയും എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മോഡൽ സാന്ത്വന കേന്ദ്രത്തിനുള്ള ഭരണാനുമതി

42(2528) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മോഡൽ സാന്ത്വന കേന്ദ്രത്തിനുള്ള ഭരണാനുമതി നൽകാൻ കാലതാമസം വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മോഡൽ സാന്ത്വനകേന്ദ്രത്തിനുള്ള ഭരണാനുമതി നൽകുന്നതിന് പ്രത്യേകാനുമതിക്കായി എം.എൽ.എ. ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചതിൽ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രത്യേകാനുമതി നൽകുന്ന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചേലക്കര നിയോജകമണ്ഡലത്തിലെ മാട്ടിൻമുകൾ-അടക്കോട് റോഡിന് പ്രത്യേകാനുമതി

43(2529) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22-ലെ ചേലക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയതും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ പോയതുമായ മാട്ടിൻമുകൾ-അടക്കോട് റോഡ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്കായി നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി പ്രത്യേക അനുമതി നൽകുന്നത് പരിഗണിക്കുമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയതും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ പോയതുമായ മാട്ടിൻമുകൾ-അടക്കോട് റോഡ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ധനകാര്യ (നോഡൽ-സി) വകുപ്പിൽനിന്നും 26-09-2025-ലെ സ.ഉ.(സാധാ)നം.7829/2025/ധന. ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

എളനാട് ഫോറസ്റ്റ് സ്റ്റേഷന് ബൊലേറോ കാർ വാങ്ങുന്നതിനുള്ള അനുമതി

44(2530) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് എം.എൽ.എ.-എസ്.ഡി.എഫ്. 2025-26 വർഷത്തിൽ നിന്നും തുക അനുവദിച്ച് ബൊലേറോ വാഹനം വാങ്ങി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ വനപാലകർക്ക് വാഹന സൗകര്യം ലഭ്യമാക്കാൻ പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; വിശദമാക്കാമോ?

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിൽ 2025-26 വർഷത്തെ പ്രത്യേക വികസന നിധിയിൽനിന്നും 13,50,000/- രൂപ വിനിയോഗിച്ച് തൃശ്ശൂർ വനം ഡിവിഷൻ മച്ചാട് വനം റേഞ്ചിനുകീഴിൽ വരുന്ന എളനാട് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് മഹീന്ദ്ര ബൊലേറോ ക്യാമ്പർ വാഹനം വാങ്ങി നൽകുന്ന പ്രവൃത്തിക്ക് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം 3269989/NC-B1/200/2025-FIN നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. ഫയലിന്മേൽ ഉടൻ തീരുമാനം കൈക്കൊള്ളുന്നതാണ്.

ചേലക്കര നിയോജകമണ്ഡലം എസ്.ഡി.എഫ്. പ്രവൃത്തിക്ക് പ്രത്യേക അനുമതി

45(2531) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലം എം.എൽ.എ.-എസ്.ഡി.എഫ്. 2025-26-ലെ പ്രവൃത്തിയിലുൾപ്പെടുത്തി ചെറുതുരുത്തി കൊച്ചിൻചേലക്കര മണ്ഡലം പാലത്തിനുസമീപം കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗ് സംഘടനക്കായി അനുവദിച്ച സ്ഥലത്ത് ധീര ജവാൻ സ്മാരകം നിർമ്മിക്കുന്നതിനായി പ്രത്യേക അനുമതി ലഭിക്കുന്നതിന് നൽകിയ കത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രത്യേകാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിൽ 2025-26 വർഷത്തെ പ്രത്യേക വികസന നിധിയിൽനിന്നും 25 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാന എക്സ് സർവ്വീസ് മെൻ ലീഗ് വള്ളത്തോൾ നഗർ യൂണിറ്റിന്റെ ചെറുത്തുരുത്തി കൊച്ചിൻ പാലത്തിനുസമീപത്തുള്ള സ്ഥലത്ത് ധീർ ജവാൻ സ്മാരകം നിർമ്മിക്കുന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകുന്നത് സംബന്ധിച്ച വിഷയം 3270043/NC-B1/201/2025-FIN നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

പ്രാദേശിക വികസന പദ്ധതി പ്രകാരം ഏറനാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

46(2532) ശ്രീ. പി. കെ. ബഷീർ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ പ്രാദേശിക വികസന പദ്ധതി വിനിയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് നൽകിയപ പ്രൊപ്പോസലുകളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രാദേശിക വികസന പദ്ധതിപ്രകാരം 2021 മുതൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വരവ് ചെലവ് കണക്കുകൾ

47(2535) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാത്തതിനാൽ സർക്കാരിന്റെ കടമെടുപ്പിനെ ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2024-25-ലെ സപ്ലിമെന്ററി അക്കൗണ്ട് പ്രകാരമുള്ള പൊതു കണക്ക് വിവരങ്ങൾ അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തി നൽകിയത് 2025-26-ലെ കടമെടുപ്പിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് അംഗീകരിച്ച് 2025-26 സാമ്പത്തിക വർഷത്തെ കടമെടുപ്പിനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിരുന്നു.

അക്കൗണ്ടന്റ് ജനറലിൽനിന്ന് 2024-25-ലെ അന്തിമ കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് കണക്കുകളിൽ വ്യത്യാസമുണ്ടെങ്കിൽ കടമെടുപ്പിനുള്ള പുതുക്കിയ അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(ബി) എതൊക്കെ വകുപ്പുകളാണ് പ്രസ്തുത വരവ് ചെലവ് കണക്കുകൾ സമർപ്പിക്കാത്തതെന്നും പ്രസ്തുത വകുപ്പുകളിൽനിന്നും കണക്കുകൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

എല്ലാ വകുപ്പുകളും വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ ഏറ്റവും പുതിയ കണക്കനുസരിച്ച് ചില വകുപ്പുകളുടെ ചില ശീർഷകങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ അനുരഞ്ജനം അന്തിമമാക്കേണ്ടതുണ്ട്. പ്രസ്തുത വകുപ്പുകൾക്ക് ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വരവ് ചെലവ് കണക്കുകൾ സമർപ്പിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ നൽകിയിട്ടുള്ള പുതിയ സമയപരിധി എന്നുവരെയാണെന്നും പ്രസ്തുത പരിധിക്കുള്ളിൽ വരവ് ചെലവ് കണക്കുകൾ നൽകിയില്ലെങ്കിൽ വിവിധ വകുപ്പുകൾക്കുള്ള ഫണ്ട് വിതരണത്തെ അത് ബാധിക്കുമോയെന്നും വിശദമാക്കാമോ?

കേരള ബജറ്റ് മാനുവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള സമയപരിധിയല്ലാതെ പുതിയ സമയപരിധി അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടില്ല.

മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി

48(2538) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിയിൽ അംഗമായി ചികിത്സതേടുന്ന മുഴുവൻ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പെൻഷൻകാർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്ന തരത്തിൽ മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) 01-07-2022-ൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതിയിൽ ഏകദേശം 30 ലക്ഷത്തോളം ഗുണഭോക്താക്കളുണ്ട്. ഏറ്റവും കുറഞ്ഞ പ്രീമിയത്തിൽ 20 ലക്ഷം വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്ന 'waiting period, pre existing diseases, medical check up' എന്നീ കടമ്പകളൊന്നുമില്ലാത്ത, age, gender എന്നിവ കണക്കാക്കി പ്രീമിയ വ്യത്യാസമില്ലാതെ Cumulative bonus വരെയുള്ള ഫാമിലി ഫ്ലോട്ടറായ യ മെഡിസെപ്പ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ 628 ഓളം ആശുപത്രികൾ എമ്പാനൽ ചെയ്തിട്ടുണ്ട്. 1920 അടിസ്ഥാന ചികിൽസാ പാക്കേജും 12 അവയവമാറ്റ/ഗുരുതര രോഗങ്ങൾക്കുള്ള അധിക ചികിത്സാ പാക്കേജും നിരക്കുകളും ഉൾപ്പെട്ട മെഡിസെപ്പ് പദ്ധതിയിൽ 01-08-2025 വരെയുള്ള കണക്കുപ്രകാരം 10,89,791 ക്ലെയിമുകൾക്ക്

1964,74,23,535/- രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2746 ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി 72.89 കോടി രൂപ ക്ലെയിം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ 9,209 ക്ലെയിമുകൾക്കായി 10.51 കോടി രൂപ റി-ഇംപേഴ്സ്മെന്റ് ഇനത്തിലും അനുവദിച്ചിട്ടുണ്ട്. www.medisep.kerala.gov.in വെബ്സൈറ്റിലെ Dashboard menu-ൽ കണക്കുകൾ ലഭ്യമാണ്.

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് 14-08-2025-ലെ സ.ഉ.(പി) നം.102/2025/ധന. പ്രകാരം രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ (Basic Sum Insured) 3 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാന ചികിത്സാ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. HBP 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് (HBP) 2022 revised Tier 1 city നിരക്കിന്റെ ഒന്നര ഇരട്ടി വരെ വർധനവ് പ്രൈവറ്റ് ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും ബാധകമാക്കിയിട്ടുണ്ട്. മുട്ടുമാറ്റിവയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് അടിസ്ഥാന പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി ഇൻഷ്വറൻസ് കമ്പനി 2 വർഷത്തേക്കായി 40 കോടി രൂപയുടെ കോർപ്പസ് ഫണ്ട് നീക്കി വയ്ക്കേണ്ടതാണ്.

അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷയുടെ 1% വരെ മുറി വാടക (5000/- day). സർക്കാർ ആശുപത്രികളിൽ പേ വാർഡ് വാടക പ്രതിദിനം 2000/- രൂപ വരെ. ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയുടെ ഭാഗമാക്കുന്നതാണ്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ്പ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്. കരാറിൽനിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കേണ്ടതാണ്. കൂടാതെ, അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽനിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്.

(സി) പദ്ധതിയുടെ ഭാഗമാകാത്ത സ്വകാര്യ ആശുപത്രികളിൽ അടിയന്തര സാഹചര്യത്തിൽ ചികിത്സതേടുന്ന അംഗങ്ങൾക്ക് പൂർണ്ണമായും ചികിത്സാ ചെലവ് റീ-ഇംബേഴ്സ്മേന്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളെ പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. SCTIMST, JIPMER പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ SCTIMST എംപാനൽ ചെയ്തില്ലായെങ്കിൽ പ്രസ്തുത ആശുപത്രിയിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി റീ-ഇംപേഴ്സ് ചെയ്ത് നൽകേണ്ടതാണ്. നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്കുള്ള ധനസഹായം

49(2539) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽ ഇരിക്കെ മരിക്കുന്ന ജീവനക്കാരുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ?

കുടുംബപെൻഷന് അർഹതയില്ല.

(ബി) കുടുംബ പെൻഷന് അർഹതയില്ലെങ്കിൽ പകരം ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 31-08-2016-ലെ സ.ഉ.(അ) നം.126/2016/ധന. പ്രകാരം മരണമടഞ്ഞ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 %-ത്തിന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ചുവരുന്നു.

(സി) പദ്ധതിയിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമെയാണോ ഈ സഹായമെന്നും സർക്കാരിന്റെ സാമ്പത്തിക സഹായം ഒറ്റത്തവണയാണോ പ്രതിമാസമാണോ എന്നും അറിയിക്കാമോ?

പദ്ധതിയിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമെയാണ് ആശ്വാസ ധനസഹായം അനുവദിക്കുന്നത്. ടി ആനുകൂല്യം പ്രതിമാസമായി അനുവദിച്ചുവരുന്നു.

(ഡി) 31-08-2016-ലെ ധനകാര്യവകുപ്പിന്റെ 126/2016/ഫിൻ. നമ്പർ ഉത്തരവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് സർവീസിൽ ഇരുന്ന് മരണപ്പെടുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായ സർക്കാർ ജീവനക്കാരന്റെ കുടുംബത്തിന് നൽകിയിരുന്നത്/നൽകുന്നതിന് തീരുമാനിച്ചിരുന്നതെന്ന് വിശദമാക്കുമോ?

പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30%-ത്തിന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ചുവരുന്നു.

(ഇ) പ്രസ്തുത ഉത്തരവ് പിന്നീട് പരിഷ്കരിച്ച് ഇറക്കിയിട്ടുണ്ടോ; ആയതിൽ 126/2016/ഫിൻ ഉത്തരവിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഒഴിവാക്കിയിരുന്നോ; എങ്കിൽ ഓരോന്നിന്റെയും വിശദാംശം ഉത്തരവുകളുടെ പകർപ്പ് ഉൾപ്പെടെ നൽകാമോ?

പ്രസ്തുത ഉത്തരവ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള വിശദമായ മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് 08-11-2017-ലെ സ.ഉ.(അ)നം.141/2017/ധന., 23-06-2018-ലെ സ.ഉ.(അ) നം. 97/2018/ധന., 31-03-2019-ലെ സ.ഉ.(അ) നം.41/2019/ധന. ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 31-08-2016-ലെ സ.ഉ.(അ) നം.126/2016/ധന. ഉത്തരവ് പ്രകാരം അനുവദിച്ച ആനുകൂല്യങ്ങളൊന്നും ഒഴിവാക്കിയിട്ടില്ല.

മെഡിസെപ് പദ്ധതി

50(2540) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി മെഡിക്കൽ സേവനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി., ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ

പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14-08-2025-ലെ സ.ഉ.(പി) നം.102/2025/ധന. പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടില്ല. നടപടികൾ പൂർത്തീകരിച്ച് ഇൻഷ്വറൻസ് കമ്പനിയെ തിരെഞ്ഞെടുത്ത ശേഷമാണ് കരാർ പ്രാബല്യത്തിൽ വരുന്നത്.

പങ്കാളിത്ത പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട്

51(2541) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഈ കമ്മിറ്റിയുടെ ഘടനയും പരിഗണനാ വിഷയങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി നിശ്ചയിച്ച് നൽകിയിരുന്നോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി

പരിശോധിക്കുന്നതിനായി എസ്. സതീശ് ചന്ദ്രബാബു അധ്യക്ഷനായ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02-11-2023-ലെ സ.ഉ(അ)നം. 110/2023/ധന ഉത്തരവുപ്രകാരം (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+) ബഹു. ധനകാര്യ വകുപ്പുമന്ത്രി, ബഹു. നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി നിശ്ചയിച്ച് നൽകിയിട്ടില്ല.

(സി) പ്രസ്തുത കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ മീറ്റിംഗിന്റെ മിനിറ്റ്സ് അടക്കമുള്ള വിശദാംശം ഉൾപ്പെടെയുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളും ശിപാർശകളും വിശദമാക്കാമോ?

(സി&ഡി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച എസ്. സതീശ് ചന്ദ്രബാബു അധ്യക്ഷനായ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുന്നതിനായി നിയോഗിച്ച ബഹു. ധനകാര്യ വകുപ്പുമന്ത്രി, ബഹു. നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളുടെ അപ്ഗ്രഡേഷൻ

52(2543) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വകുപ്പിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യാൻ ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭരണ വകുപ്പുകൾ ധനവകുപ്പിൽ സമർപ്പിക്കുന്ന പ്രൊപ്പോസൽ സംബന്ധിച്ച ഫയലുകളിലാണ് ധനവകുപ്പ് അഭിപ്രായം രേഖപ്പെടുത്തി നൽകുന്നത്. ഇത്തരത്തിൽ ഭരണ വകുപ്പുകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ വിഷയം തിരിച്ചുള്ള കണക്കുകൾ ധനവകുപ്പിൽ സൂക്ഷിക്കുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിലെ (പൊതുഭരണ വകുപ്പ്/ധനകാര്യം/നിയമം) വകുപ്പുകളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളിലെ ഡയറക്ടറേറ്റുകൾ/വിവിധ മിഷനുകൾ/ബോർഡ്/കോർപ്പറേഷൻ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലേക്ക് എത്ര ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ?

വിവിധ വകുപ്പുകളിലെ ഡയറക്ടറേറ്റുകളിൽ പൊതുഭരണ വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയും ധനകാര്യ വകുപ്പിൽനിന്നും ഫിനാൻസ് ഓഫീസർ തസ്തികയും നിയമ വകുപ്പിൽനിന്നും ലാ ഓഫീസർ തസ്തികയും നിലവിലുണ്ട്. ഇത്തരം

നിയമനങ്ങൾ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ അല്ല. പൊതുഭരണ/ധനകാര്യ/നിയമ വകുപ്പുകളുടെ കേഡർ തസ്തികകളാണ് ഇവ. മിഷനുകൾ/ബോർഡ്/കോർപ്പറേഷൻ തുടങ്ങിയവയുടെ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകളിലേക്കും സെക്രട്ടേറിയറ്റ് വകുപ്പുകളിൽനിന്നും നിയമനം നടത്തിവരുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്ക് പൊതുഭരണ വകുപ്പും ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് ധനകാര്യ വകുപ്പും ലാ ഓഫീസർ തസ്തികയിലേക്ക് നിയമ വകുപ്പും മിഷനുകൾ /ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലേക്ക് ബന്ധപ്പെട്ട ഭരണ വകുപ്പും ആണ് നിയമനം നടത്തുന്നത്. ഓരോ വകുപ്പ്/സ്ഥാപനവും നടത്തുന്ന പ്രവർത്തനങ്ങളുടെ വ്യാപ്തി അനുസരിച്ച് അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ള തസ്തികകളിലേക്ക് ഇത്തരത്തിൽ നിയമനം നടത്തുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അതത് വകുപ്പുകളിലാണ് നിലവിലുള്ളത്. ക്രോഡീകരിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

(സി) ഇത്തരത്തിൽ ഡെപ്യൂട്ടേഷൻ വരുന്ന ഒഴിവുകളിലേക്ക് എത്ര ജീവനക്കാർക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ; ഈ ഇനത്തിൽ വന്നിട്ടുള്ള സാമ്പത്തിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ?

സെക്രട്ടേറിയറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ മേൽപ്പറഞ്ഞ മിഷൻ/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്. നിലവിലുള്ള ഒഴിവുകളിലേക്കാണ്

പ്രൊമോഷൻ നടത്തുന്നത് എന്നതിനാൽ ഇത്തരം നിയമനങ്ങൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾ അതത് വകുപ്പുകളാണ് നിർവഹിക്കുന്നത്. പ്രസ്തുത വിവരങ്ങൾ ധനകാര്യ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സമീപകാലത്ത് ധനകാര്യ വകുപ്പിന് സമർപ്പിച്ച ഹെഡ് ക്ലാർക്ക് ടു ജൂനിയർ സൂപ്രണ്ട് തസ്തിക പരിവർത്തനം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിരുന്ന കാരണങ്ങൾ ധനവകുപ്പിന്റെ പരിശോധനയിൽ അംഗീകരിക്കപ്പെടാൻ കഴിയാത്തവ ആയതിനാലും ഇക്കാര്യത്തിൽ ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്തുമാണ് തസ്തിക അപ്ഗ്രേഡേഷൻ നടത്താൻ ധനവകുപ്പ് അനുമതി നൽകാതിരുന്നത്.

(ഇ) സെക്രട്ടേറിയേറ്റ് സർവീസിന് നൽകുന്ന പരിഗണന മറ്റ് വകുപ്പുകളിൽനിന്നും വരുന്ന അർഹമായ പ്രൊപ്പോസലുകൾക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. എല്ലാ വകുപ്പുകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ സർക്കാർ തുല്യ പരിഗണനയാണ് നൽകുന്നത്.

മെഡിസെപ് പദ്ധതി

53(2545) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻക്കാർക്കുമായി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയുടെ കരാർ കാലാവധി കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ?

പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ 23-06-2022-ലെ സ. ഉ. (പി) നം. 70/2022/ധന. പ്രകാരം 01-07-2022 മുതൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതിയുടെ ആദ്യ ഘട്ടം 30-06-2025-ന് അവസാനിച്ചതിനെ തുടർന്ന് പദ്ധതിക്ക് ഭംഗം വരാത്ത രീതിയിൽ 17-06-2025-ലെ സ.ഉ.(പി) നം.74/2025/ധന. പ്രകാരം 30-09-2025 വരെയും 23-09-2025-ലെ സ.ഉ.(പി) നം.117/2025/ധന. പ്രകാരം 31-10-2025 വരെയും പദ്ധതി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയതും ഈ വർഷം പൂർത്തിയായതുമായ കരാറിന്റെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മെഡിസെപ്പ് പദ്ധതി നടത്തിപ്പിനായി സർക്കാർ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി 27-06-2022-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. 23-06-2022-ലെ സ.ഉ. (പി)നം.70/2022/ധന. ഉത്തരവിന്റെ അനുബന്ധമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ചിട്ടുള്ള മെഡിസെപ്പ് പാക്കേജ് ലിസ്റ്റിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകളും ആയതിന് അനുവദിക്കുന്ന പാക്കേജ് നിരക്കുകളും വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവ് മെഡിസെപ്പ് വെബ്സൈറ്റിൽ (www.medisep.kerala.gov.in) ലഭ്യമാണ്.

(സി) പ്രസ്തുത കരാർ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ?

സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിൽ ഒപ്പുവച്ച ധാരണപത്രത്തിന്റെ രജിസ്ട്രേഷൻ നടപടികൾ സാങ്കേതിക കാരണങ്ങളാൽ പൂർത്തിയായിട്ടില്ല. ഒരു ധാരണപത്രം 1872-ലെ ഇന്ത്യൻ കരാർ നിയമത്തിലെ 10-ാം വകുപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ ആ ധാരണപത്രം നിയമപരമായി ബാധ്യസ്ഥമായിരിക്കും. നാമപദം എന്ത് തന്നെയായിരുന്നാലും ആ പ്രമാണത്തിലെ ഉള്ളടക്കവും അതിലെ ഉദ്ദേശ്യവുമാണ് ആയതിനെ നിയമപരമാക്കി തീർക്കുന്നതെന്ന് നിയമ വകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകിയിട്ടുണ്ട്.

മെഡിസെപ്പ് പദ്ധതിയിലൂടെ ഇതുവരെ നൽകിയ ചികിത്സാനുകൂല്യം

54(2546) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിലൂടെ ഇതുവരെ എത്രപേർക്ക് ചികിത്സാ ആനുകൂല്യം നൽകിയിട്ടുണ്ട്;

(ബി) മെഡിസെപ്പ് ചികിത്സാ പദ്ധതി മുഖേന എത്രകോടി രൂപയുടെ ആനുകൂല്യം ജീവനക്കാർക്കും പെൻഷൻകാർക്കും ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 11,49,719 പ്രാഥമിക ഗുണഭോക്താക്കളും അവരുടെ ആശ്രിതരായ 19,52,494 പേരും ചേർന്ന് ആകെ 31,02,213 പേർ അംഗങ്ങളായിട്ടുള്ള മെഡിസെപ്പിന്റെ ഒന്നാം ഘട്ടത്തിൽ 01-08-2025 വരെയുള്ള കണക്ക് പ്രകാരം 10,89,791 ക്ലെയിമുകൾക്ക് 1964,74,23,535/- രൂപയുടെ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി 72.88 കോടി രൂപ ക്ലെയിം ഇൻഷ്വറൻസ് കമ്പനി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ 10.51 കോടി രൂപ റീ-ഇംപേഴ്സ്മെന്റ് ഇനത്തിലും അനുവദിച്ചിട്ടുണ്ട്.

സൂപ്പർ ആനുവേഷനിൽ പെൻഷനാകുന്നവരുടെ അവസാന വർഷ ഇൻക്രിമെന്റ്

55(2547) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവീസിൽനിന്ന് സൂപ്പറാനുവേഷൻ പ്രകാരം മേയ് 31-ന് വിരമിക്കുന്നയാളിന് തൊട്ടടുത്ത മാസമായ ജൂൺ 1-ന് ലഭിക്കേണ്ടിയിരുന്ന വാർഷിക ഇൻക്രിമെന്റ് ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാർഷിക ഇൻക്രിമെന്റിന് അർഹതപ്പെട്ട 12 മാസവും സർവീസിൽ തുടരുകയും പിറ്റേദിവസം പ്രാബല്യ തീയതി എന്ന തികച്ചും സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാമോ; അങ്ങനെ സംഭവിക്കുന്ന കേസുകളിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് മാത്രമായി വിരമിക്കൽ തീയതിൽ ഒരു നോഷണൽ ഇൻക്രിമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) സംസ്ഥാന സർവീസിൽനിന്ന് സൂപ്പറാനുവേഷൻ പ്രകാരം മെയ് 31-ന് വിരമിക്കുന്നയാളിന് തൊട്ടടുത്ത് മാസമായ ജൂൺ 1-ന് ലഭിക്കേണ്ടിയിരുന്ന വാർഷിക ഇൻക്രിമെന്റ് ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Civil Appeal No.2471 of 2023 (@SLPC No.6185/2020-ലെ 11-04-2023-ലെ വിധിയിന്മേലുള്ള Miscellaneous Application (Diary No. 2400/2024)-ലെ 20-02-2025 തീയതിയിൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

"We had passed the following interim order dated 06-09-2024, the operative portion of which reads as under:

(a) The judgement dated 11-04-2023 will be given effect to in case of third parties from the date of the judgement, that is, the pension by taking into account one increment will be payable on and after 01-05-2023. Enhanced pension for the period prior to 31-04-2023 will not be paid.

(b) For persons who have filed writ petitions and succeeded, the directions given in the said judgement will operate as res-judicata, and accordingly, an enhanced pension by taking one increment would have to be paid.

(c) The direction in (b) will not apply, where the judgement has not attained finality, and cases where an appeal has been preferred, or if filed, is entertained by the appellate court.

(d) In case any retired employee has filed any application for intervention/impleadment in Civil Appeal No. 3933/2023 or any other writ petition and a beneficial order has been passed, the enhanced pension by including one increment will be payable from the month in which the application for intervention/ impleadment was filed."

We are inclined to dispose of the present miscellaneous applications directing that Clauses (a), (b) and (c) of the order dated 06-09-2024 will be treated as final directions. We are, however, of the opinion that Clause (d) of the order dated 06-09-2024 requires modification which shall now read as under:

"(d) In case any retired employee filed an application for intervention/implemented/writ petition/original application before the Central Administrative Tribunal/High Courts/this Court, the enhanced pension by including one increment will be payable for the period of three years prior to the month in which the application for intervention/implemented/writ petition/original application was filed."

Further, clause (d) will not apply to the retired government employee who filed a writ petition/original application or an application for intervention before the Central Administrative Tribunal/High Courts/this Court after the judgement in "Union of India & **Anr.** V. M. Siddaraj", as in such cases, clause (a) will apply."

മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിരമിക്കുന്നതിന്റെ തൊട്ടടുത്ത ദിവസം due ആയ ഇൻക്രിമെന്റുകൂടി കണക്കാക്കി പെൻഷൻ റിവൈസ് ചെയ്യുന്നത് സർക്കാർ വിശദമായി പരിശോധിച്ച് ഓരോ കേസും അനുവദിക്കുന്നതാണ്.

(സി) 21-02-2025-ലെ സ.ഉ.(സാധാ) നം.1673/2025/ധന. ഉത്തരവുപ്രകാരം ഇങ്ങനെ ആനുകൂല്യം നൽകുന്നത് അനുവദിച്ച ഉത്തരവിൽ ആ ഉത്തരവിന് കാരണമായ കോടതിയിൽ കേസ് ഫയൽ ചെയ്തവർക്ക് മാത്രമായി നിജപ്പെടുത്തിയത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; സമാന സ്വാഭാവത്തിൽ ആനുകൂല്യം നിഷേധിക്കപ്പെട്ടവർക്കുകൂടി ബാധകമാക്കി പൊതു ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കാമോ?

OA 1327/2025 ലെ 01-11-2024 ലെ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവായതിനാൽ 21-02-2025-ലെ സ.ഉ.(സാധാ)നം.1673/2025/ധന പ്രകാരം ടി കേസ് ഫയൽ ചെയ്ത ഉദ്യോഗസ്ഥന് മാത്രമാണ് ബാധകം.

Civil Appeal No.2471 of 2023 (@SLPC No.6185/2020-ലെ 11-04-2023-ലെ വിധിയിന്മേലുള്ള Miscellaneous Application (Diary No.2400/2024)-ലെ 20-02-2025-ലെ അന്തിമ വിധിന്യായ പ്രകാരം സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) മേല്പറഞ്ഞ കോടതി ഉത്തരവുപ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നത് എല്ലാ കേന്ദ്രസർക്കാർ ജീവനക്കാർക്കും ബാധകമാക്കി കേന്ദ്ര പേഴ്സണൽ മന്ത്രാലയം പുറപ്പെടുവിച്ച

19/116/2024 നമ്പർ ഓഫീസ് മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഇവിടെയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ടി മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഓരോ കേസും വിശദമായി പരിശോധിച്ച് അർഹമായ ആനുകൂല്യം അനുവദിക്കുന്നതാണ്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

56(2549) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് ഇളവിനായി എത്ര കുട്ടികൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ELRS പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31-01-2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ വിവിധ ബാങ്ക് ബ്രാഞ്ചുകളിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ട എത്ര കുട്ടികൾക്ക് ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ബാങ്ക് തല പരിശോധനകൾ കഴിഞ്ഞ് സർക്കാരിൽ ലഭ്യമാക്കുന്ന അർഹരായ അപേക്ഷകർക്കാണ് സർക്കാർ വിഹിതം അനുവദിക്കുന്നത്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ELRS പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31-01-2018 ആയിരുന്നു. ഇതുവരെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ 21794 അപേക്ഷകർക്ക് സർക്കാർ സഹായം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

16-05-2017-ലെ സ.ഉ.(അച്ചടി)നം.65/2017/ധന. ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജനുവരി 31 ആയിരുന്നു. ടി പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാന പരിധി 01-04-2016 പ്രകാരം 6 ലക്ഷം അധികരിക്കാൻ പാടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിപ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ. ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി വരുന്നത്. എൻ.പി.എ. ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31-നോ അതിനുമുമ്പോ

എൻ.പി.എ. ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1-നും 2016 മാർച്ച് 31-നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിങ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിങ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കുമാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിങ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. ടി മാനദണ്ഡങ്ങൾ പ്രകാരമല്ലാത്ത അപേക്ഷകൾക്ക് ആനുകൂല്യം നൽകാൻ സാധിക്കുകയില്ല.

(ഡി) പദ്ധതിക്കുവേണ്ടിയുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭാസ വായ്പാ തിരിച്ചടവ് സഹായത്തിനായി '2202-03-001-88-Education Loan Repayment Support Scheme' എന്ന ശീർഷകം നിലവിലുണ്ട്. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ല. എന്നാൽ ടി പദ്ധതിയുടെ ഭാഗമായ ഗുണഭോക്താക്കൾ ലഭ്യമാക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ വിഹിതമായി അനുവദിക്കേണ്ടുന്ന തുക മേൽ ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചുവരുന്നുണ്ട്.

ബജറ്റിൽ പ്രഖ്യാപിച്ച ദേവികുളം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

57(2550) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 20% ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; പ്രവൃത്തിയുടെ പേര്, വർഷം, തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 20% ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നീ വിശദാംശങ്ങൾ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു+. കൂടാതെ ബജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ

20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം

58(2551) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തികവർഷം, തുക എന്നിവ സഹിതമുള്ള വിവരം ലഭ്യമാക്കുമോ?

2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നീ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II'എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു+.

ഉദുമ നിയോജകമണ്ഡലത്തിലെ ബജറ്റ് വിഹിതം അനുവദിച്ച പ്രവൃത്തികൾ

59(2553) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉദുമ നിയോജകമണ്ഡലത്തിൽ ഇരുപത് ശതമാനം ബജറ്റ് വിഹിതം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതി വിവരങ്ങളും ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ഉദുമ നിയോജകമണ്ഡലത്തിനായി 20% തുക അനുവദിച്ച പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ വിശദമായ ബജറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ചത് അനുബന്ധമായി ചേർക്കുന്നു+. ബജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം

60(2554) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

2016-17 മുതൽ 2025-26 വരെ വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മാവേലിക്കര നിയോജക മണ്ഡലത്തിനായി 20% തുക അനുവദിച്ച പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽനിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

61(2555) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതലുള്ള ബജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഭരണാനുമതി ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) 2016-17 മുതലുള്ള ബജറ്റുകളിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിനായി 20% തുക അനുവദിച്ച പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു+. ബജറ്റിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്സിൽ നിന്നുള്ള വരുമാനം

62(2558) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോളിനും ഡീസലിനും സെസ് ഏർപ്പെടുത്തിയ നടപടിയിലൂടെ സർക്കാറിന് പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2023-ലെ ഫിനാൻസ് ആക്ട് പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷ സെസ് ഏർപ്പെടുത്തിയത്. ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സർക്കാർ 750 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് ബജറ്റ് പ്രസംഗം 2023-24 ഖണ്ഡിക 563 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

2023-ലെ ഫിനാൻസ് ആക്ട് പ്രകാരം പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 2023-24 സാമ്പത്തിക വർഷത്തിൽ 954.32 കോടി രൂപയും (Provisional) 2024-25 സാമ്പത്തിക വർഷത്തിൽ 977.78 കോടി രൂപയും (Provisional) 2025-

26 സാമ്പത്തിക വർഷത്തിൽ (2025 ആഗസ്റ്റ് 31 വരെ) 455.34 കോടി രൂപയും (Provisional) ലഭിച്ചിട്ടുണ്ട്.

ജി. എസ്. ടി. പരിഷ്കാരങ്ങൾ

63(2559) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി.എസ്.ടി. പരിഷ്കാരങ്ങൾ കാരണം അവശ്യസാധനങ്ങളുടെ വില കുറയുമ്പോൾ വിപണി കൂടുതൽ ചലനാത്മകമാകുമെന്നും അതുവഴി നഷ്ടപ്പെടാനിടയുള്ള നികുതി വരുമാനം നേടാൻ സാധിക്കും എന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18% എന്നീ നിരക്കുകളിലേക്ക് കുറച്ചുകൊണ്ടുവരുകയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ടി നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം വിപണിയെ എപ്രകാരം ബാധിക്കുമെന്നത് വിപണിയിലെ ഡിമാൻഡ് ഉൾപ്പെടെയുള്ള ഘടകങ്ങളെ ആശ്രയിച്ചാണുള്ളത്. അതിനാൽ തന്നെ ഇതുസംബന്ധിച്ച് ഒരു വിശകലനം ദുഷ്കരമാണ്.

നഗരസഭകൾക്കുള്ള പദ്ധതി വിഹിതം

64(2561) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് പദ്ധതി വിഹിതമായി തുക അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരം നഗരസഭകൾക്ക് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസനഫണ്ടിന്റെ പൊതുവിഭാഗം ഫണ്ട് വിഭജിക്കുന്നത് 2011 സെൻസസ് പ്രകാരം പട്ടികജാതി/പട്ടികവർഗ ഇതര ജനസംഖ്യ, വിസ്തീർണ്ണം, പാരിസ്ഥിതിക ദുർബല്യം, ഇല്ലായ്മയുടെ തോത്, വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

(ബി) ജനസംഖ്യ കൂടുതലുള്ള നഗരസഭകൾക്ക് കൂടുതൽ തുക അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ ഇതര ജനസംഖ്യ ഒരു മാനദണ്ഡമായതിനാൽ ജനസംഖ്യ കൂടുതലുള്ള നഗരസഭകൾക്ക് കൂടുതൽ തുക ലഭിക്കുന്നതാണ്.

(സി) പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാത്ത നഗരസഭകളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താറുണ്ടോ; എത്ര ശതമാനം വീതമാണ് വെട്ടിക്കുറയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാത്ത നഗരസഭകളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താറില്ല. മറിച്ച് വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനമെന്ന നിലയിൽ നഗരസഭകൾക്ക് അവരുടെ തനത് വരുമാനത്തിൽ മുൻവർഷത്തേതിനേക്കാൾ വർദ്ധനവുണ്ടെങ്കിൽ വർദ്ധനവിനനുസരിച്ചുള്ള തുക അധികമായി ലഭിക്കുന്നതാണ്;

തദ്ദേശ സ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാൻ നടപടി

65(2562) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വകുപ്പിലെ പി.എസ്.സി. മുഖേന നിയമനം ലഭിച്ച സ്ഥിര ജീവനക്കാരോട് ധനവകുപ്പ് അവഗണന കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ആയത് പുന:പരിശോധിക്കുമോ?

തദ്ദേശ സ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല

സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയത് സർക്കാരിന്റെ ഒരു വലിയ ആവർത്തന ബാധ്യതയായി തീരും, ഇതിനാൽ സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് 'ജി-സ്പാർക്ക്' സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്.

എങ്കിലും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ശമ്പള വിതരണവുമായും സ്പാർക്കുമായും ബന്ധപ്പെട്ടുള്ള വിഷയം പരിശോധിക്കുന്നതിനായി 05-06-2025-ലെ സ.ഉ. (സാധാ) നം.5022/2025/ധന., 26-06-2025-ലെ സ.ഉ.(സാധാ) നം.5438/2025/ധന. ഉത്തരവുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

പ്രസ്തുത വകുപ്പിലെ പി.എസ്.സി. മുഖേന നിയമനം ലഭിച്ച സ്ഥിര ജീവനക്കാരോട് ധനവകുപ്പ് അവഗണന കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാധകമല്ല.

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്കിൽനിന്നും ജൂനിയർ സൂപ്രണ്ടിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശിപാർശ എതിർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ ധനവകുപ്പ് മടക്കി അയച്ചതിന്റെ കാരണം എന്തൊക്കെയാണ്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നത് ചുവടെയുള്ള കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.

1. ഒരു ശമ്പള പരിഷ്കരണ ഉത്തരവിൽ പറയുന്ന ആനുകൂല്യം ആ ഉത്തരവിന്റെ കാലയളവിൽ മാത്രമാണ് ബാധകം. അടുത്ത ശമ്പള പരിഷ്കരണ ഉത്തരവിൽ ആ ആനുകൂല്യം ഉൾപ്പെട്ടിട്ടില്ലങ്കിൽ ആ ആനുകൂല്യം അതോടെ അവസാനിച്ചുവെന്ന് കണക്കാക്കുന്നതാണ് നിലവിലെ രീതി. കൂടാതെ ഇപ്പോഴുള്ളത് പതിനൊന്നാം ശമ്പള പരിഷ്കരണ കാലയളവാണ്. നാലാം ശമ്പള പരിഷ്കരണ കാലയളവിലെ ആനുകൂല്യം നൽകണമെന്ന ഭരണ വകുപ്പിന്റെ യുക്തി സ്വീകരിച്ചാൽ ധനപരവും ഭരണപരവുമായി അപ്രതീക്ഷിതമായ പ്രശ്നങ്ങളുണ്ടാകും

2. തദ്ദേശ വകുപ്പിൽ ഇക്കാലം വരെ എല്ലാ പഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലായിരുന്നു. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലെ സ്റ്റാഫുകളുടെയും തസ്തികകളുടെയും എണ്ണം എല്ലാ കാലത്തും വ്യത്യസ്തമായിരുന്നു. ഇത് അടിയന്തരമായി മാറ്റേണ്ട സാഹചര്യമില്ല. കൂടാതെ ബഹുഭ്രരിപക്ഷം പഞ്ചായത്തുകളിലും ഹെഡ്ക്ലാർക്ക് മാത്രമുള്ള പഞ്ചായത്തുകളിലും ഹെഡ് ക്ലാർക്കിന്റെ പ്രൊമോഷൻ തസ്തികയായ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിന് തുല്യമായ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ട്.

3. വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കിയിരിക്കുന്നതിനാൽ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുമ്പോൾ ഭാവിയിൽ സാമ്പത്തിക ബാധ്യതയുണ്ടാകും.

4. പഞ്ചായത്തുകൾക്ക് ശമ്പളം നൽകാനുള്ള ജനറൽ പർപ്പസ് ഗ്രാന്റ് എല്ലാ മാസവും സർക്കാരാണ് നൽകി വരുന്നത്. കൂടാതെ പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ പൂർണമായും സർക്കാരാണ് നൽകി വരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അഭിപ്രായത്തിന് പ്രസക്തിയില്ല.

ഇത്തരം വിഷയങ്ങൾ കാലാ കാലങ്ങളിൽ ബന്ധപ്പെട്ട ശമ്പള പരിഷ്കരണ കമ്മിഷനുകൾ നിർദേശിക്കുന്നതനുസരിച്ചാണ് നടപ്പിലാക്കുക. ആയതിനാൽ ഈ വിഷയം വരുന്ന ശമ്പള പരിഷ്കരണ കമ്മിഷന് മുന്നിൽ സമർപ്പിക്കാനുള്ള നിർദേശവും അറിയിച്ചിരുന്നു.

അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി.എഫ്.ഐ.ഒ.-മാരായി നിയമിക്കാൻ നടപടി

66(2563) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കുന്നതിനായി വകുപ്പിന്റെ ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി.എഫ്.ഐ.ഒ.-മാരായി നിയമിക്കേണ്ടതാണെന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരായി നിയമിക്കുന്ന വിഷയം പരിശോധിച്ചിട്ടില്ല.

(ബി) സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഡി.എഫ്.ഐ.ഒ.-മാർ അവരെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ ഓഫീസുകളിൽ പരിശോധന നടത്തുന്നതിലുള്ള അപാകത പരിഹരിക്കുന്നതിനായി ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി.എഫ്.ഐ.ഒ.-മാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച് 25-06-1996-ലെ ജി.ഒ.(എം.എസ്.) നം. 464/96/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്കനുസൃതമായി ജില്ലാ സ്ക്വാഡുകൾ സമയബന്ധിതമായി പരിശോധനകൾ നടത്തി അതുസംബന്ധിച്ച റിപ്പോർട്ടുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് സമർപ്പിച്ചുവരുന്നു. ആവശ്യമുള്ളപക്ഷം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ പരിശോധനയിൽ സഹായിക്കാൻ ധനകാര്യ പരിശോധന (എൻ.റ്റി.) വിങ്ങിലെ സെക്ഷനുകളുടെ സേവനവും ലഭ്യമാണ്. ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം എല്ലാ മാസവും ആയതിന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി വിലയിരുത്തി വരുന്നുണ്ട്. കൂടാതെ ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ ഓൺലൈൻ മീറ്റിങ്ങുകൾ വഴിയും നേരിട്ടും ധനകാര്യ പരിശോധന (നോൺ-ടെക്നിക്കൽ) വിങ്ങിൽനിന്നും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 126-ാം റിപ്പോർട്ടിലെ (2008-2011 കാലയളവിലെ) 71-ാം ഖണ്ഡികയിൽ നികുതി, ഊർജം, റവന്യു, വനം, എക്സൈസ് തുടങ്ങിയ വരുമാനമുണ്ടാക്കുന്ന എല്ലാ വകുപ്പുകളിലും ധനകാര്യ പരിശോധന വിഭാഗം നിർബന്ധമായും

കാലാനുസൃത പരിശോധനകൾ നടത്തുകയും അത്തരം പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകളെയും കുറവുകളെയും ഫലപ്രദമായി പിന്തുടരുകയും വേണമെന്നും ഈ ഉത്തരവാദിത്തം ഫലപ്രദമായ രീതിയിൽ നിറവേറ്റുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. ആയത് പരിശോധനകളുടെ അളവും മേന്മയും മെച്ചപ്പെടുത്തുമെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുന്നതായിരിക്കും.

പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.

67(2564) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോട്ടുകുറിശ്ശി ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോട്ടുകുറുശ്ശി ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നിലവിൽ 70% പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തികരിച്ചിട്ടുണ്ട്. രണ്ടാമത്തെ നിലയുടെ masonry work പുരോഗമിച്ചുവരുന്നു. ടി പദ്ധതി 2025 ഡിസംബർ 31 ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ 2023-24, 2024-25 വർഷങ്ങളിലെ പ്രവൃത്തികൾ

68(2565) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ എത്ര പ്രവൃത്തികൾ അനുവദിച്ചുവെന്നും പ്രസ്തുത പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിനായി ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. പ്രസ്തുത പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

എച്ച് - വൺ. ബി. വിസയും കേരള സമ്പദ്ഘടനയും

69(2567) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്- വൺ. ബി. വിസയുടെ ഫീസ് കുത്തനെ കൂട്ടിയ അമേരിക്കൻ നടപടി കേരള സമ്പദ്ഘടനയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത് സംബന്ധിച്ച് സർക്കാർ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. അതേ സമയം ലഭ്യമായ വിവരങ്ങളനുസരിച്ച് ഐ.ടി. മേഖലയിലെ സർവീസ് ലഭ്യമാക്കുന്ന കമ്പനികൾക്ക് എച്ച്-വൺ. ബി. വിസയുടെ ഫീസ് ഉയർത്തിയത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കും. ഫിൻ ടെക്, ബിസിനസ് ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ ഡെവലപ്മെന്റ്) എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കേരളം ആസ്ഥാനമായുള്ള ഐ.ടി. കമ്പനികളുടെ പ്രധാനപ്പെട്ട മാർക്കറ്റ് യു.എസ്. ആയതിനാൽ ടി കമ്പനികളുടെ റവന്യൂ വരുമാനത്തെ പുതിയ നടപടി സ്വാഭാവികമായും പ്രതികൂലമായി ബാധിക്കും. കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾ അവരുടെ ജീവനക്കാരിൽ ഒരു വിഭാഗത്തെ 'ഓൺ സൈറ്റ് ' ആയി യു.എസ്.-ലേക്ക് അയക്കാറുണ്ട്. 'ഓൺ സൈറ്റ്' ആയി യു.എസ്.-ൽ ജോലി ചെയ്യുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കേരളത്തിലേക്കുള്ള വിദേശ നാണ്യത്തിന്റെ ഇടിവിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നടപ്പുവർഷ ബജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഒരു പരിധിവരെ ഈ പ്രതിസന്ധി പരിഹരിക്കാൻ ഉപകരിക്കുമെന്ന് കരുതുന്നു.

ആധുനിക സാങ്കേതിക വിദ്യകളും ആഗോള ബിസിനസ് രീതികളും പരിചയപ്പെടുത്തി തൊഴിൽ ലഭ്യമാക്കുന്ന നിർണ്ണായക ഘടകങ്ങളായ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ

(ജി.സി.സി.) പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഐ.ടി. മേഖലയിൽ കേരളത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

ജി.സി.സി. പാർക്കുകൾ സജ്ജീകരിക്കുന്നതിനും സാധ്യത പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അഞ്ച് കോടി രൂപ നീക്കി വയ്ക്കുമെന്ന് 2025-26 ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.

കൂടാതെ, 2 കോടി രൂപ അന്തർദേശീയ ജി.സി.സി. കോൺക്ലേവ് സംഘടിപ്പിക്കുന്നതിനായി നീക്കിവയ്ക്കുമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.

ഇതോടൊപ്പം തന്നെ ഐ.ടി. മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സഹായിക്കുന്ന പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ച കണ്ണൂർ വിമാനത്താവളത്തിന് സമീപം 25 ഏക്കർ ക്യാമ്പസിൽ നിലവിൽ വരുന്ന ഐ.ടി. പാർക്ക്, തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളുടെയോ ഭൂമിയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് KIIFB, KINFRA, കൊല്ലം കോർപ്പറേഷൻ എന്നിവർ ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരത്തിൽ ഒരു ഐ.ടി. പാർക്ക് എന്നിവ.

റിവേഴ്സ് മൈഗ്രേഷനെത്തുടർന്ന് യു.എസ്.എ.-യിൽനിന്നും മടങ്ങിയെത്തുന്ന ഐ.ടി. മേഖലയിൽ പ്രവർത്തന പരിചയമുള്ളവരുടെ സേവനം പ്രയോജനപ്പെടുമെന്നും ആയത് ടി മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുമെന്നും കരുതുന്നു.

(സി) ഈ നടപടി കേരളത്തിലെ ഐ.ടി. രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ഐ.ടി. കമ്പനികൾ അവരുടെ ബിസിനസ് വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുകൂടിയാണ് എച്ച്- വൺ. ബി. വിസയെ കാണുന്നത്. ടി വിസയുടെ ഫീ ഉയർത്തിയ സാഹചര്യത്തിൽ കമ്പനികൾക്ക് കൂടുതൽ തുക മുടക്കേണ്ടി വരുന്നത് കമ്പനികളുടെ ബിസിനസ് വിപുലീകരണ ഉദ്യമങ്ങൾക്ക് വിഘാതമായി തീർന്നേക്കാം.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

70(2568) ശ്രീമതി ഒ എസ് അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും നവീകരണത്തിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെറുന്നിയൂർ ഓട്ടൂർറോഡ്: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - വർക്കല മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന ചെറുന്നിയൂർഓട്ടൂർ റോഡിന് 01-11-2016-ലെ G.O. (Rt) No.1502/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതിയും 18-09-2017-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 32.34 കോടി രൂപക്ക് കിഫ്ബി ധനാനുമതി

നൽകുകയുണ്ടായി. ഈ പ്രവൃത്തി M/s Thajudeen A എന്ന കരാറുകാരൻ 2018-ൽ ഏറ്റെടുക്കുകയും 05-09-2020-ന് പദ്ധതി പൂർത്തിയാകക്കുകയും അത് ഉറപ്പുവരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രസ്തുത പ്രവൃത്തിക്ക് പ്രസിദ്ധികരിച്ചിട്ടുണ്ട്.

2. ആലംകോട് - മീരാൻകടവ് റോഡ്: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - ചിറയിൻകീഴ് മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന ആലംകോട് മീരാൻകടവ് റോഡിന്റെ ആകെ നീളം 8.915 കി.മീറ്ററാണ്. ഈ നിർമ്മാണ പദ്ധതിക്ക് 20-08-2016-ൽ 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 21-04-2023-ൽ 47.11 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. ഈ റോഡിന്റെ ആലംകോട് മുതൽ തൊട്ടികല്ല് വരെയുള്ള 1.5 km ഇരുവശവും തൊട്ടിക്കല്ല് മുതൽ 5 km ദൂരം ഒരു വശവുമാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. ഈ പ്രവൃത്തി നിലവിൽ 89% പുരോഗതി കൈവരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. കായിക്കര പാലവും അനുബന്ധ റോഡ്-നിർമ്മാണവും: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ വക്കം, അഞ്ചുതെങ്ങ് എന്നീ വില്ലേജുകളെ തമ്മിൽ ബന്ധപ്പിക്കുന്ന TS കനാലിന് കുറുകെ നിർമ്മിക്കുന്ന കായിക്കരപാലവും അപ്രോച്ച് റോഡുകളുടെയും നിർമ്മാണത്തിന് 25 കോടിയുടെ ഭരണാനുമതി 01-07-2017-ലെ G.O.(Rt).No.942/2012/PWD പ്രകാരം നൽകുകയുണ്ടായി.

തുടർന്ന് കിഫ്ബിയിൽ നിന്നും 33.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 30-11-2024-ലെ ഉത്തരവ് No.PWD016-27/PE-19-PAD/2024/KIIFB പ്രകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തി M/s ARS Jasmin Constructions എന്ന കരാറുകാരനുമായി Agt. No. 14/PWD016-27-05/PD/PMU-KRFB/2025-26 dated 19-08-2025 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്.

പുന്നമൂട് ജംഗ്ഷൻ റെയിൽവേ മേൽപ്പാലം നിർമ്മാണം: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നിയോജകമണ്ഡലങ്ങളിലെ നിർമ്മിക്കുന്ന പുന്നമൂട് ജംഗ്ഷൻ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് 37.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 13-01-2021-ലെ G.O. (Rt).No.46/2021/PWD പ്രകാരം നൽകുകയുണ്ടായി. തുടർന്ന് കിഫ്ബിയിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനും പദ്ധതി നിർമ്മാണത്തിനുമായി 36.88 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 20-03-2022-ലെ ഉത്തരവ് No. PWD011-27/PE-6-PAD/2022/KIIFB പ്രകാരം ലഭിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. 07-08-2024-ന് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചുള്ളതമാണ്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതിക്ക് സാങ്കേതികാനുമതി നേടി നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നടപടികൾ പ്രവൃത്തി നിർമ്മാണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; മറ്റ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെറുന്നിയൂർ ഓട്ടൂർ റോഡ്: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - വർക്കല മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന ചെറുന്നിയൂർ ഓട്ടൂർ റോഡിന് 01-11-2016-ലെ G.O.(Rt) No.1502/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതിയും 18-09-2017-ലെ നടപടിക്രമ ഉത്തരവുപ്രകാരം 32.34 കോടി രൂപക്ക് കിഫ്ബി ധനാനുമതി നൽകുകയുണ്ടായി. ഈ പ്രവൃത്തി M/s Thajudeen A എന്ന കരാറുകാരൻ 2018-ൽ ഏറ്റെടുക്കുകയും 25-09-2020-ന് പദ്ധതി പൂർത്തിയാകക്കുകയും അത് ഉറപ്പ് വരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രസ്തുത പ്രവൃത്തിക്ക് പ്രസിദ്ധികരിച്ചിട്ടുണ്ട്.

2. ആലംകോട് - മീരാൻകടവ് റോഡ്: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - ചിറയിൻകീഴ് മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന ആലംകോട് മീരാൻകടവ് റോഡിന്റെ ആകെ നീളം 8.915 കി.മീറ്ററാണ്. ഈ നിർമ്മാണ പദ്ധതിക്ക് 20-08-2016-ൽ 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 21-04-2023-ൽ 47.11 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. ഈ റോഡിന്റെ ആലംകോട് മുതൽ തൊട്ടികല്ല് വരെയുള്ള 1.5 km ഇരുവശവും തൊട്ടിക്കല്ല് മുതൽ 5 km ദൂരം ഒരു വശവുമാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. ഈ

പ്രവൃത്തി നിലവിൽ 89% പുരോഗതി കൈവരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. കായിക്കര പാലവും അനുബന്ധ റോഡ്-നിർമ്മാണവും: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ - ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ വക്കം, അഞ്ചുതെങ്ങ് എന്നീ വില്ലേജുകളെ തമ്മിൽ ബന്ധപ്പിക്കുന്ന TS കനാലിന് കുറുകെ നിർമ്മിക്കുന്ന കായിക്കരപാലവും അപ്രോച്ച് റോഡുകളുടെയും നിർമ്മാണത്തിന് 25 കോടി രൂപയുടെ ഭരണാനുമതി G.O. (Rt).No.942/2012/PWD dated 01-07-2017 പ്രകാരം നൽകുകയുണ്ടായി. തുടർന്ന് കിഫ്ബിയിൽനിന്നും 33.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 30-11-2024-ലെ ഉത്തരവ് No.PWD016-27/PE-19-PAD/2024/KIIFB പ്രകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തി M/s ARS Jasmin Constructions എന്ന കരാറുകാരനുമായി Agt. No. 14/PWD016-27-05/PD/PMU-KRFB/2025-26 dated 19-08-2025 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്.

പുന്നമൂട് ജംഗ്ഷൻ റെയിൽവേ മേൽപ്പാലം നിർമ്മാണം: തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നിയോജകമണ്ഡലങ്ങളിലെ നിർമ്മിക്കുന്ന പുന്നമൂട് ജംഗ്ഷൻ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് 37.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി G.O.(Rt).No.46/2021/PWD dated 13-01-2021 പ്രകാരം നൽകുകയുണ്ടായി. തുടർന്ന് കിഫ്ബിയിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനും പദ്ധതി നിർമ്മാണത്തിനുമായി 36.88 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 20-03-2022-ലെ ഉത്തരവ് No.PWD011-27/PE-6-

PAD/2022/KIIFB പ്രകാരം ലഭിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. 07-08-2024-ന് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചുള്ളതമാണ്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് സാങ്കേതികാനുമതി നേടി നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നടപടികൾ പ്രവൃത്തി നിർമ്മാണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

71 (2569) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം പദ്ധതിക്ക് സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന പൂർത്തീകരിക്കുന്നതിന് 15 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടോ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കി എന്നേക്ക് ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-ഡി) കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന ₹15 കോടി രൂപ 2016-17-ലെ ബജറ്റിൽ അനുവദിച്ചിരുന്നു. 27-10-2016-ലെ സ.ഉ. (സാധാ) നമ്പർ 846/2016/ജ.വി.വ., 28-10-2016-ലെ സ.ഉ. (സാധാ) നമ്പർ 850/2016/ജ.വി.വ. ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കാണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. എന്നാൽ 06-01-2021-ലെ സ.ഉ. നമ്പർ 16/2021/ജ.വി.വ. പ്രകാരം പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി.

കെ.ഐ.ഐ.ഡി.സി. ഡിസൈനും ഡ്രോയിങ്ങുകളും എസ്റ്റിമേറ്റും തയാറാക്കി ഡി.പി.ആർ. സാമ്പത്തിക അനുമതിക്കായി 28-10-2020-ന് കിഫ്ബിയിലേക്ക് സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ.-ന്റെ സൂക്ഷ്മ പരിശോധനയ്ക്കായി ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചപ്പോൾ നിലവിലുള്ള ഇറിഗേഷന്റെ അധീനതയിലുള്ള പമ്പ് ഹൗസുകളുടെ പമ്പുകൾ പരിപാലിക്കുകയും പാടശേഖരങ്ങളിലേക്കുള്ള ജലവിതരണ കനാലുകൾ കൂടി നന്നാക്കുന്ന പ്രവൃത്തി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമായി കണ്ടെത്തി നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസിയെ അറിയിച്ചു.

തുടർന്ന് 08-11-2024-ന് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. കിഫ്ബിയുടെ സഹായം അഭ്യർഥിക്കുകയും കിഫ്ബി പ്രസ്തുത ചുമതല സി.എം.ഡി.-യെ 06-12-2024-ന് ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് സി.എം.ഡി. 30-09-2025-ന് അന്തിമ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി.-യിൽ സമർപ്പിച്ചിട്ടുണ്ട്. ആയത്

പരിശോധിച്ച് കാലതാമസം കൂടാതെ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസി ആയ കെ.ഐ.ഐ.ഡി.സി. അറിയിച്ചിട്ടുണ്ട്. അന്തിമ ഡി.പി.ആർ. കിഫബിയിൽ സമർപ്പിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡമനുസരിച്ച് തൃപ്തികരമാകുന്നപക്ഷം കിഫ്ബി ജനറൽ ബോഡിയിൽവച്ച് അംഗീകാരം ലഭ്യമാക്കി സാമ്പത്തികാനുമതി നൽകാവുന്നതാണ്.

സാമ്പത്തികാനുമതി ലഭ്യമായാൽ പദ്ധതി നിർവഹണ ഏജൻസിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകൾ

72 (2570) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനകാര്യ അനുമതി നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

73(2571) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദശാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കിഫ്ബിയിൽ ധനകാര്യ അനുമതിക്കായി സമർപ്പിച്ച കല്ല്യാശ്ശേരി-പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

10-07-2017-ലെ G.O. (Rt) No. 942/2017/PWD പ്രകാരം 25 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസിയായ KRFB കിഫ്ബിക്ക് DPR സമർപ്പിച്ചിരുന്നതും ആയത് അവലോകനം നടത്തി പ്രവൃത്തിയുടെ ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കുന്നതിന് 20-10-2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 2.41 കോടി രൂപക്ക് ധനാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിൽ മൂലക്കീൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. Expert committee രൂപീകരിച്ചു. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. മൂല്യനിർണ്ണയ പ്രവൃത്തികൾ പൂർത്തീകരിച്ചു.

റവന്യൂ വകുപ്പ് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവഹണ ഏജൻസി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ സിവിൽ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

74(2572) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-2019, 2019-2020 വർഷങ്ങളിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ ഇതുവരെ ധനാനുമതി നൽകാത്തതുമായ നാദാപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

2016-17, 2017-18, 2018-19, 2019-20 കാലഘട്ടങ്ങളിൽ കിഫ്ബി മുഖേന നടപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ നിയോഗിച്ച പദ്ധതി നിർവഹണ ഏജൻസികൾ കിഫ്ബിക്ക് DPR സമർപ്പിച്ചതും എന്നാൽ ധനാനുമതി നൽകാത്തതുമായ പദ്ധതികൾ മൂന്നാം കൈ കരിങ്ങാട് കൈവേലി റോഡിന്റെ നവീകരണം, കായപ്പനച്ചി - കുന്നുംചിറ - എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ നവീകരണം എന്നിവയാണ്.

(ബി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി ഇതുവരെ ധനാനുമതി നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ലഭ്യമായ റൈറ്റ് ഓഫ് വേ 10 മീറ്ററിൽ താഴെയായതിനാലും വാഹന സാന്ദ്രത കൂടുവായതിനാലും കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ സാധിക്കാത്തതിനാലാണ് മൂന്നാം കൈ കരിങ്ങാട് കൈവേലി റോഡിന് ധനാനുമതി നൽകാത്തത്.

കായപ്പനച്ചി-കുന്നുംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുന്നതായി പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊജക്ട് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിരിക്കുന്ന പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച സാധ്യതാ റിപ്പോർട്ടിനോടൊപ്പം റോഡ് വികസനത്തിനുള്ള ഭൂമി ഫ്രീ സറണ്ടർ വഴി ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഫ്രീ സറണ്ടർ വഴി ഭൂമി ലഭ്യമാക്കുന്നതിന് പരിമിതികളുണ്ടെന്നും അതിനാൽ ചെയിനേജ് 0/000 മുതൽ 3/775 വരെയുള്ള ഭാഗം 8.0 മീറ്റർ വീതിയിലും 4/125 മുതൽ 6/710 വരെയുള്ള ഭാഗം 10 മീറ്റർ വീതിയിലും (നിലവിലുള്ള വീതി) റോഡ് നവീകരിക്കുന്നതിനുള്ള ശിപാർശ കെ.ആർ.എഫ്.ബി. കിഫ്ബിയെ അറിയിച്ചിരുന്നു. കൂടാതെ ചെയിനേജ് 3/775 മുതൽ 4/125 വരെ 8 മീറ്റർ വീതിയിലും ചെയിനേജ് 4/125 മുതൽ 6/710 വരെ 10 മീറ്റർ വീതിയിലും അടുത്തിടെ വികസിപ്പിച്ച ബി.എം.&ബി.സി. റോഡുകളുമായി ഓവർലാപ്പ് ഉണ്ട്. കിഫ്ബി മാനദണ്ഡ പ്രകാരം പ്രസ്തുത റോഡിന്റെ വീതി അപര്യാപ്തമായതിനാൽ മേൽപ്പറഞ്ഞ

രീതിയിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള ശിപാർശ പരിഗണിക്കേണ്ടതില്ലെന്ന് 31-07-2025-ന് കിഫ്ബി സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത റോഡിന് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല.

(സി) 2016-17 മുതൽ 2023-2024 വരെയുള്ള വർഷങ്ങളിലെ ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ?

(സി&ഡി) വിവിധ വർഷങ്ങളിലെ ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള നാദാപുരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, "വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)"എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു+. "വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (പൊതുമരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖകളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

75(2573) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ധനസഹായത്തോടെ ആലത്തൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി ധനാനുമതി നൽകിയതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, മറ്റ് പ്രവൃത്തികൾ എന്നിവയുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[2].

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ സ്കൂൾ നവീകരണം

76(2574) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളാണ് നവീകരിച്ചത്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പിലായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇനിയും നടപ്പാക്കേണ്ട പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആകെ 15 സ്കൂളുകൾ നവീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ആകെ 31.84 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി ഇതുവരെ നൽകിയത്. ഇതിൽ 19.77 കോടി രൂപയുടെ ധനാനുമതി നൽകിയ 7 സ്കൂളുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി പൂർത്തിയാക്കാനുള്ള 8 സ്കൂളുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പൂർത്തിയാക്കിയ പദ്ധതികളുടെ വിവരങ്ങളും ഇനി പൂർത്തികരിക്കേണ്ട പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പാഠശാല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

77(2575) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്നും ടി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) പാഠശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ടത്തി വരുന്ന പ്രവൃത്തികളുടെ വകുപ്പ് തിരിച്ചുള്ള വിവരം, ടി പ്രവൃത്തികൾക്ക് കിഫ്ബി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച തുക, പ്രവൃത്തികളുടെ പദ്ധതി നിർവഹണ ഏജൻസികൾ, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുൾപ്പടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പാറശാല നിയോജകമണ്ഡലത്തിൽ കില നിർവഹണ ഏജൻസിയായിട്ടുള്ള സ്കൂളുകളുടെ നിർമ്മാണം, തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം എന്നീ കിഫ്ബി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കില നിർവഹണ ഏജൻസിയായ സ്കൂളുകളുടെ നിർമ്മാണം

പാറശ്ശാല നിയോജകമണ്ഡലത്തിൽ കില നിർവഹണ ഏജൻസിയായ 5 സ്കൂളുകളിൽ NKM Govt HSS Dhanuvachapuram, Govt HSS Anavoor എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ചിട്ടില്ലാത്ത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) GVHSS PARASSALA - മൂന്ന് കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ 30% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. Ground floor works പൂർത്തിയായി first floor-ന്റെ നിർമ്മാണം നടത്തേണ്ടതായിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്തുനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നതിനാൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കണം എന്ന് കാണിച്ച് പദ്ധതി നിർവഹണ ഏജൻസി കത്ത് നൽകിട്ടുണ്ട്.

2) Gov. HSS Mylachal - ഒരു കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം 15% പൂർത്തികരിച്ചിട്ടുണ്ട്. ടി പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു.

3) Gov. HSS Keezharoor- ഒരു കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവൃത്തിയുടെ കരാറുകാരനെ risk and cost-ൽ ഉൾപ്പെടുത്തി കരാർ റദ്ദ് ചെയ്തിട്ടുണ്ട്. തുടർന്ന് ടി പ്രവൃത്തിയുടെ Package close ചെയ്ത്, Tender നടപടികൾ പൂർത്തിയാക്കിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെടുന്നതിന് നിർവഹണ ഏജൻസിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തി

തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായ പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ 80% പൂർത്തീകരിച്ചു. രണ്ട് നിലകളിലായി വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം നിലയിലെ painting, Floor Tiling എന്നിവ പൂർത്തിയാക്കാനുണ്ട്. ഇതുകൂടാതെ ബാലൻസ് Plumbing പ്രവൃത്തികൾ, റൂഫിങ് ഷീറ്റ് പ്രവൃത്തികൾ, മത്സ്യകച്ചവടത്തിനായുള്ള stainless steel

trolley-കൾ സജ്ജമാക്കൽ, ഗ്രൗണ്ട് ഇന്റർലോക്ക് പാകൽ എന്നിവ കൂടി പൂർത്തിയാക്കാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് പ്രവൃത്തിയുടെ പദ്ധതി നിർവഹണ ഏജൻസിയായ തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

78(2576) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; ഇവയിൽ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ പട്ടികയായി ഉള്ളടക്കം ചെയ്തിട്ടുണ്ട്+. ഇവയിൽ പൂർത്തീകരിച്ചതും (ക്രമനം.3,4,6,7,10,11,17) നിർമ്മാണത്തിലിരിക്കുന്നതുമായ (ക്രമ നം.8,9, 15) പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ നിർമ്മാണം ആരംഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികളിൽ നിർമ്മാണം ആരംഭിക്കാത്ത പദ്ധതികൾ ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിലെ ക്രമ നം.1, 2, 5, 12, 13, 14, 16 എന്നിവയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടി പദ്ധതികളുൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന എല്ലാ പദ്ധതികളുടേയും പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു.മന്ത്രിമാർ/എം.എൽ.എ.-മാർ/ഭരണ വകുപ്പ് സെക്രട്ടറിമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും കിഫ്ബിയിലെ വിവിധ ഉദ്യോഗസ്ഥ തലത്തിലും യോഗങ്ങൾ ചേർന്നുവരുന്നതോടൊപ്പം പദ്ധതി നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം അവ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിശോധിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തിയാക്കലും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയിലെ ഇൻസ്പെക്ഷൻ വിഭാഗം സ്ഥലസന്ദർശനം നടത്തിവരികയും ചെയ്യുന്നുണ്ട്.

ജി.എസ്.ടി. നികുതി വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി

79(2578) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ ആകെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിലൂടെ വിവിധ വെർട്ടിക്കലുകൾ രൂപീകരിക്കുകയുണ്ടായി. അതിലൂടെ നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകാനും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ തുടർന്നും സ്വീകരിക്കും. ടാക്സ് സ്പെയർ സർവീസസ്സ്, നികുതി ദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തിരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ഇൻസ്പെക്ഷൻ

നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി അവർക്ക് നൽകേണ്ട നികുതി റീഫണ്ടുകൾ വേഗത്തിലാക്കാൻ വേണ്ടി സെൻട്രൽ റീഫണ്ട് പ്രോസസ്സിങ് ഫോർമേഷൻ (CRPF) രൂപീകരിച്ചിട്ടുണ്ട്. അത് പരീക്ഷണാടിസ്ഥാനത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ തുടർനടപടികൾ സ്വീകരിക്കും. ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നികുതിദായകർക്ക് അവരുടെ നികുതി നിർണ്ണയ നോട്ടീസുകളിന്മേൽ വാദം കേൾക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും വകുപ്പിന്റെ ഓഫീസുകൾ സന്ദർശിക്കാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തി നികുതി നിർണ്ണയം നടത്താനുള്ള 'faceless adjudication' പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.

കൃത്യമായി നികുതി ഒടുക്കി ബിസിനസ്സ് നടത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യാനും നികുതി വെട്ടിപ്പുകാരെ കൃത്യമായി മനസ്സിലാക്കി ശിക്ഷിക്കാനുമുള്ള പ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ചുവരുന്നതിലൂടെ സംസ്ഥാനത്ത് ഒരു ബിസിനസ്സ് സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ജി.എസ്.ടി. ചോർച്ച തടയുന്നതിനുള്ള ടെക്നോളജി അധിഷ്ഠിത മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. വെട്ടിപ്പ് തടയുക എന്ന ലക്ഷ്യ പൂർത്തീകരണത്തിനുവേണ്ടി ടെക്നോളജി അധിഷ്ഠിത മാർഗ്ഗമായി വകുപ്പ് ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ GST Common Portal-ലെ റിപ്പോർട്ടുകളും specialized ആയിട്ടുള്ള Analytics Portal-കളായ BIFA (Business Intelligence & Fraud Analytics), E-Way Bill Analytics Portal, GST Prime തുടങ്ങിയ സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു.

ഓപ്പറേഷൻ പാം ട്രീ

80(2579) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പ് നടത്തിയ ഓപ്പറേഷൻ പാം ട്രീ-യുമായി ബന്ധപ്പെട്ട് എത്ര കോടിയുടെ അനധികൃത ജി.എസ്.ടി. ഇടപാടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓപ്പറേഷൻ 'പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയിഡിൽ പ്രഥമ ദൃഷ്ടിയാൽ 1,170 കോടി രൂപയുടെ വ്യാജ ഇടപാടുകൾ കണ്ടെത്തി.

(ബി) പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് നികുതിയായി എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് നികുതിയായി നാളിതുവരെ 1.89 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) വ്യാജ മേൽവിലാസങ്ങൾ ഉപയോഗിച്ച് ഇൻപുട്ട് ടാക്സ് വെട്ടിച്ച എത്ര സ്ഥാപനങ്ങൾ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വ്യാജ മേൽവിലാസങ്ങൾ ഉപയോഗിച്ച് ഇൻപുട്ട് ടാക്സ് വെട്ടിച്ച 148 സ്ഥാപനങ്ങൾ ഈ കേസിലുൾപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇവർക്കെതിരെ സ്വീകരിച്ച അറസ്റ്റ് അടക്കമുള്ള തുടർനടപടികൾ വിശദമാക്കുമോ?

ഓപ്പറേഷൻ "പാം-ടീ"-യുമായി ബന്ധപ്പെട്ട് 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. പരിഷ്കരണത്തിന്റെ നികുതി ഇളവുകൾ

81(2580) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പരിഷ്കരണത്തിന്റെ ഫലമായുള്ള നികുതി ഇളവുകൾ ഉണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ ജി.എസ്. ടി. നിയമത്തിൽ എന്തൊക്കെ വ്യവസ്ഥകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിയമ സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണവേളയിൽ രജിസ്ട്രേഷനുള്ള ഒരു നികുതിദായകൻ പ്രസ്തുത നിയമത്തിൻകീഴിലെ നോട്ടിഫിക്കേഷനുകൾ പ്രകാരമുള്ള നിരക്കുകൾ ഈടാക്കാതിരിക്കുകയോ തെറ്റായ നിരക്ക് ഈടാക്കുകയോ ചെയ്തുവെന്ന് കണ്ടെത്തിയാൽ നിയമത്തിലെ സെക്ഷൻ 74A പ്രകാരം നികുതി തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതും ഈ പ്രവൃത്തി ചെയ്തത് ടി

നികുതിദായകന്റെ ബോധ്യത്തോടുകൂടിയുമാണെന്ന് കണ്ടെത്തിയാൽ പിഴ ഈടാക്കുന്നതിനുമുള്ള വ്യവസ്ഥകളും നിയമത്തിലുണ്ട്.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളം കൂടി മുൻകൈ എടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം 2025 ഏപ്രിൽ മുതൽ ഈ സംവിധാനം നിർത്തലാക്കപ്പെട്ടു.

(ബി) ഉണഭോക്താക്കൾക്ക് നികുതിയിളവുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18% നിരക്കുകളിലേക്ക് കുറച്ചുകൊണ്ടുവരുകയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്സ്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഏതൊരു പരിഷ്കാരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണമെന്ന ശക്തമായ നിലപാടാണ് കേരളം കൗൺസിലിൽ കൈക്കൊണ്ടത്.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളംകൂടി മുൻകൈയെടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ 53-ാം ജി.എസ്.ടി.

കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം 2025 ഏപ്രിൽ മുതൽ ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇതുസംബന്ധിച്ച ആശങ്കകൾ പങ്കുവയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജി.എസ്.ടി. പരിഷ്കരണം

82(2582) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ജി.എസ്.ടി.-യിൽ വരുത്തിയിട്ടുള്ള കുറവ് സംസ്ഥാനത്തെ വിപണിയിൽ വിലക്കുറവ് സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18% നിരക്കുകളിലേക്ക് കുറച്ചുകൊണ്ടുവരുകയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.

നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം, വിപണിയിൽ ഉണ്ടാക്കുന്ന വ്യതിയാനങ്ങൾ വിവിധ ഘടകങ്ങൾ ആസ്പദമാക്കിയാണ്. അതിനാൽ വിപണിയുടേയും

വ്യവസായത്തിന്റേയും പല ഘടകങ്ങൾ ആസ്പദമാക്കി ഇത്തരം ഒരു വ്യക്തമായ വിശകലനം ദുഷ്കരമാണ്.

(ബി) കേന്ദ്രസർക്കാർ ജി.എസ്.ടി.-യിൽ വരുത്തിയിട്ടുള്ള കുറവ് സംസ്ഥാനത്തെ വിപണിയിൽ പ്രതിഫലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കിൽ മാറ്റം ഉൾപ്പെടുത്തുകയും ചെയ്തു.

ഏതൊരു നികുതി പരിഷ്കാരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണമെന്ന ശക്തമായ നിലപാടാണ് കേരളം കൗൺസിലിൽ കൈക്കൊണ്ടത്.

ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളം കൂടി മുൻകൈയെടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം 2025 ഏപ്രിൽ മുതൽ ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇതുസംബന്ധിച്ച ആശങ്കകൾ പങ്കുവെയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) ജി.എസ്.ടി. നടപ്പിലാക്കിയത് മുതൽ നാളിതുവരെ സംസ്ഥാനത്തുനിന്ന് ലഭ്യമായിട്ടുള്ള ആകെ ജി.എസ്.ടി. വരുമാനം എത്രയാണെന്നും അതിൽ സംസ്ഥാന വിഹിതമായി എത്ര ലഭിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷം മുതൽ 2025-26 ഓഗസ്റ്റ് മാസം വരെ ലഭ്യമായിട്ടുള്ള ജി.എസ്.ടി. വരുമാനം (എസ്.ജി.എസ്.ടി. ക്യാഷ് കളക്ഷനും ഐ.ജി.എസ്.ടി. സെറ്റിൽമെന്റും ഉൾപ്പെടെ) സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ഡി) സംസ്ഥാനത്തിന് നാളിതുവരെ ലഭിച്ചിട്ടുള്ള ജി.എസ്.ടി. നഷ്ടപരിഹാരം എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തിന് നാളിതുവരെ ലഭിച്ചിട്ടുള്ള ജി.എസ്.ടി. നഷ്ടപരിഹാരം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിലെ റെയ്ഡുകൾ

83(2583) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനിടെ സ്വർണ്ണവ്യാപാര സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്രത്തോളം ടേൺഓവർ ഒളിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് എത്രത്തോളം നികുതി മൂല്യം കണ്ടെത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇതുവരെ സർക്കാരിന് എത്ര വരുമാനം വീണ്ടെടുക്കാനായി എന്ന് വിശദമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ജി.എസ്.ടി. ഓഫീസുകൾക്കുള്ള വാടക

84(2584) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. അപ്പീൽ ട്രൈബ്യൂണൽ, ജി.എസ്.ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ജി.എസ്.ടി. ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ്, എറണാകുളത്തെ ഓഡിറ്റ് ടീമുകൾ എന്നിവയുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതിചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ്; പ്രതിമാസം നൽകേണ്ട വാടക എത്രയാണ്; വാടക കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്ര; വിശദമാക്കാമോ?

വകുപ്പ് വാടകക്കെടുത്തിരിക്കുന്ന വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതിചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടത്തിന്റെ മൊത്ത വിസ്തീർണം 4622.23 sq.m

ആണ് (49753.68 sq.ft). പ്രതിമാസം KMRL ആവശ്യപ്പെടുന്ന വാടക 21,16,094/- രൂപ. വാടക കരാർ ഒപ്പുവച്ചിട്ടില്ല.

(ബി) വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ ഫർണിഷിങ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇന്റീരിയർ ഫർണിഷിങ്ങിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ പ്രസ്തുത കെട്ടിടത്തിൽ യാതൊരുവിധ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. ഇന്റീരിയർ ഫർണിഷിങ് വർക്കുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി നികുതി വകുപ്പ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസ് എറണാകുളത്തിന് നിർദേശം നൽകിയിട്ടുണ്ട്.

(സി) ഇന്റീരിയർ ജോലികൾ ആരാണ് നിർവ്വഹിക്കുക; എപ്പോഴാണ് പൂർത്തീകരിക്കുക; കരാറുകാരന്റെ പേര് എന്താണ്; മേൽപ്പറഞ്ഞ യൂണിറ്റുകൾ നിർദിഷ്ട സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കുമോ?

ഇന്റീരിയർ ഫർണിഷിങ് വർക്കുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി നികുതി വകുപ്പ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസ് എറണാകുളത്തിന് നിർദേശം നൽകിയിട്ടുണ്ട്.

ജി.എസ്.ടി. പരിഷ്കരണത്തെ തുടർന്നുള്ള വരുമാന നഷ്ടം

85(2585) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. പരിഷ്കരണത്തിനെ തുടർന്ന് വരുമാന നഷ്ടം ഉണ്ടാകുന്നതിനാൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ ജി.എസ്.ടി. നിരക്കുകൾ നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് പതിനാറാം ധനകാര്യ കമ്മീഷന് 2025 സെപ്തംബർ മാസത്തിൽ ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

ജി.എസ്.ടി. നിരക്കുകളിൽ മാറ്റം വരുത്തിയ നടപടി

86(2586) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാർ ജി.എസ്.ടി.-യിൽ കൊണ്ടുവന്നിരിക്കുന്ന രണ്ട് സ്ലാബ് സമ്പ്രദായത്തിലൂടെ ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുകയും അതിൻ പ്രകാരം നിലവിലെ 12%, 28% നിരക്കുകൾ ബാധകമാകുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചുകൊണ്ടുവരികയും 28% ബാധകമായ ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, ലോട്ടറി, എയ്റേറ്റഡ് ഡ്രിങ്ക്സ് തുടങ്ങിയവയെ സ്പെഷ്യൽ റേറ്റായ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ നിരക്കുകൾ 2025 സെപ്റ്റംബർ 22-ന് നിലവിൽ വന്നു.

നിരക്കിലെ വ്യത്യാസങ്ങൾ കാരണം ചില മേഖലകളിൽ ഉണ്ടാവാൻ സാധ്യതയുള്ള നികുതി നിരക്കിലെ 'ഇൻവേർഷൻ' മൂലമുള്ള ബാധ്യത, നികുതി ഘടനയിലെ മാറ്റങ്ങൾ വിപണിയിലെ 'ഡിമാൻഡിൽ' വരുത്തുന്ന മാറ്റം തുടങ്ങി വിവിധ ഘടകങ്ങൾ ആശ്രയിച്ചാണ് നികുതിമാറ്റത്തിന്റെ ഗുണദോഷങ്ങൾ കണക്കാക്കാൻ സാധിക്കുക. എന്നാൽ ഇത്തരം ഘടകങ്ങളെല്ലാം പരിഗണിച്ച് അത്തരം ഒരു വിശകലനം പ്രായോഗികമായി ദുഷ്കരമാണ്.

ജി.എസ്.ടി. ഈടാക്കുന്നതിലെ അശാസ്ത്രീയത

87(2587) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികളിൽ സർക്കാർ 18% ജി.എസ്.ടി. ഈടാക്കുന്നതിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി തീരുമാനിക്കപ്പെടുന്നത് ജി.എസ്.ടി. കൗൺസിലിലെ വിവിധ കമ്മിറ്റികളിൽ വിശദമായ പഠനം നടത്തിയശേഷം കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനമന്ത്രിമാർ ഉൾപ്പെടുന്ന കൗൺസിൽ മീറ്റിങ്ങുകളിൽ ചർച്ച ചെയ്തശേഷമാണ്. ആയതിനാൽ നികുതി കുറയ്ക്കുന്നതോ ഒഴിവാക്കുന്നതോ ആയ തീരുമാനം ജി.എസ്.ടി. കൗൺസിൽ തീരുമാനിക്കേണ്ടതാണ്.

നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിക്കുന്ന വിവിധ സാധനങ്ങളും സേവനങ്ങളും നികുതി വിധേയമായവയാണ്. ആയതിനാൽ നിർമ്മാണപ്രവൃത്തികളിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് നികുതിദായകർക്ക് തങ്ങളുടെ നികുതി ബാധ്യത തീർപ്പാക്കുന്നതിന് ടി സാധന/സേവനങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നിബന്ധനകൾക്കുവിധേയമായി ഉപയോഗപ്പെടുത്താവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾക്ക് ജി.എസ്.ടി. ഒഴിവാക്കി നൽകുന്നപക്ഷം പ്രസ്തുത പ്രവൃത്തിയുടെ ഇൻപുട്ട് ടാക്സ് സപ്ലയർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരികയും അതുവഴി നിർമ്മാണ പ്രവൃത്തികളുടെ മൊത്ത ചെലവ് കൂടുന്നതിനുള്ള സാധ്യതയുമുണ്ട്.

(ബി) നിർമ്മാണത്തിനുപയോഗിക്കുന്ന ഓരോ വസ്തുവിനും ജി.എസ്.ടി. ചുമത്തുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി 18% ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുള്ളത് അന്യായവും അശാസ്ത്രീയവുമായതിനാൽ ആയത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി തീരുമാനിക്കപ്പെടുന്നത് ജി.എസ്.ടി. കൗൺസിലിലെ വിവിധ കമ്മിറ്റികളിൽ വിശദമായ പഠനം നടത്തിയശേഷം കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനമന്ത്രിമാർ ഉൾപ്പെടുന്ന കൗൺസിൽ മീറ്റിങ്ങുകളിൽ ചർച്ച ചെയ്തശേഷമാണ്. നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി ഉപയോഗിക്കുന്ന വിവിധ സാധനങ്ങളും സേവനങ്ങളും നികുതി വിധേയമായവയാണ്. ആയതിനാൽ നിർമ്മാണപ്രവൃത്തികളിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് നികുതിദായകർക്ക് തങ്ങളുടെ നികുതി ബാധ്യത തീർപ്പാക്കുന്നതിന് ടി സാധന/സേവനങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഉപയോഗപ്പെടുത്താവുന്നതാണ്. നിർമ്മാണ പ്രവർത്തികൾക്ക് ജി.എസ്.ടി. ഒഴിവാക്കി നൽകുന്നപക്ഷം പ്രസ്തുത പ്രവർത്തിയുടെ ഇൻപുട്ട് ടാക്സ് സപ്ലയർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരികയും അതുവഴി നിർമ്മാണ പ്രവൃത്തികളുടെ മൊത്ത ചെലവ് കൂടുന്നതിനുള്ള സാധ്യതയുമുണ്ട്. മേൽ വിശദീകരിച്ചത് പ്രകാരം നിലവിലെ നിരക്ക് കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നത് സർക്കാർ നിർമ്മാണ പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുവാനുമിടയുണ്ട്.

സർക്കാർ നിർമ്മാണ പ്രവർത്തനങ്ങളുടെ ജി.എസ്.ടി.

88(2588) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഖജനാവിൽനിന്നും വിവിധ ഫണ്ടുകൾ മുഖേന അനുവദിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 18 ശതമാനം തുക ജി.എസ്.ടി.ക്കായി നീക്കി വയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കരാറുകാർ ജി.എസ്.ടി. തുക നൽകി വാങ്ങുന്ന സാധനസാമഗ്രികൾ ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽ വീണ്ടും ജി.എസ്.ടി. ചുമത്തപ്പെടുന്നുവെന്നത് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) ഇപ്രകാരം അധികമായി ചുമത്തപ്പെടുന്ന ജി.എസ്.ടി. തുക നിലവിലെ ചട്ടങ്ങൾ പ്രകാരം റിട്ടേണായി ലഭിക്കുമോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇത് ആർക്കാണ് ക്ലെയിം ചെയ്യാൻ കഴിയുന്നത്; വിശദമാക്കുമോ;

(ഡി) ഒരേ സാമഗ്രികൾക്ക് രണ്ടുതവണ ജി.എസ്.ടി. ചുമത്തപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കേന്ദ്രസർക്കാർ ജി.എസ്.ടി. സ്ലാബുകളിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഈ ഇളവ് ബാധകമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രൈഡ്

സോഫ്റ്റ്വെയറിൽ ഇതിൻ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് നിർദേശം നൽകുകയുണ്ടായോ; വിശദമാക്കാമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ജി.എസ്.ടി. നിരക്കുകളുടെ പരിഷ്കരണം

89(2589) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിച്ചത് വേണ്ടത്ര പഠനം നടത്താതെയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജി.എസ്.ടി. നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ ജി.എസ്.ടി. കൗൺസിൽ 2021-ൽ മന്ത്രിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നികുതി നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠനങ്ങളും ചർച്ചകളും നടത്തുകയും ഒരു കരട് റിപ്പോർട്ട് 2024 ഡിസംബർ മാസം തയ്യാറാക്കുകയും ചെയ്തിരുന്നു. അതിനുശേഷം 2025 ഓഗസ്റ്റ് മാസം 15-ാം തീയതി കേന്ദ്ര റവന്യൂ സെക്രട്ടറിയുടെ കത്ത് മുഖാന്തരം കേന്ദ്ര സർക്കാരിന്റെ ഒരു പ്രൊപ്പോസൽ പരിഗണിക്കാൻ ടി ഉപസമിതിയോട് നിർദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പരിഷ്കരണത്തിലൂടെ സംസ്ഥാനങ്ങൾക്ക് വരുന്ന നികുതിയിലെ കുറവ് എപ്രകാരം നികത്തും എന്നൊരു നിർദേശം കേന്ദ്രസർക്കാർ സമർപ്പിച്ച പ്രൊപ്പോസലിൽ ഇല്ല എന്നത് ഉപസമിതിയിലെ എല്ലാ അംഗങ്ങളും ചൂണ്ടിക്കാണിക്കുകയും കേന്ദ്ര സർക്കാരിന്റെ പ്രൊപ്പോസലും 2024 ഡിസംബറിൽ തയ്യാറാക്കിയ കരട് റിപ്പോർട്ടും

കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. 2025 സെപ്റ്റംബർ 3-ന് ചേർന്ന കൗൺസിൽ കേന്ദ്രസർക്കാരിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയാണുണ്ടായത്.

(ബി) സംസ്ഥാനത്തിന് ജി.എസ്.ടി.-യിൽനിന്ന് ലഭിച്ചുവരുന്ന നികുതി വരുമാനത്തിന്റെ 78 ശതമാനവും ഏതൊക്കെ സ്ലാബുകളിൽ നിന്നാണെന്ന് വിശദമാക്കുമോ?

ഉയർന്ന നിരക്കിൽ ഉൾപ്പെട്ടിട്ടുള്ള കമ്മോഡിറ്റികളുടെ ക്രയവിക്രയം കൂടുതലായി നടത്തപ്പെടുന്ന ഒരു ഉപഭോക്തൃ രീതിയാണ് കേരളത്തിൽ നിലവിലുള്ളത്. ജി.എസ്.ടി. നിയമ സംവിധാനത്തിൽ നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ അവർ വില്പന നടത്തുന്ന ഓരോ സാധനങ്ങളുടെയും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ഈ വിഷയത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) ജി.എസ്.ടി. പരിഷ്കരണത്തിന് അധികാരമുള്ള ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ നടത്തേണ്ട പ്രസ്തുത പ്രഖ്യാപനം അപ്രകാരം നടത്തിയിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

90(2590) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ജി.എസ്.ടി. നിയമത്തിനനുസൃതമായി വകുപ്പിനെ 2023 ജനുവരിയിൽ പുന:സംഘടപ്പിക്കുകയും വകുപ്പിനെ ടാക്സ് പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വെർട്ടികലുകളായി തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ടാക്സ്പെയർ സർവീസസ് വെർട്ടിക്കലുകളിൽ നികുതിദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരം തിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തിരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു.

എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും 24 മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു. അന്തർ സംസ്ഥാന നികുതി വെട്ടിപ്പ് തടയുന്നതിനായി ക്രോസ് ബോർഡറിങ് ഇന്റലിജൻസ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു.

മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ നികുതി പിരിവ് കാര്യക്ഷമവും ഊർജിതവുമായി നടത്തിവരുന്നു.

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുന:സംഘടന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കി നികുതി വരുമാനം ഉയർത്തുക എന്ന ഉദ്ദേശത്തോടെ 2023 ജനുവരിയിൽ ജി.എസ്.ടി. നിയമത്തിനനുസൃതമായി വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതിദായകർക്കുള്ള സേവനങ്ങൾ ഫലപ്രദമായി നൽകുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്പെഷ്യലയിസെഡ് ട്രയിനിങ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പുന:സംഘടന അനുസരിച്ച് സംസ്ഥാന GST വകുപ്പിനെ പ്രധാനമായും ടാക്സ് പെയർ സർവീസ് വിങ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിങ്, ഓഡിറ്റ് വിങ് എന്നിങ്ങനെ 3 വെർട്ടിക്കലുകളായി വിഭജിക്കുകയും ടി വിങ്ങുകൾ നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനുമായി ജി.എസ്.ടി. നിയമപ്രകാരമുള്ള വിവിധ നടപടിക്രമങ്ങൾ ഊർജിതമായി നടത്തി വരുന്നു.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ചരക്ക് നീക്കത്തിന്റെ തത്സമയ ട്രാക്കിങും നിരീക്ഷണവും സുതാര്യമാക്കുന്നതിനായി സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകൾ നിലനിന്നിരുന്ന സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

കൂടാതെ GST Common Portal-ലെ റിപ്പോർട്ടുകളും specialized ആയിട്ടുള്ള Analytics Portal, BIFA (Business Intelligence & Fraud Analytics) തുടങ്ങിയവയും നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഉപയോഗിച്ചുവരുന്നു.

(ഡി) വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിലൂടെ വ്യാപാരം നടത്തി വൻതോതിൽ നികുതിവെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജി.എസ്.ടി. വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 200 കോടിയിലധികം നികുതിവെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ "പാം ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രഥമ ദൃഷ്ടിയാൽ 209 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിരുന്നത്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ജി.എസ്.ടി. പരിഷ്കരണം

91(2591) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൃത്യമായ പഠനമോ മുന്നൊരുക്കമോ കൂടാതെയാണ് പുതിയ ജി.എസ്.ടി. പരിഷ്കരണം നടത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജി.എസ്.ടി. നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ 2021-ൽ ജി.എസ്.ടി. കൗൺസിൽ മന്ത്രിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നികുതി നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠനങ്ങളും ചർച്ചകളും നടത്തുകയും ഒരു കരട് റിപ്പോർട്ട് 2024 ഡിസംബർ മാസം തയ്യാറാക്കുകയും ചെയ്തിരുന്നു. ആയതിന് ശേഷം 2025 ഓഗസ്റ്റ് മാസം 15-ാം തീയതി കേന്ദ്ര റവന്യൂ സെക്രട്ടറിയുടെ കത്ത് മുഖാന്തരം കേന്ദ്ര സർക്കാരിന്റെ ഒരു പ്രൊപ്പോസൽ ടി ഉപസമിതിയോട് പരിഗണിക്കാൻ നിർദേശിക്കുകയും ചെയ്തു. പരിഷ്കരണത്തിലൂടെ സംസ്ഥാനങ്ങൾക്ക് വരുന്ന നികുതിയിലെ കുറവ് എപ്രകാരം നികത്തും എന്നൊരു നിർദേശം കേന്ദ്ര സർക്കാർ സമർപ്പിച്ച പ്രൊപ്പോസലിൽ ഇല്ല എന്നത് ഉപസമിതിയിലെ എല്ലാ അംഗങ്ങളും ചൂണ്ടിക്കാണിക്കുകയും കേന്ദ്ര സർക്കാരിന്റെ പ്രൊപ്പോസലും 2024 ഡിസംബറിൽ തയ്യാറാക്കിയ കരട് റിപ്പോർട്ടും കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ

തീരുമാനമെടുക്കുകയും ചെയ്തു. 2025 സെപ്റ്റംബർ 3-ന് ചേർന്ന കൗൺസിൽ കേന്ദ്രസർക്കാരിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയാണുണ്ടായത്.

(ബി) സാധന-സേവനങ്ങൾക്ക് അമിതവില ഈടാക്കുന്നത് പരിശോധിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സമിതിയെ കേന്ദ്ര സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

53-ാം ജി.എസ്.ടി. കൗൺസിൽ തീരുമാന പ്രകാരം സാധന-സേവനങ്ങൾക്ക് അമിതവില ഇടാക്കുന്നത് പരിശോധിക്കുന്നതിനായി ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 171 പ്രകാരം നിലവിലുണ്ടായിരുന്ന ആന്റി പ്രോഫിറ്ററിങ് അതോറിറ്റി 2025 ഏപ്രിൽ ഒന്നിനുശേഷം ഇതുമായി ബന്ധപ്പെട്ട പരാതികളൊന്നും തന്നെ സ്വീകരിക്കുന്നതല്ലെന്ന വിജ്ഞാപനം നിലവിൽ വന്നിട്ടുണ്ട്. (കേന്ദ്ര വിജ്ഞാപനം നമ്പർ 19/2024 തീയതി 30-09-2024).

(സി) ജി.എസ്.ടി. പരിഷ്കരണത്തിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് പുറമെ ഉപഭോക്താക്കൾക്ക് ഇതുകൊണ്ടുള്ള ഗുണം പൂർണ്ണതോതിൽ ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18%-ത്തിലേക്ക് കുറച്ചുകൊണ്ടുവരികയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി

തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ടി നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം വിപണിയെ എപ്രകാരം ബാധിക്കുമെന്നത് വിപണിയിലെ ഡിമാൻഡ് ഉൾപ്പെടെയുള്ള ഘടകങ്ങളെ ആശ്രയിച്ചാണുള്ളത്. അതിനാൽതന്നെ ഇത് സംബന്ധിച്ച ഒരു വിശകലനം ദുഷ്കരമാണ്.

(ഡി) ജി.എസ്.ടി. പരിഷ്കരണത്തിന്റെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് നൽകാതെ വൻകിട നിർമ്മാണ കമ്പനികൾ ഇത് കൈക്കലാക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കേന്ദ്ര നിർദേശങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

ജി.എസ്.ടി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ

വനിതാ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടി

92(2592) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിൽ പുതിയതായി രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് വനിതാ ജീവനക്കാരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതകളെ ഉൾപ്പെടുത്തില്ലായെന്ന് നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ബി) വനിതാ ജീവനക്കാരെ എൻഫോഴ്സ്മെന്റ് പ്രവൃത്തികൾക്ക് നിയോഗിക്കേണ്ടതില്ലെന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നടപടി അടിയന്തരമായി റദ്ദാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

തീരുമാനിച്ചിട്ടില്ല.

(സി) എൻഫോഴ്സ്മെന്റ് ജോലികൾക്ക് താല്പര്യമറിയിച്ചിട്ടുള്ള വനിതാ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി സ്ക്വാഡുകൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന

93(2593) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തിനുള്ളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഓഡിറ്റ് വിങ് ശക്തമാക്കി റവന്യൂ വരുമാനം വർധിപ്പിക്കുന്നതിനുവേണ്ടി 356 സീനിയർ ക്ലർക്കുമാരെ എ.എസ്.റ്റി.ഒ. മാരായി അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വരുമാനം വർധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ഓഡിറ്റ് വിങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

സീനിയർ ക്ലർക്കുമാരെ എ.എസ്.റ്റി.ഒ.-മാരായി അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വരുമാനം വർധിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പ്രത്യേകമായ കണക്കെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല.

(സി) സീനിയർ ക്ലർക്കുമാരെ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വകുപ്പിലെ ക്ലർക്കുമാരുടെ ജോലിഭാരം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ചരക്ക് സേവന നികുതി സംവിധാനം നടപ്പിലാക്കിയതോടെയും പൂർണ്ണമായും കംപ്യൂട്ടറൈസ്ഡ് ആയ GST ബാക്ക്-എൻഡ് സംവിധാനം നിലവിൽ വന്നതോടെയും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ക്ലറിക്കൽ തസ്തികകളേക്കാൾ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളിലാണ് കൂടുതൽ ജീവനക്കാരുടെ ആവശ്യം അനുഭവപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ 376 സീനിയർ ക്ലർക്ക് തസ്തികകൾ (352+അപ്ഗ്രഡേഷൻ മുഖേന 24 ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾ രൂപീകരിച്ചതിന്റെ ഭാഗമായി) കൂടാതെ 52 ഹെഡ് ക്ലർക്ക് തസ്തികകളും അപ്ഗ്രഡേഷൻ/റദ്ദാക്കൽ (Abolition) മുഖേന അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം 'പ്രോപ്പർ ഓഫീസർമാർ' ആയ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ

തസ്തികകളുടെ എണ്ണം വർധിച്ചതോടെ അതിനുശേഷമുള്ള ക്ലാർക്ക് കേഡറിലെ ജീവനക്കാരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട വിഷയങ്ങളും പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) 2017-ൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി അധികമായി വന്ന ക്വാളിഫൈഡായിട്ടുള്ള ക്ലറിക്കൽ അസിസ്റ്റന്റുമാരെ എങ്ങനെ ഉപയോഗിക്കാനാണ് വകുപ്പ് ആലോചിക്കുന്നത്; വിശദാംശം നൽകുമോ?

വകുപ്പിൽ നടത്തിയ പുനഃസംഘടനയെ തുടർന്ന് നിലവിൽ 215 ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളാണ് നിലനിൽക്കുന്നത്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം കുറച്ചിട്ടില്ല. പുനഃസംഘടന പ്രകാരം അവരെ ആവശ്യമായ കാര്യാലയങ്ങളിലേക്ക് നിയമിച്ചിട്ടുണ്ട്.

ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പരിശീലനം

94(2594) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്ത് ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പഞ്ചനക്ഷത്ര നിലവാരമുള്ള പരിശീലന സൗകര്യങ്ങൾക്കായി ഏകദേശം 200 പ്രതിനിധികൾക്ക് 6 ദിവസത്തേക്ക് 48 ലക്ഷം രൂപ ചെലവഴിച്ചത് മിതവ്യയ നയത്തിന് അനുസൃതമാണോ; വ്യക്തമാക്കാമോ?

2025-26 വർഷത്തെ ഇന്റലിജൻസ് പരിശീലനം 11-072025 മുതൽ 18-07-2025 വരെ 6 ദിവസങ്ങളിലായാണ് നടന്നത്. ഫങ്ഷണൽ, തീമാറ്റിക്ക്, ടെക്നിക്കൽ വശങ്ങൾ ഉൾക്കൊള്ളുന്ന ടി ടെയിനിങ്ങിന് ഹൈസ്പീഡ് ഡാറ്റാ കണക്ഷനുള്ള 100 കമ്പ്യൂട്ടർ

സിസ്റ്റവും മറ്റ് അനുബന്ധ സൗകര്യങ്ങളും വേണ്ടിയിരുന്നു. സർക്കാർ സംവിധാനത്തിൽ ആയത് ലഭ്യമല്ലാതിരുന്നതിനാലാണ് 19-08-2023-ലെ സ.ഉ.(അ)നം.91/ 2023/ധന. ഉത്തരവിലെ ഖണ്ഡിക 3-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എറണാകുളം കാക്കനാട് രാജഗിരി സ്കൂൾ ഓഫ് ടെക്നോളജിയിൽ വച്ച് ടി ടെയിനിങ് നടത്തുന്നതിന് സർക്കാർ അനുമതി നൽകിയത്. ജി.എസ്.ടി. സംവിധാനത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തിയ റസിഡൻഷ്യൽ ടെയിനിങ്ങിന്റെ അടിസ്ഥാന സൗകര്യങ്ങൾ, വിദഗ്ധ പരിശീലകർ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ആകെ 61,42,792 രൂപ ചെലവഴിച്ച് നടത്തിയ ടി പരിശീലനം വകുപ്പിലെ ജീവനക്കാരുടെ മാനവവിഭവശേഷി ഉയർത്തുന്നതിനും നികുതി പിരിവിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനും ലക്ഷ്യം വച്ചുള്ളതാണ്.

(ബി) ഇക്കാര്യത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ നൽകിയ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ തീർപ്പാകാതെ കിടക്കുന്നുണ്ടോ; ഇക്കാര്യത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിന് ധനവകുപ്പ് സ്വീകരിച്ച നിലപാട് അറിയിക്കാമോ?

28-06-2025-ലെ സ. ഉ. (സാധാ) നം.615/2025/നികുതി പ്രകാരം ടി ടെയിനിംങ്ങിന് 48,43,000 രൂപ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 03-08-2025-ലെ എസ്.ജി.എസ്.ടി./2548/2025-റ്റി.ആർ.ജി.5 നമ്പർ കത്ത് പ്രകാരം ടി ടെയിനിങ്ങിന് 12,99,792 രൂപ അധികമായി ചെലവായെന്നും ആയത് അനുവദിക്കണമെന്നും അഭ്യർഥിച്ച് സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിലേക്ക് ശിപാർശ

സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരിശീലനത്തിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദവിവരം നൽകാമോ?

2025-26 വർഷത്തെ ഇന്റലിജൻസ് പരിശീലനം 11-07-2025 മുതൽ 18-07-2025 വരെ 6 ദിവസങ്ങളിലായാണ് നടന്നത്.

ഇനം തിരിച്ചുള്ള ചെലവ് (രൂപ)

ട്രെയിനിങ് ഹാൾ, അടിസ്ഥാന സൗകര്യങ്ങൾ, താമസം, ഭക്ഷണം	56,60,179
യാത്രാ ചെലവുകൾ	2,26,800
ഫാക്കൽറ്റി ചെലവ്	2,23,128
സ്റ്റേഷനറി ചെലവുകളും മറ്റുള്ള ചെലവുകളും	32,685
ആകെ ചെലവ്	61,42,792 (അറുപത്തിയൊന്ന് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ)

ജി.എസ്.ടി. ഉദ്യോഗസ്ഥർ കോഴ വാങ്ങിയതായ പരാതിയിൽ അന്വേഷണം

95(2595) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽനിന്ന് ജി.എസ്.ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പരാതിക്കെതിരെ ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എറണാകുളത്തെ ജോയിന്റ് കമ്മീഷണർ ഓഫ് ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റിൽനിന്ന് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽനിന്ന് ജി.എസ്.ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പരാതി നൽകിയ കമ്പനിക്കെതിരെയും ചില മാധ്യമങ്ങൾക്കെതിരെയും തെറ്റായതും അസത്യവുമായ വാർത്തകൾ പ്രചരിപ്പിച്ചതിന് നിയമനടപടി സ്വീകരിക്കാൻ ജി.എസ്.ടി. എൻഫോഴ്സ്മെന്റ് ഓഫീസറിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കാസർഗോഡ് പ്രവർത്തിക്കുന്ന പെട്രോലിവ് പെട്രോളിയം എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് എറണാകുളം എൻഫോഴ്സ്മെന്റ് ഓഫീസർ-I നെതിരെ മലയാള മനോരമ, ഏഷ്യാനെറ്റ് ന്യൂസ് എന്നീ മാധ്യമങ്ങളിൽവന്ന വാർത്തകൾ തെറ്റാണെന്നും പ്രസ്തുത മാധ്യമങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടി

ഓഫീസർ ഉചിതമാർഗേണ ഒരു കത്ത് സംസ്ഥാന നികുതി കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. ആയത് കമ്മീഷണർ പരിശോധിച്ചുവരികയാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂയപ്പള്ളി, പരവൂർ സബ് ട്രഷറികൾക്ക് കെട്ടിട നിർമ്മാണം

96(2597) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂയപ്പള്ളി സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏത് ഏജൻസിയാണ് നിർവഹിക്കുന്നത്; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൂയപ്പള്ളി സബ് ട്രഷറിക്ക് സ്വന്തമായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയുടെയും മുകളിലത്തെ നിലയുടെയും കോൺക്രീറ്റ് പണികൾ പൂർത്തിയാകുകയും ചുവരിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. കെട്ടിട നിർമ്മാണ ചുമതല HLL Life Care Ltd ആണ് നിർവഹിക്കുന്നത്. ടി കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക 1,76,77,054/- രൂപയാണ്.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗര സഭയിലെ പരവൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതിയും വിശദാംശവും അറിയിക്കാമോ?

പരവൂർ മുൻസിപ്പൽ ബസ്സ്റ്റാന്റിൽ പരവൂർ നഗരസഭ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടി പർപ്പസ് ബിൽഡിങ്ങിന്റെ താഴെത്തെ നിലയിൽ പരവൂർ സബ് ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സന്നദ്ധത പരവൂർ നഗരസഭ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ നഗരസഭ ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവിന് വിധേയമായി ടി കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം

97(2598) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടി സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ പ്രധാന കോൺക്രീറ്റ് പണികൾ പൂർത്തിയായിട്ടുണ്ട്. തുടർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ?

ചാലക്കുടി സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം അറുപത് ശതമാനത്തോളം (60%) പൂർത്തിയായിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

2026 ജനുവരി മാസത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് മാനാഞ്ചിറ സബ്ട്രഷറി കെട്ടിടം പുതുക്കി പണിയൽ

98(2599) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ സബ്ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുതുക്കി പണിയുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് അഡീഷണൽ സബ് ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടേണ്ടതുണ്ട്, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം റെക്കോർഡുകൾ പ്രകാരം കൈമാറുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് അഡീഷണൽ സബ് ട്രഷറി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിലേക്കായി റവന്യൂ വകുപ്പ് അധികൃതർക്ക് ട്രഷറി വകുപ്പിൽനിന്നും അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ഡി) നിലവിലുള്ള കെട്ടിടത്തിൽ സബ് ട്രഷറി പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നത് വ്യക്തമാക്കാമോ?

53 വർഷം (1972-ൽ പ്രവർത്തനം ആരംഭിച്ചു.)

ലോട്ടറി വില്പനയുടെ ജി.എസ്.ടി.

99(2600) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലക്ഷക്കണക്കിന് ആൾക്കാരുടെ ഉപജീവനമാർഗമായ ലോട്ടറി വില്പനയുടെ ജി.എസ്.ടി. നിരക്ക് നാൽപത് ശതമാനമായി വർധിപ്പിച്ചതുകാരണം ഈ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ എങ്ങനെ നേരിടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ നേരിടുന്നതിന്റെ ഭാഗമായി മറ്റ് തൊഴിൽ ചെയ്യാൻ സാധിക്കാത്ത, ജീവനോപാധിയായി ലോട്ടറി വ്യാപാരത്തിൽ ആശ്രയിക്കുന്ന നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിക്കുമെങ്കിലും, ടിക്കറ്റ് വിലയിൽ വർധനവ് വരുത്താതെ നിലവിലെ നിരക്കിൽ തന്നെ ടിക്കറ്റുകൾ വില്പന നടത്തുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി

മേഖലയെ സംരക്ഷിക്കുക, പൊതുജനങ്ങൾക്ക് അധിക ഭാരമുണ്ടാക്കാതിരിക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) 2015-16 മുതൽ 2025-26 വരെ കേരളത്തിൽ ലോട്ടറി വില്പനവഴി ലഭിച്ചുവരുന്ന വരുമാനത്തിന്റെ കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

വിശദാംശം ചുവടെ ചേർക്കുന്നു:-

ക്രമ നം.	സാമ്പത്തിക വർഷം	റവന്യൂ വരുമാനം (തുക കോടിയിൽ)
1	2015-16	6317.73
2	2016-17	7394.91
3	2017-18	9034.25
4	2018-19	9262.70
5	2019-20	9972.09
6	2020-21	4910.83
7	2021-22	7144.54
8	2022-23	11890.96
9	2023-24	12529.26
10	2024-25	12711.94
11	2025-26 (27-09-2025 വരെ)	7115.88

(സി) ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി പ്രൈസ് ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവന്നെന്നും ഇത് വില്പനയെ എപ്രകാരം ബാധിച്ചെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവാര ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഏകീകരിച്ച് ഒരു കോടി രൂപയായി വർധിപ്പിച്ചു. കൂടാതെ, മറ്റു സമ്മാനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വർധനവ് വരുത്തി. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾക്കുള്ള വിഹിതം 60% ആയി ഉയർത്തിയിട്ടുണ്ട്. ബമ്പർ ഭാഗ്യക്കുറികൾക്ക് ഒരു ടിക്കറ്റിന് ഒരു രൂപ എന്ന നിരക്കിൽ അധിക സ്പെഷ്യൽ ഇൻസെന്റീവ് നൽകിവരുന്നു. 2023-ലെ വിഷു ബമ്പർ ഭാഗ്യക്കുറി മുതൽ ബമ്പർ ടിക്കറ്റുകളിലെ സമ്മാനങ്ങളുടെ എണ്ണം ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്. ആകെ സമ്മാനങ്ങളുടെ എണ്ണത്തിൽ വർധനവ് വരുത്തി. ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഏറ്റവും കുറഞ്ഞത് പത്ത് കോടി രൂപയാക്കി ക്രമീകരിച്ചു. തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 25 കോടി രൂപയായി വർധിപ്പിച്ചു.

ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലുണ്ടായ മാറ്റം

100(2601) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി വിലയിലും സമ്മാനഘടനയിലും ലോട്ടറി ഏജന്റുമാരുടേയും വില്പനക്കാരുടെയും കമ്മീഷനിലും നടപ്പ് സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലോ സമ്മാനഘടനയിലോ വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നും ലോട്ടറി ഏജന്റുമാരുടെയും

വില്പനക്കാരുടെയും കമ്മീഷനിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ജി.എസ്.ടി. പരിഷ്കരണത്തെ തുടർന്ന് ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് വില വർധിപ്പിക്കാതെ തന്നെ സമ്മാനത്തുകയിലും ഏജന്റ് പ്രൈസ്, ഡിസ്കൗണ്ട് എന്നിവയിലും നാമമാത്രമായ കുറവ് വരുത്തിയാണ് ജി.എസ്.ടി. വർധനവിനെ നേരിട്ടത്. സമ്മാനങ്ങളുടെ എണ്ണത്തിലും ചെറിയ രീതിയിലുള്ള കുറവ് വരുത്തി. ഏജന്റ് ഡിസ്കൗണ്ടിൽ 1%-ന്റെ കുറവും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജന്റ് പ്രൈസിൽ 3% കുറവും 100 രൂപ സമ്മാനത്തിന്റെ ഏജന്റ് പ്രൈസിൽ 5%-ന്റെ കുറവും വരുത്തിയിട്ടുണ്ട്.

ലോട്ടറി വകുപ്പ് ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് അനധികൃതമായി ഉപയോഗിച്ചതിന്മേലുള്ള അന്വേഷണം

101(2602) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പ് ഡയറക്ടറേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഭാഗ്യക്കുറി വകുപ്പിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. സംഗീത് കെ., ഫയൽ നടപടിക്രമം പാലിക്കാതെ

നടപടിത്തീർപ്പുകൾ വ്യാജമായി തയ്യാറാക്കുക, വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുക, ട്രഷറി ചെലാനിൽ തിരുത്തലുകൾ വരുത്തുക, ഡയറക്ടറുടെ ഡിജിറ്റൽ സിഗ്നേച്ചർ വ്യാജമായി തയ്യാറാക്കുക തുടങ്ങിയ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്ത് ടിയാനെതിരെ അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്. കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സമ്മാനാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) സമ്മാനാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പിൽ അന്വേഷണം നടത്തിയിട്ടില്ല.

ഓഡിറ്റ് വകുപ്പിലെ പൊതു സ്ഥലമാറ്റവും ഫയൽ തീർപ്പാക്കലും

102(2603) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓരോ ജീവനക്കാരും എത്ര നാളായി അവിടെ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം തസ്തിക, പേരുവിവരം, കാലാവധി എന്നിവ സഹിതം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ എത്ര ഫയലുകൾ ഇനിയും തീർപ്പാക്കാനുണ്ട്; വർഷം തിരിച്ചുള്ള കണക്കും വിശദാംശവും നൽകുമോ;

(ഡി) സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓരോ ജില്ലാഓഫീസുകളിലും ഇനിയും എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്; വർഷം തിരിച്ചുള്ള കണക്കും വിശദാംശവും നൽകുമോ?

(എ-ഡി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

(ഇ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് നൽകുന്നതിനുള്ള നടപടികൾ കൃത്യമായി വകുപ്പ് സ്വീകരിക്കാതിരിക്കുന്നത് കാരണം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലവിളംബം നേരിടുന്നുവെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിലവിൽ കാലവിളംബം നേരിടുന്നില്ല.

(എഫ്) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് മുന്നോടിയായുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിച്ച എത്ര തപാലുകൾ/ഫയലുകൾ വകുപ്പിൽ പെൻഡിങ്ങിലുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് മുന്നോടിയായുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിച്ച തപാലുകൾ/ഫയലുകൾ നിലവിൽ അവശേഷിക്കുന്നില്ല.

(ജി) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഇനിയും തീർപ്പാക്കാനുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപകാര്യാലയങ്ങൾക്കും ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകൾക്കും ആയതിലേക്കാവശ്യമായ നിർദേശങ്ങൾ നൽകുകയും അതിനനുസൃതമായ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം

103(2604) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. രൂപീകൃതമായശേഷം സർക്കാരിൽനിന്ന് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ധനസഹായം കെ.എസ്.എഫ്.ഇ.-ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സർക്കാർ മൂലധന ഇനത്തിൽ 200 കോടി രൂപ നൽകിയിട്ടുണ്ട്. പി.ബി.എം.എസ്. (പ്രവാസി ഭദ്രത മൈക്രോ സ്കീം) വായ്പയുടെ പലിശയിനത്തിലെ സബ്സിഡി 720.31 ലക്ഷം രൂപയും വിദ്യാധനം വായ്പയുടെ പലിശയിനത്തിലെ സബ്സിഡി 6.41 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ 2024-2025 സാമ്പത്തിക വർഷത്തെ മൊത്തം ലാഭം എത്ര കോടി രൂപയാണ്; വിശദാംശം നൽകാമോ?

2024-25 സാമ്പത്തിക വർഷത്തെ നികുതിക്ക് മുമ്പുള്ള ലാഭം 511.53 കോടി രൂപയാണ്.

(സി) ഈ സർക്കാർ വിവിധ ആവശ്യങ്ങൾക്കായി കെ.എസ്.എഫ്.ഇ.-യിൽനിന്ന് എത്ര കോടി രൂപ കടം വാങ്ങിയിട്ടുണ്ട്; എത്ര കോടി രൂപ തിരികെ നൽകി; ഇനി ആകെ എത്ര കോടി രൂപ കെ.എസ്.എഫ്.ഇ.-ക്ക് തിരികെ നൽകാനുണ്ട്; കടം വാങ്ങിയ തുകയ്ക്ക് പലിശ ഇനത്തിൽ കെ.എസ്.എഫ്.ഇ.-ക്ക് എത്ര കോടി രൂപ നൽകി; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ കെ.എസ്.എഫ്.ഇ.-യിൽനിന്ന് കടം വാങ്ങിയിട്ടില്ല.

(ഡി) ട്രഷറിയിൽ ഡെപ്പോസിറ്റായി നാളിതുവരെ കെ.എസ്.എഫ്.ഇ. എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ചിട്ടി സെക്യൂരിറ്റി നിക്ഷേപം : 4576.58 കോടി രൂപ.

സ്ഥിര നിക്ഷേപം : 4795.31 കോടി രൂപ.

കെ.എസ്.എഫ്.ഇ. വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി ഇളവുകൾ

104(2605) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-ൽ നിന്നുമെടുത്ത വായ്പകൾ കുടിശ്ശികയായി റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് കെ.എസ്.എഫ്.ഇ. നിലവിൽ നൽകിവരുന്നതെന്ന് വിശദമാക്കുമോ?

റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ചിട്ടി/വായ്പാ അക്കൗണ്ടുകൾ പലിശയിളവോടെ തീർപ്പാക്കുന്നതിന് 15-07-2025 മുതൽ 15-09-2025 വരെ സമാശ്വാസ് 2025 എന്ന പേരിൽ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നിലനിന്നിരുന്നു. ഇപ്പോൾ ഇളവ് പദ്ധതികളൊന്നും കെ.എസ്.എഫ്.ഇ.-യിൽ നിലവിലില്ലാത്തതാണ്.

കെ.എസ്.എഫ്.ഇ. നിയമനങ്ങൾ

105(2607) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി മുതൽ നാളിതു വരെ കെ.എസ്.എഫ്.ഇ.-യിൽ നിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്; ഏതൊക്കെ തസ്തികകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

ഇതിൽ എത്ര തസ്തികകൾ നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

2025 ജനുവരി മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ.-യിൽനിന്നും 190 ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു.

തസ്തിക	**റിട്ടയർ ചെയ്ത ജീവനക്കാരുടെ എണ്ണം**
അസിസ്റ്റന്റ് ജനറൽ മാനേജർ	3
മാനേജർ	84
അസിസ്റ്റന്റ് മാനേജർ	59
അസിസ്റ്റന്റ്	27
ഓഫീസ് അറ്റൻഡന്റ്	17

എൻടി കേഡർ തസ്തികയായ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 01-01-2025 മുതൽ 31-12-2025 വരെയുള്ള കാലയളവിൽ ഉണ്ടായേക്കാവുന്ന 232 ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. അതിൽ നേരിട്ട് നിയമനം നടത്തേണ്ട 186 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

(ബി) 2025 ജനുവരി മുതൽ നാളിതുവരെ തസ്തിക രൂപീകരണത്തിലൂടെ കെ.എസ്.എഫ്.ഇ.-യിൽ വിവിധ തസ്തികകളുടെ എൻടി കേഡറിൽ എത്ര ഒഴിവുകൾ

ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

2025 ജനുവരി മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളിൽ തസ്തിക രൂപീകരണത്തിലൂടെ ഒഴിവുകളുണ്ടായിട്ടില്ല.

(സി) പി.എസ്.സി. മുഖേന റിക്രൂട്ട്മെന്റ് നടത്തേണ്ട മുഴുവൻ തസ്തികകളിലെ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

എൻട്രി കേഡർ തസ്തികയായ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 01-01-2025 മുതൽ 31-12-2025 വരെയുള്ള കാലയളവിൽ ഉണ്ടായേക്കാവുന്ന 232 ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തേണ്ട 186 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ. ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

106(2608) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഏജന്റുമാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കെ.എസ്.എഫ്.ഇ.-യുടെ സേവനം വിവിധ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനും അതുവഴിയുള്ള ബിസിനസ് വിപുലീകരണത്തിനും ഏജന്റുമാരുടെ ഒരു വലിയ ശൃംഖല

കെ.എസ്.എഫ്.ഇ. രൂപീകരിച്ചിട്ടുണ്ട്. ഏജന്റുമാർക്കായി വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും പദ്ധതികളും കെ.എസ്.എഫ്.ഇ. നടപ്പാക്കിവരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ നൽകുന്നു.

1) കാൻവാസിങ് കമ്മീഷൻ

ഏജന്റുമാർക്ക് ചിട്ടിയുടെ ആദ്യ തവണ സംഖ്യയുടെ 13% മുതൽ 15% വരെ നിരക്കുകളിൽ കാൻവാസിങ് കമ്മീഷൻ നൽകിവരുന്നു.

2) ഡോർ കളക്ഷൻ കമ്മീഷൻ

ചിട്ടിയുടെ മാസംതോറുമുള്ള തവണ സംഖ്യ അടയ്ക്കുന്നതിന് 0.5% മുതൽ 1.5% വരെ നിരക്കുകളിൽ കളക്ഷൻ കമ്മീഷൻ നൽകിവരുന്നു.

3) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്

ഏജന്റുമാർക്ക് അപകടമരണം സംഭവിച്ചാൽ മൂന്നുലക്ഷം രൂപ വരെയും ആശുപത്രി ചെലവുകൾക്ക് 30,000/- രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്.

4) കെ.എസ്.എഫ്.ഇ. ഭവന വായ്പ കാൻവാസിങ്

കെ.എസ്.എഫ്.ഇ. ഭവന വായ്പ കാൻവാസ് ചെയ്യുന്നതിന് വായ്പയുടെ 0.5% (പരമാവധി 15,000 രൂപ) കമ്മീഷൻ ആയി നൽകിവരുന്നു.

5) വെഹിക്കിൾ ലോൺ

ഇരുചക്രവാഹനം വാങ്ങുന്നതിന് നിലവിലെ പലിശ നിരക്കിൽനിന്ന് 3% കുറവിൽ 70,000 രൂപ വരെ വായ്പ നൽകിവരുന്നുണ്ട്.

6) ഓണം ഫെസ്റ്റിവൽ അഡ്വാൻസ് & അലവൻസ്

ഓണത്തോടനുബന്ധിച്ച് ഏജന്റുമാർക്ക് അഡ്വാൻസും അലവൻസും നൽകിവരുന്നുണ്ട്. ഇക്കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് 10,200/- രൂപ അഡ്വാൻസായും 7,500/- രൂപ വരെ അലവൻസായും നൽകിയിട്ടുണ്ട്.

7) കെ.എസ്.എഫ്.ഇ. ഏജന്റ് ആപ്പ്

ഏജന്റുമാർക്ക് സുഗമമായി കളക്ഷൻ നടത്തുന്നതിന് കെ.എസ്.എഫ്.ഇ. ഏജന്റ് ആപ്പ് നടപ്പിലാക്കി.

8) UPI കളക്ഷൻ

ക്യാഷ്, ചെക്ക് എന്നീ കളക്ഷനുകൾക്ക് പുറമെ ഏജന്റുമാർക്ക് ഇടപാടുകാരിൽനിന്നും UPI കളക്ഷൻ സ്വീകരിക്കുന്നതിനുള്ള സാങ്കേതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. UPI കളക്ഷന് ക്യാഷ് കളക്ഷന് തുല്യമായി കമ്മീഷൻ ഇപ്പോൾ നൽകിവരുന്നുണ്ട്.

9) പെർഫോമൻസ് ഇൻസെന്റീവ്

ഓരോ സാമ്പത്തിക വർഷവും ഓരോ മേഖലയിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന 16 ഏജന്റുമാർക്ക് വീതം ആകെ 256 ഏജന്റുമാർക്ക് 40 ലക്ഷം രൂപയോളം പെർഫോമൻസ് ഇൻസെന്റീവായി അനുവദിച്ചുവരുന്നു.

10) ഏജന്റ്സ് ഭദ്രത അക്കൗണ്ട്

ഏജന്റുമാരുടെ സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിനായി കമ്മീഷനിൽ നിന്ന് 5% തുക നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചു.

11) ചിട്ടി സബ്സ്റ്റിറ്റ്യൂഷൻ കമ്മീഷൻ

ചിട്ടി മുടക്കം വരുത്തിയാൽ 5 തവണയ്ക്കുള്ളിൽ പ്രസ്തുത ചിട്ടിയിൽ പുതിയ ഇടപാടുകാരെ കണ്ടെത്തി ചേർക്കുന്ന പക്ഷം 13%/15% നിരക്കിൽ കാൻവാസിങ് കമ്മീഷൻ നൽകുന്നതാണ്.

12) ബോണസ് കമ്മീഷൻ

ഒരു ചിട്ടിയിൽ 25%-ൽ അധികം ടിക്കറ്റുകൾ കാൻവാസ് ചെയ്താൽ 2% അധിക കമ്മീഷൻ നൽകുന്നതാണ്.

(ബി) കെ.എസ്.എഫ്.ഇ. ചിട്ടികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ തൊട്ടടുത്ത ദിവസംതന്നെ ഏജന്റുമാർക്ക് കമ്മീഷൻ ലഭിച്ചിരുന്ന രീതിയിൽ നിന്നും മാറി 3 മാസം തുടർച്ചയായി വരിക്കാരൻ തുക അടച്ചെങ്കിൽ മാത്രമേ കമ്മീഷന് അർഹതയുള്ളൂ എന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ, വിശദമാക്കുമോ?

ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നത് സർക്കാർ ഉത്തരവുകൾ പ്രകാരമല്ല. കാലാകാലങ്ങളിൽ കെ.എസ്.എഫ്.ഇ. ഇറക്കുന്ന സർക്കുലറുകൾ പ്രകാരമാണ് ഏജന്റുമാർക്ക് കമ്മീഷൻ നല്കുന്നത്. 3 മാസം തുടർച്ചയായി വരിക്കാരൻ ചിട്ടി തവണ സംഖ്യ അടച്ചില്ലെങ്കിൽ കമ്മീഷൻ തിരിച്ചു പിടിക്കുന്ന രീതിയാണ് മുൻപ് നിലവിലുണ്ടായിരുന്നത്. ഇത്തരത്തിൽ മുൻകൂർ കമ്മീഷൻ നൽകുമ്പോൾ കമ്മീഷനോടൊപ്പം ഈടാക്കിയ ടാക്സ് തിരികെ നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിട്ടിരുന്നു. കമ്മീഷൻ സോഫ്റ്റ്വെയർ അധിഷ്ഠിതമായി നടപ്പാക്കിയതോടെ 3 തവണ അടവ് പൂർത്തീകരിച്ച ശേഷം ഉടൻ കമ്മീഷൻ നൽകിവരുന്നുണ്ട്.

(സി) കെ.എസ്.എഫ്.ഇ. ഏജന്റ്സ് അസോസിയേഷൻ തലശ്ശേരി മേഖല കമ്മിറ്റി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

തലശ്ശേരി താലൂക്കിലെ കെ.എസ്.എഫ്.ഇ. ഏജന്റുമാർ നൽകിയ നിവേദനത്തിന്മേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ട നടപടികൾ

107(2609) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നടപ്പിലാക്കിയ ആദ്യഘട്ട മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയുമായി ഒപ്പിട്ടിട്ടുള്ള ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിനായി സർക്കാർ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി 27-06-2022-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനി ഏതാണെന്നും പ്രസ്തുത കമ്പനിയുമായി ഒപ്പിട്ട ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നും അറിയിക്കാമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം. വി. ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14-08-2025-ലെ സ.ഉ.(പി)നം.102/2025/ധന. പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നടപടിക്രമങ്ങൾ പാലിച്ച് ഇൻഷ്വറൻസ് കമ്പനിയെ തിരെഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മെഡിസെപ്പ് പദ്ധതിയുടെ ആദ്യഘട്ടത്തിൽനിന്ന് രണ്ടാം ഘട്ടത്തിലേക്കെത്തുമ്പോൾ വ്യവസ്ഥകളിലും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് 14-08-2025-ലെ സ.ഉ.(പി)നം.102/2025/ധന. പ്രകാരം രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ (Basic Sum Insured) 3 ലക്ഷത്തിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാന ചികിത്സാ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. HBP 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് (HBP) 2022 revised Tier 1 city നിരക്കിന്റെ ഒന്നര ഇരട്ടി വരെ വർദ്ധനവ് പ്രൈവറ്റ് ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും ബാധകമാക്കിയിട്ടുണ്ട്. മുട്ടുമാറ്റിവയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ അടിസ്ഥാന പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി ഇൻഷ്വറൻസ് കമ്പനി 2 വർഷത്തേയ്ക്കായി 40 കോടി രൂപയുടെ കോർപ്പസ് ഫണ്ട് നീക്കി വയ്ക്കേണ്ടതാണ്. അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷയുടെ 1% വരെ മുറി വാടക (5000/- day) സർക്കാർ ആശുപത്രികളിൽ പേ വാർഡ്

വാടക പ്രതിദിനം 2000/- രൂപ വരെ ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയുടെ ഭാഗമാക്കുന്നതാണ്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. SCTIMST, JIPMER പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ SCTIMST എംപാനൽ ചെയ്തില്ലായെങ്കിൽ പ്രസ്തുത ആശുപത്രിയിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി റീ-ഇംപേഴ്സ് ചെയ്ത് നൽകേണ്ടതാണ്. നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ്പ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം ഉണ്ട്. കരാറിൽ നിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയാറാക്കേണ്ടതാണ്. കൂടാതെ,

അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) മെഡിസെപ്പിന്റെ രണ്ടാംഘട്ടത്തിൽ സേവനം ലഭ്യമാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കാമോ?

14-08-2025-ലെ സ.ഉ.(പി)നം.102/2025/ധന. പ്രകാരം മെഡിസെപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയാണ് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. ഇൻഷ്വറൻസ് കമ്പനിയെ തിരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഇ) മെഡിസെപ്പിലൂടെ ജീവനക്കാർക്കും അധ്യാപകർക്കും എല്ലാവിധ അസുഖങ്ങൾക്കും പണം അടയ്ക്കാതെ ചികിത്സ ലഭ്യമാകുമോ എന്നറിയിക്കാമോ?

മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന ചികിത്സാ പാക്കേജുകൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്കാണ് ഗുണഭോക്താക്കൾക്ക് ക്യാഷ്ലെസ് ആനുകൂല്യം ലഭ്യമാകുന്നത്. മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. മെഡിസെപ്പ് പരിരക്ഷ ലഭ്യമാകുന്നത്

കിടത്തി ചികിത്സക്കും തിമിരം, ഡയാലിസിസ്, കീമോതെറാപ്പി തുടങ്ങിയ ഡേ-കെയർ പ്രോസീജറുകൾക്കുമാണ്.

(എഫ്) ഒരു കുടുംബത്തിൽ ഒന്നിലധികം പേർ സർക്കാർ ജീവനക്കാരായിട്ടുണ്ടെങ്കിൽ അവരെല്ലാവരും മെഡിസെപ്പിന്റെ തുക അടയ്ക്കേണ്ടതുണ്ടോയെന്നും ഒരു കുടുംബത്തിൽനിന്നും ഒന്നിലധികം പേർ മെഡിസെപ്പ് പ്രീമിയം അടയ്ക്കുന്നുണ്ടെങ്കിൽ അവർക്ക് എന്തെങ്കിലും പ്രത്യേക അധിക ആനുകൂല്യം ലഭിക്കുമോയെന്നും വ്യക്തമാക്കാമോ?

ഒരു കുടുംബത്തിൽ ഒന്നിലധികം പേർ സർക്കാർ ജീവനക്കാരായിട്ടുണ്ടെങ്കിൽ അവരെല്ലാവരും മെഡിസെപ്പ് പ്രീമിയം അടക്കേണ്ടതാണ്. ഓരോരുത്തർക്കും 3 ലക്ഷം രൂപയുടെ പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

(ജി) മറ്റേതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ താൽപര്യപ്പെടുന്ന സർക്കാർ ജീവനക്കാരെയും അധ്യാപകരെയും മെഡിസെപ്പ് പദ്ധതിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

11,49,719 പ്രാഥമിക ഗുണഭോക്താക്കളും അവരുടെ ആശ്രിതരായ 19,52,494 പേരും ചേർന്ന് ആകെ 31,02,213 പേർ നിലവിൽ മെഡിസെപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മെഡിസെപ്പിന്റെ ഒന്നാം ഘട്ടത്തിൽ 01-08-2025 വരെയുള്ള കണക്ക് പ്രകാരം 10,89,791 ക്ലെയിമുകൾക്ക് 1964,74,23,535/- രൂപയുടെ അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഗുരുതര/അവയവമാറ്റ ചികിത്സകൾക്കായി 72.88 കോടി രൂപയും റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ 10.51 കോടി രൂപയും ഇൻഷ്വറൻസ് കമ്പനി അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കിയ സാഹചര്യത്തിൽ കൂടുതൽ

മെച്ചപ്പെട്ട രീതിയിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഏകദേശം 30 ലക്ഷത്തിലധികം പേർ ഗുണഭോക്താക്കളായിട്ടുള്ള മെഡിസെപ്പ് പദ്ധതിയിൽ പ്രായം, നിലവിലെ അസുഖം, waiting period, ആശ്രിതരുടെ എണ്ണവും പ്രായവും ഒന്നും കണക്കിലെടുക്കാതെ എല്ലാവർക്കും ഒരേ നിരക്കിലും കുറഞ്ഞ നിരക്കിലുമുള്ള പ്രീമിയമാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയിൽ നിന്നും ഗുണഭോക്താക്കളെ ഒഴിവാക്കുന്നത് പ്രീമിയം നിരക്ക് ഉയരാൻ ഇടയാക്കും എന്നതിനാലും സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധിതാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയായതിനാലും സർക്കാർ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയിൽനിന്നും ഒഴിവാക്കാൻ നിർവാഹമില്ല.

മെഡിസെപ് പദ്ധതി

108(2610) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സർവീസ് പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ?

പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി 23-06-2022-ലെ സ.ഉ.(പി)നം. 70/2022/ധന. പ്രകാരം 01-07-2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയുടെ ആദ്യ ഘട്ടം 30-06-2025-ന് അവസാനിച്ചതിനെ തുടർന്ന് പദ്ധതിക്ക് ഭംഗം

വരാതിരിക്കാനായി 17-06-2025-ലെ സ.ഉ.(പി) നം.74/2025/ധന. പ്രകാരം 30-09-2025 വരെ മൂന്ന് മാസത്തേയ്ക്കും 23-09-2025-ലെ സ.ഉ.(പി) നം.117/2025/ധന. പ്രകാരം 31-10-2025 വരെ ഒരു മാസത്തേക്കും ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) മെഡിസെപ്പ് പദ്ധതിയുടെ ഒന്നാം ഘട്ട നടത്തിപ്പിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടം മുതൽ ആയത് പരിഹരിച്ച് പദ്ധതിയെ കൂടുതൽ കാര്യക്ഷമവും പരാതിരഹിതവും ആകർഷകവുമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി., ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14-08-2025-ലെ സ.ഉ.(പി)നം.102/2025/ധന. പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാനചികിത്സാ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന

ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്താനുള്ള നിർദേശമുണ്ട്. കരാറിൽനിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കേണ്ടതാണ്. കൂടാതെ, അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നതാണ്.

(സി) പദ്ധതിയുടെ ഇനിയുള്ള നടത്തിപ്പിൽ എല്ലാ ആശുപത്രികളിൽ നിന്നും ഗുണഭോക്താവിന് കാഷ്ലെസ് ചികിത്സ ലഭ്യമാകുന്ന തരത്തിലുള്ള പരിഷ്കരണം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നത് കിടത്തി ചികിത്സയ്ക്കും തിമിരം, ഡയാലിസിസ്, കീമോതെറാപ്പി തുടങ്ങിയ ഡേ-കെയർ പ്രോസീജിയറുകൾക്കുമാണ്. SCTIMST (Sree Chitra Tirunal Institute for Medical Sciences & Technology), JIPMER (Jawaharlal Institute of Postgraduate Medical Education & Research) പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ ഈ ആശുപത്രികളെ എംപാനൽ ചെയ്തില്ലായെങ്കിൽ പ്രസ്തുത ആശുപത്രികളിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി റീ-ഇംപേഴ്സ് ചെയ്ത് നൽകേണ്ടതാണെന്നുമുള്ള വ്യവസ്ഥയും 14-08-2025-ലെ സ.ഉ.(പി) നം.102/2025/ധന. പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

മെഡിസെഫ് പദ്ധതിയുടെ പ്രീമിയം

109(2611) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പരിഷ്കരണത്തെ തുടർന്ന് ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളിൽ നികുതിയിളവ് അനുവദിച്ച സാഹചര്യത്തിൽ മെഡിസെപ് പദ്ധതിയുടെ പ്രീമിയം തുകയിൽ ആനുപാതികമായ കുറവ് വരുത്തുന്നതിന് സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ബി) മെഡിസെപ് പദ്ധതിയുടെ പുതിയ കരാറിൽ ജി.എസ്.ടി. ഇളവിന് അനുപാതികമായ രീതിയിൽ പ്രീമിയം കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) 2025 സെപ്റ്റംബറിലെ ജി.എസ്.ടി. പരിഷ്കരണത്തിൽ വ്യക്തിഗത ആരോഗ്യ/ലൈഫ് ഇൻഷ്വറൻസ് പോളിസികളെയാണ് ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളെ ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽതന്നെ മെഡിസെപ് പദ്ധതിക്ക് ജി.എസ്.ടി. ബാധകമായ സാഹചര്യത്തിൽ പ്രീമിയം തുകയിൽ കുറവ് വരുത്താനാകില്ല.

(സി) മെഡിസെപ്പ് പദ്ധതിയിൽ ക്ലെയിമുകൾ നിരസിക്കപ്പെടുന്ന ജീവനക്കാർക്ക് പരാതി നൽകുന്നതിനുള്ള എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവയുടെ പ്രവർത്തനം ഏത് രീതിയിലാണെന്നും നാളിതുവരെ ഇപ്രകാരം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ക്ലെയിമുകൾ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത ചോദ്യത്തിന്റെ ഉത്തരം അനുബന്ധമായി ചേർക്കുന്നു+.

മെഡിസെഷ് പദ്ധതി

110(2612) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആരംഭിച്ച മെഡിസെപ് പദ്ധതി നിലവിൽ വന്ന വർഷവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാസവും ഏതെന്ന് വ്യക്തമാക്കാമോ; ഇതിനായി ഒരോ ജീവനക്കാരിൽനിന്നും എത്ര തുകയാണ് പ്രതിമാസം ഈടാക്കി വരുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത തുകയിൽ ജി.എസ്.ടി.-യായി സർക്കാരിനും പ്രീമിയമായി ഇൻഷ്വറൻസ് കമ്പനിക്കും ലഭിക്കുന്ന തുക എത്രയെന്ന് വിശദമാക്കാമോ?

24-04-2017-ലെ സ. ഉ. (പി) നം.54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്ക് നിശ്ചിത പ്രീമിയം തുക ഈടാക്കിക്കൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 23-06-2022-ലെ സ.ഉ.(പി)നം.70/2022/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കായി 01-07-2022-ൽ കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് നിലവിൽ വരുകയുണ്ടായി. മെഡിസെപ്പിന്റെ വാർഷിക പ്രീമിയം 4800+18% ജി.എസ്.ടി. ഉൾപ്പെടെ 5,664/- രൂപയാണ്. ജീവനക്കാരും പെൻഷൻകാരും പ്രതിമാസം 500/- രൂപയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്. ഇതിൽനിന്നും 472/- രൂപ കമ്പനിക്ക് നൽകിയ മുൻകൂർ ക്രമീകരിക്കുന്നതിനും 28/- രൂപ മാരകരോഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കുവേണ്ടി സർക്കാർ സൂക്ഷിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിലേക്ക് മാറ്റിവയ്ക്കുകയുമാണ് ചെയ്യുന്നത്. മെഡിസെപ്പിന്റെ അക്കൗണ്ടിങ് രീതികൾ 24-06-2022-ലെ 71/2022/ധന. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മെഡിസെപ്പ് പദ്ധതി ആരംഭിക്കുന്നതിന് ആദ്യഘട്ടത്തിൽ നിയോഗിച്ച ഇൻഷ്വറൻസ് കമ്പനിയുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര വർഷത്തേക്കാണ് ഈ കമ്പനിയെ നിയോഗിച്ചതെന്നും ആയതിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും വർഷവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(സി) ആദ്യഘട്ടത്തിൽ നിയോഗിക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുടെ കാലാവധി അവസാനിച്ചശേഷം പദ്ധതിയുടെ തുടർനടത്തിപ്പിനായി മറ്റേതെങ്കിലും കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏത് തീയതി മുതലാണെന്ന് വിശദമാക്കാമോ;

(ഡി) ആദ്യ ഘട്ടത്തിൽ നിയോഗിക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുടെ കാലാവധി കഴിഞ്ഞതിനുശേഷം മറ്റൊരു കമ്പനിയെ ചുമതലപ്പെടുത്തുന്നതിന് കാലവിളംബം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ എത്ര മാസം കാലവിളംബം ഉണ്ടായെന്നും പ്രസ്തുത കാലയളവിൽ ജീവനക്കാരിൽ നിന്നും പ്രീമിയം ഇടാക്കിയിരുന്നോയെന്നും വിശദമാക്കാമോ;

(ഇ) മേൽ കാലയളവിലും ജീവനക്കാർക്ക് ക്ലെയിം അനുവദിച്ചിരുന്നോ എന്നും കാലാവധി കഴിഞ്ഞ ഇൻഷ്വറൻസ് കമ്പനിക്ക് അതിന് ഉത്തരവാദിത്വമുണ്ടായിരുന്നോ എന്നും വിശദമാക്കാമോ?

(ബി-ഇ) മെഡിസെപ് പദ്ധതി ആരംഭിക്കുന്നതിന് ആദ്യഘട്ടത്തിൽ നിയോഗിച്ച ഇൻഷ്വറൻസ് കമ്പനി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയാണ്. പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി 23-06-2022-ലെ സ.ഉ.(പി)നം.

70/2022/ധന. പ്രകാരം 01-07-2022 മുതൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതിയുടെ ആദ്യ ഘട്ടം 30-06-2025-ന് അവസാനിച്ചതിനെ തുടർന്ന് നടപടിക്രമങ്ങൾ പാലിച്ച് അടുത്ത ഇൻഷ്വറൻസ് കമ്പനിയെ തിരഞ്ഞെടുക്കുന്നതിനും ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനും കാലതാമസം വരുന്ന സാഹചര്യത്തിൽ പദ്ധതിക്ക് ഭംഗം വരാതിരിക്കാനായി 17-06-2025-ലെ സ.ഉ. (പി)നം.74/2025/ധന. പ്രകാരം 30-09-2025 വരെ മൂന്ന് മാസത്തേയ്ക്കും 23-09-2025-ലെ സ.ഉ.(പി) നം.117/2025/ധന. പ്രകാരം 31-10-2025 വരെ ഒരു മാസത്തേക്കും ദീർഘിപ്പിച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ അതേ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചാണ് സ.ഉ.(പി) നം.74/2025/ധന. പ്രകാരം പദ്ധതി ദീർഘിപ്പിച്ചിട്ടുള്ളതിനാൽ ഈ കാലയളവിൽ നിലവിലുള്ളതുപോലെ ഗുണഭോക്താക്കളിൽനിന്നും 500/-രൂപ പ്രീമിയം ഈടാക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) മെഡിസെപ്പ് പദ്ധതിയെ ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രീമിയം തുകയിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല. 2025 സെപ്റ്റംബറിലെ ജി.എസ്.ടി. പരിഷ്കരണത്തിൽ വ്യക്തിഗത ആരോഗ്യ/ലൈഫ് ഇൻഷ്വറൻസ് പോളിസികളെയാണ് ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളെ ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ തന്നെ മെഡിസെപ്പ് പദ്ധതിക്ക് ജി.എസ്.ടി. ബാധകമാണ്.

2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

111(2613) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസാക്കിയ 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അനുമതി നിഷേധിച്ച് രാഷ്ട്രപതി മടക്കിയതിൽ രേഖപ്പെടുത്തിയിട്ടുള്ള നിയമപ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ 13-05-2025 തീയതി ബഹു. രാഷ്ട്രപതി യാതൊരു കാരണവും രേഖപ്പെടുത്താതെ അനുമതി നിഷേധിച്ച് മടക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിയമപ്രശ്നങ്ങൾ ഒഴിവാക്കി പുതിയ ബിൽ അവതരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ നിയമനിർമ്മാണാധികാരത്തിൽ നിന്നുള്ള ബിൽ, '2025-ലെ മലയാളഭാഷാ ബിൽ' പതിനഞ്ചാം കേരള നിയമസഭയുടെ 279-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിച്ചിട്ടുള്ള താണ്.

വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെയുള്ള നിയമ ഭേദഗതി

112(2614) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മണി ലെൻഡേഴ്സ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സ്വർണ്ണ പണ്ട പണയ വ്യാപാരം നടത്തിവരുന്ന സ്ഥാപനങ്ങൾ വ്യാജ സ്വർണ്ണം പണയപ്പെടുത്തി

പണം തട്ടുന്ന സംഘങ്ങളുടെ ഇരകളാകുന്ന സംഭവങ്ങൾ വർധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ മുക്കുപണ്ടം പണയം വച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 861 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുക്കുപണ്ടം പണയം വച്ചത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ.-യുടെ വിവിധ ശാഖകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട 133 അക്കൗണ്ടുകളിലായി 2.25 കോടി രൂപയോളം വരുന്ന വായ്പ ഇപ്പോഴും തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ടെന്നും ഇവയിലെല്ലാംതന്നെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും കെ.എസ്.എഫ്.ഇ. മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ പോലീസിൽ പരാതിപ്പെടുമ്പോൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് അധികാരികൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വ്യാജ സ്വർണ്ണം പണയം വച്ച് തട്ടിപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിക്കുന്ന അവസരങ്ങളിൽ BNS നിയമത്തിലെ 318(4) വകുപ്പ് (420 IPC) പ്രകാരവും കേരള മണി ലെൻഡേഴ്സ് ആക്ട് 18(ബി) വകുപ്പ് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. BNS നിയമത്തിലെ 318(4) വകുപ്പ് (420 IPC) പ്രകാരം ഇത്തരം കുറ്റകൃത്യങ്ങളിൽ പോലീസിന്

നേരിട്ട് കേസെടുക്കാവുന്നതും (കോഗ്നൈസബിൾ) ജാമ്യം ലഭിക്കാത്തതും 7 വർഷംവരെ തടവും പിഴയും ലഭിക്കാവുന്നതുമാണ്. കേരള മണി ലെൻഡേഴ്സ് ആക്ട് 18(ബി) വകുപ്പ് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്ക് നിലവിൽ 6 മാസം തടവോ 5000 രൂപ പിഴയോ രണ്ടും കൂടിയുള്ള ശിക്ഷയോ ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(സി) കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ശക്തമായ വ്യവസ്ഥകളുൾപ്പെടുത്തി ടി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുന്ന അഭിഭാഷകർക്ക് സാമ്പത്തിക സഹായം

113(2615) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാർ കൗൺസിലിൽ എൻറോൾ ചെയ്യുന്ന അഭിഭാഷകരിൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് എൻറോൾമെന്റിന് ചെലവാകുന്ന തുകയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള ബാർ കൗൺസിലിൽ എൻറോൾ ചെയ്യുന്ന അഭിഭാഷകരിൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് എൻറോൾമെന്റിന് ചെലവാകുന്ന തുകയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ഒന്നും നിലവിലില്ല.

അരുവിക്കര നിയോജകമണ്ഡലത്തിലെ വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം

114(2616) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ കേരള സഹകരണ നിയമം 1969 പ്രകാരം 31-03-2024-ന് രൂപീകരിച്ച സഹകരണ സംഘമാണ് അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 980. സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി ഭരണ സമിതി നിലവിലുണ്ട്. പ്രസ്തുത സംഘത്തിൽ ഉൽപാദന പ്രവർത്തനങ്ങളൊന്നുംതന്നെ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും തുടർനടത്തിപ്പിനുമായി വ്യവസായ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

24-09-2024-ലെ GO (Rt) No. 922/2024/ID പ്രകാരം അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 980-ന് Setting up of Aruvikkara Income Generating Industrial unit for women എന്ന പ്രത്യേക പദ്ധതി പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ഉത്തരവായിരുന്നു. ടി തുക 4851-00-102-85 (പി) എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഗാർമെന്റ് മാനുഫാക്ചറിങ്ങുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ 2024-25 സാമ്പത്തിക വർഷം അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 980-ന് Setting up of Aruvikkara Income Generating Industrial unit for women എന്ന പ്രത്യേക പദ്ധതിക്കായി 40 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത തുക സംഘത്തിന്റെ ഓണററി സെക്രട്ടറിയുടെയും ജനറൽ മാനേജരുടെയും പേരിലുള്ള കേരള ബാങ്ക് ആര്യനാട് ശാഖയിലെ ജോയിന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-102512002200146) നിക്ഷേപിച്ചിരിക്കുകയാണ്.

അരുവിക്കര നിയോജകമണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിലെ 27 അംഗങ്ങൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിശീലനം നൽകിയ വകയിൽ എന്റർപ്രണർഷിപ്പ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റിക്ക് 1,60,000/- രൂപയും പരിശീലനത്തിൽ പങ്കെടുത്തവർക്ക് യാത്രാബത്ത ഇനത്തിൽ 77,800/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഗാർമെന്റ് മാനുഫാക്ചറിങ്ങുമായി ബന്ധപ്പെട്ട് സംഘം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള മെഷീനറികൾ വാങ്ങുന്നതിന് തുടർനടപടികൾ സംഘത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുണ്ട്. സ്ഥാപനത്തിൽ നാളിതുവരെ ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും ആവശ്യമായ മാർഗനിർദേശം നൽകിവരുന്നു.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

115(2617) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗ്രാമ പഞ്ചായത്ത്	വ്യവസായ സംരംഭങ്ങളുടെ എണ്ണം
1	നടുവണ്ണൂർ	335
2	ബാലുശ്ശേരി	371
3	കൂരാച്ചുണ്ട്	301
4	കോട്ടൂർ	327
5	ഉള്ളിയേരി	372
6	ഉണ്ണികുളം	517
7	പനങ്ങാട്	388

(ബി) കിനാലൂർ കെ.എസ്.ഐ.ഡി.സി.-യിൽ (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) നിലവിൽ എത്ര വ്യവസായങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ?

കിനാലൂർ കെ.എസ്.ഐ.ഡി.സി.-യുടെ (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റിൽ നിലവിൽ 93 വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത യൂണിറ്റുകളിൽ 2500 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

മലപ്പുറം സ്പിന്നിങ് മില്ലിലെ തൊഴിലാളികൾക്ക് വേതനവർധനവ്

116(2618) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിങ് മില്ലിൽ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർധിപ്പിച്ച് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ വേതനം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകും; വ്യക്തമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിങ് മില്ലുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി (IRC)-യുടെ തീരുമാനം /മാർഗനിർദേശപ്രകാരമാണ്.

സംസ്ഥാനത്ത് ടെക്സ്റ്റൈൽ സ്പിന്നിങ് മില്ലുകളിലെ തൊഴിലാളികളുടെ ദീർഘകാല കരാർ അവസാനമായി 21-08-2019-ലാണ് പുതുക്കി നിശ്ചയിച്ചിരുന്നത്. മലപ്പുറം സഹകരണ

സ്പിന്നിങ് മില്ലിലെ ദീർഘകാല കരാർ 01-03-2021-ൽ നടപ്പിലാക്കുകയും അതിന്റെ കാലാവധി 2025 ഫെബ്രുവരി മാസം അവസാനിച്ചിരിക്കുകയുമാണ്.

നിലവിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളിലെ കാലാവധി കഴിഞ്ഞ ദീർഘകാല കരാർ പുതുക്കുന്നതിനായി മാനേജ്മെന്റും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വ്യവസായ ബന്ധ സമിതി-സബ് കമ്മിറ്റി മുഖേന ചർച്ചകൾ നടന്നുവരികയാണ്.

IRC-യുടെ മാർഗനിർദേശം വരുന്ന മുറയ്ക്ക് മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ ചർച്ച നടത്തി ഉഭയകക്ഷി തീരുമാനപ്രകാരം ദീർഘകാല കരാർ (LTA) നടപ്പാക്കുന്നതാണ്.

(സി) വേതനവർധനവ് വൈകുന്നപക്ഷം ഇടക്കാലാശ്വാസം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ദീർഘകാല കരാർ പുതുക്കുന്നത് സംബന്ധിച്ച് വ്യവസായ ബന്ധ സമിതി മുഖേന ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടറുടെ 16-03-2024-ലെ ഉത്തരവ് പ്രകാരം മലപ്പുറം സ്പിന്നിങ് മില്ലിലെ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ വേതനം വർധിപ്പിച്ചിരുന്നു. അതുപോലെ മിൽ തൊഴിലാളികളുടെ വേതനവും വർധിപ്പിക്കുന്നത് പരിശോധിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിങ് മില്ലുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ

കമ്മീഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി (IRC)-യുടെ തീരുമാനം/മാർഗനിർദേശപ്രകാരമാണ്.

സംസ്ഥാനത്ത് ടെക്സ്റ്റൈൽ സ്പിന്നിങ് മില്ലുകളിലെ തൊഴിലാളികളുടെ ദീർഘകാല കരാർ അവസാനമായി 21-08-2019-ലാണ് പുതുക്കി നിശ്ചയിച്ചിരുന്നത്. മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിലെ ദീർഘകാല കരാർ 01-03-2021-ൽ നടപ്പിലാക്കുകയും അതിന്റെ കാലാവധി 2025 ഫെബ്രുവരി മാസം അവസാനിച്ചിരിക്കുകയുമാണ്.

നിലവിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളിലെ കാലാവധി കഴിഞ്ഞ ദീർഘകാല കരാർ പുതുക്കുന്നതിനായി മാനേജ്മെന്റും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി വ്യവസായ ബന്ധ സമിതി - സബ് കമ്മിറ്റി മുഖേന ചർച്ചകൾ നടന്നുവരികയാണ്.

IRC-യുടെ മാർഗനിർദേശം വരുന്ന മുറയ്ക്ക് മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ ചർച്ച നടത്തി ഉഭയകക്ഷി തീരുമാനപ്രകാരം ദീർഘകാല കരാർ (LTA) നടപ്പാക്കുന്നതാണ്.

(ഇ) നിലവിൽ ദീർഘകാല കരാർ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കരാറിൽനിന്നും മാനേജ്മെന്റ് പിന്നാക്കം പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ 01-03-2021-ൽ നടപ്പാക്കിയ ദീർഘകാല കരാർ 2025 ഫെബ്രുവരി 25-ന് അവസാനിച്ചിരിക്കുകയാണ്. എങ്കിലും പുതിയ LTA സംബന്ധിച്ച് ചർച്ച ചെയ്ത് നടപ്പാക്കുന്നതുവരെ പഴയ ദീർഘകാല കരാർ പ്രകാരമാണ് മില്ലിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

ഇതിനിടയിൽ നവീകരണ പദ്ധതിയുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മെഷീനുകൾ സ്ഥാപിച്ചപ്പോൾ പരസ്പര ധാരണയോടെ അനിവാര്യമായ ചില മാറ്റങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽസ്

117(2619) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വിരുപ്പാക്കയിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽസ് ലേ ഓഫിലായതിനെ തുടർന്ന് മില്ലിനെയും മില്ലിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിൽ 30 കോടി രൂപയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും രാജ്യത്താകമാനമുണ്ടായ ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ പ്രതിസന്ധി, അസംസ്കൃതവസ്തുവിന്റെ ലഭ്യതക്കുറവ്, സാമ്പത്തിക പ്രതിസന്ധി എന്നിവ കാരണം 06-02-2023 മുതൽ ലേ ഓഫിലാണ്.

ഓണത്തിനോടനുബന്ധിച്ച്, സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽവകുപ്പിൽ നിന്നുള്ള 2000/- രൂപയുടെ ധനസഹായം മില്ലിലെ ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് 2023 ഫെബ്രുവരിയിലെ ശമ്പള/വേതന കുടിശ്ശികയും കൂടാതെ, മില്ലിലെ സ്ഥിരം ജീവനക്കാർക്ക് ഓണ അഡ്വാൻസായി 5000/- രൂപ

വീതവും നൽകിയിട്ടുണ്ട്. മില്ലിൽനിന്നും അവസാനം പിരിഞ്ഞുപോയ 25 ജീവനക്കാർക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും ലഭിക്കാനുള്ള തുകയും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ മിൽ റോളിൽ സ്ഥിരം/കോൺട്രാക്ട്/സെക്യൂരിറ്റി എന്നീ വിഭാഗങ്ങളിലായി 138 ജീവനക്കാരുണ്ട്.

ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലെ കുടിശ്ശിക നൽകുന്നതിന് 15 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

വിരമിച്ച 192 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയിനത്തിൽ 4 കോടി 81 ലക്ഷം രൂപ കുടിശ്ശികയുണ്ട്. നടപ്പ് സാമ്പത്തികവർഷം വ്യവസായ വകുപ്പിന് കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory dues/commitments പരിഹരിക്കുന്നതിനായി 4250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർക്കുന്നതിനും റവന്യൂ റിക്കവറികൾ ഒഴിവാക്കുന്നതിനുമായി 410 ലക്ഷം രൂപ ഉൾപ്പെടുത്തുകയും തുകയുടെ റിലീസ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത തുക ലഭ്യമാക്കി ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക തീർപ്പാക്കാവുന്നതാണ്.

(ബി) സ്പിന്നിങ് മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്നുള്ള പത്ത് ഏക്കർ ഭൂമിയിൽ ടൂറിസം അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ?

കേരളത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ, സർക്കാർ അനുമതിയോടെ, അതത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ അധിക ഭൂമി

വ്യാവസായികാവശ്യങ്ങൾക്കായി വിനിയോഗിച്ച് വരുമാനം കണ്ടെത്താനും ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ വാടക/പാട്ടം മുഖേന വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള ശിപാർശകൾ പരിഗണിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ഇത്തരത്തിൽ മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്നുള്ള നിലവിലുള്ള 10 ഏക്കർ ഭൂമിയിൽ അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

(സി) മുപ്പത് കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുകയും കോട്ടൺ ബോർഡ് വഴി കോട്ടൺ വാങ്ങാൻ സാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിലേക്കായി ആധുനികവൽക്കരണ പദ്ധതിക്കുകീഴിൽ 2024-25 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 85 ലക്ഷം രൂപയും ഭരണാനുമതി നൽകിയതിൽനിന്നും ഒന്നാം ഘട്ടമായി 30 ലക്ഷം രൂപയും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം സഹകരണ സ്പിന്നിങ് മില്ലുകൾക്ക് പ്രവർത്തനമൂലധനയിനത്തിൽ ഇ-ലാംസിൽ പോസ്റ്റ് ചെയ്തിരുന്ന 70 ലക്ഷം രൂപയിൽ നിന്നും തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന് 2024-25 സാമ്പത്തിക വർഷം 10.28 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2025-26 സാമ്പത്തികവർഷം വ്യവസായ വകുപ്പിനുകീഴിലുള്ള 26 സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന പിന്തുണ നൽകുന്നതിനായി

47 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിനായി 50 ലക്ഷം രൂപ ഉൾപ്പെടുത്തുകയും അതിൽ 20 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയുമുണ്ടായി.

മില്ലിനുണ്ടായിരുന്ന 23 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക സർക്കാർ മിൽ ബാധ്യതയിൽനിന്നും എഴുതിത്തള്ളുകയുണ്ടായി.

മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായുള്ള ശക്തമായ നടപടികളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന ഡയറക്ടർ ബോർഡിനെ പുനഃസംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, മിൽ ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാനും സാധ്യമായി.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന് ലഭ്യമായ/അനുമതി നൽകിയിട്ടുള്ള സാമ്പത്തിക സഹായം കണക്കിലെടുത്ത് മില്ലിൽ നിലനിൽക്കുന്ന കുടിശ്ശികകൾ/പ്രതിസന്ധി അവസ്ഥകൾ പരമാവധി തീർപ്പാക്കി/കൈക്കാര്യം ചെയ്ത് മിൽ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്ന് പ്രവർത്തിക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. മില്ലിൽ പുതിയ HT പവർ ലഭ്യമാക്കി മെഷീനുകൾ ഓരോന്നായി പ്രവർത്തിപ്പിക്കുകയും അസംസ്കൃത വസ്തുക്കൾ കോട്ടൺ ബോർഡ് വഴി ലഭ്യമാക്കി മില്ലിനെ ചുരുങ്ങിയ കാലയളവിൽ പ്രവർത്തന മികവിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ്

118(2620) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2024-25 വർഷംവരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കമ്പനി നിയമപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ 2024-25 സാമ്പത്തിക വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 30-09-2025 വരെയാണ്. പ്രസ്തുത സമയപരിധിക്കുശേഷം 2024-25 വരെ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ടെക്സ്ഫെഡ് 2024-25 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021 മുതൽ 2025 വരെയുള്ള ലാഭനഷ്ട കണക്ക് ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിലെ ലാഭ നഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച എം.ഡി.-ക്കുള്ള അവാർഡ്

119(2621) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച മാനേജിങ് ഡയറക്ടർക്ക് അവാർഡ് നൽകുന്നുണ്ടോ; എങ്കിൽ ഇത് നൽകാനുള്ള മാനദണ്ഡങ്ങളും ഘടകങ്ങളും എന്താണെന്ന് വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയെല്ലാമാണ് ഓരോ വർഷവും മികച്ച എം.ഡി.-യായി തിരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കൈവരിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും മാനേജിങ് ഡയറക്ടർക്കും വ്യവസായ വകുപ്പ് അവാർഡുകൾ നൽകിവരുന്നുണ്ട്.

മാനേജിങ് ഡയറക്ടർക്കുള്ള അവാർഡ് നൽകുന്നതിനായി പരിഗണിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്:

- ചുമതല വഹിക്കുന്ന സ്ഥാപനത്തിന്റെ അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷത്തെ വിറ്റുവരവിലെ വർധനവ്
- ലാഭത്തിലെ വർധനവ്/നഷ്ടത്തിലുണ്ടായ കുറവ്
- പുതിയ ഉൽപന്ന വികസനം/പുതിയ വിപണി/വെണ്ടർ ഡെവലപ്മെന്റ്
- മാനവവിഭവശേഷി ഒപ്റ്റിമൈസേഷൻ
- ഊർജ കാര്യക്ഷമത
- ചെലവ് നിയന്ത്രണ രീതികൾ

വ്യവസായ വകുപ്പിന് പുറത്തുനിന്നുള്ള വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതിയാണ് അവാർഡ് നിർണ്ണയം നടത്തി അർഹരായവരെ തിരഞ്ഞെടുക്കുന്നത്.

ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച മാനേജിങ് ഡയറക്ടറുടെ അവാർഡ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായിരുന്ന ശ്രീ. ഹരികുമാർ കെ.-യ്ക്കും കേരള സിറാമിക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായിരുന്ന ശ്രീ. സതീഷ് കുമാർ പി.-യ്ക്കുമാണ് നൽകിയത്. അതിനുശേഷം 2024-25 സാമ്പത്തിക വർഷത്തെ മികച്ച മാനേജിങ് ഡയറക്ടറുടെ അവാർഡ് സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായ കമാൻഡർ (Retd) സുരേഷ് പുല്ലാനിക്കാട്ടിനും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായ ഡോ. പ്രതീഷ് ജി. പണിക്കർക്കുമാണ് നൽകിയത്.

(ബി) സംസ്ഥാന കയർ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ മികച്ച എം.ഡി.-ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തി ഏത് വർഷം മുതലാണ് ടി സ്ഥാപനത്തിന്റെ എം.ഡി.-ആയി ചുമതലയേറ്റത്; മുമ്പ് ഇദ്ദേഹം ഏതെല്ലാം സ്ഥാപനങ്ങളുടെ എം.ഡി.-ആയി ജോലി ചെയ്തിട്ടുണ്ട്; ഇദ്ദേഹത്തിന് കയർ മേഖലയിൽ എത്ര വർഷത്തെ പ്രവൃത്തി പരിചയമുണ്ട്; വിശദമാക്കാമോ?

ഉണ്ട്. ഡോ. പ്രതീഷ് ജി. പണിക്കർ 2017-ൽ കയർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുകയും 2023 മുതൽ മാനേജിങ് ഡയറക്ടറുടെ ചുമതല നിർവഹിച്ചുവരികയും ചെയ്യുന്നു. മുമ്പ് ഇദ്ദേഹം മറ്റ് സ്ഥാപനങ്ങളിലൊന്നും എം.ഡി.-ആയി സേവനമനുഷ്ഠിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം എം.ഡി. ഇല്ലാതായിട്ട് എത്ര വർഷമായി; നിലവിലുള്ള എം.ഡി.-യെ സ്ഥിരപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ രണ്ട് വർഷമായി മാനേജിങ് ഡയറക്ടറുടെ ചുമതലയിലാണ് നിലവിലുള്ള ഉദ്യോഗസ്ഥൻ സേവനമനുഷ്ഠിക്കുന്നത്. മാനേജിങ് ഡയറക്ടറെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നിർദേശം നിലവിൽ പരിഗണനയിലില്ല.

നിലമ്പൂരിലെ കേരള വുഡ് ഇൻഡസ്ട്രീസ് പുനരുദ്ധാരണം

120(2622) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ വനം വകുപ്പുമായി സഹകരിച്ച് തുടങ്ങിയ കേരള വുഡ് ഇൻഡസ്ട്രീസ് അടച്ചുപൂട്ടിയതിനാൽ കെട്ടിടവും യന്ത്രോപകരണങ്ങളും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും മൂന്ന് പതിറ്റാണ്ടുകളായി ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൂറുകണക്കിന് ആളുകൾക്ക് ജോലി നൽകാൻ കഴിയുന്ന പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഈ സ്ഥലം വനം വകുപ്പുതന്നെ ഏറ്റെടുക്കുകയും നിലവിൽ ഈ സ്ഥലത്ത് കേന്ദ്ര സർക്കാർ സഹായത്തോടെ "നഗര വനം" എന്ന പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

ബാംബൂ കോർഷറേഷനിൽ ഈറ്റയുടെ ദൗർലഭ്യം

121(2623) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിൽ ഈറ്റയുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

2024-2025 വർഷത്തിൽ ബാംബൂ കോർപ്പറേഷന് മലയാറ്റൂർ, റാന്നി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലായി 9538 Mt. ഈറ്റ അനുവദിച്ചതിൽ 660.99 Mt. ശേഖരിച്ചിട്ടുണ്ട്. 2025-26-ൽ വാഴച്ചാൽ ഡിവിഷനിലും മാങ്കുളം ഡിവിഷനിലുമായി 1500 Mt. ഈറ്റ അനുവദിച്ചിട്ടുണ്ട്. അങ്കമാലി ഭാഗത്തേക്ക് ഈറ്റ കൂട്ട, വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കുമായി 69 ലോഡ് ഈറ്റ നൽകിയിട്ടുണ്ട്. ഇതിൽ ഒൻപത് ലോഡ് ഈറ്റ ബാലൻസുണ്ട്. തിരുവനന്തപുരം ഭാഗത്തേക്ക് 20 ലോഡ് ഈറ്റ നൽകിയിട്ടുള്ളതിൽ രണ്ട് ലോഡ് ഈറ്റ ബാലൻസുണ്ട്. പത്തനംതിട്ടയിൽ ഈറ്റ കൂട്ട, വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും കർഷകർക്കുമായി 26 ലോഡ് ഈറ്റ നൽകിയിട്ടുണ്ട്.

(ബി) ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാർഷിക, വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകിവന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട്

തൊഴിലാളികളിലേക്ക് എത്തിക്കുന്ന പദ്ധതിയാണ് "മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ-വിളവെടുപ്പും സംസ്കരണവും" എന്ന പദ്ധതി. 2024 ഏപ്രിൽ മുതൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയാണ് തൊഴിലാളികൾക്ക് ഡി.എ. നൽകിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ഫണ്ട് തിരിമറി നടത്തുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആക്ഷേപം ഉന്നയിക്കപ്പെട്ട ഉദ്യോഗസ്ഥനെ ഉടനെതന്നെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ടിയാൻ ഉണ്ടാക്കിവച്ച ബാധ്യത ടിയാന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽനിന്നും ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം

122(2624) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012-ൽ സംഘടിപ്പിച്ച എമർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ തുടർപ്രവർത്തനങ്ങളും പരിശോധനകളുമില്ലാതെ പരാജയപ്പെട്ടപ്പോൾ കൃത്യമായ ആസൂത്രണവും കഠിനാധ്വാനവും ഏകോപനവും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തെ വ്യത്യസ്തമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനും അതുവഴി കേരളത്തിലെ തൊഴിലവസരങ്ങളുടെ സാധ്യത വർധിപ്പിക്കാനും കേരളത്തിലെ വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകാനും കേരള സർക്കാർ വർഷങ്ങളായി പലവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവയിൽ ഉൾപ്പെടുന്ന പ്രധാന ഉച്ചകോടി/സമ്മേളനങ്ങളായിരുന്നു 2003-ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012-ൽ സംഘടിപ്പിച്ച എമർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ. ടി നിക്ഷേപ സംഗമത്തിലെ തുടർ പ്രവർത്തനങ്ങളിലെ പോരായ്മകൾ പഠിച്ചുകൊണ്ട് കൃത്യമായ ആസൂത്രണ പാടവത്തോടെ ആവിഷ്കരിച്ചതായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.

2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽവച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും സർക്കാർ വിലയിരുത്തുകയും ഇവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള വിപുലമായ ഒരു റോഡ്മാപ്പ് ആരംഭ ഘട്ടത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കുകയും ചെയ്തിരുന്നു.

നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താൽപര്യപത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തുവരുന്നത്. 100 കോടിയും അതിന് മുകളിലും വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താൽപര്യപത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യപത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യപത്രവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും വിവിധ അനുമതികൾക്കായി നിക്ഷേപകർ അതത് വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നത്തിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും സുഗമമായ പദ്ധതി നിർവഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനുംവേണ്ടി സർക്കാർ 30-04-2025-ലെ G.O.(Rt) No. 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ, ബഹു. വ്യവസായ വകുപ്പുമന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര,

വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയപരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19-06-2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ടുവച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടി രൂപയുടെ നിക്ഷേപവും 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്.

ഈ നിക്ഷേപ സംഗമം വഴി നാളിതുവരെ 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണാ പത്രങ്ങൾ സർക്കാരിന് ലഭിക്കുകയും ഇവയുടെ വികസനം നിലവിൽ വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) ഇൻവെസ്റ്റ് കേരള ഉച്ചകോടി മൂന്ന് വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ആഗോള നിക്ഷേപകരുടെ അഭ്യർഥന മാനിച്ച് ഉച്ചകോടി പ്രതിവർഷം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുമോ?

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്ന ഇടവേളകളെ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

നിലവിൽ ഇതിനകം ലഭിച്ചിട്ടുള്ള താൽപര്യപത്രങ്ങളെ യാഥാർഥ്യ പദ്ധതികളാക്കി മാറ്റുന്നതിനും നിക്ഷേപകർക്കും സംരംഭകർക്കും ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിനുമാണ് സർക്കാർ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

(സി) വ്യാവസായിക രംഗത്ത് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെ ഫലമായി നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും കേരള സർക്കാർ പലവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ എടുത്ത് പറയാവുന്ന ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിൽ

അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

വ്യവസായ നയം കൂടാതെ ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ, കൃത്രിമ ബുദ്ധി, ഗ്രാഫീൻ തുടങ്ങിയ മേഖലകളിൽ കരട് നയങ്ങൾ രൂപീകരിക്കുകയും ഇവ നിലവിൽ പരിഗണനയിലുമാണ്. കയറ്റുമതി പ്രോത്സാഹന നയം, ഇ.എസ്.ജി. നയം, ലോജിസ്റ്റിക്സ് പാർക്ക് നയം എന്നിവ ഇതിനോടകം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നവീന വ്യവസായത്തെ കേരളത്തിലേക്ക് ആകർഷിക്കാനും അവയെ പ്രോത്സാഹിപ്പിക്കാനായി ഹൈടെക് മാനുഫാക്ചറിങ് നയവും അംഗീകരിച്ചിട്ടുണ്ട്.

ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാന സൗകര്യങ്ങൾ, യോജിച്ച ബിസിനസ്സ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുമെന്നതും ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾ കൂടുതലായി വരുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ലോജിസ്റ്റിക്സ് പാർക്ക്

123 (2625) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപന്നങ്ങളുടെ സംഭരണം, മാനേജ്മെന്റ്, വിതരണം, ഗതാഗതം എന്നിവയ്ക്കായി രൂപകല്പന ചെയ്തിട്ടുള്ള വ്യവസായ മേഖല എന്ന നിലയിൽ ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലോജിസ്റ്റിക്സ് ശൃംഖലയിൽ വ്യാവസായിക ഉൽപാദന കേന്ദ്രങ്ങളെയും ഉപഭോഗ കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക്സ് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, ഉൽപന്നങ്ങളുടെ സംഭരണം, മാനേജ്മെന്റ്, വിതരണം, ലേബലിങ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക്സ് പാർക്കുകളിലൂടെ ലഭ്യമാകുന്നതാണ്.

വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക്സ് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക്സ് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. ഇതിന് ചുവടുപിടിച്ച് ഒരു ഉപനയമായി 'കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി' അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം, കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ പ്രോത്സാഹനം നൽകും. പൂർണ്ണമായും സ്വകാര്യ മേഖലയിലോ അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കംപോണന്റ്സ്) വികസിപ്പിക്കുന്നതിനും ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിലേക്കായി മേൽ സൂചിപ്പിച്ച തരം സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് പരമാവധി 10 കോടി രൂപവരെയും മിനി-ലോജിസ്റ്റിക്സ് പാർക്കുകളിലെ യോഗ്യമായ സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് പരമാവധി 5 കോടി രൂപവരെയുമാണ് നിക്ഷേപ സബ്സിഡിയായി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ, ലോജിസ്റ്റിക്സ് പാർക്കോ മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന് വിലകൊടുത്ത് വാങ്ങുകയോ, ദീർഘകാലത്തേക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. മാത്രമല്ല, 2023-ലെ കേരള വ്യാവസായിക നയത്തിന് കീഴിലുള്ള ഒരു മുൻഗണനാ മേഖലയായതിനാൽ പ്രസ്തുത നയത്തിന് കീഴിൽ നൽകുന്ന മറ്റ് എല്ലാ ഇൻസെന്റീവുകളും ലോജിസ്റ്റിക്സ് നയത്തിന് കീഴിൽ വരുന്ന സംരംഭങ്ങൾക്കും ബാധകമായിരിക്കും.

സംസ്ഥാനത്ത് ലോജിസ്റ്റിക്സ് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ കിൻഫ്ര പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം കൊണ്ടുവരികയുണ്ടായി. അതിൻപ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകളിലോ ലോജിസ്റ്റിക്സ് പ്രവർത്തനങ്ങൾക്കും വെയർഹൗസിങ്ങിനുംവേണ്ടി ഒരു പരമാവധി പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യാവുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത

ശതമാനം ഭൂമി മാറ്റിവയ്ക്കുന്നതാണ്. പുതുക്കിയ നയപ്രകാരം യഥാർഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ്-ലീസ് ചെയ്യാവുന്നതാണ്.

നിലവിൽ കിൻഫ്ര പാർക്കുകളിൽ നിരവധി ലോജിസ്റ്റിക്സ് കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കളമശ്ശേരി ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ കണ്ണൂർ, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് കാക്കഞ്ചേരി, കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് തലശ്ശേരി, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തിരുവനന്തപുരം, കിൻഫ്ര മെഗാ ഫുഡ് പാർക്ക് പാലക്കാട് തുടങ്ങിയ പാർക്കുകളിൽ സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനും മറ്റ് പ്രൈവറ്റ് വെയർഹൗസുകളും പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ആദ്യ ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അനുയോജ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് ഏറ്റെടുക്കുന്നതാണ്.

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കപ്പെടുന്ന ലോജിസ്റ്റിക്സ്, മിനി-ലോജിസ്റ്റിക്സ് പാർക്കുകളുടെ ശൃംഖലയിലൂടെ വിഴിഞ്ഞം പ്രദേശവാസികളടക്കമുള്ളവർക്ക് തൊഴിൽ ലഭിക്കുമോയെന്ന് വിശദമാക്കാമോ?

ലോജിസ്റ്റിക്സ് പാർക്കുകൾ വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കുന്ന ഇടങ്ങളാണ്. സ്ഥലം ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ച് ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് പ്രദേശവാസികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നതാണ്.

(ഡി) ലോജിസ്റ്റിക്സ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി ഉടമകളുടെ സമ്മതത്തോടെ വികസനാവശ്യത്തിനായി ഭൂമി വിജ്ഞാപനം ചെയ്യുന്ന ലാൻഡ് പൂളിങ് രീതി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെ 14-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് വ്യാവസായിക ടൗൺഷിപ്പ് ഏരിയകൾ വിജ്ഞാപനം ചെയ്യാവുന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 Q-ലെ ക്ലോസ് (1)-ലെ വ്യവസ്ഥ പ്രകാരം ഗവർണർക്ക് പൊതുവിജ്ഞാപനത്തിലൂടെ ഒരു പ്രദേശത്തെ വ്യാവസായിക ടൗൺഷിപ്പ് ഏരിയയായി പ്രഖ്യാപിക്കാവുന്നതാണ്. അത്തരം വ്യാവസായിക ടൗൺഷിപ്പ് പ്രദേശങ്ങൾ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സൃഷ്ടിക്കപ്പെട്ട ഒരു ടൗൺഷിപ്പ് അതോറിറ്റിയുടെ അധികാരപരിധിയിലായിരിക്കുന്നതാണ്.

ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വ്യാവസായിക ടൗൺഷിപ്പുകളിൽ പദ്ധതികളുടെ വികസനാവശ്യത്തിനായി ഭൂമി ലാൻഡ് പൂളിങ് ഉൾപ്പെടെയുള്ള വിവിധ മാർഗങ്ങളിലൂടെ കണ്ടെത്താവുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അനുബന്ധ പ്രദേശത്ത് ഈ രീതിയിൽ ഒരു വ്യാവസായിക ടൗൺഷിപ്പ് വിജ്ഞാപനം ചെയ്യുന്നതിനുവേണ്ടി ഭൂമി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതി

124 (2626) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുരാഷ്ട്ര കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാനമായ പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40-ലധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70-ൽപരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലും മറ്റുള്ളവ പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത പരിപാടികളിലൂടെ 10,000 കോടിയിൽപ്പരം നിക്ഷേപവും 5000-ൽപ്പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കരുതുന്നു.

ഇവയ്ക്കുപുറമേ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും നിരവധി നിക്ഷേപകരെ നേരിൽ കണ്ടുമുട്ടി ചർച്ചകൾ നടത്താനും അവസരം ഒരുക്കുന്ന വിവിധ ദേശീയ-അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും കേരളത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുകയും അതോടൊപ്പം, വിവിധ തരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, ഉച്ചകോടികൾ തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കാനുമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു

ആഗോള നിക്ഷേപ സംഗമമാണ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.

ഈ ഉച്ചകോടിയുടെ ഭാഗമായി നിരവധി മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസസ്സിങ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളജി, ആയുർവേദ, ഫർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിങ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, സ്റ്റാർട്ട് അപ്പ്, ഐ.ടി., മലബാർ കോൺക്ലേവ് മുതലായ മീറ്റിങ്ങുകളും കോൺക്ലേവുകളും സംഘടിപ്പിക്കപ്പെട്ടു. ഇത് കൂടാതെ, കേരളത്തിലെ വ്യവസായങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് "അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ", "അന്താരാഷ്ട്ര ജൻ എ.ഐ. കോൺക്ലേവ്" എന്നിവയും കൊച്ചിയിൽവച്ച് വിജയകരമായി നടത്തുകയുണ്ടായി. വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ മീറ്റിങ്ങുകൾ ഉപകാരപ്പെട്ടു. ഇതിനുപുറമേ ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിച്ചു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് എന്ന ആഗോള നിക്ഷേപക സംഗമം വഴി 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണാപത്രങ്ങൾ ലഭിക്കുകയും ഇവയുടെ വികസനം

നിലവിൽ വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) വളർച്ചാ നിരക്ക് കൂടുതലുള്ള വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തെ റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പല പ്രവർത്തനങ്ങളും നടത്തിവരുന്നു. ആ പ്രവർത്തനങ്ങളിൽപ്പെടുന്ന ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. നിർമ്മിതബുദ്ധി, റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന തിരഞ്ഞെടുക്കപ്പെട്ട 22 സൺറൈസ് മേഖലകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളാണ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

കൂടാതെ, സ്ഥിര മൂലധനത്തിന് 10 കോടി രൂപവരെ 10% നിക്ഷേപ സബ്സിഡി, വ്യവസായ വിപ്ലവം 4.0-ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിന്

(നിർമ്മിതബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ് തുടങ്ങിയവ) സംരംഭങ്ങൾ ചെലവാക്കുന്ന തുകയുടെ 20%, പരമാവധി 25 ലക്ഷം രൂപവരെ തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ. വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ്, എം.എസ്.എം.ഇ. ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന GST വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി. 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികളെ സ്ഥിരജോലിക്കെടുക്കുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ അപ്രകാരമുള്ള തൊഴിലാളികൾക്ക്, മാസവേതനത്തിന്റെ 25%, പരമാവധി 5000 രൂപവരെ തൊഴിലുടമയ്ക്ക് ഒരു വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് വിവിധ തരത്തിലുള്ള സേവനങ്ങൾ, അതായത് അടിസ്ഥാന സൗകര്യങ്ങൾ, കൺസൾട്ടേഷൻ സൗകര്യം, റെഗുലേറ്ററി ഫെസിലിറ്റേഷൻ, ഗവേഷണ സൗകര്യം മുതലായവ പ്രധാനം ചെയ്യുന്നു.

കെ.എസ്.ഐ.ഡി.സി. വ്യവസായം തുടങ്ങുന്നതിനും അവ വിപുലീകരിക്കുന്നതിനും വിവിധ തരത്തിലുള്ള വായ്പകൾ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലം (ലഭ്യതയ്ക്കനുസരിച്ച്) എന്നീ സേവനങ്ങളും നൽകിവരുന്നു.

(സി) സംസ്ഥാനത്തിന്റെ വ്യാവസായിക നയത്തിൽ വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിക്കുന്നതിൽ പ്രധാനമായും എന്തെല്ലാം മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകർക്ക് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുംവേണ്ടി സാമ്പത്തിക പ്രോത്സാഹനങ്ങൾ, നിയമനിർമ്മാണ പരിഷ്കാരങ്ങൾ, ഡിജിറ്റൽ പരിഷ്കാരങ്ങൾ, ശക്തമായ വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ, പരാതി പരിഹാരം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ശ്രമമാണ് വ്യാവസായിക നയം 2023 മുന്നോട്ടുവയ്ക്കുന്നത്. പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി 2023-ലെ വ്യവസായ നയത്തിലൂടെ 18 ഇൻസെന്റീവുകളും സബ്സിഡികളും നൽകുന്നുണ്ട്. വ്യവസായ നയത്തിന് കീഴിൽ നോട്ടിഫൈ ചെയ്ത 'Sustainable Industry Incentive Scheme 2023'പ്രകാരമാണ് മേല്പറഞ്ഞ ഇൻസെന്റീവുകൾ നൽകുന്നത്. കുറഞ്ഞ പലിശ വായ്പകൾ, മൂലധന സബ്സിഡി ഇൻസെന്റീവ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ, ഐ.പി.ഒ. വഴിയുള്ള ധനസമാഹാരത്തിനുള്ള പ്രോത്സാഹനം, നിക്ഷേപ സബ്സിഡി, എസ്.ജി.എസ്.ടി. റീ-ഇംബേഴ്സ്മെന്റ്, തൊഴിൽ വർധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം, നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം, ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് ആനുകൂല്യം, ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം എന്നിവ ഇവയിൽ ചിലതാണ്.

ഇത് കൂടാതെ എം.എസ്.എം.ഇ. ഇതര സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതിനായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയുടെ രൂപീകരണം, വ്യവസായങ്ങൾ തുടങ്ങുന്നതിനും നടത്തുന്നതിനും ആവശ്യമായ സമയവും സങ്കീർണ്ണതയും കുറയ്ക്കുന്നതിനായി നിലവിലുള്ള നിയമപരമായ ബാധ്യതകൾ വിലയിരുത്തി, നിയമലംഘനങ്ങളുടെ ശിക്ഷകൾ ലഘൂകരിക്കുന്നതിനും ഡിജിറ്റൈസേഷൻ വഴി കംപ്ലയൻസുകളുടെ എണ്ണം കുറയ്ക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുമെന്ന് വ്യവസായ നയത്തിൽ സൂചിപ്പിച്ചിരുന്നു. നിലവിൽ ഡീറെഗുലേഷൻ എക്സർസൈസിന്റെ ഭാഗമായി പ്രസ്തുത നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുമെന്ന വ്യവസായ നയത്തിലെ പ്രഖ്യാപനവും നടപ്പിലാക്കിയിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്. കൂടാതെ പ്രൈവറ്റ് വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നീ പദ്ധതികളിലൂടെ വ്യവസായ നയത്തിൽ സൂചിപ്പിച്ച പ്രകാരം സംസ്ഥാനത്ത് വ്യവസായത്തിനുള്ള സ്ഥലലഭ്യത ഉറപ്പാക്കുന്നത്തിനുള്ള നടപടികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

2023-ലെ വ്യാവസായിക നയം ലോജിസ്റ്റിക്സ് മേഖലയ്ക്ക് വ്യവസായ പദവി നൽകുമെന്ന് വിഭാവനം ചെയ്തിരുന്നു. ഇതിനനുസൃതമായി, സംസ്ഥാനത്ത് ലോജിസ്റ്റിക്സ്/മിനി ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് സഹായകമാകുന്ന ഒരു സമഗ്ര ലോജിസ്റ്റിക്സ് നയവും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സമർപ്പിക്കപ്പെട്ട നിക്ഷേപ ഓഫറുകളെ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഫെബ്രുവരി 21-22 തീയതികളിലായി എറണാകുളത്ത് വച്ച് വ്യവസായ വകുപ്പ് സംഘടിപ്പിച്ച "ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025"-ലൂടെ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നു.

ഇവ സമയബന്ധിതമായി യഥാർഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികളിലൂടെ കൃത്യമായി ഫോളോ അപ്പ് നടന്നുവരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

നിലവിൽ 100 കോടിവരെ മൂല്യമുള്ള നിക്ഷേപ താൽപര്യപത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തുവരുന്നത്. 100 കോടിയും അതിന് മുകളിലും വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-ആണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താൽപര്യപത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യപത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യപത്രവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും വിവിധ അനുമതികൾക്കായി നിക്ഷേപകർ അതത് വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നത്തിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും സുഗമമായ പദ്ധതി നിർവഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള

ഏകോപനത്തെ ക്രോഡീകരിക്കുന്നതിനുംവേണ്ടി സർക്കാർ 30-04-2025-ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ ബഹു. വ്യവസായ വകുപ്പുമന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര, വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി പദ്ധതി നിർവഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയപരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19-06-2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ടുവച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിരൂപയുടെ നിക്ഷേപവും 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത്

സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യപത്രങ്ങളുടെ 21.82% വരുന്നതാണ്.

സംരംഭക സഹായ പദ്ധതി

125(2627) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും സംരംഭക സഹായ പദ്ധതി എപ്രകാരം ഉപകാരപ്രദമായെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിലെ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിലും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിലും സംരംഭക സഹായ പദ്ധതി പ്രത്യേക പങ്ക് വഹിക്കുന്നു. മേൽ പദ്ധതിയിലൂടെ ഉൽപാദന മേഖലയിലെ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി സഹായം സംരംഭത്തിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ ഉദാരമാക്കുന്നു. സംരംഭം ആരംഭിക്കുന്ന അവസരത്തിൽ ലഭ്യമാകുന്ന സാമ്പത്തികസഹായം ഭാവി പ്രവർത്തനം ഫലപ്രദമായി ആസൂത്രണം ചെയ്ത് സംരംഭം വിജയകരമാക്കുന്നതിന് സംരംഭകരെ സഹായിക്കുന്നു.

(ബി) സാധാരണ ജനങ്ങൾക്ക് വളരെ അവസരങ്ങൾ ലഭിക്കുന്ന സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ വിശദമാക്കാമോ?

സംരംഭക സഹായ പദ്ധതി (ESS)

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു.

നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണിഗ്രാന്റ് നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നു.

നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

മേൽ പദ്ധതിപ്രകാരം വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപവരെയും ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപവരെയും പലിശയിളവ് നൽകുന്നു.

തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)

2023-24 സാമ്പത്തിക വർഷം 31-03-2023 വരെ നിലവിലുണ്ടായിരുന്ന 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും, "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ/കശുവണ്ടി

സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപവരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപവരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

സ്വകാര്യ വ്യവസായ പാർക്ക്

വ്യവസായത്തിനുള്ള സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിന് സ്വകര്യ വ്യവസായ പാർക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഡെവലപ്പർ പെർമിറ്റ് ലഭിച്ച സംരംഭകർ രണ്ട് വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കേണ്ടതാണ്. കൂടാതെ ഒരു ഏക്കറിന് 30 ലക്ഷം രൂപ (പരമാവധി 3 കോടിവരെ) നിരക്കിൽ സ്വകാര്യ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ ധനസഹായം reimbursement ആയി നൽകുന്നുണ്ട്. വ്യവസായ പാർക്കുകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ വ്യവസായ പാർക്കിനും പ്രത്യേകം Single window clearance board-കൾ രൂപീകരിച്ച് നൽകുന്നുണ്ട്.

ക്യാമ്പസ് വ്യവസായ പാർക്ക്

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ എസ്റ്റേറ്റുകൾ

ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ പദ്ധതി മാർഗരേഖ 29-02-2024-ലെ സ.ഉ.(കൈ) നം. 16/2024/വ്യവ. പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

ഗാല (റൂൾ ജി.ഒ. (ആർ.ടി.) നം. 1058/2023/ഐ.ഡി. തീയതി 13-10-2023)

കുറഞ്ഞ ഭ്രവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ വാണിജ്യ വകുപ്പിന് കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേക്കായി 2023-ൽ പുതിയ ഗാല (റൂൾ ജി.ഒ. (ആർ.ടി) നം. 1058/2023/ഐ.ഡി. തീയതി 13-10-2023) നിലവിൽവന്നു. ഈ പദ്ധതിയിൽ ധനസഹായം നൽകുന്നത് പൂർണ്ണമായും സംസ്ഥാന സർക്കാരാണ്.

ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട്

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഡെവലപ്മെന്റ് ഏരിയ/ പ്ലോട്ടുകളിലെ 40 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കരകൗശല മേഖലയ്ക്കുള്ള സഹായ പദ്ധതി (ആശ പദ്ധതി)

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾ ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ

സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് ആശ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

പദ്ധതിയുടെ സവിശേഷതകൾ

- പൊതുവിഭാഗങ്ങൾക്ക് - സ്ഥിര ആസ്തി ആർജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.
- സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/യുവതീ യുവാക്കൾ/ ഭിന്നശേഷിക്കാർ - സ്ഥിരാസ്തി ആർജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി/ പട്ടികവർഗ്ഗക്കാർ/യുവതീ യുവാക്കൾ/ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പ്രധാന പദ്ധതികളിലൂടെ പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സംരംഭക സഹായ പദ്ധതിയിലൂടെ 3431 അപേക്ഷകളിലായി 20355.75 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.
- നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻമണി ഗ്രാന്റ് പദ്ധതിയിലൂടെ 1813 ഗുണഭോക്താക്കൾക്കായി 4994.31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലൂടെ 3375 അപേക്ഷകളിലായി 543.01 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ 9198 യൂണിറ്റുകൾക്കായി 20492.58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- പി.എം.എഫ്.എം.ഇ. മുഖേന നൽകിയ സബ്സിഡി വിവരങ്ങൾ
- ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതി കെ-ബിപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

സാമ്പത്തിക വർഷം	ആകെ ഗുണഭോക്താക്കളുടെ എണ്ണം	കേന്ദ്ര സബ്സിഡി (രൂപയിൽ)	സംസ്ഥാന സബ്സിഡി (രൂപയിൽ)	ആകെ സബ്സിഡി അനുവദിച്ചത് (രൂപയിൽ)
2021-2026	5692	86,90,22,032.40	57,93,47,990.60	1,44,83,70,023

സ്വകാര്യ വ്യവസായ പാർക്ക്

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി 02-04-2022-ലെ G.O. (MS) 31/2022/ID പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതി പ്രകാരം 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ല (3 എണ്ണം) - മെ. കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്ക്, മെ. ഫെദർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡ്, മെ. ഹൈടെക് ഇൻഡസ്ട്രിയൽ പാർക്ക്. ഇടുക്കി ജില്ല (1 എണ്ണം) - മെ. വുഡൻ എം.ഡി.എഫ്. പാനൽ പ്രൈവറ്റ് ലിമിറ്റഡ്. കണ്ണൂർ ജില്ല (2 എണ്ണം) - വി.എം.പി.എസ്. ഫുഡ് പാർക്സ് ആൻഡ് വെഞ്ചേഴ്സ് എൽ.എൽ.പി., മെ. ഹരിത പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്. എറണാകുളം (2 എണ്ണം) - മെ. അവിഗ്നജയ പ്രൈവറ്റ് ലിമിറ്റഡ്, മെ. ടഫ് പോളി റസിൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ 8 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ഉൽപന്നങ്ങളുടെ വ്യവസായിക ഉൽപാദനം പ്രോത്സാഹിപ്പിച്ച് വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുന്നതിനും പഠനത്തോടൊപ്പം ജോലി എന്ന ലക്ഷ്യം നടപ്പാക്കുന്നതിനും പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് വിവിധ വ്യവസായ

സംരംഭങ്ങളിൽ apprenticeship/internship അവസരം നൽകി സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തമാക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.

ഇതുവരെ 10 ക്യാമ്പസ് വ്യവസായ പാർക്കുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 3 ക്യാമ്പസ് വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

126(2628) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ/വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ 15822 സ്വകാര്യ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ സീതാംഗോളിയിലുള്ള കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്കിൽ ഇതുവരെ 21 വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കാലയളവിൽ പൊതുമേഖലയിൽ പുതിയതായി സംരംഭങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിനുകീഴിലുള്ള ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL) എന്ന സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങൾ/വ്യവസായ സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. എങ്കിലും സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി വ്യവസായ വകുപ്പ് നിയമിച്ച Enterprise Development Executive (EDE)-മാരുടെ സേവനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് സ്ഥിതി ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. EDE-മാർ സംരംഭങ്ങളിൽ സന്ദർശനം നടത്തി ശേഖരിച്ച വിവരങ്ങൾ പ്രകാരം തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ ശതമാനം ദേശീയ ശരാശരിയായ 30%-ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചവയിൽ 15.75% സംരംഭങ്ങൾ മാത്രമാണ് പ്രവർത്തനം അവസാനിപ്പിച്ചത്.

(സി) പുതുതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ/സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

വ്യക്തിപരമായ കാരണങ്ങൾ, വായ്പാ ലഭ്യതക്കുറവ്, സ്ഥലപരിമിതി, മതിയായ വ്യവസായ കെട്ടിടങ്ങളുടെ അപര്യാപ്തത, വിപണന സാധ്യതക്കുറവ്, അസംസ്കൃത വസ്തുക്കളുടെ

ലഭ്യതക്കുറവ് മുതലായ കാരണങ്ങളാൽ പുതുതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ/സംരംഭങ്ങൾ പൂട്ടേണ്ടി വന്നിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കാസർഗോഡ് ജില്ലയിൽ എത്രപേർ മുന്നോട്ടുവന്നുവെന്നും അവർ മുടക്കിയ നിക്ഷേപ തുക എത്രയാണെന്നും സർക്കാർ നൽകിയ സഹായം എന്തൊക്കെയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ?

പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടുവന്നവർ - 17298

നിക്ഷേപ തുക - 10237.8 ലക്ഷം രൂപ

സർക്കാർ നൽകിയ സഹായം വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നു.

1. സംരംഭകത്വ സഹായ പദ്ധതി

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ 17,12,10,928/- രൂപ അനുവദിച്ചിട്ടുണ്ട്.

2. വൺ ഫാമിലി വൺ എന്റർപ്രൈസസ്സ്

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ 20,55,337/- രൂപ അനുവദിച്ചിട്ടുണ്ട്.

3. നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി പദ്ധതി

2021-22 മുതൽ 2024-25 വരെ 1,52,42,693/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) പുതുതായി സംരംഭങ്ങൾ തുടങ്ങി ഇടക്കാലത്ത് പൂട്ടേണ്ടി വന്നവർ ജില്ലയിൽ എത്രയുണ്ടെന്നും ഇതുമൂലം വ്യക്തികൾക്കും സർക്കാരിനുമുണ്ടായ നഷ്ടം എത്രയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ?

പുതുതായി തുടങ്ങിയ സംരംഭങ്ങളിൽ 2123 സ്ഥാപനങ്ങൾ ഇടക്കാലത്ത് പൂട്ടേണ്ടി വന്നിട്ടുണ്ട്. ഇതുമൂലം ഏകദേശം 24 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(എഫ്) പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന എത്രപേർ ജില്ലയിലുണ്ടെന്നും അവർ എത്രകാലമായി അപേക്ഷ സമർപ്പിച്ചിട്ടെന്നും അതിന്മേൽ ഇതുവരെ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കാൻ ഭൂമി ലഭിക്കുന്നതിനായി മടിക്കൈ വ്യവസായ എസ്റ്റേറ്റിൽ 71 പേരും അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ 41 പേരും ചേർന്ന് ആകെ 112 പേർ അപേക്ഷ സമർപ്പിച്ച് വ്യവസായ ഭൂമി അനുവദിച്ച് കിട്ടുന്നതിനായി കാത്തിരിക്കുന്നുണ്ട്. മടിക്കൈ വ്യവസായ എസ്റ്റേറ്റിൽ ഭൗതിക സാഹചര്യം ഒരുങ്ങിവരുന്നതിനാലും അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ മുഴുവൻ ഭൂമിയും അനുവദിച്ച് കഴിഞ്ഞതിനാലുമാണ് അപേക്ഷകർ കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നത്. 16-05-2023 മുതൽ അപേക്ഷ സമർപ്പിച്ചവർ ഇതിൽ ഉൾപ്പെടുന്നു.

ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിങ് ആൻഡ് കോച്ചിങ് സെന്ററിന് വ്യവസായ വകുപ്പിന്റെ ഭൂമി

127(2629) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ ഡ്രൈവിങ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ചതും 20-01-2020-ലെ ജി. ഒ. (സാധാ) നം.24/2020/ട്രാൻസ്.

നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതുമായ ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിങ് ആൻഡ് കോച്ചിങ് സെന്റർ ആരംഭിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ 30 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നോർക്ക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 24-01-2022-ൽ ചേർന്ന യോഗത്തിലെ തീരുമാനമനുസരിച്ച് മലപ്പുറത്ത് ഇൻകെൽ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം പദ്ധതിക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നാളിതുവരെ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) അന്തർദേശീയ ഡ്രൈവിങ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിങ് ആൻഡ് കോച്ചിങ് സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം പദ്ധതിക്ക് അനുവദിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(എ-സി) മലപ്പുറത്ത് KSIDC-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം INKEL-ന് KSIDC ലീസ് കൊടുത്തിട്ടുള്ളതാണ്. അതിനാൽ കെ.എസ്.ഐ.ഡി.സി.-ക്ക് മലപ്പുറത്ത് നിലവിൽ ഭൂമി കൈവശമില്ല.

നിലവിൽ ഇൻകെൽ വ്യവസായ സൗരോർജ ആവശ്യങ്ങൾക്ക് പ്രസ്തുത ഭൂമിയടക്കം ലീസ് നൽകിക്കഴിഞ്ഞു. ഇപ്പോൾ മലപ്പുറം ഇൻകെൽ പാർക്കിൽ 100% ഭൂമിയും ലീസ് നൽകിയിട്ടുള്ളതാണ്. അതുകൊണ്ട് പ്രസ്തുത ഡ്രൈവിങ് ടെസ്റ്റിന് ഇൻകെൽ പാർക്കിൽ നിലവിൽ ഭൂമി ലഭ്യമല്ല.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

128(2630) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(ബി) എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുമെന്ന് വിശദമാക്കുമോ?

2025 നവംബർ മാസത്തോടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റ്

129(2631) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വ്യവസായ വകുപ്പിന് കീഴിലുള്ള സിഡ്കോ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റിൽ വിവിധ സ്ഥാപനങ്ങൾക്കായി നൽകിയ സ്ഥലത്ത് ഇതുവരെ യാതൊരു വ്യവസായവും ആരംഭിച്ചിട്ടില്ലാത്തവരിൽനിന്നും പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

സിഡ്കോയുടെ നിയന്ത്രണത്തിലുള്ള മൂടാടി വ്യവസായ പാർക്കിൽ 18 വ്യവസായ യൂണിറ്റുകളുള്ളതിൽ 3 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് നോട്ടീസുകൾ നൽകി അവ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. മൂടാടി വ്യവസായ പാർക്കിലെ കടുത്ത വൈദ്യുതി പ്രതിസന്ധിയാണ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന് കാരണമായി ഈ യൂണിറ്റുടമകൾ ബോധിപ്പിച്ചിട്ടുള്ളത്. വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 സെന്റ് ഭൂമി കെ.എസ്.ഇ.ബി.എൽ.-ന് സൗജന്യമായി അനുവദിക്കുന്നതിന് സിഡ്കോ എൻ.ഒ.സി. നൽകിയിട്ടുണ്ട്. തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന മുറയ്ക്ക് മൂടാടി വ്യവസായ പാർക്കിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്നും യൂണിറ്റുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്നും പ്രതീക്ഷിക്കുന്നു.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാൻ നടപടി

130(2632) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാനും ഇതിനായി അനുവദിച്ച ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തനസജ്ജമാണ്. ഈ എസ്റ്റേറ്റുകളിലെ ഭൂമി

അന്യാധീനപ്പെടുന്ന സാഹചര്യം നിലവിലില്ല. ജില്ലയിൽ 6 മിനി വ്യവസായ എസ്റ്റേറ്റുകളാണുള്ളത്. ആയതിൽ എണ്ണത്തിന് ചുറ്റുമതിലുണ്ട്. മറ്റുള്ളതിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലയിലെ മിനി വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുകയും പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് നോട്ടീസ് നൽകി അനുവദിച്ച വ്യവസായ ഷെഡ് തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

പാറത്തോട് ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

131(2633) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എൽ.എ.ആർ.ആർ. (ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ്) ആക്ട് 2013 പ്രകാരമുള്ള നഷ്ടപരിഹാര തുക അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ പാറത്തോട് പഞ്ചായത്തിലുള്ള മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി (2 ഏക്കർ) മൊത്തമായും ലീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് "Parathode Agventure" എന്ന പേരിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാറത്തോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം (3002) താൽപര്യം

പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി ബാങ്കും സംഘവും തമ്മിൽ 29-04-2025-ൽ ലീസ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിലേക്കുള്ള പ്രവേശന പാതയ്ക്കുവേണ്ടി കൂടുതലായി ഏറ്റെടുക്കുന്ന 10.15 ആർ ഭൂമിയുടെ നഷ്ടപരിഹാര തുക അടയ്ക്കുന്നതിന് ബാങ്കിന്റെ തീരുമാനം അറിയിച്ചിട്ടില്ല. ആയതിന്റെ നടപടികൾ പുരോഗമിക്കുന്ന മുറയ്ക്ക് ബാങ്കുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ട് 2013 (LARR Act 2013) പ്രകാരം നഷ്ടപരിഹാരത്തുക അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മങ്കട നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

132(2634) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ആകെ എത്ര വ്യവസായ സംരംഭങ്ങളുണ്ട്; കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങൾ എത്ര; കണക്കുകൾ ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ ആകെ 2002 സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 475 സംരംഭങ്ങളും ഈ സർക്കാരിന്റെ കാലത്ത് 2157 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ എത്ര; കണക്ക് ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 21.9% സംരംഭങ്ങൾ പ്രവർത്തനരഹിതമായിരുന്നു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി വ്യവസായ വകുപ്പ് നിയമിച്ച Enterprise Development Executive-മാർ സംരംഭങ്ങളിൽ സന്ദർശനം നടത്തി ശേഖരിച്ച വിവരങ്ങൾ പ്രകാരം തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ ശതമാനം ദേശീയ ശരാശരിയായ 30 ശതമാനത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15 ശതമാനം മാത്രമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മങ്കട നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം അവസാനിപ്പിച്ചത് 5.84 ശതമാനം സംരംഭങ്ങൾ മാത്രമാണ്.

(സി) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഈ കാലയളവിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ വഴി എത്ര പേർക്ക് ഇവിടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങളിലൂടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2148 ആളുകൾക്കും ഈ സർക്കാരിന്റെ കാലത്ത് 4294 ആളുകൾക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. 9 വർഷക്കാലയളവിലെ കണക്കാണ് മേല്പറഞ്ഞത് എന്നതിനാൽ ഒരേ തൊഴിലാളി തന്നെ ഒന്നിലധികം സംരംഭങ്ങളിൽ ഉൾപ്പെടാനും പ്രവർത്തനം നിലയ്ക്കുന്ന സംരംഭങ്ങളിലെ ചില തൊഴിലാളികൾക്കെങ്കിലും മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ കിട്ടാനും

സാധ്യതയുള്ളതിനാൽ സ്ഥാപനം പൂട്ടിപ്പോയത് കാരണമുള്ള യഥാർഥ തൊഴിൽ നഷ്ടം കണക്കാക്കുന്നത് പ്രായോഗികമല്ല.

(ഡി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര കോടിരൂപയുടെ നിക്ഷേപം ഈ നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ 45.31 കോടി രൂപയുടെ നിക്ഷേപവും ഈ സർക്കാരിന്റെ കാലത്ത് 60.66 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്.

യുവ സംരംഭകരെ സഹായിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ

133(2635) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംരംഭക സഹായ പദ്ധതി, മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

യുവസംരംഭകർ ഉൾപ്പെടെയുള്ള സംരംഭകർക്കായി വിവിധ ധനസഹായ പദ്ധതികളും ഫെസിലിറ്റേഷൻ മുഖേനയുള്ള സഹായങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

- ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും താലൂക്ക് വ്യവസായ ഓഫീസുകളുടെയും നേതൃത്വത്തിൽ എല്ലാ വർഷവും സംരംഭകത്വ ബോധവൽക്കരണ പരിപാടികളും (EAP) സംരംഭക വികസന പരിപാടികളും (EDP) നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവൽക്കരണ/ലോൺ/സബ്സിഡി മേളകൾ സംഘടിപ്പിക്കുന്നുണ്ട്.
- നിലവിലുള്ള സംരംഭകരും നവ സംരംഭകരും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള ചർച്ചകൾ വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും നിക്ഷേപ സംഗമങ്ങൾ നടത്തിവരുന്നു.
- MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികപരമായുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ധർ പങ്കെടുക്കുന്നു.
- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനമാണ് ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം. ഇതിന്റെ ഭാഗമായി ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ-ILO) മാനേജ്മെന്റ് പരിശീലനവും നൽകുന്നുണ്ട്.

- കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്.
- പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്താനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി വിവിധ മേഖലകളിലെ വിദഗ്ധരെയുൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന നൂതനാശയമാണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ.
- സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. പ്രീമിയം തുകയുടെ 50 ശതമാനം പരമാവധി 5000/- രൂപവരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി.

കെ.എസ്.ഐ.ഡി.സി. ഇന്നൊവേറ്റീവ് ആക്സിലറേഷൻ പദ്ധതി മുഖേന മിനിമം വയബിൾ പ്രോഡക്റ്റ് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അവരുടെ

പദ്ധതികൾ വിപുലീകരിക്കുന്നതിനും മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി. സ്കെയിൽ-അപ്പ് സപ്പോർട്ട് നൽകിവരുന്നു. സംരംഭം വിപുലീകരിക്കുന്നതിന് ആവശ്യമായ മൊത്തം തുകയുടെ എൺപത് ശതമാനമോ അല്ലെങ്കിൽ പരമാവധി 100 ലക്ഷം രൂപയോ ആണ് ഈ ഇനത്തിൽ വായ്പയായി നൽകി വരുന്നത്. പലിശ നിരക്ക് 7% ആണ്.

പുതിയ നിക്ഷേപം നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാരാ കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു.

ഇവ കൂടാതെ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ യുവസംരംഭകർക്കുകൂടി നടപ്പിലാക്കിവരുന്നു.

(ബി) പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. സംരംഭക സഹായ പദ്ധതി (ESS)

2012 മുതൽ നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിപ്രകാരം പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന

നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, SC/ST, പ്രവാസി മലയാളികൾ എന്നിവരിൽപ്പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. മൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്കും പിന്നാക്ക ജില്ലകളിൽ നിന്നുള്ള സംരംഭകർക്കും 10% വീതം അധിക ആനുകൂല്യവും ലഭിക്കുന്നു.

2. നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സുവരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE)

ഉൽപാദന, സേവന, വ്യാപാര മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷംരൂപവരെയുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽന്നതിനാണ്

ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE) പ്രകാരം ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപവരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/പ്രവർത്തന മൂലധന വായ്പ) അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 01-04-2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് അർഹരാണ്.

4. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗികതലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.

കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള Entity (i.e. Companies, Co-operatives, charitable societies, partnerships, consortium of MSMEs), Family എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലമുള്ളവർക്കും 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമിയുള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് Kerala Single Window Clearance Board, Industrial Township Area Development Act 1999-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.

ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് reimbursement ആയിട്ടാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED Category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്.

http://pie.industry.kerala.gov.in/public/index.php/industrialist എന്ന വെബ് പോർട്ടൽ മുഖേനയാണ് ഈ പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

5. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും

വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി. ആയതിന്റെ പദ്ധതി മാർഗരേഖ 29-02-24-ലെ സ.ഉ. (കൈ) നമ്പർ 16/2024 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതുതായി കണ്ടെത്തുന്ന ഉൽപന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ/ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗനിർദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് എസ്റ്റേറ്റ് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ സുപ്രധാന വിഷയങ്ങൾ (trade/branch/core subject) എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണനയുണ്ടാകും. വ്യവസായ എസ്റ്റേറ്റുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനത്തിനുള്ള (apprenticeship/internship) അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങാനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) ക്യാമ്പസ് വ്യവസായ പാർക്കിനായി

അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായിവരുന്നത്. 30 വർഷത്തേക്കാണ് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക.

കൃാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് Kerala Single Window Clearance Board, Industrial Township Area Development Act 1999-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.

കൃാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. ഇപ്രകാരം ആരംഭിക്കുന്ന എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ് ഈ പദ്ധതിയിൽ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ പദ്ധതി മാർഗരേഖയിൽ പറയുന്ന രീതിയിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്ന് പരിശോധിക്കേണ്ടതും സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി ശിപാർശ ചെയ്യേണ്ടതും തുടർന്ന് സെക്രട്ടറിതല സംസ്ഥാന സമിതി കൂടിയാലോചിച്ച് ഡെവലപ്പർ പെർമിറ്റ് അംഗീകാരം നൽകുന്നതിന് തീരുമാനം എടുക്കുന്നു.

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് പോർട്ട്

134 (2636) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ടിന്റെ പ്രവർത്തനം ആരംഭിച്ചതോടെ സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് കൂടുതൽ ഗുണകരമാകുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ട് വിഴിഞ്ഞം ഇൻഡസ്ട്രിയൽ ഗ്രോത്ത് കോറിഡോർ എന്ന പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ, വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള തിരുവനന്തപുരം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകളും സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കാമോ?

സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലോ ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും

വെയർഹൗസിങ്ങിനും വേണ്ടി പരമാവധി പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവയ്ക്കുന്നതാണ്. പുതുക്കിയ നയം പ്രകാരം യഥാർഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ് ലീസ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് പോളിസിക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കമ്പനികൾ ലോജിസ്റ്റിക് പാർക്കുകൾ ആരംഭിക്കുകയും നിർമ്മാണം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

135 (2637) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2012 സംരംഭങ്ങൾ ആരംഭിച്ചു. സംരംഭക സഹായ പദ്ധതി പ്രകാരം 25 സംരംഭങ്ങൾക്കായി 1,06,59,428/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ടിന്റെ ഭാഗമായി നെടുങ്കണ്ടം ബ്ലോക്ക് പരിധിയിൽ 2 ലക്ഷം രൂപ സബ്സിഡിയോടുകൂടി 16 ഗ്രൂപ്പുകൾ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കട്ടപ്പന ബ്ലോക്കിന്റെ

പരിധിയിൽ 2 ലക്ഷം രൂപ സബ്സിഡിയോടുകൂടി 2 ഗ്രൂപ്പുകൾ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 21 സ്ഥാപനങ്ങൾ ആരംഭിക്കുകയും നിയോജകമണ്ഡല പരിധിയിലെ 8 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ പരിശീലന ക്ലബ്ബുകൾക്ക് വിവിധ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വീതം അനുവദിക്കുകയും ചെയ്യുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 190 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ വ്യവസായ മേഖലയിലെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 116 സംരംഭങ്ങൾ ആരംഭിക്കുകയും എല്ലാ പഞ്ചായത്തുകളിലും ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുകയും ചെയ്തു. 10 പഞ്ചായത്തുകളിലെ സംരംഭങ്ങൾക്കായി 30 ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, 20 ലോൺ മേളകൾ, 10 സംരംഭക സഭകൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ, എം.എസ്.എം.ഇ. ക്ലിനിക്ക്, ബാങ്കേഴ്സ് മീറ്റ്, രാജാക്കാട് വച്ച് എക്സ്പോർട്ട് വർക്ക്ഷോപ്പ്, മൂന്ന് നിക്ഷേപക സംഗമങ്ങൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുവേണ്ടി 2 ടെക്നോളജി ക്ലിനിക്കുകൾ എന്നിവയും സംഘടിപ്പിച്ചു. മിഷൻ 1000 പദ്ധതിയിൻ കീഴിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 6 സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങളിൽ 2 എണ്ണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങൾ

136 (2638) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക അഭിവൃദ്ധിക്കും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളിൽ ഐ.ടി. മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മാത്രമാണ് നിലവിലുള്ളത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലില്ല. വ്യവസായ സംരംഭങ്ങളിൽ, ഐ.ടി. മേഖലയ്ക്ക് ഉൾപ്പെടെ പ്രാധാന്യം നൽകി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടാണ് നിലവിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത്.

എന്റർപ്രണർ സപ്പോർട്ട് സ്കീം

137(2639) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ

സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

(ബി) ഈ ഇനത്തിൽ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നത്; വ്യക്തമാക്കാമോ?

ഇ.എസ്.എസ്. പദ്ധതിപ്രകാരം പൊതുവിഭാഗം അപേക്ഷകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപയും വനിത, പട്ടികജാതി-പട്ടികവർഗ യുവ സംരംഭകർ, നോൺ റസിഡന്റ് കേരളൈറ്റ്സ് എന്നീ വിഭാഗങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു.

മുൻഗണനാ വ്യവസായങ്ങളിലുൾപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപയും ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ സംരംഭം ആരംഭിക്കുന്നവർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപയും അധിക സബ്സിഡിയായി അനുവദിക്കുന്നു.

ഈ പദ്ധതിപ്രകാരം ഒരു സംരംഭത്തിന് അനുവദിക്കുന്ന പരമാവധി സബ്സിഡി 40 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ സബ്സിഡിയായി ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷംവരെ പാസാക്കിയ സബ്സിഡി പൂർണ്ണമായും 2023-24 സാമ്പത്തിക വർഷത്തിൽ പാസാക്കിയ സബ്സിഡി ഭാഗികമായും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി

138 (2640) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി.) ചെന്നൈ-ബാംഗ്ലൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

നോഡ് 1 –

ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ (ഐ.എം.സി.) പാലക്കാട്.

നോഡ് 2 –

ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.

പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്ററിന് 3805 കോടി രൂപ ചെലവ്

വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ആഗസ്റ്റ് 28-ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെ.ബി.ഐ.സി.-യുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐ.എം.സി. കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ. റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യ ഘട്ടം കിൻഫ്ര എസ്.പി.വി.-ക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്.പി.വി.-ക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മേയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ ഡെവലപ്പ്മെന്റിനായി ഇ.പി.സി. ടെൻഡർ വിളിക്കുകയും ജി.എസ്.ടി. ഉൾപ്പെടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുകയും ചെയ്തു.

- ലാൻഡ് ആൻഡ് പ്രൊജക്ട് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ച് കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു.

താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

- റോഡുകൾ

- ജലവിതരണം
- സീവേജ്, മലിനജല പുനരുപയോഗ ശൃംഖല
- ജല ശുദ്ധീകരണ പ്ലാന്റ്
- സീവേജ് സംസ്കരണ പ്ലാന്റ്
- മലിനജല സംസ്കരണ പ്ലാന്റ്
- പവർ സപ്ലൈ സിസ്റ്റം
- ഖരമാലിന്യ സംസ്കരണം
- ലാൻഡ്സ്കേപ്പ് വർക്കുകൾ
- ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

24 സെപ്റ്റംബർ 2025-ന് മേൽ അടിസ്ഥാന സൗകര്യങ്ങൾക്കായി ജി.എസ്.ടി. ഉൾപ്പെടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുകയും ചെയ്തു.

(ബി) ഏതൊക്കെ തരം വ്യവസായങ്ങളാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

NICDIT തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം IMC പാലക്കാടിൽ താഴെപ്പറയുന്ന ഇൻഡസ്ട്രികളാണ് വിഭാവന ചെയ്തിരിക്കുന്നത്.

ക്രമ നമ്പർ	വ്യവസായങ്ങൾ	ഏക്കർ
1	ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസ്	420

2	ഹൈടെക് ഇൻഡസ്ട്രീസ്	96.5
3	നോൺ മെറ്റാലിക് മിനറൽ ഇൻഡസ്ട്രീസ്	62.4
4	ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ്	54.3
5	റീസൈക്ലിങ് ഇൻഡസ്ട്രീസ്	83.9
6	ഫുഡ് ആൻഡ് ബിവറേജസ്	171.18
7	ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രോഡക്ടുകൾ	52.94
8	റബ്ബർ ആൻഡ് പ്ലാസ്റ്റിക്	30.67

IMC പാലക്കാടിനെ സ്കൂൾ, ഹോസ്പിറ്റൽ, താമസ സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതുസൗകര്യങ്ങൾ ഉൾപ്പെടുത്തി ഒരു മികച്ച ടൗൺഷിപ്പായി മാറ്റാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള സുസ്ഥിര വികസനപ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തുതന്നെ ഗ്രീൻബെൽറ്റിനും ജലസംരക്ഷണത്തിനും മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഭൂമി നീക്കിവച്ചിട്ടുണ്ട്.

(സി) പരമ്പരാഗത മേഖലയിലെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സംസ്ഥാനത്ത് നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ദേശീയോദ്ഗ്രഥനവും, ഒരു ജില്ല ഒരു ഉൽപന്നവും (One District One Product) എന്ന ആശയം പ്രൊമോട്ട് ചെയ്യുന്നതിനും പരമ്പരാഗത മേഖലയെയും ആർട്ടിസാന്മാരെയും ശാക്തീകരിക്കുന്നതിനായും വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രോജക്ടാണ് യൂണിറ്റി മാൾ. കേന്ദ്ര ഗവൺമെന്റിന്റെ കാപ്പക്സ് സ്കീമിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിയുടെ ആകെ ചെലവ് 120

കോടി രൂപയാണ്. തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് രണ്ടര ഏക്കർ സ്ഥലത്താണ് സ്ഥാപിക്കുന്നത്. കേരളത്തിലെ ജി.ഐ. ടാഗ്ഡ് ഉൽപന്നങ്ങൾക്കും ODOP ഉൽപന്നങ്ങൾക്കും പരമ്പരാഗത മേഖലയിലെ ഉൽപന്നങ്ങൾക്കും മുന്നേറ്റം നടത്തുന്നതിനും ഈ പദ്ധതി സഹായകരമാണ്. കേന്ദ്ര സഹായത്തോടെ നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ പ്രാദേശിക ഉൽപന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കും. പ്രാദേശിക ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും ടൂറിസം പ്രോത്സാഹിപ്പിക്കാനുമൊക്കെ ലക്ഷ്യമിട്ടാണ് മാളിന്റെ നിർമ്മാണം. ഓരോ ജില്ലയുടെയും തനതായ ഉൽപന്നങ്ങൾക്ക് പ്രത്യേക ജി.ഐ. ടാഗ് ലഭിക്കും. വിശാലമായ റീട്ടെയിൽ ഔട്ട്ലെറ്റുകളും ആംഫി തിയേറ്ററും എക്സിബിഷൻ ഏരിയയുമൊക്കെ ഇതിൽ ഒരുക്കിയിട്ടുണ്ട്. ഒരു ജില്ല ഒരു ഉൽപന്നം എന്ന ആശയത്തിലാകും സ്റ്റാളുകൾ പ്രവർത്തിക്കുക. ഉൽപന്നങ്ങളിൽ വിവിധ ജില്ലകളിലെ കരകൗശല വസ്തുക്കൾ കൂടാതെ കാർഷികോൽപന്നങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയെല്ലാം ലഭിക്കും.

പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുകയാണ്. പ്രോജക്ടിന്റെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ച് പാർട്ടീഷൻ വർക്കുകൾ പുരോഗമിക്കുകയുമാണ്. ഏകദേശം അറുപത് ശതമാനത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഫെബ്രുവരി 2026 അവസാന വാരത്തോടുകൂടി പ്രോജക്ട് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എടരിക്കോട് പഞ്ചായത്തിൽ പുതിയ വ്യവസായ യൂണിറ്റ്

139(2641) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട കെ.ഇ.എൽ. യൂണിറ്റ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നിവയുടെ ഭൂമിയിൽ ഒഴിവുള്ള സ്ഥലത്ത് പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡിന്റെ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം അനെർട്ട് മുഖേന നടത്തിയിരുന്നു. എടരിക്കോട് യൂണിറ്റിനെ വടക്കൻ കേരളത്തിലെ ട്രാൻസ്ഫോർമറുകളുടെ ഒരു റിപ്പയർ ഹബ്ബാക്കി മാറ്റാനുള്ള ഒരു പദ്ധതിയും കമ്പനി വിഭാവനം ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസിന്റെ നിലവിൽ ഉപയോഗിക്കാത്ത 13.06 ഏക്കർ ഭൂമി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉപയുക്തമാക്കുന്ന കാര്യം 04-04-2025-ലെ സ.ഉ. (സാധാ)നം. 383/2025/വ്യവ. പ്രകാരം രൂപീകരിച്ച സമിതി പരിശോധിച്ച് അനുകൂലമായ തീരുമാനമെടുക്കുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഗ്രാഫീൻ പ്ലാന്റ് നിർമ്മാണം

140(2642) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഗ്രാഫീൻ സൗഹൃദ ആവാസവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഗ്രാഫീൻ നയം പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനുള്ള നിർവഹണ ഏജൻസിയായ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് പദ്ധതിക്കായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ 55,088 ചതുരശ്ര അടി ബിൽറ്റപ്പ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം ഈ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാന്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി KINFRA-യും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനുള്ള Special Purpose Vehicle രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിൽ എന്തെല്ലാം പ്രതിബന്ധങ്ങളാണ് നേരിടുന്നതെന്ന് വിശദമാക്കാമോ?

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ തുടങ്ങാൻ കഴിയുന്നതാണ്.

(സി) പ്ലാന്റ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; പദ്ധതിക്ക് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഡിഫൻസ് പാർക്കിലെ കോമൺ ഫെസിലിറ്റി സെന്ററിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കിൻഫ്രയും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ടെക്നോളജിയും തമ്മിൽ ആഗസ്റ്റ് 2024-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിലെ കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടത്തിൽ 55,088 ചതുരശ്ര അടി ബിൽറ്റപ്പ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശം ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടെ ലഭ്യമാക്കാമോ?

ഇലക്ട്രോണിക്സ് വിവരസാങ്കേതിക വിദ്യ (ബി) വകുപ്പിന്റെ 27-10-2023-ലെ സ.ഉ. (സാധാ) നമ്പർ 34/2023/ITD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പി.പി.പി. മാതൃകയിൽ ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (ജി.പി.പി.എഫ്.) സ്ഥാപിക്കുന്നതിനായി 237 കോടി (ഇരുന്നൂറ്റി മുപ്പത്തി ഏഴ് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

141(2643) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ സംരംഭ വികസന പദ്ധതിയുടെ ഭാഗമായി ജനറൽ ഓറിയന്റേഷൻ ടെയിനിങ്, സംരംഭക സഭ, ലോൺ-ലൈസൻസ്-സബ്സിഡി മേളകൾ എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് സംരംഭകരിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലും ബിസിനസ്സ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നിയമിക്കുകയും ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

സംരംഭക സഹായപദ്ധതി പ്രകാരം 16 യൂണിറ്റുകൾക്കായി 80,96,355/- രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 6 യൂണിറ്റുകൾക്കായി 11,34,340/- രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി 2,69,958/- രൂപയും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 95 യൂണിറ്റുകൾക്കായി 4,31,44,120/- രൂപയും എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി പ്രകാരം 9 യൂണിറ്റുകൾക്കായി 25,619/- രൂപയും അനുവദിച്ചിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

142(2644) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഒന്നാം സംരംഭക വർഷം (1.0) പദ്ധതി
- വൈദഗ്ധ്യ വികസന പരിപാടി
- രണ്ടാം സംരംഭക വർഷം (2.0) പദ്ധതി

- മൂന്നാം സംരംഭക വർഷം (3.0) പദ്ധതി
- ഒരു കുടുംബം ഒരു സംരംഭം പദ്ധതി
- മിഷൻ 1000
- എം.എസ്.എം.ഇ. ഇൻഷ്വറൻസ്
- നിലവിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യാപനവും വളർച്ചയും ഉറപ്പുവരുത്തുന്നതിനായുള്ള റാമ്പ് (Raising And Accelerating MSME Performance – RAMP)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുതുതായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ഈ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതെന്നും വ്യക്തമാക്കാമോ?

നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ്, പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സംസ്കരണമേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതി, സംരംഭക സഹായ പദ്ധതി എന്നിവയിലൂടെ 77 വസ്ത്ര-ഉണിത്തര വ്യവസായ യൂണിറ്റുകളും 3 സ്റ്റഡിക-കളിമൺ ഉൽപന്ന യൂണിറ്റുകളും 20 മെക്കാനിക്കൽ-ജനറൽ-ലൈറ്റ് എഞ്ചിനീയറിങ് യൂണിറ്റുകളും 11 വിവര സാങ്കേതിക മേഖലാ യൂണിറ്റുകളും 10 റബ്ബർ ഉൽപന്ന യൂണിറ്റുകളും 13 രാസപദാർഥ യൂണിറ്റുകളും 16 പ്ലാസ്റ്റിക് ഉൽപന്ന യൂണിറ്റുകളും 7 പേപ്പർ വ്യവസായ

യൂണിറ്റുകളും 131 ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളും 21 മരഉൽപന്ന യൂണിറ്റുകളും 11 അച്ചടി അനുബന്ധ യൂണിറ്റുകളും 7 നിർമ്മാണ മേഖലാ ഉൽപന്ന വ്യവസായ യൂണിറ്റുകളും ഒരു റബ്ബർ/തുകൽ ഉൽപന്ന യൂണിറ്റും 9 ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് യൂണിറ്റുകളും ഒരു ഫാർമസ്യൂട്ടിക്കൽസ് യൂണിറ്റും 6 ആയുർവേദ ഉൽപന്ന യൂണിറ്റും 193 സേവന മേഖല യൂണിറ്റുകളും 22 ഭക്ഷ്യ-കാർഷിക ഉൽപന്ന സംരംഭങ്ങളും 6 സിമന്റ് ഉൽപന്ന യൂണിറ്റുകളും 9 മെഴുകുതിരി നിർമ്മാണ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കിയിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിൽ 24 സംരംഭകർക്ക് ഭൂമി അനുവദിക്കുകയും 7 സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. കിൻഫ്രയുടെ നെല്ലാട് ചെറുകിട ഇൻഡസ്ട്രീസ് പാർക്കിൽ ഫുഡ് പ്രോസ്സസിങ് വ്യവസായത്തിനും ജനറൽ കാറ്റഗറിയിലുള്ള വ്യവസായങ്ങൾക്കും പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ 88 വ്യവസായങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 യൂണിറ്റുകൾ ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കിൻഫ്രയുടെ ഐരാപുരം റബ്ബർ പാർക്കിൽ 58 വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുകയും 10 കമ്പനികൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതികൾ തരംതിരിച്ച് വ്യക്തമാക്കാമോ?

ഒന്നാം സംരംഭക വർഷം പദ്ധതി

ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 80,000/- രൂപ

ലോൺ ലൈസൻസ് സബ്സിഡി - 40,000/- രൂപ

സംരംഭകത്വ ബോധവൽക്കരണ പരിപാടി - 24,000/- രൂപ

രണ്ടാം സംരംഭക വർഷം പദ്ധതി

ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 40,000/- രൂപ

ലോൺ ലൈസൻസ് സബ്സിഡി - 40,000/- രൂപ

എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ കാമ്പയിൻ - 24,000/- രൂപ

സംരംഭകത്വ ബോധവൽക്കരണ പരിപാടി - 16,000/- രൂപ

മൂന്നാം സംരംഭക വർഷം പദ്ധതി

ജനറൽ ഓറിയന്റേഷൻ പരിശീലന പരിപാടി - 40,000/- രൂപ

സംരംഭക സഭ – 40,000/- രൂപ

സംരംഭകത്വ ബോധവൽക്കരണ പരിപാടി - 16,000/- രൂപ

മറ്റ് പദ്ധതികൾ

ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 5,96,639/- രൂപ

എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി - 61,819/- രൂപ

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി - 49,09,000/- രൂപ

സംരംഭക സഹായ പദ്ധതി - 541.48/- ലക്ഷം രൂപ

(ഡി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യാപനവും വളർച്ചയും ഉറപ്പുവരുത്തുന്നതിനായുള്ള RAMP (Raising And Accelerating MSME Performance) പദ്ധതി മുഖേന ബാങ്കേഴ്സ് മീറ്റ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്ക്, എക്സ്പോർട്ട് വർക്ക്ഷോപ്പ് എന്നീ പദ്ധതികൾ താലൂക്കടിസ്ഥാനത്തിൽ ഈ നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

റാംപ് പദ്ധതി

143(2645) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസിങ് ആൻഡ് ആക്സിലറേറ്റിങ് എം.എസ്.എം.ഇ. പെർഫോമൻസ് (റാംപ്) പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ?

വേൾഡ് ബാങ്ക് പിന്തുണയോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "റൈസിങ് ആൻഡ് ആക്സിലറേറ്റിങ് എം.എസ്.എം.ഇ. പെർഫോർമൻസ് (RAMP). 2022 ജൂൺ 30-ന് പദ്ധതിയുടെ ദേശീയതല ഉദ്ഘാടനം നടക്കുകയുണ്ടായി. 2022-27 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്.

റാംപ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:

1. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപണി പ്രവേശനം മെച്ചപ്പെടുത്തുകയും അവരുടെ ഉൽപന്നങ്ങൾക്ക് വിപണി വർധിപ്പിക്കുകയും ചെയ്യുക
2. എം.എസ്.എം.ഇ.-കൾക്ക് വായ്പാ ലഭ്യത ഉറപ്പുവരുത്തുക

3. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും സഹകരണവും പങ്കാളിത്തവും മെച്ചപ്പെടുത്തുക

4. നിലവിലുള്ള ദേശീയ, സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്ന എം.എസ്.എം.ഇ. പദ്ധതികളുടെ സ്വാധീനം വർധിപ്പിക്കുക

5. കാലതാമസം നേരിടുന്ന പേയ്മെന്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുക

6. MSME-കൾക്കിടയിൽ നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക

7. എം.എസ്.എം.ഇ.-കൾ തമ്മിലുള്ള ആശയവിനിമയം വർധിപ്പിക്കുക

8. നിലവിൽ എം.എസ്.എം.ഇ.-കൾ പിന്തുടരുന്ന സമ്പ്രദായങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുക

9. സംരംഭങ്ങൾക്കിടയിൽ ഹരിതവൽക്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും കാര്യശേഷിയും വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

റാംപ് പദ്ധതിയുടെ ഭാഗമാകാൻ താൽപര്യമുള്ള സംസ്ഥാനങ്ങൾ പ്രാഥമികമായി ഒരു സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) തയ്യാറാക്കുകയും അത് കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. SIP രൂപീകരണത്തിനായി സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതാണ്. സംസ്ഥാനങ്ങൾക്ക് SIP

തയ്യാറാക്കുന്നതിനായി ഗ്രാന്റുകൾ നൽകുന്നതിലൂടെ കേന്ദ്ര-സംസ്ഥാന സഹകരണം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിടുന്നു.

RAMP പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) 2023 ഒക്ടോബർ മാസം കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ജനുവരി 2024-ൽ SIP-ക്ക് കേന്ദ്ര അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ നടത്തിപ്പിനായി 107.71 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്ര MSME മന്ത്രാലയം അനുവദിക്കുകയും ചെയ്തു. 37.07 കോടി രൂപയുടെ സംസ്ഥാന വിഹിതവും 2024 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തു.

കേന്ദ്ര MSME മന്ത്രാലയം സംസ്ഥാനതലത്തിൽ നടപ്പിലാക്കാൻ വേണ്ടി അംഗീകരിച്ച വിവിധ പദ്ധതികൾ ഇവയാണ്:

1. മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം
2. എം.എസ്.എം.ഇ.-കൾക്ക് ബിസിനസ് എക്സ്റ്റൻഷൻ വഴി ഹാൻഡ്ഹോൾഡിങ്
3. ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും
4. MSME ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ
5. ടെക്നോളജി സപ്പോർട്ട് സെന്റർ
6. സ്ത്രീകൾക്കും യുവാക്കൾക്കും പരിശീലന പരിപാടികൾ
7. എനർജി ഓഡിറ്റുകൾ
8. MSME അവാർഡുകൾ

9. ഐ.ടി. ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ

10. ബാങ്കേഴ്സ് മീറ്റ് (ലോൺ മേളകൾ)

11. കേരള ബ്രാൻഡ് മാർക്കറ്റിങ് ആൻഡ് പ്രമോഷൻ

12. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ

13. ഇ.ഡി.ഇ.-മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ

14. മേഖലാധിഷ്ഠിത സർവെകളും പഠനങ്ങളും

15. മേഖല നിർദിഷ്ട പരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ

16. കയറ്റുമതി നടപടിക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ

17. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം എടുക്കുന്നതിനുള്ള പ്രോത്സാഹനം

മേല്പറഞ്ഞ പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും. ഇനിയുള്ള 3 വർഷ കാലയളവിലാണ് (2026-27 വരെ) ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്. RAMP SIP നടപ്പിലാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അതുവരെയുള്ള പുരോഗതി വ്യവസായ വകുപ്പ് കേന്ദ്ര MSME മന്ത്രാലയത്തെ അറിയിക്കേണ്ടതാണ്. പുരോഗതി വിലയിരുത്തിയശേഷം തുടർന്നുള്ള ഗ്രാന്റ് MSME മന്ത്രാലയം നൽകുന്നതാണ്.

RAMP പദ്ധതി കേരളത്തിലെ MSME-കൾക്ക് മികച്ച വളർച്ച പ്രാപിക്കാനും വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കാനും സഹായകരമാകും.

(സി) ഇതിനായി ബിസിനസ് ഡെവലപ്പ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. RAMP പദ്ധതിയുടെ ഭാഗമായി എം.എസ്.എം.ഇ.-കൾക്ക് വേണ്ട സഹായങ്ങളും നിർദേശങ്ങളും നൽകുന്നതിനായി 500 ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാരെ (ബി.ഡി.എസ്.പി.) തദ്ദേശ സ്ഥാപന തലത്തിൽ നിയമിക്കാൻ Kerala Public Enterprises (Selection and Recruitment) Board വഴി റിക്രൂട്ട്മെന്റ് പൂർത്തിയാക്കി വരുന്നു. വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനും അർഹരായ എം.എസ്.എം.ഇ.-കളെ അവയുടെ ഗുണഭോക്താക്കളാക്കുന്നതിനും വേണ്ടിയുള്ള പ്രധാന പങ്ക് വഹിക്കുന്നത് ബി.ഡി.എസ്.പി.-മാരായിരിക്കും. അവരുടെ പങ്ക് എം.എസ്.എം.ഇ.-കൾക്ക് വേണ്ട ഉപദേശം നൽകുക എന്നുള്ളത് മാത്രമല്ല, മറിച്ച് അവരെ പരിവർത്തനം ചെയ്യുകയും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായ ഭൂപ്രകൃതിയിൽ അവരെ കൂടുതൽ മത്സരാധിഷ്ഠിതവും പ്രതിരോധശേഷിയുള്ളതും നൂതനവുമാക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണ്.

(ഡി) അവരുടെ സേവനം ഏത് രീതിയിലായിരിക്കുമെന്നത് വിശദമാക്കാമോ?

ദേശീയതലത്തിലും സംസ്ഥാനതലത്തിലും സർക്കാരുകൾ രൂപീകരിക്കുന്ന വ്യവസായ സൗഹൃദ നയങ്ങൾ ഫീൽഡ് തലത്തിൽ ഓരോ എം.എസ്.എം.ഇ.-യുടെയും അടുക്കലേക്ക് കൃത്യതയോടെ എത്തിക്കുക എന്നുള്ളതാണ് ഓരോ BDSP-മാരുടെയും പ്രധാന കർത്തവ്യം. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ ബി.ഡി.എസ്.പി.-മാരെ നേരിട്ട് നിയമിക്കുന്നതിലൂടെ, നിലവിലെ സംരംഭകർക്കും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വേണ്ട എല്ലാ സഹായവും പിന്തുണയും പ്രാദേശിക അടിസ്ഥാനത്തിൽ സർക്കാർ ഉറപ്പാക്കുന്നു.

ബി.ഡി.എസ്.പി.-മാർ സംരംഭകർക്ക് വേണ്ട പിന്തുണ നൽകുന്നതിൽ മാത്രമല്ല, ഒരു പുതിയ ബിസിനസ്സ് ആരംഭിക്കാനോ നിലവിലെ സംരംഭം സ്കെയിൽ അപ്പ് ചെയ്യുന്നതിനോ ഉദ്ദേശിക്കുന്ന ഏതൊരാൾക്കും അവർ ആദ്യ കോൺടാക്ട് പോയിന്റാണ്. സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരെ ബിസിനസ്സ് ആസൂത്രണത്തിൽ സഹായിക്കുക, വായ്പകൾക്കായി ബാങ്കുകളുമായി എം.എസ്.എം.ഇ.-കളെ ബന്ധിപ്പിക്കുക, രജിസ്ട്രേഷനുകൾക്കും സബ്സിഡികൾക്കുമായി അപേക്ഷിക്കുന്നതിന് അവരെ ഹാൻഡ്ഹോൾഡ് ചെയ്യുക എന്നിവയൊക്കെ അവരുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, സംരംഭകരെ സാങ്കേതിക ദാതാക്കളുമായി ബന്ധിപ്പിക്കുന്നതിലും വ്യാപാര മേളകളിൽ പങ്കെടുപ്പിക്കുന്നതിലൂടെ അവരുടെ വിപണി സാധ്യതകൾ വർധിപ്പിക്കുന്നതിനും അവസരങ്ങളുടെ പുതിയ വാതിലുകൾ തുറക്കുന്നതിലും ബി.ഡി.എസ്.പി.-മാർ പ്രധാന പങ്കുവഹിക്കും.

ഇവ കൂടാതെ, RAMP പദ്ധതിയുടെ ഭാഗമായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും നടപ്പാക്കുന്ന ടെക്നോളജി ക്ലിനിക്കുകൾ, ബാങ്കേഴ്സ് മീറ്റുകൾ, എം.എസ്.എം.ഇ. ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിപാടികൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവയിലേക്ക് അനുയോജ്യരായ ഗുണഭോക്താക്കളെ മൊബിലൈസ് ചെയ്യുന്നതിനും ബി.ഡി.എസ്.പി.-മാരുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്. തദ്ദേശ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. ഹെൽപ്പ് ഡെസ്കുകൾ കൈകാര്യം ചെയ്യുകയും സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും സമഗ്രമായ വ്യാവസായിക വികസനം ഉറപ്പാക്കാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെയും ജില്ലാ

വ്യവസായ കേന്ദ്രങ്ങളുടെയും കൂടെച്ചേർന്ന് ബി.ഡി.എസ്.പി.-മാർ പ്രവർത്തിക്കുകയും ചെയ്യണം.

RAMP പദ്ധതി കേരളത്തിലെ MSME-കൾക്ക് മികച്ച വളർച്ച പ്രാപിക്കാനും വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കാനും സഹായകരമാകും. ഓരോ തദ്ദേശ സ്ഥാപനതലത്തിലുമുള്ള വ്യാവസായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലെ എം.എസ്.എം.ഇ. എക്കോ സിസ്റ്റം സുസ്ഥിരപ്പെടുത്തുന്നതിനും വേണ്ടി RAMP പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് നിയമിക്കുന്ന ബി.ഡി.എസ്.പി.-മാരുടെ സേവനങ്ങൾ വളരെയധികം ഉപയോഗപ്രദമായിരിക്കും.

മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

144(2646) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ച് കൂടാളി, പട്ടാന്നൂർ, കീഴല്ലൂർ, കോളാരി വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം നൽകാമോ?

കിൻഫ്ര വ്യവസായ പാർക്കിനുവേണ്ടി അഞ്ചരക്കണ്ടി, പടുവിലായി, കീഴല്ലൂർ വില്ലേജുകളിൽനിന്നായി ഏറ്റെടുക്കുന്ന 201.4048 ഹെക്ടർ (497.47 ഏക്കർ) ഭൂമിയിൽ നിലവിൽ നഷ്ടപരിഹാരത്തുക നൽകിയതിനുശേഷം ബാക്കി കീഴല്ലൂർ വില്ലേജിൽ വരുന്ന 103.1609 ഹെക്ടർ

(254.80 ഏക്കർ) ഭൂമിയുടെ അവാർഡ് കണ്ണൂർ ജില്ലാ കളക്ടർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. കിൻഫ്ര നം.1) സ്വീകരിച്ചുവരുന്നു. കൂടാളി, പട്ടാന്നൂർ, കീഴല്ലൂർ വില്ലേജുകളിലെ 127.0487 ഹെക്ടർ (313.81 ഏക്കർ) ഭൂമിയുടെ 19(1) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും കൂടാളി, പട്ടാന്നൂർ വില്ലേജുകളിലെ 416.7531 ഹെക്ടർ (1029.38 ഏക്കർ) ഭൂമി, കോളാരി വില്ലേജിലെ 354.9515 ഹെക്ടർ (876.73 ഏക്കർ) ഭൂമി, കോളാരി വില്ലേജിലെ 68.2787 ഹെക്ടർ (168.65 ഏക്കർ) ഭൂമി എന്നിവ ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. കിൻഫ്ര നം.1) സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാനായി നിലവിൽ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ 2 എൽ.എ. ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗം അടച്ചുകെട്ടിയത് സംബന്ധിച്ച്

145(2647) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നഗരസഭ ഡിവിഷൻ 9 (ഇടച്ചിറ), ഡിവിഷൻ 11 (നിലം പതിഞ്ഞിമുകൾ) എന്നീ വാർഡുകളിലൂടെയുള്ള പാറക്കമുകൾ-ബ്രഹ്മപുരം കടത്തുറോഡിന്റെ കണയന്നൂർ താലൂക്കിൽ കാക്കനാട് വില്ലേജിൽ ബ്ലോക്ക് 9-ൽ സർവെ നമ്പർ 3-ൽപ്പെട്ട ഭാഗത്ത് ഗതാഗത സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ

ഇൻഡസ്ട്രിയൽ പാർക്ക് അധികൃതർ അടച്ചു കെട്ടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ?

കിൻഫ്രയുടെ കാക്കനാട് പാർക്ക് നിലവിൽ വന്നിട്ട് 27 വർഷത്തോളമായി. കിൻഫ്ര ആദ്യ ഘട്ടം ഏറ്റെടുത്ത 180 ഏക്കറിലെ പൊതുനിരത്തിലേക്ക് തുടർച്ച ഇല്ലാത്ത വഴികൾ, കിൻഫ്ര പാർക്കിന്റെ ഭാഗമായി പാർക്കിനുള്ളിൽ സ്ഥിതി ചെയ്യുന്നു. കിൻഫ്ര പാർക്കിന് കുറുകെയുള്ള ഇടച്ചിറ ബ്രഹ്മപുരം റോഡിലേക്ക് വഴി വേണമെന്ന ആവശ്യം ഇൻഫോപാർക്ക് എക്സ്പ്രസ്സ് വേ നിലവിൽ വന്നപ്പോൾ മുതൽ ഉയർന്നുവന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ തലത്തിൽ ചർച്ചകൾ നടക്കുകയും 07-06-2014-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ മുൻ MLA ശ്രീ. ബെന്നി ബഹനാൻ, മുൻ തൃക്കാക്കര മുൻസിപ്പൽ ചെയർമാൻ ശ്രീ.ഷാജി വാഴക്കാല എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് പ്രസ്തുത വഴി അടച്ചതിന് പകരമായി 25-07-2014-ലെ സ.ഉ. (സാധാ) നം. 822/2014/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പാറക്കാമുകൾ നിവാസികൾക്കായി ഇപ്പോൾ ഷെറാട്ടൺ ഹോട്ടലിന് സമീപമുള്ള കിൻഫ്രയുടെ പ്രധാന വഴി തുറന്നുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് കിൻഫ്രയുടെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ സർവെ നടത്തി പ്രസ്തുത റോഡ് പോകുന്ന പ്രദേശം സർക്കാർ പുറമ്പോക്കാണെന്ന് കണയന്നൂർ താലൂക്ക് സർവെയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) കടത്തു വഞ്ചിയുള്ള കാലം മുതൽ പാറക്കാമുകൾ, നിലം പതിഞ്ഞിമുകൾ, രാജഗിരി, മാപ്രാണം തുടങ്ങിയ പ്രദേശത്തെ രണ്ടായിരത്തിൽപ്പരം കുടുംബങ്ങൾ ബ്രഹ്മപുരം,

കരിമുകൾ, പുത്തൻകുരിശ് ഭാഗത്തേക്കും തിരിച്ച് ബ്രഹ്മപുരം പ്രദേശത്തുകാർ കാക്കനാട് കളക്ടേറ്റ് ഭാഗത്തേക്കുമുള്ള യാത്രകൾക്കായി ഉപയോഗിച്ചുവന്നിരുന്ന പ്രസ്തുത റോഡിലെ ഗതാഗതം പുനഃസ്ഥാപിക്കണമെന്ന ഈ പ്രദേശത്തെ ആൾക്കാരുടെ വളരെക്കാലമായുള്ള ആവശ്യം പരിഗണിച്ച് ഇതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) റവന്യൂ സർവെ റിപ്പോർട്ട് കിൻഫ്രയ്ക്ക് ലഭ്യമായിട്ടില്ല. നിലവിൽ പരിഗണനയിലില്ല.

വ്യവസായന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കിൻഫ്ര നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

146(2648) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ദെലീമ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്; സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി നിക്ഷേപം നടത്താൻ സന്നദ്ധരായിട്ടുള്ള നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കിൻഫ്ര വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമോട്ടീവ്, ഇലക്ട്രോണിക്സ്, ഫുഡ്

പ്രോസ്സസിങ്, ടെക്സ്റ്റൈൽസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മൂലധനം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ), നിക്ഷേപ മേഖലകൾ എന്നിവ വിജയകരമായി സ്ഥാപിച്ചു. കിൻഫ്രയുടെ പദ്ധതികൾ ഫാർമസ്യൂട്ടിക്കൽസ്, ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽനിന്ന് വൻതോതിൽ നിക്ഷേപം സമാഹരിച്ചിട്ടുണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.-യുടെയും പാട്ടവ്യവസ്ഥകൾ കാലോചിതമായും നിക്ഷേപ സൗഹൃദമായും ചട്ടഭേദഗതിയിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യ, നിർമ്മാണം തുടങ്ങിയ മേഖലകളിൽ വളർന്നുവരുന്ന സംരംഭങ്ങൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സെക്ടർ പാർക്കുകൾ പോലുള്ള സംവിധാനങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകത്വത്തിനും കിൻഫ്ര പിന്തുണ നൽകിവരുന്നു. ഏകജാലക ക്ലിയറൻസ്, അവശ്യ അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ നൽകിക്കൊണ്ട് നിക്ഷേപം സുഗമമാക്കുന്നതിൽ കിൻഫ്ര സുപ്രധാന പങ്കുവഹിക്കുന്നു.

(ബി) ഐ.പി.ആർ. (ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിങ് സിസ്റ്റം) സംവിധാനം അനുസരിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്; കേന്ദ്ര വാണിജ്യ വ്യവസായ പ്രോത്സാഹന മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിങ് സിസ്റ്റം 2.0 പദ്ധതിയുടെ ഭാഗമായി കിൻഫ്രയുടെ അഞ്ച് വ്യവസായ പാർക്കുകൾ ദക്ഷിണ മേഖലയിൽ മികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

മികവിന്റെ അടിസ്ഥാനത്തിൽ IIPRS IPRS റേറ്റിങ്ങ് 2.0 തിരഞ്ഞെടുക്കപ്പെട്ട കിൻഫ്ര പാർക്കുകൾ:

1. കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി
2. കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം
4. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, മഴുവന്നൂർ
5. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി അലോട്ട്മെന്റിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ കിൻഫ്ര ഇതുവരെ ഏകദേശം 34 വ്യാവസായിക പാർക്കുകൾ വികസിപ്പിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള ഏകദേശം 1400 യൂണിറ്റുകൾ ഈ 34 വ്യാവസായിക പാർക്കുകളിൽ പ്രവർത്തിക്കുന്നു. ഇതുവരെ ഏറ്റെടുത്ത ഭൂമിയിൽ ഏകദേശം 85% വിവിധ സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. നിർമ്മിച്ചിരിക്കുന്ന മൊത്തം വ്യാവസായിക ബിൽറ്റ്-അപ്പ് സ്പേസിൽ ഏകദേശം 70% വ്യത്യസ്ത വ്യവസായങ്ങൾക്ക് അനുവദിച്ചിരിക്കുന്നു. ഇതിലൂടെ കിൻഫ്ര ഏകദേശം 72,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഏകദേശം 6280 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും ചെയ്തു.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ മെറ്റൽ ഇൻഡസ്ട്രീസ്

147(2649) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ മെറ്റൽ ഇൻഡസ്ട്രീസിൽ നിലവിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കാർഷികോപകരണങ്ങൾ, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ, സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ ഫാബ്രിക്കേറ്റഡ് ഉൽപന്നങ്ങൾ എന്നിവ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നിലവിൽ നിർമ്മിച്ചുവരുന്നു.

(ബി) ഭാവിയിൽ പുതിയ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ?

ഭാവിയിൽ എയ്റോസ്പേസ് വകുപ്പുകൾക്കും പ്രതിരോധ വകുപ്പുകൾക്കും ആവശ്യമായ ചെറിയ ഫോർജിങ് ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി പരിഗണനയിലുണ്ട്.

വീട്ടമ്മമാർക്ക് അനുയോജ്യമായ സംരംഭങ്ങൾ

148(2650) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാർക്ക് ഒറ്റയ്ക്കോ അല്ലെങ്കിൽ ഗ്രൂപ്പ് തലത്തിലോ തുടങ്ങുന്നതിന് അനുയോജ്യമായ സംരംഭങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി വ്യവസായ വകുപ്പിന്റെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വിശദമാക്കാമോ?

ഉൽപാദന-സേവന-കച്ചവട മേഖലകളിൽപ്പെട്ടതും വീട്ടമ്മമാർക്ക് അവരുടെ നൈപുണ്യത്തിന് അനുയോജ്യമായതുമായ സംരംഭങ്ങൾ ഒറ്റയ്ക്കായോ ഗ്രൂപ്പായോ ആരംഭിക്കാവുന്നതാണ്. ഇവർക്കാവശ്യമായ വിവിധ ഫെസിലിറ്റേഷൻ സഹായങ്ങൾ ജില്ലാ

വ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകി വരുന്നുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുവേണ്ട സഹായങ്ങളും നിർദേശങ്ങളും നൽകുന്നതിനായി 500 ബിസിനസ്സ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാരെ (ബി.ഡി.എസ്.പി.) തദ്ദേശ സ്ഥാപന തലത്തിൽ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ ബിസിനസ്സ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നേരിട്ട് നിയമിക്കുന്നതിലൂടെ നിലവിലെ സംരംഭകർക്കും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വേണ്ട എല്ലാ സഹായവും പിന്തുണയും പ്രാദേശിക അടിസ്ഥാനത്തിൽ ലഭ്യമാണെന്ന് സർക്കാർ ഉറപ്പാക്കുന്നു.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19 നമ്പർ ആക്ടുപ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ

കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാർക്ക് കേരളത്തിൽ ഒറ്റയ്ക്കോ ഗ്രൂപ്പായോ തുടങ്ങാൻ അനുയോജ്യമായ നിരവധി സംരംഭങ്ങളുണ്ട്. സംരംഭങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹായം വകുപ്പ് നൽകിവരുന്നു. സംരംഭകരുടെ വൈദഗ്ധ്യവും താൽപര്യവും അനുസരിച്ച് തിരഞ്ഞെടുക്കാവുന്ന ചില പ്രധാന മേഖലകളും അതിനായി വ്യവസായ വകുപ്പ് നൽകുന്ന പ്രധാന സഹായങ്ങളും താഴെ വിശദീകരിക്കുന്നു.

സേവന അധിഷ്ഠിത സംരംഭങ്ങൾ

കൺസൾട്ടൻസി/പരിശീലന സംരംഭങ്ങൾ, സാങ്കേതിക വിദ്യ/ഡിജിറ്റൽ മാർക്കറ്റിങ്ങ് സേവന സംരംഭങ്ങൾ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, വെബ്സൈറ്റ് ഡിസൈൻ, ഇ-കൊമേഴ്സ്, ഹെൽത്ത് & ഫിറ്റ്നസ് സംരംഭങ്ങൾ, ബ്യൂട്ടിപാർലർ/ബ്രൈഡൽ മേക്കപ്പ് തുടങ്ങിയവ

ഉൽപാദന അധിഷ്ഠിത സംരംഭങ്ങൾ

ഭക്ഷ്യ സംസ്കരണ ഉൽപന്ന നിർമ്മാണം, സൗന്ദര്യ വർധക - ആയുർവേദ ഉൽപന്നങ്ങൾ, വസ്തുങ്ങൾ, കരകൗശല വസ്തുക്കൾ, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ, ഫർണിച്ചർ നിർമ്മാണം തുടങ്ങിയവ

സംരംഭകരെ സാമ്പത്തികമായി സഹായിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബാങ്ക് വായ്പ ലഭിക്കുന്ന നടപടിക്രമം കൂടുതൽ ഉദാരമാക്കുന്നതിനും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ സാധ്യമാകുന്നു.

സംരംഭക സഹായ പദ്ധതി (ESS)

കേരളത്തിലെ ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉൽപാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവ അനുസരിച്ച് സ്ഥിരം നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. വനിതാ സംരംഭകരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സബ്സിഡി നൽകുന്നു.

നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ഒരു വായ്പാ ബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉൽപാദന മേഖലയിലും ജോബ് വർക്ക് മേഖലയിലും മൂല്യവർധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

10 ലക്ഷം രൂപവരെ പദ്ധതി ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30 ശതമാനം മുതൽ 40 ശതമാനംവരെ പരമാവധി 4 ലക്ഷം രൂപവരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും. വനിതാ

സംരംഭകരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10 ശതമാനം അധിക സബ്സിഡി നൽകുന്നു.

ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപവരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ and/or പ്രവർത്തന മൂലധന വായ്പ), പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി അനുവദിച്ച് നൽകുന്ന പദ്ധതി. 01-04-2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്കുകീഴിൽ സഹായത്തിന് അർഹരാണ്. സംരംഭ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതി.

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും സർക്കാർ പലവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ എടുത്ത് പറയാവുന്ന ഒന്ന് തന്നെയാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല

അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.

പുതിയ വ്യവസായ നയം സംസ്ഥാനത്തിന്റെ സ്വാഭാവികവും മാനവ വിഭവശേഷിയുമായി ബന്ധപ്പെട്ട ശക്തികളെ പ്രയോജനപ്പെടുത്തി, പ്രത്യേകിച്ച് 'Sunrise Sectors' (സാങ്കേതികവിദ്യ, ആരോഗ്യം, പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ മുതലായവ) മേഖലകളിൽ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നു. ഈ മേഖലകളിൽ സംരംഭം ആരംഭിക്കുന്നവർക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്.

വ്യവസായ നയപ്രകാരം, വായ്പാ സഹായം പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വനിതകൾക്ക് മാത്രമല്ല, ഏതെങ്കിലും വനിതാ സംരംഭക ആരംഭിക്കുന്ന MSME യൂണിറ്റുകൾക്കും ലഭ്യമാണ്. വനിതാ സംരംഭകർക്കായി വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പാസഹായം 'വി മിഷൻ' എന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഏതൊക്കെ മേഖലയിലാണ് ഇത്തരത്തിൽ സംരംഭം തുടങ്ങാൻ സാധിക്കുന്നതെന്നും വിശദമാക്കാമോ?

ഉൽപാദന-സേവന-കച്ചവട മേഖലകളിൽപ്പെട്ടതും വീട്ടമ്മമാർക്ക് അവരുടെ നൈപുണ്യത്തിന് അനുയോജ്യമായതുമായ സംരംഭങ്ങൾ ഒറ്റയ്ക്കായോ ഗ്രൂപ്പായോ ആരംഭിക്കാവുന്നതാണ്.

ഉൽപാദന, സേവന, വ്യാപാര, ജോബ് വർക്ക് മേഖലകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് മുകളിൽ വിവരിച്ചിട്ടുള്ള പദ്ധതികളിൽ അനുയോജ്യമായത് മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

149(2651) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിലായി പാലക്കാട് ജില്ലയിൽ എത്ര പുതിയ സംരംഭങ്ങൾ വന്നിട്ടുണ്ടെന്നും ഇതുവഴി എത്രപേർക്ക് ജോലി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിലായി ആകെ 32,967 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ഇതുവഴി 75,202 പേർക്ക് ജോലി ലഭ്യമാക്കിയിട്ടുമുണ്ട്.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

150(2652) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി.) ചെന്നൈ-ബംഗളൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

നോഡ് 1 –

ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ (ഐ.എം.സി.) പാലക്കാട്.

നോഡ് 2 –

ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.

പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്ററിന് 3805 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ആഗസ്റ്റ് 28-ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെ.ബി.ഐ.സി.-യുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐ.എം.സി. കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ. റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്.പി.വി.-ക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്.പി.വി.-ക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മേയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ ഡെവലപ്പ്മെന്റിനായി ഇ.പി.സി. ടെൻഡർ വിളിക്കുകയും ജി.എസ്.ടി. ഉൾപ്പെടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുകയും ചെയ്തു.

- ലാൻഡ് ആൻഡ് പ്രൊജക്ട് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു.

താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതമാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

- റോഡുകൾ
- ജലവിതരണം
- സ്വീവേജ്, മലിനജല പുനരുപയോഗ ശൃംഖല
- ജല ശുദ്ധീകരണ പ്ലാന്റ്
- സ്വീവേജ് സംസ്കരണ പ്ലാന്റ്
- മലിനജല സംസ്കരണ പ്ലാന്റ്
- പവർ സപ്ലൈ സിസ്റ്റം
- ഖരമാലിന്യ സംസ്കരണം
- ലാൻഡ്സ്കേപ്പ് വർക്കുകൾ
- ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

മേൽ അടിസ്ഥാന സൗകര്യങ്ങൾക്കായി ജി.എസ്.ടി. ഉൾപ്പെടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുകയും ചെയ്തു.

കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച പുരോഗതി

151 (2653) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. **കൊച്ചി**-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി.) ചെന്നൈ-ബംഗളൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

നോഡ് 1-

ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ (ഐ.എം.സി.) പാലക്കാട്.

നോഡ് 2 -

ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.

പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്ററിന് 3805 കോടി രൂപ ചെലവ്

വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ആഗസ്റ്റ് 28-ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെ.ബി.ഐ.സി.-യുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐ.എം.സി. കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ. റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്.പി.വി.-ക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്.പി.വി.-ക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മേയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററുകൾ ഡെവലപ്മെന്റിനായി ഇ.പി.സി. ടെൻഡർ വിളിക്കുകയും ജി.എസ്.ടി. ഉൾപ്പെടെ 1316 കോടി രൂപയുടെ ഇ.പി.സി. കരാർ നൽകുകയും ചെയ്തു. ഈ കരാർ 42 മാസം കൊണ്ട് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ലാൻഡ് ആൻഡ് പ്രൊജക്ട് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ചെലവഴിച്ചു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു.

താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതമാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

- റോഡുകൾ
- ജലവിതരണം
- സ്വീവേജ്, മലിനജല പുനരുപയോഗ ശൃംഖല
- ജല ശുദ്ധീകരണ പ്ലാന്റ്
- സ്വീവേജ് സംസ്കരണ പ്ലാന്റ്
- മലിനജല സംസ്കരണ പ്ലാന്റ്
- പവർ സപ്ലൈ സിസ്റ്റം
- ഖരമാലിന്യ സംസ്കരണം
- ലാൻഡ്സ്കേപ്പ് വർക്കുകൾ
- ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

(സി) പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള ഗിഫ്റ്റ് സിറ്റിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ 144.8 ഹെക്ടർ സ്ഥലത്താണ് നോഡ്-2 ഗ്ലോബൽ ഇൻഡസ്ട്രിയൽസ് ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി, കൊച്ചി വികസിപ്പിക്കാൻ

ഉദ്ദേശിക്കുന്നത്. സേവനങ്ങളുടെ വികസനത്തിന് സംയോജിത ഇക്കോസിസ്റ്റം പ്രദാനം ചെയ്യും. അധിക നിക്ഷേപം കൊണ്ടുവരുന്നതിനും ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഉത്തേജകമായി മാറും.

23-07-2022-ലെ GO (RT) No.753/2022/ID പ്രകാരം 840 കോടി രൂപയ്ക്ക് 358 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭിച്ചു. ഏറ്റെടുക്കൽ സംബന്ധിച്ച 11(1) വിജ്ഞാപനം 04-10-2021-ന് പ്രസിദ്ധീകരിക്കുകയും കാലാവധി നീട്ടി നൽകിയിട്ടുള്ളതുമാണ്.

കേന്ദ്രസർക്കാർ ഗ്ലോബൽ സിറ്റി പദ്ധതിയിൽനിന്നും പിൻവാങ്ങിയ സാഹചര്യത്തിൽ ഭൂവുടമകളുടെ സമ്മതത്തോടെ ബദൽ വ്യാവസായിക പദ്ധതിക്കായി negotiated പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കൽ തുടരാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കുറ്റ്യാടി നാളികേര പാർക്ക്

152(2654) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിമല നാളികേര പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; നിലവിൽ നടന്നുവരുന്ന ചുറ്റുമതിൽ, ഇന്റേണൽ റോഡ്, മരം മുറിക്കൽ എന്നീ പ്രവൃത്തികൾക്കുശേഷം രണ്ടാംഘട്ട പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) രണ്ടാംഘട്ട പ്രവൃത്തിയിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) കുറ്റ്യാടി പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടമായി 10 ഏക്കറിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുവേണ്ടി മരങ്ങളുടെ വാല്യുവേഷൻ നടപടികൾ ആരംഭിച്ചു. ആദ്യ ഘട്ടത്തിലെ ഭൂമിയുടെ അലോട്ട്മെന്റ് പുരോഗതി അനുസരിച്ച് രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തുടർന്നുള്ള 250 മീറ്റർ ഇന്റേണൽ റോഡും ഓഫീസ് ബിൽഡിങ്ങും ഉൾവശങ്ങളിലെ ഫെൻസിങ് നിർമ്മാണവും ഉൾപ്പെടുന്നു.

തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്ക്

153(2655) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഏതൊക്കെ കമ്പനികളാണ് താൽപര്യം അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിൽ Abhiram Agro Industries, Spicence, Fruits Valley Farmers Producer Company Limited, Ajmi Flour Mills (India) Private Limited തുടങ്ങിയ പ്രമുഖ കമ്പനികൾ ഉൾപ്പെടെ 9 കമ്പനികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ബി) സ്പൈസസ് പാർക്കിൽ സ്ഥലം അനുവദിച്ച വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്പൈസസ് പാർക്കിൽ അനുവദിച്ച യൂണിറ്റുകളിൽ ഒരു സ്ഥാപനം ഇതിനകം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മൂന്ന് സ്ഥാപനങ്ങൾ ഇപ്പോൾ പ്ലാനിങ്/അപ്രൂവൽ ഘട്ടത്തിലാണ്.

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

154(2656) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ ലഭിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷ 26-08-2025-ന് നടന്ന സ്റ്റേറ്റ് ലെവൽ കമ്മിറ്റി പരിശോധിച്ച് പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന് ഡെവലപ്പർ പെർമിറ്റ് നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം Permit നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അരൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം മെഗാ ഫുഡ് പാർക്ക്

155(2657) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം മെഗാ ഫുഡ് പാർക്കിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം മെഗാ ഫുഡ് പാർക്കിൽ അനുവദിച്ചത് 42 യൂണിറ്റുകളാണ്. അവയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം 23 ആണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏത് തരത്തിലുള്ള വ്യവസായമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തുന്ന വ്യവസായങ്ങൾ താഴെ നൽകിയിരിക്കുന്നു.

Seafood units - 16
Food grade packaging units - 2
Spices grinding units - 2
Frozen food, snacks etc. - 2
Ice cream manufacturing unit - 1

(സി) പള്ളിപ്പുറം ഫുഡ് പാർക്കിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ട്രീറ്റ്മെന്റ് പ്ലാന്റിൽ ഒരു ദിവസം എത്ര ലിറ്റർ വെള്ളം ട്രീറ്റ് ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

(സി&ഡി) പള്ളിപ്പുറം ഫുഡ് പാർക്കിൽ ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണ്. നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിലെ എഫ്ലുവൻസ് ETP (Effluent Treatment Plant)-ലേക്ക് വിടുന്നുണ്ട്. 20 ലക്ഷം ലിറ്റർ പ്രതിദിന ശുദ്ധീകരണ കപ്പാസിറ്റിയുള്ള ETP-യിൽ നിലവിൽ 10 ലക്ഷം ലിറ്റർ വെള്ളം ദിവസേന ശുദ്ധീകരിക്കപ്പെടുന്നുണ്ട്.

ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനം

156(2658) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം തന്നെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ട് ബജറ്റുകളിലായി 30 കോടി രൂപ വകയിരുത്തിയ ഈ പദ്ധതി യാഥാർഥ്യമാക്കാൻ സമയബന്ധിത ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി സർക്കാർ ഏറ്റെടുത്ത് ഇലക്ട്രോണിക്സ് ആൻഡ് വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയ ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 29-09-2025-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭൂമി കൈമാറ്റം സംബന്ധിച്ച് സമവായത്തിലെത്തിയിട്ടുണ്ട്. ഭൂമി വ്യവസായ വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ കഴിയുന്നതാണ്.

സ്വകാര്യ വ്യവസായ പാർക്കുകൾ

157(2659) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ സ്ഥാപിക്കപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെ 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയതിൽ 8 പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

പാലക്കാട് -3, കണ്ണൂർ - 2, എറണാകുളം - 2, ഇടുക്കി - 1

(ബി) വിവിധ സ്വകാര്യ വ്യവസായ പാർക്കുകൾ വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഓരോ പാർക്ക് വഴിയും എത്ര രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തനം ആരംഭിച്ച 8 സ്വകാര്യ വ്യവസായ പാർക്കുകളിലൂടെ ഏകദേശം 1600 പേർക്ക് തൊഴിലും ഏകദേശം 1750 കോടി രൂപയുടെ നിക്ഷേപവും ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റിയിട്ടുണ്ട്; എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമിയൊന്നും വ്യവസായ ഭൂമിയാക്കി മാറ്റിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് 37 സ്വകാര്യ വ്യവസായ പാർക്കുകൾ വഴി 448 ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുന്നംകുളം നിയോജകമണ്ഡലത്തിലെ വ്യവസായ പാർക്ക്

158(2660) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിവേദനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടിയും ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കാമോ?

(ബി-ഡി) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് സഹായം ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നൽകിയ അപേക്ഷയും അനുബന്ധ രേഖകളും വ്യവസായ വാണിജ്യ ഡയറക്ടേറ്റ് വഴി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ പ്രതിപാദിക്കുന്ന പുറമ്പോക്ക് ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി

159(2661) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിൽ നാഴികക്കല്ലായി മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെപ്പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കാനുമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ആഗോള നിക്ഷേപ സംഗമം 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽവച്ച് വിജയകരമായി നടത്തുകയുണ്ടായി.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും സർക്കാർ വിലയിരുത്തുകയും ഇവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള വിപുലമായ ഒരു റോഡ്മാപ്പ് ആരംഭഘട്ടത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിച്ചിട്ടുണ്ട്.

നിലവിൽ 100 കോടിവരെ മൂല്യമുള്ള നിക്ഷേപ താൽപര്യപത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തുവരുന്നത്.

100 കോടിയും അതിന് മുകളിലും വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താൽപര്യപത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യപത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യപത്രവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും വിവിധ അനുമതികൾക്കായി നിക്ഷേപകർ അതത് വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നത്തിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും സുഗമമായ പദ്ധതി നിർവഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനുംവേണ്ടി സർക്കാർ 30-04-2025-ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ ബഹു. വ്യവസായ വകുപ്പുമന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര, വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി പദ്ധതി നിർവഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19-06-2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ടുവച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിരൂപയുടെ നിക്ഷേപവും 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്.

ഈ നിക്ഷേപ സംഗമം വഴി നാളിതുവരെ 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണാപത്രങ്ങൾ ലഭിക്കുകയും ഇവയുടെ വികസനം നിലവിൽ വിവിധ ഘട്ടങ്ങളിലായി

ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ

160 (2662) ഡോ. കെ. ടി. ജലീൽ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ നടന്നുകൊണ്ടിരിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര പ്രൊഫഷണൽ സ്ഥാപനങ്ങൾ പുറത്തുവിട്ട റിപ്പോർട്ട് വകുപ്പിന്റെ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടാലന്റ് പൂളിലുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കാധാരമായി വ്യാവസായികരംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തേക്ക് തിരികെയെത്തുന്ന പ്രൊഫഷണലുകൾക്ക് അനുകൂലമായ ഒരു വ്യവസായ സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദീകരിക്കാമോ?

(എ-സി) വിദേശത്ത് നിന്ന്, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽനിന്നും വിദഗ്ധ പ്രൊഫഷണലുകളുടെ ഗണ്യമായ മടങ്ങി വരവ് (റിവേഴ്സ് മൈഗ്രേഷൻ) കേരളത്തിൽ അനുഭവപ്പെടുന്നുവെന്ന് പ്രമുഖ അന്താരാഷ്ട്ര സോഷ്യൽ നെറ്റ്വർക്കിങ്ങും പ്രൊഫഷണൽ

കൂട്ടായ്മയുമായ ലിങ്ക്ഡ് ഇൻ-ന്റെ ടാലന്റ് ഇൻസൈറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്രൊഫഷണൽ ടാലന്റ് പൂൾ 172% വർധിച്ചു. മടങ്ങിയെത്തുന്നവരിൽ വലിയൊരു വിഭാഗം യു.എ.ഇ.-യിൽ നിന്നാണ്. തുടർന്ന് സൗദി അറേബ്യ, യുണൈറ്റഡ് കിങ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. നാൽപ്പതിനായിരത്തിന് മേൽ പ്രൊഫഷണലുകൾ മടങ്ങിയെത്തിയതായി കണക്കാക്കുന്നു. മടങ്ങിയെത്തുന്നവർ പ്രധാനമായും ഐ.ടി., ആരോഗ്യ സംരക്ഷണം, ടൂറിസം, വിദ്യാഭ്യാസം എന്നിവയിൽ ജോലി തേടുന്നു. കൂടുതൽ സ്ഥിരതയുള്ള തൊഴിൽ-ജീവിത സന്തുലിതാവസ്ഥ, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, കുടുംബങ്ങളുമായുള്ള സാമീപ്യം തുടങ്ങിയ ഘടകങ്ങൾ പ്രൊഫഷണലുകൾ കേരളത്തിലേക്ക് മടങ്ങുന്നതിന് പ്രേരകമാകുന്നു. കേരളത്തിലെ പ്രൊഫഷണൽ തൊഴിൽ ശക്തിയുടെ ഏകദേശം 40% കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉയർന്ന വിഭവശേഷി ആവശ്യമായ ഉൽപന്ന, മാനേജ്മെന്റ്, ഗവേഷണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ പ്രതിഭകളെ പ്രദാനം ചെയ്യുന്ന "ഒരു ബ്രെയിൻ ഗെയ്ൻ" ആയി ഈ മാറ്റം കണക്കാക്കപ്പെടുന്നു.

സർക്കാർ പുതുതായി രൂപം കൊടുത്ത് നടപ്പിലാക്കിവരുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, ക്യാമ്പസ് വ്യവസായ പാർക്ക് എന്നീ സ്കീമുകൾ സംസ്ഥാനത്തേക്ക് തിരികെയെത്തുന്ന പ്രൊഫഷണലുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പാർക്കുകൾ പ്രവർത്തന സജ്ജമാകുന്നതോടെ ഏകദേശം 437 ഏക്കർ സ്ഥലം വിവിധ തലങ്ങളിൽ

ഉൾപ്പെട്ട സംരംഭകർക്കായി അനുവദിക്കാൻ കഴിയും. കൂടാതെ, 3 ക്യാമ്പസ് വ്യവസായ പാർക്കുകൾക്കും ഡെവലപ്പർ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുന്നതിന് പഠനത്തോടൊപ്പം ജോലി എന്ന ലക്ഷ്യം നടപ്പാക്കുന്നതിനും പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് വിവിധ വ്യവസായ സംരംഭങ്ങളിൽ apprenticeship/internship അവസരം നൽകി സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തമാക്കുന്നതിനും ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി സഹായിക്കുന്നു.

ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

161 (2664) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഉള്ളടക്കം നിർമ്മിക്കുന്ന ജനറേറ്റീവ് എ.ഐ. സാങ്കേതികവിദ്യ പുതിയകാലത്ത് സമസ്തമേഖലകളിലും സ്വാധീനം ചെലുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തെ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉൽപാദന സംവിധാനങ്ങളെയും സമ്പത്ത് വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) മേഖലയ്ക്ക് സാധിക്കും. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ

കാലഘട്ടത്തിൽ പ്രസ്തുത മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കാൻ എ.ഐ. സാങ്കേതികവിദ്യയ്ക്ക് കഴിയും. അത് കണക്കിലെടുത്ത് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖലയ്ക്ക് 2023-ലെ കേരള വ്യവസായ നയത്തിൽ പ്രത്യേക പ്രാധാന്യം നൽകിയാണ് മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ജനറേറ്റീവ് എ.ഐ. മേഖലയിലുണ്ടാകുന്ന കുതിച്ചുചാട്ടത്തിൽ കേരളം സ്വന്തം ഇടമുറപ്പിക്കണമെന്നുള്ള ദീർഘവീക്ഷണത്തോടുകൂടിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് സർക്കാരിന്റെ 2023-ലെ പുതിയ വ്യവസായ നയം.

പ്രസ്തുത നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണനാ മേഖലകളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടുന്നുണ്ട്. സൺറൈസ് മേഖലകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളാണ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കൂടാതെ, കേരളത്തിലെ വ്യവസായ വിപ്ലവം 4.0 പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന

നിർമ്മാണ പ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ് തുടങ്ങി സംരംഭങ്ങൾ ചെലവാക്കുന്ന തുകയുടെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ വരെയോ തിരികെ നൽകുന്നതിനുള്ള പദ്ധതിയും വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ മേഖലകളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് "അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ", "അന്താരാഷ്ട്ര ജൻ എ.ഐ. കോൺക്ലേവ്" എന്നിവ വിജയകരമായി നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനങ്ങളിൽ 200-ൽപ്പരം കമ്പനികളും/സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 1000-ത്തിൽപ്പരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. പ്രസ്തുത മേഖലകളിൽ ഉയർന്നുവരുന്ന കമ്പനികളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പ്രത്യേകം എക്സിബിഷനും ടി സംഗമങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിരുന്നതും വൻ വിജയമായിരുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

162(2665) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ നാളിതുവരെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾ പ്രകാരം നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2021 മുതൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സബ്സിഡി പദ്ധതികളായ സംരംഭക സഹായ പദ്ധതി പ്രകാരം 5

സംരംഭകർക്കും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതിയിലൂടെ 31 പേർക്കും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 53 പേർക്കും നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി പദ്ധതിയിലൂടെ 10 പേർക്കും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 15 പേർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 8 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും സംരംഭകരാകാൻ താൽപര്യമുള്ളവർക്കുമായി താഴെപ്പറയുന്ന ബോധവൽക്കരണ പരിപാടികളും സംരംഭക യോഗങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

1) ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്

2) ലോൺ - ലൈസൻസ് മേള

3) സംരംഭകത്വ ബോധവൽക്കരണ പരിപാടി

4) താലൂക്കുതല നിക്ഷേപക സംഗമം

5) ബ്ലോക്കുതല ബാങ്കേഴ്സ് യോഗം

6) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്ക്

7) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ഫെസിലിറ്റേഷൻ കാമ്പയിൻ

8) സംരംഭക സഭ

9) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതിയുടെ ബോധവൽക്കരണ പരിപാടി.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

163(2666) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പ്രധാന പദ്ധതിയായ കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണം പുരോഗമിക്കുന്നു. ഇന്റേണൽ റോഡ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. വൈദ്യുതി വിതരണത്തിനായി ഹൈ-ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ മറ്റ് പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സംരംഭക സഹായ പദ്ധതി

2. നാനോ വ്യവസായ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി

3. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി

4. ആശ സ്കീം

5. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

6. സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതി

7. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപന്നം പദ്ധതി

8. വ്യവസായ ഭദ്രതാ പദ്ധതി

മിഷൻ 1000 പദ്ധതിയിൽ 2 വ്യവസായ യൂണിറ്റുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. സംരംഭക സഹായ പദ്ധതിയിലൂടെ 2016 മുതൽ 2025 മാർച്ച് വരെ 2,70,93,122/- രൂപ വിവിധ സംരംഭകർക്ക് വിതരണം ചെയ്തിട്ടുണ്ട്. നാനോ മണി ഗ്രാന്റ് ഇനത്തിൽ 31,55,944/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, പഞ്ചായത്തുതല ബോധവൽക്കരണ പരിപാടികൾ, താലൂക്കുതല ഇൻവെസ്റ്റേഴ്സ് മീറ്റ്, എക്സിബിഷനുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. സംരംഭകർക്ക് കൈത്താങ്ങായി എല്ലാ പഞ്ചായത്തുകളിലും ബിസിനസ്സ് ഡെവലപ്പ്മെന്റ് പ്രൊവൈഡർമാരെയും നിയമിച്ചിട്ടുണ്ട്.

ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത പദ്ധതികൾ

164(2667) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണച്ചുമതല നൽകിയിട്ടുള്ള വകുപ്പ്, ഏജൻസി, പദ്ധതിയുടെ നിലവിലെ സ്ഥിതി

എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

ആഗോള നിക്ഷേപക സംഗമം

165(2669) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ASCEND 2019, ASCEND 2020, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 എന്നീ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു.

(ബി) ഓരോ ആഗോള നിക്ഷേപക സംഗമത്തിലും എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; യഥാർഥത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ASCEND 2019, ASCEND 2020 എന്നീ സംഗമങ്ങളിലൂടെ ആകെ 33,301.94 കോടി രൂപയുടെ നിക്ഷേപ താൽപര്യം ലഭിച്ചിരുന്നു. അതിൽ 2259.26 കോടി രൂപയുടെ 47 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. 6010.22 കോടി രൂപയുടെ 32 പദ്ധതികൾ പല ഘട്ടങ്ങളിലാണ്.

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതും കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതും 2025 ഫെബ്രുവരി 21, 22 തീയതികളിലായി എറണാകുളത്ത് വച്ച് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 നടത്തിയിരുന്നു. ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും പ്രസ്തുത സമ്മിറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐ.ടി./ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ്സ് തുടങ്ങി സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ്, മേല്പറഞ്ഞ നിക്ഷേപ താൽപര്യപത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്.

നിലവിൽ ഇതുവരെ 98 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള

ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യപത്രങ്ങളുടെ 21.82% വരുന്നതാണ്.

(സി) ആഗോള നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; പട്ടിക ലഭ്യമാക്കുമോ?

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ നിക്ഷേപ താൽപര്യപത്രം സമർപ്പിച്ച് നിലവിൽ നിർമ്മാണം ആരംഭിച്ച, നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായിരിക്കുന്ന വൻകിട നിക്ഷേപ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

നിക്ഷേപക സംഗമങ്ങൾ

166(2670) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടം മുതൽ നാളിതുവരെ എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; ഓരോ സംഗമത്തിനും സ്പോൺസർഷിപ്പ് ഇനത്തിൽ ലഭിച്ച തുകയും സർക്കാർ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത നിക്ഷേപക സംഗമങ്ങൾക്കായി പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓരോ നിക്ഷേപക സംഗമത്തിന്റെയും ഭാഗമായി എത്ര രൂപയുടെ വീതം നിക്ഷേപം ഏതൊക്കെ പദ്ധതികളുടെ ഭാഗമായി വാഗ്ദാനം ലഭിച്ചു; ഇതിൽ ഏതൊക്കെ പദ്ധതികൾ നാളിതുവരെ യാഥാർഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര രൂപയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിക്ഷേപം സംസ്ഥാനത്ത് എത്തിക്കാൻ സാധിച്ചു; വിശദാംശം ഇനം തിരിച്ച് ഓരോ നിക്ഷേപക സംഗമത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും നിക്ഷേപ സൗഹൃദമായി സംസ്ഥാനത്തെ മാറ്റുന്നതിനും ലക്ഷ്യമിട്ട് ASCEND 2019, ASCEND 2020 എന്നീ വ്യവസായ സംഗമങ്ങൾ കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ചിരുന്നു. മേല്പറഞ്ഞ വ്യവസായ സംഗമങ്ങളുമായി ബന്ധപ്പെട്ട് ആകെ ചെലവ് 309.32 ലക്ഷം രൂപയാണ്.

പ്രസ്തുത സംഗമങ്ങളിലൂടെ ആകെ 33,301.94 കോടി രൂപയുടെ നിക്ഷേപ താൽപര്യം ലഭിച്ചിരുന്നു. അതിൽ 2259.26 കോടി രൂപയുടെ 47 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. 6010.22 കോടി രൂപയുടെ 32 പദ്ധതികൾ നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലായി തുടർന്നുവരുന്നു.

കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സംരംഭകരുടെ നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു. 2016-21 മുതൽ നാളിതുവരെയുള്ള കാലയളവിൽ ജില്ലാ താലൂക്ക് തലങ്ങളിലായി ആകെ 493 നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമങ്ങൾ നടത്തുന്നതിലേക്കായി ആകെ 2.18 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.

പ്രസ്തുത സംഗമങ്ങളിലൂടെ 8327 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ നിക്ഷേപത്തിനായി മുന്നോട്ടുവരുകയും ഇവരിൽ 5071 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അതുവഴി 901.94 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ചെയ്തിരുന്നു.

എറണാകുളത്ത് വച്ച് ഫെബ്രുവരി 21, 22 തീയതികളിലായി വ്യവസായ വകുപ്പ് സംഘടിപ്പിച്ച "ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025"-ലൂടെ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 98 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടി രൂപയുടെ നിക്ഷേപവും 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യപത്രങ്ങളുടെ 21.82% വരുന്നതാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ ലഭിച്ച നിക്ഷേപങ്ങൾ ഉൾപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ട്.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ

167(2671) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത്

ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വിവിധ ഖാദി ഉൽപന്നങ്ങളുടെ വിപണന പ്രചരണാർഥം പ്രസാർഭാരതി, മറ്റ് വാർത്താ ചാനലുകൾ, പത്ര-ആനുകാലികങ്ങൾ എന്നിവയിൽ നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 53,05,743/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കിൻഫ്ര, വിവിധ വ്യവസായ പാർക്കുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വിവിധ വാർത്താ മാധ്യമങ്ങളിൽ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പരസ്യം നൽകിയതിന് 1,39,20,513/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറും ഹാന്റക്സും ഓണം, വിഷു, ക്രിസ്മസ് കൈത്തറി മേളകളുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ, വിവിധ ടെലിവിഷൻ ചാനലുകൾ എന്നിവയിൽ വിവര പൊതുജന സമ്പർക്ക വകുപ്പിലൂടെയും വിവിധ സ്വകാര്യ ഏജൻസികൾ മുഖേനയും നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 41,24,292/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ എന്ന സ്ഥാപനം ബാംബൂ ഫെസ്റ്റ്, ദേശീയ-അന്തർദേശീയ മേളകളിലെ പങ്കാളിത്തം, വ്യവസായ പ്രോത്സാഹന

പ്രവർത്തനങ്ങൾ, മലബാർ ക്രാഫ്റ്റ് മേള, ഡ്രീം-വെസ്റ്റർ മത്സരം, വനിതാ സംരംഭക സംഗമം, പ്ലാന്റേഷൻ എക്സ്പോ, തീവ്ര വ്യവസായവൽക്കരണ പ്രവർത്തനം, സംരംഭക മഹാസംഗമം, പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് സ്കീം, ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സോഷ്യൽ മീഡിയ കാമ്പയിൻ, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നാഷണൽ സർട്ടിഫിക്കേഷൻ സെന്ററിന്റെ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ, നൂതന ഓൺലൈൻ മാധ്യമങ്ങൾ എന്നിവയിൽ വിവര പൊതുജന സമ്പർക്ക വകുപ്പിലൂടെയും നേരിട്ടും പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 4,53,46,656/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾ, വിവിധ വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ടെൻഡർ പരസ്യം, കാരവൻ ടൂറിസം, വ്യവസായ പാർക്കുകളുടെ ഉദ്ഘാടനം, കെ-സ്വിഫ്റ്റ്, സംരംഭക സംഗമം, പുതിയ വ്യവസായ നയത്തിന്റെ പ്രചാരം, കേരളീയം എന്നിവയുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ, നൂതന ഓൺലൈൻ മാധ്യമങ്ങൾ എന്നിവയിൽ നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 3,91,34,874/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പബ്ലിസിറ്റി/പരസ്യം/വിപണനം/നിക്ഷേപ പ്രോത്സാഹനം തുടങ്ങിയ ചെലവുകൾ അതത് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തിയും ഭരണസമിതിയുടെ അംഗീകാരത്തോടെയുമാണ് വഹിച്ചിട്ടുള്ളത്.

വിദേശനിക്ഷേപത്തിന് വേണ്ടിയുള്ള യാത്രകൾ

168(2672) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശയാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും മറ്റ് ഉന്നതതല ഉദ്യോഗസ്ഥരുമായി വിദേശ യാത്രകൾ നടത്തിയിരുന്നു. മെഡിക്കൽ സാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, ജീവശാസ്ത്രം എന്നീ മേഖലകളിലെ കേരളത്തിന്റെ പ്രാഗല്ഭ്യം ലോകത്തെ അറിയിക്കാനും ഈ മേഖലയിലെ ഉൽപാദകർ, വിതരണക്കാർ, സംരംഭകർ, ഗവേഷണ സ്ഥാപനങ്ങൾ, നയനിർമ്മാതാക്കൾ തുടങ്ങിയവരുമായി ചർച്ചകൾ നടത്താനും ജർമ്മനിയിൽ വച്ച് നടന്ന മെഡിക്ക എന്ന ഉച്ചകോടി സഹായകമായി. ഇത് കൂടാതെ ദുബായിൽ വച്ച് നടന്ന അറബ് ഹെൽത്ത്, സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറം (WEF) തുടങ്ങിയവയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അടങ്ങുന്ന ഔദ്യോഗിക സംഘം പങ്കെടുക്കുകയുണ്ടായി.

കൂടാതെ ദുബായിൽ നടത്തിയ റോഡ് ഷോ, ഗൾഫുഡ്, ജിറ്റക്സ് തുടങ്ങിയ പരിപാടികളിലും സർക്കാരിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി.

സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും കേരളത്തിലെ നിക്ഷേപ സാധ്യതകൾ അവതരിപ്പിക്കുന്നതിനും അന്താരാഷ്ട്ര സംരംഭകരുമായും വ്യവസായ പ്രതിനിധികളുമായും നേരിട്ട് ചർച്ചകൾ നടത്തുന്നതിനും ഈ സന്ദർശനങ്ങൾ സഹായകമായി.

ഇവയിലൂടെ ഉടലെടുത്ത പദ്ധതികളിൽ ഒന്ന് ഭാരത് ബയോടെക് അവരുടെ ഒരു ഭക്ഷ്യ സംസ്കരണ യൂണിറ്റ്, എറണാകുളം അങ്കമാലിയിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ പാർക്കിൽ കഴിഞ്ഞ മാസം നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇത് കൂടാതെ അവിഘ്ന, സിഫി, മുരള്യ തുടങ്ങി അനേകം വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വന്ന പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. മാത്രമല്ല മറ്റ് പല പ്രോജക്ട് പ്രൊപ്പോസലുകളും ചർച്ചകളുടെയും നിർമ്മാണത്തിന്റെയും വിവിധ ഘട്ടത്തിലുമാണ്.

(ബി) ഇതുവഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്; ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

ഏകദേശം 350 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 230 ഓളം തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

കയ്പമംഗലം നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ

169(2673) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം കയ്പമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതി പ്രകാരം കയ്പമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

- മതിലകം ഗ്രാമപഞ്ചായത്ത് - രണ്ട് സംരംഭങ്ങൾക്കായി 33,267/- രൂപ സബ്സിഡി നൽകി.
- എടവിലങ്ങ് ഗ്രാമപഞ്ചായത്ത് - ആറ് സംരംഭങ്ങൾക്കായി 1,24,820/- രൂപ സബ്സിഡി നൽകി.
- എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - നാല് സംരംഭങ്ങൾക്കായി 1,26,976/- രൂപ സബ്സിഡി നൽകി.
- S.N. പുരം ഗ്രാമപഞ്ചായത്ത് - അഞ്ച് സംരംഭങ്ങൾക്കായി 1,37,910/- രൂപ സബ്സിഡി നൽകി.
- പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് - ഒരു സംരംഭത്തിന് 20,027/- രൂപ സബ്സിഡി നൽകി.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും കയ്പമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയും അല്ലാതെയും ആകെ തുടങ്ങിയ

സ്വയംതൊഴിൽ സംരംഭങ്ങളുടെ എണ്ണം 2,324 ആണ്. ആകെ സബ്സിഡിയായി ചെലവഴിച്ച തുക 82,07,174 രൂപ ആണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ മുനക്കൽ ബീച്ചിലെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കായ്പമംഗലം നിയോജകമണ്ഡലത്തിലെ മുനക്കൽ ബീച്ചിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് അതുമായി ബന്ധപ്പെട്ട് മുന്നോട്ടുവരുന്ന സംരംഭങ്ങൾക്ക് വേണ്ട മാർഗനിർദേശങ്ങളും സഹായങ്ങളും വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ വകുപ്പിന് കീഴിൽ എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ ശില്പശാലകൾ, സംരംഭക സഭ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

170(2674) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.707 (വേദഗിരി) ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏകദേശം ഒന്നര കോടി രൂപ കുടിശ്ശികയായ നിക്ഷേപം ഉടൻ തിരിച്ച് നൽകാൻ നിയമപരമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അഭ്യൂഹമോ സാമ്പത്തിക ബാധ്യതയോ കൊണ്ടുണ്ടാകുന്ന നിക്ഷേപകരുടെ ആത്മഹത്യ അടക്കമുള്ള ഗുരുതര സാഹചര്യങ്ങൾ തടയുന്നതിനായി സർക്കാർ എടുക്കുന്ന മുൻകരുതൽ എന്തെല്ലാമാണ്?

(എ-സി) കോട്ടയം ടെക്സ്റ്റൈൽസിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം, മില്ലിൽനിന്നും ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച് മിൽ നൽകേണ്ട ഇനത്തിൽ നിലവിൽ കുടിശ്ശികയായിട്ടുള്ളത് 30 ലക്ഷം രൂപയാണ്. മിൽ തുറന്ന് പ്രവർത്തനം ആരംഭിച്ചതിനാൽ പ്രസ്തുത കുടിശ്ശിക ഗഡുക്കളായി ടെക്സ്റ്റൈൽസിന് നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് കുടിശ്ശികകൾ സൊസൈറ്റി ഇടപാടുകാർക്ക് നേരിട്ട് നൽകാനുള്ളതാണ്.

(ഡി) ഇതുസംബന്ധിച്ച് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് 08-08-2025-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ഇതുസംബന്ധിച്ച് 08-08-2025-ൽ ലഭിച്ച നിവേദനം IN1250800204 എന്ന നമ്പരായി പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കാൻ നടപടി

171(2675) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനും 2016-17 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

കയർ മേഖല

- ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.
- കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും സേവന വേതന വ്യവസ്ഥ ഉറപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.
- കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്ന് 14 ജില്ലകളിലെയും തദ്ദേശ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം ചെയ്തുവരുന്നു.
- കേരളത്തിലെ വിവിധ സർവകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ.എസ്.ഇ.ബി.എൽ., മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കി0 വരുന്നു.
- ഇതര സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

- ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിന് പുറത്തെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴിയും കയർ കോർപ്പറേഷന്റെയും കയർഫെഡിന്റെയും നിലവിലുള്ള ഷോറൂമുകൾ, സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വില്പന ശാലകൾ, വിശാൽ മെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീട്ടെയിൽ, ആമസോൺ, പെപ്പർഫ്രൈ, ഇന്ത്യമാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വില്പന നടത്തിവരുന്നു.
- കയർ കോർപ്പറേഷൻ വിപണിക്കാവശ്യമായ നൂതന ഡിസൈനുകളിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന്, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു.
- വിപണന സാധ്യത വിപുലീകരിക്കുന്നതിനായി വാൾമാർട്ട് ഉൾപ്പെടെയുള്ള വാണിജ്യ ശൃംഖലകളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.
- ഒഡീഷയിലെ ഒരു അയൺ ഓർ മൈനിങ് സ്ഥാപനവുമായി കയർ ഭൂവസ്ത്രവിതാനം ഒരു പൈലറ്റ് പ്രോജക്ടായി കയർ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
- കോക്കോഫെർട്ട്, ഇനോക്കുലേറ്റഡ് പിത്ത്, പിത്ത് ബ്രിക്കറ്റ് മുതലായ മൂല്യവർധിത ഉൽപന്നങ്ങൾ കയർഫെഡ് ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നു.
- അമൃത്സർ ഗോൾഡൻ ടെമ്പിൾ, ചെന്നൈ ക്രിക്കറ്റ് അസോസിയേഷൻ എന്നിവർക്ക് കയർഫെഡ് ഉൽപന്നങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

- ഡിസൈൻ പരിശീലനം ലഭിച്ച കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻവഴി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.
- National Coir Research Management Institute നൂതനമായ ഗവേഷണ ഉൽപന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.
- പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. ഇപ്പോൾ ആലപ്പുഴയിൽ ആദ്യ ഘട്ടമായി 350 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.
- ക്രാഫ്റ്റ്സ്മാന്മാർക്കുള്ള പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പരിശീലനവും മാനേജ്മെന്റിനുമായി 62.65 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.
- NCRMI ഇ-കയർ ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോകോ നട്ട് ക്രഷർ, കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റണ്ണേജ് മീറ്റർ എന്നിവ വികസിപ്പിച്ചു.

- കയർ തൊഴിലാളികൾക്കുവേണ്ടി NCRMI ഇലക്ട്രോണിക് റാട്ടുകളിലും ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിലും ഫ്രെയിം മാറ്റുകളിലും പരിശീലനം നൽകിവരുന്നു.

കശുവണ്ടി മേഖല

1. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവൽക്കരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്നു.

2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 80 ലക്ഷം രൂപ തിരുവനന്തപുരം (25 ലക്ഷം രൂപ), കൊല്ലം (45 ലക്ഷം രൂപ), പത്തനംതിട്ട (5 ലക്ഷം രൂപ), കാസർഗോഡ് (5 ലക്ഷം രൂപ രൂപ) എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവഹണത്തിന് അനുമതി നൽകിയിരുന്നു.

A) Continued Operation Linked Stimulus Programme - 20 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിങ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനഃസ്ഥാപിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ

എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

B) Women Friendly Physical Infra Creation/Upgradation-5 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഉൽപാദനക്ഷമത വർധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിങ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50%വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

C) Modernization/Upgradation of Shelling Units - 5 കോടി രൂപ

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ പ്രോസസ്സിങ് യൂണിറ്റുകളിലെ ഷെല്ലിങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനംവരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും ആയതിന് 26-04-2025-

ലെ സ.ഉ. (സാധാ) നം. 446/2025/വ്യവ. നമ്പർ ഉത്തരവുപ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായി 2024-25 വർഷത്തേക്ക് 200 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. 2025-26 സാമ്പത്തിക വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3) ഒറ്റത്തവണ തീർപ്പാക്കൽ (OTS)

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതിയുടെ പരിധിയിൽ 31-03-2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-12-2025 വരെ ദീർഘിപ്പിച്ച് നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദേശം നൽകിയിരുന്നു.

2018-19 മുതൽ നാളിതുവരെ കേരള കാഷ്യൂ ബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും 93,774.028 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും

നൽകിയത് വഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഈ സാമ്പത്തിക വർഷം കേരള കാഷ്യൂ ബോർഡിന് പ്രവർത്തന മൂലധന വായ്പയായി 41 കോടി രൂപയും One Time Adhoc Loan മുഖാന്തരം 50 കോടി രൂപയും നൽകിയതിലൂടെ കൂടുതൽ തോട്ടണ്ടി നേരത്തെതന്നെ സംഭരിക്കാൻ സാധിച്ചു.

2025-26 വർഷത്തിൽ ബജറ്റിൽ കശുവണ്ടി വികസന കോർപ്പറേഷന് ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗികവൽക്കരണത്തിനും 1.65 കോടി രൂപയും ബ്രാൻഡ് ബിൽഡിങ്ങിന് 1.40 കോടി രൂപയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗീക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന് നവീകരണ യന്ത്രവൽകൃത പ്രവർത്തനങ്ങൾക്കും ബ്രാൻഡ് ബിൽഡിങ്ങിനുമായി ഈ വർഷം യാഥാക്രമം 2.70 കോടി രൂപയും 0.30 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും യഥാക്രമം 94.50 ലക്ഷം രൂപയും 10.50 ലക്ഷം രൂപയും കാപ്പക്സിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

കൈത്തറി മേഖല

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം

2. സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റ്ക്സ്)

3. സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്)

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6. യുവവീവ് പദ്ധതി

7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി

8. കൈത്തറി ഗ്രാമത്തിന്റെയും സമഗ്ര കൈത്തറി ഗ്രാമത്തിന്റെയും സ്ഥാപനം

9. അംശദാന സമ്പാദ്യ പദ്ധതി

10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

11. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി

12. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും

13. പരിശീലന വൈദഗ്ധ്യ വികസന പരിപാടി

14. ദേശീയ കൈത്തറി വികസന പരിപാടി

15. നാടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിങ് സെന്റർ സ്ഥാപിക്കൽ

16. കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാൻഡ്ലൂം വില്ലേജ്

17. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി

18. ഹാന്റക്സ് പുനരുദ്ധാരണ പരിപാടി

19. പ്രീമിയം ഉൽപന്നങ്ങൾക്കുള്ള ഉൽപന്ന വികസന സഹായം

20. സൗജന്യ കൈത്തറി യൂണിഫോം പദ്ധതി

ഖാദി മേഖല

ഖാദി മേഖലയുടെ വൈവിധ്യവൽക്കരണത്തിനും സംരക്ഷിക്കുന്നതിനും ടി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഖാദി സ്ഥാപനങ്ങൾ/സഹകരണ സംഘങ്ങൾക്കും ധനസഹായം എന്നിവയെല്ലാം തുക അനുവദിച്ചുവരുന്നു.

- ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിച്ച് ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് ഗുണനിലവാരമുള്ള സ്ലൈവർ ഉൽപാദിപ്പിച്ച് സ്ലൈവർ ക്ഷാമം പരിഹരിച്ചു.
- ബോർഡിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി തൃത്തല പഞ്ചായത്തിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഖാദി തൊഴിലാളികളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോസ്റ്റ് ചാർട്ട് പ്രകാരമുള്ള മാസവേതനത്തിന് പുറമെ ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ച് നൽകുന്നുണ്ട്.
- ഇൻസന്റീവ്, ഉത്സവബത്ത, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകിവരുന്നു.

മുള, കരകൗശല മേഖല

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടെയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം.

- കരകൗശലക്കാരുടെ കഴിവുകൾ മനസ്സിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപന്ന ഗുണമേന്മ എന്നിവ വർധിപ്പിക്കുന്നതിനായുള്ള പരിശീലനം.
- പരിശീലകർക്കുള്ള പരിശീലന പരിപാടി
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം
- പുതുമയാർന്ന ഉൽപന്നങ്ങളുടെ രൂപീകരണം.
- മുള അനുബന്ധ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ-അന്തർ ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നു.
- മുള ഉൽപന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ
- വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്
- കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ ബാംബൂ മിഷൻ നടപ്പിലാക്കുന്നു.
- മുള ഉൽപന്ന നിർമ്മാണ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിശീലന പരിപാടികളും
- ബാംബൂ മിഷൻ അങ്കമാലിയിൽ സ്ഥാപിച്ച ബാംബൂ ഇന്നവേഷൻ സെന്ററിൽ പരിശീലനം നൽകിവരുന്നു.
- പുതുമയാർന്ന ഉൽപന്നങ്ങളുടെ രൂപീകരണത്തിനായി ഡിസൈൻ വർക്ക്ഷോപ്പുകൾ.

- പരിശീലകർക്കുള്ള പരിശീലന പരിപാടി.
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം.

ബാംബൂ മിഷന്റെ സഹായത്തോടെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

- കോതമംഗലത്ത് സ്ഥാപിച്ച ലൈവ്‌ലി ഹൂഡ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ആൻഡ് ബാംബൂ ബസാർ.
- അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ നടപ്പാക്കിയ ഏക്കർ ബാംബൂ പ്ലാന്റേഷൻ.
- മൂന്നാറിലും കുമരകത്തും മാനന്തവാടിയിലും നടപ്പാക്കിയ ബാംബൂ ബസാർ.
- എറണാകുളം ജില്ലയിൽ ചുള്ളിയിലും ചേരാനല്ലൂരും കമ്മ്യൂണിറ്റി മാറ്റ്‌വീവിങ് സെന്ററുകൾ.
- ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകാൻ ആരംഭിച്ചു.
- ബാംബൂ ഓഫീസ് സ്റ്റേഷനറികളുടെ അംഗീകൃത വിതരണക്കാരായി ബാംബൂ കോർപ്പറേഷനെ അംഗീകരിച്ചു.
- കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേരള ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു.

- സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി കേരള സംസ്ഥാന സർക്കാർ കരകൗശല അവാർഡ് നൽകിവരുന്നു.

കരകൗശലമേഖലയെ സംരക്ഷിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനും കരകൗശല വികസന കോർപ്പറേഷൻ 2016-17 മുതൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ പ്രതിപാദിക്കുന്നു.

- കരകൗശല തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിലേക്കായി എക്സിബിഷനുകൾ, ക്രാഫ്റ്റ്ബസാറുകൾ എന്നിവ സംഘടിപ്പിക്കുക.
- പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിനും പരിശീലനം നൽകുക.
- സൗജന്യമായി ടൂൾ കിറ്റുകൾ വിതരണം ചെയ്യുക.
- പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർഥികൾക്ക് കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിലേക്കായി ക്രാഫ്റ്റ് അവേർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

- ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് ഒരുമിച്ചുകൂടി ഉൽപന്നങ്ങൾ നിർമ്മിക്കാനും പുതിയ ഡിസൈനുകൾ രൂപപ്പെടുത്താനുമായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ സാധ്യമാക്കുന്ന പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി.

    1. കുഞ്ഞിമംഗലം, കണ്ണൂർ - ബെൽമെറ്റൽ ക്രാഫ്റ്റ്

    2. ചേർപ്പ്, തൃശ്ശൂർ - മരാധിഷ്ഠിത ക്രാഫ്റ്റ് (Wood craft)

    3. കടവൂർ, കൊല്ലം -സ്ട്രാപിക്ചർ ക്രാഫ്റ്റ്

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സുഗന്ധവ്യഞ്ജനവും കരകൗശലവും സംയോജിപ്പിച്ചുകൊണ്ടുള്ള സ്പൈസസ് ഇൻ ക്രാഫ്റ്റ് എന്ന ആശയത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ പുതിയ ഉൽപന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപന്നങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കടൽ മണൽ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിന് നടപടി

172(2676) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട് 2002 മുതൽ നിലവിലിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2023-ൽ

ഭേദഗതി വരുത്തുകയും എന്നാൽ ഈ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കാണപ്പെട്ടതിനെത്തുടർന്ന് ആയതിന്റെ കരട് ഭേദഗതിയിന്മേൽ നടത്തിയ അഭിപ്രായസ്വരൂപണ വേളയിൽതന്നെ സംസ്ഥാനം ശക്തമായ എതിർപ്പ് കേന്ദ്ര ഖനി മന്ത്രാലയത്തെ അറിയിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കണക്കിലെടുക്കാതെ ആക്ടിന്റെ ഭേദഗതി 11-08-2023-ൽ നിലവിൽവന്നു.

(ബി) പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ (ആർട്ടിക്കിൾ 246) പ്രകാരം "മത്സ്യബന്ധനം" ഒരു സംസ്ഥാന വിഷയമാണ് (ലിസ്റ്റ് II, എൻട്രി 21), കൂടാതെ "പ്രദേശിക ജലാതിർത്തികൾക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധന പ്രവർത്തനങ്ങളും" മാത്രം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലും (ശുദ്ധജലം, അഴിമുഖങ്ങൾ, കായലുകൾ ഉൾപ്പെടെയുള്ള ഉപ്പുവെള്ളം) കടലിലും അടിസ്ഥാനരേഖയിൽ നിന്ന് 12 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധനപ്രവർത്തനങ്ങളും ഒരു സംസ്ഥാന വിഷയമാണ്. ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട് 2002 മുതൽ നിലനിന്നിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2023-ൽ ഭേദഗതി വരുത്തുകയും എന്നാൽ ഈ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക്

വിരുദ്ധമാണെന്ന് കാണപ്പെട്ടതിനെ തുടർന്ന് കരട് ഭേദഗതിയിന്മേൽ നടത്തിയ അഭിപ്രായ സ്വരൂപണ വേളയിൽതന്നെ സംസ്ഥാനം ശക്തമായ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും എന്നാൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കണക്കിലെടുക്കാതെ ആക്ടിന്റെ ഭേദഗതി 11-08-2023-ൽ നിലവിൽവന്നു. ഈ ഭേദഗതിയിലൂടെ ഖനന മേഖലയിൽ സ്വകാര്യ മേഖലയ്ക്കും പങ്കാളിത്തം നൽകി. സ്വകാര്യ മേഖലയുടെ സ്വാധീനത്തിൽ അമിത വിഭവ ചൂഷണം നടക്കാനുള്ള സാധ്യത വർധിക്കുന്നതിനാലും ആഴക്കടൽ ധാതു ഖനനം സമുദ്ര ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ദോഷകരമാകയാൽ പ്രസ്തുത ഉദ്യമത്തിൽനിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭ 04-03-2025-ൽ ഐകകണ്ഠ്യേന പാസാക്കിയിട്ടുള്ളതാണ്. കൂടാതെ ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകൾ വ്യക്തമാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(സി) ഓഫ്ഷോർ മേഖലയിലെ ധാതു ഖനനം ഏതൊക്കെ രീതിയിൽ സംസ്ഥാനത്തെ തീരദേശത്തെ ബാധിക്കുമെന്നതിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വകുപ്പ് ഇതുസംബന്ധിച്ച പ്രത്യേക പഠനം നടത്തിയിട്ടില്ല. കേരള സർവകലാശാല ഇതുസംബന്ധിച്ച പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഓഫ്ഷോർ മേഖലയിലെ ഖനനം മത്സ്യസമ്പത്തിനെയും ഇക്കോസിസ്റ്റത്തെയും സാരമായി ബാധിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാനം ഉയർത്തിയ ശക്തമായ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ഇതുസംബന്ധിച്ച പാരിസ്ഥിതിക പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

(ഡി) പ്രാദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ കേന്ദ്ര ഖനി മന്ത്രാലയം നടത്തുന്ന ശ്രമങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രതിരോധിക്കുന്നതിന് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാദേശിക ജലാശയ ഖനനം സംബന്ധിച്ച നിർദേശങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൂടരഞ്ഞി ബഡ്സ് സ്കൂൾ നിർമ്മാണം

173(2677) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങളിൽ വ്യക്തത വരുത്താത്തതിനാൽ കോഴിക്കോട് ജില്ലയിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ജിയോളജി വകുപ്പിൽനിന്നും വിശദീകരണം ലഭിക്കാത്തതിനാൽ എ 3/220/2022/വ്യവസായം നമ്പർ ഫയലിൽ തീരുമാനം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിനുള്ള ഫണ്ട് ലഭിക്കുന്നതിന് പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ഖനന ബാധിത പ്രദേശങ്ങളുടെ ഉന്നമനത്തിനായുള്ള പ്രൊപ്പോസലുകൾ ഡി.എം.എഫ്. ചട്ടം 11(2) പ്രകാരം ബന്ധപ്പെട്ട ഗ്രാമസഭകൾ/വാർഡ് കമ്മിറ്റി അംഗീകരിച്ച്

അത് ഗവേണിങ് കൗൺസിലിന്റെ അംഗീകാരത്തോടെയാണ് ലഭ്യമാക്കേണ്ടത്. കുടരഞ്ഞി ബഡ്സ് സ്കൂളിന് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചത് പ്രസ്തുത വ്യവസ്ഥകൾ പാലിച്ചല്ലാത്തതിനാൽ ആയത് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് തന്നെ ക്രമവൽക്കരിച്ച് അംഗീകാരം നൽകി സർക്കാരിൽ സമർപ്പിക്കുന്നതിനായി ട്രസ്റ്റിന്റെ ഗവേണിങ് കൗൺസിൽ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ ജിയോളജിസ്റ്റിന് മൈനിങ് & ജിയോളജി ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനം നടത്തുന്നതിന് അനുമതി

174(2678) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ജലപാതയ്ക്ക് ആഴം കൂട്ടുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ചവറയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഖനനം നടത്തുന്നതിന് അനുമതി നൽകിയിരുന്നതെന്നും ഖനനം നടത്തുന്നതിന് സമയക്രമമുണ്ടോയെന്നും വിശദമാക്കാമോ?

ദേശീയ ജലപാതയ്ക്ക് ആഴം കൂട്ടുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ചവറ, നീണ്ടകര, പന്മന, ആലപ്പാട്, അയണിവേലിക്കുളങ്ങര ഗ്രാമങ്ങളിലെ ചില ഭാഗങ്ങളിൽ അറ്റോമിക് ധാതുക്കൾ വേർതിരിക്കുന്നതിനുവേണ്ടി ഖനനം നടത്തുന്നതിന് ഐ.ആർ.ഇ.എൽ.-ന് മൈനിങ് ലീസ് അനുവദിച്ചിട്ടുണ്ട്. ഇതിൽ ടി.എസ്. കനാലിന്റെയും

വട്ടക്കായലിന്റെയും ഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട്. ടി ഖനനം നടത്തുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടില്ല.

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ

175(2679) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും കാലങ്ങളായി പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ഉൾപ്പെടെ വ്യക്തമാക്കാമോ?

പാറശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി.(റ്റി) 1, മാരായമുട്ടം (പി.ഒ.) എന്ന സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. റ്റി.പി./564/15/ആർ.ആർ./സഹകരണം എന്ന ഫയൽ നമ്പർ പ്രകാരം ഖാദി ബോർഡിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംഘത്തിന്റെ അധീനതയിൽ നിലവിൽ ആകെ എത്ര സെന്റ് ഭൂമിയാണുള്ളതെന്നും നിലവിൽ അതിന്റെ ഉടമസ്ഥത ആർക്കാണെന്നും വ്യക്തമാക്കാമോ; ഖാദി ബോർഡിന് പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര തുകയാണ് ബാധ്യതയെന്നത് വ്യക്തമാക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി. (റ്റി)1, മാരായമുട്ടം (പി.ഒ.) എന്ന സംഘത്തിന് 9 (ഒൻപത്) ആർ വസ്തുവുണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമ പ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി വായ്പയെടുത്ത വകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 30-09-2025 പ്രകാരമുള്ള ബാധ്യത കണക്ക് താഴെപ്പറയുന്നു:

മുതൽ	1,63,384
പലിശ	3,66,149
പിഴപ്പലിശ	5,33,739
സ്റ്റേഷനറി ചാർജ്	1,000
ആകെ തുക	10,64,272
സർവീസ് ചാർജ് @7.5%	79,820
ആകെ ബാധ്യത	11,44,092

(സി) മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഈ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറി നൽകുന്നതിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ആയതിന് നിയമ തടസ്സമുണ്ടോ?

ബോർഡിന് കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന്റെ 09-06-2017-ലെ യോഗത്തിൽ 14(6) നമ്പർ പ്രകാരം തീരുമാനമായിട്ടുണ്ട്.

ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപാദന കേന്ദ്രം കൂടി നിർമ്മിച്ച് നൽകാനും തീരുമാനിച്ചതായി ഖാദി ബോർഡിനെ പഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ കുടിശ്ശിക അടയ്ക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഖാദി ബോർഡ് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

11-09-2023-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിൽ ഖാദി ബോർഡിന് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഖാദി ബോർഡിലെ ബാധ്യത ഒടുക്കുന്നതിനും ഖാദി ഉൽപാദന കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ചും തീർപ്പായതിനുശേഷം വസ്തു കൈമാറ്റം നടത്താവുന്നതാണെന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ ലിക്വിഡേഷൻ നടപടികളിലൂടെ സംഘം വക ആസ്തികൾ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് സംഘത്തിൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ലിക്വിഡേഷൻ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് 21-08-2025-ലെ കെ1/60/2025/വ്യവ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ ആയതൊഴിവാക്കി നിലവിൽ ബാധ്യതയുള്ളതും അവകാശികളില്ലാത്തതും പ്രവർത്തനരഹിതവുമായ സംഘത്തിന്റെ ഭൂമി മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്താണെന്നും വിശദമാക്കാമോ?

സംഘത്തിന്റെ നിലവിലെ ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തി സംഘം വക ആസ്തികൾ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്തതിനുശേഷം പഞ്ചായത്ത് കുടിശ്ശിക തുക അടയ്ക്കുകയും മേൽ പ്രതിപാദിച്ച വാഗ്ദാനങ്ങൾ പാലിക്കുകയും ചെയ്താൽ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുനൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

കേരള സംസ്ഥാന കൈത്തറി വികസന കോർഷറേഷൻ (ഹാൻവീവ്) വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

176(2680) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ (ഹാൻവീവ്) നിന്ന് വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 2018, 2019-ലെ പ്രളയവും 2020 കോവിഡ് കാലയളവിലും ഷോറൂമുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യവും ഉണ്ടായതിനാൽ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിരുന്നു. കൂടാതെ വർക്കിങ് ക്യാപിറ്റൽ ഷോർട്ടേജുമൂലം നൂൽ വാങ്ങുന്നതിനും കൂടുതൽ കൈത്തറി ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണിയിൽ എത്തിക്കാനും കഴിയാത്ത സാഹചര്യമുണ്ടായി. കഴിഞ്ഞ 4 വർഷങ്ങളായി കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന്

പോയിക്കൊണ്ടിരിക്കുകയാണ്. മാസാമാസങ്ങളിൽ നൂൽ, കൂലി, ജീവനക്കാർക്കുള്ള വേതനം, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ സമയബന്ധിതമായി നൽകാൻ സാധിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചരിത്രത്തിലാദ്യമായി വ്യവസായ വകുപ്പിനുകീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ വിരമിച്ച ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി ബാധ്യത തീർക്കുന്നതിനുവേണ്ടി തുക വകയിരുത്തുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഹാൻവീവിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം 175 ലക്ഷം രൂപ അനുവദിച്ച് നൽകുകയും 2025-26 സാമ്പത്തിക വർഷം 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

(ബി) വിരമിച്ച എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കോർപ്പറേഷനിൽനിന്നും വിരമിച്ച/രാജി വച്ച 36 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും 70 ജീവനക്കാർക്ക് ടെർമിനൽ സറണ്ടറും നൽകാനുണ്ട്.

(സി) ഇവർക്ക് അടിയന്തരമായി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോർപ്പറേഷന്റെ വില്പനയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തിയും കോർപ്പറേഷന് ലഭിക്കാനുള്ള ഫണ്ടുകൾ ലഭ്യമാക്കിയും വിരമിച്ച ജീവനക്കാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൈത്തറി മേഖലയിലെ ഉൽപാദന വിതരണരീതികളുടെ നവീകരണം

177(2681) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉൽപാദന വിതരണരീതികൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉൽപാദന വിതരണ രീതികൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി നടപ്പിലാക്കി വരുന്ന ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി
2. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ
3. യുവ വീവ് പദ്ധതി
4. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി
5. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും
6. പരിശീലന വൈദഗ്ധ്യ വികസന പരിപാടി

സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി മേഖലയിലെ ഉൽപാദനം മെച്ചപ്പെടുത്തി മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും മുന്നിട്ട് നിൽക്കുന്നതാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതിയിലുൾപ്പെട്ട കൈത്തറി സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്തെ സ്പിന്നിങ്

മില്ലുകൾ ഉൽപാദിപ്പിക്കുന്ന നൂൽ ലഭ്യമാക്കി നെയ്ത്തുകാരെ സജ്ജരാക്കി കൂലിയും നൽകി തുണി നെയ്യുന്നു. ഇപ്രകാരം നെയ്യുന്ന തുണി ഡൈയിങ്ങിനുശേഷം സംസ്ഥാനത്താകെയുള്ള അർഹരായ സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി സ്കൂളുകളിലേക്ക് കേരള സ്റ്റേറ്റ് ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്)/കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) വഴി കൃത്യമായ രീതിയിൽ വിതരണം ചെയ്യുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇപ്രകാരം സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ ഉൽപാദനവും വിതരണ സമ്പ്രദായവും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

കൂടാതെ, കൈത്തറി മേഖലയിലെ ഉൽപാദന നവീകരണത്തിനും വിപുലീകരണത്തിനുമായി ഹാന്റക്സ്/ഹാൻവീവ് എന്നിവയിലൂടെ ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

ഹാന്റക്സ്

ഉൽപാദന നവീകരണത്തിന്റെ ഭാഗമായി ഉയർന്ന ഗുണനിലവാരമുള്ള നൂൽ ലഭ്യമാക്കി, പരമ്പരാഗത കൈത്തറി ഉൽപന്നങ്ങൾ പ്രീമിയം ഗുണനിലവാരത്തിൽ ഉൽപാദിപ്പിച്ച് ഉപഭോക്താവിന് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനോടൊപ്പം നെയ്ത്തുകാർക്ക് ഉയർന്ന വേതനവും ലഭ്യമാക്കി വരുന്നു.

കൈത്തറി മേഖലയിലെ അതിവിദഗ്ധരായ തൊഴിലാളികളെ ഉൾപ്പെടുത്തി പരുത്തി നൂലിന് പുറമെ ലിനൻ, സിൽക്ക് എന്നിവ ഉപയോഗിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

ഹാൻവീവ്

കൈത്തറി നെയ്ത്ത് മേഖലയുടെ നവീകരണത്തിനും നെയ്ത്തുകാരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ സഹായത്തോടുകൂടി തൊഴിലാളികൾക്ക് കൈത്തറി നെയ്ത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം ആകർഷകവും ഗുണമേന്മയുള്ളതുമായ തുണിത്തരങ്ങളുടെ ഉൽപാദനത്തിനായി മോട്ടോറൈസ്ഡ് ചർക്ക, ഇലക്ട്രോണിക് ജക്കാർഡ്, യന്ത്രവൽകൃത വാർപ്പിങ് യൂണിറ്റുകൾ, പുതിയ തറികൾ, വർക്ക് ഷെഡുകൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഹാൻവീവ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൈത്തറി ഉൽപന്നങ്ങൾ സംസ്ഥാനത്തിന്റെ സകല മേഖലകളിലെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കൈത്തറി ഉൽപന്നങ്ങൾ സംസ്ഥാനത്തിന്റെ സകല മേഖലകളിലെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

ഇതിന്റെ ഭാഗമായി, സംസ്ഥാനത്ത് വിഷു, റംസാൻ, ഓണം, ക്രിസ്മസ് തുടങ്ങിയ വിവിധ ഉത്സവകാലങ്ങളിലും സ്കൂൾ യൂണിഫോം വില്പന കാലങ്ങളിലും കൈത്തറി ഉൽപന്ന വില്പനയ്ക്കായി സർക്കാർ റിബേറ്റ് അനുവദിച്ച് നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ ഉത്സവകാലങ്ങളിൽ സംസ്ഥാന/ജില്ലാ തലങ്ങളിൽ എക്സിബിഷനുകളും സംഘടിപ്പിച്ചുവരുന്നു. വിവിധ ഉത്സവകാലങ്ങളിൽ കൈത്തറി വിപണന മേളകളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാന്റ് നൽകി വരികയും ചെയ്യുന്നു.

ഗുണമേന്മയുള്ള കൈത്തറി ഉൽപന്നങ്ങൾ എല്ലാ മേഖലകളിലുമുള്ള ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി "പ്രീമിയം ഉൽപന്നങ്ങൾ"-ക്ക് ആയി ഉയർന്ന ഗുണനിലവാരമുള്ള നൂൽ വാങ്ങുന്നതിന് 50% സബ്സിഡി നൽകുന്നതിനുള്ള പുതിയ പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിലേക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പുവരുത്തിയും വിപണി മെച്ചപ്പെടുത്തിയും വിവിധ മേഖലകളിലുള്ളവരെ കൈത്തറി ഉൽപന്നങ്ങളിലേക്ക് ആകർഷിക്കാനായി "കേരള കൈത്തറി മുദ്ര" "ക" ബ്രാൻഡിങ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് 2 കൈത്തറി ഡിസൈൻ സ്റ്റുഡിയോകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി ഉൽപന്നങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രദർശന മേളകളിൽ പങ്കെടുക്കുകയും സമൂഹത്തിലെ പ്രശസ്ത/ഉന്നത വ്യക്തികളെ ഉൾപ്പെടുത്തി കൈത്തറി വസ്ത്ര ഉപയോഗം പ്രചരിപ്പിക്കുന്നതിനായി പ്രോത്സാഹന പദ്ധതികൾ/സാമൂഹിക മാധ്യമങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങിയവ ഹാന്റക്സ്/ഹാൻവീവ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ഹാന്റക്സ്/ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല വർധിപ്പിക്കുന്നതിന് നൂതന ഓൺലൈൻ പ്ലാറ്റ്ഫോമുകളും വികസിപ്പിച്ച് വരുന്നു.

വിവിധ മേഖലകളിലെ ജനങ്ങളിലേക്ക് കൈത്തറി ഉൽപന്നങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാരിന്റെ k-shoppe പോർട്ടൽ വഴിയും ആമസോൺ ഓൺലൈൻ

വെബ്സൈറ്റ് വഴിയും കൈത്തറി ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കുന്ന പദ്ധതി ഹാന്റ്ക്സ് നടപ്പിലാക്കി വരുന്നു.

കൂടാതെ, വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ/ അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എൽ.ഐ.സി., ഷെഡ്യൂൾഡ് ബാങ്ക് എന്നീ മേഖലകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ക്രെഡിറ്റിൽ ഉൽപന്നങ്ങൾ നൽകുന്നതിനായി ഇ-ക്രെഡിറ്റ് കാർഡ് പദ്ധതിയും ഹാന്റ്ക്സ് നടപ്പിലാക്കിയിട്ടുണ്ട്.

കൈത്തറി മേഖലയിലെ മൂല്യവർധിത ഉൽപന്നങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി Proud-e എന്ന പേരിൽ പ്രീമിയം കൈത്തറി ഉൽപന്നങ്ങൾ ഉൾപ്പെടുത്തി "ഗിഫ്റ്റ് ബോക്സ് " ഹാൻവീവ് വിപണനം ചെയ്യുന്നു. കൂടാതെ, കൈത്തറി ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കൈത്തറി വസ്ത്രങ്ങളുടെ കോംബോ പായ്ക്കുകളും "ശ്രേഷ്ഠം" തുടങ്ങിയ പുതിയ ബ്രാൻഡ്രുകളും ഹാൻവീവ് വിപണിയിലിറക്കിയിട്ടുണ്ട്. ഇതിനുപുറമേ, ഉൽപന്ന വിപണനത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളുമായും പൊതുമേഖലാ സ്ഥാപനങ്ങളുമായും ഹാൻവീവ് പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ഖാദി സ്ഥാപനങ്ങൾക്ക് സർക്കാർ കുടിശ്ശിക വിതരണം

178(2682) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില്ലറ വില്പനയിൽ ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക വിതരണം

ചെയ്യാനുണ്ടെന്നും പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ചില്ലറ വില്പനയിൽ ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾക്ക് 21,36,54,523/- (ഇരുപത്തിയൊന്ന് കോടി മുപ്പത്തി ആറ് ലക്ഷത്തി അൻപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) കുടിശ്ശികയുണ്ട്. 2025-26 സാമ്പത്തിക വർഷം ഖാദി ഉൽപന്നങ്ങൾക്കുള്ള സ്പെഷ്യൽ റിബേറ്റായി 15 കോടി രൂപ വകയിരുത്തുകയും 6 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തു. ബാക്കി തുകയായ 9 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിബേറ്റ് കുടിശ്ശിക കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഖാദി തുണിത്തരങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; ഏതൊക്കെ ഇനത്തിലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്ത് ഖാദി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഇൻകം സപ്പോർട്ട് പദ്ധതി (മിനിമം വേതനം)</u>

മിനിമം വേതനം ഇനത്തിൽ 2025 മാർച്ച് മുതൽ ഇതുവരെ 2275 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ഓരോ വർഷവും ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം അനുവദിക്കാൻ വേണ്ടിവരുന്ന തുക തൊഴിൽ വകുപ്പിൽ നിന്നാണ് അനുവദിക്കുന്നത്. 2025-26 സാമ്പത്തിക വർഷം 3900 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആദ്യ ഗഡുവായി 1950 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2025 ഫെബ്രുവരി വരെയുള്ള കുടിശ്ശിക തുക വിതരണം ചെയ്തിട്ടുണ്ട്.

പ്രൊഡക്ഷൻ ഇൻസെന്റീവ്

പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ ഒക്ടോബർ മുതൽ നാളിതുവരെ 395 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

ഉൽപാദന ഇൻസെന്റീവ്/ഉത്സവബത്ത ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 650 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആദ്യ ഗഡുവായി 227.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2025 ഓണം ഉത്സവബത്തയും 2024 സെപ്റ്റംബർ വരെയുള്ള കുടിശ്ശിക തുകയും വിതരണം ചെയ്തിട്ടുണ്ട്.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് മേഖലയിലെ തൊഴിലാളികളെ അപേക്ഷിച്ച് കൂലി കുറവ് ആയതിനാൽ ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി മിനിമം വേതനം, ഇൻസെന്റീവ്, ഉത്സവബത്ത, ഹോളി ഡേ വേജസ്സ്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് അനുവദിച്ച് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി വ്യവസായ നവീകരണം

179 (2683) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ദെലീമ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ ഖാദി വ്യവസായത്തെ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി ലക്ഷ്യത്തിലേക്കെത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി മേഖലയെ കാലാനുസൃതമായി നവീകരിച്ചും വൈവിധ്യവൽക്കരിച്ചും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചും ഖാദി മേഖലയുടെ പ്രവർത്തനം വിലയിരുത്തി ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഖാദി ബോർഡ് സ്വീകരിച്ചുവരുന്നു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഖാദി മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനുമായി ചർക്കകളിലും തറികളിലും സാധ്യമാകുന്ന നവീകരണം നടത്തുന്നതിനായി മദ്രാസ് IIT-യിലെ RuTAG (Rural Technology Action group) വിഭാഗത്തെ ചുമതലപ്പെടുത്തുകയും Ru-Tag ടീം പ്രൊഡക്ഷൻ യൂണിറ്റുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും തുടർപഠനങ്ങൾക്കായി തിരുവനന്തപുരം പ്രോജെക്ടിൽ നിന്നും രണ്ട് സാമ്പിൾ ചർക്കകൾ കൊണ്ടുപോയി പഠനം നടത്തുകയും ചെയ്തു. തുടർന്ന് പ്രൊഡക്ഷൻ യൂണിറ്റുകൾ സന്ദർശിച്ച് നിലവിലെ പ്രവർത്തന സാഹചര്യങ്ങളിൽ അവലംബിക്കേണ്ട Ergonomic Study Method-നുവേണ്ടി തൊഴിലാളികളിൽ നിന്നും Motion Capture Analysis and Clinical Assesment സംബന്ധിച്ച

വിവരം ശേഖരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തി ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഖാദി മേഖല ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്കകൾ പുറത്തിറക്കി ആയത് വിജയകരമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി ഷോറൂമുകളുടെ നവീകരണം നടത്തി. ഷോറൂം സെയിൽസ് കൂടാതെ വിവിധ സ്ഥാപനങ്ങൾ, സ്റ്റാഫിന്റെ കൂട്ടായ്മ ഇവ വഴി bulk ആയി വില്പന നടത്തുന്നു. ഗുരുവായൂർ ക്ഷേത്രം, ഇന്ത്യൻ അസോസിയേഷൻ-ഷാർജ മുതലായ സ്ഥാപനങ്ങൾ ഖാദി തുണിത്തരങ്ങൾ Bulk ആയി വാങ്ങുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം എറണാകുളം സെന്റ് തെരേസ കോളേജിലെ ഫാഷൻ ഡിസൈനിങ് വിഭാഗവുമായി സഹകരിച്ച് സംഘടിപ്പിച്ച സ്വദേശി 2.0 എന്ന ഫാഷൻ ഷോയിൽ കരുമാല്ലൂർ ഖാദി സാരിയും അഭിഭാഷക കോട്ടും വിപണിയിലിറക്കി. ഖാദി ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ Adhriit എന്ന സ്ഥാപനം KHADI TRENDS AND VIBES എന്ന പേരിൽ പുതിയ മാർക്കറ്റിങ് രീതി അവതരിപ്പിച്ചു. നിലവിൽ

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ഉൽപാദന കേന്ദ്രങ്ങളിൽ നിർമ്മിക്കാത്ത ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് കസ്റ്റമെയ്സ് ചെയ്ത് നൽകുന്നതിന് ലക്ഷ്യമിട്ട് ടി കമ്പനിയുമായി ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പുതുതലമുറയെ ആകർഷിക്കത്തക്ക വിധത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വൈവിധ്യവൽക്കരണത്തിന് ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നെയ്ത് വിപണിയിലിറക്കി. റെഡിമെയ്ഡ് ഉൽപന്നങ്ങളിലേക്കുള്ള വൈവിധ്യവൽക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു. പാപ്പിലിയോ എന്ന നാമകരണത്തിൽ ഖാദിയുടെ വൈവിധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ എന്നിവയും ഖാദി കസവ് സാരികൾ, കസവ് സെറ്റുമുണ്ട്, പ്രകൃതിദത്ത സ്രോതസ്സുകളിൽനിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രകൃതിദത്ത നിറമുള്ള "നാച്വറൽ സ്കിൻ കെയർ" ഖാദി വസ്ത്രങ്ങൾ, രണ്ടായിമടക്കി ഉപയോഗിക്കാവുന്ന "സുഷുപ്തി" എന്ന പേരിലുള്ള പഞ്ഞിമെത്ത, "ആകർഷണി" ബ്രാന്റിൽ ഖാദി നൂലുകൊണ്ട് നിർമ്മിച്ച ആഭരണങ്ങൾ എന്നിവ വിപണിയിലിറക്കി.

(സി) പുതിയ ഡിസൈനുകളിൽ ടെയിനിങ് ലഭിച്ചിട്ടുള്ള തൊഴിലാളികൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുതിയ ഡിസൈനുകളിൽ തൊഴിലാളികൾക്ക് ടെയിനിങ് നൽകി ഖാദി ബോർഡിന്റെ ഉൽപാദന കേന്ദ്രത്തിൽ തന്നെയാണ് ഉൽപാദനം നടത്തുന്നത്. കരുമാല്ലൂർ ഖാദി ഉൽപാദന കേന്ദ്രത്തിൽ ഖാദി-ഡിജിറ്റൽ പ്രിന്റഡ് കോട്ടൺ സാരി 'കരുമാല്ലൂർ സാരി' എന്ന പേരിൽ നിർമ്മിച്ച് തുടങ്ങി. കുന്നുകര യൂണിറ്റിൽ നിന്ന് പാപ്പിലിയോ എന്ന ബ്രാന്റിൽ

കുഞ്ഞുടുപ്പുകൾ വിപണിയിലിറക്കി. പാപ്പിനിശ്ശേരിയിൽ ജക്കാർഡ് ഉപയോഗിച്ച് വീവിങ് നടക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, KVIC-നടുത്തറ എന്നിവിടങ്ങളിൽ ടെയിനിങ് നടന്നുവരുന്നു.

വടകര താലൂക്കിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ

180(2684) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ കേരള ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുണ്ടെന്നും ആസ്തിയുടെ പേരും തരവും വിശദവിവരങ്ങളും അറിയിക്കാമോ?

വടകര താലൂക്കിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥലം	സർവെ നമ്പർ	വിസ്തൃതി	റിമാർക്സ്
മണിയൂർ	RS no. 7/1-18	50 cent	ഖാദി കേന്ദ്രം പ്രവർത്തിക്കുന്നു
തോടന്നൂർ	RS no. 57/4	30 cent	ഖാദി കേന്ദ്രം പ്രവർത്തിക്കുന്നു
വളയം	RS no. 11	10 cent	ഖാദി കേന്ദ്രം പ്രവർത്തിക്കുന്നു
മടപ്പള്ളി	RS no. 52	23 cent	ഖാദി കേന്ദ്രം പ്രവർത്തിക്കുന്നു
പുതുപ്പണം	S no. 1/73	12 cent	ഖാദി കേന്ദ്രം പ്രവർത്തിക്കുന്നു

(ബി) ഇതിൽ ഉപയോഗിക്കാതെ കിടക്കുന്ന ആസ്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉപയോഗിക്കാതെ കിടക്കുന്ന ആസ്തികൾ ഇല്ല.

ഖാദി കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതി

181(2685) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ബോർഡിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണികൾ പൂർത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയും ജില്ലാ പഞ്ചായത്തിൽ നിന്നും MLA ഫണ്ടിൽനിന്നും തുക ഉപയോഗിച്ചും നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഖാദിയുടെ ഉടമസ്ഥതയിൽ എത്ര കെട്ടിടങ്ങളാണ് നിലവിലുള്ളത്; ഇവയിൽ ഏതൊക്കെ കെട്ടിടങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെയാണ് നവീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഖാദിയുടെ ഉടമസ്ഥതയിൽ 16 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാലുശ്ശേരി നെയ്ത്തുകേന്ദ്രം, അറപീടിക	നവീകരണം ആവശ്യമാണ്
ബാലുശ്ശേരി നൂല്പുകേന്ദ്രം, അറപീടിക	നവീകരണം ആവശ്യമാണ്
ബാലുശ്ശേരി എണ്ണയാട്ടുകേന്ദ്രം, അറപീടിക	നവീകരണം ആവശ്യമാണ്
ബാലുശ്ശേരി Blacksmith & Carpentory യൂണിറ്റ്, അറപീടിക	നവീകരണം ആവശ്യമാണ്
ബാലുശ്ശേരി ഡൈയിങ് യൂണിറ്റ്, കെട്ടിടം അറപീടിക	നവീകരണം ആവശ്യമാണ്
ബാലുശ്ശേരി ഹണി യൂണിറ്റ് കെട്ടിടം, അറപീടിക	നവീകരണം നടത്തിയിട്ടുണ്ട്
ബാലുശ്ശേരി കെ.ജി.എസ്. കെട്ടിടം, അറപീടിക	നവീകരണം നടത്തിയിട്ടുണ്ട്
പനങ്ങാട് ഖാദി നെയ്ത്തുകേന്ദ്രം കെട്ടിടങ്ങൾ	നവീകരണം ആവശ്യമാണ്
കാഞ്ഞിക്കാവ് ഖാദി നെയ്ത്തുകേന്ദ്രം കെട്ടിടങ്ങൾ	നവീകരണം നടത്തിയിട്ടുണ്ട്
എരമംഗലം ഖാദി നെയ്ത്തുകേന്ദ്രം	കെട്ടിട നവീകരണം നടത്തിയിട്ടുണ്ട്
എരമംഗലം ഖാദി നൂല്പുകേന്ദ്രം	കെട്ടിട നവീകരണം നടത്തിയിട്ടുണ്ട്
ഉള്ളിയേരി ഖാദി നൂല്പുകേന്ദ്രം	കെട്ടിട നവീകരണം നടത്തിയിട്ടുണ്ട്
ഉണ്ണികുളം ഖാദി നൂല്പുകേന്ദ്രം	നവീകരണം ആവശ്യമാണ്
അങ്കക്കളരി ഖാദി നൂല്പു/നെയ്ത്തുകേന്ദ്രം	കെട്ടിട നവീകരണം നടത്തിയിട്ടുണ്ട്
കോട്ടൂർ ഖാദി നൂല്പു/നെയ്ത്തുകേന്ദ്രം	നവീകരണം ആവശ്യമാണ്
കോളിക്കടവ് ഖാദി നൂല്പുകേന്ദ്രം	കെട്ടിട നവീകരണം നടത്തിയിട്ടുണ്ട്

ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം

182(2686) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചുവോ; എങ്കിൽ പ്രസ്തുത ആവശ്യം

അംഗീകരിക്കപ്പെട്ടതിനാൽ സംസ്ഥാനത്തെ കയർ വ്യവസായത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

ദേശീയപാത അതോറിറ്റിയെ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും ഉപയോഗ സാധ്യതകളും കയറിന്റെ സവിശേഷതകളും ബോധ്യപ്പെടുത്തുകയും പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (PMGSY) പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിന്റെ നിശ്ചിത ശതമാനം കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ റോഡ് കോൺഗ്രസും (IRC) അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ അതോറിറ്റിയുടെ കീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന സാങ്കേതിക വിദ്യകളും ഭൂവസ്ത്രം ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളും ഉപയോഗിക്കാൻ ധാരണയായിട്ടുമുണ്ട്.

കയർ വികസന വകുപ്പിന് കീഴിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് കയർ ഉൽപന്നങ്ങൾ ഉപയോഗിച്ച് മീഡിയനുകളെ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ധാരണയാവുകയും ആദ്യ ഘട്ടമെന്നോണം കഴക്കൂട്ടം-കാരോട് ദേശീയപാതയിൽ കഴക്കൂട്ടം മേൽപ്പാലത്തിന്റെ തുടക്കത്തിലും അവസാനിക്കുന്നിടത്തും 60 മീ. വീതം ആകെ 120 മീ. നീളത്തിൽ നിലവിലുള്ള മീഡിയനിൽ വിവിധയിനം ചെടികൾ ഉപയോഗിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുമുണ്ട്. ദേശീയപാതയിൽ മറ്റിടങ്ങളിൽ കൂടി കയർ ഭൂവസ്ത്രം

ഉപയോഗിച്ചുകൊണ്ട് സൗന്ദര്യവൽക്കരിക്കുന്നതിനുള്ള നടപടികൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. ഈ ശ്രമങ്ങളുടെ ഭാഗമായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 80.48 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്.

ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ നടപടി

183(2687) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ പ്രാധാന്യവും സാധ്യതയും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. 2019-ൽ കേരളത്തിന്റെ കയർ വകുപ്പുമന്ത്രി മുഖാന്തരം കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിക്ക് കയർ ഭൂവസ്ത്രത്തിന്റെ സാധ്യതകൾ പ്രതിപാദിച്ച് കത്ത് നൽകുകയും കയർ കോർപ്പറേഷൻ ചെയർമാൻ, മാനേജിങ് ഡയറക്ടർ എന്നിവർ ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽ സന്ദർശിക്കുകയും ചെയ്തിരുന്നു. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ദേശീയപാത അതോറിറ്റിയെ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും ഉപയോഗസാധ്യതകളും സവിശേഷതകളും ബോധ്യപ്പെടുത്തുകയും അതോറിറ്റിയുമായി ചേർന്നുകൊണ്ട് മീഡിയനുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതി

നടപ്പിലാക്കാൻ ധാരണയാകുകയും ആദ്യ ഘട്ടമായി 120 മീറ്റർ നീളത്തിൽ നിലവിലുള്ള മീഡിയനിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ അനുഭാവപൂർവമായ നടപടികൾ ദേശീയപാത അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (PMGSY) പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിന്റെ നിശ്ചിത ശതമാനം കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിന് ധാരണയായിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ റോഡ് കോൺഗ്രസും (IRC) അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ അതോറിറ്റിയുടെ കീഴിൽവരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന സാങ്കേതികവിദ്യകളും ഭൂവസ്ത്രം ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളും ഉപയോഗിക്കാൻ ധാരണയായിട്ടുണ്ട്.

NCRMI ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് കയർ ഉൽപന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് മീഡിയനുകളെ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കയർപിരി മെഷീനുകൾ

184(2688) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പുതിയ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനായി സംഘങ്ങൾക്ക് യന്ത്രവൽക്കൃത കയർപിരി മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

ചകിരിയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി മുഖേന 750 ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകൾ Maintenance ചെയ്യാൻ തീരുമാനിക്കുകയും അതിൽ 500 മെഷീനുകളുടെ Maintenance 2024-25 വർഷം പൂർത്തീകരിച്ച് ഉൽപാദനം വർധിപ്പിച്ചിട്ടുമുണ്ട്. ഇതിന്റെ ഫലമായി 30 Kg മുതൽ 50 Kg വരെ – (140 റണ്ണേജ്) ഉണ്ടായിരുന്ന കയർ ഉൽപാദനം 50 Kg മുതൽ 65 Kg വരെ – (160 റണ്ണേജ്) ആയി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ നിർമ്മാണത്തിന് ആവശ്യമായ ചകിരി വേർതിരിക്കൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളോടൊപ്പം തന്നെ ഡീഫൈബറിങ് മെഷീനുകളുടെയും അറ്റകുറ്റ പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിന് കയർ മെഷീൻ മാനുഫാക്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 16 ഡീഫൈബറിങ് മെഷീനുകളുടെ ന്യൂനത പരിഹരിക്കുന്നതിന് 60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കയർസംഘങ്ങൾക്ക് നൽകിയിട്ടുള്ള പഴയ യന്ത്രങ്ങൾക്ക് പകരം ഗുണമേന്മയുള്ള ഓട്ടോ ഫീഡർ മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഓട്ടോ ഫീഡർ ഉൾപ്പെട്ട ASM മെഷീനുകൾ സ്ഥാപിക്കുന്നതിന് ഈ സാമ്പത്തികവർഷം 32.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ MSCCDP പദ്ധതിയിലൂടെ കേന്ദ്രസർക്കാർ നൽകുന്ന സഹായവും പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വിവിധ റണ്ണേജുള്ള കയർ പിരിക്കുന്നതിനുള്ള മെഷീനുകൾ ഉൾപ്പെടുത്തി കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതും പരിഗണനയിലാണ്.

കയർ മേഖലയുടെ ഉന്നമനം

185 (2689) ശ്രീ. എച്ച്. സലാം:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ തുടർനടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

186(2690) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

അസംസ്കൃത വസ്തുവായ ചകിരിനാരിന്റെ ഉണമേന്മ ഉറപ്പാക്കുന്നതിനും സമയബന്ധിതമായി ആവശ്യമായ അളവിൽ ചകിരിനാര് ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ കയർ വകുപ്പിനുകീഴിൽ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

1. കയർ ഫൈബർ ബാങ്ക് പദ്ധതി

ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതിയും ആദ്യ ഗഡുവായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

2. കയർ റിവോൾവിങ് ഫണ്ട് പദ്ധതി

ഈ പദ്ധതിയിലൂടെ കയർ സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിങ്സ് സംഘങ്ങൾക്കും കയറിന്റെയും ഉൽപന്നങ്ങളുടെയും വില സമയബന്ധിതമായി നൽകാൻ സാധിക്കുന്നു. അതുവഴി ഉൽപാദനവും തൊഴിൽ ദിനങ്ങളും വർധിപ്പിക്കാനും തൊഴിലാളികൾക്ക് കൂലി സമയബന്ധിതമായി നൽകാനും സാധിക്കും. ഈ പദ്ധതിക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. വരുമാനം ഉറപ്പാക്കൽ പദ്ധതി

ഈ പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷം പരമ്പരാഗത കയർ തൊഴിലാളികളുടെ ദിവസക്കൂലിയിലെ സർക്കാർ വിഹിതമായ 110/- രൂപ അനുവദിച്ച് നൽകുന്നതിനായി അനുവദിച്ച 13 കോടി രൂപയിൽ 6.5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

4. ഫോക്കസ് 50 പദ്ധതി

നിലവിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളെ തിരഞ്ഞെടുത്ത് ലാഭകരമാക്കി മാറ്റുക, പ്രവർത്തനം നിലച്ച സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അർഹതയനുസരിച്ചുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഫോക്കസ് 50 പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 4.34 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

5. DF യൂണിറ്റുകൾ, ASM യൂണിറ്റുകൾ, ചെറുകിട തറി ഉടമകളുടെ തറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ

കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളുടെയും ഡീഫൈബറിങ് മെഷീനുകളുടെയും അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പദ്ധതി കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി വഴി നടപ്പിലാക്കി വരുന്നുണ്ട്.

നിലവിൽ 750 ASM മെഷീനുകൾ Maintenance ചെയ്യാൻ തീരുമാനിക്കുകയും അതിൽ 465 എണ്ണം Maintenance പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ പൂർണ്ണമായ ചെലവ് സർക്കാർ വഹിക്കുന്നു. അറ്റകുറ്റപണികൾ നടത്തുന്നതിനോടൊപ്പം മെഷീൻ ശരിയായ രീതിയിൽ

ഉപയോഗിക്കുന്നതിനുള്ള പരിശീലനവും കമ്പനി നൽകിവരുന്നു. അതുവഴി കയറിന്റെ ഉൽപാദനവും തൊഴിൽ ദിനങ്ങളും വർധിച്ചിട്ടുണ്ട്.

6. മാനേജീരിയൽ സബ്സിഡി

ഈ സാമ്പത്തിക വർഷം നാളിതുവരെ 1.09 കോടി രൂപ മാനേജീരിയൽ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

7. ഇൻവെസ്റ്റ്മെന്റ് സബ്സിഡി & വൈദ്യുതി സബ്സിഡി

പ്രൈവറ്റ് ഡീഫൈബറിങ് യൂണിറ്റുകൾക്ക് നടപ്പു സാമ്പത്തിക വർഷം ഇൻവെസ്റ്റ്മെന്റ് സബ്സിഡി 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 150 കയർ സഹകരണ സംഘങ്ങൾക്ക് വൈദ്യുതി സബ്സിഡിയിനത്തിൽ ഈ സാമ്പത്തിക വർഷം 8.36 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

8. ഉൽപാദനവും വിപണന പ്രചോദനവും പദ്ധതി

ഈ പദ്ധതിപ്രകാരം 2024-25 സാമ്പത്തിക വർഷം 392 സംഘങ്ങൾക്ക് 6.4 കോടി രൂപയും ഈ സാമ്പത്തിക വർഷം നാളിതുവരെ 154 സംഘങ്ങൾക്ക് 3.15 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

9. വിപണി വികസന സഹായ പദ്ധതി

ഈ പദ്ധതിപ്രകാരം 2025-26 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായ 10 കോടി രൂപയിൽ 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

10. ക്രയവില സ്ഥിരതാ പദ്ധതി

2024-25 സാമ്പത്തിക വർഷം കയർഫെഡിനും കയർ കോർപ്പറേഷനും കൂടി ആകെ 42.05 കോടി രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

11. ഗ്രാറ്റുവിറ്റി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

കയർ സൊസൈറ്റികളിലെ പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, തൊഴിലാളിക്ഷേമ സംഭാവന എന്നിവയുടെ ഭാഗമായി തൊഴിലുടമയുടെ കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതിക്കായി 200 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

12. വൈവിധ്യവൽക്കരണം

കയർ ഉൽപന്ന മേഖലകളിലെ വൈവിധ്യവൽക്കരണത്തിനായി സർക്കാർ പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെതന്നെ പ്രമുഖ ഗവേഷണ സ്ഥാപനമായ ഭോപ്പാലിലെ National Institute of Design-നുമായി ചേർന്നാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുള്ള പരിശീലനം നൽകുന്നതിന് മുന്നോടിയായി കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ എക്സ്പോർട്ടർമാർ, കയർ തൊഴിലാളികൾ, National Institute of Design, National Institute of Fashion Technology, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ പ്രതിനിധികൾ ഒത്തുചേർന്ന് പരിശീലന പരിപാടിയുടെ കരിക്കുലം തയ്യാറാക്കി. പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. കയർ കോർചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള ഫൈബർ ബാങ്ക് പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതിയും ആദ്യപ്പറേഷന്റെ

നേതൃത്വത്തിൽ ആദ്യ ഘട്ടമായി 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.

പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടു കൂടി ഒരു കയർ ഉൽപ്പന്ന നിർമ്മാണ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന മറ്റൊരു പദ്ധതി കൂടി പരിഗണനയിലാണ്. ഇതിനുപുറമേ പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്ററിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

13. വ്യാവസായിക അടിസ്ഥാനത്തിൽ കയർ പിത്ത് ഉല്പാദനവും വിപണനവും പദ്ധതി.

ചകിരി ഉല്പാദന മേഖലയിലെ ഉപ ഉൽപ്പന്നമായ കയർ പിത്തിന്റെ വ്യവസായിക സാധ്യത കണക്കിലെടുത്ത് അതിന്റെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് 5 കോടിയുടെ ഒരു പദ്ധതി 25-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

14. ഇൻഷ്വറൻസ് പദ്ധതി.

ആട്ടോമാറ്റിക് സ്പിന്നിങ് മെഷീൻ, ഡീഫൈബറിങ് യൂണിറ്റ് എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷുറൻസും ആശുപത്രി ചികിത്സയും നൽകുന്ന ഒരു ഇൻഷ്വറൻസ് പദ്ധതി 1000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 2025 ആഗസ്റ്റ് മാസം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ആശുപത്രി ചെലവായി ഒരു ലക്ഷം രൂപയുടെ

ക്യാഷ് ലെസ്സ് സൗകര്യവും പൂർണ്ണമായോ ഭാഗികമായോ ഉള്ള അംഗവൈകല്യം, മരണം എന്നിവ സംഭവിച്ചാൽ 3 ലക്ഷം രൂപയുടെ പരിരക്ഷയും ലഭിക്കുന്നു. കൂടാതെ, കയർ ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പിലാക്കുന്നതിനായി 17.40 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് വിശദമാക്കാമോ?

ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള ഫൈബർ ബാങ്ക് പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതിയും ആദ്യഗഡുവായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. "ഇൻവെസ്റ്റ്മെന്റ് സബ്സിഡി" പദ്ധതി വഴി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സബ്സിഡിയോടെ ധനസഹായം നൽകുന്നു. പ്രൈവറ്റ് ഡീഫൈബറിങ് യൂണിറ്റുകൾക്ക് നടപ്പുസാമ്പത്തിക വർഷം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇനത്തിൽ 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

കയർ മേഖലയിലെ പ്രതിസന്ധി

187(2691) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി എത്ര രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ഇനത്തിലുള്ള കുടിശ്ശികയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കയർ ഉൽപന്നങ്ങൾ വിപണനം നടത്തുമ്പോൾ വില്പന വിലയുടെ 10% മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റായി ലഭിക്കുന്നുണ്ട്. ഇതിന്റെ 5% കേന്ദ്ര വിഹിതമായും 5% സംസ്ഥാന വിഹിതമായുമാണ് ലഭിക്കാറുള്ളത്. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ് എന്ന പദ്ധതിയിൽ സംസ്ഥാനത്തെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി കുടിശ്ശികയിനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 വരെ കേന്ദ്രസർക്കാർ വിഹിതമായി 68.56 കോടി രൂപ നൽകാനുണ്ട്.

(സി) പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്ത് കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(1) കേന്ദ്രസർക്കാരിന്റെ കയർ വികാസ് യോജന പദ്ധതിയുടെ മാർഗരേഖയിൽ വന്ന ഭേദഗതിമൂലം കേന്ദ്രവിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പദ്ധതി മാർഗരേഖയിലുണ്ടായ വ്യതിയാനം പുനഃപരിശോധിക്കണമെന്ന് സംസ്ഥാനസർക്കാർ പല തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 2025-26 സാമ്പത്തികവർഷം MDA പദ്ധതിയുടെ ബജറ്റ് വിഹിതമായ 10 കോടി രൂപയിൽനിന്നും 5 കോടി രൂപ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും

ഇതര സ്ഥാപനങ്ങൾക്കുമായി സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്. ബാക്കി തുക ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നതാണ്.

കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം

188(2692) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ ആറും സ്വകാര്യ മേഖലയിൽ 44 ഉം പൊതുമേഖലയിൽ 6 ഉം ഉൾപ്പെടെ 50 കശുവണ്ടി ഫാക്ടറികൾ നിലവിൽ പ്രവർത്തിക്കുന്നു. അവയുടെ പേരും നൽകിയ തൊഴിൽ ദിനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്നും ആ കാലയളവിൽ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങളാണ് ലഭിച്ചിരുന്നതെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പ്രവർത്തിച്ചിരുന്ന കശുവണ്ടി ഫാക്ടറികളുടെ എണ്ണവും പ്രസ്തുത സ്ഥാപനങ്ങൾ ടി കാലയളവിൽ തൊഴിലാളികൾക്ക് നൽകിയ തൊഴിൽ ദിനങ്ങളും അനുബന്ധമായി ചേർക്കുന്നു+.

കശുവണ്ടി മേഖലയിലെ കൂടിശ്ശിക വിതരണത്തിന് നടപടി

189(2693) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കുമായി സംസ്ഥാന സർക്കാർ എത്ര രൂപ കൂടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; ഏതൊക്കെ ഇനത്തിലുള്ള കൂടിശ്ശികയാണ് നൽകാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കൂടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്ത് കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (KSCDC), കാപ്പക്സ്, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC), കേരള കാഷ്യൂ ബോർഡ് എന്നീ 4 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സ്ഥാപനങ്ങൾക്കും സ്വകാര്യ കശുവണ്ടി മേഖലയിലും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ബജറ്റിൽ പ്ലാൻ ഫണ്ട് മുഖേന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനവിനിയോഗത്തിന്റെയും വിഭവ ലഭ്യതയുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം വർഷാവർഷം സർക്കാർ നൽകി വരുന്നു.

വൈദ്യുതി വകുപ്പ് സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ

190(2694) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സംരംഭകർക്കായി എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വോൾട്ടേജ് വ്യതിയാനം വരാത്ത വിധത്തിൽ വൈദ്യുതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സാങ്കേതിക പഠനം നടത്തി നിലവിലുള്ള ലൈനുകളുടെയും സബ് സ്റ്റേഷനുകളുടെയും ശേഷി ഉയർത്തുന്ന പ്രവർത്തനങ്ങളും പുതിയ ലൈനുകളും സബ് സ്റ്റേഷനുകളും നിർമ്മിക്കുന്ന പ്രവൃത്തികളും സ്വീകരിച്ചുവരുന്നു.

'Ease of Doing Business' പദ്ധതിയുടെ ഭാഗമായി ഓൺലൈൻ അപേക്ഷാ സംവിധാനം വഴി ത്വരിത-ഗതിയിലുള്ള വൈദ്യുതി കണക്ഷൻ, ചെറുകിട വ്യവസായങ്ങൾക്ക് സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ നൽകി വരുന്നു.

ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി അപേക്ഷിക്കുമ്പോൾ, ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്കുപ്രാപ്തിയുണ്ടോയെന്ന് പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി ശൃംഖലയെ ശക്തിപ്പെടുത്താൻ വേണ്ടിവരുന്ന ചെലവ് അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.-നുവേണ്ട പ്രവൃത്തി നടത്തിയതിനുശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വ്യവസായങ്ങൾക്ക് HT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടികൾക്കുപുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ/എനർജൈസേഷൻ അപ്രൂവൽ എന്നിവകൂടി പരിശോധിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്ന വോൾട്ടേജ് പരിധി പാലിക്കുന്നതിനായി ദ്യുതി 1, 2 പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾ നടത്തിവരുന്നു. ദ്യുതി 2 പദ്ധതിയിൽ മാത്രം വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 2022-27 വരെ നടപ്പാക്കാനായി 4396 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നാളിതുവരെ 1435 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാനത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങളെ (MSMEs) പ്രോത്സാഹിപ്പിക്കുന്നതിനായി സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേക്ക് വാങ്ങുമ്പോൾ നിലവിലുള്ള വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പർച്ചേസ്

പ്രിഫറൻസ്/പ്രൈസ് പ്രിഫറൻസ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ, നമ്മുടെ രാജ്യത്തെ എല്ലാ ചെറുകിട വ്യവസായ സംരംഭങ്ങൾക്കും സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേക്ക് വാങ്ങുന്നതിനായുള്ള ദർഘാസിൽ പങ്കെടുക്കുന്നവർക്ക് ദർഘാസ് തുകയും നിരതദ്രവ്യവും ഒടുക്കുന്നത് ഒഴിവാക്കികൊടുത്തിട്ടുണ്ട്.

ഇതിനുപുറമെ 2025-26 സാമ്പത്തിക വർഷം കണ്ടക്ടറുകളും പി.എസ്.സി. പോളുകളും നിർമ്മിക്കുന്ന കേരളത്തിലെ ചെറുകിട സംരംഭകർക്ക് കോവിഡാനന്തര കാലത്തെ പ്രതിസന്ധികൾ തരണം ചെയ്ത് ദർഘാസിൽ പങ്കെടുത്ത് യോഗ്യത നേടുന്നതിനായി സാമ്പത്തിക ഭദ്രതയും (Solvency) വിറ്റുവരവും (Turnover) സംബന്ധിച്ച വ്യവസ്ഥകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇളവുകൾ ചെയ്തിട്ടുണ്ട്.

എല്ലാത്തരം വ്യവസായ സംരംഭങ്ങൾക്കും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 10 കിലോവാട്ടിന് താഴെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഏറ്റവും കുറവ് ഫിക്സഡ് ചാർജ് ഈടാക്കുന്ന രണ്ട് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഹിമാചൽ പ്രദേശിൽ പ്രതിമാസം 155 രൂപ ഫിക്സഡ് ചാർജ് ഈടാക്കുമ്പോൾ കേരളത്തിൽ 140 രൂപ മാത്രം ഈടാക്കുന്നു.

നിലവിൽ 20 കിലോ വാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് പകൽ സമയത്ത് അവരുടെ വൈദ്യുതി ചാർജിൽ 10 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. പകൽ സമയത്ത് കൂടുതൽ ഉപഭോഗം

ഉള്ളതിനാൽ പ്രതിമാസം ഏകദേശം ശരാശരി 650 രൂപ വരെ വൈദ്യുതി ചാർജിൽ ലാഭിക്കാൻ കഴിയുന്നുണ്ട്.

കൂടാതെ 5 എച്ച്.പി./4 കിലോവാട്ട് വരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യാവസായിക സംരംഭകർക്ക് പ്രത്യേക കണക്ഷൻ എടുക്കാതെ തന്നെ, ഉൽപാദന പ്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ (industrial load) ഗാർഹിക കണക്ഷനിൽ കണക്ട് ചെയ്ത് ഗാർഹിക താരിഫിൽ തന്നെ ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

വൈദ്യുതി വകുപ്പ് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ

191(2695) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾ വഴി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. കിഴക്കമ്പലം 110 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

പദ്ധതി തുക : 140 ലക്ഷം രൂപ

2. പുത്തൻകുരിശ് 66 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റിവെക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

പദ്ധതി തുക : 180 ലക്ഷം രൂപ

കൂടാതെ താഴെ പറയുന്ന പ്രവൃത്തി നടപ്പാക്കി വരുന്നു.

1. പെരുമ്പാവൂർ 110 kV സബ്സ്റ്റേഷന്റെ നവീകരണവും 77 MVA ആക്കി ശേഷി വർധിപ്പിക്കലിനുമായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2026 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്ന രീതിയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക 1,67,340/- രൂപ, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 140 kW സ്ഥാപിത ശേഷിയിൽ 19 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 62.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബ്രഹ്മപുരത്ത് 500 kW, 2250 kW-ന്റെ രണ്ട് ഭൗമോപരിതല സൗരോർജ്ജ നിലയങ്ങൾ 15.75 കോടി രൂപ മുതൽ മുടക്കി കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.ന്റെ തനത് ഫണ്ട് ഉപയോഗിച്ച് ദ്യുതി 2..0, കേന്ദ്ര ഗവൺമെന്റ് അനുമതിയുള്ള ആർ.ഡി.എസ്.എസ്., പി.പി.എസ്. (പീപിൾസ് പാർട്ടിസിപ്പെഷൻ സ്കീം) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

വിതരണ മേഖലയിൽ പദ്ധതികൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുകയും നിലവിലെ സ്ഥിതി വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു[+].

ദ്യുതി പദ്ധതിയിലെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ 2027 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ആർ.ഡി.എസ്.എസ്., പി.പി.എസ്. എന്നീ പദ്ധതികളിലുള്ള മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

അനെർട്ട്

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് പബ്ലിക് ചാർജിങ് സ്റ്റേഷൻ സ്ഥാപിച്ചതിന് DC ഫാസ്റ്റ് ചാർജിങ് മെഷീൻ സബ്സിഡിയായി ശ്രീ. ജോയ് എ.ജെ., അടാട്ടുമൂലയിൽ ഹൗസ്, പിനാർമുണ്ട, പെരിങ്ങാല എന്ന വ്യക്തിക്ക് ധനസഹായം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി കുന്നത്തുനാട് നിയോജകമണ്ഡലത്തിലും നിലവിലുണ്ട്. മഴവന്നൂർ, ഐകാരനാട്, തിരുവാണിയൂർ കൃഷിഭവനുകളിൽ പദ്ധതിയുടെ സർവെ നടപടികൾക്കായി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കുംവേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. കിഴക്കമ്പലം 110 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പദ്ധതി തുക : 140 ലക്ഷം രൂപ.

2. പുത്തൻകുരിശ് 66 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പദ്ധതി തുക : 180 ലക്ഷം രൂപ.

കൂടാതെ താഴെപ്പറയുന്ന പ്രവൃത്തി നടപ്പാക്കി വരുന്നു.

1. പെരുമ്പാവൂർ 110 kV സബ്സ്റ്റേഷന്റെ നവീകരണവും 77 MVA ആക്കി ശേഷി വർധിപ്പിക്കലിനുമായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2026 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്ന രീതിയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക - 1,67,340/- രൂപ, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 140 kW സ്ഥാപിത ശേഷിയിൽ 19 പുരപ്പുറ സൗരോർജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 62.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബ്രഹ്മപുരത്ത് 500 kW, 2250 kW-ന്റെ രണ്ട് ഭൗമോപരിതല സൗരോർജ നിലയങ്ങൾ 15.75 കോടി രൂപ മുതൽ മുടക്കി കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് ദ്യുതി 2.0,

കേന്ദ്ര ഗവൺമെന്റ് അനുമതിയുള്ള ആർ.ഡി.എസ്.എസ്., പി.പി.എസ്. (പീപിൾസ് പാർട്ടിസിപ്പെഷൻ സ്കീം) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വിതരണ മേഖലയിൽ പദ്ധതികൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുകയും നിലവിലെ സ്ഥിതി വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

ദ്യുതി പദ്ധതിയിലെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ 2027 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ആർ.ഡി.എസ്.എസ്., പി.പി.എസ്. എന്നീ പദ്ധതികളിലുള്ള മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

അനെർട്ട്

ഓരോ പദ്ധതിക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിക്കായി 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) എറണാകുളം ജില്ലയിലേക്ക് 756 പമ്പുകൾക്കുവേണ്ടി 22.32 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി നൽകിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാൻ ഇനിയും ശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. കിഴക്കമ്പലം 110 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റി വയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

പദ്ധതി തുക : 140 ലക്ഷം രൂപ.

2. പുത്തൻകുരിശ് 66 kV സബ്സ്റ്റേഷനിൽ പഴയ 11 kV പാനലുകൾ മാറ്റിവെക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

പദ്ധതി തുക : 180 ലക്ഷം രൂപ.

കൂടാതെ താഴെ പറയുന്ന പ്രവൃത്തി നടപ്പാക്കി വരുന്നു.

1. പെരുമ്പാവൂർ 110 kV സബ്സ്റ്റേഷന്റെ നവീകരണവും 77 MVA ആക്കി ശേഷി വർധിപ്പിക്കലിനുമായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2026 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്ന രീതിയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പുമുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക 1,67,340/- രൂപ, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 140 kW സ്ഥാപിത ശേഷിയിൽ 19 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 62.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബ്രഹ്മപുരത്ത് 500 kW, 2250 kW-ന്റെ രണ്ട് ഭൗമോപരിതല സൗരോർജ നിലയങ്ങൾ 15.75 കോടി രൂപ മുതൽ മുടക്കി കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് ദ്യുതി 2.0, കേന്ദ്ര ഗവൺമെന്റ് അനുമതിയുള്ള ആർ.ഡി.എസ്.എസ്., പി.പി.എസ്. (പീപിൾസ് പാർട്ടിസിപ്പെഷൻ സ്കീം) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

വിതരണ മേഖലയിൽ പദ്ധതികൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുകയും നിലവിലെ സ്ഥിതി വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

ദ്യുതി പദ്ധതിയിലെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ 2027 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ആർ.ഡി.എസ്.എസ്., പി.പി.എസ്. എന്നീ പദ്ധതികളിലുള്ള മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട്

അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) 2026 മാർച്ച് 31-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ

192(2696) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്, കടമുറികൾ, കോട്ടേജ്, പമ്പ് ഹൗസ്, ഷെഡുകൾ (കൃഷി ആവശ്യത്തിന്) തുടങ്ങി വിവിധ ആവശ്യങ്ങൾക്കായുള്ള വൈദ്യുതി ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകുമ്പോൾ ഒരേതരത്തിലുള്ള നടപടിക്രമങ്ങളാണോ സ്വീകരിക്കേണ്ടത്; വിശദമാക്കാമോ;

(ബി) ഒക്യുപ്പൻസി അനുസരിച്ച് അപേക്ഷാ നടപടിക്രമങ്ങളിൽ മാറ്റമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ ഡിസംബർ 2024 മുതൽ ഓൺലൈനായാണ് (wss.kseb.in/WSS portal വഴി) കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നത്. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ മാത്രം ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി.എൽ. നിലവിൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു.

എന്നാൽ ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കേണ്ട കാർഷിക കണക്ഷനുകൾക്ക് ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും ബന്ധപ്പെട്ട അധികാരിയിൽനിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്നപക്ഷവുമാണ് സബ്സിഡി ലഭിക്കേണ്ട കാർഷിക കണക്ഷൻ നൽകിവരുന്നത്.

ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് HT/EHT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടികൾക്കുപുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ/എനർജൈസേഷൻ അപ്രൂവൽ എന്നിവകൂടി പരിശോധിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങളിലേക്കെല്ലാം അപേക്ഷ സമർപ്പിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം വിതരണ സംവിധാനത്തിന്റെ വിപുലീകരണമോ, മാറ്റമോ, ആവശ്യമില്ലാത്ത സാഹചര്യത്തിൽ മെട്രോ നഗരങ്ങളിൽ മൂന്ന് ദിവസത്തിനുള്ളിലും നഗരങ്ങളിൽ ഏഴ് ദിവസത്തിനുള്ളിലും മറ്റുപ്രദേശങ്ങളിൽ ഒരു മാസത്തിനുള്ളിലും കണക്ഷൻ നൽകാൻ വ്യവസ്ഥ ചെയ്യുന്നു. വിതരണ സംവിധാനത്തിന്റെ വിപുലീകരണമോ, മാറ്റമോ ആവശ്യമുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന സമയക്രമമാണ് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്നത്.

പ്രവൃത്തി	സമയപരിധി
എൽ.ടി. ലൈൻ (സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്ക് മാറുന്നതും ഉൾപ്പെടെ)	ആദ്യ 1 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ - 45 ദിവസം; തുടർന്ന് ഓരോ അധിക

	കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) –15 ദിവസം
എച്ച്.ടി. ലൈൻ	ആദ്യ 1 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ –3 മാസം; തുടർന്ന് ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) –1 മാസം
66kV / 110kV ലൈൻ	ആദ്യ 5 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ – 1 വർഷം; തുടർന്ന് ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) – 3 മാസം
220kV ലൈൻ	ആദ്യ 5 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ –2 വർഷം; തുടർന്ന് ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) – 3 മാസം
പുതിയ വിതരണ ട്രാൻസ്ഫോർമർ, അനുബന്ധ സ്വിച്ച്ഗിയർ/ട്രാൻസ്ഫോർമറിന്റെ ശേഷി വർധനവും അനുബന്ധ ഉപകരണങ്ങളും	2 മാസം

കണ്ണൂർ ജില്ലയിലുള്ള ചാർജിങ് സ്റ്റേഷനുകൾ

193(2697) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കേരളത്തിൽ എത്ര ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

അനെർട്ട്

വൈദ്യുത വാഹനം ചാർജ് ചെയ്യുന്നതിനായി കേരളത്തിൽ വിവിധ പദ്ധതികളിലായി അനെർട്ടിന്റെ നേതൃത്വത്തിലും സാമ്പത്തിക സഹായത്തോടുകൂടിയും ഇതുവരെ ആകെ 64 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) കണ്ണൂർ ജില്ലയിലുള്ള ചാർജിങ് സ്റ്റേഷനുകൾ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. 3 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 89 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ചാർജിങ് സ്റ്റേഷനുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

അനെർട്ട്

കണ്ണൂർ ജില്ലയിൽ അനെർട്ട് വിവിധ പദ്ധതികളിലായും സാമ്പത്തിക സഹായം നൽകിയും 4 DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

1. DTPC land, പിണറായി, പടനക്കര, റിവർ സൈഡ് പാർക്ക്, കണ്ണൂർ (EESL).

2. സിവിൽ സ്റ്റേഷൻ, ഇടപ്പള്ളി - പനവേൽ ഹൈവേ, കണ്ണൂർ (MVD).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. പാപ്പിനിശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്ക്, പാപ്പിനിശ്ശേരി, കണ്ണൂർ (Subsidy).

4. ചിറക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കണ്ണൂർ (Subsidy).

മലപ്പുറം നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

194(2698) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

കെ.എസ്.ഇ.ബി.എൽ.

മലപ്പുറം നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ Covered Conductor, ഭൂഗർഭ കേബിൾ, എ.ബി. കേബിൾ തുടങ്ങിയ ലൈൻ ഉപയോഗിച്ച് സ്ഥാപിക്കൽ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഇന്റർലിങ്കിങ് വർക്കുകളും RDSS, ദ്യുതി സ്പെഷ്യൽ (മലപ്പുറം പാക്കേജ്), ദ്യുതി 2.0 തുടങ്ങിയ പദ്ധതികളായി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ദ്യുതി 2.0 പദ്ധതി 2022 മുതൽ നടപ്പാക്കി വരുന്നു. 2022-27 കാലയളവിൽ 40.17 കോടി രൂപ മൂല്യത്തിലുള്ള വികസന പ്രവർത്തനങ്ങൾ മലപ്പുറം നിയോജകമണ്ഡലത്തിൽ ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. അതിൽ ഇതുവരെയായി 17.68 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

ബാക്കിവരുന്ന 22.49 കോടി രൂപ 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്. RDSS പദ്ധതിയുടെ ഭാഗമായി 21.23 കോടി രൂപയുടെ പ്രവൃത്തികൾ എഗ്രിമെന്റ് നടപ്പാക്കി ത്വരിതഗതിയിൽ പുരോഗമിക്കുന്നു. മലപ്പുറം സ്പെഷ്യൽ പാക്കേജിൽ 17.81 കോടി രൂപയുടെ പ്രവൃത്തികളാണ് മലപ്പുറം നിയോജകമണ്ഡലത്തിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ, 2024-25 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ടെൻഡർ സാങ്കേതിക തകരാർമൂലം റദ്ദാക്കിയിരുന്നു. പ്രസ്തുത വർക്കുകൾ ടെൻഡർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിൻപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിനുകീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

അനെർട്ട്

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നൽകുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പദ്ധതി മലപ്പുറം നിയോജകമണ്ഡലത്തിലും നിലവിലുണ്ട്. എടരിക്കോട്, കോഡൂർ, മലപ്പുറം മുനിസിപ്പാലിറ്റി, പൂകോട്ടൂർ എന്നീ കൃഷിഭവനുകളിൽ പദ്ധതിയുടെ സർവെ നടപടികൾക്കായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിനായി 70 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകുകയും അതിൽ 19 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 18 സൈറ്റുകളിൽ സോളാർ പവർ പ്ലാന്റ് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

മലപ്പുറം നിയോജകമണ്ഡലത്തിൽ അനെർട്ട് നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ മുകളിൽ പ്രസ്താവിച്ച പ്രകാരം വിവിധ പദ്ധതികളിലായി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്കീം	പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (എണ്ണം)	പുതിയ ത്രീ ഫേസ് ലൈനുകൾ സ്ഥാപിക്കൽ (കി.മീ.)
ആർ.ഡി.എസ്.എസ്	7	21.65
ദൃതിസ്പെഷ്യൽ	51	Nil

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(മലപ്പുറം പാക്കേജ്)		
ദ്യുതി 2.0 (2022-27)	74	147.35

(സി) പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകി ഊർജിതമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അനെർട്ട്

പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) 2026 മാർച്ച് 31-നകം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ ഇലക്ട്രിക് സെക്ഷൻ ഓഫീസുകളിലെ പ്രവൃത്തികൾ

195(2699) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ വൈദ്യുതി വകുപ്പിൽനിന്നും മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ ഇലക്ട്രിക് സെക്ഷൻ ഓഫീസുകൾ മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; അവയുടെ തൽസ്ഥിതി അറിയിക്കുമോ?

സൗര ഫേസ് 1 പദ്ധതിയിലുൾപ്പെടുത്തി 137 kW സ്ഥാപിത ശേഷിയിൽ 23 പ്ലാന്റുകൾ മാവേലിക്കര നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ

62,58,967 രൂപ ചെലവഴിച്ചു. ഈ പ്രവൃത്തികളുടെ സെക്ഷൻ ഓഫീസ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

Sl. No.	Section	No. of Plants	Capacity (kW)	Amount
1	മാവേലിക്കര	4	29	
2	തട്ടാരമ്പലം	3	12	
3	ചാരുമൂട്	4	43	
4	നൂറനാട്	1	3	
5	വള്ളികുന്നം	8	29	
6	കൊല്ലക്കടവ്	3	21	
		23	137	6258967

മാവേലിക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന ഏഴ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു⁺. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2016-17 മുതൽ ഇന്നേ വരെ മാവേലിക്കര നിയോജകമണ്ഡലത്തിൽ വിതരണ മേഖലയിൽ വിവിധ പദ്ധതികളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു⁺.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇലക്ട്രിക് വാഹനങ്ങൾക്കുള്ള റീചാർജിങ് കേന്ദ്രങ്ങൾ

196(2700) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ റീചാർജ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള എത്ര ചാർജിങ് സ്റ്റേഷനുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും ആറ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സ്റ്റേഷനുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) പുതുതായി എവിടെയെല്ലാം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകാമോ?

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി വിവിധ ഗവൺമെന്റ് സ്കീമുകളിൽ ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിങ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകരും ആരംഭിച്ചിട്ടുണ്ട്.

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങിനായി, ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യ ഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ആട്ടോമൊബൈൽ ചാർജിങ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിനായുള്ള നടപടികൾ

197 (2701) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആട്ടോമൊബൈൽ ചാർജിങ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ഇ.ബി.എൽ.

കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വ്യത്യസ്ത കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ തുടക്ക കാലഘട്ടത്തിൽ മേൽ പ്രസ്ഥാപിച്ചപ്രകാരം ഒരു ചാർജിങ് സ്റ്റേഷൻ ശൃംഖല കെ.എസ്.ഇ.ബി.എൽ. ഒരുക്കിയത്. ഇന്നത്തെ നിലയിൽ മൂന്ന് ലക്ഷത്തോളം വൈദ്യുതി വാഹനങ്ങളും കെ.എസ്.ഇ.ബി.എൽ.-ന്റെത് അല്ലാതെ 1000-ൽപ്പരം ചാർജിങ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്.

അനുദിനം സാങ്കേതികവിദ്യയിൽ വളരെയധികം മാറ്റം സംഭവിക്കുകയും വൈദ്യുതി വാഹനങ്ങളുടെ എണ്ണം വർധിച്ച് വരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ചാർജിങ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളെല്ലാം തന്നെ പുത്തൻ സാങ്കേതിക വിദ്യകളോടുകൂടിയ ചാർജറുകളും ആധുനിക സൗകര്യങ്ങളും ചേർത്ത് നവീകരിക്കാനും

'റിഫ്രഷ് ആൻഡ് റീചാർജ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആട്ടോമൊബൈൽ ചാർജിങ് ഇൻഫ്രാസ്ട്രക്ചർ നവീകരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിങ് സാധ്യമാക്കുന്നത് പരിഗണിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങിനും വിശ്രമത്തിനും ഒരുപോലെ അവസരമൊരുക്കുന്നതിനായി റിഫ്രഷ് ആൻഡ് റീചാർജ് (Refresh & Recharge) പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളെല്ലാം തന്നെ പുത്തൻ സാങ്കേതികവിദ്യയിലുള്ള CCS 2 ചാർജിങ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേ സമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ, മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേമെന്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്. പദ്ധതിക്കായി E-tender ക്ഷണിച്ചിട്ടുണ്ട്. ബാറ്ററി സ്വാപ്പിങ് നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

അനെർട്ട്

ചാർജിങ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി അനെർട്ടിന് ബന്ധമില്ല. ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിങ് സാധ്യമാക്കുന്നത് പരിഗണനയിലില്ല. ഇതിനുള്ള പ്രധാന കാരണം ഇലക്ട്രിക് സ്കൂട്ടറുകളുടെയും ഇലക്ട്രിക് ഓട്ടോകളുടെയും സ്വാപ്പിങ് ബാറ്ററികളുടെ സ്പെസിഫിക്കേഷനും സൈസ്, കപ്പാസിറ്റി എന്നിവ കോമണല്ലാത്തതിനാൽ നിലവിൽ ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിങ് പദ്ധതി നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) വൈദ്യുതി വാഹനരംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതും വൈദ്യുത വാഹനങ്ങൾ സാർവത്രികമാക്കുന്നതും ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ ഇ.വി. നയം 2025 പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തുണ്ടായേക്കാവുന്ന അധിക വൈദ്യുതിയുടെ ആവശ്യകത പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വാഹന രംഗത്ത് സംസ്ഥാനത്ത് അടുത്ത അഞ്ചുവർഷം ഉണ്ടായേക്കാവുന്ന അധിക വൈദ്യുതിയുടെ ആവശ്യകത വിലയിരുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ EV ആക്സിലറേറ്റർ സെൽ പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം

198 (2702) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2016 ജൂൺ മുതൽ നാളിതുവരെ ഈ നിയോജകമണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ. നാദാപുരം നിയോജകമണ്ഡലത്തിൽ സൗര ഫേസ്-1 പദ്ധതിയിലുൾപ്പെടുത്തി 479 kW സ്ഥാപിത ശേഷിയിൽ 44 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനായി ആകെ 2,06,08,091/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നത് ആ പ്രദേശങ്ങളെ 2016 മുതൽ 2018 വരെയുള്ള കാലയളവിൽ ബോർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 6.5 കോടി രൂപയോളം ചെലവ് വരുന്ന നിരവധി പ്രവൃത്തികളും ദ്യുതി 1 പദ്ധതിയിൽ (2018-2021) ഉൾപ്പെടുത്തി 16.79 കോടി രൂപയോളം ചെലവ് വരുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. കൂടാതെ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 2022-23, 2023-24, 2024-25, 2025-26, 2026-27 വർഷങ്ങളിലേക്കായി 15.30 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 11 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോടിന് കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1) ചാത്തങ്ങോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പവർ ഇവാക്വേഷൻ ചെയ്യുന്നതിന് വേണ്ടിയുള്ള 33kV ലൈൻ കുറ്റ്യാടി സബ്സ്റ്റേഷനിലേക്ക് 231 ലക്ഷം രൂപ ചെലവിൽ 2021 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്.

2) 110KV നാദാപുരം സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. അടങ്കൽ തുക - 261 ലക്ഷം രൂപ.

നാദാപുരം പഞ്ചായത്തിൽ അനെർട്ട് മുഖേന 8 കിലോവാട്ട് സൗരോർജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതികൾ നടപ്പാക്കിയത് വഴി ഏതൊക്കെ ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ പദ്ധതികൾ നടപ്പാക്കിയതുവഴി ചെക്യാട്, എടച്ചേരി, കാവിലുംപാറ, കായക്കൊടി, മരുതോങ്കര, നാദാപുരം, നരപ്പറ്റ, തൂണേരി, വളയം, വാണിമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി

199 (2703) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി കെ.എസ്.ഇ.ബി.എൽ. സെക്ഷനുകീഴിൽ വരുന്ന ഉളിയിൽ ആവിലാട് താമസിക്കുന്ന ഷെർമിന എന്ന വ്യക്തി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി

അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതിയെന്താണ്?

ഇരിട്ടി കെ.എസ്.ഇ.ബി.എൽ. സെക്ഷനുകീഴിൽ വരുന്ന ഉളിയിൽ ആവിലാട് താമസിക്കുന്ന ഷെർമിന എന്ന വ്യക്തി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത വിവരം അപേക്ഷകയെ അറിയിച്ചിട്ടുള്ളതുമാണ് .

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം ലഭിച്ചതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കുമോ; നിവേദനം നൽകി പത്തുമാസം കഴിഞ്ഞിട്ടും കണക്ഷന്റെ കാര്യത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭവന നിർമ്മാണ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭിച്ച അപേക്ഷക ഉൾപ്പെടെയുള്ള അഞ്ച് പേർ വീട് നിർമ്മിക്കുന്ന പ്രദേശത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി രണ്ടര ലക്ഷത്തോളം രൂപ അടക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി വൈദ്യുതി കണക്ഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

(ബി&സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ഷെർമിന ബഹു. എം.എൽ.എ., ശ്രീ. സണ്ണി ജോസഫ് മുഖേന ബഹു. വൈദ്യുതി വകുപ്പുമന്ത്രിക്ക് 04-12-2024-ന് നിവേദനം

നൽകിയിട്ടുള്ളതാണ്. ആയതിന്മേൽ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും അപേക്ഷകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. BPL കാറ്റഗറിയിൽ സൗജന്യ കണക്ഷന് വേണ്ടിയാണ് അപേക്ഷ നൽകിയിട്ടുള്ളത്. നിലവിലെ വൈദ്യുത നിയമപ്രകാരം ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി പരമാവധി 250 മീറ്റർ മാത്രമാണ് ഓവർ ഹെഡ് (OH) ലൈൻ വലിച്ച് കണക്ഷൻ നല്കാൻ കഴിയുന്നത്. നിലവിൽ ലൈനുള്ള സ്ഥലത്ത് നിന്നും 390 മീറ്റർ മാറിയാണ് ശ്രീമതി ഷെർമിനയുടെ വീട് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ അപേക്ഷകയ്ക്ക് സൗജന്യമായി BPL വിഭാഗത്തിൽ കണക്ഷൻ നല്കാൻ നിർവാഹമില്ല. എന്നിരുന്നാലും പ്രത്യേക അനുമതി നൽകി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് നിർദേശം നൽകുന്നുണ്ട്.

ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി

200 (2704) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം, പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60MW) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം ചെങ്കുളം ബാലൻസിങ് റിസർവോയറിൽ ലഭ്യമാകുന്ന മിച്ചജലം വിനിയോഗിക്കുന്നതിനായി അപ്പർ ചെങ്കുളം ജലവൈദ്യുത പദ്ധതി (24 MW) വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന വാർഷിക ഉൽപാദനം

53.22 ദശലക്ഷം യൂണിറ്റാണ്. പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിൽ, ദേവികുളം താലൂക്കിൽ, വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി വില്ലേജുകൾ, വെള്ളത്തൂവൽ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പദ്ധതിക്കായി 330 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ കരാർ തുക 154 കോടി രൂപയാണ്. 22-05-2024-ൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരാറനുസരിച്ച് സിവിൽ പ്രവൃത്തികളുടെ കാലാവധി 19-04-2028-നാണ് അവസാനിക്കുന്നത്. ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുക്കൊണ്ടിരിക്കുകയാണ്. നിലവിൽ പദ്ധതിയുടെ പുരോഗതി 5.69 ശതമാനമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെടുന്നവരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ അപ്പർ ചെങ്കുളം ജലവൈദ്യുത പദ്ധതിക്കുവേണ്ടി പ്രദേശവാസികളുടെ 3.6647 Ha ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ പവർഹൗസ്, സർജ് എന്നിവിടങ്ങളിലെ പദ്ധതി പ്രദേശത്തോട് ചേർന്നുള്ള അഞ്ച് സമീപവാസികളെ പ്രതിമാസ വാടക നൽകിക്കൊണ്ട് മാറ്റി താമസിപ്പിച്ചിട്ടുള്ളതാണ്. അപകടരഹിതവും പ്രകമ്പനം കുറഞ്ഞതുമായ ബ്ലാസ്റ്റിങ് പാറ്റേൺ ലഭിക്കുന്നതിനായി CSIR (CENTRAL INSTITUTE OF MINING AND FUEL RESEARCH), Barwa Road, Dhanbad എന്ന ഏജൻസിയെ സമീപിക്കുകയും 2025 ഓഗസ്റ്റ് 14 മുതൽ 2025 സെപ്റ്റംബർ 2 വരെ പദ്ധതി പ്രദേശങ്ങളിൽ പ്രസ്തുത ഏജൻസി ട്രയൽ ബ്ലാസ്റ്റിങ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ ആഡിറ്റ്, സർജ് എന്നീ പ്രദേശത്തെ പ്രദേശവാസികളുടെ എതിർപ്പുമൂലം ട്രയൽ ബ്ലാസ്റ്റിങ് പൂർത്തിയാക്കാൻ സാധിച്ചില്ല.

ഇൻടേക്ക്, ടണൽ, പവർഹൗസ് എന്നിവിടങ്ങളിലെ ബ്ലാസ്റ്റിങ് പാറ്റേൺ പ്രകാരം പാറപൊട്ടിക്കൽ പ്രവൃത്തികൾ തുടരുകയാണ്. ആഡിറ്റ്, സർജ് എന്നീ പദ്ധതി പ്രദേശത്തെ പ്രദേശവാസികളുടെ എതിർപ്പുകൾക്ക് തീരുമാനമെടുക്കാൻ സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ സെപ്റ്റംബർ 23-ാംതീയതി ചർച്ച നടത്തി. ആ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് പാറ പൊട്ടിക്കുമ്പോഴുണ്ടാകുന്ന പ്രകമ്പനത്തിന്റെ തോതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും സർവെയും നടന്നുവരികയാണ്.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

201 (2705) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ മേപ്പയൂർ സെക്ഷനിലെ കൊഴുക്കല്ലൂർ, വൈലോപള്ളി, പുത്തൻപുരപാറ, പാക്കനാർപുരം, തോലേരി, ജീജ ബാലവാടി എന്നിവിടങ്ങളിലും നടുവണ്ണൂർ സെക്ഷനിലെ ചാത്തോത്ത് താഴെ, വെള്ളിയൂർ, കിളിയായി മീത്തൽ, കായൽ മുക്ക് എന്നീ സ്ഥലങ്ങളിലും ചക്കിട്ടപ്പാറ സെക്ഷനിലെ പന്തിരി, ഒറ്റ കണ്ടം, പന്നിക്കോട്ടൂർ കോളനി, ചെങ്കോട്ടക്കൊല്ലി, കായനോത്ത്, വികെ റോഡ്, മരുമൺ-കണ്ണാടി പാറ, ചാത്തൻകണ്ടിമുക്ക്, മൂലക്കൽ കുയ്യണ്ടം, മാനോളി, കോടേരിച്ചാൽ, വേങ്ങപ്പറ്റ, തായപ്പള്ളി, വെള്ളച്ചാൽ, പറമ്പൽ, ചക്കിട്ടപ്പാറ, മുടിയഞ്ചാൽ, തരിപിലോട്, കുന്നശ്ശേരി

എന്നിവിടങ്ങളിലും പേരാമ്പ്ര നോർത്ത് സെക്ഷന് കീഴിൽ കുനിയോട്, കുട്ടോത്ത് ഏരിയ എന്നിവിടങ്ങളിലും വോൾട്ടേജ് ക്ഷാമവുമായി ബന്ധപ്പെട്ട അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

മേപ്പയൂർ സെക്ഷനുകീഴിൽ ജീജാ ബാലവാടി ഒഴികെ ബാക്കി എല്ലാ സ്ഥലത്തുള്ള വോൾട്ടേജ് ക്ഷാമവും പരിഹരിച്ചിട്ടുണ്ട്. ജീജ ബാലവാടി എന്ന സ്ഥലത്തുള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. നടുവണ്ണൂർ സെക്ഷനുകീഴിലെ ചാത്തോത്ത് താഴെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2025-26 ദൃതി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. വെള്ളിയൂർ കിളിയായി മീത്തൽ പ്രദേശത്തുള്ള വൈദ്യുതക്ഷാമം പരിഹരിക്കുന്നതിന് 2026-27 ദൃതി പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കായൽ മുക്ക് ഭാഗത്ത് വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേരാമ്പ്ര നോർത്ത് സെക്ഷനുകീഴിൽ കുനിയോട് ഏരിയയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള വർക്ക് നടന്നുകൊണ്ടിരിക്കുന്നു. കുട്ടോത്ത് ഏരിയയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടു. ചക്കിട്ടപ്പാറ സെക്ഷന് കീഴിലെ മിക്കവാറും എല്ലാ സ്ഥലത്തെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടതാണ്. എന്നാൽ വെങ്ങപ്പറ്റ, തായപ്പള്ളി, വെള്ളച്ചാൽ, പറമ്പൽ, ചക്കിട്ടപ്പാറ, മുടിയഞ്ചാൽ, തരിപിലോട്, കുന്നശ്ശേരി എന്നിവിടങ്ങളിലെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം

202 (2706) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ?

2024-25-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം 571.22 കോടി രൂപയാണ് ലാഭം.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനലാഭം നേടുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തി ലാഭത്തിലേക്ക് മാറ്റുകയും അതുവഴി ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുകയും ചെയ്യുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

• കടബാധ്യത കുറയ്ക്കൽ: ധനകാര്യ പുനഃസംഘടനാ നടപടികളിലൂടെ ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളാക്കി മാറ്റി പലിശഭാരം കുറച്ചു.

• വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രിക്കൽ: ചെലവുകുറഞ്ഞ ഉറവിടങ്ങളിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള ശ്രമങ്ങൾ നടത്തിയും നിലവിലുള്ള കരാറുകൾ നിരീക്ഷിച്ചും വാങ്ങൽ ചെലവുകൾ പരമാവധി നിയന്ത്രിച്ചു. മാർക്കറ്റിൽനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ക്രയവിക്രയ തന്ത്രങ്ങൾ നടപ്പാക്കി. കൂടാതെ മഴക്കാലത്ത് തിരികെ

നൽകാമെന്നുള്ള വ്യവസ്ഥയിൽ ബാങ്കിങ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത് പണം മുടക്കില്ലാത്ത വൈദ്യുതി ഉറപ്പുവരുത്തി. ഇതുവഴി വൈദ്യുതി വാങ്ങൽ ചെലവിൽ ഗണ്യമായ കുറവുവരുത്താൻ കഴിഞ്ഞു.

• പുനരുപയോഗ ഊർജ നിക്ഷേപം: പുനരുപയോഗശേഷിയുള്ള ഊർജ മേഖലയിൽ (Renewable Energy) നിക്ഷേപം വർധിപ്പിച്ചു. ഫ്ലോട്ടിങ് സോളാർ പദ്ധതികൾക്ക് (ഉദാ. വെസ്റ്റ് കല്ലട, NTPC കായംകുളം) പ്രാധാന്യം നൽകി. SECI മുഖേന സോളാർ-ബാറ്ററി സ്റ്റോറേജ് പദ്ധതികൾക്കായി മത്സരാധിഷ്ഠിത നിരക്കിൽ ദീർഘകാല കരാറുകൾ ഒപ്പുവച്ചു.

• പദ്ധതി പൂർത്തീകരണവും ജലവിനിയോഗവും: മുടങ്ങിക്കിടന്നിരുന്ന തോട്ടിയാർ, പള്ളിവാസൽ പോലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ വേഗം വർധിപ്പിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തി. ജലവിനിയോഗം കാര്യക്ഷമമാക്കി വൈദ്യുതി വാങ്ങൽ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു.

• സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തൽ: മുൻ വർഷങ്ങളിലെ നഷ്ടങ്ങൾ ഭാഗികമായി ഏറ്റെടുക്കുക വഴി കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തി.

• വരുമാന പിരിവ്: ബില്ലടയ്ക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ (ഓൺലൈൻ പേയ്മെന്റ്, SMS/അലെർട്ട് സംവിധാനങ്ങൾ) നടപ്പാക്കി. കുടിശ്ശിക പിരിവ് മെച്ചപ്പെടുത്തി. അനധികൃത ഉപയോഗം, മീറ്റർ തകരാറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കി.

• കുടിശ്ശിക തീർപ്പാക്കൽ: വാണിജ്യ, വ്യാവസായിക ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതികൾ നടപ്പാക്കി.

• പ്രസരണ ശൃംഖലയുടെ വികസനം: സംസ്ഥാനത്തിന്റെ ദീർഘകാല വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി TransGrid 2.0 പദ്ധതി വഴി ട്രാൻസ്മിഷൻ ബാക്ക്ബോൺ ശൃംഖല വികസിപ്പിച്ചു. ഇത് ട്രാൻസ്മിഷൻ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും കുറഞ്ഞ ചെലവിൽ കൂടുതൽ വൈദ്യുതി കൈമാറ്റം ചെയ്യുന്നതിനും സഹായിച്ചു.

• വിതരണ ശൃംഖലയുടെ നവീകരണം: നഗര-ഗ്രാമ മേഖലകളിലെ വിതരണ ശൃംഖല പുതുക്കി താരതമ്യേന കുറഞ്ഞ സാങ്കേതിക-വാണിജ്യ നഷ്ടം (AT&C loss) കൈവരിക്കുന്നതിൽ ശ്രദ്ധ നൽകി. പഴയ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, ലൈനുകൾ തുടങ്ങിയവ ഘട്ടം ഘട്ടമായി മാറ്റി നവീകരിച്ചു.

ഈ നടപടികൾ ഫലപ്രദമായതോടെ കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാന-ചെലവ് വ്യത്യാസം കുറയുകയും ബോർഡ് ഓപ്പറേറ്റിങ് ലാഭത്തിലേക്ക് (Operating Profit) മാറുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-നെ ലാഭത്തിലേക്ക് മാറ്റുന്നതിന് വിവിധ തലങ്ങളിലുള്ള സമഗ്രമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) വൈദ്യുതി വാങ്ങൽ സംബന്ധിച്ച് എടുത്ത നടപടികൾ കാരണം ശരാശരി വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സാമ്പത്തിക വർഷം 2024-25-ൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ സാമ്പത്തിക വർഷം 2023-24-നെ അപേക്ഷിച്ച് 233 കോടി രൂപയുടെ കുറവ് വന്നിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി ചാർജിനത്തിൽ ബോർഡിന് കിട്ടേണ്ട കുടിശ്ശിക ഈടാക്കാനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. സാമ്പത്തിക വർഷം 2025-26-ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-09-2025 വരെ ബോർഡിൽ നടപ്പാക്കി.

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെ), പൊതു സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ 31-12-2024 വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശിക തുകയായ 718.02 കോടി രൂപ ഉപഭോക്താക്കളിൽ കെ.എസ്.ഇ.ബി.എൽ. പിരിച്ചെടുത്ത് സർക്കാരിലേക്ക്

ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിച്ച് 06-03-2025-ലെ G.O. (MS)No.27/2025/FIN പ്രകാരം ഉത്തരവായിട്ടുണ്ട്.

മേല്പറഞ്ഞ കുടിശ്ശിക തീർപ്പാക്കലിനുശേഷം 31-08-2025 വരെയുള്ള ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് 1751.76 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്നാണ് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുള്ളത്.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി

203 (2707) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങിനായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർവഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം

തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ മേൽ പ്രസ്താവിച്ച പ്രകാരം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

അനെർട്ട്

വർധിച്ചുവരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾക്കുപുറമെ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ അനെർട്ടിന് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടില്ല. ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഡി.സി. ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും കൂടാതെ ദേശീയപാത/സംസ്ഥാന പാതയോടുചേർന്ന് Cafeteria, Washroom സൗകര്യത്തോടുകൂടിയുള്ള 800 sq.ft. മുതൽ 1000 sq.ft. വരെ സ്ഥലവും 10 വർഷത്തെ ലീസിന് ലഭ്യമാക്കിയാൽ ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിങ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്നും ഇലക്ട്രിക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60 KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക് 2 വീലറുകൾക്ക് ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി

12 KW ശേഷിയുള്ള LECCS മെഷീനും 12 KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണെന്നും അനെർട്ട് അറിയിച്ചിട്ടുണ്ട്.

(ബി) കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ ഇല്ലാത്തതുകാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങിനായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥലലഭ്യത, ബജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും പ്രസ്തുത എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർവഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന്

കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ മേൽ പ്രസ്താവിച്ചപ്രകാരം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

അനെർട്ട്

കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ ലീസ് വ്യവസ്ഥയിൽ ലഭ്യമായിട്ടില്ലെന്നും ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഡി.സി. ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും കൂടാതെ ദേശീയപാത/സംസ്ഥാന പാതയോടുചേർന്ന് Cafeteria, Washroom സൗകര്യത്തോടുകൂടിയുള്ള 800 sq.ft. മുതൽ 1000 sq.ft. വരെ സ്ഥലവും 10 വർഷത്തെ ലീസിന് ലഭ്യമാക്കിയാൽ ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിങ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്.

വൈദ്യുത ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേക്ക് മാറ്റുന്ന നടപടി

204(2708) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ഹാപ്പിനസ് പാർക്കിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ/ലോടെൻഷൻ ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് 25-02-2025-ന് സമർപ്പിച്ച 223/എം (ഇ.എൽ.ഇ.)/വി.ഐ.പി./ആർ.എൽ./2025 നമ്പർ നിവേദനത്തിന്മേൽ കെ.എസ്.ഇ.ബി.എൽ. സി.എം.ഡി. നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നത് പുതിയേടം മഞ്ഞപ്പെട്ടി റോഡിൽ ശങ്കരൻ തമ്പുരാന്റെ വേനൽക്കാല വസതിയായിരുന്ന പാലസിന്റെ മതിലിനോട് ചേർന്നാണ്. പാർക്കിൽനിന്നും 4 മീറ്ററോളം ദൂരത്തിൽ പാർക്കിന്റെ എതിർ ഭാഗത്തിലൂടെയാണ് 11 KV/LT വൈദ്യുതലൈൻ കടന്നുപോകുന്നത്. പാർക്കിന്റെ പ്രവർത്തനത്തിന് ഈ ലൈൻ ഒരു തടസ്സമായി കാണുന്നില്ല. 11 KV ലൈൻ അണ്ടർ ഗ്രൗണ്ട് കേബിളാക്കി മാറ്റിയാലും LT ലൈൻ ഇവിടെ നിലനിൽക്കുന്നതാണ്. 11 kV ലൈൻ UG കേബിളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ബഹു. ആലുവ എം.എൽ.എ., ശ്രീ. അൻവർ സാദത്തിന്റെ ആവശ്യപ്രകാരം മുമ്പ് എടുത്തിട്ടുള്ളതും ഇതിന് ഏകദേശം 50 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമാകുന്നു. ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. RDSS പദ്ധതിപ്രകാരം പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി ഈ പരാതി ലഭിക്കുന്നതിന് മുമ്പ് തന്നെ അവസാനിച്ചതിനാൽ RDSS പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

എന്നാൽ പാർക്കിന്റെ അവസാനഭാഗത്ത് പാർക്കിനോട് ചേർന്ന് ഒരു LT 3 ഫേസ് ലൈൻ കടന്നുപോകുന്നത് ABC ഉപയോഗിച്ച് ദ്യുതി 2025-26 സ്കീമിലുൾപ്പെടുത്തി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരികയാണ്.

(ബി) ഈ വിഷയത്തിൽ സി.എം.ഡി. നാളിതുവരെ എന്തെങ്കിലും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(സി) ഈ വിഷയത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നത് പുതിയേടം മഞ്ഞപ്പെട്ടി റോഡിൽ ശങ്കരൻ തമ്പുരാന്റെ വേനൽക്കാല വസതിയായിരുന്ന പാലസിന്റെ മതിലിനോട് ചേർന്നാണ്. പാർക്കിൽനിന്നും നാല് മീറ്ററോളം ദൂരത്തിൽ പാർക്കിന്റെ എതിർ ഭാഗത്തിലൂടെയാണ് 11 KV/LT വൈദ്യുതലൈൻ കടന്നുപോകുന്നത്. പാർക്കിന്റെ പ്രവർത്തനത്തിന് ഈ ലൈൻ ഒരു തടസ്സമായി കാണുന്നില്ല. 11 KV ലൈൻ അണ്ടർ ഗ്രൗണ്ട് കേബിളാക്കി മാറ്റിയാലും LT ലൈൻ ഇവിടെ നിലനിൽക്കുന്നതാണ്. 11 kV ലൈൻ UG കേബിളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ബഹു: ആലുവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ., ശ്രീ. അൻവർ സാദത്തിന്റെ ആവശ്യപ്രകാരം മുമ്പ് എടുത്തിട്ടുള്ളതും ഇതിന് ഏകദേശം 50 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമാകുന്നു. ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. RDSS പദ്ധതിപ്രകാരം പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി ഈ പരാതി ലഭിക്കുന്നതിന് മുമ്പുതന്നെ അവസാനിച്ചതിനാൽ RDSS പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

എന്നാൽ പാർക്കിന്റെ അവസാനഭാഗത്ത് പാർക്കിനോട് ചേർന്ന് ഒരു LT 3 ഫേസ് ലൈൻ കടന്ന് പോകുന്നത് ABC ഉപയോഗിച്ച് ദൃതി 2025-26 സ്കീമിലുൾപ്പെടുത്തി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരികയാണ്.

ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിങ് സ്റ്റേഷനുകൾ

205 (2709) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങ്ങിനായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥലലഭ്യത, ബജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖയുണ്ടാക്കുകയും പ്രസ്തുത എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർവഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന മോട്ടാർ വാഹന വകുപ്പും അനെർട്ടും സംയുക്തമായി 30 kW ശേഷിയുള്ള 7 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 18 ഇടങ്ങളിൽ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ സ്വകാര്യ സംരംഭകരും ധാരാളം ചാർജിങ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-ക്ക് കീഴിൽ നിലവിൽ സംസ്ഥാനത്ത് എത്ര ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർത്തിരിക്കുന്നു:

District wise charging Stations installed by KSEBL			
Sl No.	**District**	**Pole Mounted Charging Stations**	**Fast Charging Stations**
1	Thiruvananthapuram	145	5
2	Kollam	94	5
3	Alappuzha	55	1
4	Pathanamthitta	33	3
5	Kottayam	51	3
6	Idukki	37	3
7	Ernakulam	136	10
8	Thrissur	102	11
9	Palakkad	88	5
10	Malappuram	119	3
11	Kozhikode	158	8
12	Wayanad	25	2
13	Kannur	89	3
14	Kasargod	37	1
	Total	**1169**	**63**

വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

206 (2710) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് മുതൽ കോഴിച്ചെന വരെയുള്ള പ്രദേശത്ത് ഹൈവേയുടെ വശത്തുള്ള സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന വൈദ്യുതി മെയിൻ ലൈനുകൾ അപകടസാധ്യത കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കക്കാട് മുതൽ കോഴിച്ചെന വരെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലൂടെ കടന്നു പോകുന്ന 11 കെ.വി. ലൈനിന്റെ വർക്ക് ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതാണ്. കൂടാതെ അപകട സാധ്യതയുള്ള എച്ച്.ടി. കേബിളുകൾ എല്ലാം തന്നെ A പോൾ ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ അപേക്ഷകൾ നൽകിയതനുസരിച്ച് എച്ച്.ടി. ലൈൻ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. പൂക്കിപ്പറമ്പ് സ്കൂളിന് സമീപത്തുള്ള ഒരു കിലോമീറ്റർ എച്ച്.ടി. ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുകയും അപകടസാധ്യതയുള്ള ഭാഗത്തെ ലൈൻ അഴിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവുകൾ വൈദ്യുതി ബോർഡ് വഹിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ വ്യക്തികളുടെ പറമ്പിലൂടെ കടന്നുപോകുന്ന ലൈൻ ഡെപ്പോസിറ്റ് സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. ബോർഡിന്റെ നിലവിലുള്ള ദ്യുതി സ്കീമിൽ ഇതിനുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച പദ്ധതികൾ

207 (2711) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) കെ.എസ്.ഇ.ബി.എൽ.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോടിന് കീഴിൽ അനുവദിച്ചിട്ടുള്ള പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പുമുഖേന 2021 ജനുവരി മുതൽ 2025 സെപ്റ്റംബർ വരെ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 219 (എണ്ണം) പ്രവൃത്തികളിലായി 17.16 കോടി രൂപയുടെ പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ദ്യുതി പദ്ധതിയിൽ നിർവഹണ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. മുഖേന ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

11 kV UG Cable laying	4.23 km
11 kV OH Line	9.55 km
Single phase to 3 phase conversion	9.25 km
Enhancement – 100 to 160 kVA transformer	22 nos.
Enhancement - 160 to 250 kVA transformer	5 Nos.
New 100 kVA transformer	19 Nos.
RMU	11 Nos.
Reconducting LT line	37.08 km
Upgradation of line	19 km
Total Amount	**17.16 crore**

പദ്ധതികളുടെ നിലവിലെ സ്ഥിതി:

പ്രവൃത്തിയുടെ പേര്	പൂർത്തിയാക്കിയവ	ശേഷിക്കുന്നവ
11 kV UG Cable laying	3.58 km	0.65 km
11 kV OH Line	4.75 km	4.8 km
Single phase to 3 phase conversion	9.25 km	Nil
Enhancement - 100 to 160 kVA transformer	9 nos.	13 Nos.
Enhancement - 160 to 250 kVA transformer	4 Nos.	1 No.
New 100 kVA transformer	15 Nos.	4 Nos.
RMU	3 Nos.	8 Nos.
Reconducting LT line	26.08 km	11 km

Upgradation of line	19 km	Nil
Total Amount	**10.63 crore**	**6.53 crore**

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 27 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 241.59 kW സ്ഥാപിത ശേഷിയിൽ 12 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു.

പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

ചെലവഴിച്ച തുക – 7,53,030/- രൂപ

നിർവഹണ ഏജൻസി - ജെനിസിസ് എഞ്ചിനിയേഴ്സ് ആൻഡ് കോൺട്രാക്ടേഴ്സ്.

സൗര ഫേസ് I പദ്ധതിയിലുൾപ്പെടുത്തി 241.59 kW സ്ഥാപിത ശേഷിയിൽ 12 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചതിനായി ആകെ 1,05,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ സൗരോർജവുമായി ബന്ധപ്പെട്ട പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്.

<u>അനെർട്ട്</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ സോളാർ പവർ പ്ലാന്റ്/സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Sl. No.	Project	Installation Type/Capacity
1	Mental Health Care, Kuthiravattom	40 kW ON GRID
2	Mental Health Care, Kuthiravattom	3 Nos. of Street Light
3	Kallai GUP School-SSA Phase 2	4 kW ON GRID
4	Kozhikode Block Pachayath Building	5 kW ON GRID

പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

പ്രസ്തുത പവർ പ്ലാന്റുകൾ എല്ലാംതന്നെ പ്രവർത്തനയോഗ്യമാണ്.

മണിയാർ ജലവൈദ്യുത പദ്ധതി

208 (2712) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ കാലാവധി അവസാനിച്ച ശേഷവും കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി, പ്രസ്തുത പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ?

മണിയാർ പദ്ധതിയുടെ ബൂട്ട് കാലാവധി ദീർഘിപ്പിക്കണമെന്ന കമ്പനിയുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കരാർ കാലാവധിക്കുശേഷം മണിയാർ ജലവൈദ്യുതി പദ്ധതിയിൽനിന്നും പ്രസ്തുത കമ്പനി നടത്തിയ വൈദ്യുതി ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാർ കാലാവധിക്കുശേഷം ഉൽപാദിപ്പിച്ച വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡിലാണ് നൽകിയത്. ഉൽപാദനത്തിന്റെ വിവരങ്ങൾ താഴെ പറയുന്നു.

Maniyar Generation

Month	MU
Jan -25	0.57
Feb -25	0.77
Mar -25	0.4
Apr -25	0.996
May -25	0
Jun -25	0
Jul -25	0
Aug -25	0
Sep - 25	0

(സി) കരാർ കാലാവധിക്കുശേഷവും പ്രസ്തുത കമ്പനി പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പുമായി മുന്നോട്ട് പോകുന്നുവെന്നത് തികച്ചും നിയമവിരുദ്ധമാണെന്നിരിക്കെ ഇക്കാര്യത്തിൽ എന്ത് നിയമനടപടിയാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മണിയാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന് 01-01-2025 മുതൽ കൈമാറണമെന്ന് കാണിച്ച് കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് 12-11-2024-ന് ബോർഡ് കത്ത് നൽകിയിട്ടുണ്ട്. വിഷയത്തിന്മേൽ ബോർഡിന്റെ അഭിപ്രായം ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മണിയാർ പദ്ധതിയുടെ ബൂട്ട് കാലാവധി ദീർഘിപ്പിക്കണമെന്ന കമ്പനിയുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ

209(2713) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിൽ ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പുമുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയോജകമണ്ഡലത്തിൽ ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല.

പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

അനെർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഇവിടെ സ്ഥാപിച്ച എല്ലാ സ്റ്റേഷനുകളും സുഗമമായി പ്രവർത്തിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ചാർജിങ് സ്റ്റേഷനുകൾ സുഗമമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിരുന്നാലും വൈദ്യുതി തടസ്സം, നെറ്റ്വർക്ക് ലഭ്യതക്കുറവ്, ഉപകരണങ്ങളുടെ തകരാർ മുതലായ കാരണങ്ങൾ കൊണ്ട് ചില സമയങ്ങളിൽ പ്രവർത്തനതടസ്സം ഉണ്ടാകാറുണ്ട്. ആയത് ഉടനെ പരിഹരിച്ച് പോകുന്നു. മാത്രമല്ല, ഒറ്റശേഖരമംഗലം സെക്ഷന്റെ കീഴിൽ വരുന്ന മണ്ഡപത്തിൽകടവ് എന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷൻ, മെഷീൻ തകരാർമൂലം പ്രവർത്തനരഹിതമാണ്. ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാലയളവിൽ പ്രസ്തുത ചാർജിങ് സ്റ്റേഷനുകളിലൂടെ കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപയുടെ വരുമാനമുണ്ടായി എന്നുള്ള വിവരം അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഇക്കാലയളവിൽ പ്രസ്തുത ചാർജിങ് സ്റ്റേഷനുകളിലൂടെ 18% GST ഉൾപ്പെടെ 19052.52 രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ സ്ഥലങ്ങളിലേക്ക് ചാർജിങ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ; വിവരം അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുതവാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിങ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് വൈദ്യുതവാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർധനവാണുണ്ടായത്. തുടർന്ന് സ്വകാര്യനിക്ഷേപം ഈ മേഖലയിലേക്ക് ഒഴുകിവരികയും ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിങിനായി

ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥലലഭ്യത, ബജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർവഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യ ഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.

അനെർട്ട്

കൂടുതൽ സ്ഥലങ്ങളിലേക്ക് ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുന്നതിന് നടപടികൾ ആലോചനയിലുണ്ട്. വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടും കൂടാതെ ദേശീയപാത/സംസ്ഥാന പാതയോടുചേർന്ന് Cafeteria, Washroom സൗകര്യത്തോടുകൂടിയുള്ള 800 sq.ft. മുതൽ 1000 sq.ft. വരെ സ്ഥലവും 10 വർഷത്തെ ലീസിന് ലഭ്യമാക്കിയാൽ ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിങ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണ്.

വ്യവസായ സൗഹൃദ വൈദ്യുതി നയം

210(2714) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള വ്യാവസായിക കണക്ഷനുകളുടെ എണ്ണം എത്രയാണ്; ഇതിൽ ലോ ടെൻഷൻ (LT), ഹൈ ടെൻഷൻ (HT), എക്സ്ട്രാ ഹൈ ടെൻഷൻ (EHT) ഉപഭോക്താക്കളുടെ എണ്ണം എത്ര വീതമാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള വ്യാവസായിക കണക്ഷനുകളുടെ എണ്ണം 152355 ആണ്. ഇതിൽ 149162 എണ്ണം LT ഉപഭോക്താക്കളും 3161 എണ്ണം HT ഉപഭോക്താക്കളും 32 എണ്ണം EHT ഉപഭോക്താക്കളുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും പുതിയതായി നൽകിയ വ്യാവസായിക കണക്ഷനുകളുടെ എണ്ണം എത്ര വീതമാണ്; ഇതിൽ ലോ ടെൻഷൻ (LT), ഹൈ ടെൻഷൻ (HT), എക്സ്ട്രാ ഹൈ ടെൻഷൻ (EHT) ഉപഭോക്താക്കളുടെ എണ്ണം എത്ര വീതമാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി നൽകിയ LT വ്യാവസായിക കണക്ഷനുകളുടെ എണ്ണം 25212-ഉം ഈ സർക്കാരിന്റെ കാലത്ത് (സെപ്റ്റംബർ വരെ) പുതുതായി നൽകിയ LT വ്യാവസായിക കണക്ഷനുകളുടെ എണ്ണം 24083-മാണ്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും പുതുതായി നൽകിയ ലോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെൻഷൻ വ്യാവസായിക കണക്ഷനുകളുടെ എണ്ണം വർഷം തിരിച്ച് തിരിച്ച് ചുവടെ ചേർക്കുന്നു.

വർഷം	LT വ്യാവസായിക കണക്ഷനുകളുടെ എണ്ണം
2016-17	4297
2017-18	4732
2018-19	5240
2019-20	5115
2020-21	5828
ആകെ (കഴിഞ്ഞ സർക്കാരിന്റെ കാലത്ത്)	**25212**
2021-22	6160
2022-23	6077
2023-24	5253
2024-25	4640
2025-26 (സെപ്റ്റംബർ വരെ)	1953
ആകെ (ഈ സർക്കാരിന്റെ കാലത്ത്)	**24083**

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും പുതിയതായി നൽകിയ വ്യാവസായിക കണക്ഷനുകളുടെ (HT, EHT) വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം	HT	EHT
1	2015 - 16	299	1
2	2016 - 17	153	2
3	2017 - 18	136	

4	2018 - 19	89	
5	2019 - 20	117	
6	2020 - 21	132	
7	2021 - 22	191	
8	2022 - 23	222	
9	2023 - 24	97	
10	2024 - 25	126	
11	2025 - 26 (31-08-25)	80	1

(സി) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി നിരക്ക് ഗാർഹിക കണക്ഷനും വ്യവസായ സംരംഭങ്ങൾക്കുള്ള കണക്ഷനും ഉൾപ്പടെ ഓരോന്നിനും ഏത് നിരക്കിലാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഗാർഹിക കണക്ഷനും വ്യവസായിക സംരംഭങ്ങൾക്കുമുള്ള കണക്ഷനും ഉൾപ്പെടെയുള്ള നിലവിലുള്ള വൈദ്യുതി നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05-12-2024-ന് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവുപ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ചാർജ് ഈടാക്കുന്നത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

ടി വിജ്ഞാപനപ്രകാരം 05-12-2024 മുതൽ പ്രാബല്യത്തിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ നിരക്കും വ്യവസായ ഉപഭോക്താക്കളുടെ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു+.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2024 ഡിസംബർ 5-ന് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവിലൂടെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടി വ്യവസായങ്ങൾക്ക് പകൽ സമയത്തെ ഉപഭോഗത്തിന് സാധാരണ നിരക്കിൽ നിന്ന് 10 ശതമാനം (10%) ഇളവ് നൽകിയിട്ടുണ്ട്. വൈകുന്നേരം 6 മുതൽ 10 വരെ ഉപയോഗിക്കുന്ന പീക്ക് സമയത്തെ വൈദ്യുതിക്ക് സാധാരണ നിരക്കിനേക്കാൾ 50 ശതമാനം (50%) അധികമാണ്. എന്നാൽ രാത്രി 10 മുതൽ രാവിലെ 6 വരെയുള്ള നിരക്കുകൾ കമ്മീഷൻ അംഗീകരിച്ച സാധാരണ നിരക്കുതന്നെയാണ്.

ചെറുകിട ലോ ടെൻഷൻ (എൽ.ടി.) വ്യവസായങ്ങൾ, ഐ.ടി. അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾക്കും മേല്പറഞ്ഞ രീതിയിൽ തന്നെയാണ് വൈദ്യുതി നിരക്കുകൾ ഈടാക്കുന്നത്. ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ (എച്ച്.ടി. &ഇ.എച്ച്.ടി.) ഉപഭോക്താക്കൾക്ക് 2012 മുതൽ ടി.ഒ.ഡി. നിരക്കുകളാണ് നിലവിലുള്ളത്. ഇതിൽ കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തിയിട്ടില്ല. ടി നിരക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

സമയം	**രാവിലെ 6 മുതൽ വൈകിട്ട് 6 വരെ**	**വൈകുന്നേരം 6 മുതൽ രാത്രി 10 വരെ**	**രാത്രി 10 മുതൽ രാവിലെ 6 വരെ**
നിരക്ക്	സാധാരണ നിരക്ക്	സാധാരണ നിരക്കിനേക്കാൾ 50% അധികം	സാധാരണ നിരക്കിനേക്കാൾ 25% കുറവ്

(ഡി) രാത്രി 10 മുതൽ രാവിലെ 6 വരെ സാധാരണ വ്യാവസായിക നിരക്കിനേക്കാൾ അധിക നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അധിക വർധന ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അത് രാത്രി പ്രവർത്തിക്കുന്ന ഐ.ടി. അനുബന്ധ വ്യവസായങ്ങൾക്ക് ഉൾപ്പടെ തിരിച്ചടിയാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ഹൈടെൻഷൻ (HT), എക്സ്ട്രാ ഹൈടെൻഷൻ (EHT) വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് രാത്രി പത്തുമണി മുതൽ രാവിലെ ആറുമണിവരെ സാധാരണ വൈദ്യുതി നിരക്കിന്റെ 75% നിരക്കിലാണ് ബില്ലുകൾ നൽകി വരുന്നത്.

എന്നാൽ 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന വ്യാവസായിക ഉപഭോക്താക്കൾക്ക് (ഐ.ടി. അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള) രാത്രി പത്തുമണി മുതൽ രാവിലെ ആറുമണിവരെ സാധാരണ നിരക്കിലാണ് ബില്ലുകൾ നൽകി വരുന്നത്. ഈ വിഭാഗം ഉപഭോക്താക്കൾക്ക് പകൽ സമയത്ത് വൈദ്യുതി ചാർജിൽ 10 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ

ഭേദഗതി വരുത്തുന്നതിനുള്ള നിർദേശങ്ങളൊന്നുംതന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള നിരക്കുകൾ സംസ്ഥാനത്തെ ഐ.ടി. അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം വ്യവസായങ്ങൾക്കും ഗുണകരമായിരിക്കും.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05-12-2024-ന് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവുപ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ചാർജ് ഈടാക്കുന്നത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

ടി വിജ്ഞാപനപ്രകാരം 05-12-2024 മുതൽ പ്രാബല്യത്തിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ നിരക്കും വ്യവസായ ഉപഭോക്താക്കളുടെ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു+.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2024 ഡിസംബർ 5-ന് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവിലൂടെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടി വ്യവസായങ്ങൾക്ക് പകൽ സമയത്തെ ഉപഭോഗത്തിന് സാധാരണ നിരക്കിൽ നിന്ന് 10 ശതമാനം (10%) ഇളവ് നൽകിയിട്ടുണ്ട്. വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ ഉപയോഗിക്കുന്ന പീക്ക് സമയത്തെ വൈദ്യുതിക്ക് സാധാരണ നിരക്കിനേക്കാൾ 50 ശതമാനം (50%) അധികമാണ്. എന്നാൽ രാത്രി 10 മണി മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രാവിലെ 6 മണിവരെയുള്ള നിരക്കുകൾ കമ്മീഷൻ അംഗീകരിച്ച സാധാരണ നിരക്കുതന്നെയാണ്.

ചെറുകിട ലോ ടെൻഷൻ (എൽ.ടി.) വ്യവസായങ്ങൾ, ഐ.ടി. അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾക്കും മേല്പറഞ്ഞ രീതിയിൽ തന്നെയാണ് വൈദ്യുതി നിരക്കുകൾ ഈടാക്കുന്നത്. ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ (എച്ച്.ടി.&ഇ.എച്ച്.ടി.) ഉപഭോക്താക്കൾക്ക് 2012 മുതൽ ടി.ഒ.ഡി. നിരക്കുകളാണ് നിലവിലുള്ളത്. ഇതിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തിയിട്ടില്ല. ടി നിരക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

സമയം	**രാവിലെ 6 മുതൽ വൈകിട്ട് 6 വരെ**	**വൈകുന്നേരം 6 മുതൽ രാത്രി 10 വരെ**	**രാത്രി 10 മുതൽ രാവിലെ 6 വരെ**
നിരക്ക്	സാധാരണ നിരക്ക്	സാധാരണ നിരക്കിനേക്കാൾ 50% അധികം	സാധാരണ നിരക്കിനേക്കാൾ 25% കുറവ്

(ഇ) സംസ്ഥാനത്ത് വ്യവസായ സൗഹൃദമായ വൈദ്യുതി നയം നടപ്പാക്കുമോ?

സംസ്ഥാനത്ത് വ്യവസായങ്ങൾക്ക് അനുകൂലമായ ഒരു വൈദ്യുതി നയമാണ് നടപ്പാക്കിവരുന്നത്. രാജ്യത്ത് വ്യാവസായിക ഉപഭോക്താക്കൾക്ക് ഏറ്റവും കുറവ് വൈദ്യുതി നിരക്കുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കുറവ് വ്യാവസായിക വൈദ്യുതി നിരക്കുകളുള്ള സംസ്ഥാനമാണ് കേരളം.

നിലവിൽ 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് പകൽ സമയത്ത് അവരുടെ വൈദ്യുതി ചാർജിൽ 10 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. പകൽ സമയത്ത് കൂടുതൽ ഉപഭോഗമുള്ളതിനാൽ പ്രതിമാസം ഏകദേശം ശരാശരി 650 രൂപ വരെ വൈദ്യുതി ചാർജിൽ ലാഭിക്കാൻ കഴിയുന്നുണ്ട്.

10 കിലോവാട്ടിനുതാഴെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഏറ്റവും കുറവ് ഫിക്സഡ് ചാർജ് ഈടാക്കുന്ന രണ്ട് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഹിമാചൽ പ്രദേശിൽ പ്രതിമാസം 155 രൂപ ഫിക്സഡ് ചാർജ് ഈടാക്കുമ്പോൾ കേരളത്തിൽ 140 രൂപ മാത്രം ഈടാക്കുന്നു.

കൂടാതെ 5 എച്ച്.പി./4 കിലോവാട്ട് വരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യാവസായിക സംരംഭകർക്ക് പ്രത്യേക കണക്ഷൻ എടുക്കാതെ തന്നെ ഉൽപാദന പ്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ (industrial load) ഗാർഹിക കണക്ഷനിൽ കണക്ട് ചെയ്ത് ഗാർഹിക താരിഫിൽത്തന്നെ ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

"Ease of Doing Business" പദ്ധതിയുടെ ഭാഗമായി ഓൺലൈൻ അപേക്ഷാ സംവിധാനം വഴി ത്വരിതഗതിയിലുള്ള വൈദ്യുതി കണക്ഷൻ നൽകുന്നു. ചെറുകിട വ്യവസായങ്ങൾക്ക് സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ നൽകി വരുന്നു.

ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി അപേക്ഷിക്കുമ്പോൾ ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്ക് പ്രാപ്തിയുണ്ടോയെന്ന് പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി ശൃംഖലയെ ശക്തിപ്പെടുത്താൻ വേണ്ടിവരുന്ന ചെലവ് അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.-നുവേണ്ട പ്രവൃത്തി നടത്തിയതിനുശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വ്യവസായങ്ങൾക്ക് HT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടികൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ/എനർജൈസേഷൻ അപ്രൂവൽ എന്നിവകൂടി പരിശോധിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

വൈദ്യുതിയിൽ നിന്നുള്ള അപകടങ്ങൾ കുറയ്ക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ

211 (2715) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതിയിൽ നിന്നുള്ള അപകടങ്ങൾ, മരണങ്ങൾ എന്നിവ കുറയ്ക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വൈദ്യുതി ലൈനുകളിൽനിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

സുരക്ഷാ നയം: വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 08-04-2019-ലെ ബോർഡ് ഓർഡർ പ്രകാരം സുരക്ഷാ നയവുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രോസിജിയർ തയ്യാറാക്കി എല്ലാ ഓഫീസികളിലും പുസ്തക രൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

എല്ലാ ലൈൻമാൻമാർക്കും സേഫ്റ്റി കിറ്റ്: വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോടുകൂടി ഉപയോഗിക്കുന്നതിനായി നൽകുന്ന പദ്ധതിയാണിത്. ഇതുപ്രകാരം എല്ലാ സെക്ഷനുകളിലെയും ലൈൻമാൻ മാർക്ക് സേഫ്റ്റി കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് പ്രാധാന്യം നൽകി സൺറൈസ് മീറ്റിങ് സെക്ഷൻ തലത്തിൽ നടത്തുകയും ഫീൽഡ് ജീവനക്കാർ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. സുരക്ഷാനയം എല്ലാ ജീവനക്കാരിലേക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി

കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവൃത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തി വരുന്നു.

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച് ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമെ ജോലി ചെയ്യാൻ പാടുള്ളുവെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് എർത്തിങ് രീതിയായ "ഇക്വി പോട്ടെൻഷ്യൽ ബോണ്ട് എർത്തിങ്" നടപ്പാക്കിയിട്ടുണ്ട്.)

ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും ഫീൽഡ് സ്റ്റാഫിന്റെ ജോലി സ്ഥലത്തെ പി.പി.ഇ.-കളുടെ ഉപയോഗം എന്നിവ വിലയിരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി 25 ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ മീറ്റിങ് നടത്തി.

ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം ഘടിപ്പിച്ച് മാത്രമാണ് എല്ലാ പുതിയ LT സർവീസ് കണക്ഷനുകളും നൽകുന്നത് (സപ്ലൈ കോഡ് 2014 രൂപീകൃതമായതിനുശേഷം). ഇത് ഉപഭോക്തകളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കും.

സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി (ലൈനുകൾക്ക് സമീപമുള്ള ചക്ക, മാങ്ങ എന്നിവ അടർത്താൻ ലോഹ തോട്ടി ഉപയോഗിക്കുന്നത് തടയാൻ) കെ.എസ്.ഇ.ബി.എൽ. ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട

ഡോക്യുമെന്ററികൾ, വൈദ്യുതി ലൈനുകളിൽനിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

അനധികൃത വൈദ്യുതി വേലിയുടെ ഉപയോഗം തടയാൻ ഡി.സി. എനർജിസർ ഫെൻസിങ് അവതരിപ്പിച്ചു.

എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡുകളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വാർഡിലെ വൈദ്യുതി സുരക്ഷാ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വാർഡ്തല സുരക്ഷാ സമിതി രൂപീകരിക്കുന്നതിന് അനുമതി നൽകി. അത്തരം സുരക്ഷാ കമ്മിറ്റി യോഗങ്ങൾ പുരോഗമിക്കുന്നു. 17-07-2025-ലെ ബോർഡ് ഓർഡർ പ്രകാരം നിയമസഭാമണ്ഡലത്തിലെ വൈദ്യുതി സുരക്ഷാ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനായി ബന്ധപ്പെട്ട നിയമസഭാ അംഗങ്ങൾ അധ്യക്ഷരായി ഒരു നിയമസഭാമണ്ഡലതല സുരക്ഷാ സമിതി രൂപീകരിക്കാൻ ഇലക്ട്രിക്കൽ ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അധികാരപ്പെടുത്താൻ തീരുമാനിച്ചു. ജനപ്രതിനിധികളും തഹസിൽദാർ പോലുള്ള ഉദ്യോഗസ്ഥരും കമ്മിറ്റിയിൽ ഉൾപ്പെടും. എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മിറ്റിയുടെ കൺവീനറായിരിക്കും.

തുടർന്ന് 06-08-2025-ലെ ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ പ്രതിനിധികൾ, ബന്ധപ്പെട്ട ഡിവിഷനിലെ പി.എം.യു.

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, തഹസിൽദാർ, ഫോറസ്റ്റ് ഓഫീസർ, പ്രമുഖ ജനപ്രതിനിധികൾ എന്നിവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

മഴക്കാലത്തും പ്രകൃതി ക്ഷോഭം ഉണ്ടാകുന്ന സമയങ്ങളിലും ഉൾപ്രദേശങ്ങളിൽ വസിക്കുന്നവരും തോട്ടങ്ങളിൽ കയറുന്നവരും ഇക്കാര്യത്തിൽ ജാഗ്രതകരായിരിക്കാൻ വേണ്ട നിർദേശങ്ങൾ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്.

വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സമീപം അപകടാവസ്ഥയിലുള്ള മരങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് 09-06-2025-ൽ ചീഫ് സെക്രട്ടറിക്ക് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിങ് ഡയറക്ടർ കത്ത് നൽകിയിരുന്നു. തുടർന്ന് ചീഫ് സെക്രട്ടറി 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ അധ്യക്ഷന്മാർക്കും നിർദേശം നൽകിയിട്ടുണ്ട്.

വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ അടിയന്തര പരിശോധന നടത്തുന്നതിനായി ചീഫ് എഞ്ചിനീയർമാർക്ക് 21-07-2025-ൽ നിർദേശം നൽകിയിരുന്നു. അതിൻപ്രകാരമുള്ള ലൈൻ പട്രോളിങ് നടന്നുവരുന്നു. അതിൽ കണ്ടെത്തുന്ന അപാകതകൾ ഉടനടി തന്നെ പരിഹരിച്ചുവരുന്നു.

കൂടാതെ ലൈനുകൾക്ക് സമീപമുള്ള മരച്ചില്ലകളും ചെറിയ മരങ്ങളും കെ.എസ്.ഇ.ബി.എൽ. തന്നെ മുറിച്ച് മാറ്റുന്നുണ്ട്. ഹൈ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ മൂന്നുതവണയും ലോ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ രണ്ടുതവണയും ചെയ്യുന്നുണ്ട്. ഈ

പ്രവൃത്തി Annual Maintenance Contract ആയി നൽകുന്നതിനാൽ ആവശ്യാനുസരണം ഏത്ര തവണ വേണമെങ്കിലും മരച്ചില്ലകൾ മുറിച്ചുമാറ്റുന്നുണ്ട്. വലിയ മരങ്ങൾ മുറിച്ചുമാറ്റാൻ ഉടമകൾക്ക് നോട്ടീസ് നൽകുകയാണ് ചെയ്യുന്നത്. ഉടമകൾ തയ്യാറാകാത്ത സന്ദർഭങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയാണ് ചെയ്യുന്നത്. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട ഉപദേശക സമിതികൾ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കൺവീനറായി സംസ്ഥാന തലത്തിലും ജില്ലാ കളക്ടർ ചെയർമാനും ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കൺവീനറുമായി ജില്ലാ തലങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. ഇവ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. വൈദ്യുതി മേഖലയിലെ അപകടങ്ങൾ ഒഴിവാക്കാൻ ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖ വിതരണം എന്നിവ നടത്തിവരുന്നു. വീടുകളിലുണ്ടാകുന്ന ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ELCB എന്ന ഉപകരണം സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ബോധവൽക്കരണം നടത്തി വരുന്നു. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന വൈദ്യുതി വിതരണ ശൃംഖല വികസന പദ്ധതികളായ ദ്യുതി 1, 2 എന്നിവയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും പുരിയടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുന്നതിനും ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗ്രൗണ്ടിങ് പൂർണമായും ഉറപ്പുവരുത്തുന്നതിനും ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. അതീവ

പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

2018 മുതൽ 2022 വരെ നടപ്പാക്കിയ വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതി 1, വൈദ്യുതി വിതരണ രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വരുത്തുന്നതിനുമായി 2022-23 മുതൽ 2026-27 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ദ്യുതി 2.0, വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള RDSS പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കൂടുതൽ ലൈനുകൾ എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും ആക്കി മാറ്റിവരുന്നു. മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുകയും ആവശ്യമായ അറ്റകുറ്റപണികൾ അപകടം ഒഴിവാക്കാൻ സാധാരണയായി ചെയ്തുവരികയും ചെയ്യുന്നു. മൺസൂൺ കാലത്ത് മരച്ചില്ലകൾ ഒടിഞ്ഞുവീണ് വൈദ്യുത കമ്പികൾ പൊട്ടിവീഴുന്നത് ഒഴിവാക്കാനായി പ്രീ മൺസൂൺ പ്രവർത്തനങ്ങളുടെ ഭാഗമായി മഴക്കാലത്തിന് മുന്നേ മരച്ചില്ലകൾ വെട്ടിമാറ്റി അപകട സാധ്യതകൾ പരമാവധി ഒഴിവാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. 2021-22 മുതൽ 2024-25 വരെ 222 ലക്ഷം

സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്. കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ 9496010101 ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിനായി വൈദ്യുത സുരക്ഷയും ഊർജ സംരക്ഷണത്തിൽ പരിശീലനം: ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ നിർദേശപ്രകാരം എനർജി മാനേജ്മെന്റ് സെന്റർ കേരളയും (ഇ.എം.സി.) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും സംയുക്തമായി ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്കും വിദ്യാർഥികൾക്കുമായി "വൈദ്യുത സുരക്ഷയും ഊർജ സംരക്ഷണവും" എന്ന വിഷയത്തിൽ രണ്ട് ഘട്ട പരിശീലന പരിപാടി ആവിഷ്കരിച്ചു.

ആദ്യഘട്ട പരിശീലകർക്കുള്ള പരിശീലന പരിപാടിയായ (Training of Trainers) വിജയകരമായി 2025 ആഗസ്റ്റ് 23 തിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റോറിയം സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. വൈദ്യുത സുരക്ഷ, വൈദ്യുത ആഘാതമേറ്റാൽ സ്വീകരിക്കേണ്ട ഫസ്റ്റ് എയ്ഡ് മാർഗങ്ങൾ, ഊർജ സംരക്ഷണം എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു. ഹൈബ്രിഡ് മോഡലിലാണ് ആദ്യഘട്ട പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

ഒന്നാം ഘട്ട പരിശീലനം നേടിയ അധ്യാപകർ രണ്ടാം ഘട്ടത്തിൽ ഇ.എം.സി.-യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് തയാറാക്കിയ പവർ പോയിന്റ് പ്രസന്റേഷൻ

ഉപയോഗിച്ച് അതത് സ്കൂളുകളിൽ മറ്റ് അധ്യാപകർക്കും വിദ്യാർഥികൾക്കും മറ്റ് ജീവനക്കാർക്കും വൈദ്യുത സുരക്ഷയും ഊർജ സംരക്ഷണത്തിലും ഒരു മണിക്കൂർ നീണ്ട പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്.

വൈദ്യുത കണക്ഷൻ പുനഃസ്ഥാപിക്കൽ

212 (2716) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1166276009151 നമ്പർ വൈദ്യുത കണക്ഷൻ നിലവിൽ ആരുടെ പേരിലാണെന്നും ഈ കണക്ഷൻ എത്ര വർഷമായിട്ടുള്ളതാണെന്നും വ്യക്തമാക്കാമോ?

1166276009151 എന്ന നമ്പറിലുള്ള വൈദ്യുത കണക്ഷൻ നിലവിൽ ബാലൻ കെ. കെ., സെക്രട്ടറി, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, കോഴിക്കോട് ഡിസ്ട്രിക്ട് കൗൺസിൽ പാർട്ടി ഓഫീസ് എന്ന പേരിലുള്ളതാണ്. 13 വർഷമായി നിലവിലുള്ളതാണ് ടി കണക്ഷൻ. 06-03-2024-ന് ഓണർഷിപ്പ് മാറ്റിയിട്ടുണ്ട്. 18-04-2012-ൽ എടുത്ത കണക്ഷനാണ്.

(ബി) കെട്ടിട ഉടമയുടെ സമ്മതപ്രകാരം വർഷങ്ങളായി ഗ്രൗണ്ട് ഫ്ലോറിൽ സ്ഥാപിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നാം നിലയിലെ പ്രസ്തുത വൈദ്യുത കണക്ഷൻ മീറ്റർ താഴത്തെ നിലയിൽനിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമയുടെ മകൻ മീറ്ററിലെ ഫ്യൂസ് ഊരിമാറ്റി ഡി.ബി. ബോർഡിലേക്കുള്ള വയർ പൊട്ടിച്ചതുസംബന്ധിച്ച് വാച്ചാൽ ശ്രീ. ശ്രീധരൻ നൽകിയ പരാതിയിൽ വൈദ്യുത വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ചോദ്യത്തിൽ പരാമർശിച്ച പ്രവൃത്തിമൂലം ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള മെയിൻ സ്വിച്ചും അനുബന്ധ വയറിങും കേടുവന്നിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള മീറ്ററിനും കട്ടൗട്ട് ഫ്യൂസിനും യാതൊരു തകരാറും സംഭവിച്ചിട്ടില്ല. മെയിൻ സ്വിച്ചും അനുബന്ധ വയറിങ്ങിനും കേടുവന്നതിനാലാണ് ഉപഭോക്താവിന് വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാതെ വന്നത്. പരാതി ലഭിച്ച സമയത്തുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രമിസസ് പരിശോധിക്കുകയും വസ്തുതകൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം പരാതിയിൽ വൈദ്യുത കണക്ഷൻ മീറ്റർ മാറ്റി നൽകേണ്ട സാമ്പത്തിക ഉത്തരവാദിത്വം വൈദ്യുത വകുപ്പിന്റേതാണോ പരാതി ഉന്നയിച്ച ആളിന്റേതാണോ അതോ കണക്ഷൻ ഉടമയുടേതാണോ എന്ന് വ്യക്തമാക്കുമോ?

മീറ്റർ ഷിഫ്റ്റിങ് ഡെപ്പോസിറ്റ് വർക്ക് ആയതിനാൽ വൈദ്യുത നിയമപ്രകാരമുള്ള സുരക്ഷാ കാര്യങ്ങൾ പാലിച്ചുകൊണ്ടുള്ള വയറിങ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അപേക്ഷ ഓഫീസിൽ സമർപ്പിക്കുകയും റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുക കൺസ്യൂമർ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. തുക അടക്കുന്ന മുറയ്ക്ക് മീറ്റർ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങുന്നതാണ്.

(ഡി) മേല്പറഞ്ഞ വൈദ്യുതി കണക്ഷനിൽ കഴിഞ്ഞ മൂന്ന് വർഷമായി എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെന്ന് മാസം (വൈദ്യുത ബിൽ മാസം) തിരിച്ച് പറയാമോ; മേൽ ബില്ലിൽ ഓരോ മാസവും അടച്ച തുകയുടെ ബിൽ ലഭ്യമാക്കാമോ?

ഓരോ മാസവും അടച്ച തുകയുടെ ബിൽ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) വൈദ്യുതവകുപ്പിന്റെ നിരുത്തരവാദിത്വം കാരണം പരാതിക്കാരന് ജനറേറ്റർ ഉപയോഗിച്ച് ഓഫീസ് പ്രവത്തിച്ചതുമൂലം വന്നിട്ടുള്ള സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

1166276009151 നമ്പറിലുള്ള വൈദ്യുതി കണക്ഷനിലെ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിന് 26-09-2025-ന് ഉപഭോക്താവ് അപേക്ഷ സമർപ്പിക്കുകയും പ്രമിസസ്സ് പരിശോധിച്ചപ്പോൾ ELCB, Earth connection, മെയിൻ സ്വിച്ച് എന്നിവ സ്ഥാപിച്ചിട്ടില്ലെന്നുള്ള വിവരം ഉപഭോക്താവിനെ അറിയിക്കുകയും മേല്പഞ്ഞവ സ്ഥാപിച്ച് മുറയ്ക്ക് 29-09-2025-ന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തു. 29-09-2025-ന് ഉപഭോക്താവ് വർക്ക് ഡെപ്പോസിറ്റ് തുക അടച്ചപ്രകാരം അന്നുതന്നെ മീറ്റർ മാറ്റി സ്ഥാപിച്ചിട്ടുള്ളതുമാണ്.

വൈദ്യുതിവകുപ്പ് ജീവനക്കാരുടെ ഭാഗത്തുനിന്നും മേല്പറഞ്ഞ കാര്യങ്ങളിൽ നിരുത്തരവാദപരമായ സമീപനമുണ്ടായിട്ടില്ലെന്നാണ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ

213 (2717) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ആറ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷനുകൾ സുഗമമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിരുന്നാലും വൈദ്യുതി തടസ്സം, നെറ്റ്‌വർക്ക് ലഭ്യത കുറവ് മുതലായ കാരണങ്ങളാൽ ചില സമയങ്ങളിൽ പ്രവർത്തന തടസ്സം ഉണ്ടാകാറുണ്ട്. ആയത് ഉടനടി പരിഹരിച്ച് പോകുന്നുണ്ട്. ചാർജിങ് സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ചാർജിങ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ള സ്ഥലം, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ഉപഭോഗം, തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

അനെർട്ട്

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ അപേക്ഷകളൊന്നും അനെർട്ടിൽ ലഭിച്ചിട്ടില്ല.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിദ്യാലയങ്ങളുടെ സമീപത്തുകൂടെ പോകുന്ന വൈദ്യുതി ലൈനുകളാണ് മാറ്റേണ്ടതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുകൂടി കടന്നുപോകുന്ന പ്രസരണ വൈദ്യുതി ലൈനുകളുടെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയതായി നിർമ്മിച്ച മൂന്നുനില കെട്ടിടം 110 കെ.വി. കുത്തുപറമ്പ് നെടുംപൊയിൽ/66 കെ.വി. വലിയവെളിച്ചം നെടുംപൊയിൽ ലൈനിന്റെ ടവർ ലൊക്കേഷൻ നമ്പർ 22, 23 എന്നിവയ്ക്കിടയിലായി നിർമ്മിച്ചതാണ്. പ്രസ്തുത ടവറുകൾക്കിടയിൽ നടത്തിയ സ്ഥലപരിധിയിൽ സ്കൂൾ കെട്ടിടം ബന്ധപ്പെട്ട അധികൃതരുടെ അനുമതിയില്ലാതെയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നോട്ടിഫിക്കേഷൻ 2023 (മെഷേഴ്സ് റിലേറ്റിങ് റ്റു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ)-യിലെ റെഗുലേഷൻ 63 പ്രകാരം നിയമാനുസൃത അകലം പാലിക്കാതെ നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കണ്ണൂർ ലൈൻ മെയിന്റനൻസ് വിഭാഗം-1, മുണ്ടയാട് ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ 27-02-2024-ന് ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ പ്രിൻസിപ്പലിന് അറിയിപ്പ് കൊടുക്കുകയും അതുപ്രകാരം നോട്ടീസ് കിട്ടി ഉടൻതന്നെ നിയമാനുസൃതമല്ലാത്ത ഭാഗങ്ങൾ പൊളിച്ചുമാറ്റി നിയമവിധേയമാക്കാനുള്ള നടപടികൾ കൈകൊള്ളണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇതേ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ട് കണ്ണൂർ ജില്ലയിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ 16-03-2024-ന് സ്കൂളിന്റെ പ്രിൻസിപ്പലിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തുകൾ ലഭിച്ചതിൻ പ്രകാരം സ്കൂൾ പ്രിൻസിപ്പാൾ കണ്ണൂർ ലൈൻ മെയിന്റനൻസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറുപടി നൽകുകയും ആയതിൽ സ്കൂൾ കെട്ടിടം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിക്കേണ്ട NOC ലഭിക്കാതെ നിർമ്മിച്ചതാണെന്നും എന്നാൽ പ്രസ്തുത കെട്ടിടവും ലൈനും വേണ്ടതായ സുരക്ഷ അകലം പാലിക്കുന്നുണ്ടെന്നും അറിയിച്ചിരുന്നു. എന്നാൽ വേണ്ടതായ അനുമതി ലഭിക്കാതെ നിർമ്മിച്ച കെട്ടിടമായതിനാൽ

ആയതിനുവേണ്ട തുടർനടപടികൾ ചെയ്യേണ്ടതാണെന്നും അതുമൂലം ഉണ്ടായേക്കാവുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും സ്കൂളധികൃതർ മാത്രമായിരിക്കും ഉത്തരവാദികളെന്നും കാണിച്ച് കണ്ണൂർ ലൈൻ മെയിന്റനൻസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 28-07-2025-ന് വീണ്ടും കത്ത് നൽകിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർ കെട്ടിടത്തിന്റെ അനുമതിക്കായി വേണ്ട രേഖകളോ മറ്റ് അപേക്ഷകളോ ഇതുവരെ ഹാജരാക്കിയിട്ടില്ലെന്നാണ് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുള്ളത്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ ഇരിട്ടി എച്ച്.എസ്.എസ്., പടിയൂർ എച്ച്.എസ്.എസ്., കൊതേരി എൽ.പി.എസ്. എന്നീ സ്കൂളുകൾക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പണമടയ്ക്കാനുള്ള ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. കാനാട് എൽ.പി. സ്കൂൾ കളിസ്ഥലത്തിന് കുറുകെയും പനയാത്തൻപറമ്പ് എൽ.പി. സ്കൂളിന് ചേർന്നുള്ള റോഡിൽ കൂടെയും ലൈൻ കടന്നുപോകുന്നുണ്ട്. ഈ ലൈനുകളുടെ നവീകരണ പ്രവൃത്തി ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി 14 മീറ്റർ ഉയരമുള്ള പോസ്റ്റുകളും കവചിത കമ്പികളും ഉപയോഗിച്ച് ഉയരം കൂട്ടി സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും കാനാട് എൽ.പി. സ്കൂൾ കളിസ്ഥലത്തിന് കുറുകെ പോകുന്ന പ്രസ്തുത ലൈൻ മാറ്റുന്നതിന് സമീപവാസികളായ സ്ഥലം ഉടമകളുടെ സമ്മതം അത്യാവശ്യമാണ്. സമ്മതം കിട്ടുന്ന മുറയ്ക്ക് ഈ ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ എടയന്നൂർ സ്കൂൾ, കണ്ണാൻകുന്ന് അങ്കണവാടി, പാനലാട് അങ്കണവാടി, നെടുകുളം സ്കൂൾ, കളംപാറ സ്കൂൾ ഗ്രൗണ്ട് എന്നീ സ്കൂളുകളിലെ ലൈനുകൾ മാറ്റേണ്ടതുണ്ട്. ലൈനുകൾ മാറ്റുന്ന പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിൽ മാറ്റി സ്ഥാപിച്ച പഴക്കം ചെന്ന ട്രാൻസ്ഫോമറുകൾ

214 (2718) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വിതരണ രംഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിൽ മാറ്റി സ്ഥാപിച്ച പഴക്കം ചെന്ന ട്രാൻസ്ഫോർമറുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വിതരണ രംഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിൽ മാറ്റി സ്ഥാപിച്ച ട്രാൻസ്ഫോമറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ

215 (2719) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി എത്ര സ്ഥലങ്ങളിലാണ് വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചതെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥലങ്ങളുടെ പേരുവിവരം നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി സ്ഥാപിച്ച ചാർജിങ് സ്റ്റേഷനുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

അനെർട്ട്

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിൽ അനെർട്ടിന്റെ സാമ്പത്തിക സഹായത്തോടെ ഒരു ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ NIMS Medicity നെയ്യാറ്റിൻകരയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഓരോ ചാർജിങ് സ്റ്റേഷനും എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

അനെർട്ട്

NIMS Medicity നെയ്യാറ്റിൻകരയിൽ സ്ഥാപിച്ച ചാർജിങ് സ്റ്റേഷന് നാല് ലക്ഷം രൂപ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായമായി അനുവദിച്ചിട്ടുണ്ട്.

സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

216 (2720) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകർ അടക്കേണ്ട തുകയിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നിലവിൽ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000 w വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവരുന്നുണ്ട്.

2022-27 കാലയളവിലേക്കായി 100 കോടി രൂപ ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78135 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ ധനസഹായത്തോടെ പൂർത്തീകരിക്കുന്ന വീടുകൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സൗജന്യമായി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

സർക്കാരിന്റെ ധനസഹായത്തോടെ പൂർത്തീകരിക്കുന്ന മേൽ വിഭാഗത്തിൽ ഉൾപ്പെടാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി കണക്ഷൻ നൽകാൻ നിശ്ചയിച്ചിരിക്കുന്ന തുക അടയ്ക്കേണ്ടതാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് റെഗുലേഷൻ 32, 37 പ്രകാരം ഏതുതരം വൈദ്യുത കണക്ഷനും ആ കണക്ഷൻ നല്കുന്നതിലേക്കായി വേണ്ടിവരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്നും ഇത്തരത്തിൽ ഏതെങ്കിലും വിഭാഗത്തിന് ചെലവ് വഹിക്കുന്നതിൽനിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി

ലൈസൻസിക്ക് നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ പണം അടയ്ക്കുന്ന ക്രമത്തിലാണ് പുതിയ കണക്ഷനുകൾ നൽകിവരുന്നത്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾ

217 (2721) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കുറ്റ്യാടി ബൈപാസ്, വടകര വില്യാപ്പള്ളി ചേലക്കാട് റോഡ്, കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡ് എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തിയുടെ ഭാഗമായുള്ള വില്യാപ്പള്ളി-തണ്ണീർപന്തൽ-അക്ലോത്ത് നട വില്യാപ്പള്ളി റോഡിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് കെ.ആർ.എഫ്.ബി. ആവശ്യപ്പെട്ടപ്രകാരം 1,39,40,714/- രൂപയുടെയും 1,87,42,858/- രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി കല്ലാച്ചി മാർക്കറ്റിന് സമീപമുള്ള പെട്രോൾ പമ്പ് മുതൽ ചേലക്കാട് വരെയുള്ള വർക്കിന് 29,73,760/- രൂപയുടെ എസ്റ്റിമേറ്റും ചേലക്കാട് മുതൽ തണ്ണീർപന്തലിൽ വരെയുള്ള വർക്കിന് 96,08,951/- രൂപയുടെ എസ്റ്റിമേറ്റും നൽകിയിട്ടുണ്ട്. പണം അടയ്ക്കുന്ന മുറയ്ക്ക് വർക്ക് തുടങ്ങാനാവുന്നതാണ്. കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ ഭാഗമായി 19,50,000/- രൂപയുടെ എസ്റ്റിമേറ്റ് ആർ.ബി.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്. പണം അടയ്ക്കുന്ന മുറയ്ക്ക് വർക്ക് തുടങ്ങാനുള്ള നടപടികളെടുക്കുന്നതാണ്. കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡ് എന്നീ പ്രവൃത്തികളുടെ

ഭാഗമായുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾക്കായി 23,98,594/- രൂപ അടച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ വളയത്തൂർ-പഴശ്ശി നഗർ ഭാഗത്ത് റോഡിന്റെ വർക്ക് പുരോഗമിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ വർക്കും പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

നിലവിൽ റോഡിന്റെ വർക്ക് പുരോഗമിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ വർക്കും പൂർത്തീകരിച്ച് വരുന്നുണ്ട്. എസ്റ്റിമേറ്റ് തുക ലഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള വർക്കുകൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

സംസ്ഥാനത്തെ ഊർജ നയങ്ങൾ

218 (2722) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വാൻസ്ഡ് മീറ്ററിങ് ഇൻഫ്രാസ്ട്രക്ചർ (എ.എം.ഐ.) നടപ്പാക്കുന്നത് കെ.എസ്.ഇ.ബി.എൽ. വൈകിപ്പിക്കുന്നതിനാൽ കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള നിശ്ചിത തീയതിക്കുള്ളിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ പറ്റാത്ത സാഹചര്യത്തിൽ എനർജി ഓഡിറ്റിങ് പോലെയുള്ള ഭാവി പ്രശ്നങ്ങളെ അതിജീവിക്കാൻ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് മികച്ച ഒരു എനർജി ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി അഡ്വാൻസ്ഡ് മീറ്ററിങ് ഇൻഫ്രാസ്ട്രക്ചർ (AMI) പദ്ധതി നടപ്പാക്കുന്നതിന് KSEBL 3 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി ഒന്നാം ഘട്ടമെന്ന നിലയ്ക്ക് പുരോഗമിച്ചുവരുന്നു. ഇതുപ്രകാരം സംസ്ഥാനത്തെ എല്ലാ HT ഫീഡർ മീറ്ററുകളും ഒക്ടോബർ 2025-ഓടെ സ്മാർട്ട് മീറ്ററുകളിലേക്ക് മാറുന്നതാണ്. 2026-മാർച്ചോടെ എല്ലാ ട്രാൻസ്ഫോമർ മീറ്ററുകളും സർക്കാർ സ്ഥാപനങ്ങളുടെ മീറ്ററുകളും തുടർന്ന് എല്ലാ HT ഉപഭോക്താക്കളുടെ മീറ്ററുകളും സ്മാർട്ട് മീറ്ററാക്കുകയും ചെയ്യുന്നതാണ്.

രണ്ടാം ഘട്ടമായി 50 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നടപടികൾ പുരോഗിമിക്കുന്നു.

ഈ പ്രവൃത്തികൾക്ക് സമാന്തരമായി ഊർജ ഓഡിറ്റിങ്ങിനായുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള (RDSS-പദ്ധതിയുടെ ഭാഗമായി) വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ സോഫ്റ്റ്വെയറിന്റെ നിർമ്മാണം 2026-മാർച്ചിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇതര സംസ്ഥാനങ്ങൾ വൈദ്യുതി ഉൽപാദന-വിതരണ സംവിധാനത്തിനായി കേന്ദ്ര ഊർജ വകുപ്പ് നിർദേശിച്ച പൊതുമാനദണ്ഡങ്ങളെ അവലംബിച്ച് പ്രവർത്തനം വിജയകരമായി നടപ്പാക്കുമ്പോൾ സംസ്ഥാനം അതിന് വിരുദ്ധമായി ഒരു ബദൽ നയം മുന്നോട്ട് വയ്ക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

വൈദ്യുതി ഉൽപാദന-വിതരണ സംവിധാനത്തിനായി കേന്ദ്ര ഊർജമന്ത്രാലയത്തിന്റെ നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തനം നടത്തിയിട്ടില്ല. RDSS പദ്ധതിക്ക് അനുസരിച്ചുള്ള

പ്രോജക്ടുകളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ AMI പ്രോജക്ട് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന രീതിയിൽ നടപ്പാക്കുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടും ഉപഭോക്താക്കൾക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും കണക്കിലെടുത്ത് ടി പ്രോജക്ട് വ്യത്യസ്തമായ രീതിയിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന് കേന്ദ്ര ഗവൺമെന്റിന്റെ സമ്മതം ലഭിച്ചിട്ടുള്ളതുമാണ്.

(സി) 2040-ാം വർഷത്തോടെ 100% പുനരുപയോഗ ഊർജ ഉപയോഗവും 2050-ഓടുകൂടി നെറ്റ് സീറോ എമിഷനും കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ എനർജി ട്രാൻസിഷൻ റോഡ് മാപ്പ് എന്താണെന്ന് വ്യക്തമാക്കാമോ?

2040-നോടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണമായും പുനരുപയോഗ ഊർജ സ്രോതസ്സുകളിൽനിന്നും കണ്ടെത്താനും ഒപ്പം 2050-ഓടുകൂടി കാർബൺ ന്യൂട്രൽ ആക്കുക എന്നതാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനോട് ചേർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിരവധി ഇടപെടലുകൾ ആരംഭിക്കുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും പുനരുപയോഗ ഊർജ്ജ വികസനം, ഗ്രീൻ മൊബിലിറ്റി, സമ്പൂർണ വൈദ്യുതീകരണം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. 2030-ഓടെ സംസ്ഥാന വൈദ്യുതി ആവശ്യങ്ങളുടെ പ്രധാന ഭാഗം നവീകരണ ശേഷിയുള്ള ഉറവിടങ്ങളിൽനിന്നും നേടുക. Transmission & Distribution Loss കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കും. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

നിലവിൽ 187.536 MW ശേഷിയുള്ള 10 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 92 MW ശേഷിയുള്ള 13 ചെറുകിട പദ്ധതികൾ 2030-നുള്ളിൽ പൂർത്തീകരിക്കും. ഇതിനുപുറമെ വരുംവർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിത ശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മി പദ്ധതി, എന്നിവയ്ക്കുപുറമെ പതിനഞ്ചോളം മറ്റ് ജലവൈദ്യുതി പദ്ധതികളും പരിഗണനയിലുണ്ട്. ഈ കാലയളവിനുള്ളിൽ 350 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030-ഓടുകൂടി സോളാർ സ്ഥാപിത ശേഷി 3000-3500 MW ആകാൻ ഇടയുണ്ട്. പകൽ സമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരും വർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 3000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പാക്കും. ഊർജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ 2030 എന്ന പദ്ധതി വിഭാവനം ചെയ്യുകയും ഇതിലുൾപ്പെടുത്തി മേൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുകയുമാണ്.

2040-ഓടെ 100% പുനരുപയോഗ ഊർജ ഉപയോഗവും 2050-ഓടെ നെറ്റ് സീറോ എമിഷനും കൈവരിക്കുന്നതിനായി നടപ്പാക്കുന്ന സൗരോർജ പദ്ധതികളുടെ ഭാഗമായി സൗരപുരപ്പുറ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ നിലയങ്ങളിലായി 30-08-2025 വരെ ആകെ 287240 നിലയങ്ങൾ സ്ഥാപിച്ചതുവഴി 1876.215 MW സൗരോർജം സോളാർ പദ്ധതിയുടെ ഭാഗമായി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്

വിൻഡ് മേഖലയിൽ 300 മെഗാവാട്ടിന്റെ പദ്ധതികൾ IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്ത് നടപ്പാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതുപോലെ തന്നെ കാറ്റിന്റെ ശക്തി താരതമ്യേന കൂടുതലുള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ഉപയോഗ ശൂന്യമായ ഭൂമി/ ആദിവാസി ഭൂമി എന്നിവയിൽനിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ IPP മോഡലിൽ നടപ്പാക്കാനുള്ള നടപടികളും തുടങ്ങി കഴിഞ്ഞു.

(ഡി) 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉല്പാദകർ കയറ്റുമതി ചെയ്ത മിച്ച സൗരോർജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക് (എ.പി.പി.സി.)

പ്രഖ്യാപിക്കുന്നതിന് കെ.എസ്.ഇ.ആർ.സി. സ്വന്തം റെഗുലേഷൻ (കെ.എസ്.ഇ.ആർ.സി. പുനരുപയോഗ ഊർജ, നെറ്റ്മീറ്ററിങ് റെഗുലേഷൻ 2020) ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) 2020-ലെ പുനരുപയോഗ ഊർജ, നെറ്റ്മീറ്ററിങ് ചട്ടങ്ങളെ മറികടന്ന് കെ.എസ്.ഇ.ആർ.സി. ഉപഭോക്താക്കൾക്ക് കുറഞ്ഞ സെറ്റിൽമെന്റ് നിരക്ക് പ്രഖ്യാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(ഡി&ഇ) 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉൽപാദകർ ഗ്രിഡിലേക്ക് പകൽ സമയത്ത് നൽകിയ അധിക വൈദ്യുതിക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യൂണിറ്റിന് 11 പൈസ കൂടുതലാണ് 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് അംഗീകരിച്ചുനൽകിയിട്ടുള്ളത്.

മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്.

എന്നാൽ 2023-24 വർഷത്തേക്ക് താഴെപ്പറയുന്ന കാരണങ്ങളാൽ വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള

സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർധിക്കുകയും അതുകാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർധിക്കുകയും ചെയ്തിരുന്നു.

(i) സംസ്ഥാനത്ത് 2023-24-ൽ ലഭിച്ച മഴ സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതുകാരണം ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉൽപാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 1477 ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.

(ii) രാജ്യത്താകമാനവും സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24-ൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ പീക്ക് ഡിമാന്റും വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർധിക്കുകയുണ്ടായി. ടി കാരണത്താൽ 2023-24-ൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 2422 ദശലക്ഷം യൂണിറ്റ് വർധിച്ചിരുന്നു.

വരൾച്ചയും ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങും ഒഴിവാക്കുന്നതിനും വേണ്ടി യൂണിറ്റിന് 10 രൂപ മുതൽ 12 രൂപ വരെ നിരക്കിൽ പീക്ക് സമയത്തും രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതുകാരണം വൈദ്യുതി വാങ്ങൽ ചെലവ് 2022-23-ൽ യൂണിറ്റിന് 3 രൂപ 15 പൈസയായിരുന്നത് 2023-24 വർഷത്തേക്ക് 4 രൂപ 34 പൈസയായി വർധിച്ചിരുന്നു.

സോളാർ ഉൽപാദകർ പകൽ സമയത്ത് മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക്

സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.

മേൽകാരണങ്ങളാൽ പീക്ക് സമയത്തും രാത്രി കാലങ്ങളിലുമുണ്ടായ ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിത വിലക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക്, പുരപ്പുറ സോളാർ ഉൽപാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മീഷൻ വിലയിരുത്തിയത്. എന്നാൽ 2023-24-ൽ 2022-23 നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ലേഷൻ കൂടി കണക്കിലെടുത്ത് മുൻവർഷത്തെ അപേക്ഷിച്ച് യൂണിറ്റിന് 11 പൈസ അധികമായി നൽകി 3 രൂപ 26 പൈസയാണ്. 2024-25 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്.

കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ വൈദ്യുതി കണക്ഷൻ

219 (2723) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗക്കാർക്കും പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ എന്തെല്ലാം ഇളവുകളാണ് കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നതെന്ന് വിശദീകരിക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000 w

വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ട് ഉപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ച് നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

2022-27 കാലയളവിലേക്കായി 100 കോടി രൂപ ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78135 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗക്കാർ നിർമ്മിക്കുന്ന നിശ്ചിത വിസ്തീർണ്ണത്തിൽ കുറവുള്ള വീടുകൾക്ക് വൈദ്യുതി ലൈനുകൾ സൗജന്യമായി സ്ഥാപിച്ചുനൽകുന്ന നിലവിലെ ആനുകൂല്യം പുതിയ വീട് നിർമ്മിക്കുമ്പോൾ കൺസ്ട്രക്ഷൻ പർപ്പസിനായി എടുക്കുന്ന താൽക്കാലിക കണക്ഷന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സൗജന്യമായി വൈദ്യുത ളണകൾ സ്ഥാപിച്ച് കിട്ടാൻ അർഹതയുള്ള വീടുകൾ നിർമ്മിക്കുന്നവർക്ക് പ്രസ്തുത വീടിന്റെ നിർമ്മാണ ആവശ്യത്തിനായി താൽക്കാലിക വൈദ്യുത കണക്ഷന് അപേക്ഷിക്കുമ്പോൾ തന്നെ സൗജന്യമായി വൈദ്യുത ളണകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹികേതര ആവശ്യങ്ങൾക്ക് എടുക്കുന്ന കണക്ഷനുകൾക്ക് സൗജന്യമായി ളണകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകാനുള്ള നിർദേശം നിലവിൽ പരിഗണനയിലില്ല.

പഴയ പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടി

220 (2724) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതി പദ്ധതിയായ പള്ളിവാസൽ ജലവൈദ്യുതി പദ്ധതിയുടെ പഴയ പവർഹൗസ് കെട്ടിടവും അനുബന്ധ യന്ത്രസാമഗ്രികളുടെ കൺട്രോൾ റൂമും നാശത്തിന്റെ വക്കിലെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പഴയ പവർഹൗസ് കെട്ടിടത്തിൽ തന്നെയാണ് നിലവിൽ പള്ളിവാസൽ വൈദ്യുതി നിലയം പ്രവർത്തിക്കുന്നത്. പഴയ പവർഹൗസ് കെട്ടിടവും അനുബന്ധ യന്ത്ര സാമഗ്രികളുടെ കൺട്രോൾ റൂമും സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

പള്ളിവാസൽ വൈദ്യുത നിലയത്തിന്റെ പഴക്കം ചെന്ന പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്പെടുത്താവുന്ന രീതിയിൽ പ്രസ്തുത പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരളത്തിലെ ആദ്യ ജലവൈദ്യുതി പദ്ധതി എന്ന നിലയിൽ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ വൈദ്യുത നിലയം ഒരു മ്യൂസിയത്തിന്റെ മാതൃകയിൽ മാറ്റാനുള്ള വിപുലമായ സാധ്യതകൾ പരിശോധിച്ചുവരുന്നു.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി

221(2725) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ചേലേമ്പ്ര, പള്ളിക്കൽ, പെരുവള്ളൂർ, മൂന്നിയൂർ, വള്ളിക്കുന്ന്, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിൽ 2021 ജനുവരി മുതൽ 2025 സെപ്റ്റംബർ വരെ കെ.എസ്.ഇ.ബി.എൽ. നടത്തിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെയും മറ്റ് പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ചേലേമ്പ്ര, പള്ളിക്കൽ, പെരുവള്ളൂർ, മൂന്നിയൂർ, വള്ളിക്കുന്ന്, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിൽ 2021 ജനുവരി മുതൽ 2025 സെപ്റ്റംബർ വരെ കെ.എസ്.ഇ.ബി.എൽ. നടത്തിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെയും മറ്റ് പദ്ധതികളുടെയും വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

A. മൂന്നിയൂർ പഞ്ചായത്ത്

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 9 എണ്ണം

2. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കൽ -2 എണ്ണം

3. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ -2.9 കിലോമീറ്റർ

4. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ - 11.15 കിലോമീറ്റർ

5. പുതിയ ഹൈടെൻഷൻ ലൈൻ വലിക്കൽ - 2 കിലോമീറ്റർ

6. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് -7.5 കിലോമീറ്റർ

7. എൽ.ടി. ലൈൻ കൺവെർഷൻ -2.94 കിലോമീറ്റർ

മറ്റ് പദ്ധതികൾ

1. സ്ട്രീറ്റ് മെയിൻ നിർമ്മാണം -18 കിലോമീറ്റർ

2. പുതിയ കണക്ഷൻ നൽകൽ -1800 എണ്ണം

B. പെരുവള്ളൂർ പഞ്ചായത്ത്

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -4 എണ്ണം

2. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് - 2.5 കിലോമീറ്റർ

3. എ.ബി. കേബിൾ ഉപയോഗിച്ചുള്ള ഹൈഡ്രേഷൻ ലൈൻ വലിക്കൽ - 10.4 കിലോമീറ്റർ

4. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ -1 കിലോമീറ്റർ

5. പുതിയ ഹൈ ടെൻഷൻ ലൈൻ വലിക്കൽ -0.45 കിലോമീറ്റർ

6. എൽ.ടി. ലൈൻ കൺവെർഷൻ -2.75 കിലോമീറ്റർ

മറ്റ് പദ്ധതികൾ

1. സ്ട്രീറ്റ് മെയിൻ നിർമ്മാണം - 11 കിലോമീറ്റർ

2. പുതിയ കണക്ഷൻ നൽകൽ - 230 എണ്ണം

C. പള്ളിക്കൽ പഞ്ചായത്ത്

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 12 എണ്ണം

2. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ

- 0.382 കിലോമീറ്റർ

3. എൽ.ടി. ലൈൻ കൺവെർഷൻ - 3.76 കിലോമീറ്റർ

4. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് - 6.7 കിലോമീറ്റർ

5. Rabbit ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് - 1.2 കിലോമീറ്റർ

D. തേഞ്ഞിപ്പലം പഞ്ചായത്ത്

1. എൽ.ടി. ലൈൻ കൺവെർഷൻ -7.839 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -7 എണ്ണം

E. ചേലേമ്പ്ര പഞ്ചായത്ത്

1. എൽ.ടി. ലൈൻ കൺവെർഷൻ - 0.844 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 6 എണ്ണം

3. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കൽ-3 എണ്ണം

4. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ –0.6 കിലോമീറ്റർ

5. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ

-0.62 കിലോമീറ്റർ

6. RACCOON ഉപയോഗിച്ചുള്ള പുതിയ ഹൈടെൻഷൻ ലൈൻ വലിക്കൽ -0.3 കിലോമീറ്റർ

7. എ.ബി. കേബിൾ ഉപയോഗിച്ച് എൽടി ലൈൻ റീ കണ്ടക്ടിങ്

- 7.957 കിലോമീറ്റർ

8. എ.ബി. കേബിൾ ഉപയോഗിച്ച് HT ലൈൻ റീ കണ്ടക്ടിങ് -

0.25 കിലോമീറ്റർ

9. എ.ബി. കേബിൾ ഉപയോഗിച്ചുള്ള LT ലൈൻ വലിക്കൽ -

0.6 കിലോമീറ്റർ

F. <u>വള്ളിക്കുന്ന് പഞ്ചായത്ത്</u>

1. എൽ.ടി. ലൈൻ കൺവെർഷൻ -6.365 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -7 എണ്ണം

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ചേളാരി സെക്ഷൻ മുഖേന സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 56 kW സ്ഥാപിത ശേഷിയിൽ 4 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 9 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

Sl. No.	Landmark	Section

1	Parambil Pidika (Peruvallor Panchayat)	Chelari
2	Munniyoor Panchayat- Muttiyara road	Thalapara
3	Anagadi- Athanikal road	Vallikunnu
4	Opposite Thazhe Chollari Karigakullath	Chelari
5	YKC - Kakkachiri- Kottapuram road	Chelari
6	Devathiyil town	Chelari
7	Super	Thalapara
8	Kuttumoochi	Vallikunnu
9	Kadapadi	Kunnumpuram

(ബി) ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിൽ കടലുണ്ടി, ചേളാരി, രാമനാട്ടുകര എന്നീ സെക്ഷനുകൾ മുഖേനയും പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ ചേളാരി, പുളിക്കൽ, കൊണ്ടോട്ടി, കുന്നുംപുറം എന്നീ സെക്ഷനുകൾ മുഖേനയും മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ചേളാരി, തലപ്പാറ, പരപ്പനങ്ങാടി എന്നീ സെക്ഷനുകൾ മുഖേനയും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ വള്ളിക്കുന്ന്, കടലുണ്ടി എന്നീ സെക്ഷനുകൾ മുഖേനയും പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ ചേളാരി, കുന്നുംപുറം, തലപ്പാറ എന്നീ സെക്ഷനുകൾ മുഖേനയും തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിൽ ചേളാരി, വള്ളിക്കുന്ന് എന്നീ സെക്ഷനുകൾ മുഖേനയും നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ചേലേമ്പ്ര പഞ്ചായത്ത്

1. ചേളാരി

1. എൽ.ടി. ലൈൻ കൺവെർഷൻ - 0.844 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 2 എണ്ണം

2. രാമനാട്ടുകര

1. RACCOON ഉപയോഗിച്ചുള്ള പുതിയ ഹൈടെൻഷൻ ലൈൻ വലിക്കൽ - 0.3 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 2 എണ്ണം

3. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കൽ- 1-എണ്ണം

4. എ.ബി. കേബിൾ ഉപയോഗിച്ച് എൽടി ലൈൻ റീ കണ്ടക്ടിങ് - 0.75 കിലോമീറ്റർ

5. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ -0.6 കിലോമീറ്റർ

3. കടലുണ്ടി

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -2 എണ്ണം

2. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കൽ-2 എണ്ണം

3. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ -0.62 കിലോമീറ്റർ

4. എ.ബി. കേബിൾ ഉപയോഗിച്ചുള്ള LT ലൈൻ വലിക്കൽ -0.6 കിലോമീറ്റർ

5. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് - 7.207 കിലോമീറ്റർ

6. എ.ബി. കേബിൾ ഉപയോഗിച്ച് HT ലൈൻ റീ കണ്ടക്ടിങ് - 0.25 കിലോമീറ്റർ

പള്ളിക്കൽ പഞ്ചായത്ത്

1. കുന്നുംപുറം

A. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -3 എണ്ണം

B. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ

- 0.2 കിലോമീറ്റർ

C. എൽ.ടി. ലൈൻ കൺവെർഷൻ -0.318 കിലോമീറ്റർ

D. എ.ബി. കേബിൾ ഉപയോഗിച്ച് എൽടി ലൈൻ റീ കണ്ടക്ടിംഗ്

- 0.5 കിലോമീറ്റർ

2. ചേളാരി

1. എൽ.ടി. ലൈൻ കൺവെർഷൻ - 1.942 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 3 എണ്ണം

3. കൊണ്ടോട്ടി

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -5 എണ്ണം

2. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ്

-2.5 കിലോമീറ്റർ

3. എൽ.ടി. ലൈൻ കൺവെർഷൻ -1.5 കിലോമീറ്റർ

4. പുളിക്കൽ

1. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -1 എണ്ണം

2. എ.ബി. കേബിൾ ഉപയോഗിച്ചുള്ള HT ലൈൻ വലിക്കൽ

-0.182 കിലോമീറ്റർ

3. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ്

-3.7 കിലോമീറ്റർ

4. Rabbit ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ്

-1.2 കിലോമീറ്റർ

മൂന്നിയൂർ പഞ്ചായത്ത്

1. തലപ്പാറ

A. എ.ബി. കേബിൾ ഉപയോഗിച്ചുള്ള ഹൈഡ്രേഷൻ ലൈൻ വലിക്കൽ

-11 കിലോമീറ്റർ

B. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ -2 എണ്ണം

C. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -9 എണ്ണം

D. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ -2.9 കിലോമീറ്റർ

E. എ.ബി. കേബിൾ ഉപയോഗിച്ച് എൽടി ലൈൻ റീ കണ്ടക്ടിങ്

-7.5 കിലോമീറ്റർ

F. എൽ.ടി. ലൈൻ കൺവെർഷൻ -0.5 കിലോമീറ്റർ

2. പരപ്പനങ്ങാടി

A. പുതിയ ഹൈടെൻഷൻ ലൈൻ വലിക്കൽ -2 കിലോമീറ്റർ

B. എ.ബി. കേബിൾ ഉപയോഗിച്ചുള്ള ഹൈഡ്രേഷൻ ലൈൻ വലിക്കൽ

-0.15 കിലോമീറ്റർ

C. എൽ.ടി. ലൈൻ കൺവെർഷൻ -1.78 കിലോമീറ്റർ

3. ചേളാരി

A. എൽ.ടി. ലൈൻ കൺവെർഷൻ -0.66 കിലോമീറ്റർ

പെരുവള്ളൂർ പഞ്ചായത്ത്

1. ചേളാരി

A. എൽ.ടി. ലൈൻ കൺവെർഷൻ -1.35 കിലോമീറ്റർ

B. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -1 എണ്ണം

2. കുന്നുംപുറം

A. എ.ബി. കേബിൾ ഉപയോഗിച്ചുള്ള ഹൈഡ്രേഷൻ ലൈൻ വലിക്കൽ -10.4 കിലോമീറ്റർ

B. യു.ജി. ഹൈടെൻഷൻ ലൈൻ വലിക്കൽ -1 കിലോമീറ്റർ

C. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -3 എണ്ണം

D. പുതിയ ഹൈടെൻഷൻ ലൈൻ വലിക്കൽ -0.45 കിലോമീറ്റർ

E. എൽ.ടി. ലൈൻ കൺവെർഷൻ -1.385 കിലോമീറ്റർ

3. തലപ്പാറ

A. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -1 എണ്ണം

B. എ.ബി. കേബിൾ ഉപയോഗിച്ച് എൽ.ടി. ലൈൻ റീ കണ്ടക്ടിങ് -2.5 കിലോമീറ്റർ

മറ്റ് പദ്ധതികൾ

1. സ്ട്രീറ്റ് മെയിൻ നിർമ്മാണം -11 കിലോമീറ്റർ

2. പുതിയ കണക്ഷൻ നൽകൽ -230 എണ്ണം

തേഞ്ഞിപ്പലം പഞ്ചായത്ത്

1. ചേളാരി

1. എൽ.ടി. ലൈൻ കൺവെർഷൻ -4.549 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -5 എണ്ണം

2. വള്ളിക്കുന്ന്

1. എൽ.ടി. ലൈൻ കൺവെർഷൻ -3.29 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -2 എണ്ണം

വള്ളിക്കുന്ന് പഞ്ചായത്ത്

1. വള്ളിക്കുന്ന്

1. എൽ.ടി. ലൈൻ കൺവെർഷൻ -6.365 കിലോമീറ്റർ

2. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -7 എണ്ണം

2. കടലുണ്ടി

നിലവിൽ പദ്ധതികളില്ല.

കോങ്ങാട് നിയോജകമണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ

222 (2726) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

11-12-2017-ലെ സർക്കാർ ഉത്തരവ് G.O.(Ms)No.25/2017/PD പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ആറ്റില 1, ആറ്റില 2 പദ്ധതികളുടെ വനാനുമതിക്കായി സംരംഭകർ 'പരിവേഷ് പോർട്ടൽ'-ൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ വനം വകുപ്പ് അനുമതി നൽകാതെ 2023-ൽ അപേക്ഷ റദ്ദാക്കിയിരുന്നു. പിന്നീട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇ.എം.സി.

ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് നടത്തിയ പദ്ധതി പ്രദേശ പരിശോധനകൾക്കുശേഷം വന ഭൂമിയുടെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി പുതിയ അപേക്ഷ വീണ്ടും പരിവേഷ് പോർട്ടലിൽ നൽകാൻ ആവശ്യപ്പെട്ടിരുന്നു. 20-01-2025-ന് സംരംഭകൻ പുതുക്കിയ അപേക്ഷ പരിവേഷ് പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ അപേക്ഷ പരിവേഷ് പോർട്ടൽ പ്രകാരം വനം വകുപ്പിന്റെ പരിഗണനയിൽ തന്നെയാണ്.

(ബി) പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരിവേഷ് പോർട്ടൽ പരിശോധിച്ചപ്പോൾ അപേക്ഷ സമർപ്പിച്ചതിന് ശേഷം വിവിധ ഘട്ടങ്ങളിലിയായി സംരംഭകൻ വനം വകുപ്പ് ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടുള്ളതാണ്. ഈ രേഖകൾ തയ്യാറാക്കി അയക്കുന്നതിലുള്ള കാലതാമസവും പരിശോധനകൾക്ക് വനം വകുപ്പിന് വേണ്ട സമയവും കാലതാമസത്തിന് കാരണമാകുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രം പദ്ധതി നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സംരംഭകൻ വനം വകുപ്പ്/കേന്ദ്ര വനം മന്ത്രാലയം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകി വേണ്ട നടപടിക്രമങ്ങൾ (കോമ്പൻസേറ്ററി അഫോറെസ്റ്റേഷൻ ഭൂമി നൽകുന്നതുൾപ്പടെ) പൂർത്തിയാക്കിയാൽ മാത്രമാണ്

നിർമ്മാണത്തിന് വനാനുമതി നടപടി പൂർത്തിയാകുന്നത്. വനാനുമതി ലഭിച്ച് ഏകദേശം 2 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വിവിധ പ്രവൃത്തികൾ

223 (2727) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

പാലക്കാട് ജില്ലയിൽ 2016 മേയ് മാസം മുതൽ വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണവും ആധുനികവൽക്കരണവും ലക്ഷ്യം വയ്ക്കുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 1547.93 കി.മീ. ഹൈടെൻഷൻ ലൈൻ (HT), 2726.24 കി.മീ. ലോടെൻഷൻ ലൈൻ (LT), 53.17 കി.മീ. ഭൂഗർഭ കേബിൾ എന്നിവ നിർമ്മിച്ച് 1881 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 915.21 കി.മീ. സിംഗിൾ ഫേസ് ലൈനിനെ ത്രീ ഫേസ് ആക്കി കൺവേർഷൻ ചെയ്തു. സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി 10963.5 കി.മീ. ലോടെൻഷൻ വൈദ്യുത കമ്പികളും 897.39 കി.മീ. ഹൈടെൻഷൻ വൈദ്യുത കമ്പികളും എ.ബി.സി. കേബിൾ (Aerial Bunched Cable (ABC)), കവചിത കണ്ടക്ടർ (Covered Conductor), UG Cable എന്നിവ ഉപയോഗിച്ച് നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ നാളിതുവരെ പാലക്കാട് ജില്ലയിൽ 12.563 km അണ്ടർ ഗ്രൗണ്ട് കേബിളുകൾ (UG) വലിക്കുകയും 85.35 ckm 11 കെ.വി. ലൈനിനെ കവേർഡ് കണ്ടക്ടർ വച്ച് റീകണ്ടക്ടറിങ് ചെയ്യുകയും 6 km 11 കെ.വി. ലൈനിനെ RACCOON കണ്ടക്ടർ വച്ച് റീകണ്ടക്ടറിങ് ചെയ്യുകയും 164.846 km LT ലൈനിനെ AB കണ്ടക്ടർ വച്ച് റീകണ്ടക്ടറിങ് ചെയ്യുകയും 41 എണ്ണം Ring Main Unit (RMU)-കൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 67.72 കി.മീ. HT ലൈൻ വർക്കുകൾ, 133.25 കി.മീ. LT ലൈൻ വർക്കുകൾ, 56.69 കി.മീ. HT റീകണ്ടക്ടറിങ്, 168.03 കി.മീ. LT റീകണ്ടക്ടറിങ്, 26.04 കി.മീ. LT Conversion, 54 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 6 എണ്ണം ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ പാലക്കാട് ജില്ലയിൽ 158.0819 കോടി രൂപയുടെ വിവിധ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർക്കുകളിൽ HT-യിലും LT-യിലും പഴയ ലൈനുകൾ മാറ്റി പുതിയ ലൈനുകളാക്കൽ, പുതിയ ലൈനുകൾ ABC കേബിൾ ഉപയോഗിച്ചും UG കേബിൾ ഉപയോഗിച്ചും വലിക്കൽ, സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ആക്കി മാറ്റൽ, പുതിയ ട്രാൻസ്ഫോർമർ വയ്ക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, റിങ് മെയിൻ യൂണിറ്റുകൾ (RMU) സ്ഥാപിക്കൽ, മഴക്കാലത്ത് വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും ട്രാൻസ്ഫോർമറുകളെ

ഉയർത്തൽ എന്നീ വർക്കുകൾ ഉൾപ്പെടുന്നു. അതിനായുള്ള വിവിധ സാധന സാമഗ്രികളുടെ സംഭരണം നടന്നുകൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിൽ സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 2078.69 kW സ്ഥാപിത ശേഷിയിൽ 179 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. സൗര ഫേസ്-II പദ്ധതിയിൽ ഉൾപ്പെടുത്തി 11868.6 kW സ്ഥാപിതശേഷിയിൽ 3331 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനുപുറമെ 5.06 MW ശേഷിയുള്ള 5 ഭൗമോപരിതല സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. കൂടാതെ പി.എം. കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 3 സൗരോർജ നിലയങ്ങൾ 2200 kW സ്ഥാപിത ശേഷിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 12,51,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് എത്തിക്കാൻ കഴിയാത്ത വിദൂര ആദിവാസി നഗറുകളായ കുരിയാർകുട്ടി, 30 ഏക്കർ, അല്ലിമൂപ്പൻ, ഒറവൻപാടി, കച്ചിത്തോട് എന്നിവയ്ക്കും അനമട, സൂര്യപാറ I, സൂര്യപാറ II എന്നീ വിദൂര സ്ഥലങ്ങളിലും ആകെ 84 kW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി.

ഇതിനുപുറമെ പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് മുഖേന 5 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 88 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

2016 മുതൽ നാളിതുവരെ പാലക്കാട് ട്രാൻസ്മിഷൻ വിഭാഗം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

<u>അനെർട്ട്</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ആകെ 811.5 kW ശേഷിയുള്ള 72 സൗരോജ പവർ പ്ലാന്റുകളും 62 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു. കൂടാതെ 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ഏറ്റവും കൂടുതൽ ദുരിതം ബാധിച്ച പ്രദേശങ്ങളിലായി 10 kW ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നല്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു.

2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് ജില്ലയിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾ എല്ലാംതന്നെ പ്രവർത്തന യോഗ്യമാണ്.

പാലക്കാട് ജില്ലയിൽ പി.എം. കുസും പദ്ധതിയുടെ നിർവഹണത്തിനായി 1435 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകുകയും അതിൽ 738 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 582 സൈറ്റുകളിൽ സോളാർ പവർ പ്ലാന്റ് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ചാർജിങ് മെഷീനുകളെല്ലാം നിലവിൽ പ്രവൃത്തിക്കുന്നുണ്ട്. ഈ പദ്ധതി വഴി സ്ഥാപിച്ച ചാർജിങ് മെഷീനുകളെല്ലാം തന്നെ DC fast charging മെഷീനുകളായതിനാൽ ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് വളരെ പ്രയോജനകരമാണ്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിലെ പദ്ധതികൾ

224 (2728) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ-പ്രസരണ മേഖലയിൽ സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെയും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിൽ സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെയും വിശദാംശം, ചെലവഴിച്ച തുക, പ്രവൃത്തി പുരോഗതി എന്നിവ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ബാലുശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വൈദ്യുതി വിതരണമേഖലയിൽ ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചുള്ള ദ്യുതി പദ്ധതിയും കേന്ദ്ര അധിഷ്ഠിത പദ്ധതിയായ ആർ.ഡി.എസ്.എസ്. (RDSS) പദ്ധതിയിലുമായി വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായുള്ള വിവിധ പ്രവൃത്തികൾ നടത്തിവരുന്നു. പുതിയ HT/LT ലൈൻ നിർമാണം, വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പഴയ ലൈൻ മാറ്റൽ, നിലവിലെ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ വിവരവും, ചെലവാക്കി കൊണ്ടിരിക്കുന്ന തുകയുടെ വിവരവും സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

ദ്യുതി പദ്ധതി

സെക്ഷന്റെ പേര്	**ചെലവഴിച്ച തുക (കോടി)**
കക്കൂർ (Kakkur)	2.86
ഉണ്ണികുളം (Unnikulam)	6.91
ബാലുശ്ശേരി (Balussery)	7.33
കൊട്ടലിട (Koottalida)	2.78
കൂരചുണ്ട് (Koorachundu)	2.70
നടുവന്നൂർ (Naduvannur)	4.38
ആകെ	**26.96**
സെക്ഷന്റെ പേര്	**ചെലവാക്കി കൊണ്ടിരിക്കുന്ന തുക**

	(കോടി)
കക്കുർ (Kakkur)	1.0
ഉണ്ണികുളം (Unnikulam)	4.59
ബാലുശ്ശേരി (Balussery)	0.22
കൊട്ടലിട (Koottalida)	1.66
കുരചുണ്ട് (Koorachundu)	3.42
നടുവന്നൂർ (Naduvannur)	0.50
ആകെ	**11.39**

ആർ.ഡി.എസ്.എസ് പദ്ധതി

സെക്ഷന്റെ പേര്	**ചെലവാക്കി കൊണ്ടിരിക്കുന്ന തുക (കോടി)**
കക്കുർ (Kakkur)	0.59
ഉണ്ണികുളം (Unnikulam)	1.48
ബാലുശ്ശേരി (Balussery)	0.24
കൊട്ടലിട (Koottalida)	7.72
കുരചുണ്ട് (Koorachundu)	0.45
നടുവന്നൂർ (Naduvannur)	2.30
ആകെ	**12.78**

പ്രസരണ മേഖലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ, ബാലുശ്ശേരി 33 കെ.വി. സബ്സ്റ്റേഷൻ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി 2022-ൽ പൂർത്തിയാക്കി (തുക - 1.2 കോടി രൂപ).

ബാലുശ്ശേരി-കൊയിലാണ്ടി ഫീഡറിന്റെ റീ-കണ്ടക്ടറിങ് പ്രവൃത്തി RDSS സ്കീമിൽ പൂർത്തിയാക്കി. 20-03-2025-ന് ചാർജ് ചെയ്തു. (തുക - 4.8 കോടി രൂപ).

സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 87.28 kW സ്ഥാപിത ശേഷിയിൽ 8 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനായി ആകെ 8,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പി.എം. കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 100 kW-ന്റെ ഒരു സൗരോർജ്ജ നിലയവും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 56,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് അനെർട്ട് നടപ്പാക്കിയ പദ്ധതികളുടെ വിശദംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

225(2729) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിരന്തരമായുണ്ടാകുന്ന വൈദ്യുതി പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വിതരണ മേഖലയിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലെ വൈദ്യുതി പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 11.75 കോടി രൂപയുടെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി, 1.7 കോടി രൂപയുടെ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, 1.13 കോടി രൂപയുടെ 11 കെ.വി. കവചിത കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ ജി.എസ്.ടി., centage തുടങ്ങിയ ചാർജ്ജുകൾ കരാർ തുകയിൽ [PAC (Probable Amount of Contract)] ഉൾക്കൊള്ളിക്കുന്നതിൽ ചില വ്യതിയാനങ്ങൾ കണ്ടെത്തുകയും 26-04-2025-ൽ ടെൻഡറുകൾ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണുണ്ടായതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

PAC (Probable Amount of Contract) കണക്കാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 04-08-2025-ലെ ഉത്തരവ് B.O.(FTD) No.464/2025 (Dyuthi 24-25 Mission Summer 25-Part (1), Thiruvananthapuram പ്രകാരം PWD-യിൽ നിന്നുള്ള മെമ്പറെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി യോഗം ചേർന്ന് നിശ്ചയിച്ച മാനദണ്ഡങ്ങൾ ബോർഡ് അംഗീകരിച്ചതിനെത്തുടർന്ന് പ്രവൃത്തികൾ ടെൻഡർ ചെയ്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതിയും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും താഴെ കൊടുത്തിരിക്കുന്നു.

കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ: കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മരവട്ടം കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷന്റെ ചുറ്റുമതിൽ, ഗേറ്റ് നിർമ്മാണം എന്നിവ പൂർത്തിയായി. സബ്സ്റ്റേഷൻ യാർഡിലെ ഉപകരണങ്ങളുടെ ഫൗണ്ടേഷൻ നിർമ്മാണവും കൺട്രോൾ റൂം നിർമ്മാണവും പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ യാർഡിൽ ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സ്ഥാപനം, കൺട്രോൾ റൂം നിർമ്മാണം, 11 കെ.വി. പാനലുകളുടെ സ്ഥാപനം, കേബിൾ കണക്ഷനുകൾ തുടങ്ങിയ പ്രധാന പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 2025 ഡിസംബർ അവസാനത്തോടെ ഒരു ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കി 2 ഫീഡറുകളിൽ വൈദ്യുതി നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി സബ്സ്റ്റേഷനായുള്ള 5 കി.മീ. ലൈനിന്റെ നിർമ്മാണം 100% പൂർത്തീകരിച്ചു.

110 കെ.വി. എടയൂർ സബ്സ്റ്റേഷൻ: കോട്ടക്കൽ നിയോജകമണ്ഡലത്തിൽ വിഭാവനം ചെയ്ത 110 കെ.വി. എടയൂർ സബ്സ്റ്റേഷനുവേണ്ടി മാവണ്ടിയൂർ പ്രദേശത്ത് ലഭ്യമാക്കുമെന്ന് കരുതിയ ഭൂമി തരം മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന് ലഭ്യമായിട്ടില്ലെന്നും പുതിയ സ്ഥലം ലഭിക്കാനായി അന്വേഷണം നടത്തുകയാണെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. 33 കെ.വി. വലിയകുന്ന്, 33 കെ.വി. കോട്ടക്കൽ സബ്സ്റ്റേഷനുകൾക്ക് ആവശ്യമായ സ്ഥലവും ലഭ്യമായിട്ടില്ലെന്നും ടി

സബ്സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി ലഭ്യമാക്കാൻ തയ്യാറായ സ്ഥലം ഉടമകളെ ഇനിയും കണ്ടെത്തുന്നതിനുള്ള അന്വേഷണം പുരോഗമിക്കുകയാണെന്നും ടി സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലെ ലോഡ്ഫ്ലോ സ്റ്റഡി നടത്തിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി DPR, ഭരണാനുമതി തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ നിർമ്മാണം ആരംഭിക്കാനാകൂവെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

33 കെ.വി. ഒതുക്കുങ്ങൽ സബ്സ്റ്റേഷൻ: കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 33 കെ.വി. ഒതുക്കുങ്ങൽ സബ്സ്റ്റേഷനിൽ രണ്ട് 5 MVA ട്രാൻസ്ഫോർമറുകളുടെ ശേഷി 1x5 MVA + 2x8 MVA ആക്കി ഉയർത്തുന്ന പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുള്ളതായും ഇതിന്റെ പശ്ചാത്തലത്തിൽ ഒരു അഡീഷണൽ 5 MVA ട്രാൻസ്ഫോർമർ വയ്ക്കുന്ന പ്രവൃത്തിയും കൺട്രോൾ റൂം വിപുലീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. 2 എണ്ണം 8 MVA ട്രാൻസ്ഫോർമറുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇതിനോടനുബന്ധിച്ചുള്ള മറ്റ് പ്രവൃത്തികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കാനാകുമെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

കുണ്ടറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

226 (2730) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും

ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും ആയതിനായി ചെലവഴിച്ച തുകയും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 144 kW സ്ഥാപിത ശേഷിയിൽ 6 പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനായി ആകെ 56.15 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം കെട്ടിടത്തിൽ 55 kW സ്ഥാപിത ശേഷിയിൽ 2 സോളാർ പ്ലാന്റ് 38 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

കുണ്ടറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും എട്ട് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ചെലവഴിച്ച തുക – 23,92,136.00/- രൂപ.

<u>പ്രസരണ വിഭാഗത്തിന് കീഴിലുള്ള പദ്ധതികൾ</u>

1. 110 കെ.വി. കൊട്ടിയം സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. കണ്ണനല്ലൂർ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി നൽകുന്ന 6.5 കി.മീ. ദൈർഘ്യമുള്ള 33 കെ.വി. ഓവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെഡ് ലൈൻ കവചിത കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തി ആർ.ഡി.എസ്.എസ്. സ്കീമിൽ 26-05-2025-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിക്ക് ചെലവായ തുക – 211.64 ലക്ഷം രൂപ.

2. കൂണ്ടറ സബ്സ്റ്റേഷനിലെ ഹെറിറ്റേജ് ബിൽഡിങ് നവീകരണം പൂർത്തീകരിച്ചു.

പദ്ധതിക്ക് ചെലവായ തുക – 10 ലക്ഷം രൂപ.

3. കൂണ്ടറ സബ്സ്റ്റേഷനിലെ 110 കെ.വി. യാർഡിന്റെ മോഡിഫിക്കേഷൻ 50% പൂർത്തീകരിച്ചു.

പദ്ധതിക്ക് അനുവദിച്ച തുക – 80 ലക്ഷം രൂപ.

4. കൂണ്ടറ സബ്സ്റ്റേഷനിലെ അപ്രോച്ച് റോഡിന്റെ നിർമ്മാണം 50% പൂർത്തീകരിച്ചു.

പദ്ധതിക്ക് അനുവദിച്ച തുക – 80 ലക്ഷം രൂപ.

5. കണ്ണനല്ലൂർ സബ്സ്റ്റേഷനിലെ 5MVA ട്രാൻസ്ഫോർമറുകൾ 8 MVA ആയി ഉയർത്തുന്ന പ്രവൃത്തി അനുവദിച്ചു.

പദ്ധതിക്ക് അനുവദിച്ച തുക – 230 ലക്ഷം രൂപ.

മലപ്പുറം പാക്കേജിലെ നിലമ്പൂർ സർക്കിളിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി

227 (2731) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിനുവേണ്ടി നിലവിൽ അനുവദിച്ചിരിക്കുന്ന 45 കോടി രൂപയുടെ പാക്കേജ് നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദ്യുതി സ്പെഷ്യൽ പാക്കേജിൽ നിലമ്പൂർ സർക്കിളിൽ അനുവദിച്ചിരിക്കുന്ന തുക 40.18 കോടി രൂപയാണ്. സാധാരണഗതിയിൽ വിതരണ രംഗത്തെ വർക്കുകൾക്ക് ആവശ്യമായ മെറ്റീരിയൽ കെ.എസ്.ഇ.ബി.എൽ. പർച്ചേസ് ചെയ്യുകയും ലേബർ വർക്കുകൾ മാത്രം കരാർ വിളിച്ച് കൊടുക്കുകയുമാണ് ചെയ്തിരുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടി ദ്യുതി സ്പെഷ്യൽ പാക്കേജ് ടേൺ കീ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തത്. എന്നാൽ ജി.എസ്.ടി., centage charges തുടങ്ങിയ ചാർജ്ജുകൾ കരാർ തുകയിൽ (PAC (Probable Amount of Contract)) ഉൾക്കൊള്ളിക്കുന്നതിൽ ചില വ്യതിയാനങ്ങൾ കണ്ടെത്തുകയും 2025 ഏപ്രിൽ 26-ന് ടെൻഡറുകൾ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെട്ട നിലമ്പൂർ സർക്കിളിലെ ഭൂരിഭാഗം പ്രവൃത്തികളുടെയും ടെൻഡർ റദ്ദാക്കപ്പെട്ട നിലയിലാണുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

PAC (Probable Amount of Contract) കണക്കാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 04-08-2025-ലെ കെ.എസ്.ഇ.ബി.എൽ. ഉത്തരവ് B.O.(FTD) No.464/2025 (Dyuthi 24-25 Mission Summer 25-Part (1), Thiruvananthapuram പ്രകാരം PWD-യിൽനിന്നുള്ള മെമ്പറെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി യോഗം ചേർന്ന് നിശ്ചയിച്ച മാനദണ്ഡങ്ങൾ ബോർഡ് അംഗീകരിച്ചതിനെത്തുടർന്ന് പ്രവൃത്തികൾ

ടെൻഡർ ചെയ്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

2016 മുതൽ നാളിതുവരെയുള്ള അധിക വൈദ്യുതി ഉൽപാദനം

228 (2732) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വൈദ്യുതി ഉൽപാദന മേഖലയിൽ എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉപഭോഗം വർധിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി) 2016 മുതലുള്ള വൈദ്യുതി ഉപഭോഗവും ആകെ വൈദ്യുതി ഉൽപാദനത്തിന്റെയും കണക്കുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ മൊത്തം 28.5 MW സ്ഥാപിത ശേഷിയോടെ അഞ്ച് ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവകൂടാതെ ഏഴാംകടവ് (350kW) പദ്ധതി ഗ്രിഡിൽ യോജിപ്പിച്ച് വൈദ്യുതി നൽകുന്നുണ്ട്. കമ്മീഷനിങ് നടപടി പൂർത്തിയായിട്ടില്ല.

പദ്ധതികൾ - പതങ്കയം (കോഴിക്കോട്) (8 MW), കാരിക്കയം (പത്തനംതിട്ട) സ്റ്റേജ്-2 (4.5 MW), ആനക്കാംപൊയിൽ (കോഴിക്കോട്) (8 MW), അരിപ്പാറ (കോഴിക്കോട്) (4.5 MW), മുക്കുടം (ഇടുക്കി) (4 MW).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 2016 മുതൽ അനെർട്ട് മുഖേന ആകെ 41.37 മെഗാവാട്ട് ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

•സോളാർസിറ്റി തിരുവനന്തപുരം പദ്ധതി - 17.06 മെഗാവാട്ട്

•സൗര പദ്ധതി – 7 മെഗാവാട്ട്

•ഡെപ്പോസിറ്റ് വർക്ക് – 14.810 മെഗാവാട്ട്

•അനെർട്ട് പദ്ധതി – 2.5 മെഗാവാട്ട്

•ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ 67 വിദൂര ആദിവാസി കോളനികളിൽ അനെർട്ട് മുഖേന 2325 ഹോം ലൈറ്റിങ് സിസ്റ്റം സ്ഥാപിച്ചുനൽകി.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

നിലവിൽ 4100 എണ്ണം പമ്പുകളുടെ സൗരോർജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ഇതിൽ 2200 എണ്ണത്തിന്റെ സൗരോർജവൽക്കരണം പൂർത്തിയായി. ഇതിൽ 1150 എണ്ണം സൗരോർജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 4.1 MW അധിക സൗരോർജശേഷി നേടാനായിട്ടുണ്ട്.

മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

229 (2733) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 വർഷങ്ങളിൽ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2024-25, 2025-26 വർഷങ്ങളിലെ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ പുളിക്കൽ പഞ്ചായത്തിലെ കൊട്ടപ്പുറം പാണ്ടിയാട്ടുപുറത്ത് അപകടകരമായ നിലയിലുള്ള 11 കെ.വി. ലൈൻ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ പുളിക്കൽ പഞ്ചായത്തിലെ കോട്ടപ്പുറം പാണ്ടിയാട്ടുപുറത്ത് അപകടകരമായ നിലയിലുള്ള 11 കെ.വി. ലൈൻ മാറ്റുന്ന പ്രവൃത്തി ദ്യുതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ദ്യുതി സ്പെഷ്യൽ പാക്കേജ് ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം നടത്തി വരുന്നു.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

230 (2734) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ പ്രധാനമായും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

1) പുഷ്പകണ്ടത്തെ നിർദ്ദിഷ്ട 33/110 kV സബ്സ്റ്റേഷനിൽനിന്നും നെടുംങ്കണ്ടം സബ്സ്റ്റേഷനിലേക്ക് പാരമ്പര്യേതര വൈദ്യുതി എത്തിക്കുന്ന 110 kV ഡബിൾ സർക്യൂട്ട് ലൈൻ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു.

2) കുത്തുങ്കലിൽനിന്നും നെടുംങ്കണ്ടത്തേക്കുള്ള 110 kV ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

3) 66 kV നെടുംങ്കണ്ടം സബ്സ്റ്റേഷന്റെ വോൾട്ടത 110 kV നിലവാരത്തിലേക്ക് ഉയർത്തി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

4) 66 kV നെടുംങ്കണ്ടം സബ്സ്റ്റേഷനിലെ 66/11 kV, 8 MVA ശേഷിയുള്ള ട്രാൻസ്ഫോർമർ മാറ്റി പകരം 66/11 kV, 10 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

5) 33 kV ഉടുമ്പൻചോല സബ്സ്റ്റേഷന്റെയും അനുബന്ധ 33 kV ഫീഡറിന്റെയും (കുത്തുങ്കൽ-ഉടുമ്പൻചോല ലൈൻ) പ്രവൃത്തികൾ പുരോഗമിക്കുന്നു.

സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 21 പുരപ്പുര സൗരോർജ നിലയങ്ങൾ 100 kW സ്ഥാപിത ശേഷിയിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 10 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു:

Pole Mounted Charging Stations Installed at Udumbanchola Constituency		
Sl No.	**Landmark**	**Section**
1	Near Kallar New Mini Vaidyuthy Bhavan	Nedumkandom
2	Vandenmedu Board Ganesha statue	Vandanmedu
3	Rajakkadu Town	Rajakkadu
4	Rajakumari Town	Rajakumari
5	Near Santhanpara Bus Stop	Rajakumari
6	Erattayar Market	Erattayar
7	Near Thookupalam Electrical Section	Thookkupalam
8	Near Pampadumpara Panchayath Office	Nedumkandom
9	Udumbanchola Town	Udumbanchola
10	Senapathy Jn.	Rajakumari

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ദ്യുതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

11 kV ലൈൻ സ്ഥാപിക്കൽ	- 51 km
HT ABC ലൈൻ സ്ഥാപിക്കൽ	- 13 km
33 kV ലൈൻ സ്ഥാപിക്കൽ	- 21 km
LT സിംഗിൾ ഫേസ് ലൈൻ സ്ഥാപിക്കൽ	- 97 km
LT 3 ഫേസ് ലൈൻ സ്ഥാപിക്കൽ	- 39 km
സിംഗിൾ ഫേസ് - 3 ഫേസ് കൺവേർഷൻ	- 53 km
LT ABC ലൈൻ സ്ഥാപിക്കൽ	- 23 km
LT ലൈൻ റീകണ്ടക്ടറിങ്	- 165 km
HT ലൈൻ റീകണ്ടക്ടറിങ്	- 3 km
ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	- 62 എണ്ണം

തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ R.D.S.S വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

11 kV UG കേബിൾ സ്ഥാപിക്കൽ	7 km

HT ABC ലൈൻ സ്ഥാപിക്കൽ 4 km
HT ലൈൻ റീകണ്ടക്ടറിങ് 19.15 km

കൂടാതെ ഏകദേശം 2 കോടി രൂപയുടെ മുതൽ മുടക്കിൽ നെടുങ്കണ്ടത്ത് ഒരു മിനി വൈദ്യുതി ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ അനേർട്ട് മുഖേന ഉടുമ്പൻചോല പഞ്ചായത്ത് കാര്യാലയത്തിൽ 10 kW ശേഷിയുള്ള സൗരോർജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

ഊർജ സംഭരണ സംവിധാനം

231 (2735) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇവ എന്നത്തേക്കാണ് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷന് (എൻ.എച്ച്.പി.സി.) 1,500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

(BESS) സ്ഥാപിക്കാൻ കേന്ദ്ര ഊർജ മന്ത്രാലയത്തിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയുണ്ടായി. ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കാൻ NHPC സമ്മതിക്കുകയും 17-01-2025-ന് ആയതിനുള്ള ടെൻഡർ എൻ.എച്ച്.പി.സി. പ്രസിദ്ധീകരിക്കുകയും ചെയ്തു. 09-07-2025-ന് നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ.എച്ച്.പി.സി. നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/ 60 മെഗാവാട്ടവർ (BESS): ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/ 160 മെഗാവാട്ടവർ (BESS): എൻ.റ്റി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ്.

മലപ്പുറം ജില്ലയിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/ 120 മെഗാവാട്ടവർ (BESS): ടാറ്റ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ്

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ.റ്റി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ് എന്നിങ്ങനെയാണ് എൻ.എച്ച്.പി.സി. മുഖാന്തരം BESS സ്ഥാപിക്കുന്നത്.

പദ്ധതിക്കാവശ്യമായ സ്ഥലം ഡെവലപ്പർക്ക് റൈറ്റ് ടു യൂസ് അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യുന്നതുൾപ്പെടെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഈ പദ്ധതിയിലൂടെ പ്രതിദിനം 500 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കാനും പീക്ക് സമയങ്ങളിലെ അധിക ഊർജ ആവശ്യകത നിറവേറ്റുവാനും സാധിക്കും. പ്രസ്തുത പദ്ധതി ഒക്ടോബർ 2026 ഓടുകൂടി പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വൈദ്യുത സംഭരണ പദ്ധതി വഴി 135 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാകും.

(ബി) സംസ്ഥാനത്ത് പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ കേടുകൂടാതെ സൂക്ഷിക്കുന്ന സൗകര്യങ്ങളുള്ള സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അനെർട്ട് മുഖേന കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകൾ കേടാകാതെ സൂക്ഷിക്കുന്നതിനായി 5 MT ശേഷിയുള്ള കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. തുടർന്ന് MLA ഫണ്ട് ഉപയോഗിച്ച് ഈ വർഷം 5 MT ശേഷിയുള്ള ഒരു സിസ്റ്റം കൂടി സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (RCC)-യിൽ വാക്സിനുകൾ കേടുകൂടാതെ താഴ്ന്ന ഊഷ്മാവിൽ സംഭരിച്ചുവയ്ക്കുന്നതിനായി 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.

കൃഷിഭവന് കീഴിലുള്ള ആനയറ, വേൾഡ് മാർക്കറ്റിൽ പഴങ്ങൾ, പച്ചക്കറികൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.

ഇവ കൂടാതെ പാലക്കാട് ജില്ലയിലെ വേലന്താവളം മാർക്കറ്റ്, പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ എന്നിവ കേടുകൂടാതെ

സൂക്ഷിക്കുന്നതിനുള്ള 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണിയും അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്നും പദ്ധതിപ്രദേശം തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം എന്താണെന്നും അറിയിക്കുമോ?

അനെർട്ട് മുഖേന കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകൾ കേടാകാതെ സൂക്ഷിക്കുന്നതിനായി 5 MT ശേഷിയുള്ള കോൾഡ് സ്റ്റോറേജ് സിസ്റ്റം പരീക്ഷണ അടിസ്ഥാനത്തിൽ ആദ്യം സ്ഥാപിക്കുകയും ഇത് വിജയകരമായി പ്രവർത്തിക്കുന്നതിനെ തുടർന്ന് MLA ഫണ്ട് ഉപയോഗിച്ച് ഈ വർഷം 5 MT ശേഷിയുള്ള ഒരു സിസ്റ്റം കൂടി സ്ഥാപിക്കുകയും ചെയ്തു. ഇവ സ്ഥാപിച്ചത് യഥാക്രമം ഇൻഫികോൾഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പ്ലസ് അഡ്വാൻസ്ഡ് ടെക്നോളജി എന്നീ സ്ഥാപനങ്ങളാണ്.

നഗരങ്ങളിലെ വർധിച്ചുവരുന്ന ഊർജ ആവശ്യം അക്ഷയ ഊർജ സ്രോതസ്സുകളിലൂടെ നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ സോളാർസിറ്റി പദ്ധതിയിലേക്ക് തിരഞ്ഞെടുത്തു. പദ്ധതിയുടെ ആദ്യ ഘട്ടമായി തിരുവനന്തപുരം നഗരപരിധിയിലെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സ്മാർട്ട്സിറ്റിയുടെ സാമ്പത്തിക സഹായത്തോടെ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു. കൂടാതെ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവയും തിരുവനന്തപുരം RCC-യിൽ വാക്സിനുകൾ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നതിനും കൃഷിഭവന് കീഴിലുള്ള ആനയറ, വേൾഡ് മാർക്കറ്റിൽ

പഴങ്ങൾ, പച്ചക്കറികൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനവും ഏർപ്പെടുത്തി. സോളാർസിറ്റി മാനദണ്ഡമായി സ്വീകരിച്ച് കൊണ്ടാണ് ഇവ രണ്ടും സ്ഥാപിച്ചിട്ടുള്ളത്. ഇവ സ്ഥാപിച്ചത് വാറ്റ്സൺ എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്.

കൂടാതെ പാലക്കാട് ജില്ലയിലെ വേലന്താവളം മാർക്കറ്റ്, പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ കൂടുതലായി ഉൽപാദിപ്പിക്കുകയും ശേഖരിക്കുകയും ചെയ്യുന്നതിനാൽ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് പരീക്ഷണ അടിസ്ഥാനത്തിൽ 10 MT വീതം ശേഷിയുള്ള 2 കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. ഇവ സ്ഥാപിച്ചത് വാറ്റ്സൺ എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്.

തോറിയം അധിഷ്ഠിത ന്യൂക്ലിയർ പവർ പ്ലാന്റുകൾ

232 (2736) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള തീരത്ത് ലഭ്യമാകുന്ന തോറിയം ഇന്ധനമായി ഉപയോഗിച്ച് ന്യൂക്ലിയർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പഠിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചുമതലപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതിക വിദ്യയെക്കുറിച്ചും വൈദ്യുതി ഉൽപാദനത്തിനായി കേരളത്തിലെ വിപുലമായ തോറിയം ശേഖരം തന്ത്രപരമായി എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നതിനെക്കുറിച്ചും ഒരു സാധ്യതാ പഠനം നടത്തുന്നതിലേക്കായി കൽപ്പാക്കം ആണവ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പഠന റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

പഠന റിപ്പോർട്ട് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

233 (2737) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി വൈദ്യുതി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ എന്നീ പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി വൈദ്യുതി വകുപ്പ്

നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അതിന്റെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എത്രയും വേഗം ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരികയാണ്.

മണലൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

234 (2738) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസരണ മേഖലയിൽ മണലൂർ നിയോജകമണ്ഡലത്തിൽപെടുന്ന 33 കെ.വി. മുല്ലശ്ശേരി സബ്സ്റ്റേഷനിൽ പുതിയതായി 33/11 കെ.വി. 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ വിതരണ മേഖലയിൽ പുതിയതായി 104 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപിച്ച സ്ഥലം	**ട്രാൻസ്ഫോർമറുകളുടെ എണ്ണം**
വാടാനപ്പള്ളി	5
വെങ്കിടങ്ങ്	13
പറപ്പൂർ	11
കണ്ടശ്ശാങ്കടവ്	18
പാവറട്ടി	29
ക്കുന്നംമൂച്ചി	6
കേച്ചേരി	10
അരിമ്പൂർ	12
ആകെ ട്രാൻസ്ഫോർമറുകളുടെ എണ്ണം	104

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

പ്രസരണ മേഖലയിലെ പ്രസ്തുത പ്രവൃത്തിക്കായി 37.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

വിതരണ മേഖലയിൽ പുതുതായി 104 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ്ഥാപിച്ച സ്ഥലം	**ചെലവഴിച്ച തുക (രൂപ)**
വാടാനപ്പള്ളി	16,66,868
വെങ്കിടങ്ങ്	2,32,32,909
പറപ്പൂർ	60,00,000
കണ്ടശ്ശാങ്കടവ്	1,66,00,000
പാവറട്ടി	1,60,00,328

കുന്നംമൂച്ചി	13,45,446
കേച്ചേരി	51,00,000
അരിമ്പൂർ	1,04,91,597
ആകെ ചെലവഴിച്ച തുക	**8,04,37,148**

കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

235 (2739) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം നഗരത്തിൽ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനും സുരക്ഷിതവും മെച്ചപ്പെട്ടതുമായ വോൾട്ടേജോടുകൂടിയ പവർ ലഭ്യമാകുന്നതിനുമായി പ്ലാൻ പദ്ധതികളായ ദ്യുതി, RDSS എന്നിവ നടപ്പാക്കിവരുന്നു. ഇവയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ നടപടി

236 (2740) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2025-ൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുള്ള അപകടങ്ങളിൽ നേരിയ വർധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നേരിടേണ്ടിവന്നിട്ടില്ലാത്ത തരത്തിലുള്ള അതിശക്തമായ കാറ്റും കനത്ത മഴയും കാരണം മിക്ക ഇടങ്ങളിലും ദൂരെ നിന്നിരുന്ന വലിയ മരങ്ങളും തെങ്ങുകൾ പോലും വൈദ്യുതി ലൈനുകൾക്കുമേൽ പതിച്ച് വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്ക് വളരെയധികം കേടുപാടുകൾ വരുത്തുകയുണ്ടായി. അതിന്റെ ഫലമായാണ് പലയിടങ്ങളിലും വൈദ്യുത കമ്പികൾ പൊട്ടി വീഴുന്ന അവസ്ഥയുണ്ടായത്. കെ.എസ്.ഇ.ബി.എൽ.-ന്റെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാലാണ് അപകടങ്ങൾ വർധിച്ചത്. പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും ഉപഭോക്താക്കളുടെ പരിസരത്ത് നടക്കുന്നവയു, തോട്ടി, ഏണി മുതലായവ വൈദ്യുതി ലൈനിൽ തട്ടി സംഭവിക്കുന്നവയുമാണ്. പൊതുജനങ്ങൾക്ക് സുരക്ഷാ അവബോധം നൽകാനുള്ള ക്ലാസുകൾ വിവിധ തലത്തിൽ കെ.എസ്.ഇ.ബി.എൽ. നടത്തുന്നുണ്ട്. സുരക്ഷയ്ക്ക് പ്രാധാന്യം നൽകി സൺറൈസ് മീറ്റിങ് സെക്ഷൻ തലത്തിൽ നടത്തുകയും ഫീൽഡ് ജീവനക്കാർ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.

സുരക്ഷാ നയം എല്ലാ ജീവനക്കാരിലേക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാകാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ്ങ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ എന്നീ തലങ്ങളിൽ പ്രവൃത്തി ഇടങ്ങളിൽ സുരക്ഷാ പരിശോധന നടത്തിവരുന്നു.

(ബി) അനധികൃതമായി സ്ഥാപിക്കുന്ന വൈദ്യുത വേലികളിൽനിന്ന് ഷോക്കേറ്റുണ്ടാകുന്ന മരണം തടയാൻ വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്താറുണ്ടോ?

നടത്താറുണ്ട്. സെക്ഷൻ സ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ് കൂടാതെ ഓരോ ജില്ലയിലുമുള്ള APTS-ഉം അനധികൃതമായി സ്ഥാപിക്കുന്ന പ്രതിഷ്ഠാപനങ്ങൾ തടയുന്നതിനായി നിരീക്ഷണം നടത്താറുണ്ട്. ഇതുകൂടാതെ സെക്ഷൻ ഓഫീസ് മുഖേന നടത്തുന്ന പതിവ് ലൈൻ പട്രോളിങ്ങിലും ഇത്തരം അപാകതകൾ നിരീക്ഷിച്ച് വേണ്ട നടപടികളെടുക്കാറുണ്ട്.

(സി) വൈദ്യുത വേലികൾ സ്ഥാപിക്കുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുത വേലികൾ സ്ഥാപിക്കുമ്പോൾ ആയത് സുരക്ഷിതമാണെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽനിന്നും പരിശോധന നടത്തി അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ നിലവിൽ ഇത്തരത്തിൽ അംഗീകാരമില്ലാതെയാണ് മിക്ക വൈദ്യുത വേലികളും സ്ഥാപിക്കുന്നത്. ആയതിനാൽ പ്രസ്തുത വിഷയം ബോധവൽക്കരണം വഴി ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്. ആയതിലേക്കായി ഫോറസ്റ്റ് വകുപ്പും കൃഷി വകുപ്പും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

237 (2741) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 30 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലമായി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

സെക്ഷനോഫീസുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെയും ഒഴിവുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ അനുവദിച്ച വാഹനങ്ങൾ എത്രയാണെന്നും ഇപ്പോൾ വാഹനങ്ങളുടെ കുറവുണ്ടോയെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കിളിനുകീഴിൽ ബോർഡിന്റെ ഉടമസ്ഥതയിൽ രണ്ട് വാഹനങ്ങൾ ഓടുന്നുണ്ട്. 30 സെക്ഷൻ ഓഫീസുകളിലെ എല്ലാ വാഹനങ്ങളും വാടകയ്ക്കാണ് ഓടുന്നത്. കൂടാതെ മറ്റ് ഓഫീസുകളിലെ വാഹനങ്ങളും വാടകയ്ക്കാണ് (ലോറി ഉൾപ്പെടെ) ഓടുന്നത്.

വാഹനങ്ങൾ കുറവുള്ള ഓഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ് റീജിയണൽ സ്റ്റോർ (ലോറി - 1 എണ്ണം)

2. ഫീൽഡ് ട്രാൻസ്ഫോർമർ റിപ്പയർ യൂണിറ്റ് (ലോറി- 1 എണ്ണം)

3. ഇലക്ട്രിക്കൽ ഡിവിഷൻ കാസർഗോഡ് (ലോറി - 1 എണ്ണം)

4. ഇലക്ട്രിക്കൽ ഡിവിഷൻ കാഞ്ഞങ്ങാട് (ലോറി - 1 എണ്ണം)

(ഡി) സാമഗ്രികളുടെ അപര്യാപ്തതമൂലം തക്കസമയത്ത് ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടോയെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

സാധന സാമഗ്രികളുടെ അപര്യാപ്തത കാരണം ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകുന്നതിന് സാധിക്കാത്ത സാഹചര്യം കാസർഗോഡ് സർക്കിൾ പരിധിയിലുണ്ടായിട്ടില്ല.

നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണം

238 (2742) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ നിർദിഷ്ട നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ വില്ലേജിൽ 33 കെ.വി. സബ്സ്റ്റേഷൻ നെല്ലിക്കാപറമ്പിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 12-09-2024-ൽ നൽകിയിട്ടുണ്ട്. M/s. Poabs Rock Pvt. Ltd. സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന് സബ്സ്റ്റേഷൻ നിർമ്മാണത്തിനായി നൽകാമെന്നേറ്റിരുന്ന 34.4 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരവെ ക്വാറി നിരാക്ഷേപപത്രം (NOC) നൽകുന്നതിലെ നിയമഭേദഗതി കാരണം (27-09-2024-ലെ BO [FTD] No.409/2024 [D (T&SO)/T3/General/24-25]) ഭൂമി നൽകുന്നതിൽനിന്നും M/s. Poabs Rock Pvt. Ltd. പിൻമാറി. അതിനാൽ അനുയോജ്യമായ പുതിയ ഭൂമി കണ്ടെത്തുന്നതിനായി 19-07-2025-ൽ താൽപര്യപത്രം ക്ഷണിക്കുകയും പുതിയതായി കണ്ടെത്തിയ ഭൂമികളുടെ അനുയോജ്യത പരിശോധിച്ച് വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ ഭൂമി കണ്ടെത്തി LARR Act പ്രകാരം കെ.എസ്.ഇ.ബി.എൽ.-ലേക്ക് കൈമാറിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ

239 (2743) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കണമല പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കണമല പ്രദേശത്ത് നിരന്തരമുണ്ടാകുന്നതായി സൂചിപ്പിച്ചിരിക്കുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രസ്തുത സ്ഥലത്തെ വൈദ്യുതി നിലവാരം പഠിച്ച്, സബ്സ്റ്റേഷൻ ആവശ്യമായി കാണുന്നപക്ഷം ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

പുളിക്കൽ, കൊണ്ടോട്ടി സബ് സ്റ്റേഷനുകൾ

240 (2744) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിനും പരിസര പ്രദേശങ്ങൾക്കും ഉപകാരപ്പെടുന്ന പുളിക്കൽ 110 കെ.വി. സബ്സ്റ്റേഷൻ, കൊണ്ടോട്ടി 33 കെ.വി. സബ്സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

110 കെ.വി. പുളിക്കൽ സബ്സ്റ്റേഷൻ, 33 കെ.വി. കൊണ്ടോട്ടി സബ്സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം പ്രത്യേകമായി ലഭ്യമാക്കുമോ?

33 കെ.വി. കൊണ്ടോട്ടി സബ്സ്റ്റേഷൻ

പ്രസ്തുത സ്ഥലം ലീസായി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ തീർപ്പിനായി വച്ചിരിക്കുകയാണ്. കൂടാതെ ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ റിഡ്രസ്സൽ ഫോറമായ RRM-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സ്ഥലം അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

110 കെ.വി. പുളിക്കൽ സബ്സ്റ്റേഷൻ

പ്രസ്തുത സബ്സ്റ്റേഷൻ തുടങ്ങുന്നതിന് 2013-ൽ ഭരണാനുമതി ലഭിക്കുകയും ദീർഘനാളത്തെ തിരച്ചിലിനുശേഷം ഭൂമി കണ്ടെത്തിയെങ്കിലും 2018-ലെ വെള്ളപ്പൊക്കത്തിൽ പ്രസ്തുത സ്ഥലത്ത് മണ്ണിടിച്ചിലിന് സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തതിനാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് ഉപേക്ഷിച്ചു. അതിനുശേഷം പുതിയതായി കണ്ടെത്തിയ സ്ഥലത്തിന്റെ വില കണക്കാക്കിയതിൽ തിരഞ്ഞെടുത്ത ഭൂമിയിൽ സബ്സ്റ്റേഷൻ പണിയാൻ നിലവിലുള്ള ഭരണാനുമതി അപര്യാപ്തമാണെന്ന് കണ്ടെത്തുകയും ചെയ്തു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ വിഷയം വിശദമായി പരിശോധിച്ചശേഷം തിരഞ്ഞെടുത്ത ഭൂമിയുടെ അനുയോജ്യത തീരുമാനിക്കുന്നതിന് ഒരു കമ്മിറ്റിയെ 12-08-2025-ലെ കെ.എസ്.ഇ.ബി.എൽ. ബോർഡ് യോഗം തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചങ്ങനാശ്ശേരിയിൽ പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി

241 (2745) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കുറിച്ചിയിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപമുള്ള സർക്കാർ പുറമ്പോക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഹോമിയോ കോളേജിന് സമീപത്തുള്ള പുറമ്പോക്ക് സ്ഥലം സബ്സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർ സാധ്യത വിശകലനം ചെയ്തുവരുന്നു.

(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സബ്സ്റ്റേഷന്റെ സാങ്കേതിക സാധ്യത നിർണ്ണയിക്കുന്നതിനുള്ള സാങ്കേതിക പഠനത്തിനായുള്ള (Load Flow Study) വിവരശേഖരണം പൂർത്തിയായി. സാങ്കേതിക പഠനത്തിനുശേഷം സബ്സ്റ്റേഷന്റെ സാങ്കേതിക സാധ്യത ലഭിക്കുന്നതിനനുസരിച്ച് Detailed Project Report (DPR) തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

242 (2746) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അംഗീകൃത തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ നിലവിലുള്ള വേക്കൻസികളുടെ വിശദാംശവും കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ;

(ബി) അവയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ഡിഗ്രി കാറ്റഗറി ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) തസ്തികയിലെ അംഗീകൃത എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ക്വാട്ടയിലെ ഫ്രഷ് വേക്കൻസി പി.എസ്.സി.-യിലേക്ക് എന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്തത്. ഏത് തീയതി മുതൽ നിലവിൽ വന്ന ഒഴിവുകളാണ് പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യാനായിട്ടുള്ളത്. പ്രസ്തുത വേക്കൻസികൾ പി.എസ്.സി.- യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനമായ 40 ശതമാനം ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് അവസാനമായി റിപ്പോർട്ട് ചെയ്തത് 04-01-2025-നാണ്. അതനുസരിച്ച് നിയമനങ്ങളും നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനം

243 (2747) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള ഡയറക്ട് ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഡയറക്ട് ക്വാട്ടയിൽ നിലവിലുള്ള ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ തസ്തികകളുടെ എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിലേക്കുള്ള പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ 93 ഒഴിവുകളുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈൻമാൻ നിയമനം

244 (2748) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ ആവശ്യത്തിന് ലൈൻമാൻമാരില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിതരണ മേഖലയില ചില സ്ഥലങ്ങളിൽ ലൈൻമാൻമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു.

നിലവിലെ ലൈൻമാൻമാരുടെ അംഗീകൃത അംഗബലമനുസരിച്ച് കുറവുണ്ടെങ്കിലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃസംഘടനാ നടപടികൾ പുരോഗമിച്ചുവരുന്നതിനാൽ ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ലൈൻമാൻ തസ്തികയിലെ എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) ലൈൻമാൻമാരെ പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനമില്ല. എന്നാൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽനിന്നും സ്ഥാനക്കയറ്റം നൽകിയാണ് ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്.

(സി) ലൈൻമാൻമാരുടെ അഭാവംമൂലം വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയാത്തതുകാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് മാർഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള സമയത്ത് ഉപഭോക്താക്കൾക്ക് സമയബന്ധിത സേവനം ലഭ്യമാക്കുന്നതിനായി പ്രവൃത്തികൾ കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിക്കൊണ്ടും

പ്രദേശത്തെ വിതരണ സംവിധാനത്തെക്കുറിച്ച് ധാരണയുള്ള വിരമിച്ച ജീവനക്കാരെ നിയോഗിച്ചുക്കൊണ്ടും ഉപഭോക്താക്കൾക്ക് സേവനം ഉറപ്പുവരുത്തുന്നു.

(ഡി) കെ.എസ്.ഇ.ബി.എൽ.-ൽ ലൈൻമാൻ തസ്തികയിൽ എന്നാണ് അവസാനമായി നിയമനം നടന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലൈൻമാൻ തസ്തികയിൽ നേരിട്ടുള്ള നിയമനമില്ല. 30-05-2025-ൽ ഇലക്ട്രിസിറ്റി വർക്കർ വിഭാഗത്തിൽനിന്നും സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ എത്ര ലൈൻമാൻമാർ ജോലി നോക്കി വരുന്നു; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലൈൻമാൻമാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം

245 (2749) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ഇലക്ട്രിക്കൽ വിഭാഗത്തിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ അംഗീകൃത തസ്തികകളുടെ എണ്ണം എത്രയാണെന്ന വിവരം കാലാകാലങ്ങളിൽ തിരിച്ച് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം സംബന്ധിച്ച വിവരം ക്വാട്ട തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ അംഗീകൃത എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 40% ഡിഗ്രി ക്വാട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്ന് അറിയിക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40 ശതമാനം ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് 04-01-2025-ലാണ്.

(ഡി) നിലവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ അംഗീകൃത എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിയമനം

246 (2750) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ യോഗ്യതയുള്ളവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രൊമോഷൻ ക്വാട്ടയിലേക്ക് നിലവിൽ നികത്താൻ സാധിക്കാത്ത എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ യോഗ്യതയുള്ളവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ തസ്തികകളിലെയും എണ്ണം പുനർനിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൃത്യമായ ഒഴിവുകൾ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിലെ ജീവനക്കാരിൽ യോഗ്യത നേടുന്നവർ ടി വിവരം ഗ്രഡേഷൻ ലിസ്റ്റിൽകൂട്ടി ചേർത്തുവരുന്നുണ്ട്. മേൽ ഒഴിവുകളിലേക്ക് ഇപ്രകാരം യോഗ്യത നേടുന്നവരെയും പരിഗണിക്കുന്നതാണ്.

(സി) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ യോഗ്യതയുള്ളവരുടെ കുറവുമൂലം സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രൊമോഷൻ ക്വാട്ടയിലുള്ള ഒഴിവുകൾ 08-06-2021-ലെ സ.ഉ.(കൈ)നം. 13/2021/ഉ.ഭ.പ.വ. ഉത്തരവുപ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്ത്

പി.എസ്.സി. വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടി സാഹചര്യത്തിൽ 08-06-2021-ലെ സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

247 (2751) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിനായി താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിതരണ മേഖലയിൽ ചില സ്ഥലങ്ങളിൽ ലൈൻമാൻമാരുടെയും വർക്കർമാരുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള സമയത്ത് ഉപഭോക്താക്കൾക്ക് സമയബന്ധിത സേവനം ഉറപ്പ് വരുത്തുന്നതിനായി പ്രവൃത്തികൾ കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിക്കൊണ്ടും പ്രദേശത്തെ വിതരണ സംവിധാനത്തെക്കുറിച്ച് ധാരണയുള്ള വിരമിച്ച ജീവനക്കാരെ നിയോഗിച്ചുകൊണ്ടും സേവനം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) വൈദ്യുത അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ.-ലെ പതിനായിരത്തിലധികം ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ൽ ജീവനക്കാരുടെ യഥാർഥ ആവശ്യകതയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പുനഃസംഘടന പ്രക്രിയ അവസാനഘട്ടത്തിലാണ്. ഇതിൽ അടിസ്ഥാന യോഗ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുന്നുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ച് മാത്രമെ യഥാർഥ ഒഴിവുകൾ നിർണയിക്കാൻ സാധിക്കുകയുള്ളൂ. ജീവനക്കാരുടെ ഒഴിവുകൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ആവശ്യത്തിനനുസരിച്ചുള്ള ഒഴിവുകൾ കെ.എസ്.ഇ.ബി.എൽ. കാലാകാലങ്ങളിൽ പി.എസ്.സി.-ക്ക് തുടർച്ചയായി റിപ്പോർട്ട് ചെയ്തുവരുന്നുമുണ്ട്.

കേരള ഹൈഡൽ ടൂറിസം പദ്ധതി

248 (2752) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടത്തിയ ഇ-ടെൻഡറുകളുടെ ലിസ്റ്റ്, ടെൻഡറിൽ പങ്കെടുക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതാ മാനദണ്ഡങ്ങൾ, ഓരോ ടെൻഡറിലും പങ്കെടുത്ത സ്ഥാപനങ്ങൾ, ടെക്നിക്കൽ ബിഡിൽ യോഗ്യത നേടിയ സ്ഥാപനങ്ങൾ, ഫിനാൻസ് ബിഡിൽ അവർ ക്വോട്ട് ചെയ്ത നിരക്കുകൾ എന്നിവയുടെ വിവരം ലഭ്യമാക്കാമോ; ടെൻഡർ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഓരോ ടെൻഡറിലും അതത് പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമാണ് യോഗ്യതാ മാനദണ്ഡമായി നിശ്ചയിച്ചിരുന്നത്. കഴിഞ്ഞ

4 വർഷങ്ങളിൽ ഹൈഡൽ ടൂറിസത്തിൽ നടത്തിയ ടെൻഡറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഓരോ ടെൻഡറിലെയും ടെക്നിക്കൽ ബിഡ്, ഫിനാൻസ് ബിഡ്, ഇന്റർവ്യൂ എന്നിവയ്ക്ക് മാർക്ക് നല്കുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളും ഓരോ ഇനത്തിലുമുള്ള പരമാവധി മാർക്കിന്റെയും വിവരം ലഭ്യമാക്കാമോ; ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനത്തിലും ലഭിച്ച മാർക്ക് സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) വർക്ക് ഓർഡർ ലഭിച്ച കമ്പനികൾ ടെൻഡറിനോടൊപ്പം സമർപ്പിച്ച അവരുടെ യോഗ്യത സംബന്ധിച്ച രേഖകളുടെയും വർക്ക് ഓർഡറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; ഏതെങ്കിലും ടെൻഡറിൽ ഫിനാസ് ബിഡ് തുറന്നതിനുശേഷം സ്ഥാപനങ്ങളെ ഇന്റർവ്യൂ നടത്തി അതിൽ ലഭിച്ച മാർക്കുകൂടി പരിഗണിച്ച് വർക്ക് ഓർഡർ നല്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ടെൻഡർ ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഇ-ടെൻഡർ പോർട്ടലിൽ നിന്നുള്ള സമ്മറി റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഇ) ടെൻഡറുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ; എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

വടക്കാഞ്ചേരി-എങ്കക്കാട് സ്ഥാപിച്ച ചാർജിങ് സ്റ്റേഷൻ

249 (2753) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ എങ്കക്കാട് 110 കെ.വി. സബ്സ്റ്റേഷന് സമീപം സ്ഥാപിച്ച ചാർജിങ് സ്റ്റേഷൻ സ്ലോ ചാർജിങ് സംവിധാനത്തിലുള്ളതായതിനാലും ഇവിടെ ചാർജിങ് ചെയ്യാൻ കഴിയുന്ന വാഹനങ്ങൾ വളരെ കുറവായതിനാലും ഉപയോഗശൂന്യമായിക്കിടക്കുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ.

വടക്കാഞ്ചേരി എങ്കക്കാട് 110 കെ.വി. സബ്സ്റ്റേഷനുസമീപം സ്ഥാപിച്ച ചാർജിങ് സ്റ്റേഷൻ സ്ലോ ചാർജിങ് സംവിധാനത്തിലുള്ളതായതിനാലും ഇവിടെ ചാർജ് ചെയ്യാൻ കഴിയുന്ന വാഹനങ്ങൾ കുറവായതിനാലും ഉപയോഗം കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിങ് സാങ്കേതികവിദ്യ സംബന്ധിച്ച് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആശയകുഴപ്പം നീങ്ങി നിലവിൽ ബഹുഭൂരിപക്ഷം ഇലക്ട്രിക് വാഹനങ്ങളും സി.സി.എസ്.-2 ചാർജിങ് സംവിധാനമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ.

ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിങ് സാങ്കേതിക വിദ്യ സംബന്ധിച്ച് മുൻകാലങ്ങളിലുണ്ടായിരുന്ന ആശയകുഴപ്പം നീക്കി നിലവിൽ ബഹുഭ്രരിപക്ഷം ഇലക്ട്രിക് വാഹനങ്ങളും CCS2 സംവിധാനമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇ.വി. ചാർജിങ് സ്റ്റേഷനുകളുടെ ഫലപ്രദമായ ഉപയോഗത്തിന് ഭാരത് ഡി.സി.001, സി.എച്ച്.എ.ഡി.ഇ.എം.ഒ. (CHAdeMO) ചാർജറുകൾ മാറ്റി സി.സി.എസ്.-2 ചാർജറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങിനും വിശ്രമത്തിനും ഒരുപോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് ആൻഡ് റീച്ചാർജ് (Refresh&Recharge) പദ്ധതി പൊതുസ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളെല്ലാം തന്നെ പുത്തൻ സാങ്കേതികവിദ്യയിലുള്ള CCS 2 ചാർജിങ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേസമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേമെന്റ് സംവിധാനങ്ങളും ഒരുക്കുന്നതാണ്. പദ്ധതിക്കായി E-tender ക്ഷണിച്ചിട്ടുണ്ട്.

അനെർട്ട്

EV ചാർജിങ് സ്റ്റേഷനുകളുടെ ഫലപ്രദമായ ഉപയോഗത്തിന് Bharat DC 001, CHAdeMO ചാർജറുകൾ മാറ്റി CCS2 ചാർജറുകൾ സ്ഥാപിക്കുന്ന ജോലികൾ അനെർട്ടിന്റെ ചാർജിങ് സ്റ്റേഷനുകളിൽ ആവശ്യമില്ല. ഇതിനുള്ള പ്രധാന കാരണം അനെർട്ട് സ്ഥാപിച്ച DC ഫാസ്റ്റ് ചാർജിങ് മെഷീനുകളിലെല്ലാം തന്നെ CCS2 ചാർജിങ് ഗണ്ണുള്ളതിനാൽ EV ചാർജിങ് സ്റ്റേഷനുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നവയാണ്.

(ഡി) പ്രസ്തുത സാങ്കേതികവിദ്യ എങ്കക്കാട് ചാർജിങ് സ്റ്റേഷനിലും സ്ഥാപിച്ച് ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

റിഫ്രഷ് ആൻഡ് റീച്ചാർജ് പദ്ധതിയിൽ എങ്കക്കാട് ചാർജിങ് സ്റ്റേഷനും ഉൾപ്പെടുന്നു.

(ഇ) സി.സി.എസ്.-2 ചാർജിങ് സ്റ്റാൻഡേർഡിന്റെ പ്രചാരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

CCS2 ചാർജിങ് സ്റ്റാൻഡേർഡിന്റെ പ്രചാരം വർധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിങ്ങിനായി, ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ.

തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

പട്ടയം നൽകുന്നതിന് അനുമതി

250 (2754) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ കല്ലാർകുട്ടി ഡാമിന്റെ 10 ചെയിൻ മേഖലയിലും കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ വില്ലേജുകളിലെ 3 ചെയിൻ മേഖലയിലും പട്ടയം നൽകുന്നതിന് വൈദ്യുതി വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ കല്ലാർകുട്ടി ഡാമിന്റെ 10 ചെയിൻ മേഖലയിലും കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ വില്ലേജുകളിലെ 3 ചെയിൻ മേഖലയിലും പട്ടയം നൽകുന്നതിന് എൻ.ഒ.സി. (NOC) നൽകുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ശിപാർശ ലഭിക്കുകയോ ആയത് സർക്കാർ നൽകുകയോ ചെയ്തിട്ടില്ല.

ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ

251 (2755) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ആറ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ എൻജിനീയർ ഇൻചാർജായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചാർജിങ് സ്റ്റേഷൻ സ്ഥാപിച്ച കമ്പനിയുമായി അഞ്ച് വർഷത്തെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ദേശീയപാത വികസനം, പാർക്കിങ് സ്ഥല ലഭ്യതക്കുറവ്, മറ്റ് സാങ്കേതിക തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ നിലവിലുള്ള പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ മാറ്റി സ്ഥാപിക്കേണ്ട സാഹചര്യമുണ്ടാകുന്ന പക്ഷം ഇത്തരം സ്റ്റേഷനുകൾ കൂടുതൽ അനുയോജ്യമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

252 (2756) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ 2016 മുതൽ നാളിതുവരെ നടപ്പാക്കിയ വൈദ്യുതി പദ്ധതികളും അതിന്റെ തുകയും താഴെ കൊടുക്കുന്നു.

1) അമ്പലത്തറ സബ്സ്റ്റേഷനിൽ നിന്നുള്ള 110 കെ.വി. മൾട്ടി സർക്യൂട്ട് ലൈൻ നിർമ്മാണം.

തുക - 446 ലക്ഷം രൂപ.

2) 220 കെ.വി. അമ്പലത്തറ സബ്സ്റ്റേഷനിൽ 220/110 കെ.വി.-യുടെ രണ്ട് 100 എം.വി.എ. ട്രാൻസ്ഫോർമറും നാല് 110 കെ.വി. ഫീഡർ ബേയുടെ നിർമ്മാണവും

തുക - 33.85 കോടി രൂപ.

3) 33 കെ.വി. രാജപുരം സബ്സ്റ്റേഷൻ നിർമ്മാണം (33/11 കെ.വി.-യുടെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ).

തുക - 12.47 കോടി രൂപ.

4) 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിൽ 33/11 കെ.വി.-യുടെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിച്ച് 33/11 കെ.വി., 8 എം.വി.എ. ആക്കി ഉയർത്തൽ.

തുക - 1.75 കോടി രൂപ.

5) 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിൽ അധികമായി രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിച്ച പ്രവൃത്തി.

തുക – 24 ലക്ഷം രൂപ.

6) 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ - 110/11 കെ.വി.-യുടെ രണ്ട് 12.5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിച്ച് രണ്ട് 110/11 കെ.വി., 20 എം.വി.എ. ആക്കി ഉയർത്തൽ.

തുക - 3.7 കോടി രൂപ.

7) 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിൽ പഴയ 11 കെ.വി. പാനൽ മാറ്റി പുതിയ പാനൽ വയ്ക്കുന്ന പ്രവൃത്തി.

തുക - 99 ലക്ഷം രൂപ.

8) 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിൽ പുതിയ 11 കെ.വി. പാനൽ സ്ഥാപിച്ച പ്രവൃത്തി.

തുക - 99 ലക്ഷം രൂപ.

9) 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിൽ അധികമായി രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിച്ച പ്രവൃത്തി.

തുക - 24 ലക്ഷം രൂപ

10) 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷന്റെ നിർമ്മാണം.

തുക - 20 ലക്ഷം രൂപ.

11) നെല്ലിത്തടം എന്ന സ്ഥലത്ത് U-Solar Assetco PVT LTD എന്ന സ്വകാര്യ കമ്പനിയുടെ എട്ട് മെഗാവാട്ട് സൗരോർജ പദ്ധതി 33 കെ.വി. അമ്പലത്തറ-കാഞ്ഞങ്ങാട് ലൈനിൽ കൂട്ടിച്ചേർക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തികരിച്ചു.

തുക - 6.8 ലക്ഷം രൂപ.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 171 kW സ്ഥാപിത ശേഷിയിൽ 10 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 8 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു[+]. പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷന് ചെലവഴിച്ച തുക – 29,90,572/- രൂപ.

എട്ട് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾക്ക് ചെലവഴിച്ച തുക - 2,23,120/- രൂപ.

171 kW സ്ഥാപിതശേഷിയിൽ 10 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ച തുക 82,84,500/- രൂപ.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ദ്യുതി-1, ദ്യുതി-2 പദ്ധതികളിൽപ്പെടുത്തി HT, LT ഓവർഹെഡ് ലൈനുകൾക്ക് പകരം ABC വലിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്ന രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. APDRP സ്കീം, ദ്യുതി-1, ദ്യുതി-2 പദ്ധതികൾ പ്രകാരം HT UG Cable ഇടുന്ന പ്രവൃത്തിയും RDSS പദ്ധതി പ്രകാരമുള്ള പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

HT COVERED CONDUCTOR -

- ബളാംതോട് സെക്ഷൻ - 3 കി.മീ.
- രാജപുരം സെക്ഷൻ - 3 കി.മീ.

HT – ABC

- മാവുങ്കാൽ സെക്ഷൻ - 0.85 കി.മീ.
- ചോയ്യംകോട് സെക്ഷൻ - 2.97 കി.മീ.
- കാഞ്ഞങ്ങാട് സെക്ഷൻ - 6.36 കി.മീ.

•പടന്നക്കാട് സെക്ഷൻ - 1.27 കി.മീ.

ആകെ - 11.45 കി.മീ.

LT – ABC

•മാവുങ്കാൽ സെക്ഷൻ - 9.6 കി.മീ.

•രാജപുരം സെക്ഷൻ - 1.36 കി.മീ.

•കാഞ്ഞങ്ങാട് സെക്ഷൻ - 19 കി.മീ.

•പടന്നക്കാട് സെക്ഷൻ - 4.7 കി.മീ.

ആകെ - 34.66 കി.മീ.

HT UG Cable

•മാവുങ്കാൽ സെക്ഷൻ - 3.55 കി.മീ.

•പടന്നക്കാട് സെക്ഷൻ - 1.80 കി.മീ.

•കാഞ്ഞങ്ങാട് സെക്ഷൻ - 10.06 കി.മീ.

ആകെ - 14.41 കി.മീ.

RDSS SCHEME

HT – ABC

•ബളാംതോട് സെക്ഷൻ - 3 കി.മീ.

•രാജപുരം സെക്ഷൻ - 3 കി.മീ.

LT – ABC

•മാവുങ്കാൽ സെക്ഷൻ - 15 കി.മീ.

•ചോയ്യംകോട് സെക്ഷൻ - 50 കി.മീ.

2025-26 സാമ്പത്തിക വർഷം 69.8 കി.മീ. LT-ABC വലിക്കുന്ന പ്രവൃത്തിക്കും 14 കി.മി. HT ABC വലിക്കുന്ന പ്രവൃത്തിക്കും അനുമതി ലഭിച്ചിട്ടുണ്ട്.

ആകെ വർക്കുകൾ - 421 എണ്ണം

തുക - 46.1 കോടി രൂപ.

പൂർത്തീകരിച്ച പ്രവൃത്തി - 326 എണ്ണം

തുക - 37.94 കോടി രൂപ.

പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തി - 95 എണ്ണം

തുക - 8.16 കോടി രൂപ

അനെർട്ട്

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ അനെർട്ട് മുഖേന 245 kW ശേഷിയുള്ള 25 സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നല്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേനെ സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഈ പദ്ധതി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലും നിലവിലുണ്ട്. കോടം ബേളൂർ കൃഷി ഭവനിൽ പദ്ധതിയുടെ സർവെ നടപടികൾക്കായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ അനെർട്ട് സ്ഥാപിച്ച പവർ പ്ലാന്റുകളെല്ലാം തന്നെ പ്രവർത്തനയോഗ്യമാണ്.

കാസർഗോഡ് ജില്ലയിൽ പി.എം. കുസും പദ്ധതിയുടെ ഭാഗമായി 986 പമ്പുകളുടെ സൗരോർജവൽക്കണത്തിനായി നബാർഡ് RIDF ഫണ്ട് 24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കാസർഗോഡ് ജില്ലയിൽ ഈ പദ്ധതി പ്രകാരം 740 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

ബാറ്ററി ചാർജിങ് യൂണിറ്റുകൾ

253 (2757) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബാറ്ററി ചാർജിങ് യൂണിറ്റുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽ പാലിയേക്കര, പുതുക്കാട് ഉൾപ്പെടെയുള്ള വിവിധ സെന്ററുകളിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യാവുന്ന തരത്തിൽ ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി വിവിധ ഗവൺമെന്റ് സ്കീമുകളിൽ ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിങ് ശൃംഖല പടുത്തുയർത്തിയത്. കൂടാതെ ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിങ്ങിനായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിങ് സ്റ്റേഷൻ എന്ന നിലയിൽ 140

ഇടങ്ങളിൽ സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

അനെർട്ട്

പുതുക്കാട് നിയോജകമണ്ഡലത്തിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ടും കൂടാതെ ദേശീയപാത/സംസ്ഥാന പാതയോടുചേർന്ന് Cafeteria, Washroom സൗകര്യത്തോടുകൂടിയുള്ള 800 sq.ft. മുതൽ 1000 sq.ft. വരെ സ്ഥലവും 10 വർഷത്തെ ലീസിന് ലഭ്യമാക്കിയാൽ അനെർട്ട് മുഖേന ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിങ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഓരോ പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനിലും ഇലക്ട്രിക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60 KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക് 2 വീലറുകൾക്ക് ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12 KW ശേഷിയുള്ള LECCS മെഷീനും 12 KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കേണ്ടതുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങൾ

254 (2758) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ

വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സോളാർ പാനൽ സ്ഥാപിക്കുന്നതിന് സബ്സിഡി

255 (2759) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

നിലവിൽ ഗാർഹിക മേഖലയിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭിക്കുന്നത് PM Surya Ghar എന്ന പദ്ധതിക്കാണ്. ഈ പദ്ധതിപ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA), 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 Kw സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ്. ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) സോളാർ, വിൻഡ് മിൽ ഊർജ പദ്ധതികൾ സംസ്ഥാനത്തെ വൈദ്യുതി ഉൽപാദനത്തിന്റെ എത്ര ശതമാനം സംഭാവന ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

പുരപ്പുറ സോളാർ പദ്ധതി

256 (2760) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിപ്രകാരം ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ യൂണിറ്റുകളിൽനിന്നുള്ള വൈദ്യുതിയുടെ വില, ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. നൽകുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവാണോ; എങ്കിൽ ഒരു യൂണിറ്റിന് എത്ര രൂപയുടെ വ്യത്യാസമാണുള്ളത്?

ഈ രീതിയിൽ താരതമ്യം ചെയ്യാൻ സാധിക്കില്ല. പുരപ്പുറ സോളാർ നിലയങ്ങൾക്ക് നിലവിൽ നെറ്റ് മീറ്ററിങ് ബില്ലിങ്ങാണ് ഉപയോഗിക്കുന്നത്. നെറ്റ് മീറ്ററിങ് പ്രകാരം പകൽ സമയം ഉൽപാദിപ്പിച്ച് വൈദ്യുതി ശൃംഖലയിലേക്ക് നൽകുന്ന മിച്ചവൈദ്യുതി രാത്രി സമയത്ത് കെ.എസ്.ഇ.ബി.എൽ. ഉയർന്ന വിലയ്ക്ക് വൈദ്യുതി കമ്പോളങ്ങളിൽനിന്ന് വാങ്ങി തിരികെ നൽകുന്നുണ്ട്. ഇങ്ങനെ നൽകിയിട്ടും മിച്ചമുണ്ടാകുന്ന വൈദ്യുതിക്ക് വർഷവസാനം സംസ്ഥാന കമ്മീഷൻ നിശ്ചയിച്ച ആവറേജ് പൂൾഡ് പവർ പർച്ചേസ് കോസ്റ്റ് നിരക്കിൽ (നിലവിൽ യൂണിറ്റിന് 3.26 രൂപയാണ്) ഉപഭോക്താക്കൾക്ക് പണമായി തിരിച്ചുനൽകുന്നത്.

2024-25-ൽ മാർച്ച് 31-ന് സോളാർ ഉൽപാദകരുടെ ക്രെഡിറ്റിലുണ്ടായിരുന്ന അധിക വൈദ്യുതിക്ക് 3 രൂപ 26 പൈസ നിരക്കിൽ സെറ്റിൽമെന്റ് നൽകുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി സെറ്റിൽമെന്റ് നിരക്ക് രാജ്യത്തെ മറ്റ് സംസ്ഥാനത്തെ സെറ്റിൽമെന്റ് നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്.

(ബി) പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ബോർഡും മറ്റ് സ്ഥാപനങ്ങളും മുഖേന നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഓരോ വിഭാഗവും നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ നിരക്ക് എത്രവീതമാണെന്ന് അറിയിക്കുമോ?

ഗാർഹിക മേഖലയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നവ പുനരുപയോഗ ഊർജ മന്ത്രാലയം 1 kW-ന് 30,000/- രൂപ, 2 kW-ന് 60,000/- രൂപ, 3 kW-ന് 78,000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ സോളാർ പോളിസിക്കനുസൃതമായി സൗരോർജ പ്ലാന്റിൽനിന്നും ഉൽപാദിപ്പിച്ച് ആവശ്യത്തിനുശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് യൂണീറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിങ് സംവിധാനം ഉപയോഗിച്ച് സൗരോർജ പ്ലാന്റിൽനിന്നും ഗ്രിഡിലേക്ക് കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വിലകൂടിയ സമയത്ത് തിരികെ ഉപയോഗിക്കാൻ

കഴിയുന്നു. കൂടാതെ സൗരോർജ പ്ലാന്റിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളിലേക്ക് വീൽ ചെയ്ത് ഉപയോഗിക്കാനും കഴിയുന്നു.

(സി) പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾ നൽകുന്ന വൈദ്യുതിക്ക് കുറഞ്ഞ നിരക്ക് നൽകുകയും രാത്രികാലങ്ങളിൽ കൂടിയ നിരക്കിൽ അവർക്ക് വൈദ്യുതി വിൽക്കുകയും ചെയ്യുന്നത് ഉപഭോക്താക്കൾക്ക് നഷ്ടമുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

വൈദ്യുതി ആവശ്യകത താരതമ്യേന കുറഞ്ഞ പകൽ സമയത്ത്, ആവശ്യത്തിലധികം വൈദ്യുതി പുരപ്പുറ സൗരോർജത്തിൽനിന്ന് ഉൽപാദിപ്പിച്ച് വൈദ്യുതി ശൃംഖലയിലേക്ക് നൽകുകയും വൈദ്യുതി ആവശ്യകത കൂടിനിൽക്കുന്ന രാത്രി സമയത്ത് ഉപഭോക്താക്കൾ സൗജന്യമായി ഈ വൈദ്യുതി തിരിച്ചെടുക്കുകയും ചെയ്യുന്നത് കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക ബാധ്യതയാണുണ്ടാക്കുന്നത്.

രാജ്യത്ത് വൈദ്യുതിയുടെ നിരക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തൽ പകൽ സമയത്തും വൈകുന്നേരത്തെ പീക്ക് സമയത്തും രാത്രി കാലങ്ങളിലും വ്യത്യസ്തമാണ്. ഇതിന്റെ വിശദാംശങ്ങൾ പൊതുസഞ്ചയത്തിൽ ലഭ്യമാണ്.

പകൽ സമയത്ത് നിരക്കുകൾ യൂണിറ്റിന് 1/- രൂപ മുതൽ 3/- രൂപ വരെ ആകുമ്പോൾ പീക്ക് സമയത്ത് ഇത് 10/- രൂപയോളമാണ്. രാത്രികാലങ്ങളിൽ നിരക്കുകൾ 6/- രൂപ മുതൽ 8/- രൂപ വരെയുണ്ട്. സോളാർ ഉൽപാദകർ പകൽ സമയത്ത് കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് കേവലം 1/- രൂപ മുതൽ 3/- രൂപ വരെ

മാത്രമാണ് വില വരുന്നത്. എന്നാൽ ഇതിന് പകരമായി വൈകുന്നേരങ്ങളിലും രാത്രികാലങ്ങളിലും വൈദ്യുതി തിരികെ നൽകുന്നതിന് 6/- രൂപ മുതൽ 10/- രൂപ വരെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയാണ്. പകൽ സമയത്ത് സോളാർ ഉൽപാദകർ കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേക്ക് ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് ലഭ്യമാകുന്ന വിലയുടെ മൂന്നിരട്ടിയിലധികം വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് പീക്ക് സമയത്തും ഓഫ് പീക്ക് സമയത്തും കെ.എസ്.ഇ.ബി.എൽ. ടി ഉപഭോക്താക്കൾക്ക് ബാങ്ക് ചെയ്ത വൈദ്യുതി തിരികെ നൽകുന്നത്.

(ഡി) എങ്കിൽ പുരപ്പുര സോളാർ പദ്ധതിയിൽനിന്ന് ഉപഭോക്താക്കൾ പിന്നാക്കം പോകുന്നതിന് ഇടയാക്കുമെന്നും പുനരുപയോഗ ഊർജം പരമാവധി ഉൽപാദിപ്പിക്കുകയെന്ന ആശയത്തെ ഇത് ദോഷകരമായി ബാധിക്കുമെന്നും കരുതുന്നുണ്ടോ;

(ഇ) എങ്കിൽ കൂടുതൽ ജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാകുമോ ?

(ഡി&ഇ) വികേന്ദ്രീയമായ സ്റ്റോറേജ് സംവിധാനം ഉപഭോക്താക്കൾ സ്ഥാപിക്കുന്നതുവഴി പകൽ സമയത്ത് ലഭിക്കുന്ന അധിക വൈദ്യുതി സംഭരിച്ച് രാത്രി സമയത്ത് ഉപയോഗിക്കുന്നതുമൂലം വൈദ്യുതിയുടെ ശൃംഖലയുടെ വികസനത്തിനും വിലകൂടിയ വൈദ്യുതി രാത്രി സമയം വാങ്ങുന്ന സാഹചര്യവും ഉപഭോക്താക്കൾക്ക് ഒഴിവാക്കാൻ സാധിക്കും. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കരട് റെഗുലേഷനിൽ ഇത്തരത്തിലുള്ള വിവിധ നിർദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

വൈദ്യുതി ശേഖരിക്കാനുള്ള പദ്ധതി

257 (2761) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ സമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പകൽ സമയങ്ങളിൽ സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകളിൽനിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന വൈദ്യുതി സംഭരിക്കുന്ന വിധത്തിൽ മെഗാവാട്ട് സ്കെയിലിലുള്ള ബാറ്ററി സ്റ്റോറേജ് വൈദ്യുത സംഭരണ സംവിധാനം സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിക്ക് ഉയർന്ന ചെലവ് പ്രതീക്ഷിക്കുന്നതിനാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുകയും 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റേറ്റ് കമ്പോണന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടായി 135 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു.

ഇത് വിനിയോഗിച്ചുകൊണ്ട് മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് കേന്ദ്ര

ഗവണ്മെന്റ് പൊതുമേഖലാസ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഒഫ് ഇന്ത്യയെ ഇംപ്ലിമെന്റിങ് ഏജൻസിയായി ചുമതലപ്പെടുത്തുകയും 20-03-2025-ന് മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് ജെ.എസ്.ഡബ്ല്യു. നിയോ എനർജി ലിമിറ്റഡിന് 20-03-2025-ൽ സോളാർ എനർജി കോർപ്പറേഷൻ ഒഫ് ഇന്ത്യ നൽകുകയും ചെയ്തു.

കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ.എച്ച്.പി.സി.-ക്ക് ഒരു മെഗാവാട്ടവറിന് 27 ലക്ഷം രൂപ എന്ന നിരക്കിൽ 1,500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽനിന്നും 500 മെഗാവാട്ടാവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കാൻ അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർനടപടിയായി 17-01-2025-ന് ആയതിനുള്ള ടെൻഡർ എൻ.എച്ച്.പി.സി. പ്രസിദ്ധീകരിക്കുകയും 09-07-2025-ന് നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ.എച്ച്.പി.സി. നൽകുകയും ചെയ്തു.

കാസർഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/ മെഗാവാട്ടവർ (BESS): ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ.റ്റി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ്.

മലപ്പുറം ജില്ലയിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/ 120 മെഗാവാട്ടവർ (BESS): ടാറ്റ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ്.

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ.റ്റി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ് എന്നിങ്ങനെയാണ് എൻ.എച്ച്.പി.സി. മുഖാന്തരം BESS സ്ഥാപിക്കുന്നത്.

ഈ രണ്ട് പദ്ധതികളിലൂടെ 270 കോടി രൂപയുടെ കേന്ദ്ര സഹായം വൈദ്യുത മേഖലയ്ക്ക് ലഭിക്കും.

ഇതുകൂടാതെ കേന്ദ്ര ഊർജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ടവർ (BESS) സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം അനെർട്ടിന്റെ കേന്ദ്രകാര്യാലയത്തിൽ പൈലറ്റ് പ്രോജക്ടായി 100 kw/150 kwh ശേഷിയുള്ള ഒരു ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. സൗരോർജത്തിൽനിന്ന് ഊർജം സംഭരിക്കുകയും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനായി റീചാർജ് ചെയ്യാവുന്ന ബാറ്ററികളിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഒരു സാങ്കേതിക വിദ്യയാണ് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം. ഇത് ഊർജ വിതരണത്തിലെ

ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും തുടർച്ചയായി വൈദ്യുതി ലഭ്യമാക്കാനും സഹായിക്കുന്നു.

(ബി) ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ശേഖരിക്കാമെന്നാണ് കണക്കാക്കുന്നതെന്ന് അറിയിക്കാമോ?

ഇപ്രകാരം 500 മെഗാവാട്ട്/1500 മെഗാവാട്ടവർ വൈദ്യുതി ശേഖരിക്കാമെന്നാണ് കണക്കാക്കുന്നത്. അനെർട്ടിന്റെ പൈലറ്റ് പ്രോജക്ട് സംഭരണ ശേഷി 150 kwh ആണ്.

(സി) പ്രസ്തുത ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ?

നിലവിലെ മാർക്കറ്റ് നിരക്കുപ്രകാരം ഒരു മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് 1.2 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

500 മെഗാവാട്ടവറിന്റെ ഓരോ പദ്ധതിക്കും 600 കോടി രൂപ വച്ച് ആകെ 1,800 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിനോ കെ.എസ്.ഇ.ബി.എൽ.-നോ പ്രാരംഭമുതൽ മുടക്കുവരാതെ താരിഫ് അടിസ്ഥാനമാക്കി ബി.ഒ.ഒ. (ബിൽഡ്, ഓൺ & ഓപ്പറേറ്റ്) രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്.

ആദ്യ രണ്ട് പദ്ധതികൾക്കും ഒരു മെഗാവാട്ടവറിന് 27 ലക്ഷം രൂപ എന്ന നിരക്കിൽ 500 മെഗാവാട്ടവറിന് 135 കോടി രൂപ വീതം കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.

മൂന്നാമത്തെ പദ്ധതിക്ക് ഒരു മെഗാവാട്ടവറിന് 18 ലക്ഷം രൂപ എന്ന നിരക്കിൽ 500 മെഗാവാട്ടവറിന് 90 കോടി രൂപ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.

ഇപ്രകാരം വൈദ്യുത സംഭരണ പദ്ധതികൾക്ക് 360 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്. അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ പൈലറ്റ് പ്രോജക്ടായി സ്ഥാപിച്ച 100 kw/150 kwh ശേഷിയുള്ള ഒരു ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ വർക്ക് ഓർഡർ തുക 1,20,00,000/- രൂപ (ഒരു കോടി ഇരുപത് ലക്ഷം രൂപ) ആണ്.

അനെർട്ടിലെ നിയമനങ്ങളും പദ്ധതികളും

258 (2762) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ അനെർട്ട് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതി ചെലവ് എത്രയാണെന്നും ഭാവി പദ്ധതികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

സർക്കാർ പൊതുസ്ഥാപനങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 11.178 മെഗാ വാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിച്ചു. ഇതിൽ ഓഫ് ഗ്രിഡ്, ഹൈബ്രിഡ്, ഗ്രിഡ് ബന്ധിത പവർ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

ഇതുകൂടാതെ സോളാർസിറ്റി തിരുവനന്തപുരം പദ്ധതിയിൽ 514 സർക്കാർ കെട്ടിടങ്ങളിലായി 17.06 മെഗാവാട്ട് സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിന്റെ പദ്ധതി ചെലവ് 105.92 കോടി രൂപയാണ്.

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ നിലയങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് 'ഗ്രീൻ ഇൻകം സ്കീം അഥവാ ഹരിത വരുമാന പദ്ധതി'. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുകൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഇവർക്ക് ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതി വകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത്.

പ്രസ്തുത പദ്ധതിക്കുകീഴിൽ 1,700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ നിലയങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഓരോ വീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗശേഷം അധികം ഉൽപാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുത ശൃംഖലയിലേക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് പ്രതിവർഷം ഏകദേശം 5,000/- മുതൽ 6,000/- രൂപ വരെ അധിക വരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന്

സൗജന്യമായി ഇൻഡക്ഷൻ കുക്ക് ടോപ്പ് നൽകുന്നതിലൂടെ എൽ.പി.ജി.-യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. ഇതിനായി 18,10,64,974/- രൂപ (പതിനെട്ട് കോടി പത്തുലക്ഷത്തി അറുപത്തിനാലായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപ മാത്രം) സംസ്ഥാന സർക്കാരും 6,53,62,221/- രൂപ (ആറു കോടി അൻപത്തിമൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുനൂറ്റി ഇരുപത്തിഒന്ന് രൂപ മാത്രം) കേന്ദ്ര സർക്കാരും വിനിയോഗിച്ചു. ഈ പദ്ധതി ഒരു ലക്ഷം വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 50,000 വീടുകളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 600 കോടി രൂപ കേന്ദ്ര സബ്സിഡിയായും 900 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ച് സൗജന്യമായി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ വിദൂര പട്ടികവർഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് സൈലന്റ് വാലി റിസർവ് ഫോറസ്റ്റിൽ സ്ഥിതി ചെയ്യുന്ന താഴേതുടുക്കി ആദിവാസി ഗ്രാമത്തിൽ 2022-ൽ അനെർട്ട് 50 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് മൈക്രോഗ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചു. 1.43 കോടി രൂപയാണ് കരാർ തുക.

തുടർന്ന് വയനാട് വേലപ്പൻകണ്ടി ആദിവാസി നഗറിലെ 10 വീടുകളിലും (28,26,100/- രൂപയാണ് പദ്ധതി ചെലവ്) പാലക്കാട് ജില്ലയിലെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിലെ മേലെത്തുടുക്കി, ഗലസി, ഊരേടം എന്നീ ആദിവാസി ഉന്നതികളിലെ 60 കുടുംബങ്ങളിലും 1 കിലോവാട്ട് ശേഷിയുള്ള സോളാറും 500 വാട്ട് ശേഷിയുള്ള വിൻഡും ചേർന്ന ഹൈബ്രിഡ്

പവർ പ്ലാന്റുകൾ സ്ഥാപിച്ച് നൽകി. കൂടാതെ ഇവിടെ 30 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു. ഇതിനായി 3,48,23,838/- (മൂന്ന് കോടി നാല്പത്തിയെട്ടു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എണ്ണൂറ്റി മുപ്പത്തെട്ട്) രൂപയാണ് വിനിയോഗിച്ചത്.

കേന്ദ്ര സർക്കാരിന്റെ PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതം ഉപയോഗിച്ച് മലപ്പുറം ജില്ലയിലെ മഞ്ചേരി ആദിവാസി നഗറിലും പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുറിയാർകുട്ടി എന്നീ ആദിവാസി നഗറുകളിലുമായി 98 വീടുകളിൽ സൗരോർജം ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ DAJGUA പദ്ധതിയിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലെ 18 നഗറിലും മറയൂർ പഞ്ചായത്തിലെ മുളകാമുട്ടി നഗറിലും പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പൂപ്പാറ നഗറിലും വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദപ്പാറ നഗറിലുമായി 561 വീടുകളിലും സൗരോർജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിന് ഭരണാനുമതിക്കായി നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2024-2025 സാമ്പത്തിക വർഷം അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ പൈലറ്റ് പ്രൊജക്ടായി 100kW/150kWh ശേഷിയുള്ള ഒരു ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. സൗരോർജത്തിൽ നിന്ന് ഊർജം സംഭരിക്കുകയും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനായി ചാർജ് ചെയ്യാവുന്ന ബാറ്ററികളിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഒരു

സാങ്കേതിക വിദ്യയാണ് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം. ഇത് ഊർജ വിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും തുടർച്ചയായ വൈദ്യുതി ലഭ്യമാക്കാനും സഹായിക്കുന്നു. ഇതിനായി 1,20,00,000/- രൂപ ചെലവഴിച്ചു.

ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകൾ കേടാകാതെ സൂക്ഷിക്കുന്നതിനായി 5 MT ശേഷിയുള്ള കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. തുടർന്ന് MLA ഫണ്ട് ഉപയോഗിച്ച് ഈ വർഷം 5 MT ശേഷിയുള്ള ഒരു സിസ്റ്റം കൂടി സ്ഥാപിച്ചു.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ (RCC) വാക്സിനുകൾ കേടുകൂടാതെ താഴ്ന്ന ഊഷ്മാവിൽ സംഭരിച്ചുവയ്ക്കുന്നതിനായി 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.

കൃഷിഭവന് കീഴിലുള്ള ആനയറ, വേൾഡ് മാർക്കറ്റിൽ പഴങ്ങൾ, പച്ചക്കറികൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.

കൂടാതെ പാലക്കാട് ജില്ലയിലെ വേലന്താവളം മാർക്കറ്റ്, പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.

അനെർട്ട് RESCO പദ്ധതി:

ഈ പദ്ധതി പ്രകാരം റബ്കോയുടെ തലശ്ശേരി യൂണിറ്റിൽ 350 kW-ഉം എറണാകുളത്തെ ടാകോ കേബിൾസിൽ 500 kW-ഉം സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തു. ആകെ 4.6 കോടി രൂപയാണ് രണ്ട് പദ്ധതികൾക്കുമായി ചെലവായത്. ഈ രണ്ട് പദ്ധതികളിലും ഉൽപാദിപ്പിക്കുന്ന വൈദ്യുതി അതത് സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റിന് 5.9 രൂപ എന്ന നിരക്കിൽ ഉപയോഗിക്കാം. അത് വൈദ്യുതി വിതരണ കമ്പനിയിൽ നിന്നുള്ള അവരുടെ നിലവിലുള്ള താരിഫിനേക്കാൾ കുറവാണ്. ഇതുകൂടാതെ കാർഷിക സർവകലാശാലയുടെ കീഴിലുള്ള 4 സ്ഥാപനങ്ങളിൽ ആകെ 600 കിലോ വാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു.

ഇതുകൂടാതെ അനെർട്ട് നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കാർഷിക കോളേജ് വെള്ളായണി -150 കിലോവാട്ട്

2. കാർഷിക കോളേജ് പടന്നക്കാട് -100 കിലോവാട്ട്

3. കാർഷിക യൂണിവേഴ്സിറ്റി തൃശ്ശൂർ - 250 കിലോവാട്ട്

4. കേളപ്പജി അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ് കോളേജ് - 100 കിലോവാട്ട്

ഈ സർക്കാരിന്റെ കാലയളവിൽ ANERT മുഖേന നടപ്പാക്കിയ ഇ-മൊബിലിറ്റി പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. EESL-ഉം ANERT-ഉം സംയുക്തമായി നടപ്പാക്കിയ പബ്ലിക് EV ചാർജിങ് സ്റ്റേഷൻ പദ്ധതി.

ഈ പദ്ധതി പ്രകാരം കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL എന്ന സ്ഥാപനം ഡി.സി. ഫാസ്റ്റ് ചാർജിങ് മെഷീനുകൾ നൽകുകയും അനെർട്ട് ചാർജിങ് സ്റ്റേഷനുവേണ്ട ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇ-കാറുകൾ ചാർജ് ചെയ്യുന്നതിന് ഫാസ്റ്റ് ചാർജിങ് സ്റ്റേഷനായുള്ള സ്ഥലങ്ങൾ ലഭ്യമാക്കിയത് ദേശീയ പാതയോടും മറ്റ് സംസ്ഥാന പാതയോടും ചേർന്നുള്ള സർക്കാർ സ്ഥാപനങ്ങളായ KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ്. ആകെ 16 സ്ഥലങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിയത്.

2. അനെർട്ട് നേരിട്ട് നടപ്പാക്കിയ സൗരോർജ പബ്ലിക് ചാർജിങ് സ്റ്റേഷൻ പദ്ധതി.

ഈ പദ്ധതിപ്രകാരം ഏഴോളം സ്ഥലങ്ങളിൽ സൗരോർജ സംവിധാനത്തോടുകൂടിയുള്ള ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചു. ഒരേ സമയം മൂന്ന് കാറുകൾ ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനും ഒരു ഇലക്ട്രിക് കാർ, ഒരു ഓട്ടോറിക്ഷ, രണ്ട് ഇലക്ട്രിക് സ്കൂട്ടറും സ്ലോ ചാർജ് ചെയ്യുന്നതിനുമുള്ള സംവിധാനമാണ് ഒരുക്കിയത്.

3. അനെർട്ടും മോട്ടോർവാഹന വകുപ്പും സംയുക്തമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന സോളാർ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ പദ്ധതി.

ഈ പദ്ധതിപ്രകാരം മോട്ടോർ വാഹന വകുപ്പ് നിർദേശിക്കുന്ന ഇരുപത്തിയഞ്ചോളം സ്ഥലങ്ങളിൽ 30 kW ശേഷിയുള്ള ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. 7 സ്ഥലങ്ങളിൽ പദ്ധതി പൂർത്തിയായിട്ടുണ്ട്.

4. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ടും SCTL- ഉം സംയുക്തമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ നടപ്പാക്കികൊണ്ടിരിക്കുന്ന പബ്ലിക് EV ചാർജിങ് സ്റ്റേഷൻ പദ്ധതി.

ഈ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട 13 സ്ഥലങ്ങളിൽ ഇലക്ട്രിക് കാറുകളും ഇലക്ട്രിക് ബസ്സുകളും ചാർജ് ചെയ്യുന്നതിനായുള്ള സംവിധാനം നടപ്പാക്കിവരുന്നു. 9 സ്റ്റേഷനുകളിൽ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനും 4 സ്റ്റേഷനുകളിൽ ഇലക്ട്രിക് ബസ്സ് ചാർജ് ചെയ്യുന്നതിനുമുള്ള സംവിധാനമാണ്. ഇതിൽ 7 സ്ഥലങ്ങളിൽ പദ്ധതി പൂർത്തിയായിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ പണി നടന്നുവരുന്നു.

5. V2G Project (Vehicle to Grid)

വെഹിക്കിൾ-ടു-ഗ്രിഡ് പദ്ധതിയുടെ പൈലറ്റ് പ്രൊജക്ട് തിരുവനന്തപുരത്തുള്ള അനെർട്ട് കേന്ദ്ര കാര്യാലയത്തിൽ സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി Bi-directional AC ചാർജർ സ്ഥാപിക്കുകയും V2G സംവിധാനത്തിനായി Retrofitting നടത്തിയ ഇലക്ട്രിക് കാർ പകൽ സമയം സൗരോർജ സംവിധാനത്തി നിന്നും ഇലക്ട്രിക് കാറിലേക്ക് വൈദ്യുതി സംഭരിക്കുന്നതും രാത്രികാലത്ത് പീക്ക് സമയത്ത് ഗ്രിഡിലേക്ക് വൈദ്യുതി നൽകുന്നതിനും സാധിക്കുന്നു.

ഇലക്ട്രിക് വാഹനങ്ങളിൽ പകൽ ചാർജ് ചെയ്ത വൈദ്യുതി രാത്രി ഗാർഹിക ആവശ്യങ്ങൾക്കും ഗ്രിഡിലേക്കും കൈമാറുന്ന സാങ്കേതിക വിദ്യയായ Vehicle to Grid (V2G) പദ്ധതിയെപ്പറ്റി കൂടുതലായി അനെർട്ട് പഠനം നടത്തിവരുന്നു. Vehicle to Grid (V2G) പദ്ധതിയുമായി ബന്ധപ്പെട്ട് പൈലറ്റ് പ്രൊജക്ട് എന്ന രീതിയിൽ നിലവിൽ അനെർട്ട്

ഓഫീസിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് കാറിൽ ISGF (Indian Smart Grid Forum), ന്യൂഡൽഹിയുടെ സാങ്കേതിക സഹായത്തോടെ V2G പ്രോജക്ടിനായി E-Car retrofitting നടത്തി. നിലവിൽ ലഭ്യമായ ഇലക്ട്രിക് കാറുകളിൽ ഗ്രിഡിൽ നിന്ന് ഇലക്ട്രിക് കാറിലേക്ക് ചാർജ് ചെയ്യുന്ന സംവിധാനമാണുള്ളത്. എന്നാൽ ഇലക്ട്രിക് കാറിലെ ബാറ്ററിയിൽ സൗരോർജ സംവിധാനം വഴി പകൽ സമയം സംഭരിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനായി Bi-directional Modular Power Unit (BMPU) എന്ന സംവിധാനം ഉൾപ്പെടുത്തി ഇലക്ട്രിക് കാറിനെ retrofitting നടത്തി. ഇലക്ട്രിക് കാറിലെ ബാറ്ററിയിൽ സംഭരിച്ചുവച്ചിട്ടുള്ള DC വൈദ്യുതി AC വൈദ്യുതിയാക്കി മാറ്റുന്നതിനും തിരികെ പകൽ സമയം ഹരിതോർജത്തിൽനിന്നും ലഭിക്കുന്ന AC വൈദ്യുതി DC വൈദ്യുതിയാക്കി മാറ്റുന്നതിനാണ് BMPU എന്ന സംവിധാനം ഉപയോഗിക്കുന്നത്. കൂടാതെ പകൽ സമയം സൗരോർജ സംവിധാനത്തിൽ നിന്നും സംഭരിക്കുന്ന വൈദ്യുതി പീക്ക് സമയത് KSEBL ഗ്രിഡിലേക്ക് നൽകുന്നതിനായി Bi-directional AC ചാർജറും ആവശ്യമായുണ്ട്. ഗ്രിഡിലേക്ക് വൈദ്യുതി നൽകുമ്പോഴുള്ള Grid synchronization ഉൾപ്പെടെയുള്ള സാങ്കേതിക സംവിധാനമൊരുക്കുന്നത് Bi-directional AC ചാർജർ വഴിയാണ്. സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് 'പ്രധാനമന്ത്രി കുസും പദ്ധതി' (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE

നിന്നും അനുമതി ലഭിച്ച 9,348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

സംസ്ഥാനത്തെ ഹരിതഹൈഡ്രജൻ പ്രോജക്ടുകൾക്കുള്ള നോഡൽ ഏജൻസിയായ അനെർട്ട് സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് (DST) കേരള സംസ്ഥാനത്തെ ഹൈഡ്രജൻവാലി ഇന്നൊവേഷൻ ക്ലസ്റ്റർ പ്രോജക്ടിനായി തിരഞ്ഞെടുത്തു.

പദ്ധതി ചെലവ് അനുബന്ധമായി ചേർക്കുന്നു+.

(ബി) അനെർട്ടിൽ പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥിരം ജീവനക്കാർ നിലവിലുണ്ടോയെന്നും ഡെപ്യൂട്ടേഷൻ ഒഴികെയുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണമെത്രയെന്നും ഇവരുടെ പെൻഷൻ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ?

അനെർട്ടിൽ പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥിരം ജീവനക്കാർ നിലവിലില്ല. നിലവിൽ 99 സർക്കാർ അംഗീകൃത തസ്തികകളുണ്ടെങ്കിലും സ്ഥിരം ജീവനക്കാർ വളരെ കുറവാണ്. അനെർട്ടിലെ ഡെപ്യൂട്ടേഷൻ ഒഴികെയുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇവരുടെ പെൻഷൻ കാലാവധിയും അനുബന്ധമായി ചേർക്കുന്നു+.

(സി) അനെർട്ടിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവായതിന് ശേഷം സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ; സ്പെഷ്യൽ റൂൾ സംബന്ധമായി ഊർജ വകുപ്പ് ഓഫീസിലെ നോട്ട് ഫയലിന്റെയും കറണ്ട് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

05-02-2016-ലെ ജി.ഒ.(പി)നം.1/2016/ഊ.വ. പ്രകാരം അനെർട്ടിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. സ്പെഷ്യൽ റൂൾ സംബന്ധമായ ഫയൽ നിയമ വകുപ്പിന്റെ പരിശോധനയിലാണ്. നോട്ട് ഫയലിന്റെയും കറണ്ട് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) കരാർ ജീവനക്കാർ ഉൾപ്പെടെ അനെർട്ടിലെ നിലവിലെ ജീവനക്കാരുടെ വിവരം ലഭ്യമാക്കാമോ; സർക്കാർ അംഗീകരിച്ച തസ്തികയിലാണോ കരാർ ജീവനക്കാർ ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ?

കരാർ ജീവനക്കാർ ഉൾപ്പെടെ അനെർട്ടിലെ നിലവിലെ ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

കരാർ ജീവനക്കാർ സർക്കാർ അംഗീകൃത സ്ഥിരം തസ്തികകളിലല്ല പ്രവർത്തിക്കുന്നത്. ഓരോ സാമ്പത്തിക വർഷത്തിലും അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾക്ക് സർക്കാർ നൽകുന്ന ഭരണാനുമതിപ്രകാരം പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ സ്റ്റാഫിനെ അല്ലെങ്കിൽ മനുഷ്യ വിഭവ ശേഷിയെ നിയോഗിക്കാവുന്നതാണെന്ന് നിർദേശിക്കുന്നുണ്ട്. അപ്രകാരം ജീവനക്കാരെ നിയോഗിക്കുന്നത് 02-07-2019-ലെ സ.ഉ.(പി) നം.76/2019/ധന., 09-07-2019-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലെ സ.ഉ.(പി)നം.81/2019/ധന. എന്നീ ഉത്തരവുകളിലെ നിർദേശങ്ങൾ പാലിച്ച് കൊണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഇ) അനെർട്ടിൽ അവസാനമായി ആശ്രിത നിയമനം ഒഴികെയുള്ള സ്ഥിരം നിയമനം നടന്നതെന്നാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

04-07-2006-ൽ താൽക്കാലികാടിസ്ഥാനത്തിൽ അനെർട്ടിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി എസ്. സുനിതകുമാരിയെ 15-09-2015-ലെ സ.ഉ. (എം.എസ്.)നം.31/2015/പി.ഡി. ഉത്തരവുപ്രകാരം പൂണ് തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

08-11-2010-ലെ എ.ഒ.നം.1385/Admn/2010/ANERT നടപടി ക്രമം പ്രകാരം ശ്രീ. പി. വി. ഹരിദാസനെ അനെർട്ടിലെ ജൂനിയർ മാനേജർ തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(എഫ്) അനെർട്ടിൽ സർക്കാർ അംഗീകരിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ തസ്തികയിലും അനുവദിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിൽ ഏറ്റവുമൊടുവിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത വർഷം ഏതാണെന്നും നിലവിലെ ഓരോ തസ്തികയിലെയും ഒഴിവുകൾ എത്രയാണെന്നും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25-02-2021-ലെ സ.ഉ.(കൈ)നം.8/2021/പവർ അനെർട്ടിന്റെ പുനഃസംഘടന ഉത്തരവുപ്രകാരം 101 അംഗീകൃത തസ്തികകളാണ് അനെർട്ടിലുള്ളത്. ഇത് നിലവിൽ 99 ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ജി) അനെർട്ടിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത കാര്യാലയത്തിൽ സർക്കാർ അംഗീകരിച്ച തസ്തികകൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്തുവരുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത ജില്ലാ കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് ഏത് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണ്; നിലവിൽ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധങ്ങളായ പാരമ്പര്യേതര ഊർജ സ്രോതസുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും അനെർട്ട് നേതൃത്വം വഹിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നത് അനെർട്ട് ജില്ലാ കാര്യാലയം മുഖേനെയാണ്.

ജില്ലയിലെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അക്ഷയ ഊർജം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫീസിബിലിറ്റി സ്റ്റഡി നടത്തുകയും പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ ടെൻഡർ നടപടികൾ പ്രകാരം പ്രവൃത്തികൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കി നൽകുന്നുമുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പദ്ധതി പ്രകാരം സർക്കാർ കെട്ടിടങ്ങളിലും പൊതുമേഖല സ്ഥാപനങ്ങളിലുമായി ആകെ 108 കെട്ടിടങ്ങളിൽ 853 KW സൗരോർജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

ജില്ലയിൽ അക്ഷയ ഊർജ പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് അനെർട്ട് ജില്ലാ ഓഫീസ് മുഖേന ടെക്നിക്കൽ അനുമതി നൽകുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പാക്കുന്ന അക്ഷയ ഊർജ പദ്ധതികൾ ജില്ലയിൽ നടപ്പാക്കുന്നത് അനെർട്ട് ജില്ലാ കാര്യാലയം മുഖേനയാണ്.

അനെർട്ട് കണ്ണൂർ ജില്ലാ ഓഫീസ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും MLA, MP ആസ്തി വികസന ഫണ്ട് മുഖേനയും ഓൺ ഗ്രിഡ് സൗരോർജ നിലയം, ഓഫ് ഗ്രിഡ് സൗരോർജ നിലയം, ഹൈബ്രിഡ് സൗരോർജ നിലയം, സൗരോർജ തെരുവ് വിളക്ക്, സോളാർ ഫെൻസിങ്, സോളാർ വാട്ടർ ഹീറ്റർ, ഇ-മൊബിലിറ്റി, കാർബൺ ന്യൂട്രൽ പദ്ധതി, ഹരിത വരുമാന പദ്ധതികളും ജില്ലയിൽ ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്യുന്ന പദ്ധതികൾക്കാവശ്യമായ മേൽനോട്ടം വഹിക്കുന്നു.

നിലവിൽ ജില്ലാ കാര്യാലയത്തിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

Sl. No.	Name	Designation	Remarks
1	Muhammad Rashid K.	Dist. Project Engineer	Temporary
2	Ajul K. K.	Technical Assistant	Temporary
3	Sanjay M. K.	Graduate Apprentice Trainee	

ഇ-മൊബിലിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് (ഇ-മൊബിലിറ്റി കോർഡിനേറ്റർ) കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾക്കുവേണ്ടി ശ്രീ. ജിഷ്ണു പവിത്രനെ കണ്ണൂർ ജില്ലാ കാര്യാലയത്തിലേക്ക് ഇ-മൊബിലിറ്റി സെക്ഷനിൽനിന്നും നിയമിച്ചിട്ടുണ്ട്.

അനെർട്ടിന്റെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ ജില്ലാ ടെക്നിക്കൽ മാനേജർ, അസിസ്റ്റന്റ് ജില്ലാ ടെക്നിക്കൽ മാനേജർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവയുടെ ഓരോ തസ്തികകൾക്കാണ് സർക്കാർ അംഗീകാരമുള്ളത്. പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്.

അനെർട്ട് ജില്ലാ കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ട് Dist. Programme Manager & Dist. Engineer (Joint) എന്ന ജോയിന്റ് അക്കൗണ്ടിലാണ്. ടി അക്കൗണ്ട് നിലവിൽ കൈകാര്യം ചെയ്യുന്നത് ജില്ലാ പ്രൊജക്ട് എഞ്ചിനീയർ തസ്തികയിലുള്ള ശ്രീ. കെ. മുഹമ്മദ് റാഷിദ് ആണ്.

സോളാർ എനർജി ഉൽപാദനത്തിൽ മുന്നേറ്റം നടത്താൻ നടപടി

259 (2763) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ എനർജി ഉൽപാദനത്തിൽ മുന്നേറ്റം നടത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പുരപ്പുറ സൗരോർജ ഉൽപാദനത്തിൽ മുന്നേറ്റം നടത്തുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് 3 kW വരെ പരമാവധി 78,000/- രൂപ സബ്സിഡി അനുവദിക്കുന്നു. നെറ്റ് മീറ്ററിങ് സംവിധാനത്തിലൂടെ സൗരോർജ പ്ലാന്റിൽനിന്നും ഉൽപാദിപ്പിച്ച് സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതി വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി അതിന് യൂണിറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിങ് സംവിധാനം ഉപയോഗിച്ച് സൗരോർജ പ്ലാന്റിൽനിന്നും ഗ്രിഡിലേക്ക് കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്ത് തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ പ്ലാന്റിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളിലേക്ക് വീൽ ചെയ്ത് ഉപയോഗിക്കാനും കഴിയുന്നു. പുരപ്പുറ സൗരോർജ പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ വിവിധ പ്രചാരണ പരിപാടികളും നടത്തിവരുന്നു. കൂടാതെ ഇക്കഴിഞ്ഞ സ്വാതന്ത്ര്യ ദിനാചരണത്തോടനുബന്ധിച്ച് പ്രത്യേകമായി വിളിച്ചുകൂട്ടിയ ഗ്രാമസഭകളിൽ പി.എം. സൂര്യ ഘർ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 11.178 മെഗാവാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിച്ചു. ഇതിൽ ഓഫ് ഗ്രിഡ്, ഹൈബ്രിഡ്, ഗ്രിഡ് ബന്ധിത പവർ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

ഇതുകൂടാതെ സോളാർസിറ്റി തിരുവനന്തപുരം പദ്ധതിയിൽ 514 സർക്കാർ കെട്ടിടങ്ങളിലായി 17.06 മെഗാവാട്ട് സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു.

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ നിലയങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് 'ഗ്രീൻ ഇൻകംസ്കീം അഥവാ ഹരിതവരുമാന പദ്ധതി'. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്കുമാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുകൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഇവർക്ക് ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതി വകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത്.

പ്രസ്തുത പദ്ധതിപ്രകാരം 1700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ നിലയങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഓരോ വീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗശേഷം അധികം ഉൽപാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുത ശൃംഖലയിലേക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് പ്രതിവർഷം ഏകദേശം 5,000/- മുതൽ 6,000/- രൂപ വരെ അധികവരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന് സൗജന്യമായി ഇൻഡക്ഷൻ കുക്ക്ടോപ്പ് നൽകുന്നതിലൂടെ എൽ.പി.ജി.-

യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. ഈ പദ്ധതി ഒരു ലക്ഷം വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 50,000 വീടുകളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 600 കോടി രൂപ കേന്ദ്ര സബ്സിഡിയായും 900 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ച് സൗജന്യമായി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ വിദൂര പട്ടികവർഗ ഉന്നതികൾ വൈദ്യുതീകരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് സൈലന്റ് വാലി റിസർവ് ഫോറസ്റ്റിൽ സ്ഥിതി ചെയ്യുന്ന താഴേതുടുക്കി ആദിവാസി ഗ്രാമത്തിൽ 2022-ൽ അനെർട്ട് 50 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് മൈക്രോഗ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചു. തുടർന്ന് വയനാട് വേലപ്പൻകണ്ടി ആദിവാസി നഗറിൽ 10 വീടുകളിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിലെ മേലെത്തുടുക്കി, ഗലസി, ഊരേടം എന്നീ ആദിവാസി ഉന്നതികളിലെ 60 കുടുംബങ്ങളിലും ഒരു കിലോവാട്ട് ശേഷിയുള്ള സോളാറും 500 വാട്ട് ശേഷിയുള്ള വിൻഡും ചേർന്ന ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ച് നൽകി. കൂടാതെ, ഇവിടെ 30 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു.

കേന്ദ്ര സർക്കാരിന്റെ PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതം ഉപയോഗിച്ച് മലപ്പുറം ജില്ലയിലെ മഞ്ചേരി ആദിവാസി നഗറിലും പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുറിയാർകുട്ടി എന്നീ ആദിവാസി നഗറുകളിലുമായി 98 വീടുകളിൽ സൗരോർജം ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ DAJGUA പദ്ധതിയിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലെ 18 നഗറിലും മറയൂർ പഞ്ചായത്തിലെ മുളകാമുട്ടി നഗറിലും പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പൂപ്പാറ നഗറിലും വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദപ്പാറ നഗറിലുമായി 561 വീടുകളിലും സൗരോർജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിന് ഭരണാനുമതിക്കായി നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ പൈലറ്റ് പ്രോജക്ടായി 100kW/150kWh ശേഷിയുള്ള ഒരു ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. സൗരോർജത്തിൽനിന്ന് ഊർജം സംഭരിക്കുകയും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനായി റീചാർജ് ചെയ്യാവുന്ന ബാറ്ററികളിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഒരു സാങ്കേതിക വിദ്യയാണ് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം. ഇത് ഊർജ വിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും തുടർച്ചയായ വൈദ്യുതി ലഭ്യമാക്കാനും സഹായിക്കുന്നു.

ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു. സംസ്ഥാനത്ത് സോളാർ എനർജി ഉൽപാദനത്തിൽ മുന്നേറ്റം നടത്തുന്നതിന്റെ ഭാഗമായി പബ്ലിക് ചാർജിങ് സ്റ്റേഷനുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചാൽ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പബ്ലിക് ചാർജിങ് സ്റ്റേഷനുകളിലും കുറഞ്ഞത് 5Kw ശേഷിയും പരമാവധി

50 kW ശേഷിയുമുള്ള സോളാർ സംവിധാനത്തിനാണ് സാമ്പത്തിക സഹായം നൽകിവരുന്നത്. സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-ൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) ഗാർഹിക ഉൽപാദകരിൽനിന്നും കെ.എസ്.ഇ.ബി.എൽ. എടുക്കുന്ന സോളാർ വൈദ്യുതിയുടെ വില യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിലവിലെ ഉത്തരവുപ്രകാരം എല്ലാ വർഷവും മാർച്ച് 31-നുശേഷം കെ.എസ്.ഇ.ആർ.സി. നിശ്ചയിച്ച നിരക്കിൽ മിച്ചമുള്ള സോളാർ വൈദ്യുതിയുടെ വില സോഫ്റ്റ്വെയർ സംവിധാനം വഴി ഓട്ടോമാറ്റിക്കായി ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ നൽകി വരുന്നു. ഇതിനായി സോളാർ രജിസ്ട്രേഷൻ സമയത്തോ അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രാവശ്യം ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ട്, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ കെ.എസ്.ഇ.ബി.എൽ. ഓഫീസിൽ

രജിസ്റ്റർ ചെയ്താൽ മതിയാകും. മതിയായ രേഖകൾ സമർപ്പിക്കാത്ത ഉപഭോക്താക്കൾക്ക് മിച്ചമുള്ള സോളാർ വൈദ്യുതിയുടെ വില നൽകുന്നതിൽ കാലതാമസമുണ്ടാകാറുണ്ട്.

(സി) സോളാർ വൈദ്യുതി ഉൽപാദനത്തിന് കൂടുതൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സബ്സിഡി നൽകുന്നത് കേന്ദ്ര ഗവർമെന്റിന്റെ നവ പുനരുപയോഗ ഊർജ മന്ത്രാലയമാണ്.

നിലവിൽ ഗാർഹിക മേഖലയിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭിക്കുന്നത് പി.എം. സൂര്യഘർ എന്ന പദ്ധതിക്കാണ്. ഈ പദ്ധതിപ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA), 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ്. ഈ സ്കീമിനുകീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സോളാർ വൈദ്യുതി ഉൽപാദനത്തിന് സബ്സിഡി നൽകുന്നതിന്റെ ഭാഗമായി പബ്ലിക് ചാർജിങ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റിന് സാമ്പത്തിക സഹായം നൽകിവരുന്നു. 1 kW-ന് Rs.20,000 രൂപ നിരക്കിൽ 5Kw ശേഷിയുള്ള സൗരോർജ സംവിധാനത്തിന് ഒരു ലക്ഷം രൂപയും 50 kW ശേഷിയുള്ള സൗരോർജ സംവിധാനത്തിന് 10 ലക്ഷം രൂപയും സംസ്ഥാന സർക്കാർ അനെർട്ട് വഴി സാമ്പത്തിക സഹായം നൽകിവരുന്നു.

അനെർട്ടിലെ കാർ വാങ്ങൽ

260(2764) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് സി.ഇ.ഒ. സ്ഥാപനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ പർച്ചേസ് ചെയ്യുകയും അവ ഇതര വകുപ്പ്/സ്ഥാപന മേധാവികൾക്ക് പാട്ടത്തിന് കൊടുക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, റേറ്റ്, ആകെ എത്ര കോടി രൂപ ചെലവഴിച്ചു എന്നീ വിവരങ്ങൾ നൽകാമോ; ഈ പർച്ചേസ് നടത്തിയ അനെർട്ട് സി.ഇ.ഒ. ആരാണ്;

(ബി) ഇവ പാട്ടത്തിന് കൊടുക്കാനായി അനെർട്ട് സി.ഇ.ഒ. ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വാങ്ങിയ കാറുകളിൽ എത്ര എണ്ണം, ഏതു നിരക്കിൽ, എത്ര വർഷത്തേക്ക്, ആർക്കെല്ലാം, ഇതിനകം പാട്ടത്തിന് നൽകിയിട്ടുണ്ടെന്നും ഇപ്പോഴത്തെ പാട്ട കാലാവധിക്കുശേഷം തുടർന്നുള്ള വർഷങ്ങളിൽ ഈ കാറുകൾ എന്തുചെയ്യാനാണ് അനെർട്ട് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(സി) ഇപ്രകാരം കാറുകൾ പാട്ട വ്യവസ്ഥയിൽ സ്വീകരിച്ച സർക്കാർ വകുപ്പുകൾക്ക് ഈ പദ്ധതി സമ്പത്തികമായി വൻ നഷ്ടം ഉണ്ടാക്കുന്നതായി പരിശോധന നടത്തിയിട്ടുണ്ടോ?

(എ-സി) അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാപനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ പർച്ചേസ് ചെയ്തിട്ടില്ല.

(ഡി) ഇപ്രകാരം അനെർട്ടിന്റെ തനത് ഫണ്ടുപയോഗിച്ച് കാറുകൾ വാങ്ങാനും അവ മേൽപറഞ്ഞ പാട്ട വ്യവസ്ഥ പ്രകാരം സർക്കാർ വകുപ്പ്/സ്ഥാപന മേധാവികൾക്ക്

പാട്ടത്തിന് നൽകാനും അനെർട്ട് സി.ഇ.ഒ.-യ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നോ; എങ്കിൽ പ്രസ്തുത അനുമതിയുണ്ടായിരുന്നോ?

അനെർട്ടിന് സർക്കാർ വകുപ്പുകൾ നൽകിയ അഡ്വാൻസ് തുകയും ഇലക്ട്രിക് കാർ ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള പ്രൊജക്ട് ഫണ്ട് ഉപയോഗിച്ചും അനെർട്ടിനുള്ള സർക്കാർ ഫണ്ടുപയോഗിക്കാതെയും ഇലക്ട്രിക് കാറുകൾ വാങ്ങാനും പാട്ടവ്യവസ്ഥപ്രകാരം സർക്കാർ വകുപ്പുകൾക്ക് പാട്ടത്തിന് നൽകാനും അനെർട്ടിന്റെ 01-11-2024-ന് കൂടിയ 60-മത് Executive Committee അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇല്ലെങ്കിൽ അനെർട്ട് സി.ഇ.ഒ. സ്വന്തം നിലയ്ക്ക് നടത്തിയ ഈ സാമ്പത്തിക ക്രമക്കേടിനെയും അഴിമതിയെയും പറ്റി അന്വേഷിക്കാനും അനെർട്ടിനും ഇതര സർക്കാർ വകുപ്പുകൾക്കും സംഭവിച്ച സാമ്പത്തിക നഷ്ടങ്ങൾ തിരിച്ചു പിടിക്കാനും സർക്കാർ തയ്യാറാകുമോ?

ബാധകമല്ല.

സോളാർ വൈദ്യുതി ഉൽപാദനം നിയന്ത്രിക്കാൻ നടപടി

261 (2765) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി ഉൽപാദനം വർധിച്ചുവരുന്നത് നിയന്ത്രിക്കാൻ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഇല്ല.

(ബി) സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം വർധിക്കുന്നതനുസരിച്ച് പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നിലവിൽ നടപ്പാക്കുന്നത്. ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. 2022-23 മുതൽ നാളിതുവരെ 2232 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സോളാർ, ഇലക്ട്രിക് വെഹിക്കിൾ എന്നിവമൂലമുണ്ടാകുന്ന ലോഡ് വർധനവ് കണക്കിലെടുത്ത് ദ്യുതി 2 പദ്ധതികളിൽ പ്രാദേശിക സാഹചര്യമനുസരിച്ചുള്ള പ്രവൃത്തികൾ പ്രത്യേകമായി ഉൾപ്പെടുത്തി നിർവഹിച്ചുവരുന്നു.

സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതി, ഗ്രീൻ എനർജി കോറിഡോർ രണ്ടാം പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രസരണ ലൈനുകൾ നിർമ്മിക്കാനും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്താനുള്ള നടപടികൾ

സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഗ്രീൻ എനർജി മൂന്നാം പദ്ധതിയിലുൾപ്പെടുത്തി പുതിയ ലൈനുകൾ നിർമ്മിക്കാനും നിലവാരം ഉയർത്താനുമുള്ള നിർദേശം കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം വർധിക്കുന്നതിനനുസരിച്ച് പ്രസരണ-വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താനുള്ള നടപടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകൾക്ക് വിധേയമായി സ്വീകരിച്ചുവരുന്നു.

(സി) സോളാർ ഉൽപാദകർക്കുള്ള ആനുകൂല്യങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സോളാർ ഉൽപാദകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഇല്ല.

ആദിവാസി ഉന്നതികളുടെ വൈദ്യുതീകരണം

262 (2766) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലേതുടുക്കി, ഗലസി, ഊരടം എന്നീ ആദിവാസി ഉന്നതികളുടെ വൈദ്യുതീകരണത്തിനായി അനെർട്ട് 2023 ഫെബ്രുവരി 8-ന് ക്ഷണിച്ച ടെൻഡറിന്റെ ടെക്നിക്കൽ ബിഡ് തുറന്നതിന് ശേഷമാണോ സാങ്കേതിക വിലയിരുത്തൽ മാനദണ്ഡം നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ടെൻഡറിൽ പങ്കെടുത്ത കമ്പനികൾക്ക് ഓരോ

ഇനത്തിലും ലഭിച്ച മാർക്കും നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; മാർക്ക് ലഭിക്കുന്നതിനുള്ള മാനദണ്ഡപ്രകാരം ഓരോ ഇനത്തിലും കമ്പനികൾ സമർപ്പിച്ച യോഗ്യത സംബന്ധിച്ച രേഖകളുടെയും സാങ്കേതിക വിലയിരുത്തൽ രേഖയുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ടെക്നിക്കൽ ബിഡും ഫിനാൻസ് ബിഡും തുറന്നതിനുശേഷം പ്രസ്തുത ടെൻഡർ റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ; ടെൻഡർ റദ്ദാക്കിയ തീരുമാനമെടുത്ത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2023 ഏപ്രിൽ 20-ന് ക്ഷണിച്ച റീ ടെൻഡറിൽ മുൻ ടെൻഡറിലെ ടെക്നിക്കൽ ബിഡ് പരിശോധിക്കുന്നതിനായി നിശ്ചയിച്ചിരുന്ന സാങ്കേതിക വിലയിരുത്തൽ മാനദണ്ഡത്തിൽ ഓരോ ഇനത്തിനും ലഭിക്കുന്ന മാർക്കുകളിൽ മാറ്റം വരുത്തിയിരുന്നോയെന്നും ഏതെല്ലാം ഇനങ്ങളിലാണ് മാറ്റം വരുത്തിയതെന്നും വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സം

263 (2767) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കണക്ഷനുമായി ബന്ധപ്പെട്ട ഹൈബ്രിഡ് സംവിധാനം സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ അന്തിമമായി തീരുമാനം എടുത്തിട്ടില്ലെന്നിരിക്കെ ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. സോഫ്റ്റ്വെയറിൽ

നാളിതുവരെ മാറ്റം വരാത്തത് ഹൈബ്രിഡ് സോളാർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ റെഗുലേഷനിൽ ഹൈബ്രിഡ് സംവിധാനത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കാത്തതിനാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ കെ.എസ്.ഇ.ബി.എൽ. ഹൈബ്രിഡ് സംവിധാനത്തിന്റെ ഒരു സ്കീം തയ്യാറാക്കി നൽകിയിട്ടുണ്ട്. കമ്മീഷന്റെ തീരുമാനമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ബയോ ഫ്ലോക്ക് കൃഷി നടത്തുന്നവർക്ക് 24 മണിക്കൂറും വൈദ്യുതി അത്യന്താപേക്ഷിതമാണ്. ഇവർക്ക് താരിഫ് നിരക്കിൽ സോളാർ വയ്ക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ബയോ ഫ്ലോക്ക് കൃഷി നടത്തുന്നവർക്ക് സോളാർ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച പദ്ധതികൾ നിലവിലില്ല.

പി.എം. കുസും പദ്ധതിയിലെ ക്രമക്കേട്

264 (2768) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. കുസും പദ്ധതിക്കായുള്ള അനെർട്ട് 2022 ഡിസംബർ 12-ന് ക്ഷണിച്ച ടെൻഡറിൽ പങ്കെടുത്ത സൺടാസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് ക്വോട്ട് ചെയ്ത നിരക്കുകൾ എത്രയായിരുന്നുവെന്നും കമ്പനിക്ക് ഈ ഇനത്തിൽ നൽകിയ വർക്ക് ഓർഡറിലെ നിരക്കുകൾ എത്രയായിരുന്നുവെന്നും കമ്പനി ഇതുവരെ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും അനുവദിച്ച തുകയും സംബന്ധിച്ച കാര്യങ്ങളും വിശദീകരിക്കാമോ;

(ബി) മേൽ ടെൻഡറിൽ കോണ്ടാസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി എക്സൽ ഫയലിൽ ക്വോട്ട് ചെയ്ത, നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളുടെ നിരക്കുകൾ എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കരാറിന്റെ ഫിനാൻസ് ബിഡ് ആരംഭിച്ച തീയതി എന്നായിരുവെന്നും ഈ നിരക്കുകളിൽ മാറ്റം വരുത്തിയ തീയതിയും മാറ്റം വരുത്തിയതിനുള്ള കാരണവും വ്യക്തമാക്കാമോ; നിരക്കുകളിൽ മാറ്റം വരുത്തിയതിലൂടെ പദ്ധതിയിൽ വന്ന അധിക ചെലവ് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ഓഫീസ് 2023-ൽ അനെർട്ടിൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ പി.എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡറുകളെ സംബന്ധിച്ചുള്ള പരാമർശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേന്ദ്ര മാർഗനിർദേശം പൂർണ്ണമായും പാലിച്ചാണ് പദ്ധതി നടപ്പാക്കുന്നതെന്നും ടെൻഡറുകളിൽ അപാകതകൾ ഇല്ലായെന്നും സി.എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നൽകിയ വർക്ക് ഓർഡറുകൾ

265 (2769) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോമേറ്റ് എനർജി സൊലൂഷൻസ് എന്ന കമ്പനി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് അനെർട്ടിന്റെ കേന്ദ്രകാര്യാലയം, ജില്ലാ ഓഫീസുകൾ എന്നിവ മുഖേന എത്ര രൂപയുടെ വർക്ക് ഓർഡറുകൾ നല്കിയെന്ന് അറിയിക്കാമോ; വർക്ക് ഓർഡറുകളുടെ പകർപ്പും ഇതിനായി ക്ഷണിച്ച ടെൻഡറുകളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പും ലഭ്യമാക്കാമോ?

ഇക്കോമേറ്റ് എന്ന കമ്പനിക്ക് കഴിഞ്ഞ നാല് വർഷത്തിനിടയിൽ സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് അനെർട്ടിന്റെ കേന്ദ്രകാര്യാലയം, ജില്ലാ ഓഫീസുകൾ എന്നിവ മുഖേന 9,40,48,369/- രൂപയുടെ വർക്ക് ഓർഡറുകളാണ് നൽകിയിട്ടുള്ളത്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	District	Work Order Amount
1.	Thiruvananthapuram	63,88,951/-
2.	Kollam	41,31,700/-
3.	Pathanamthitta	24,96,710/-
4.	Alappuzha	42,45,566/-
5.	Kottayam	56,21,700/-

6.	Idukki	79,56,006/-
7.	Ernakulam	1,19,77,424/-
8.	Thrissur	2,11,34,672/-
9.	Palakkad	39,25,182/-
10.	Malappuram	85,34,798/-
11.	Kozhikode	35,81,952/-
12.	Wayanad	40,39,839/-
13.	Kannur	38,65,905/-
14.	Kasargod	61,47,964/-
	TOTAL	**9,40,48,369/-**

വർക്ക് ഓർഡറുകളുടേയും ടെൻഡറുകളുമായി ബന്ധപ്പെട്ട ഫയലുകളുടേയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ കമ്പനിക്ക് നൽകിയ വർക്ക് ഓർഡറിലെ പ്രവൃത്തികൾ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ, സോളാർ ഇൻസ്പെക്ടർ, സ്ഥാപനങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പരിശോധനാ റിപ്പോർട്ടിന്റെയും പേമെന്റ് ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

പരിശോധനകൾ നടത്തുന്നത് അതത് ജില്ലാ എഞ്ചിനീയർമാരാണ്. ജില്ലാ ഓഫീസുകളിൽനിന്ന് ശേഖരിച്ച പരിശോധന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ കമ്പനി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥാപിച്ച സോളാർ ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പോളിസി, വാർഷിക പ്രീമിയം പേമെന്റ് രസീത്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവ സമർപ്പിച്ചിരുന്നോ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഈ കമ്പനിക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഈ കമ്പനിക്ക് പി.എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കുകൾ നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഇക്കോമേറ്റ് എനർജി സൊല്യൂഷൻസ് എന്ന കമ്പനിക്ക് പി.എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കുകളൊന്നും നൽകിയിട്ടില്ല.

അനെർട്ട് വാങ്ങിയ ഇലക്ട്രിക് കാറുകൾ

266(2770) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ടിൽനിന്ന് സ്വന്തമായി ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിന് അനെർട്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോ; അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടുണ്ടോ; ഇതിന് മുൻകൂർ അനുമതി നല്കിയിട്ടുണ്ടോ;

(ബി) അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, വില, കാറുകളുടെ വിനിയോഗം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) അനെർട്ട് തനത് ഫണ്ട് മാത്രം ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടില്ല.

(സി) അനെർട്ടിലെ വാഹന ഉപയോഗത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ?

അനെർട്ടിലെ വാഹന ഉപയോഗം സംബന്ധിച്ച പരാതി ലഭിച്ചിരുന്നു. ആയത് പരിശോധിച്ചുവരികയാണ്.

(ഡി) അനെർട്ടിലെയും അനെർട്ട് മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള കാറുകളിലെയും ഡ്രൈവർമാരെ സ്വകാര്യ ഏജൻസി വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണ് നിയമിച്ചിരിക്കുന്നത്; ഈ ഏജൻസിയും അനെർട്ടും തമ്മിൽ നിലവിലുള്ള കരാറിന്റെയും വേതന വ്യവസ്ഥയുടെയും പകർപ്പ് ലഭ്യമാക്കാമോ?

അനെർട്ടിലെയും അനെർട്ട് മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഇലക്ട്രിക് കാറുകളിലേക്കും ഡ്രൈവർമാരെ സ്വകാര്യ ഏജൻസി വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ 33 ഡ്രൈവർമാരെയാണ് ഏജൻസി വഴി നിയമിച്ചിരിക്കുന്നത്. ഈ ഏജൻസിയും അനെർട്ടും തമ്മിൽ നിലവിലുള്ള കരാറിന്റെയും വേതന വ്യവസ്ഥയുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

സോളാർ വൈദ്യുതി ഉൽപാദകർക്കുള്ള ആനുകൂല്യങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

267 (2771) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഉൾപ്പെടെയുള്ള പുനരുപയോഗ വൈദ്യുതി ഉൽപാദകർക്കുള്ള ആനുകൂല്യങ്ങൾ കുറയ്ക്കുന്നതിനായുള്ള പുതിയ ചട്ടം രൂപീകരിക്കുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശിപാർശ ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈനായി നടത്തിയ പൊതുതെളിവെടുപ്പ് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡൊമസ്റ്റിക്ക് ഓൺഗ്രിഡ് സോളാർ പ്രൊസ്യൂമേഴ്സ് ഫോറം കരട് റഗുലേഷനുകളുടെ പൊതു ഹിയറിങ് ഹൈബ്രിഡ് രീതിയിൽ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 2025 ജൂലൈ 8-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പി.ഐ.എൽ. ഫയൽ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2025 ജൂലൈ 28-ന് WP(PIL)No.79 of 2025 ഉത്തരവുപ്രകാരം കരട് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025-ലെ പൊതുതെളിവെടുപ്പ് ഓൺലൈൻ തെളിവെടുപ്പിന് പുറമേ കോഴിക്കോട്, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ നാല് സ്ഥലങ്ങളിൽ ഫിസിക്കൽ രീതിയിൽ നടത്താനും നിർദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഹൈക്കോടതി ഉത്തരവിനെതിരെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003 അനുസരിച്ച് വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾ കരട് റഗുലേഷനുകൾ പ്രസിദ്ധീകരിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ ഇലക്ട്രിസിറ്റി (പ്രൊസീജ്യർ ഫോർ പ്രീവിയസ് പബ്ലിക്കേഷൻ) റൂൾസ് 2005-ൽ വ്യക്തമാക്കുന്നു. കെ.എസ്.ഇ.ആർ.സി. (കൺഡക്ട് ഓഫ് ബിസിനസ്സ്) റഗുലേഷൻസ്, 2003, ഇലക്ട്രിസിറ്റി (പ്രൊസീജ്യർ ഫോർ പ്രീവിയസ് പബ്ലിക്കേഷൻ) റൂൾസ് 2005 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് കമ്മീഷൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025-ന്റെ പൊതുതെളിവെടുപ്പുകൾ നടത്തിയിട്ടുള്ളത്. കൂടാതെ ഇപ്രകാരമുള്ള കരട് റഗുലേഷനുകളുടെ തെളിവെടുപ്പ് കമ്മീഷന്റെ കോർട്ട് ഹാളിൽ നേരിട്ടോ, ഹൈബ്രിഡ് രീതിയിലോ ആണ് പൊതുവെ നടത്തി വരാറുള്ളത്. കൂടാതെ രാജ്യത്തെ മറ്റ് വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളിൽ കരട് റഗുലേഷനുകളുടെ നടപടിക്രമങ്ങൾ പരിശോധിക്കുമ്പോൾ എല്ലായിടത്തും കമ്മീഷന്റെ ആസ്ഥാനത്തുള്ള കോർട്ട് ഹാളിൽ നേരിട്ടോ, ഹൈബ്രിഡ് രീതിയിലോ ആണ് നടത്തിവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2025 ജൂലൈ 28-ന് WP(PIL)No.79 of 2025 ഉത്തരവിനെ തുടർന്ന് കമ്മീഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സോളാർ വൈദ്യുതി ഉൽപാദകരും ഫിക്സഡ് ചാർജ് നൽകണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ OP No.43/2025 എന്ന പെറ്റീഷനുമേൽ 22-09-2025-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സോളാർ വൈദ്യുതി ഉൽപാദകരും ഫിക്സഡ് ചാർജ് നൽകേണ്ടതുണ്ട്.

ഗാർഹിക സോളാർ ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണക്കാക്കുന്നത് സംബന്ധിച്ച് തർക്കമുന്നയിച്ച് നൽകിയ പെറ്റീഷനിലാണ് തീർപ്പ് കൽപ്പിച്ച് റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയത്. ആകെ കണക്ടഡ് ലോഡ് അല്ലെങ്കിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ് തീരുമാനിക്കുന്നതെന്ന് കമ്മീഷൻ കണ്ടെത്തി. എന്നാൽ ഈ രീതി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രായോഗികമല്ലെന്നും ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം എന്നത് അവരുടെ ആകെ കണക്ടഡ് ലോഡിനെ പ്രതിഫലിപ്പിക്കുന്ന ഒന്നായതിനാൽ പ്രായോഗികത കണക്കിലെടുത്ത് ഫിക്സഡ് ചാർജ് കണക്കാക്കാൻ ആകെ ഉപഭോഗത്തെയാണ് അടിസ്ഥാനമാക്കേണ്ടതെന്നും കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ ആവശ്യപ്പെടുന്ന സോളാർ ഉപഭോക്താക്കൾക്ക് കിലോവാട്ടിന് പ്രതിമാസം 47/- രൂപ എന്ന നിരക്കിലും ഫിക്സഡ് ചാർജ് കണക്കാക്കി അടയ്ക്കാവുന്നതാണെന്നും ഉത്തരവിൽ സൂചിപ്പിക്കുന്നു.

സ്വകാര്യ കമ്പനി മുഖ്യ പങ്കാളിയായ സ്ഥാപനവുമായി അനെർട്ട് ധാരണപത്രം

268 (2772) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം അനെർട്ടിന് നല്കിയ കൺസോർഷ്യം കരാറിലെ ലീഡ് പാർട്ട്നർ ഊർജമിത്ര വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിയായിരുന്നോ; ഒരു സ്വകാര്യ കമ്പനി മുഖ്യ പങ്കാളിയായ ഈ സ്ഥാപനവുമായി അനെർട്ട് ധാരണപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള ധാരണപത്ര കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. നിലവിലുള്ള ധാരണാപത്രകരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) മൈക്രോ എന്റർപ്രൈസസ് എന്ന നിലയിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ള ഈ സ്ഥാപനം മുഖേന അനെർട്ട് പദ്ധതിയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇവർക്കുള്ള വേതനം ഈ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണോ നല്കുന്നത്; ഇതുവരെ എത്ര രൂപ നല്കിയിട്ടുണ്ട്; ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം മുഖേന അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയിൽ ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ട്. ഇവർക്കുള്ള വേതനം ഈ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകുന്നത്. 2025 ജൂലൈ മാസം വരെ ആകെ 17,50,000/- രൂപ ഇവർക്ക് വേതന തുകയായി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര രൂപ അനെർട്ട് നല്കിയിട്ടുണ്ട്; പേമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ട് നല്കിയ തുകകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) റിന്യൂവബിൾ എനർജി കെയറിന് എത്ര കിലോവാട്ട് ശേഷി വരെയുള്ള സോളാർ പ്ലാന്റുകൾ പരിശോധിക്കാനാണ് ചുമതല നൽകിയിരുന്നത്; ഈ സ്ഥാപനത്തിന്റെ ഭാരവാഹികൾ സോളാർ ബിസിനസ്സുമായി ബന്ധമുള്ളവരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണത്തിനുള്ള നടപടി സ്വീകരിക്കുമോ?

100 KW മുതൽ 500 KW വരെയുള്ള പ്ലാന്റുകൾ പരിശോധിക്കുന്നതിനാണ് ചുമതല നൽകിയിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം ടൈറ്റാനിയം പ്രൊഡക്ട്സിൽ സ്ഥാപിച്ച 2 MW സോളാർ പ്ലാന്റ് പരിശോധിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിരുന്നു. ഈ സ്ഥാപനത്തിന്റെ ഭാരവാഹികൾ ഊർജ്ജമിത്രകളാണ്. ഇവർക്ക് സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനും പ്ലാന്റ് പരിശോധിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും അനെർട്ട് പരിശീലനം നൽകിയിട്ടുണ്ട്. ഇവർ സോളാർ ബിസിനസ്സുമായി ബന്ധമുള്ളവരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള ചെലവ്

269(2773) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജോൽപ്പാദന ഉപകരണങ്ങളുടെ ജി.എസ്.ടി. എത്ര ശതമാനത്തിൽ നിന്ന് എത്ര ശതമാനമായി കുറച്ചു; വ്യക്തമാക്കാമോ?

പുനരുപയോഗ ഊർജ ഉൽപ്പാദന ഉപകരണങ്ങളുടെ ജി.എസ്.ടി. 12 ശതമാനത്തിൽനിന്നും 5 ശതമാനം ആയി കുറച്ചിട്ടുണ്ട്.

സോളാർ പവർ പ്ലാന്റുകളുടെ GST നിർണ്ണയത്തിൽ 70 ശതമാനം ഉപകരണങ്ങളുടെ വിലയും ശേഷിക്കുന്ന 30 ശതമാനം സർവീസുമായാണ് കണക്കാക്കുന്നത്. അതിൽ 30 ശതമാനം സർവീസിന്റെ GST നിരക്ക് 18 ശതമാനമായി തന്നെ തുടരുകയാണ്. 70 ശതമാനം GST നിരക്ക് നോട്ടിഫിക്കേഷൻ No.9/2025- centraltax(rate) dated.17-09-2025 പ്രകാരം 12 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറച്ചിട്ടുണ്ട്. ഇതുപ്രകാരം സോളാർ പവർ പ്ലാന്റുകളുടെ ശരാശരി GST നിരക്ക് 13.8 ശതമാനത്തിൽ നിന്നും 8.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ബി) ജി.എസ്.ടി. കുറച്ചതിലൂടെ ഒരു കിലോവാട്ട് സോളാർ നിലയത്തിന്റെ ചെലവിൽ എത്രത്തോളം കുറവ് പ്രതീക്ഷിക്കപ്പെടുന്നു; വിശദമാക്കാമോ?

GST കുറച്ചതിലൂടെ സോളാർ പവർ പ്ലാന്റുകളുടെ ശരാശരി GST നിരക്ക് 13.8 ശതമാനത്തിൽനിന്നും 8.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

പുനരുപയോഗ ഊർജോൽപ്പാദന ഉപകരണങ്ങളുടെ ജി.എസ്.ടി. കുറച്ചതിലൂടെ ചെലവിൽ ശരാശരി 4.9% കുറവ് സോളാർ നിലയം സ്ഥാപിക്കപ്പെടുമ്പോൾ ഉണ്ടാകുന്നതാണ്.

ജി.എസ്.ടി. കുറച്ചതിലൂടെ ഒരു കിലോവാട്ട് സോളാർ നിലയത്തിന്റെ ചെലവിൽ 2,071/- രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നു.

(സി) സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവന നികുതി എത്ര ശതമാനമായി തുടരുന്നു; വ്യക്തമാക്കാമോ?

സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവന നികുതി 18 ശതമാനമായി തന്നെ തുടരുകയാണ്.

(ഡി) കേരളത്തിൽ പുതുതായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങളുടെ എണ്ണം കുറയാനുള്ള കാരണം സൂചിപ്പിച്ചുകൊണ്ടുള്ള കേരള റിന്യൂവബിൾ എനർജി എന്റർപ്രെനേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷൻസ് (ക്രീപ)-യുടെ വിശദീകരണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

കേരള റിന്യൂവബിൾ എനർജി എന്റർപ്രെനേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷന്റെ (ക്രീപ)-വിശദീകരണം ലഭ്യമായിട്ടില്ല.

(ഇ) പുതിയ ചട്ടങ്ങൾ വന്നാലും പുരപ്പുറ സോളാർ നിലയങ്ങൾ ലാഭകരമാണെന്ന് വ്യക്തമാക്കുന്നത് ഏത് സ്ഥാപനമാണ്; വ്യക്തമാക്കാമോ;

(എഫ്) പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഏത് കോടതിയുടെ നിലപാടിനെ ആശ്രയിച്ചിരിക്കുന്നു; വ്യക്തമാക്കാമോ;

(ജി) താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിക്കുന്ന കൽക്കരി, ലിഗ്നൈറ്റ് എന്നിവയുടെ നികുതി എത്ര ശതമാനമായാണ് വർധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ-ജി) വിവരം ശേഖരിച്ചുവരുന്നു.

സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റ്

270 (2774) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൻഡ്സ്ട്രീം എനർജി ടെക്നോളജീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേന അനെർട്ട് സ്ഥാപിച്ച സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉണ്ട്. രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പരാതികൾ അന്വേഷിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; കമ്മിറ്റിയെ നിയമിച്ച ഉത്തരവിന്റെയും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മാധ്യമവാർത്തകളിൽ വന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി 21-04-2025-ലെ സ.ഉ. (സാധാ) 89/2025/ഊർജ നമ്പർ ഉത്തരവുപ്രകാരം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.) ഊർജ വകുപ്പ് ജോയിന്റ് സെക്രട്ടറി അധ്യക്ഷനായും ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (REES), കെ.എസ്.ഇ.ബി.എൽ. എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി തിരഞ്ഞെടുപ്പ്

271 (2775) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 28-03-2025-ലെ ഇ 885/2025/എസ്.സി.ഇ.സി. നമ്പർ ഉത്തരവുപ്രകാരം നടത്തിയ മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി തിരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് നാളിതുവരെ ഭരണസമിതി അംഗങ്ങളായി ചുമതല നൽകാത്തതും ചെയർമാനെ തിരഞ്ഞെടുക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) 1969-ലെ കേരള സഹകരണസംഘം നിയമം/ചട്ടം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ക്വാറവും ഉണ്ടെന്നിരിക്കെ അതിന് വിരുദ്ധമായി ചെയർമാൻ തിരഞ്ഞെടുപ്പ് നടത്താത്തത് ആരുടെ വീഴ്ചയാണെന്ന് പരിശോധിച്ച് അറിയിക്കാമോ;

(സി) മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ചുമതല നൽകുന്നതിനും ചെയർമാൻ തിരഞ്ഞെടുപ്പ് നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ എക്സ് ഒഫീഷ്യോ അംഗമായ മൂവാറ്റുപുഴ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടറുടെ (ആഡിറ്റ്) സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രീബ്യൂണലിൽ 19-05-2025-ലെ

OA/EKM/688/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ഈ കേസിന്റെ അന്തിമ വിധി വരുന്നതിലുണ്ടായ കാലതാമസംമൂലമാണ് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ തിരഞ്ഞെടുപ്പ് വൈകിയിട്ടുള്ളത്.

സഹകരണ മേഖലയെ നവീകരിക്കാനുള്ള നടപടികൾ

272 (2776) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സഹകരണ മേഖലയിലെ നവീകരണത്തിന്റെ ഭാഗമായി സഹകരണ സംഘം നിയമ ഭേദഗതി നടപ്പാക്കി, സഹകരണ മാന്വലിന്റെ നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികൾ നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കുകയുണ്ടായി.

1. **പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ**

സംസ്ഥാനത്തെ സഹകരണ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അക്കൗണ്ടിങ് ആധുനികവൽക്കരിക്കുന്നതിനും സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. **Co-operative Inspection Management System (CIMA)**

സഹകരണ മേഖലയുടെ നവീകരണത്തിനും പുരോഗതി ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളുടെ പരിശോധനയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ വകുപ്പ് പുതിയൊരു സമഗ്ര ഓൺലൈൻ പരിശോധനാ സംവിധാനമായ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA) Version 1.0 വികസിപ്പിച്ചെടുത്തിട്ടുണ്ട്.

275 ഇൻസ്പെക്ടർമാർ മാത്രമുള്ള ഇന്നത്തെ സാഹചര്യത്തിൽ, വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽവൽക്കരണം അനിവാര്യമാണ്. അതിനായി രൂപപ്പെടുത്തിയെടുത്ത ഈ പദ്ധതി കേരളത്തിലെ സഹകരണ സംഘങ്ങളിലെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ്. തത്സമയ ഡാറ്റാ വിശകലനം, ജിയോ-മാപ്പിങ്, ജിയോ-ഫെൻസിങ് എന്നിവ ഉപയോഗിച്ച് ഇൻസ്പെക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കൽ, 100% ഡിജിറ്റൽ രേഖകൾ, വകുപ്പും സഹകരണ സംഘങ്ങളും തമ്മിൽ തടസ്സമില്ലാത്ത ആശയവിനിമയം എന്നിവ CIMA ഉറപ്പാക്കുന്നു. സുതാര്യതയും കൃത്യതയും കാര്യക്ഷമതയും വർധിപ്പിച്ച് സഹകരണ മേഖലയുടെ ഭരണനിർവഹണം ശക്തിപ്പെടുത്താനും ഈ ഡിജിറ്റൽ സംരംഭം സഹായിക്കുന്നു. 01-03-2025 മുതൽ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയും ആകസ്മിക പരിശോധന CIMA വഴിയാണ് നടന്നുവരുന്നത്.

3. **സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം**

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ

വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി വെബ് ആപ്ലിക്കേഷൻ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. **Co-operative Audit Monitoring & Information System (CAMIS)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിങ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

5. **Society Byelaw registration and Amendment system**

സഹകരണ സംഘങ്ങളുടെ ബൈലാ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി തുടങ്ങിയവ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കാൻ വകുപ്പ് വികസിപ്പിച്ചെടുത്ത സംവിധാനമാണ് വെബ് ICDMS. നിലവിൽ സഹകരണ സംഘങ്ങളുടെ ബൈലാ രജിസ്ട്രേഷനും ബൈലാ ഭേദഗതിയും നടപ്പിലാക്കുന്നത് ICDMS സോഫ്റ്റ്വെയർ വഴിയാണ്.

ഈ സംവിധാനത്തിന് കൂടുതൽ സമഗ്രത നൽകുന്നതിനായി സബ്-റൂൾ (Sub Rule) അംഗീകാരം കൂടി ഉൾപ്പെടുത്തികൊണ്ട് സംഘം ബൈലാ രജിസ്ട്രേഷൻ, ഭേദഗതി പ്രക്രിയകൾ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്താൻ സഹായിക്കുന്ന വിധത്തിൽ

കൂടുതൽ ഉപഭോക്തൃ സൗഹൃദമായി വെബ് ആപ്ലിക്കേഷൻ ഡെവലപ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

6. **MRF Portal**

22-09-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗ സമാശ്വാസ നിധി (മെമ്പർ റിലീഫ് ഫണ്ട്) പദ്ധതി അപേക്ഷ സമർപ്പണം Online ആക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

ഗുരുതര രോഗം ബാധിച്ച സഹകാരികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അപേക്ഷകൾ വേഗത്തിൽ സംസ്ഥാന ഉന്നതതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അപേക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട ജോലിഭാരം കുറയ്ക്കുന്നതിനുംവേണ്ടിയാണ് ഓൺലൈൻ സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതുവഴി അപേക്ഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ വഴിയോ വെബ്പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കാനും സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി (സ്റ്റാറ്റസ്) അറിയാനും സാധിക്കുന്നു. MRF portal വികസിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

7. **BRANDING & MARKETING OF CO-OPERATIVE PRODUCTS**

സഹകരണ മേഖലയിലെ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി co-opkerala എന്ന ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിട്ടുണ്ട്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ

സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള 'co-opkerala' സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. ഉണമേന്മയുള്ള വിവിധ സഹകരണ ഉൽപന്നങ്ങൾ co-opkerala ബ്രാൻഡോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്.

8. **പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം**

കേരളത്തിൽ പഴവർഗ്ഗകൃഷി വികസനം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

കർഷകരുടെ സ്വന്തം ഭൂമിയിലോ, കർഷകരിൽനിന്നും പാട്ടത്തിനെടുത്ത ഭൂമിയിലോ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള പഴവർഗ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്ത് അവയിൽ നിന്നുള്ള ഫലങ്ങൾ വിളവെടുപ്പുനടത്തി വിപണനം ചെയ്യുക, ഒട്ട് തൈകൾ 'Co-op Kerala' സർട്ടിഫിക്കറ്റ് നൽകി വിപണനം ചെയ്യുക, ഡ്രൈ ഫ്രൂട്ട്സ് ഉൽപാദിപ്പിക്കുക എന്നിവയാണ് ലക്ഷ്യംവയ്ക്കുന്നത്. ഈ പദ്ധതിയിലൂടെ കേരളത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാനാകും.

9. **ഫെനി നിർമ്മാണം**

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി ഫെനി ഉൽപാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾവഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭിക്കുന്നതും നിലവിൽ ഉപയോഗമില്ലാതെ പാഴായിപോകുന്നതുമായ കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൺസ്യൂമർ ഫെഡറേഷൻ ഉൾപ്പെടെ സംഘങ്ങളുടെ വരുമാനം

വർധിപ്പിക്കുന്നതിനും സാധിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ വായ്പാ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

10. **സഖി പദ്ധതി**

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻവഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് കൂടുതൽ ദിശാബോധം നൽകുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷയും നവജാത ശിശു പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം, "പരിചരണ സമ്പദ് വ്യവസ്ഥയിൽ" അധിഷ്ഠിതമായ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണയം എന്നീ മേഖലകളിൽ പരിശീലനം തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു.

11. **"അങ്ങാടി കേരള" ആപ്പ്**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Co-op Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള

അഴിമതികളും അപവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വില്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപയോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിങ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും.

12. **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)**

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). കൃഷിയെ പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23

സാമ്പത്തിക വർഷം മുതൽ നാളിതുവരെ 47 സഹകരണസംഘങ്ങൾക്ക് 1322.832 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

13. കേരള ബാങ്കിന്റെ മൊബൈൽ ആപ്ലിക്കേഷൻ ബാങ്കിങ് സേവനങ്ങൾ നടത്തുന്നതിനോടൊപ്പം പുതിയ നിക്ഷേപ അക്കൗണ്ടുകൾ ആരംഭിക്കുക, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് ഡൗൺലോഡ്, സ്റ്റേറ്റ്മെന്റ്, ചെക്ക് ബുക്കുകൾ തുടങ്ങിയ എല്ലാ സേവനങ്ങളും ലഭ്യമാണ്. കോർ ബാങ്കിങ്, മറ്റ് അനുബന്ധസേവനങ്ങൾ എന്നിവയുടെ അടുത്ത ഘട്ടത്തിന്റെ ഭാഗമായി രാജ്യത്തെ ഐ.റ്റി. മേഖലയിലെ പ്രമുഖരെ ഉൾപ്പെടുത്തി ഐ.റ്റി. കോൺക്ലേവ് സംഘടിപ്പിച്ചു.

14. **മികവ്-2024**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് സജ്ജമാക്കുന്നതിലേക്കായി ഓൺലൈൻ സാധ്യതകളെ പ്രയോജനപ്പെടുത്തി മികവ്-2024 പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി.

15. സഹകരണ നിയമം രണ്ടാം ഭേദഗതി ചട്ടം 50 എ പ്രകാരം സഹകരണ സംഘങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതി അംഗങ്ങൾക്ക് പരിശീലനം നിർബന്ധമാക്കിയ സാഹചര്യത്തിൽ ഐ.സി.എം., ACSTI, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നീ സ്ഥാപനങ്ങൾവഴി 4161 പേർക്ക് പരിശീലനം നൽകുകയുണ്ടായി.

16. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി

പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാ-സാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻകലകളും അനുഷ്ഠാനങ്ങളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാ-സംസ്കാരത്തെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

17. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുതകുംവിധം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

18. കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെയാണ് സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.

19. സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.

20. ഗിഗ് ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള ഷോപ്സ് ആൻഡ് കോമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ സംഘം എന്ന പേരിൽ ഫെഡറൽ സഹകരണ സംഘവും രൂപീകരിച്ചു.

21. വിവിധ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു.

22. പ്രാദേശിക, ദേശീയ-അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക, കുട്ടികൾക്കായി കായിക പരിശീലനം നടത്തുക, ആയുഷ് വകുപ്പുമായി സഹകരിച്ച്

യോഗ ക്ലാസുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു.

23. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ ഭാഷാ സാഹിത്യ സാംസ്കാരിക മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള നാട്ടകം ഇന്ത്യ പ്രസ് പുരയിടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

24. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേക്കായി ടീം ആഡിറ്റ് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

(ബി) സഹകരണ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) സഹകരണ മേഖലയിൽ നിലനിൽക്കുന്ന ആക്ഷേപങ്ങൾ പരിഹരിക്കാൻ സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്

273(2777) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിലെ ഡയറക്ടർമാർക്കും ജീവനക്കാർക്കും തുടർപരിശീലനം നൽകുന്ന ഐ.സി.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്) കേന്ദ്രങ്ങൾ നിലവിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഒരു സ്ഥാപനം കാസർഗോഡ് ജില്ലയിൽ തുടങ്ങണമെന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇതിന്റെ തുടർനടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകാതെ ഈ മേഖലയിലെ ഡയറക്ടർമാർക്കും ജീവനക്കാർക്കും ഉന്നതതല പരിശീലനം നൽകുന്ന കേന്ദ്രം കാസർഗോഡ് ജില്ലയിൽ അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ഐ.സി.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്) കേന്ദ്രങ്ങൾ നിലവിൽ തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു സ്ഥാപനം കാസർഗോഡ് ജില്ലയിൽ തുടങ്ങണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടില്ല.

സഹകരണ മേഖലയിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

274 (2778) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ വിശദാംശങ്ങളും സ്ഥാപനം തിരിച്ച് അറിയിക്കുമോ?

1. പൂവച്ചൽ റൂറൽ ഹൗസിങ് സഹകരണ സംഘം റ്റി.355 (ഓഹരിമൂലധനം-2 ലക്ഷം രൂപ)

2. കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സഹകരണ സംഘം-റ്റി.1748 (ആധുനികവൽക്കരണം-3 ലക്ഷം രൂപ)

3. ഉറിയാക്കോട് എസ്.സി.-എസ്.റ്റി. സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.3923 (വർക്കിംഗ് കാപ്പിറ്റൽ ഗ്രാൻഡ് - 3 ലക്ഷം രൂപ, മാനേജീരിയൽ സബ്സിഡി - 3,60,000-- രൂപ)

4. വീരണക്കാവ് എസ്.സി.ബി. (കടാശ്വാസ കമ്മീഷൻ - 8,39,250-- രൂപ, റിസ്ക് ഫണ്ട് - 1 ലക്ഷം രൂപ)

5. വീരണക്കാവ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1580- (റിസ്ക് ഫണ്ട്- 1,50,000-- രൂപ)

6. കുറ്റിച്ചൽ എസ്.സി.ബി. ക്ലിപ്തം നമ്പർ 547 – (റിസ്ക് ഫണ്ട്-47900-- രൂപ, മെമ്പർ റീലിഫ് ഫണ്ട്- 25,000-- രൂപ)

7. പൂവച്ചൽ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ 1743 – (റിസ്ക് ഫണ്ട് - 52,500--രൂപ)

8. വിളർ സർവ്വീസ് സഹകരണ ബാങ്ക്-ക്ലിപ്തം നമ്പർ 1048 - ടർഫ് സ്റ്റേഡിയം, ടൂറിസം ഫെസിബിലിറ്റി സെന്റർ - പദ്ധതി നടപ്പിലാക്കി വരുന്നു- 20 ലക്ഷം രൂപ (6.67 ലക്ഷം ഓഹരി, 13.33 ലക്ഷം രൂപ സബ്സിഡി)

9. അരുവിക്കര ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 603 – കർഷകസേവനകേന്ദ്രം - 25 ലക്ഷം രൂപ (ഓഹരി-8.30 ലക്ഷം, സബ്സിഡി-16.7 ലക്ഷം)

10. കരുണാകരൻ മെമ്മോറിയൽ റൂറൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1841-(ആധുനികവൽക്കരണം-3 ലക്ഷം രൂപ)

11. പൂനലാൽ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1983 - (ആധുനികവൽക്കരണം-3 ലക്ഷം രൂപ)

12. പുളിച്ചാമല വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ 1423 – (ജനസേവനകേന്ദ്രം -5 ലക്ഷം രൂപ, കമ്പ്യൂട്ടറൈസേഷൻ-3 ലക്ഷം രൂപ)
13. തൊളിക്കോട് അഗ്രിക്കൾച്ചറലിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ 1709 - (കാർഷിക സംഭരണ വിതരണ കേന്ദ്രം- 5 ലക്ഷം രൂപ)

14. അംഗസമാശ്വാസനിധി പദ്ധതിയിലൂടെ മാരകരോഗങ്ങൾ ബാധിച്ച സംഘാംഗങ്ങൾക്ക് ധനസഹായം-34,40,000-- രൂപ

15. റിസ്ക് ഫണ്ട് പദ്ധതിയിലൂടെ മരണപ്പെടുകയോ, മാരകരോഗം ബാധിക്കുകയോ ചെയ്ത വായ്പക്കാർക്കുള്ള ധനസഹായം-79,66,939-- രൂപ

16. കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള വായ്പ ഇളവ് പദ്ധതി-10,44,54,469-- രൂപ

17. കാർഷിക വായ്പയ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉത്തേജന പലിശ സബ്സ്ഡി പദ്ധതി - 18,20,542-- രൂപ

18. അരുവിക്കര അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫയർ സഹകരണസംഘം (ധനസഹായം -3,00,000-- രൂപ)

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

275 (2779) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ഭരണസമിതി അറിയാതെ ജീവനക്കാർ നടത്തുന്ന ക്രമക്കേടുകൾക്ക് ഭരണസമിതിക്കെതിരെ നടപടി വരുന്നത് തടയുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ഭരണ സമിതികൾക്കാവശ്യമായ പരിശീലനം നൽകുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

സഹകരണ നിയമം (രണ്ടാം ഭേദഗതി) ചട്ടം 50A പ്രകാരം സഹകരണ സംഘങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നിർബന്ധമാക്കിയ സാഹചര്യത്തിൽ, പരിശീലന പരിപാടികൾ നടത്തുന്നതിനായി ഐ.സി.എം. തിരുവനന്തപുരം, ഐ.സി.എം. കണ്ണൂർ, എ.സി.എസ്.റ്റി.ഐ. തിരുവനന്തപുരം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നീ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽനിന്ന് ആകെ 4161 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ക്രമക്കേട് നടത്തി വിദേശത്തേക്ക് കടന്നുകളയുന്ന ജീവനക്കാരെ തിരികെ നാട്ടിലെത്തിച്ച് അവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന ജീവനക്കാരെ തിരികെ നാട്ടിലെത്തിച്ച് അവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് കാലാകാലങ്ങളിൽ നിലവിലുള്ള ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വർഷാവർഷം നടത്തുന്ന ഓഡിറ്റിങ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ ഉണ്ടെങ്കിൽ വേഗത്തിൽ അവ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വർഷങ്ങളായി നടക്കുന്ന ക്രമക്കേടുകൾ ഓഡിറ്റിങ്ങിൽ കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഓഡിറ്റിങ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) വർഷാവർഷം നടത്തുന്ന ഓഡിറ്റിങ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസ്യതയും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിങ് സമ്പ്രദായം പൊതുവായ അക്കൗണ്ടിങ് സ്റ്റാൻഡേർഡ് (GAAP)-ലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിങ് മാന്വൽ

വികസിപ്പിച്ചെടുക്കുന്നതിനും ഓഡിറ്റിങ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിൽ പരിഷ്കരണങ്ങൾ നടത്തുന്നതിനും സത്വര നടപടികളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. സഹകരണ ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേക്ക് ഒരു ടീമിനെ നിയോഗിക്കുകയും സഹായിക്കുന്നതിലേക്കായി ഒരു വെറ്റിങ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് മാടിക്സിന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിങ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകുകയും ആഡിറ്റ് മാടിക്സിൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് ടീമിനും ഓഡിറ്റ് ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദവും കുറ്റമറ്റതുമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വട്ടിപ്പലിശ സമ്പ്രദായത്തിന് തടയിടാൻ പദ്ധതി

276 (2780) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് നടക്കുന്ന വട്ടിപ്പലിശ സമ്പ്രദായത്തിന് തടയിടാൻ സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി റീ-ക്ലൂപ്പർമാരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) സുരക്ഷിതമായ തിരിച്ചടവ് ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ;

(ഡി) ഈ സംവിധാനത്തിന് പ്രത്യേക മൊബൈൽ ആപ്പ് തയ്യാറാക്കി തട്ടിപ്പുകളുടെ സാധ്യത കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) സാധാരണക്കാരായ ജനങ്ങളുടെയും കുറഞ്ഞ വരുമാനമുള്ളവരുടെയും സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കികൊണ്ടും വട്ടിപ്പലിശ സമ്പ്രദായത്തിന് തടയിടുന്നതിനും 'മൊബൈൽ ആപ്പ്'-ലൂടെ തട്ടിപ്പുകളുടെ സാധ്യത കുറച്ചുകൊണ്ട് കുറ്റമറ്റ രീതിയിലുള്ള ഒരു പദ്ധതി സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 'റിക്ലൂപ്പ്' എന്ന പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

ദേശീയ സഹകരണ നയം

277 (2781) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന വിഭാവന ചെയ്യുന്ന സഹകരണ ഫെഡറലിസത്തിന് വിരുദ്ധമായി രൂപീകരിച്ചിട്ടുള്ള പുതിയ ദേശീയ സഹകരണ നയം സംസ്ഥാനത്തെ സംബന്ധിച്ച് അപ്രസക്തമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭരണഘടനയുടെ 7-ാംഷെഡ്യൂളിലെ "സ്റ്റേറ്റ് ലിസ്റ്റിന്റെ" പരിധിയിലെ 32-ാം ഇനമായി പറഞ്ഞിട്ടുള്ള "സഹകരണം" എന്നത് തീർത്തും സംസ്ഥാന വിഷയമാണ്. പ്രസ്തുത സംസ്ഥാന വിഷയത്തിൽ കേന്ദ്രസർക്കാർ നയം നിശ്ചയിക്കുന്നത് ഭരണഘടനാ തത്വങ്ങൾക്ക് യോജിക്കുന്നതല്ല. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വമായ "സ്വയംഭരണം" എന്നത് സംസ്ഥാന സർക്കാരിനുപോലും കേന്ദ്രീകൃത സംവിധാനംവഴി നിർദേശങ്ങൾ നൽകാൻ കഴിയാത്ത രീതിയിലാണ് സഹകരണ പ്രസ്ഥാനം രൂപപ്പെടുത്തിയിട്ടുള്ളതും അവയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടിട്ടുള്ളതും.

1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും സമാപ്തീകരണവും മറ്റും നിയമപരമായ നിയന്ത്രണങ്ങളുമൊഴികെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാനാകാത്ത സാഹചര്യത്തിൽ

സംഘങ്ങളുടെ പ്രവർത്തനങ്ങളും ഭരണവും കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിന് കേന്ദ്ര സഹകരണ നയം കാരണമാകുന്നതാണ്.

കേന്ദ്ര സഹകരണ നയത്തിലൂടെ ഭാവിയിൽ വിഭാവന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതിനോടകം തന്നെ പ്രാവർത്തികമാക്കി വിജയിപ്പിച്ചിട്ടുള്ളതാണ്.

സഹകരണ പ്രസ്ഥാനങ്ങൾ ശക്തമായ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സാമ്പത്തികവും സാമൂഹികവും ഭരണപരവുമായ മേന്മ കണക്കിലെടുക്കാതെ തയ്യാറാക്കപ്പെട്ട ദേശീയ സഹകരണ നയം ഭരണഘടന വിഭാവന ചെയ്യുന്ന ദേശീയ കാഴ്ചപ്പാടിന് വിരുദ്ധമാണ്. മേല്പറഞ്ഞ കാരണങ്ങൾ പരിഗണിച്ച് കേന്ദ്ര സർക്കാർ തയ്യാറാക്കിയ ദേശീയ സഹകരണ നയം സംസ്ഥാനത്തെ സംബന്ധിച്ച് അപ്രസക്തമാണ്.

(ബി) 2018-ൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി വരുന്ന വിഷയങ്ങൾ ദേശീയ സഹകരണ നയത്തിന്റെ ഭാഗമായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സഹകരണ നയത്തിലെ ദർശനത്തിന്റെ (Vision) ഭാഗമായ ശക്തമായ സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാട് കേന്ദ്ര സഹകരണ നയത്തിന്റെ ദർശനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സഹകരണ നയത്തിലെ ദൗത്യത്തിന്റെ (Mission) ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം ലക്ഷ്യങ്ങളും ദേശീയ സഹകരണ നയത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സഹകരണ നിയമങ്ങളും സംഘം ബൈലോകളും കേന്ദ്ര നയത്തിനനുസരണമായി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാനാണ് ദേശീയ നയം ശിപാർശ ചെയ്യുന്നത്. എന്നാൽ ടി നയത്തിലെ പല വ്യവസ്ഥകളും സംസ്ഥാന നയത്തിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ മേഖലയിൽ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളിൽ സ്വയംഭരണ പ്രവർത്തനങ്ങളും ജനാധിപത്യ അംഗ നിയന്ത്രണങ്ങളും കേന്ദ്ര നയം ശിപാർശ ചെയ്യുന്നു. എന്നാൽ സംസ്ഥാന സഹകരണ മേഖലയുടെ അടിസ്ഥാന തത്വംതന്നെ സ്വയംഭരണവും ജനാധിപത്യ അംഗ നിയന്ത്രണവുമാണ്.

ഭരണസമിതിയുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ്, ജീവനക്കാരുടെ നിയമനത്തിലുള്ള സുതാര്യത എന്നിവയും കേന്ദ്ര നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷനും ജീവനക്കാരുടെ നിയമനത്തിനായി സഹകരണ സർവീസ് പരീക്ഷാ ബോർഡും വളരെ മുമ്പുതന്നെ രൂപീകരിച്ചിട്ടുണ്ട്.

രാജ്യത്തെ സഹകരണ സംഘങ്ങൾ, ആയതിലെ അംഗങ്ങൾ എന്നിവരുടെ പൊതുവിവരങ്ങൾ പൊതു സോഫ്റ്റ്വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതിനും സംഘങ്ങളുടെ

അടിസ്ഥാന വിവരങ്ങൾ ഏകീകൃത രൂപത്തിൽ ശേഖരിച്ച് National Co-operative Data Base-ലുൾപ്പെടുത്തി പ്രസ്തുത ഡാറ്റ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും നയം ശിപാർശ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വളരെ മുമ്പുതന്നെ സ്വീകരിച്ചുവരികയാണ്.

അടുത്ത ആറ് വർഷത്തിനുള്ളിൽ മൾട്ടി പർപ്പസ് പി.എ.സി.എസ്., പ്രാഥമിക സഹകരണ സംഘങ്ങൾ, ഫിഷറീസ് സംഘങ്ങൾ, മറ്റ് പ്രാഥമിക സംഘങ്ങൾ എന്നിവ ടി സംഘങ്ങൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ രൂപീകരിക്കുന്നതാണെന്ന് ദേശീയ നയത്തിൽ വ്യക്തമാക്കുന്നു. എന്നാൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മേല്പറഞ്ഞ വിഭാഗത്തിൽ വരുന്ന സംഘങ്ങൾ കേരള സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) രാജ്യത്തെ സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ ഉൽപന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയുടെ താല്പര്യം മുൻനിർത്തി ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സഹകരണ മേഖലയുടെ ശാക്തീകരണം

278(2782) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (CIMA):

സഹകരണ മേഖലയുടെ നവീകരണത്തിനും പുരോഗതി ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനും സഹകരണ സംഘങ്ങളുടെ പരിശോധനയുടെ കാര്യക്ഷമത വർധിപ്പിക്കേണ്ടതുണ്ട്. ഇതിനായി സഹകരണ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയൊരു സമഗ്ര ഓൺലൈൻ പരിശോധനാ സംവിധാനമാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA) Version 1.0.

275 ഇൻസ്പെക്ടർമാർ മാത്രമുള്ള ഇന്നത്തെ സാഹചര്യത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽവൽക്കരണം അനിവാര്യമാണ്. അതിനായി രൂപപ്പെടുത്തിയെടുത്ത ഈ പദ്ധതി കേരളത്തിലെ സഹകരണ സംഘങ്ങളിലെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ്. തത്സമയ ഡാറ്റാ വിശകലനം, ജിയോ-മാപ്പിങ്, ജിയോ-ഫെൻസിങ് എന്നിവ ഉപയോഗിച്ച് ഇൻസ്പെക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കൽ, 100% ഡിജിറ്റൽ രേഖകൾ, വകുപ്പും സഹകരണ

സംഘങ്ങളും തമ്മിൽ തടസ്സമില്ലാത്ത ആശയവിനിമയം എന്നിവ CIMA ഉറപ്പാക്കുന്നു. സുതാര്യതയും കൃത്യതയും കാര്യക്ഷമതയും വർധിപ്പിച്ച് സഹകരണ മേഖലയുടെ ഭരണനിർവഹണം ശക്തിപ്പെടുത്താനും ഈ ഡിജിറ്റൽ സംരംഭം സഹായിക്കുന്നു. CIMA ഓൺലൈൻ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ മൂന്ന് പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നു:

1) CIMA മൊബൈൽ ആപ്ലിക്കേഷൻ

2) CIMA വെബ് ആപ്ലിക്കേഷൻ

3) CIMA Connect മൊബൈൽ ആപ്ലിക്കേഷൻ എന്നിവയാണവ.

സഹകരണ സംഘം രജിസ്ട്രാറുടെ 7-25 നമ്പർ സർക്കുലർ പ്രകാരം 01-03-2025 മുതൽ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയും ആകസ്മിക പരിശോധന CIMA ആപ്ലിക്കേഷൻ വഴിയാണ് നടന്നുവരുന്നത്.

2. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടി വെബ് ആപ്ലിക്കേഷൻ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. സൊസൈറ്റി ബൈലോ രജിസ്ട്രേഷൻ ആൻഡ് അമെന്റ്മെന്റ് സിസ്റ്റം

സഹകരണ സംഘങ്ങളുടെ ബൈലാ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി തുടങ്ങിയവ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ളതാണ് വെബ് ICDMS. നിലവിൽ സഹകരണ സംഘങ്ങളുടെ

ബൈലോ രജിസ്ട്രേഷനും ബൈലോ ഭേദഗതിയും നടപ്പിലാക്കുന്നത് ICDMS സോഫ്റ്റ്വെയർ വഴിയാണ്. ഈ സംവിധാനത്തിന് കൂടുതൽ സമഗ്രത നൽകുന്നതിനായി സബ്-റൂൾ (Sub Rule) അംഗീകാരംകൂടി ഉൾപ്പെടുത്തികൊണ്ട് സംഘം ബൈലോ രജിസ്ട്രേഷൻ, ഭേദഗതി പ്രക്രിയകൾ എന്നിവ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്താൻ സഹായിക്കുന്ന വിധത്തിൽ കൂടുതൽ ഉപയോക്തൃ സൗഹൃദമായി വെബ് ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നവീകരണങ്ങളുടെ പ്രധാന ലക്ഷ്യം സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതാണ്.

4. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾമുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാണിത്. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തുവരുന്നത്. ഇതുകൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്തുവരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ

പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും ഓപ്പൺ മാർക്കറ്റ് വഴിയും കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു. ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ടത്തിൽ ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾവഴിയും മറ്റ് പലവക സംഘങ്ങൾവഴിയും കൃഷി നടത്തിവരുന്നു. ഒപ്പം 2023, അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യവിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനും അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്താനും ഈ പദ്ധതിമൂലം സാധിക്കുകയുണ്ടായി.

5. PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കാൻ ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക. കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾവഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസിങ് ആൻഡ് മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നം. പി.1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്.

6. KAPCOS

പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘം രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽകർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശം. അരിയും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിലെത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കർഷകരിൽനിന്നും അരി സംഭരിച്ച് സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കി വരുന്നു.

7. ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്

സഹകരണ മേഖലയിലെ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി co-opkerala എന്ന ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ

ഭാഗമായി സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റ് അംഗീകാരമുള്ള co-opkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. ഗുണമേന്മയുള്ള വിവിധ സഹകരണ ഉൽപന്നങ്ങൾ കോപ്കേരള (co-opkerala) ബ്രാൻഡോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും ലഭ്യമാണ്.

8. കെയർ ഹോം പദ്ധതി.

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറി.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയം നിർമ്മിച്ചുനൽകി. പാലക്കാട് ജില്ലയിൽ കണ്ണാടി 2-വില്ലേജിൽ 28 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

9. റിസ്ക് ഫണ്ട്

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി-കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ച് നൽകിയ റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ്. ആയതുപ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000-- രൂപയും മാരകരോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000-- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചുനൽകുന്നു.

10. ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങളെല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്യൂഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

11. പുനർജ്ജനി പദ്ധതി

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ 7 ജില്ലകളിലായി 15 സംഘങ്ങൾക്കും 2023-24 സാമ്പത്തിക വർഷത്തിൽ 4 ജില്ലകളിലായി 10 സംഘങ്ങൾക്കും 2024-25 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3 സംഘങ്ങൾക്കും ഉൾപ്പെടെ ആകെ 28 സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകിയിട്ടുണ്ട്.

12. നെറ്റ് സീറോ എമിഷൻ പദ്ധതി

"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കാർബൺഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗീരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ"

എന്നത് വിഭാവന ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതുഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

13. സംയോജിത സഹകരണ വികസന പദ്ധതി

സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

14. കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (AARTICS)

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാ-സാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻകലകളും അനുഷ്ഠാനകലകളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാസംസ്കാരത്തെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative

Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരന്മാരുടെ സഹകരണസംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

15. കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുതകുംവിധം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനം, ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

16. പാലിയേറ്റീവ് കെയർ പദ്ധതി

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

17. യുവജന സഹകരണസംഘങ്ങൾ

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 32 യുവജന സഹകരണസംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.

18. കേരള ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ സംഘം

ഗിഗ് ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള ഷോപ്പ്സ് ആൻഡ് കോമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ സംഘം എന്ന പേരിൽ ഫെഡറൽ സഹകരണസംഘം രൂപീകരിച്ചു.

19. കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വിവിധ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള യുവസാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഐ. ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു.

20. കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പ്രാദേശിക-ദേശീയ-അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക, കുട്ടികൾക്ക് കായിക പരിശീലനം നൽകുക, ആയുഷ് വകുപ്പുമായി സഹകരിച്ച് യോഗ ക്ലാസുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ പ്രോത്സാഹിപ്പിക്കുക

തുടങ്ങിയവയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു.

21. ഭാഷാ സാഹിത്യ സാംസ്കാരിക മ്യൂസിയം

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ ഭാഷാ സാഹിത്യ സാംസ്കാരിക മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള നാട്ടകം ഇന്ത്യ പ്രസ് പുരയിടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

22. കുടുംബത്തിനൊരു കരുതൽ ധനം

പ്രകൃതി ദുരന്തങ്ങളുടെ, മഹാമാരിയുടെ മറ്റ് അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ച് പോകുന്ന കുടുംബങ്ങൾക്ക് അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം, പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി ഇത് നടപ്പാക്കി.

23. പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം

കേരളത്തിൽ പഴവർഗ്ഗക്കൃഷി വികസനം ലക്ഷ്യമിട്ട് സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ വഴി ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

കർഷകരുടെ സ്വന്തം ഭൂമിയിലോ, കർഷകരിൽനിന്നും പാട്ടത്തിനെടുത്ത ഭൂമിയിലോ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള പഴവർഗ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്ത് അവയിൽ നിന്നുള്ള ഫലങ്ങൾ വിളവെടുപ്പ്

നടത്തി വിപണനം ചെയ്യുക, ഒട്ട് തൈകൾ "Coop Kerala" സർട്ടിഫിക്കറ്റ് നൽകി വിപണനം ചെയ്യുക, ഡ്രൈ ഫ്രൂട്ട്സ് ഉൽപാദിപ്പിക്കുക എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയും അന്തരീക്ഷവും കൂടാതെ മണ്ണുമുള്ള കേരളത്തിലെ വിവിധ അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളിൽ വൈവിധ്യമായ ഏതു വിളകളും കൃഷി ചെയ്യാൻ പറ്റുന്ന അവസരമാണുള്ളത്. അതുകൊണ്ടുതന്നെ ഏത് കാലാവസ്ഥയിലും ലോകത്തിലെവിടെയും വളരുന്ന ഉയർന്ന വിപണിമൂല്യമുള്ള ഏതുതരം പഴവർഗ്ഗവിളകളും കേരളത്തിൽ വളർത്താനാകും. ഈ പദ്ധതിയിലൂടെ കേരളത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാനാകും.

24. ഫെനി നിർമ്മാണം

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി ഫെനി ഉൽപാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾവഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭിക്കുന്നതും നിലവിൽ ഉപയോഗമില്ലാതെ പാഴായി പോകുന്നതുമായ കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൺസ്യൂമർ ഫെഡറേഷൻ ഉൾപ്പെടെ സംഘങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ വായ്പാ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ വളരെ സാധ്യതകളുള്ള വ്യവസായമാണിത്. പ്രാദേശിക സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കാനും

പുത്തൻ വ്യാവസായിക സംരംഭങ്ങളിലേക്ക് സഹകരണ സംഘങ്ങളെ കൈപിടിച്ചുയർത്താനും കഴിയുന്ന പദ്ധതിയാണിത്.

25. സഖി പദ്ധതി

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻവഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് കൂടുതൽ ദിശാബോധം നൽകുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷയും നവജാത ശിശു പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുള്ള പരിശീലനം, "പരിചരണ സമ്പദ് വ്യവസ്ഥയിൽ" അധിഷ്ഠിതമായ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണയം എന്നീ മേഖലകളിൽ പരിശീലനം തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു.

26. "അങ്ങാടി കേരള" ആപ്പ്.

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Co-op Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില

തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അപവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വില്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപയോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിങ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും.

27. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)). കൃഷിയെ പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ

പരിപോഷിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

28. ടീം ഓഡിറ്റ് സംവിധാനം

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേക്കായി ടീം ഓഡിറ്റ് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽവച്ച് പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കിയുള്ള ഓഡിറ്റിനുവേണ്ട ഫലപ്രദമായ പരിശീലനമാണ് രൂപകല്പന ചെയ്തത്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനം, ആകെ വരുമാനം എന്നിവ കണക്കാക്കി ഒരു ടീമിൽ മൂന്ന് ഓഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്-സീനിയർ ഓഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

29. നവകേരളം കുടിശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

സഹകരണ ബാങ്കുകളിൽ വായ്പയെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തുന്നവരുടെ കുടിശിക ഇളവുകളോടെ അടച്ചുതീർക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. ഇതിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും അർഹരായവർക്ക്

മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കാൻ അവസരം നൽകുന്നു. ഇതുവഴി സംഘങ്ങളുടെ കുടിശിക കുറയ്ക്കുന്നതിനും കുടിശികയായ വായ്പക്കാർക്ക് ആശ്വാസമേകുന്നതിനും സാധിക്കുന്നു.

സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പരസ്യങ്ങൾ

279 (2783) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദവിവരം, പരസ്യം നൽകിയ സ്ഥാപനം പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ജില്ലാ ഓഫീസുകൾ, അപെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയിൽനിന്നും സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്രസ്തുത കാലയളവിൽ പരസ്യയിനത്തിൽ ആകെ ചെലവഴിച്ച തുകയെത്ര; വ്യക്തമാക്കാമോ?

ലഭ്യമായ കണക്കുകൾ പ്രകാരം പ്രസ്തുത കാലയളവിൽ 2264 സഹകരണ സ്ഥാപനങ്ങൾ പരസ്യയിനത്തിൽ ആകെ 1105770260.76-- രൂപ ചെലവഴിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ വകുപ്പ് ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

280 (2784) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പ് ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് വകുപ്പ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പ് ജീവനക്കാർക്ക് സർക്കാർ തീരുമാന പ്രകാരമുള്ള മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ്

281 (2785) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും മറ്റ് സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ്പ് മാതൃകയിൽ മെഡിക്കൽ ഇൻഷ്വറൻസ് നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾ

282 (2786) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സഹകരണ വകുപ്പ് ഏതെങ്കിലും ധനസഹായം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം സഹകരണ സംഘങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സഹായം എന്നിങ്ങനെ സഹകരണ വകുപ്പിന്റെ പദ്ധതികളിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു.

(ബി) സംഘങ്ങൾക്ക് കീഴിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യവസായ വകുപ്പുമായി സഹകരിച്ച് പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

01-03-2023-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന സംയുക്ത യോഗത്തിൽ വനിതാ സഹകരണ സംഘങ്ങളെ ഉൽപാദന യൂണിറ്റുകളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിലേക്കായി സംസ്ഥാന തലത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ് എന്നിവർ ചേർന്ന കമ്മിറ്റി രൂപീകരിക്കുന്നതിനും ജില്ലാതലത്തിൽ, ജില്ലാ ജോയിന്റ് രജിസ്ട്രാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ, താലൂക്ക് ഇൻസ്ട്രിയൽ ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

നേമം സർവീസ് സഹകരണ ബാങ്ക്

283 (2787) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപങ്ങൾ മടക്കി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ പരിശോധനയിൽ നിക്ഷേപത്തിൽ എത്ര കോടി രൂപയുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 86,17,50,524--രൂപയുടെ (എൺപത്തിയാറ് കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ) അറ്റനഷ്ടം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി അറ്റനഷ്ടത്തിൽ 85,21,40,666/- രൂപയുടെ (എൺപത്തി അഞ്ച് കോടി ഇരുപത്തൊന്ന് ലക്ഷത്തി നാൽപതിനായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ) നിക്ഷേപ ശോഷണം സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഡയറക്ടർ ബോർഡിലെ എത്ര പേർക്കെതിരെ, ആർക്കെല്ലാമെതിരെ സഹകരണ വകുപ്പ് വകുപ്പുതല നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മൂന്ന് ടേമുകളിലെ ഡയറക്ടർ ബോർഡിലെ 23 പേർക്കെതിരെ സഹകരണ വകുപ്പ് വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു. വകുപ്പുതല നടപടി സംബന്ധിച്ചുള്ള വിവരം ചുവടെചേർക്കുന്നു.

1. സംഘത്തിലെ ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 33 (1) പ്രകാരം നീക്കം ചെയ്യുകയും പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.
2. ടി സംഘത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഓഡിറ്റിലും ഇൻസ്പെക്ഷനിലും കണ്ടെത്തിയതിനെതുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങൾക്കെതിരെ ഭാരതീയ ന്യായസംഹിത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് അന്വേഷണ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്.

3. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ നഷ്ടോത്തരവാദിത്തം തിട്ടപ്പെടുത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണം പുരോഗമിച്ചുവരുന്നു.

4. ടി ബാങ്കിലെ നിക്ഷേപകരുടെ പരാതിയിന്മേൽ മുൻ ഭരണസമിതി അംഗങ്ങളായിരുന്ന ശ്രീ. ആർ. പ്രദീപ് കുമാർ (മുൻ പ്രസിഡന്റ്), ശ്രീ. എസ്. ബാലചന്ദ്രൻ നായർ (മുൻ സെക്രട്ടറിയും റിട്ടയർ ചെയ്ത ശേഷം ഭരണസമിതി അംഗവും) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്യുകയും ഇവർ ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പുതല നടപടി സ്വീകരിച്ചുവരുന്ന ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കെ. മുഹമ്മദ് ഷമീർ
2. ജി. ഗോപിനാഥൻ
3. കെ. എസ്. പദ്മകുമാർ
4. ആർ. പ്രദീപ് കുമാർ
5. എ. സുൽഫിക്കർ
6. ആർ. ഉണ്ണികൃഷ്ണൻ
7. എസ്. ബാലചന്ദ്രൻ നായർ
8. എൽ. മധു

9. എ. അജിത കുമാരി

10. എ. ആർ. ബീന

11. എസ്. സഫീന ബീഗം

12. എ. നൂർജഹാൻ

13. എൻ. ഹരിഹരൻ ആശാരി

14. വി. പ്രഭാകരൻ നായർ

15. കെ. പി. വേണു

16. വി. സതീഷ് ചന്ദ്രൻ

17. എസ്. സുജനൻ

18. എൻ ഹരികുമാർ

19. തൗഫീന

20. എൻ.എം. ബീമ

21. എസ്. സുനിത

22. വി.എസ്. സുനിൽ

23. എ.ആർ. ദീപു

(ഡി) ബാങ്കിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ.-യിൽ വ്യാജമായി ഈടു നൽകി തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ.എസ്.എഫ്.ഇ.-യ്ക്ക് എത്ര തുകയാണ് തിരിമറിയിൽ നഷ്ടപ്പെട്ടിരിക്കുന്നതെന്നും ചിട്ടിത്തുക കൈപ്പറ്റിയ

വ്യക്തിയിൽനിന്നും പ്രസ്തുത തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ബാങ്കിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ.-യിൽ വ്യാജമായി ഈട് നൽകി തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് കെ.എസ്.എഫ്.ഇ. ആണ്.

(ഇ) വർഷങ്ങളായി ഈ ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ യഥാസമയം കണ്ടെത്താത്തത് സഹകരണ വകുപ്പിന്റെ വീഴ്ചയാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിലും ഇൻസ്പെക്ഷനിലുമാണ് നേമം സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(എഫ്) നിക്ഷേപകരെ സഹായിക്കുന്നതിന് സർക്കാരോ, സഹകരണ വകുപ്പോ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിന് കൂടിശിക വായ്പ പിരിച്ചെടുക്കുന്നതിനും വായ്പയിൽ ഭീമമായ കുടിശിക വരുത്തിയിട്ടുള്ള വായ്പക്കാർക്കെതിരെ ആർബിട്രേഷൻ-എക്സിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ക്രമക്കേടുകൾവഴി സംഘത്തിന് നഷ്ടമായ തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണ നടപടികൾ പുരോഗമിച്ചുവരുന്നു.

സഹകരണ ആരോഗ്യ മേഖലയിൽ വികസന പദ്ധതികൾ

284 (2788) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-

സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അടിസ്ഥാന വികസന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം അടിസ്ഥാന വികസന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയപാതാ വികസനം ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാൻ സഹകരണ പ്രസ്ഥാനത്തിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം മികച്ച രീതിയിൽ സംഭാവന ചെയ്തിട്ടുണ്ട്.

(ബി) രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അർബുദബാധിതർക്കും ഡയാലിസിസ് ചെയ്യുന്നവർക്കുമുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് നീതി മെഡിക്കൽ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നീതി മെഡിക്കൽ സ്റ്റോറുകൾവഴി വില നിയന്ത്രിക്കുന്നതിനും സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കുന്നതിനും സംസ്ഥാനം വലിയ പങ്ക് വഹിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 50 ശതമാനം മുതൽ 80 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്നവിധം വില്പന വില നിശ്ചയിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്ന് വിതരണം ചെയ്തുവരുന്നു.

(സി) ഇന്ത്യയിൽ ഏറ്റവുമധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന കേരളത്തിൽ ആരോഗ്യ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായുള്ള ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം നിലവിൽ സഹകരണ വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സഹകരണ ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സഹകരണ ആശുപത്രികളുടെ കീഴിൽ നഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും സർക്കാർ തലത്തിൽ പ്രത്യേക പദ്ധതികൾ രൂപികരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളായ കൺസ്യൂമർഫെഡ്, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവയുടെ നിയന്ത്രണത്തിൽ 10 നഴ്സിങ് കോളേജുകളും 8

പാരാമെഡിക്കൽ കോളേജുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ സ്ഥാപനമായ കേപ്പിന്റെ (CAPE) നിയന്ത്രണത്തിൽ 2 നഴ്സിങ് കോളേജുകളും പ്രവർത്തിച്ചുവരുന്നു.

സഹകരണ പെൻഷൻ ബോർഡ്വഴി പെൻഷൻ

285 (2789) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡ് മുഖേന സംസ്ഥാനത്ത് എത്ര പേർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്; വിവരങ്ങൾ ലഭ്യമാക്കാമോ?

2025 സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽനിന്നും വിവിധ പെൻഷൻ സ്കീമുകൾ മുഖേന പെൻഷൻ ലഭിച്ചവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും വിരമിച്ച എത്ര പേർക്കാണ് നിലവിൽ പെൻഷൻ വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

2025 സെപ്തംബർ മാസത്തെ കണക്ക് പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവർ 20411 പേരാണ്.

(സി) പെൻഷൻ ഫണ്ട് പൂർണ്ണമായും അടയ്ക്കാതെ ആനുപാതിക പെൻഷൻ വാങ്ങുന്ന ആളുകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2025 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം ആനുപാതിക പെൻഷൻ കൈപ്പറ്റുന്ന ആളുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുപാതിക പെൻഷൻ	
തിരുവനന്തപുരം	104
കൊല്ലം	15
പത്തനംതിട്ട	54
ആലപ്പുഴ	8
കോട്ടയം	31
ഇടുക്കി	3
എറണാകുളം	79
തൃശ്ശൂർ	20
പാലക്കാട്	32
മലപ്പുറം	18
കോഴിക്കോട്	68
വയനാട്	3
കണ്ണൂർ	219
കാസർഗോഡ്	47
ആകെ	**701**

(ഡി) ഇത്തരക്കാരിൽനിന്നും പെൻഷൻ ഫണ്ടിലേക്കുള്ള കുടിശ്ശിക വസൂലാക്കുന്നതിന് പെൻഷൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പെൻഷൻ ഫണ്ട് പൂർണ്ണമായും അടവാക്കാതെ ആനുപാതിക പെൻഷൻ കൈപ്പറ്റുന്ന ജീവനക്കാർ ജോലി ചെയ്തിരുന്ന സംഘങ്ങളിൽനിന്നും കുടിശ്ശികത്തുക ഈടാക്കുന്നതിനായി പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടികൾ പെൻഷൻ ബോർഡ് സ്വീകരിക്കുന്നുണ്ട്.

(ഇ) കേരള ബാങ്ക് ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡിൽനിന്ന് മാറ്റി കേരള ബാങ്ക് മുഖേന കൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

സഹകരണ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ടിൽ കേരള ബാങ്കിൽനിന്നും വിരമിച്ചവരുടെ പെൻഷൻ കേരള ബാങ്കിനെ ഏൽപ്പിക്കുന്നതിന് നിർദ്ദേശമുണ്ട്.

റിസ്ക് ഫണ്ട് ആനുകൂല്യത്തിനായുള്ള അപേക്ഷകൾ

286(2790) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ മുഖേന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും അവയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങളും അനുവദിച്ച തുകയും സഹകരണ സംഘം തിരിച്ച് നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ മുഖേന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 281 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അവയിൽ 192 അപേക്ഷകളിലായി 176 പേർക്ക് 2,21,82,257/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോതമംഗലം നിയോജകമണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട്

287 (2791) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം നിയോജകമണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് സഹകരണ സംഘം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്ക്-സംഘങ്ങളിൽ നിന്നും ബോർഡിൽ ലഭ്യമായ അപേക്ഷകളിൽ 980 വായ്പകളിലായി 8,92,77,014-- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ആനുകൂല്യം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരളത്തിലെ വിവിധ സഹകരണ സംഘങ്ങൾ-ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകരോഗം ബാധിക്കുന്ന-മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്-സംഘമാണ് ബോർഡിലേക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കേണ്ടത്. സംഘം-ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി പ്രകാരമുള്ള അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദേശം നൽകുകയും ആയത് പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ചെയ്യാറുണ്ട്. അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ജോയിന്റ് ഡയറക്ടർ-കൺകറണ്ട് ഓഡിറ്റർ-അസിസ്റ്റന്റ് രജിസ്ട്രാർ-വാല്യുവേഷൻ ആഫീസർമാർ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം പരിശോധിച്ച് ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി 19-02-2024, 22-08-2025 തീയതികളിലെ കത്ത് പ്രകാരം ടി ഓഫീസുകളിൽ നൽകിയിട്ടുണ്ട്.

കൂടാതെ ബാങ്ക്-സംഘത്തിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ള ഫയലുകളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനായി വീണ്ടും ബാങ്ക്-സംഘത്തിന് കത്ത് നൽകുകയും ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ നടത്തുന്നതിനും ആയത് പ്രകാരം ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനുള്ള പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

നെൽകർഷകരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ

288 (2792) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകർഷകരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS)

കേരള സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് കാർഷിക ഉൽപന്നങ്ങൾ ജില്ലയ്ക്ക് അകത്തുംപുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾവഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തനപരിധിയിൽപ്പെട്ട മുഴുവൻ നെൽകർഷകരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ

സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തനപരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS) എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചു. സംഘത്തിന്റെ നേതൃത്വത്തിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് & മാർക്കറ്റിങ് കോ- ഓപറേറ്റീവ് സൊസൈറ്റി (PAPCOS)

പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിപണനം നടത്തുന്നതിനായി 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

ടി സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി പൂർണ്ണപഥത്തിലെത്തുന്നതോടെ കേരളത്തിലെ 67 ശതമാനത്തോളം വരുന്ന നെല്ലുൽപാദനത്തിന്റെ 39.90% പാലക്കാട് ജില്ലയിൽനിന്നും 26.64% കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽനിന്നും സംഭരിക്കാൻ സാധിക്കുന്നതും സംസ്കരിച്ച് വിപണനം നടത്താൻ സാധിക്കുന്നതുമാണ്. കൂടാതെ ടി

സംഘങ്ങളുടെ പ്രവർത്തനപരിധിയിൽപ്പെട്ട മുഴുവൻ നെൽകർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യാനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കാനും കഴിയുന്നതാണ്.

റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

289 (2793) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് വർഷം, ഏത് മാസം വരെ ലഭിച്ച അപേക്ഷകളാണ് ഇതുവരെ തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നാളിതുവരെ തീർപ്പാക്കിയ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	വർഷം, മാസം
1	തിരുവനന്തപുരം	2025 ഏപ്രിൽ
2	കൊല്ലം	2025 ജൂൺ
3	പത്തനംതിട്ട	2025 മാർച്ച്
4	ആലപ്പുഴ	2025 മാർച്ച്
5	കോട്ടയം	2024 ഡിസംബർ
6	ഇടുക്കി	2024 ഡിസംബർ
7	എറണാകുളം	2024 ജൂൺ
8	തൃശ്ശൂർ	2024 ഡിസംബർ
9	പാലക്കാട്	2024 ഡിസംബർ
10	മലപ്പുറം	2024 ഡിസംബർ
11	കോഴിക്കോട്	2024 നവംബർ
12	വയനാട്	2025 ഫെബ്രുവരി

13	കണ്ണൂർ	2024 ഒക്ടോബർ
14	കാസർഗോഡ്	2025 ജനുവരി

(ബി) നിലവിൽ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പുകൽപിക്കാനുണ്ട്; അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ന്യൂനത പരിഹരിച്ചുലഭിക്കാനുള്ള 8584 അപേക്ഷകൾ ഉൾപ്പെടെ ആകെ 23,182 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപിക്കുന്നതിലേക്കായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനുള്ള പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ii. അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കുന്നതിലേക്കായി ചെക്ക് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ജോയിന്റ് ഡയറക്ടർ-കൺകറണ്ട് ഓഡിറ്റർ-അസിസ്റ്റന്റ് രജിസ്ട്രാർ-വാല്യുവേഷൻ ഓഫീസർമാർ എന്നിവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

iii. എല്ലാ ജില്ലകളിലും ന്യൂനത പരിഹരണ അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട് അപേക്ഷകൾ

290 (2794) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് എത്ര ആളുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈമാറിയിട്ടുള്ളതെന്ന് സഹകരണ സംഘം തിരിച്ച് കണക്ക് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്ക്-സംഘങ്ങളിൽനിന്നും ബോർഡിൽ ലഭ്യമായ അപേക്ഷകളിൽ 251 അപേക്ഷകളിലായി 242 പേർക്ക് 2,58,06,173/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) നിലവിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അപേക്ഷിച്ചവരിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളിൽ പെൻഡിങ്ങുള്ള അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കാമോ?

ബാക്കിനില്പുള്ള 62 അപേക്ഷകളിൽ 13 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്-സംഘത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതും 49 അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ഉള്ളവയുമാണ്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കോവിഡാനന്തരം എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ ബാങ്ക് ജപ്തിനടപടികൾ നിർത്തിവയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കോവിഡാനന്തരം 31 വ്യക്തികൾക്ക്-സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്ക് ജപ്തിനടപടികൾ നിർത്തി വയ്ക്കുന്നതിന്-തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിന് സഹായം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

291 (2795) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സഹകരണ എക്സ്പോ

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികകല്ലാണ് സഹകരണ എക്സ്പോ. കേരളീയ സമ്പദ് വ്യവസ്ഥയുടെ പുരോഗതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ സംഘങ്ങളുടെ സംഭാവന വിലയിരുത്തുക, വിജയഗാഥകൾ പ്രചരിപ്പിക്കുക, സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഈ മേഖല സൃഷ്ടിച്ച മാതൃകകൾ പ്രദർശിപ്പിക്കുക, സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രചാരണം എന്നിവ ലക്ഷ്യമാക്കിയാണ് കഴിഞ്ഞ മൂന്നുവർഷങ്ങളായി എക്സ്പോ സംഘടിപ്പിക്കുന്നത്. കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2022-ലാണ് ആദ്യമായി എക്സ്പോ ആരംഭിച്ചത്.

ഐക്യരാഷ്ട്രസഭയുടെ 2025-ലെ അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ച് "സഹകരണ പ്രസ്ഥാനം ഒരു മികച്ച ലോക നിർമ്മിതിക്ക്" എന്ന ആഗോള പ്രമേയത്തിൽ ആഘോഷിക്കുന്ന എക്സ്പോയുടെ മൂന്നാംപതിപ്പ് 2025 ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരത്തെ ചരിത്ര പ്രസിദ്ധമായ കനകക്കുന്ന് കൊട്ടാര അങ്കണത്തിൽ നടന്നു. കനകക്കുന്നിൽ നടന്ന 3-ാമത് എക്സ്പോയുടെ ഭാഗമായി 180 സ്റ്റാളുകളിലായി 400-ലധികം ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു. 12 സെമിനാറുകളിലായി ദേശീയ-അന്തർദേശീയ തലങ്ങളിലുള്ള 90 പ്രഭാഷകർ പങ്കെടുത്തു. 61 ഉൽപന്നങ്ങൾക്ക് കോപ്കേരള സർട്ടിഫിക്കേഷൻ നൽകി. 10 ദിവസവും ജനപ്രീതി നേടിയ കലാപരിപാടികളും സംഘടിപ്പിച്ചു. രണ്ടുലക്ഷത്തോളം പേർ പ്രദർശനനഗരി സന്ദർശിച്ച് സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസിലാക്കുകയുണ്ടായി.

അക്ഷരം മ്യൂസിയം

ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി കേരളത്തിലെ സഹകരണ മേഖല സമർപ്പിച്ചിരിക്കുന്ന ഒരു അതുല്യ സാംസ്കാരിക സ്ഥാപനമാണ് കോട്ടയത്തെ അക്ഷരം മ്യൂസിയം.

ഏഷ്യയിലെതന്നെ എഴുത്തുകാരുടെ ആദ്യത്തെ സഹകരണ സംഘമായ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ (SPCS) കോട്ടയത്തെ ഇന്ത്യ പ്രസ്സ് പുരയിടത്തിൽ കേരള സർക്കാരിന്റെ സഹകരണത്തോടെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. നാലുഘട്ടങ്ങളായി പൂർത്തിയാക്കുന്ന മ്യൂസിയത്തിന്റെ ഒന്നാംഘട്ടം 2024 നവംബർ 2-ന് പൂർത്തിയാക്കി ഉൽഘാടനം ചെയ്തു.

കെയർ ഹോം പദ്ധതി രണ്ടാം ഘട്ടം

2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ-ജില്ലാ കളക്ടർമാർ നിർദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച ആദ്യ ഭവനസമുച്ചയം 2021 ഡിസംബർ 6-ന് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2024 നവംബർ 25-ന് ഉദ്ഘാടനം ചെയ്തു.

പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമപഞ്ചായത്തിലും തിരൂർ താലൂക്കിൽ ചെറിയമുണ്ടം വില്ലേജിലും പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് വില്ലേജിലും പദ്ധതി നിവഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കോപ് കേരള സർട്ടിഫിക്കേഷൻ

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ ഏകീകൃത ബ്രാൻഡിനുകീഴിൽ കൊണ്ടുവന്ന് വിപണി ഇടപെടൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള "ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ്" പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ കോപ്കേരള സർട്ടിഫിക്കേഷൻ നൽകിവരുന്നു.

2022 മുതൽ 2024 വരെ 24 സംഘങ്ങളുടെ 90 ഉൽപന്നങ്ങൾക്കും മേയ് 2025 വരെ 9 സംഘങ്ങളുടെ 61 ഉൽപന്നങ്ങൾക്കും ഉൾപ്പെടെ 33 സംഘങ്ങളുടെ 151 ഉൽപന്നങ്ങൾക്ക് കോപ്കേരള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് & മാർക്കറ്റിങ് കോ-ഓപറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS)

KAPCOS: കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിപണന നടത്തുക എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ അംഗങ്ങളായി രജിസ്റ്റർ ചെയ്ത സംഘമാണ് കേരള പാഡി പ്രൊക്യൂർമെന്റ്

പ്രോസസിങ് & മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS). പാലക്കാട് ഒഴികെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിൽനിന്നും നെല്ല് സംഭരിക്കുന്നതിന് പ്രസ്തുത സംഘം ലക്ഷ്യമിടുന്നു. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് സംഘത്തിന്റെ ലക്ഷ്യം.

പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം

കേരളത്തിൽ പഴവർഗ്ഗക്കൃഷി വികസനം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

കർഷകരുടെ സ്വന്തം ഭൂമിയിലോ, കർഷകരിൽനിന്നും പാട്ടത്തിനെടുത്ത ഭൂമിയിലോ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള പഴവർഗ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്ത് അവയിൽ നിന്നുള്ള ഫലങ്ങൾ വിളവെടുപ്പ് നടത്തി വിപണനം ചെയ്യുക, ഒട്ട് തൈകൾ 'Coop Kerala' സർട്ടിഫിക്കറ്റ് നൽകി വിപണനം ചെയ്യുക, ഡ്രൈ ഫ്രൂട്ട്സ് ഉൽപാദിപ്പിക്കുക എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

ഫെനി നിർമ്മാണം

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി ഫെനി ഉൽപാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾവഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭിക്കുന്നതും നിലവിൽ ഉപയോഗമില്ലാതെ പാഴായി പോകുന്നതുമായ കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൺസ്യൂമർ ഫെഡറേഷൻ ഉൾപ്പെടെയുള്ള സംഘങ്ങളുടെ വരുമാനം

വർധിപ്പിക്കുന്നതിനും സാധിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണവായ്പാ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സഖി പദ്ധതി

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻവഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് കൂടുതൽ ദിശാബോധം നൽകുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷയും നവജാത ശിശുപരിചരണവും ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം, “പരിചരണ സമ്പദ് വ്യവസ്ഥയിൽ” അധിഷ്ഠിതമായ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണ്ണയം എന്നീ മേഖലകളിൽ പരിശീലനം, തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു.

"മികവ്" പദ്ധതി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായി അവരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് സ്വയം സജ്ജരാക്കുന്നതിലേക്കായി ഓൺലൈൻ സാധ്യതകളെ

പ്രയോജനപ്പെടുത്തിക്കൊണ്ട് സഹകരണ വകുപ്പ് തയ്യാറാക്കിയ പരിശീലന പദ്ധതിയാണ് "മികവ്" പദ്ധതി.

വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും നിശ്ചിത ഇടവേളകളിൽ ടെയിനിങ്, റീ-ടെയിനിങ് പരിശീലന പരിപാടികൾക്കായി തിരഞ്ഞെടുക്കുന്നതിനും അവർ പങ്കെടുത്ത പരിശീലന പരിപാടികൾ പരിശോധിച്ച് സർവീസ് റെക്കോർഡുകളിൽ രേഖപ്പെടുത്തുന്നതിനും "മികവ്" പദ്ധതിയുടെ ഭാഗമായി HRMS സോഫ്റ്റ്വെയറിൽ ഒരു Training Module സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ACSTI, മൺവിളയിൽ ഇതിനായി സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രണ്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ആറ് മാസങ്ങൾക്കുള്ളിൽ ഈ പദ്ധതിയുടെ ഭാഗമായി 240 ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

"മാതൃവനം"

2025-ലെ പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി "മാതൃവനം" പദ്ധതി നടപ്പിലാക്കി. സ്കൂൾ കുട്ടികളിൽ നമ്മുടെ നാട്ടിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനും പശ്ചിമഘട്ട മലനിരകളെ ഔഷധ സസ്യങ്ങൾക്കായി ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമായി സഹകരണ വകുപ്പിന്റെ പിന്തുണയോടെ സ്കൂളുകളിൽ "ഔഷധഗുണമുള്ള മരങ്ങൾ" നട്ടുപിടിപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും 200 വീതം വിദ്യാലയങ്ങളിൽ 20 തരം ഔഷധ സസ്യങ്ങളാണ് നടുന്നതിന് തീരുമാനിച്ചത്. സഹകരണവകുപ്പും വിദ്യാഭ്യാസവകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം

അസാധാരണ സാഹചര്യങ്ങൾമൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സഹകരണസംഘം നിയമം, വകുപ്പ് (57E) പ്രകാരം സർക്കാർ "കേരള സഹകരണ പുനരുദ്ധാരണഫണ്ട് സ്കീം 2024" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ദുർബലമായതോ പ്രവർത്തനരഹിതമായതോ എന്നാൽ പ്രവർത്തനസ്ഥിരത നേടാൻ കഴിവുള്ളതോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്.

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി) 2024

സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം ലിക്യുഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകർക്ക് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ നൽകിവരുന്നു.

നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം-വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി) 2024 എന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഗ്യാരന്റീഡ് സംഘത്തിലെ ഓരോ നിക്ഷേപകനും ബാക്കി നിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി 5 (അഞ്ച്) ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ, തിരികെ

നൽകുന്നതിന് ടി സംഘങ്ങൾക്ക് വായ്പ-ധനസഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം.

സഹകാരി സാന്ത്വനം

അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രവർത്തിച്ചവരോ, പ്രവർത്തിക്കുന്നവരോ, സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങളിലെ ഭരണസമിതിയിൽ രണ്ടുതവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്ന സഹകാരികൾക്കോ ധനസഹായം നൽകുന്നതിനായി 2009-ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. 2022-ൽ ഇത് പരിഷ്കരിച്ചു. വാർഷിക വരുമാനം മൂന്നുലക്ഷം രൂപയിൽ കുറവുള്ളവർക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുക. ഈ പദ്ധതി പ്രകാരം സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000-- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ കുടുംബത്തിന്- ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

"അങ്ങാടി കേരള" ആപ്പ്.

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, “Coop Kerala” ബ്രാൻഡിന് കീഴിലുള്ള ഉൽപന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അപവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ്

ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിങ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും.

സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). കൃഷിയെ പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23

സാമ്പത്തിക വർഷം മുതൽ നാളിതുവരെ 47 സഹകരണ സംഘങ്ങൾക്ക് 1322.832 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

സ്നേഹതീരം വായ്പാ പദ്ധതി

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധനം, മത്സ്യ വിപണനം, മത്സ്യ സംസ്കരണം എന്നീ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായും ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന പലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ, വളരെ ചെറിയ പലിശമാത്രം ഈടാക്കി, നിശ്ചിത കാലാവധിയുള്ള വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. ടി പദ്ധതി പൈലറ്റ് പദ്ധതിയായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ടി പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. കെ750-ൽനിന്നും ആദ്യഘട്ട വായ്പയായി 5 പേർക്ക് 50,000/- രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

കുടുംബത്തിനൊരു കരുതൽധനം

പ്രകൃതി ദുരന്തങ്ങളാലും മറ്റ് അടിയന്തര സാഹചര്യങ്ങളാലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടിയിൽ

ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി “കുടുംബത്തിന് ഒരു കരുതൽ ധനം" പദ്ധതി നടപ്പിലാക്കി. ജില്ലയിലെ 38 സർവ്വീസ് സഹകരണ ബാങ്കുകളിൽ 361 അക്കൗണ്ടുകളിലായി 2,73,02,156/- രൂപയുടെ നിക്ഷപം ടി പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുണ്ട്.

മാലിന്യമുക്ത കേരളം

വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കെട്ടികിടക്കുന്ന ജൈവ-അജൈവ-ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്ത് സമ്പൂർണ്ണ മാലന്യരഹിത സ്ഥാപനങ്ങളായി മാറ്റിയിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ ആസ്ഥാന ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും പൂർത്തിയായിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് “നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ വകുപ്പിലൂടെ” എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനവും ആഗീരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യപ്രേരിത കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ

പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.

നമ്മുടെ കൃഷി നമ്മുടെ ഭക്ഷണം

ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന ഒരു പദ്ധതി 2023-ൽ ആരംഭിക്കുകയുണ്ടായി. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾവഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾവഴിയും കൃഷി ചെയ്യാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒപ്പം ചെറുധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. ഭക്ഷ്യ ഉൽപന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുക, സംഘങ്ങൾ കാർഷിക വിള സംഭരണ കേന്ദ്രങ്ങൾ തുടങ്ങുകയും കാർഷിക ഉൽപന്ന ചന്തകൾ എന്നിവ നടത്തുകയും ചെയ്യുക, അത്യുൽപാദന ശേഷിയുള്ള വിത്തും തൈകളും ശേഖരിച്ച് സഹകരണ സംഘങ്ങൾവഴി കൃഷി ചെയ്യുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി 14 ജില്ലകളിലുമായി 381.45 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനം

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി.

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA)

കേരളത്തിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന 15,000-ത്തിലധികം സഹകരണ സംഘങ്ങളിൽ പരിശോധനകൾ നടത്തുന്നതിന് 275 ഇൻസ്പെക്ടർമാർ മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ വകുപ്പ് നടപ്പിലാക്കേണ്ട റെഗുലേറ്ററി പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ പരിശോധന സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തീകരിച്ച് നടപടിയെടുക്കുന്നതിന് ഫലപ്രദമായ ഒരു ഓൺലൈൻ സംവിധാനം വേണമെന്ന ആശയത്തിൽ നിന്നാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജെമെന്റ് ആപ്ലിക്കേഷൻ (CIMA) Version 1.0 തയ്യാറാക്കിയത്. ഇന്ത്യയിലെ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആദ്യത്തെ ഓൺലൈൻ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സംവിധാനമാണ് CIMA Version 1.0.

വിദ്യാതരംഗിണി

കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിക്ക് 10,000/- രൂപ വരെ പലിശരഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണ വകുപ്പ് 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ നടപ്പാക്കിയിരുന്നു. ടി വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ടി കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8 ശതമാനം പലിശ ഈടാക്കിയിരുന്നു. ടി വായ്പാ പദ്ധതി ആൾജാമ്യ

വ്യവസ്ഥയിലാണ് വിതരണം നടത്തുന്നത്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കണം. അപേക്ഷകൻ സംഘത്തിലെ എ-ക്ലാസ്-സി-ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പയ്ക്ക് ബാധകമല്ല. ഈ പദ്ധതിവഴി 92309 വായ്പകളിലായി 89,98,86,765/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.

സഹായഹസ്തം പദ്ധതി

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്-സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമായി ആട്ടോറിക്ഷ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കുമായി 20,000/- രൂപ വരെ വായ്പ നൽകുന്നതിന് 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

സഹകരണം സൗഹൃദം

കേരള സംസ്ഥാന സഹകരണ ബാങ്ക്-അർബൻ സഹകരണ ബാങ്കുകൾ-പ്രാഥമിക സഹകരണ സംഘങ്ങൾ-ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അപേക്ഷകന്റെ ശാരീരികാവസ്ഥ പരിഗണിച്ച് അനുയോജ്യമായ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള വായ്പ അനുവദിക്കാവുന്നതാണ്. വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെയും ആയതിന്റെ പ്രായോഗിക

വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ 75 ശതമാനമോ 3 ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും പരമാവധി വായ്പാ തുക. പദ്ധതിപുരോഗതി വിലയിരുത്തി ഗഡുക്കളായാണ് വായ്പ അനുവദിക്കുന്നത്. അനുവദിച്ച തുകയ്ക്കുമാത്രം പലിശ ഈടാക്കുന്നതാണ്. വായ്പ അനുവദിച്ച തീയതി മുതൽ നാലുവർഷമായിരിക്കും പ്രസ്തുത വായ്പയുടെ കാലാവധി. നാളിതുവരെ 519 വായ്പകളിലായി 4,30,26,072/- (4.30 കോടി) രൂപ വിതരണം ചെയ്തിട്ടുണ്ട്.

പുനർജ്ജനി പദ്ധതി

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/ പട്ടികവർഗ/സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ/സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. നാളുവരെ 27 സംഘങ്ങൾക്കായി ആകെ 576.51 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട് അപേക്ഷകൾ

292 (2796) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് എത്ര ആളുകൾക്കാണ് കൈമാറിയിട്ടുള്ളത്; സഹകരണ സംഘം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്ക്-സംഘങ്ങളിൽനിന്നും ബോർഡിൽ ലഭ്യമായ അപേക്ഷകളിൽ 314 അപേക്ഷകളിലായി 298 പേർക്ക് 2,94,45,487/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) എത്ര അപേക്ഷകർക്ക് ഇനിയും റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ നൽകാനുണ്ടെന്ന് അറിയിക്കുമോ?

തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ള 59 അപേക്ഷകളിൽ 37 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്-സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 22 അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ളവയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ

293 (2797) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ 2021-25 കാലയളവിലും വൈപ്പിൻ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-21-ലെ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ 2021-25 കാലയളവിലും വൈപ്പിൻ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

- SC-ST സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ.
- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി അനുവദിക്കുന്ന പദ്ധതി.
- സ്വയംസഹായ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഓഹരി അനുവദിക്കുന്ന പദ്ധതി.
- പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം.
- വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ.
- PACS ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം.

(ബി) പ്രസ്തുത പദ്ധതികളുടെ വിശദമായ വിവരങ്ങൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവ്വഹണച്ചുമതല നൽകിയിട്ടുള്ള വകുപ്പ്-ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കേരള ബാങ്ക് നൽകിയ പരസ്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

294(2798) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള ബാങ്ക് ഏതൊക്കെ സ്ഥാപനങ്ങൾക്ക് പരസ്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; പരസ്യം നൽകിയ സ്ഥാപനങ്ങളുടെ പേരും തുകയും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നിർമ്മാണ പ്രവർത്തനങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളുടെ പർച്ചേസ് & ഇൻസ്റ്റലേഷനും 2024-25, 2025-26 വർഷങ്ങളിൽ ഏതൊക്കെ ഏജൻസികൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; എസ്റ്റിമേറ്റ് തുക ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ വിശദവിവരം നൽകാമോ?

(I) നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ

1. കൊല്ലം ജില്ല: കിളികൊല്ലൂർ ശാഖ മുകളിലെത്തെ നിലയിൽനിന്നും താഴത്തെ നിലയിലേയ്ക്ക് മാറ്റി സ്ഥാപിച്ചതിന്റെ ഇന്റീരിയർ വർക്ക്

   ഏജൻസി : M-s. R. K. Industries

   Estimate : Rs. 54,43,529.39/-

   Tendered Amount : Rs. 53,85,763/-

2. എറണാകുളം ജില്ല: കാക്കനാടുള്ള IT Department, എറണാകുളം CPC, CBO എന്നിവയുടെ നവീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Agency - KADCO (Kerala Artisans Development Corporation Ltd.)

Estimate : Rs. 33,84,530/-

3. എറണാകുളം ജില്ല: നോർത്ത് പരവൂർ ശാഖയുടെ ഇലക്ട്രിക്കൽ, Wiring വർക്കുകൾ

Agency - White House Interiors.

Estimate : Rs. 9,91,030/-

Tendered : Rs. 9,20,000/-

4. കോട്ടയം ജില്ല: റീജിയണൽ ഓഫീസ് Toilet Block-ന്റെ നവീകരണം

Agency : Mr. Suresh K. K.

Estimate : Rs. 70,27,331.42

Tendered : Rs. 67,06,490.80

5. പാലക്കാട് ജില്ല: അഗളി, മണ്ണാർകാട്, കൊല്ലങ്കോട്, പാലക്കാട് ടൗൺ ശാഖകളുടെ അറ്റകുറ്റപ്പണി

Agency : M-s. Malabar Constructions and Developers

Estimate : Rs. 1,32,98,457/-

Tendered : Rs. 1,11,00,000/-

6. ഹെഡ് ഓഫീസ് : HO - Chajjah Portion Renovation work

Agency : M-s. Green Constructions

Estimate : Rs. 6,60,000/-

Tendered : Rs. 6,02,700/-

7. എറണാകുളം ജില്ല: അങ്കമാലി ശാഖ- ഇന്റീരിയർ വർക്ക്

Agency : M-s. Global Interior Work & Traders.

Estimate : Rs. 33,01,933/-

Tendered: Rs. 29,60,030/-

8. എറണാകുളം ജില്ല: ആലുവ മെയിൻ ശാഖ

Agency : M-s. Global Interior Work & Traders

Estimate : Rs. 36,05,993/-

Tendered: Rs. 23,78,065/-

(ll) ഇലക്ട്രോണിക് ഉപകരണങ്ങൾ

1000 മൈക്രോ ATM-കൾ കേരള ഗവൺമെന്റിന്റെ CPRCS (Centralised Procurement and Rate Contract System) Portal മുഖാന്തരം 2,47,18,640/- രൂപയ്ക്ക് 2025-26 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്. ഇതിനായി NABARD-ന്റെ Financial Inclusion Fund-ൽനിന്ന് ഗ്രാന്റ് ഇനത്തിൽ - 1,84,72,500/- രൂപ ബാങ്കിന് അനുവദിക്കുകയുണ്ടായി

കേരള ബാങ്ക് മുഖേന അതിഥി തൊഴിലാളികളുടെ നിക്ഷേപം

295 (2799) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് മുഖേന അതിഥി തൊഴിലാളികളുടെ ചെറിയ രീതിയിലുള്ള നിക്ഷേപം സ്വീകരിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാമോ?

കേരള ബാങ്കിന്റെ നിലവിലുള്ള സേവിങ്ങ്, റിക്കറിങ്ങ് നിക്ഷേപ പദ്ധതികളിൽ KYC മാനദണ്ഡം പാലിച്ചുകൊണ്ട് അതിഥി തൊഴിലാളികൾക്ക് നിക്ഷേപം നടത്താവുന്നതാണ്. അതിഥി തൊഴിലാളികളിൽ നിന്നുള്ള നിക്ഷേപം വിപുലീകരിക്കുന്നതിനായി ബാങ്കിന്റെ കളക്ഷൻ എജന്റുമാർ മുഖാന്തരം സാങ്കേതികവിദ്യ അധിഷ്ഠിതമായി പുതിയ പദ്ധതി തയ്യാറാക്കി വരുന്നു. ഇതിലേക്കായുള്ള മൈക്രോ ATM (Micro ATM) വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 27-09-2025-ന് നിർവഹിച്ചു.

കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള തീരുമാനം

296 (2800) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത പഠന സമിതിയുടെ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമാണോ; എന്നുമുതൽ ലയനം നടത്താൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ?

(എ-സി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെയും ഒരു നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേരള ബാങ്കിന്റെ സേവനങ്ങൾ

297 (2801) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതലമുറ ബാങ്കുകൾ നൽകുന്ന ഏതൊക്കെ സേവനങ്ങളാണ് കേരള ബാങ്ക് ഉപഭോക്താക്കൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ വാണിജ്യ-സ്വകാര്യ ബാങ്കുകൾ നൽകുന്ന എല്ലാ നൂതന ബാങ്കിങ് സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടയാണ് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്.

സഹകരണ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും RTGS, NEFT, IMPS, UPI മൊബൈൽ ബാങ്കിങ് തുടങ്ങിയ ആധുനിക ബാങ്കിങ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ കേരള ബാങ്ക് ഏകീകൃത കോർ ബാങ്കിങ് സംവിധാനം പൂർത്തീകരിക്കുകയും ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി KB Prime കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി KB Prime Plus എന്നീ മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷനുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ആധുനിക ബാങ്കിങ് സംവിധാനങ്ങളായ IMPS, NEFT, RTGS, Mobile Banking, UPI, NACH, ATM, Micro ATM എന്നിവയിലൂടെ ഇടപാടുകൾ നടത്താൻ നിലവിൽ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Phone Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതാണ്. ഇടപാടുകാർക്ക് BBPS സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ പുനരധിവാസം

298 (2802) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ടുള്ള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും അന്നുവരെയുള്ള ആസ്തി-ബാധ്യതകൾ ഏറ്റെടുത്ത് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലാ സഹകരണ ബാങ്കിലെയും കളക്ഷൻ ജീവനക്കാരുടെ അവസ്ഥ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ലയന സമയത്ത് ഓരോ ജില്ലാ സഹകരണ ബാങ്കിലും നിലവിലുണ്ടായിരുന്ന എല്ലാ കളക്ഷൻ ഏജന്റുമാരെയും കേരള ബാങ്കിൽ തുടരുന്നതിന് അനുവദിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് മികച്ച വിവരസാങ്കേതിക മികവോടെ ഇടപാടുകാർക്ക് ഓൺലൈൻ ബാങ്കിങ് സൗകര്യം ലഭ്യമാക്കിയപ്പോൾ കേരള ബാങ്കിൽ നിലവിലുള്ള

നിക്ഷേപ-വായ്പാ കളക്ഷൻ ജീവനക്കാർക്ക് തൊഴിൽനഷ്ടവും വരുമാനനഷ്ടവും ഉണ്ടായിരിക്കുന്നത് ബാങ്കിന്റെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ പ്രഖ്യാപിത ലക്ഷ്യം എല്ലാ വിഭാഗം ജനങ്ങൾക്കും സഹകരണ മേഖലയിലൂടെ ആധുനിക ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ്. ആയത് പ്രകാരം ബാങ്ക് എല്ലാവിധ ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ടി സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള നിക്ഷേപ-വായ്പാ കളക്ഷൻ ജീവനക്കാർക്ക് തൊഴിൽനഷ്ടവും വരുമാനനഷ്ടവും ഉണ്ടാകാതിരിക്കുന്നതിനായി KB Vyapar mithra daily, KB Vyapar mithra INST daily, KB Vyapar Mithra Plus daily, KB Vyapar mithra INST plus daily എന്നീ നിത്യപിരിവ് വായ്പ പദ്ധതികളും പുതിയ ദിന നിക്ഷേപ സ്കീമുകളും ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ബാങ്കിങ് സേവനങ്ങളുടെ ഡിജിറ്റിലൈസേഷന്റെ ഭാഗമായി കളക്ഷൻ ഏജന്റുമാർക്ക് കളക്ഷൻ എടുക്കുന്നതിലേക്കായി മൈക്രോ എ.ടി.എം. വിതരണം ചെയ്തിട്ടുണ്ട്.

(സി) പത്തുവർഷം മുതൽ നാല്പത് വർഷത്തിലധികം സേവന കാലാവധിയുള്ള പ്രസ്തുത ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം-ഗ്രേഡ് എന്നിവ അനുവദിച്ചുനൽകുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദമാക്കുമോ?

കേരള ബാങ്കിൽ സ്ഥിരം ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നത് ബാങ്കിന്റെ അംഗീകൃത റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ്.

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്കുവേണ്ടി കേരള ബാങ്ക് ഏതെങ്കിലും പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇക്കാര്യം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No.40297/2022 നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

കർഷകരുടെ വായ്പകളിലുള്ള ജപ്തി നടപടികൾ

299(2803) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ വായ്പകൾക്ക് ജപ്തി നോട്ടീസുകൾ പ്രസിദ്ധീകരിച്ച് സമ്മർദത്തിലാക്കുന്ന രീതി തുടരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ?

വായ്പ കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ വായ്പകളിന്മേലും നോട്ടീസുകൾ നൽകാറുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശികയാകുന്നവർക്ക് പരമാവധി ഇളവുകളോടുകൂടി വായ്പകൾ തീർപ്പാക്കുന്നതിന് സഹകരണ വകുപ്പ് "നവകേരളീയം കുടിശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം വായ്പാ തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ചുതീർക്കാൻ അവസരവും പരമാവധി സാവകാശവും നൽകുന്നുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ്

നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്യുക വഴി കർഷകർക്ക് സഹകരണ സംഘം-സഹകരണ ബാങ്കുകളുടെ കുടിശിക കുറയ്ക്കുന്നതിനും കുടിശികയായ വായ്പാക്കാർക്ക് ആശ്വാസമേകുന്നതിനും സാധിക്കുന്നു.

(ബി) കർഷകരുടെ വായ്പകളിന്മേൽ കേരള ബാങ്ക് രൂപീകരണശേഷം നാളിതുവരെ സ്വീകരിച്ച ജപ്തി നടപടികളുടെ വിശദാംശം അറിയിക്കാമോ;

(സി) കർഷകരുടെ വായ്പകളിലുള്ള ജപ്തിനടപടികൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കേരള ബാങ്ക് രൂപീകരണത്തിനുശേഷം കർഷകരുടെ കാർഷിക വായ്പയിന്മേൽ ജപ്തിനടപടികൾ യാതൊന്നുംതന്നെ സ്വീകരിച്ചിട്ടില്ലെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ജപ്തി നടപടികൾ

300 (2804) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കോവിഡാനന്തരം എത്രത്തോളം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ ബാങ്ക് ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ കോവിഡാനന്തരം താഴെപ്പറയും പ്രകാരം ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ട്.

ചിറ്റൂർ	120
നെന്മാറ	126
പട്ടാമ്പി	209
തൃത്താല	162
കോങ്ങാട്	179
മണ്ണാർക്കാട്	223
ആലത്തൂർ	408
തരൂർ	330
പാലക്കാട്	25
മലമ്പുഴ	7
ഒറ്റപ്പാലം	704
ഷൊർണ്ണൂർ	951
ആകെ	**3444**

കേരള സ്റ്റേറ്റ് കോഷറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ.ടി. ഓഫീസർ

301 (2805) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ.ടി. ഓഫീസർ പാർട്ട്-1 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾ പ്രകാരം ബാങ്കിൽ ഐ.റ്റി. ഓഫീസർ തസ്തികയിൽ നിലവിൽ ഒരു തസ്തികയാണ് അനുവദിച്ചുനൽകിയിട്ടുള്ളത്. ടി തസ്തിക പി.എസ്.സി. മുഖേന നികത്തിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിൽനിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഒഴിവുകൾ കണ്ടെത്തി കൂടുതൽ പേരെ റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽനിന്നും ഒരു നിയമനം നടത്തി ഒഴിവ് നികത്തിയിട്ടുണ്ട്. 02-12-2024 മുതൽ ടി തസ്തികയിൽ ബാങ്കിൽ ഐ.ടി. ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിൽ ഒഴിവുകളൊന്നുമില്ല.

ജില്ലാ സഹകരണ ബാങ്കിലെ താൽക്കാലിക നിയമനങ്ങൾ

302 (2806) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്-കാഷ്യർ തസ്തികയിൽ കാറ്റഗറി നമ്പർ 20-14 പ്രകാരം 2017 ജനുവരിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങളാണ് നടത്തിയത്; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കാലയളവിൽ ബാങ്കിൽ ഈ തസ്തികയിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇതിൽനിന്ന് നിയമനം നടത്താതെ താൽക്കാലിക നിയമനം നൽകിയ മേല്പറഞ്ഞവർക്ക് നിലവിൽ ജോലി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കാലയളവിൽ കേരള ബാങ്ക് രൂപീകരിച്ചപ്പോഴുണ്ടായ ഒഴിവുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(എ-സി) മുൻ ജില്ലാ സഹകരണ ബാങ്കുകളിലേക്കുള്ള ക്ലാർക്ക്-ക്യാഷ്യർ റാങ്ക് ലിസ്റ്റിലിലുണ്ടായിരുന്ന ഉദ്യോഗാർഥികൾ (ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെ) ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്യുകയും നിലവിൽ ആയത് ബഹു. ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലുമാണ്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ

303 (2807) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് കേരള ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ കേരള ബാങ്കിന്റെ അംഗസംഘങ്ങളാണ്. അതിനാൽ പ്രതിസന്ധി നേരിടുന്ന പ്രാഥമിക സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി കേരള ബാങ്ക് തയ്യാറാക്കിയ പുനരുദ്ധാരണ പദ്ധതി, നബാർഡിന്റെ സജീവ പരിഗണനയിലാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണകർത്താക്കൾക്ക് ഭരണനൈപുണ്യം വർധിപ്പിക്കുന്നതിനുള്ള പരിശീലനം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നെഗറ്റീവ് നെറ്റ് വർത്തിൽ പ്രവർത്തിച്ചുവരുന്ന 600 സംഘങ്ങളിൽനിന്നും 4 പേരെ വീതം 2400 പേർക്ക് ഘട്ടംഘട്ടമായി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) മുഖേന വിദഗ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ കേരള ബാങ്ക് തീരുമാനിക്കുകയും 5 ബാച്ചുകളിലായി 138 സംഘങ്ങളിൽനിന്നുള്ള 460 പേർക്ക് ഇതിനോടകം പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കേരള ബാങ്ക് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പരിശീലന പദ്ധതിക്ക് ഉദ്ദേശം ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും ആയത് കേരള ബാങ്കിന്റെ തനത് ഫണ്ടിൽനിന്ന് നൽകിവരുന്നതുമാണ്.

(സി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ?

കോവിഡ്-19 രോഗവ്യാപനവും തുടർന്നുള്ള സമ്പൂർണ്ണ അടച്ചിടലും കാരണം സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാകുകയും വായ്പാ കുടിശ്ശികയും വായ്പയിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർധിക്കുകയും ചെയ്തു. ആയതുമൂലം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ പലതും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളെ സഹായിക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നവകേരളം കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി, നിക്ഷേപ സമാഹരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി സ്കീം പ്രകാരമുള്ള സെറ്റിൽമെന്റ് ഓഫ് ക്ലെയിം തുകയുടെ പരിധി 2 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, അഴിമതി പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ അസാധാരണ സാഹചര്യങ്ങൾമൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെ കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

304 (2808) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ ഭാഗമായി എത്ര നിക്ഷേപകർക്ക് നിക്ഷേപത്തുക നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

28-07-2021-ലെ കണക്ക് പ്രകാരം ബാങ്കിന്റെ നിക്ഷേപ ബാക്കി നിൽപ് തുക 313.80 കോടി രൂപയായിരുന്നു. നിലവിൽ ബാങ്കിൽ 372.98 കോടി രൂപയുടെ വായ്പ ബാക്കിയുണ്ട്. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ബാങ്ക് ഇപ്പോഴും പ്രവർത്തിച്ചുവരുന്നതിനാൽ വായ്പാ തിരിച്ചടവിനനുസൃതമായി നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകിവരുന്നുണ്ട്. കൂടാതെ അന്വേഷണത്തിന്റെ ഭാഗമായി സർചാർജ് നടപടികൾ പൂത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപ്പെട്ട തുക ഉത്തരവാദികളിൽനിന്നും ഈടാക്കി നിക്ഷേപകരുടെ ബാക്കി നിൽപ്പ് തുക വിതരണം ചെയ്യാൻ സാധിക്കും.

(ബി) ഇതിൽ എത്രപേർക്ക് നിക്ഷേപത്തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ട്?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിവൈവൽ പാക്കേജിന്റെ ഭാഗമായി 01-11-2023 മുതൽ 15-01-2025 വരെ 50,000/- രൂപ മുതൽ 1,00,000/- രൂപ വരെയുള്ള 24,777 പേരുടെ നിക്ഷേപ തുകയായ 63.89 കോടി രൂപ പൂർണമായും തിരികെ നൽകിയിട്ടുണ്ട്. കൂടാതെ ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ 28-07-2021 മുതൽ 26-09-2025 വരെയായി നിക്ഷേപ ഇനത്തിൽ മുതലും പലിശയും കൂടി 159.08 കോടി രൂപയും തിരികെ നൽകിയിട്ടുണ്ട്.

(സി) ഇനി നിക്ഷേപത്തുക തിരികെ ലഭിക്കാനുള്ള എത്രപേരുണ്ടെന്നും ഈ ഇനത്തിൽ എത്ര തുകയാണ് നൽകാനുള്ളതെന്നും വ്യക്തമാക്കാമോ?

30078 നിക്ഷേപകർക്കായി 263.62 കോടി രൂപ തിരികെ നൽകാനുണ്ട്.

(ഡി) മേല്പറഞ്ഞവർക്ക് നിക്ഷേപത്തുക പൂർണ്ണമായി തിരികെ നൽകാൻ എന്ന് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വായ്പാ കുടിശ്ശിക ഉൾപ്പെടെ ബാങ്കിന് കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിനുള്ള ഊർജിത നടപടികൾ നടന്നുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് നിക്ഷേപത്തുക തിരികെ നൽകാൻ സാധിക്കുന്നതാണ്.

റിസ്ക് ഫണ്ടിനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

305 (2809) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുന്നവരുടെ അവകാശികൾക്കും ഗുരുതര രോഗം ബാധിക്കുന്നവർക്കും നൽകിവരുന്ന റിസ്ക് ഫണ്ടിനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുന്നവരുടെ അവകാശികൾക്കും ഗുരുതര രോഗം ബാധിക്കുന്നവർക്കും നൽകിവരുന്ന റിസ്ക് ഫണ്ടിനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ നിയോജകമണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ടിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

290 അപേക്ഷകൾ. പ്രസ്തുത അപേക്ഷകളിൽ 93 അപേക്ഷകളിൽ ധനസഹായം അനുവദിച്ചു. ബാക്കിയുള്ള 197 അപേക്ഷകളിൽ 81 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്-സംഘത്തിന് കത്ത് നൽകിയിട്ടുണ്ട്. 32 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 27 അപേക്ഷകളിൽ ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 57 അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനുള്ളവയുമാണ്.

(സി) എളവള്ളി പഞ്ചായത്തിലെ എളവള്ളി സർവീസ് സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത് തിരിച്ചടവ് അവസാനിക്കുന്നതിനുള്ളിൽ 27-08-2024-ന് മരണപ്പെട്ട പയ്യപ്പാട്ട് ഉണ്ണിരി മകൻ വിനയന്റെ അവകാശി റിസ്ക് ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നും പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

അപേക്ഷ 26-11-2024-ൽ ബോർഡിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ന്യൂനതകളുള്ളതിനാൽ 10-06-2025-ൽ ന്യൂനത പരിഹരിക്കുന്നതിനായി പ്രസ്തുത ബാങ്കിനും

അനന്തരാവകാശിക്കും രേഖാമൂലം കത്ത് നൽകിയിരുന്നു. തുടർന്ന് ബാങ്കിൽനിന്നും 23-06-2025-ൽ ന്യൂനത പരിഹരിച്ച് ലഭ്യമായെങ്കിലും വായ്പാ അപേക്ഷ ബാങ്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് 29-09-2025-ൽ ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്.

(ഇ) എളവള്ളി സർവീസ് സഹകരണ ബാങ്കിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ടിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ മൂന്നെണ്ണത്തിന് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 15 അപേക്ഷകളിൽ 8 എണ്ണത്തിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്-സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 3 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 4 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ

306 (2810) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനിയന്ത്രിതമായി പ്രവർത്തിക്കുന്ന അത്തരം ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത ആക്ടിലെ വകുപ്പ് 108-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കൃഷി മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലർ പ്രകാരം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കണക്കുകളും ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് പരാതി ലഭിക്കുന്ന സൊസൈറ്റികളിൽ മേൽ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് തുടർനടപടികൾക്കായി കേന്ദ്ര രജിസ്ട്രാറിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

അംഗങ്ങൾ-നിക്ഷേപകർ-പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാൽ എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും

അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ “Multi state Co-operative Societies are functioning as autonomous co-operative organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer’s welfare. Therefore, the depositors-members are advised to take decision for investing deposits based on the performance of the society at their own risk. Central registrar, Ministry of Agriculture and Farmers welfare does not guarantee for these deposits” എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ സർക്കുലർ പ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മൾട്ടി സ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് നിർദേശം നൽകിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

Multi State Co-operative Societies (Amendment) Rule, 2016 3(1)(g)(i) പ്രകാരം ക്രെഡിറ്റ് അല്ലെങ്കിൽ മൾട്ടി പർപ്പസ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനായി നിർദ്ദിഷ്ട സൊസൈറ്റികളുടെ പ്രവർത്തനപരിധി ഉൾപ്പെട്ടുവരുന്ന സംസ്ഥാനങ്ങളുടെ സഹകരണ സംഘം രജിസ്ട്രാർമാരുടെ No Objection Certificate ഉം g(ii) പ്രകാരം നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെയും പ്രൊമോട്ടർമാരുടെയും പശ്ചാത്തലവും യോഗ്യതാ സർട്ടിഫിക്കറ്റും പരിശോധിച്ച് നിർദ്ദിഷ്ട സംഘത്തിന്റെ രജിസ്റ്റേർഡ് ആഫീസ് സ്ഥിതി ചെയ്യുന്ന സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ നടപടികൾമൂലം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ വ്യാപനം തടയാൻ ഒരു പരിധിവരെ സാധിച്ചിട്ടുള്ളതുമാണ്.

മാറംപിള്ളി സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വ്യാജ ലോൺ പരാതികൾ

307 (2811) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മാറംപിള്ളി സർവീസ് സഹകരണ ബാങ്കിലെ വ്യാജലോൺ വിഷയവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ മാറംപള്ളി സർവീസ് സഹകരണ ബാങ്കിൽ നിന്നും ബാങ്കിന്റെ മുൻ പ്രസിഡന്റും ഭാര്യയും ചേർന്ന് ഈട് വസ്തുവിന്റെ പ്രമാണത്തിന്റെ വ്യാജരേഖയുണ്ടാക്കി വായ്പ എടുത്തുവെന്ന് ആരോപിച്ച് ശ്രീ. ഹൈദർ ബാബു വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിൽ സഹകരണ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ ശിപാർശകൾ താഴെപ്പറയും പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

ബാങ്കിൽനിന്ന് ശ്രീ. അബ്ദുൾ അസീസ് മുതൽ പേർക്ക് ലോണുകൾ ക്രമവിരുദ്ധമായും നടപടികൾ പാലിക്കാതെയും പാസ്സാക്കി നൽകിയതിൽ ബാങ്കിന് നഷ്ടം സംഭവിച്ച കാര്യത്തിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടി സ്വീകരിച്ച് കുറ്റക്കാരിൽനിന്നും നഷ്ടം ഈടാക്കാവുന്നതാണെന്നും ശിപാർശ ചെയ്യുകയും ആയതിന്റെ

അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണത്തിന് എറണാകുളം ജോയിന്റ് രജിസ്ട്രാർ ആഫീസിൽനിന്നും ഉത്തരവായിട്ടുള്ളതാണ്. കൂടാതെ കെ. എം. അബ്ദുൽ അസീസ് പ്രസിഡന്റ് ആയിരിക്കെ തന്റെ പദവി ദുരുപയോഗം ചെയ്ത് അനധികൃതമായി ലോൺ കൈപ്പറ്റിയ കാര്യത്തിന് ടി കാലയളവിലെ ലോണിന് 18% പലിശ ഈടാക്കാനുള്ള എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ഉത്തരവിനെതിരെ ബഹു: ഹൈക്കോടതിയിൽ നൽകിയ അന്യായം WP(C) No.40799 of 2024 ആയി ബഹു: ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ ടിയാനെതിരെയുള്ള നടപടികൾ മേൽ അന്യായത്തിൽ ബഹു: ഹൈക്കോടതിയുടെ അന്തിമവിധിക്കനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ വിജിലൻസ് അന്വേഷണ പ്രകാരമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മാറംപള്ളി സർവീസ് സഹകരണ ബാങ്കിലെ മുൻ പ്രസിഡന്റ് ശ്രീ. കെ. എം. അബ്ദുൽ അസീസ്, സെക്രട്ടറി ആയിരുന്ന ശ്രീമതി ടി. സി. രമണി, ഭരണസമിതി അംഗങ്ങൾ എന്നിവർക്കെതിരെ കേരള സഹകരണ നിയമം 1969 ലെ 94(8 എ), (8 ബി) വകുപ്പുകൾ പ്രകാരവും 2018-ലെ അഴിമതി നിരോധന (ഭേദഗതി) നിയമം വകുപ്പ് 13(1) (a) r-w 13(2) എന്നിവ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമം വകുപ്പ് 409, 120(ബി) r-w 34 പ്രകാരവും എറണാകുളം ജില്ലാ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ബാങ്കിൽ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഈ വിഷയത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മാറംപിള്ളി സർവീസ് സഹകരണ ബാങ്കിൽ വിവിധ തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളിലെ ക്രമക്കേട് ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരെയും ബാങ്കിനെയും നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് നിയമനം നടത്തുന്നതിന് ബാങ്കിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിയമനത്തിലെ ക്രമക്കേട് ആരോപിച്ച് ശ്രീമതി സുമാഹിയ എം.എം ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 36567-2023-നമ്പേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നിലവിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം

308 (2812) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ എത്ര മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് പ്രവർത്തിച്ചുവരുന്നത്; താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, വർക്കല, കാട്ടാക്കട എന്നീ 6 താലൂക്കുകളിലും മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളൊന്നും പ്രവർത്തിച്ചുവരുന്നില്ല.

റെയ്ഡ്കോയുടെ നഷ്ടം പരിഹരിക്കാൻ നടപടി

309 (2813) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയ്ഡ്കോയുടെ സർക്കാർ ഓഹരി എത്രയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഓഹരി – Rs. 17,23,050/-

എൻ.സി.ഡി.സി ഓഹരി – Rs. 19,89,40,986/-

(ബി) റെയ്ഡ്കോയ്ക്ക് നിലവിൽ എത്ര കോടി രൂപ നഷ്ടമുണ്ട്; നഷ്ടം ഒഴിവാക്കാനോ പരിഹരിക്കാനോ പ്രത്യേക ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) റെയ്ഡ്കോയുടെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും വൻതോതിലുള്ള പലിശ ബാധ്യതയും പരിഹരിക്കാൻ സാമ്പത്തിക സഹായം നൽകുമോ; വിശദമാക്കാമോ?

(ബി&സി) 2023-24 സാമ്പത്തിക വർഷത്തെ അറ്റനഷ്ടം- 120,76,71,209.75 രൂപയാണ്. റെയ്ഡ്കോയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) റെയ്ഡ്കോയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും പദ്ധതികളിൽ മുൻഗണനാ സ്ഥാപനമായി ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പ് മാലിന്യ സംസ്കരണ മേഖലയിലെ അക്രഡിറ്റഡ് ഏജൻസിയായി റെയ്ഡ്കോയെ അംഗീകരിച്ചിട്ടുണ്ട്.

റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി

310 (2814) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ സംഘങ്ങളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്നും സർവീസ് സഹകരണ സംഘങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര തുകയാണ് റിസ്ക് ഫണ്ടായി അനുവദിച്ചതെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും സഹകരണ സംഘങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ സംഘങ്ങളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ആകെ 216 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അവയിൽ 95 അപേക്ഷകളിലായി 88 പേർക്ക് 49,09,521/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബോർഡിൽ ലഭ്യമായ ആകെ അപേക്ഷകളുടെ വിശദാംശങ്ങളും റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയ അപേക്ഷകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇനിയും എത്ര അപേക്ഷകർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുവാൻ ബാക്കിയുണ്ടെന്ന് സഹകരണ സംഘങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ബാക്കിനില്പുള്ള 121 അപേക്ഷകളിൽ 48 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്-സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 48 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും ബാക്കിയുള്ള 25 അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനുള്ളവയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്-സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

മാരകരോഗം ബാധിക്കുന്ന-മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്-സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം-ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി പ്രകാരമുള്ള അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദേശം നൽകുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ജോയിന്റ് ഡയറക്ടർ-കൺകറണ്ട് ആഡിറ്റർ-അസിസ്റ്റന്റ് രജിസ്ട്രാർ-വാല്യുവേഷൻ ആഫീസർമാർ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം പരിശോധിച്ച് ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക്ലിസ്റ്റ് തയ്യാറാക്കി 19-02-2024, 22-08-2025 തീയതികളിലെ കത്ത് പ്രകാരം ടി ഓഫീസുകളിൽ നൽകിയിട്ടുണ്ട്. കൂടാതെ ബാങ്ക്-സംഘത്തിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ള ഫയലുകളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനായി വീണ്ടും ബാങ്ക്-സംഘത്തിന് കത്ത് നൽകുകയും ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ നടത്തുന്നതിനും ആയത് പ്രകാരം ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനുള്ള പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവ്

311 (2815) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവായി എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുകയിൽനിന്ന് പെൻഷൻ എത്തിച്ചുകൊടുക്കുന്ന ഏജന്റിനും സംഘത്തിനും എത്ര രൂപ വീതമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(സി) സംഘത്തിന് ലഭിക്കുന്ന തുകയിൽ നിന്ന് പെൻഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിഹിതം നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ-സി) 05-01-2023-ലെ സ.ഉ.(കൈ) നം. 3-2023-ധന. പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തരം നേരിട്ട് വീടുകളിൽ വിതരണം നടത്തുന്നതിനായി ഒരു ഗുണഭോക്താവിന് നൽകുന്ന ഇൻസെന്റീവ് 30/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ടി 30/- രൂപയിൽ 25/- രൂപ ഏജന്റിനും 5/- രൂപ സഹകരണ സംഘത്തിനും ലഭിക്കുന്നതാണ്. സംഘത്തിന് ലഭിക്കുന്ന തുകയിൽ നിന്ന് പെൻഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിഹിതം നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിലെ ക്രമക്കേടുകൾ

312 (2816) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. കേരള സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള ജാമ്യവ്യവസ്ഥ പാലിക്കാതെ വായ്പകളും പ്രതിമാസ നിക്ഷേപ പദ്ധതി തുകകളും (എം.ഡി.എസ്) വിതരണം ചെയ്തു.
2. സംഘത്തിലെ സ്ഥിര നിക്ഷേപത്തിന് അധിക പലിശ നൽകി.
3. അനധികൃതമായി താൽക്കാലിക ജീവനക്കാരെയും കളക്ഷൻ ഏജന്റുമാരെയും നിയമിച്ചു.
4. സംഘം പ്രസിഡന്റ് അഡ്വാൻസ് തുക കൈപ്പറ്റി.
5. 'സി' ക്ലാസ് അംഗങ്ങൾക്ക് വായ്പകൾ നൽകി.
6. സഹകരണ വകുപ്പിന്റെ അനുമതി ലഭിക്കാതെ പൊതുഫണ്ട് ചെലവഴിച്ചു.

1969-ലെ കേരള സഹകരണസംഘം നിയമം 66-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 1969-ലെ കേരള സഹകരണ സംഘം നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് ക്രമക്കേടുകൾ നടത്തിയവരിൽനിന്ന് സംഘത്തിന് നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിന് 1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നുവരികയുമാണ്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ

313 (2817) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതും 2024-25 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 352 സഹകരണ സംഘങ്ങളാണുള്ളത്. ആയതിൽ 2024-25 സാമ്പത്തിക വർഷത്തിൽ 99 സഹകരണ സംഘങ്ങളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 21 സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം രണ്ട് സഹകരണ സംഘങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ടി സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നെല്ലിമൂട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2639 (അറ്റലാഭം-933179.25 രൂപ)

2. പൂവാർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.3966 (അറ്റലാഭം-182990.70 രൂപ)

സർക്കാർ ജീവനക്കാരുടെ സഹകരണ സ്ഥാപനങ്ങൾ

314 (2818) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ ജീവനക്കാരുടെ നിയന്ത്രണത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

കോഴിക്കോട് ജില്ലയിൽ സർക്കാർ ജീവനക്കാരുടെ നിയന്ത്രണത്തിലുള്ള 32 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം പേരുവിവരങ്ങൾ സഹിതം ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. സെൻട്രൽ പി.ഡബ്ലു.ഡി. എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ 2395

2. ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ F.1773

3. കോഴിക്കോട് ജില്ലാ സഹകരണ ഡിപ്പാർട്ടുമെന്റ് എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ 7603

4. കോഴിക്കോട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ F.4840

5. കോഴിക്കോട് ജില്ലാ AHD എംപ്ലോയീസ് സഹകരണസംഘം ലിമിറ്റഡ് നമ്പർ D.3134

6. കേരള ഗവണ്മെന്റ് പോളിടെക്നിക് സഹകരണ സംഘം ലിമിറ്റഡ് നമ്പർ F.966

7. കോഴിക്കോട് ജില്ലാ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ D 2636

8. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ F.953

9. കോഴിക്കോട് സിറ്റി പോലീസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ F.963

10. കാലിക്കട്ട് ഇൻകം ടാക്സ് എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.2432

11. കോഴിക്കോട് ജില്ലാ ഗവണ്മെന്റ് ഐ.ടി.ഐ. എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.3123

12. കോഴിക്കോട് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.2369

13. കോഴിക്കോട് ജില്ലാ ഹെൽത്ത് ആൻഡ് അഗ്രി. ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് സഹകരണസംഘം ലിമിറ്റഡ് നമ്പർ D.2992

14. N.I.C.D. Thrift Credit സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.1904

15. C.W.R.D.M.Employees credit സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.2390

16. IIM Employees സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.2720

17. എൻ.ഐ.റ്റി. കാലിക്കറ്റ് മൾട്ടി പർപ്പസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ D.1883

18. ഗവണ്മെന്റ് പ്രസ്സ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 2641

19. ജൂഡീഷ്യൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2774

20. കോഴിക്കോട് പ്രോവിഡന്റ് ഫണ്ട് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2381

21. പ്രിസൺ ആൻഡ് കറക്ഷണൽ സർവീസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.4517

22. കോഴിക്കോട് ജില്ലാ എക്സൈസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.3384

23. കോഴിക്കോട് ജില്ലാ ഗവണ്മെന്റ് എംപ്ലോയീസ് ഹൗസിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2325

24. കോഴിക്കോട് ജില്ലാ സ്റ്റേറ്റ് ഗവണ്മെന്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2800

25. സിറ്റി പോലീസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സ്റ്റോർ ലിമിറ്റഡ് നമ്പർ D.2911

26. കാലിക്കറ്റ് കോർപ്പറേഷൻ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ F.1344

27. കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റുഡന്റ്സ് ആൻഡ് ടീച്ചിങ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2779

28. കോഴിക്കോട് താലൂക്ക് എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.3058

29. ഗവ. സർവന്റ്സ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ് നമ്പർ D.1915

30. വടകര താലൂക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2687

31. കൊയിലാണ്ടി താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2692

32. കോഴിക്കോട് റൂറൽ ഡിസ്ട്രിക്ട് പൊലീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ D.2792

വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണം

315 (2819) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വനിതാ സഹകരണ സംഘങ്ങളുടെ വികസനത്തിനായി വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. 2025-26 ബജറ്റിൽ 354 ലക്ഷം രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

ടി പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

(എ) ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായം
(ബി) വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം
(സി)വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാതലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം
(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ സാധ്യതയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം
(ഇ) വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ- പരിശീലനം നടത്തുന്നതിനുള്ള സഹായം

(എഫ്) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം

(ജി) ഡേകെയർ, പാലിയേറ്റീവ് കെയർ യൂണിറ്റ്, ടൂറിസം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം

(എച്ച്) ഉൽപാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിതാ സഹകരണ സൊസൈറ്റികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുന്നു

(ഐ) സഖി പ്രോജക്ടിനുള്ള സഹായം - സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവപരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം നൽകൽ ലക്ഷ്യമിടുന്ന സഖി പദ്ധതിക്കുള്ള സഹായം. ഇത് 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പുതിയ ഉപഘടകമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷം മുതൽ 682.325 ലക്ഷം രൂപ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ

316 (2820) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ നിയമപ്രകാരമുള്ള

അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വകുപ്പുതല അന്വേഷണം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് Online Co-operative Inspection Management Application (CIMA) സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടത്തുന്ന വകുപ്പ് 65, 66, 68(1), 68(2) എന്നീ വകുപ്പുതല അന്വേഷണങ്ങളുടെ അവലോകനം എല്ലാ മാസവും നടത്തിവരുന്നു.

(ബി) സഹകരണ സംഘങ്ങളിൽ പണയംവയ്ക്കുന്ന സ്വർണ്ണ ഉരുപ്പടികളുടെ മാറ്റ് (പ്യൂരിറ്റി) പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

സ്വർണ്ണപ്പണ്ട പണയ വായ്പ അനുവദിക്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ടി തൊഴിലിൽ പ്രാവീണ്യമുള്ള അപ്രൈസർമാരുടെ സേവനം ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന് പുറത്തുള്ള അപ്രൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തി വകുപ്പുദ്യോഗസ്ഥർ

നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിൽ സംഘം തലത്തിലുള്ള അപ്രൈസർ അല്ലെങ്കിൽ പരിശീലനം ലഭിച്ച സംഘം സ്റ്റാഫ് സ്വർണ്ണ പണയ ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗോൾഡ് പ്യൂരിഫൈയിങ് മെഷീൻ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു. കൂടാതെ സംഘം ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ടി വിഷയത്തിൽ ഉത്തരവാദിത്വം നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളും ഓരോ മൂന്നുമാസം കൂടുമ്പോഴും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി-ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽനിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട പരിശോധനാ കമ്മിറ്റി രൂപീകരിച്ച് ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതാണ്. ക്രമക്കേട് കണ്ടെത്തിയ കാര്യങ്ങളിൽ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സർക്കിൾ സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘം സെക്രട്ടറിമാർക്കും ജീവനക്കാർക്കും സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിനുള്ള വിദഗ്ധ ക്ലാസുകൾ നൽകുന്നുണ്ട്. അപ്രകാരം പരിശീലനം നൽകുന്നതുവഴി സ്വർണ്ണപ്പണയവായ്പയിലെ തട്ടിപ്പുകൾ തടയാൻ സാധിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

317 (2821) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിനുകീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. പുതിയങ്ങാടി എസ്.സി.ബി. ലിമിറ്റഡ് നം.എഫ്.1421
2. കോഴിക്കോട് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഡിപ്പാർട്ടമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2636
3. കരുവിശ്ശേരി വനിതാ സഹകരണ സംഘം ക്ലിപ്തം ഡി.3236
4. കാലിക്കറ്റ് ഹൗസ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എഫ്.1284
5. കോഴിക്കോട് ഡിസ്ട്രിക്ട് എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് ഡി.2813
6. ഹോമിയോപ്പതിക് ഫിസിഷ്യൻ സഹകരണ സംഘം ഡി.3109
7. കോഴിക്കോട് ജില്ലാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2410
8. കോഴിക്കോട് എഫ്.സി.ഐ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2369
9. സൗഭാഗ്യ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.3200
10. വെസ്റ്റ്ഹിൽ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.3221
11. മലബാർ മാനേജ്മെന്റ് ഫോർ സർവീസ് കോ-ഓപ്പറേറ്റീവ് മൾട്ടി പർപ്പസ് സൊസൈറ്റി ഡി.3276
12. എലത്തൂർ ട്രാവൽ & ടൂറിസം സി.എസ്. ഡി.3280
13. വേങ്ങേരി അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2944
14. കാലിക്കറ്റ് നോർത്ത് എസ്.സി.ബി. എൽ.എൽ.35
15. വേങ്ങേരി എസ്.സി.ബി. ഡി.2714
16. ചെലവൂർ എസ്.സി.ബി. എഫ്.1513
17. ചേവായൂർ വനിതാ എസ്.സി.ബി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എഫ്.1245
18. കോഴിക്കോട് താലൂക്ക് ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എഫ്.4840
19. കോഴിക്കോട് ഡിസ്ട്രിക്ട് ഗവ. എംപ്ലോയീസ് ഹൗസിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2325
20. കോഴിക്കോട് സ്റ്റേറ്റ് ഗവ. എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.2800

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സഹകരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സഹകരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. നീതി ലാബ്

കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് എൽ.എൽ.35-ന് കീഴിൽ നീതി ലാബ് പ്രവർത്തനമാരംഭിച്ചു.

2. ധാന്യസംഭരണശാല

കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് എൽ.എൽ.35-ന് കീഴിൽ ധാന്യസംഭരണശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി.

3. നീതി സ്റ്റോർ

ചേവായൂർ സർവീസ് സഹകരണ ബാങ്ക് എഫ്.1245-നുകീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്ഥാനമായി നീതി സ്റ്റോർ ആരംഭിച്ചു.

4. മണികുടുക്ക ലഘു സമ്പാദ്യപദ്ധതി

കുട്ടികളുടെ സമ്പാദ്യശീലം വളർത്തുന്നതിനായി കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് എൽ.എൽ.35 മണികുടുക്ക ലഘു സമ്പാദ്യപദ്ധതി ആരംഭിച്ചു.

5. സ്കൂൾ മുറ്റം പച്ചക്കറി കൃഷി

കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് എൽ.എൽ.35 സ്ക്കൂൾമുറ്റം പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കി.

6. കോ-ഓപ് മാർട്ട്

ചേവായൂർ സർവീസ് സഹകരണ ബാങ്ക് എഫ്.1245 സർക്കാർ പദ്ധതിയായ കോ-ഓപ് മാർട്ട് തുടങ്ങി.

ഭാരതീയ പട്ടികജാതി കലാക്ഷേത്രം സർവീസ് സഹകരണ സംഘം

318 (2822) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കരുവാപ്പടി-വരാക്കര പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ഭാരതീയ പട്ടികജാതി കലാക്ഷേത്രം സർവീസ് സഹകരണ സംഘം സർക്കാർ സഹായം ലഭിച്ചതിന്മേലുള്ള കുടിശിക ഒഴിവാക്കികിട്ടുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) വർഷങ്ങൾക്കുമുൻപ് പ്രവർത്തനം നിലച്ച പ്രസ്തുത സഹകരണ സംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനസജ്ജമാക്കിയ സാഹചര്യത്തിൽ മുൻകാലത്ത് ലഭിച്ച സർക്കാർ സഹായം തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി പരമാവധി ഇളവുകളോടെ തിരിച്ചടവിന് സാവകാശം നൽകി പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭാരതീയ പട്ടികജാതി കലാക്ഷേത്രം സർവീസ് സഹകരണ സംഘത്തിന്റെ അപേക്ഷ സർക്കാരിന്റെ പരിശോധനയിലാണ്.

സഹകരണ മേഖല ഉൽപാദിഷ്ക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ

319 (2823) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണമേഖല ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ ഏകീകൃത ബ്രാൻഡിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിങിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ-അന്തർദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപന്നങ്ങളുടെ വിപണനത്തിനായി ജില്ലകളിൽ

ഏകീകൃത മാതൃകയിൽ കോപ്പ്മാർട്ടുകൾ (coopmart) പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപന്നങ്ങൾക്കും 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപന്നങ്ങൾക്കും coopkerala സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇപ്രകാരം coopkerala സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപന്നങ്ങൾക്കായി ഒരു സ്വാതന്ത്ര ഡിജിറ്റൽ വിപണിയായ "അങ്ങാടി കേരള" പ്ലാറ്റ്ഫോം ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

തിരുരങ്ങാടി സഹകരണ നീതി മെഡിക്കൽ സ്റ്റോർ കെട്ടിടനിർമ്മാണം

320 (2824) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള സഹകരണ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതായി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് പ്രസ്തുത മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റേണ്ടത് അനിവാര്യമായിട്ടും ആയതിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) തിരുരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോർ കെട്ടിടം ഒഴിയുന്നതിന് സ്ഥാപനത്തിനും

തിരുരങ്ങാടി മുനിസിപ്പാലിറ്റിക്കും തിരുരങ്ങാടി താലൂക്ക് ആശുപത്രി സുപ്രണ്ട് കത്ത് നൽകിയിട്ടുണ്ട്. നീതി മെഡിക്കൽ സ്റ്റോർ പ്രസ്തുത കെട്ടിടത്തിൽനിന്ന് ഒഴിവായതിനുശേഷം കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

തുറമുഖങ്ങളിൽ നിന്നുള്ള മണൽ വിൽപന

321 (2825) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽനിന്നോ കപ്പൽചാലുകളിൽനിന്നോ അനുബന്ധ പ്രദേശങ്ങളിൽനിന്നോ നീക്കംചെയ്യുന്ന മണലിന്റെ വിൽപനയിലൂടെ മാരി ടൈം ബോർഡിന് ലഭിച്ച ആകെ വരുമാനം എത്രയാണ്; ഇനവും വർഷും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള മാരിടൈം ബോർഡിന് കീഴിലുള്ള കൊടുങ്ങല്ലൂർ, കാസർഗോഡ്, പൊന്നാനി, ബേപ്പൂർ, അഴീക്കൽ, വടകര തുറമുഖങ്ങളിലെ കപ്പൽ ചാലുകളിൽനിന്നും മാനുവൽ ഡ്രഡ്ജിങ്വഴി നീക്കം ചെയ്ത മണൽ വിൽപന നടത്തിയതിലൂടെ ബോർഡിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു.

വർഷം	തുക
2021-22	84,78,85,038
2022-23	65,52,80,041
2023-24	56,39,07,491
2024-25	49,89,60,972.73
2025-26	20,24,00,618
ആകെ തുക	2,76,84,34,160.73

(ബി) സംസ്ഥാനത്തെ ഹാർബറുകളിൽ നിന്നോ അനുബന്ധപ്രദേശങ്ങളിൽ നിന്നോ ഇപ്രകാരം മണൽവാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്ന ഹാർബറുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ഹാർബറുകളിൽ നിന്നോ അനുബന്ധ പ്രദേശങ്ങളിൽ നിന്നോ തൊഴിലാളികൾ മുഖേന മണൽനീക്കം നടത്തുന്നില്ല. ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന ഹാർബറുകളുടെ ഡ്രഡ്ജിങ് പ്രവൃത്തികൾക്ക് ടെൻഡർ മുഖേനയാണ് പ്രവൃത്തി ഏർപ്പാടാക്കി വരുന്നത്.

(സി) വടകര തുറമുഖപരിധിയിൽ കുറ്റ്യാടി പുഴയുടെ അഴിമുഖത്ത് ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് ഡ്രഡ്ജിങ് പെർമിറ്റ് അനുവദിക്കുന്ന ഇനത്തിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈടാക്കുന്ന ഫീസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

വടകര തുറമുഖപരിധിയിൽ കുറ്റ്യാടി പുഴയുടെ കോട്ടയ്ക്കൽ അഴിമുഖത്ത് ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന അഴിമുഖ ഭാഗങ്ങളിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിന് വടകര, പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് മാസംതോറുമുള്ള അപേക്ഷ പരിഗണിച്ച് മാനുവൽ ഡ്രഡ്ജിങ് പെർമിറ്റ് പുതുക്കി അനുവദിക്കുന്ന ഇനത്തിൽ ഫീസൊന്നും ഈടാക്കുന്നില്ല.

എന്നാൽ മാനുവൽ ഡ്രഡ്ജിങ് പെർമിറ്റ് ഉടമ എന്ന നിലയിൽ മാനുവൽ ഡ്രഡ്ജിങ്ങിന് ഉപയോഗിക്കുന്ന ജെട്ടികളുടെ ലൈസൻസ് ഫീസ് (Rs. 12,130+GST),

കടവുകളുടെ രജിസ്ട്രേഷൻ ഫീസ് (Rs 13,785+GST), തോണികളുടെ പെർമിറ്റ്-ലൈസൻസ് ഫീസ് (1,215+GST) എന്നീ വാർഷിക നിരക്കുകളിൽ വടകര, പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറിമാരിൽനിന്നും തുക ഈടാക്കുന്നുണ്ട്.

(ഡി) വടകര തുറമുഖ പരിധിയിൽ ഇപ്രകാരം ഡ്രഡ്ജ് ചെയ്യപ്പെടുന്ന മണലിന്റെ നിലവിലുള്ള വില്പനവില എത്രയാണ്; ഇപ്രകാരം മണൽ വില്പന നടത്തുന്നതുമായി ബന്ധപ്പെട്ട മാരി ടൈം ബോർഡിന് ഉണ്ടാവുന്ന വിവിധ ചെലവുകളും അവയുടെ നിരക്കുകളും അറിയിക്കുമോ?

03-10-2025-ലെ സ.ഉ.(കൈ.) നം. 24-2025-F&P പ്രകാരം വടകര തുറമുഖത്ത് മാനുവൽ ഡ്രഡ്ജിങ് മുഖേന ശേഖരിക്കപ്പെടുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ നിലവിലുള്ള വിൽപ്പന വില 1460/- രൂപയാണ്. ഇതുമായി ബന്ധപ്പെട്ട് മാരിടൈം ബോർഡിന് ഉണ്ടാകുന്ന വിവിധ ചെലവുകളും അവയുടെ നിരക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	നിരക്ക്
LSGD Share	100 per ton
Labour charge	725 per ton
Geology Royalty	80 per ton
GST of sand rate 5%	5% of 1460=73/-
GST of vehicle pass 18%	18% of 220= 39.60/-
Daily wage to Kadav supervisor (2 staff)	800 per day
Daily wage to Assistant Kadav supervisor (2 staff)	770 per day
Daily wage to Kadav Assistant (2 staff)	710 per day

കൂടാതെ വാഹന പാസ് പ്രിന്റ് ചെയ്യുന്നതിനുള്ള ഹോളോഗ്രാം പേപ്പർ ലഭ്യമാക്കുന്നതിനുള്ള ചെലവ് പെർമിറ്റ് ഉടമകൾ ലഭ്യമാക്കാതെ വരുമ്പോൾ കമ്പ്യൂട്ടർ, പ്രിന്റർ പോലുള്ളവ ലഭ്യമാക്കുന്നതിനും അവ ഇടയ്ക്ക് റിപ്പയർ ചെയ്യുന്നതിനുമുള്ള ചെലവുകൾ, കടവുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചതിന്റെയും പരിപാലിക്കുന്നതിന്റെയും ചെലവുകൾ എന്നിവയും ബോർഡിന്റെ ചെലവുകളിൽ ഉൾപ്പെടുന്നു.

(ഇ) വടകര തുറമുഖവുമായി ബന്ധപ്പെട്ട വിവിധയിനം ഫീസുകളിലൂടെയും ലൈസൻസുകൾ അനുവദിക്കുന്നതിലൂടെയും മാരി ടൈം ബോർഡിന് ലഭിക്കുന്ന ആകെ വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വടകര തുറമുഖത്തുനിന്നും വിവിധയിനം ഫീസുകളിലൂടെയും ലൈസൻസ് അനുവദിക്കുന്നതിലൂടെയും ബോർഡിന് 2021-22 മുതൽ 2024-25 വരെ ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു+.

പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ നടപടി

322 (2826) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളിൽ നിലവിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബേപ്പൂർ തുറമുഖത്തിന്റെ ആഴംകൂട്ടൽ, ബേപ്പൂർ അഡീഷണൽ വാർഫ് നിർമ്മാണം, കൊല്ലം തുറമുഖത്തിന്റെ ആഴംകൂട്ടൽ എന്നീ പ്രവൃത്തികൾ സാഗർമാല പദ്ധതിയിലൂടെ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാരിസ്ഥിതികാഘാത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽനിന്ന് 50% സാമ്പത്തിക സഹായം നേടി പദ്ധതി നടപ്പിലാക്കുന്നതാണ്. വലിയതുറ, കൊല്ലം, കോഴിക്കോട്, പൊന്നാനി തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനായി താല്പര്യപത്രം ക്ഷണിക്കുകയും തുടർന്ന് ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ചെറുകിട-ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവീസ് വർധിപ്പിക്കുന്നതിനുവേണ്ടി ഈ മേഖലയിലെ ഓപ്പറേറ്റേഴ്സ്മാരുമായും ആവശ്യമായ ചരക്ക് ഉറപ്പാക്കാൻ വാണിജ്യ സംഘടനകളുമായും വ്യക്തികളുമായും ചർച്ചകൾ നടത്തിവരുന്നു. കേരളത്തിലെ 17 നോൺ മേജർ തുറമുഖങ്ങളിൽ നാല് തുറമുഖങ്ങളിൽ ചെറുതും ഇടത്തരവുമായ കപ്പലുകൾ അടുക്കാൻ വേണ്ട എല്ലാ പശ്ചാത്തല സാകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ മൂന്ന് തുറമുഖങ്ങൾക്ക് ഇൻറർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ഐ.എസ്.പി.എസ്. കോഡ് കംപ്ലയൻസ് സർട്ടിഫിക്കറ്റും എമിഗ്രേഷൻ നടത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസും നേടിയെടുത്തിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിനും ഐ.സി.പി. സ്റ്റാറ്റസ് നേടിയെടുക്കാൻ ഊർജിതമായ ശ്രമങ്ങൾ നടത്തിവരുന്നു. മാരിടൈം മേഖലയെ വേണ്ട സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കാനായി ബോർഡിന്റെ കീഴിലുള്ള നാല് നോൺ

മേജർ തുറമുഖങ്ങളിലും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് തുറമുഖ ഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ള 13 പ്രദേശങ്ങൾ കൂടി നിലവിലുണ്ട്. ഇവയിൽ പൊന്നാനിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി. മാതൃക) പുതിയ തുറമുഖ വികസന സാധ്യത പരിശോധിക്കാൻ താല്പര്യപത്രം ക്ഷണിച്ചെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. അഴീക്കലിൽ നിലവിലുള്ള നോൺ മേജർ തുറമുഖത്തിന് പുറമെ പി.പി.പി. മാതൃകയിൽ മലബാർ പോർട്ട് & എസ്. ഇ. ഇസഡ് പുതുതായി നിർമ്മിക്കാനുള്ള പദ്ധതി നിലവിലുണ്ട്. മറ്റേതെങ്കിലും തുറമുഖ ഭൂമിയിൽ തുറമുഖ നിർമാണം നടത്താൻ സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ അക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

തുറമുഖ മേഖലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

323 (2827) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ എം മുകേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഏഴ് തുറമുഖങ്ങളാണ് നിലവിൽ പ്രവർത്തനക്ഷമമായുള്ളത്. കൊച്ചി തുറമുഖം മേജർ തുറമുഖമായതിനാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കൊച്ചിൻ പോർട്ട് അതോറിറ്റിയാണ് വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് സംസ്ഥാന സർക്കാരിന്റെ പി.പി.പി. മാതൃകയിലുള്ള തുറമുഖമാണ്. കിൻഫ്രയുടെ കൂടി പങ്കാളിത്തമുള്ള കോട്ടയം ഇൻലാൻഡ് കണ്ടെയ്നർ ടെർമിനൽ ഉൾനാടൻ ജലാശയ തുറമുഖമാണ്. കേരളാ മാരിടൈം ബോർഡിന് കീഴിൽ കോവളം-വിഴിഞ്ഞം, കൊല്ലം, ബേപ്പർ, അഴീക്കൽ തുറമുഖങ്ങളാണ് പ്രവർത്തനക്ഷമമായുള്ളത്. കേരള മാരിടൈം ബോർഡിന് കീഴിലുള്ള തുറമുഖങ്ങളിൽ വിദേശകപ്പലുകൾ അടക്കമുള്ള എല്ലാ ഇടത്തരം യാനങ്ങളും അടുപ്പിക്കാനുള്ള കപ്പൽ ചാലിന്റെ ആഴവും ആവശ്യമായ വാർഫും ചരക്കിറക്കത്തിനും കയറ്റത്തിനും ആവശ്യമായ യന്ത്രസാമഗ്രികളും ചരക്ക് സൂക്ഷിക്കാനാവശ്യമായ വെയർഹൗസ് സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ വലിയ കപ്പലുകൾ അടുപ്പിക്കുന്നതിനാവശ്യമായ കപ്പൽചാൽ ആഴം കൂട്ടുന്ന പ്രവൃത്തിയും അധികമായി വാർഫുകൾ പണിയുന്ന പ്രവൃത്തിയും കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയുടെ കൂടി സഹായത്തോടെ നടപ്പാക്കുന്നതിനായി പാരിസ്ഥിതിക പഠനം നടന്നു വരുന്നു. പാരിസ്ഥിക അനുമതി ലഭിക്കുന്നമുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

അഴിക്കൽ തുറമുഖത്തിന്റെ ആഴം കൂട്ടുന്ന പദ്ധതിയും പരിഗണനയിലാണ്. വിദേശ കപ്പലുകൾ അടുപ്പിക്കാനാവശ്യമായ സെക്യൂരിറ്റി സർട്ടിഫിക്കേഷനായ ഐ.എസ്.പി.എസ്. എല്ലാ തുറമുഖങ്ങൾക്കും ലഭ്യമായിട്ടുണ്ട്. ഇമിഗ്രേഷൻ ക്ലിയറൻസ് തുറമുഖത്തിൽ വച്ചുതന്നെ നടത്താനുള്ള ഐ.സി.പി സൗകര്യവും കോവളം - വിഴിഞ്ഞം, ബേപ്പൂർ, കൊല്ലം തുറമുഖങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖത്തിന്റെ മാതൃകയിൽ മാരിടൈം ബോർഡിന്റെ കീഴിലുള്ള തുറമുഖങ്ങളും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള നിർദേശവും സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ ഇടത്തരം കപ്പലുകൾ വഴിയുള്ള ചരക്ക് യാത്രാ ഗതാഗതത്തിന് പ്രാപ്തമായിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് തുറമുഖങ്ങളിൽ വരുന്ന ചരക്കുകൾ കടൽ വഴിതന്നെ മറ്റിടങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടാനാകും. അതോടൊപ്പം തുറമുഖ അനുബന്ധ പ്രവർത്തനങ്ങളായ ബങ്കറിങ്, ഷിപ്പിലേക്കുള്ള സാധനങ്ങൾ കൈമാറൽ, ഷിപ്പ് റിപ്പയർ, ക്രൂ ചേഞ്ച് എന്നീ പ്രവർത്തനങ്ങളും ഈ തുറമുഖങ്ങൾ വഴി നടന്നുവരുന്നു. കേരളാ തീരത്ത് അപകടത്തിൽപ്പെട്ട എം.എസ്.സി. എൽസ കപ്പലിന്റെ സാൽവെജ് ഓപ്പറേഷൻ കൊല്ലം തുറമുഖം കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഇതോടൊപ്പം തുറമുഖത്തിന്റെ ഉടമസ്ഥതയിലുള്ളതും ഭാവി തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്താൻ സാധ്യതയില്ലാത്തതുമായ തുറമുഖ ഭൂമിയും മറ്റ് ആസ്തികളും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും കഴിയുന്നുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ 2024 ജൂലൈ മാസം 11-ാം തീയതിയും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2024 ഡിസംബർ മാസം 3-ാം തീയതിയും ആരംഭിക്കുകയുണ്ടായി. ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തുതുടങ്ങിയതിനുശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2025 സെപ്റ്റംബർ മാസം 30-ാം തീയതി വരെ 507 കപ്പലുകൾ തുറമുഖത്തിലെത്തുകയും 1113208 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി.

ട്രയൽ റൺ ആരംഭിച്ചത് മുതൽ 2025 ഓഗസ്റ്റ് മാസം 31-ാം തീയതി വരെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു. 2025 ഓഗസ്റ്റ് 31 വരെ തുറമുഖത്തിലെത്തിയ കപ്പലുകളുടെ എണ്ണവും ചരക്കുനീക്കവും വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിന് ലഭിച്ചുതുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ ഒരു ശതമാനം സംസ്ഥാനത്തിന് ലഭിച്ച് തുടങ്ങും. ഇത് വർഷാവർഷം ഒരു ശതമാനം വീതം വർധിച്ച് പരമാവധി 40 ശതമാനത്തിൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണശേഷി കൈവരിക്കുന്നതോടുകൂടി കേരളത്തിൽ വലിയ തോതിലുള്ള വാണിജ്യ-വ്യാവസായിക വളർച്ചയുണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ക്രിയാത്മകമായ പല പദ്ധതികൾക്കും സർക്കാർ രൂപം നൽകി വരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിങ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർഥ്യമാക്കി തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് NHAI- യുമായി ചേർന്ന് ഔട്ടർ റിങ് റോഡ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും സ്ഥാപിക്കപ്പെടുന്നതോടുകൂടി തിരുവനന്തപുരത്തിന്റെ മുഖച്ഛായ തന്നെ മാറുന്ന ബൃഹത് പദ്ധതിയാണിത്.

ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നമുറയ്ക്ക് എറണാകുളം മുതൽ തെക്കോട്ടുള്ള ഇതര ജില്ലകളിലും നിരവധി ലോജിസ്റ്റിക് പാർക്കുകളും വ്യവസായശാലകളും വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലകളിലേക്ക് മൂലധനം ആകർഷിക്കുന്നതിലേക്കായി ജനുവരി 29, 30 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ്, ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. ഇതിലൂടെ തെക്കൻ കേരളമുൾപ്പെടെ എല്ലാ ജില്ലകളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെയും ലോജിസ്റ്റിക് സേവന ദാതാക്കളുടെയും ഒരു ശൃംഖല തന്നെ അടുത്ത 5 വർഷത്തിനുള്ളിൽ രൂപം കൊള്ളുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനോടൊപ്പം കേരളത്തിലെ ഇതര തുറമുഖങ്ങളുടെയും വളർച്ച ത്വരിതപ്പെടുത്തുന്നതിന് Hub & Spoke മാതൃകയിൽ ഇതര തുറമുഖങ്ങളിൽനിന്നും വിഴിഞ്ഞത്തേക്ക് ചരക്കുനീക്കം നടത്തുന്നതിനായുള്ള നടപടികളും ആരംഭിക്കുന്നതാണ്.

തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (PIC) VISL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

Month	No. of Vessels	No. of TEUs	User fee collected (in Rs. Cr.) (exclusive of GST)
Trial Operation Period (11th Jul 2024 - 02nd Dec 2024)	71	147818	94.31
Dec-24	33	67338	32.79
Jan-25	45	85635	45.65
Feb-25	40	78833	27.29
Mar-25	51	108770	38.65
Apr-25	45	104413	35.16
May-25	49	114432	39.56
Jun-25	43	95,573	32.65
Jul-25	42	105228	38.24
Aug-25	49	118943	41.42
Total	**468 vessels**	**1026983 TEUs**	**Rs.425.72 Cr.**

(ബി) പ്രധാന തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കുമോ?

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം AVPPL 2028 ഡിസംബറിനുമുമ്പ് തന്നെ

തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർ ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000 m നീളത്തിൽ ബെർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്ന തോടുകൂടി തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 3 മില്യൺ TEU ആയി ഉയരുന്നതാണ്. തുടർ ട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. നിലവിൽ തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള Detailed Design-ഉം മറ്റും പദ്ധതിയുടെ Independent Engineer മുഖേന പരിശോധിച്ചുവരികയാണ്. തുടർഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

തുറമുഖത്തേയ്ക്കുള്ള റോഡ് കണക്ടിവിറ്റി സംബന്ധിച്ച്

തുറമുഖത്തെ എൻ.എച്ച്. 66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മീ. നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കണ്ടെയിനർ നീക്കം സുഗമമാക്കുന്നതിനായി തുറമുഖ റോഡ് എൻ.എച്ച്. 66-മായി ചേരുന്ന ഭാഗത്ത് ക്ലോവർ ലീഫ് മാതൃകയിൽ വികസിപ്പിക്കുന്നതും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജങ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ തുറമുഖത്തിൽനിന്നും റോഡ് മുഖാന്തരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച്

തുറമുഖത്തിന്റെ തുടർഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം തുറമുഖത്തിലേക്കുള്ള റെയിൽ കണക്റ്റിവിറ്റി പൂർത്തീകരിക്കാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടതിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മീ ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവന ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മീ. ദൂരവും ടണലിലൂടെയാണ് കടന്നുപോകുന്നത്. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ തന്നെ ലഭിച്ചിരുന്നു. കൂടാതെ പദ്ധതിക്കാവശ്യമായ പാരിസ്ഥിതികാനുമതിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറങ്ക റെയിൽപ്പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവേ ശൃംഖലയുമായി ബന്ധിപ്പിച്ച് ചരക്ക് നീക്കം ട്രെയിൻ മാർഗം സുഗമമാക്കുക എന്ന സുപ്രധാന ലക്ഷ്യത്തോടെയാണ് വിഴിഞ്ഞം - ബാലരാമപുരം തുരങ്ക റെയിൽപ്പാത നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചത്. സർക്കാർ നിയോഗിച്ച കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിയ ഭ്രഗർഭ റെയിൽ പാതയുടെ ഡി.പി.ആർ.-ന് 16-03-2022-ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17-07-2024-ന് കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽനിന്നും ലഭിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ രേഖകൾ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചുവരുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 10.7 കി.മീ. നീളമുള്ള റെയിൽപാതയിൽ ഇവിടുത്തെ ഭ്രമിശാസ്ത്രപരമായ പ്രത്യേകതമൂലം 9.0 കി.മീ. തുരങ്കപാതയായാണ് നിലവിൽ വിഭാവന ചെയ്തിട്ടുള്ളത്. ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, തുറമുഖം എന്നിവയുടെ സ്ഥാനം പരിശോധിച്ച് ജനവാസ മേഖല കഴിയുന്നത്ര ഒഴിവാക്കിയാണ് നിലവിൽ റെയിൽപാത വിഭാവന ചെയ്തിരിക്കുന്നത്. തുരങ്കപാതയുടെ സിംഹഭാഗവും (ഏകദേശം 70%) ബാലരാമപുരം - വിഴിഞ്ഞം റോഡിന്റെ അടിയിലൂടെയാണ് പോകുന്നത്. ഈ പ്രദേശങ്ങളിൽ കൂടി ഏകദേശം 25-30 മീറ്റർ താഴ്ചയിലാണ് തുരങ്കം നിർമ്മിക്കപ്പെടുന്നത്.

ബാലരാമപുരം റെയിൽവേ സ്റ്റേഷന് സമീപം ബാലരാമപുരം, പള്ളിച്ചൽ, വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്ന ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് തുരങ്ക റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്.

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാനമന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 20-03-2025-ൽ വിഴിഞ്ഞം - ബാലരാമപുരം തുരങ്ക റെയിൽപ്പാത പദ്ധതിക്ക് കാബിനറ്റ് അംഗീകാരം നൽകി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർമാണം ഉടൻ ആരംഭിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൊങ്കൺ റെയിൽവേ സ്വീകരിച്ചുവരുന്നു.

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ മികവ് സംബന്ധിച്ച് കോമൺവെൽത്ത് യൂണിയൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന മികവിനെ സംബന്ധിച്ച് കോമൺവെൽത്ത് യൂണിയൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെയും നൽകിയ സേവനങ്ങളെയും പ്രകീർത്തിച്ചുകൊണ്ടുള്ള ലേഖനമാണിത്. തുറമുഖത്തിന്റെ മികവ് ഭാവിയിൽ കൂടുതൽ

മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത ലേഖനത്തിൽ ചില നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇവയൊക്കെത്തന്നെയും സംസ്ഥാന സർക്കാരും തുറമുഖത്തിന്റെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL)-മായി ചേർന്ന് മുമ്പേതന്നെ നടപ്പിലാക്കി വരുന്നവയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം

324 (2828) ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെയും ബാഹ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും പ്രവർത്തനങ്ങൾക്കുപുറമെ പദ്ധതി പ്രദേശത്ത് സാമൂഹ്യക്ഷേമത്തിലധിഷ്ഠിതമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത് സാമൂഹ്യ ക്ഷേമത്തിലധിഷ്ഠിതമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരന്തരം വിലയിരുത്തി വരുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം ജീവനോപാധി ബാധിക്കപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact

Appraisal Committee (LIAC)യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രാദേശിക മോണിറ്ററിങ് കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റികൾ പുനരധിവാസ സമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

മേൽ വിവരിച്ചതിന് പുറമേ പദ്ധതി പ്രദേശത്ത് സർക്കാർ നടപ്പിലാക്കി വരുന്ന സാമൂഹ്യ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.

i. ഗംഗയാർ തോടിന്റെ ശുചീകരണം

മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം ഗംഗയാർ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ii. ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF)

ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി യന്ത്രസാമഗ്രികൾ സ്ഥാപിച്ച് പദ്ധതി പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. പദ്ധതിയുടെ മേൽനോട്ടവും പ്രവർത്തനവും CKCL നേരിട്ട് നടത്തുന്നതാണ്.

iii. ഓടകളുടെ നിർമ്മാണം

പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെത്തുന്ന മാലിന്യവാഹികളായ 9 ഓടകൾ സംയോജിപ്പിച്ചുകൊണ്ട് ഓട നിർമ്മിക്കുന്ന പദ്ധതി HED പൂർത്തീകരിച്ചുവരുന്നുണ്ട്. ഇതിനായി ആവശ്യമായ തുക VISL നൽകിയിരുന്നു. ഇത് കോർപ്പറേഷൻ വക ഓടകളുമായി ബന്ധിപ്പിക്കുന്ന നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്.

iv. മത്സ്യബന്ധന തുറമുഖ നവീകരണം

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച് ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ്‌ലാന്റ് സൗകര്യങ്ങളും ബർത്തുകളും ഇതര സൗകര്യങ്ങളും സ്ഥാപിക്കാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിങ് വകുപ്പും VISL-ഉം ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി 48 കോടി രൂപയുടെയും 25 കോടി രൂപയുടെയും രണ്ട് പദ്ധതികൾ HED തയ്യാറാക്കി PMMSY സ്കീമിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

v. പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം

05-06-2024, 11-06-2024, 10-07-2024 തീയതികളിൽ ബഹു. തുറമുഖ വകുപ്പുമന്ത്രി, ബഹു, മത്സ്യബന്ധന വകുപ്പുമന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിലെ നിർദേശപ്രകാരം ഇടവകയിലെ പ്രതിനിധികളും VISL-ന്റെയും AVPPL-ന്റെയും പ്രതിനിധികളും മറ്റും 04-05-2024, 05-07-2024-ൽ പൂനെയിലെ CWPRS സന്ദർശിച്ച് ഇടവകയിലെ പ്രതിനിധികൾ ഭൗതിക മോഡൽ പഠനം നേരിട്ട് കണ്ട് ബോധ്യപ്പെട്ട് അതുമായി മുന്നോട്ടുപോകാവുന്നതാണെന്ന് അറിയിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പരിഷ്കരിച്ച

രൂപരേഖ തയ്യാറാക്കുകയും 29-11-2024-ൽ കൂടിയ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, ചീഫ് എൻജിനീയർ - HED, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - KMB, MD&CEO VISL എന്നിവർ അംഗങ്ങളായ സാങ്കേതിക സമിതി പരിശോധിച്ച് ടി രൂപരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

vi. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC)

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സ്റ്റാഫ്, ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കാവശ്യ മായ ഉപകരണങ്ങൾ എന്നിവ ലഭ്യമായാൽ സി.എച്ച്.സി.-യുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാവുന്നതാണ്.

vii. നൈപുണ്യ പരിശീലന കേന്ദ്രം (ASAP)

തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചുവരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിൽ ലഭ്യതയിൽ വൻ വർധനവുണ്ടാകുകയും ചെയ്യും.

വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർധിപ്പിക്കുന്നതിനായി ASAP-ന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചുകഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാഷർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിങ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP-ൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചുവരുന്നുണ്ട്.

viii. സീഫുഡ് പാർക്ക്

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL-ന്റെ സ്ഥലം മാറ്റിവച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ix. 10 കിടക്കകളുള്ള ആശുപത്രി

കോട്ടപ്പുറം വാർഡിൽ 10 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതിനായി നിലവിലെ കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപമുള്ള ഇടവകയുടെ സ്ഥലവും ചേർത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 11 കോടി രൂപ മതിപ്പ് ചെലവുവരുന്ന ഒരു പദ്ധതി DMO സമർപ്പിച്ചിട്ടുണ്ട്. സബ് സെന്ററിനോട് ചേർന്ന്

ആശുപത്രി സ്ഥാപിക്കുന്നതിനായി വിട്ടുനൽകാമെന്ന് ഇടവക സമ്മതിച്ച സ്ഥലം നാളിതുവരെ വിട്ടുനൽകിയിട്ടില്ല.

x. കുടിവെള്ള വിതരണം

തുറമുഖ പദ്ധതിക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാന്റിൽ നിന്നുള്ള കുടിവെള്ളം പദ്ധതി പ്രദേശത്ത് വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതിപ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കോട്ടപ്പുറം പ്രദേശത്ത് 1.74 കോടി രൂപയുടെ പദ്ധതി പ്രകാരം ആയിരത്തോളം കുടിവെള്ള പൈപ്പ് കണക്ഷനുകൾ KWA മുഖാന്തരം കോട്ടപ്പുറം വാർഡിൽ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ചുരുക്കം ചില കണക്ഷനുകൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടികൾ KWA സ്വീകരിച്ചുവരുന്നുണ്ട്. വിഷയം പരിഹരിച്ചുകഴിഞ്ഞു.

xi. വിദ്യാഭ്യാസ മേഖല

- കോട്ടപ്പുറത്തെ എയ്ഡഡ് സ്കൂളിൽ ആവശ്യമായ അഡീഷണൽ ഡിവിഷൻ നൽകുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും സെക്രട്ടറിക്കും ജില്ലാകളക്ടർ അർദ്ധ ഔദ്യോഗിക കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, ടി വിഷയം VISL MD-യും DGE-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
- സെന്റ് മേരീസ് പ്രീപ്രൈമറി സ്കൂളിനെ എയ്ഡഡ് സ്കൂളാക്കി മാറ്റുന്നതിനായും ഇടവക ആവശ്യമുന്നയിക്കുന്നുണ്ട്.
- വിഴിഞ്ഞം നോർത്ത് മേഖലയിലെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി HED-യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ജില്ലാ കളക്ടറുടെ

നടപടിക്രമങ്ങളിലൂടെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടറും VISL-ഉം പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

xii. കായിക മേഖല

- കോട്ടപ്പുറം പ്രദേശത്ത് HED-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1.75 കോടി രൂപ ചെലവിൽ SKF മുഖാന്തരം ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. SKF മുഖാന്തരം ഈ പദ്ധതി നടപ്പിലാക്കിവരുന്നു.
- വിഴിഞ്ഞം നോർത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള 2.5 കോടി രൂപയുടെ പ്രൊപ്പോസൽ SKF സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള അപേക്ഷ HED സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കാവുന്നതാണ്.

(സി) ലൈവ്‌ലി ഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ഈ മേഖലയിൽ വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

EIA റിപ്പോർട്ടിൽ ജീവനോപാധി നഷ്ടപരിഹാരമായി 8.564 കോടി രൂപയാണ് (റിസോർട്ട് തൊഴിലാളികൾക്ക് ഉൾപ്പെടെ) വകയിരുത്തിയിരുന്നത്. എന്നാൽ നാളിതുവരെ 114.11 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി-ലോബ്സ്റ്റർ വിഭാഗത്തിലെ

കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 294 പേർക്ക് 12.99 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 1099 പേർക്ക് 58.97 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 95 പേർക്ക് 3.91 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 14 പേർക്ക് 0.14 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 226 പേർക്ക് 6.45 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 114.11 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നവീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച് ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റ് സൗകര്യങ്ങളും ബർത്തുകളും ഇതരസൗകര്യങ്ങളും സ്ഥാപിക്കാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും VISL-ഉം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി 48 കോടി രൂപയുടെയും 25 കോടി രൂപയുടെയും രണ്ട് പദ്ധതികൾ HED തയ്യാറാക്കി PMMSY സ്കീമിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) പദ്ധതിപ്രദേശത്തെ തീരദേശ മേഖലയുടെ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപ്രദേശത്ത് സുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഈ മേഖല അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് ചെയ്യാവുന്നതും ചെയ്യുകൂടാത്തതുമായ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു S.O.P-യും തയ്യാറാക്കിയിട്ടുണ്ട്. ഇത് ആവശ്യമായ ചർച്ചകൾക്കുശേഷം അംഗീകരിക്കുന്നതാണ്.

(എഫ്) പദ്ധതി പ്രദേശത്തെ കോസ്റ്റൽ പോലീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

കോസ്റ്റൽ പോലീസിന് ആവശ്യമായ സ്റ്റാഫ്, ബോട്ടുകൾ, മെയിന്റനൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം

325 (2829) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്ത് നാളിതുവരെ നടന്ന നിർമ്മാണ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പങ്കാളിത്തം എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണത്തിനും ബാഹ്യാടിസ്ഥാന വികസനത്തിനുമായി ആകെ 8867.14 കോടി രൂപയുടെ ചെലവാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ തിരിച്ചുനൽകേണ്ടതുണ്ട്. തുറമുഖം പ്രവർത്തനസജ്ജമായതിനുശേഷം 2034 ഡിസംബർ മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 20% വീതമാണ് കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടത്.

(ബി) അദാനി കമ്പനിയുമായുള്ള കരാർ പ്രകാരം വരുമാനം വീതിക്കുന്നതിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖം പ്രവർത്തനസജ്ജമായതിനുശേഷം 2034 ഡിസംബർ മുതലാണ് സർക്കാരിന് തുറമുഖ വരുമാനത്തിൽ നിന്നുള്ള വിഹിതം ലഭിച്ചുതുടങ്ങുന്നത്. പതിനഞ്ചാം വർഷത്തിൽ തുറമുഖ വരുമാനത്തിന്റെ 1% വിഹിതം, പതിനാറാം വർഷത്തിൽ 2% വിഹിതം എന്നിങ്ങനെ പരമാവധി 40% വരുമാന വിഹിതം വരെയാണ് സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്നത്.

(സി) വിഴിഞ്ഞം തുറമുഖത്ത് ഇനിയും എന്തെല്ലാം വികസന പദ്ധതികളാണ് ഏറ്റെടുക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം ഒന്നാംഘട്ടത്തിന്റെ തുടർച്ചയായി ഏറ്റെടുക്കാനും 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാനും ഉടമ്പടിയായിട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ നിർമ്മാണത്തിനായുള്ള പാരിസ്ഥിതികാനുമതി 10-03-2025-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങൾകൂടി പൂർത്തിയാകുന്നതോടുകൂടി തുറമുഖത്തിന്റെ സ്ഥാപിതശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയിനറുകളായി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. നിലവിൽ തുടർഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള Detailed Design-ഉം മറ്റും പദ്ധതിയുടെ Independent Engineer മുഖേന പരിശോധിച്ച് വരികയാണ്. തുടർഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

തുറമുഖത്തെ എൻ.എച്ച്. 66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മീ നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കണ്ടെയിനർ നീക്കം സുഗമമാക്കുന്നതിനായി തുറമുഖ റോഡ് എൻ.എച്ച്. 66-മായി ചേരുന്ന ഭാഗത്ത് ക്ലോവർ ലീഫ് മാതൃകയിൽ വികസിപ്പിക്കുന്നതും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജങ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ തുറമുഖത്തിൽനിന്നും റോഡ് മുഖാന്തരമുള്ള ചരക്കുനീക്കം പ്രാവർത്തികമാക്കാനായി

താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. AVPPL-മായുള്ള സപ്ലിമെന്ററി കൺസെഷൻ പ്രകാരം റെയിൽപാത 2028 ഡിസംബറിനുള്ളിൽ സ്ഥാപിക്കേണ്ടതാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR 2022 മാർച്ചിൽ ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിയുടെ ഡി.പി.ആർ.-ന് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

അഴീക്കൽ പോർട്ടിൽ വെയർഹൗസ് നിർമ്മാണം

326 (2830) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിലെ വെയർഹൗസ് നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് കേരള മാരിടൈം ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) അഴീക്കൽ തുറമുഖത്ത് വെയർഹൗസ് നിർമ്മാണത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിലേക്ക് ഹാർബർ എൻജിനീയറിങ് വകുപ്പ് കണ്ണൂരിന്-

അഴീക്കലിന് വർക്ക്ഓർഡർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് മാരിടൈം ബോർഡ് ശിപാർശ സമർപ്പിച്ചിട്ടില്ല. അഴീക്കൽ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നത് സംബന്ധിച്ച് കേരള മാരിടൈം ബോർഡ് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരികയാണ്.

അഴീക്കൽ പോർട്ടിലെ നിർമ്മാണ പ്രവൃത്തികൾ

327 (2831) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിലെ ഗസ്റ്റ് ഹൗസ്, കൺട്രോൾ റൂം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് മാരിടൈം ബോർഡിൽനിന്ന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) അഴീക്കൽ തുറമുഖത്ത് ഗസ്റ്റ് ഹൗസ്, കൺട്രോൾ റും എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള മാരിടൈം ബോർഡിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവർത്തികൾക്കായി മാരിടൈം ബോർഡിൽനിന്ന് യാതൊരുവിധ ഫണ്ടും അനുവദിച്ചിട്ടില്ല.

തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശം

328 (2832) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക ഇനംതിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നഷ്ടപരിഹാരം

329 (2833) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി പ്രതിവർഷം സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിരുന്ന തുക പത്ത് കോടി രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം പ്രഖ്യാപിച്ചത് എന്നാണെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം Annual Contribution ആയി അനുവദിച്ചുവരുന്നത് 80 ലക്ഷം രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 339 പ്രകാരം 10 കോടി രൂപ Annual Contribution ഇനത്തിൽ സ്പെഷ്യലായി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കാമോ; തുക അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രഖ്യാപനംകൂടി കണക്കലെടുത്ത് പ്രളയ-കോവിഡാനന്തര പ്രതിസന്ധി പരിഹരിക്കുന്നതിന് 2-11-2021-ലെ G.O.(Rt) No.7104-2021-Fin. പ്രകാരം ധനകാര്യ വകുപ്പ് അംഗീകാരം നൽകിയതിന്റെ വെളിച്ചത്തിൽ 20-11-2021-ലെ G.O.(Rt) No.4010-2021-Rev. പ്രകാരം 10 കോടി രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സ്പെഷ്യലായി പ്രഖ്യാപിച്ച വാർഷിക കോൺട്രിബ്യൂഷൻ അനുവദിക്കുകയുണ്ടായില്ല. ഇതുകൂടാതെ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 130 കോടി രൂപകൂടി പ്രളയ-കോവിഡാനന്തര പ്രതിസന്ധി പരിഹരിക്കുന്നതിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി നിലവിൽ അനുവദിച്ചുകൊണ്ടിരുന്ന എൺപത് ലക്ഷം രൂപ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകുന്നുണ്ടോ; നിലവിൽ എത്ര വർഷത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ?

സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം Annual Contribution ആയി 80 ലക്ഷം രൂപ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകുന്നുണ്ട്. 2024-2025 വർഷം വകയിരുത്തിയ 80 ലക്ഷം രൂപയിൽനിന്നും 44 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. നിലവിലെ കുടിശ്ശിക തുക (2021-22 വർഷത്തെ 80 ലക്ഷം രൂപ, 2023-24 വർഷത്തെ 64 ലക്ഷം രൂപ, 2024-25 വർഷത്തെ 36 ലക്ഷം രൂപ) അനുവദിക്കുന്ന വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

ശബരിമല സാനിറ്റേഷൻ സൊസൈറ്റി

330 (2834) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വം-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ശുചീകരണത്തിനായി രൂപീകരിച്ച ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും തുല്യവിഹിതം ചെലവിടണമെന്ന വ്യവസ്ഥ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ മുഴുവൻ ബാധ്യതയും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് ദേവസ്വം ബോർഡും സർക്കാരും തുല്യ വിഹിതം ചെലവിടണമെന്ന വ്യവസ്ഥയില്ല. 04-04-2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ വിശുദ്ധി സേനാംഗങ്ങൾക്ക് വേതനം

നൽകുന്നതിനാവശ്യമായ തുക തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും അനുവദിക്കണമെന്ന് തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് 2023-24 തീർത്ഥാടന കാലം മുതൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി, പന്തളം, കുളനട എന്നിവിടങ്ങളിൽ നിയോഗിക്കുന്ന വിശ്രുദ്ധി സേനാംഗങ്ങളുടെ വേതനം, യാത്രാബത്ത, വിശ്രുദ്ധി സേനാംഗങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ് മുതലായ ഇനങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നാണ് ഫണ്ട് അനുവദിച്ചുവരുന്നത്. എന്നാൽ വലിയാനവട്ടം മുതൽ അഴുതക്കടവ് വരെയുള്ള പത്തനംതിട്ട ജില്ലയിലെ പരമ്പരാഗത കാനനപാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ളാഹ മുതൽ പമ്പ വരെയുള്ള പാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, സേഫ് ശബരിമല പദ്ധതി, സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും സ്കാഡ് പ്രവർത്തനങ്ങൾക്കുമുള്ള വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവുകൾ, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നുമാണ് ഫണ്ട് അനുവദിച്ചുവരുന്നത്.

മേൽ പ്രകാരം സംസ്ഥാന സർക്കാരിൽനിന്നും ദേവസ്വം ബോർഡിൽനിന്നും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തുക അനുവദിച്ചുവരുന്നു.

ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനം

331 (2835) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനം ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; എന്തൊക്കെ ചുമതലകളാണ് പ്രസ്തുത അതോറിറ്റിയിൽ നിക്ഷിപ്തമാകുന്നത്; വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനത്തിലുള്ള പങ്കാളിത്തം ഏത് രീതിയിലായിരിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04-04-2023-ന് ചേർന്ന യോഗത്തിൽ ശബരിമലയുമായി ബന്ധപ്പെട്ട നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ശബരിമല വികസന അതോറിറ്റി എന്ന പേരിൽ ഒരു സംവിധാനം രൂപീകരിക്കുന്നത് പരിശോധിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

വെർച്വൽ ക്യൂ സംവിധാനം

332 (2836) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെർച്വൽ ക്യൂ സംവിധാനം നിലവിൽ വരുന്നതിനുമുമ്പ് ശബരിമലയിൽ ശരാശരി ഒരു ദിവസം ദർശനം നടത്തിയിരുന്ന ഭക്തരുടെ എണ്ണവും ശരാശരി ഒരു ദിവസത്തെ നടവരവും എത്രയാണെന്നും വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ശരാശരി ഒരു ദിവസം ദർശനം നടത്തിയിരുന്ന ഭക്തരുടെ എണ്ണവും ശരാശരി ഒരു ദിവസത്തെ നടവരവും എത്രയാണെന്നും വ്യക്തമാക്കുമോ?

ശബരിമലയിൽ വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തുന്നതിന് മുൻപ് ശരാശരി ഒരു ദിവസം ദർശനം നടത്തിയിരുന്ന ഭക്തരുടെ എണ്ണം ലഭ്യമല്ല.

വെർച്വൽ ക്യൂ സംവിധാനം പൂർണമായി നടപ്പിലാക്കിയതിനുശേഷം ശരാശരി ഒരു ദിവസം 70000 - 72000 ഭക്തർ ദർശനം നടത്തിവരുന്നുണ്ട്. 2019-20 മണ്ഡല - മകരവിളക്ക് തീർത്ഥാടനകാലത്തെ ശബരിമലയിലെ ഒരു ദിവസത്തെ ശരാശരി വരുമാനം 4,41,60,319/- രൂപയാണ്. 2020-21, 2021-22 കാലയളവിൽ കോവിഡുമൂലം വരുമാനം കുറവായിരുന്നു. (പ്രതിവർഷം യഥാക്രമം 21,17,72,712/- രൂപ, 151,36,29,331/- രൂപ). 2022-23 മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്തെ ഒരു ദിവസത്തെ ശരാശരി വരുമാനം 5,69,05,194/- രൂപയായിരുന്നു.

സ്വദേശ് ദർശൻ പദ്ധതി

333 (2837) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ ശബരിമലയിൽ സ്വദേശ് ദർശൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ അനുവദിച്ച നൂറ് കോടി രൂപ പദ്ധതി രേഖ സമർപ്പിക്കാത്തതിന്റെ പേരിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വെട്ടിക്കുറച്ചതെന്നും ഇതിൽനിന്നും നാളിതുവരെ എത്ര തുക കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് 99.99 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിക്കുകയും ആയത് നിർവഹിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുകയും സംസ്ഥാന ടൂറിസം

വകുപ്പ് ഡയറക്ടർ 99.99 കോടി രൂപയുടെ പദ്ധതികൾ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മുഖേന ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ നിർവഹണത്തിന് കേന്ദ്ര ടൂറിസം മന്ത്രാലയം ചുമതലപ്പെടുത്തിയ ആർക്കിടെക്ചറൽ കൺസൾട്ടന്റ് ശബരിമല ഭൂപ്രദേശത്തിന്റെ കിടപ്പും ശബരിമല സ്ഥിതിചെയ്യുന്ന പെരിയാർ കടുവാ സങ്കേതത്തിന്റെ സ്ഥിതിയും നോക്കി വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചുനൽകിയ ഭൂമിയിലാണോ പദ്ധതിയുടെ നിർമ്മാണം വരുന്നത് എന്നൊന്നുംതന്നെ പരിഗണിക്കാതെയാണ് പദ്ധതി രേഖ (DPR) തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നത്. ഇതുകാരണം സംസ്ഥാന ടൂറിസം വകുപ്പ് മുഖേന പദ്ധതികൾ അനുവദിച്ച് നൽകിയെങ്കിലും യഥാസമയം പദ്ധതികൾ നിർവഹിക്കാൻ കഴിഞ്ഞില്ല. പദ്ധതികൾ അനുവദിച്ച് നൽകിയ സമയത്തുതന്നെ ഇക്കാര്യം സംസ്ഥാന ടൂറിസം ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 19-10-2022-ലെ റിവൈസ്ഡ് ഉത്തരവുപ്രകാരം 54.88 കോടി രൂപയാണ് അനുവദിച്ച തുക. പദ്ധതിത്തുക നഷ്ടപ്പെടുമെന്ന് കരുതി ഏറ്റെടുക്കാൻ കഴിയുന്ന 35.48 കേടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ച് സംസ്ഥാന ടൂറിസം ഡയറക്ടർക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു+.

(ബി) യഥാസമയം പദ്ധതിരേഖ സമർപ്പിക്കാത്തതിനാൽ 53.46 കോടി രൂപ ശബരിമല വികസനത്തിന് നഷ്ടപ്പെട്ട വിഷയത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പല പദ്ധതികളുടെയും പദ്ധതിരേഖ (DPR) വേണ്ട രീതിയിൽ കേന്ദ്ര ടൂറിസം കൺസൾട്ടന്റ് തയ്യാറാക്കാത്തതും പുതിയ പദ്ധതി രേഖ (അടങ്കൽ) തിരുവിതാംകൂർ ദേവസ്വം ബോർഡ് മരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടിവന്നതും പദ്ധതി നിർവഹണത്തിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ടൂറിസം പദ്ധതിയുടെ കാലാവധി അവസാനിച്ച മുറയ്ക്ക് പദ്ധതികൾ ക്ലോസ് ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയാണുണ്ടായത്. അതാണ് പദ്ധതിചെലവ് 35.48 കോടി രൂപയായി കുറയാൻ കാരണമായത്. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശബരിമല സ്വർണ്ണപ്പാളി അറ്റകുറ്റ പ്രവൃത്തികൾ

334 (2838) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്വർണ്ണപ്പാളി ഹൈക്കോടതി അനുമതി ഇല്ലാതെ അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

SSCR No. 23-2025 നം. കേസിൽ ബഹു. ഹൈക്കോടതിയുടെ 29-09-2025-ലെ ഉത്തരവ് പ്രകാരം ടി വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച നിലപാട്

335 (2839) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) 2016-ൽ സ്ത്രീപ്രവേശനത്തെ എതിർത്തുകൊണ്ട് ആ കാലയളവിലെ സർക്കാർ സ്വീകരിച്ച നിലപാടിനുപകരം 2007-ൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞതാണ് സർക്കാർ നിലപാടെന്ന് മുൻ സർക്കാരിനുവേണ്ടി ഹാജരായ വക്കീൽ സുപ്രീംകോടതിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) 13-11-2007-ൽ സർക്കാർ ഫയൽ ചെയ്ത അഫിഡവിറ്റിലെ നിലപാടിനോടാണ് ചേർന്നുനിൽക്കുന്നതെന്ന വിവരം 07-11-2016-ൽ ബഹു. സുപ്രീംകോടതിയിൽ നടന്ന ഹിയറിംഗിൽ സ്റ്റാൻഡിങ് കൗൺസിൽ കോടതിയെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്.

(സി) ഈ നിലപാട് തിരുത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജികൾ നിലവിൽ വിശാല ബെഞ്ചിന്റെ പരിഗണനയിലാണ്. പുനഃപരിശോധനാ ഹർജികൾ നിലനിൽക്കുമോയെന്ന വിഷയം മാത്രമേ കോടതി പരിഗണിച്ചിട്ടുള്ളൂ. തുടർനടപടികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാട് പരിശോധിക്കേണ്ടതായി വന്നിട്ടില്ല.

ആഗോള അയ്യപ്പ സംഗമം

336 (2840) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിനുവേണ്ടി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആഗോള അയ്യപ്പ സംഗമത്തിനായി ആകെ ചെലവഴിച്ച തുക സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) ശബരിമലയിൽ നിന്നുള്ള വരുമാനത്തിൽനിന്ന് എന്തെങ്കിലും തുക സർക്കാർ ഖജനാവിലേയ്ക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

ശബരിമലയിൽ നിന്നുള്ള വരുമാനത്തിൽനിന്ന് സർക്കാർ ഖജനാവിലേക്ക് യാതൊരു തുകയും ലഭ്യമാകുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല തീർഥാടകർക്ക് സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആകെ. 22,71,62,231/- രൂപ അനുവദിച്ച് നൽകുകയും അതിൽ 20,92,91,018/- രൂപ നാളിതുവരെ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും അടങ്ങുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കൂടാതെ ബജറ്റിന് ഉപരിയായി ശബരിമല തീർഥാടകരുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലേക്കായി കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി, നിലയ്ക്കൽ, മണിയങ്കോട് എന്നിവിടങ്ങളിൽ കിഫ്ബി (KIIFB) സഹായത്തോടെ 116.41 കോടി രൂപ ചെലവഴിച്ച് ഇടത്താവളങ്ങളുടെ നിർമാണം നടന്നുവരുന്നു. ആയതിൽ നിലയ്ക്കലിലുള്ള ഏഴ് വിരി കെട്ടിടങ്ങളിൽ മൂന്ന് വിരി കെട്ടിടങ്ങൾ 2024-25 ശബരിമല സീസണിനോടനുബന്ധിച്ച് തീർത്ഥാടകർക്കായി തുറന്നുനൽകിയിരുന്നു. കൂടാതെ കഴക്കൂട്ടം, മണിയങ്കോട് ഇടത്താവളങ്ങളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിലെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ചെലവാക്കിയ തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

337 (2841) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ചെലവാക്കിയ തുകയുടെ വിശദാംശം നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ചെലവാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

എരുമേലിയിലെ കിഫ്ബി പദ്ധതികൾ

338 (2842) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നിലവിലുണ്ടായിരുന്ന എത്ര നിർമ്മിതികളാണ് പൊളിച്ചുമാറ്റിയതെന്ന് വ്യക്തമാക്കുമോ?

എരുമേലിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഇടത്താവളം നിർമ്മാണത്തിനായി ഭജനമഠം, നാല് പിൽഗ്രിം ഷെൽറ്ററുകൾ, വാട്ടർ ടാങ്കുകൾ എന്നിവ പൊളിച്ചുമാറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മിതികൾക്കുപകരം കിഫ്ബി ഫണ്ട് മുഖേന നാളിതുവരെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾക്കായി ചെലവഴിച്ച തുക, പ്രവൃത്തികൾ ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന മൂന്ന് നിലകളുള്ള ഇടത്താവളം കെട്ടിടത്തിൽ സ്റ്റാഫ് മെസ്, ഡൈനിങ് ഹാൾ, ഡോർമിറ്ററി ഹാൾ, കുളിമുറികൾ, ടോയ്ലറ്റുകൾ, പാർക്കിങ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾക്കായി 16.35 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. എരുമേലി ഉൾപ്പെടെ അഞ്ച് സ്ഥലങ്ങളിൽ നടക്കുന്ന ഇടത്താവളം നിർമ്മാണത്തിനായി (പാക്കേജ്-1) നാളിതുവരെ 80.10 കോടി രൂപ കിഫ്ബി അനുവദിക്കുകയും ആയത് പദ്ധതിയുടെ പി.എം.സി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 12-03-2022-ന് ആരംഭിച്ച എരുമേലി ഇടത്താവളത്തിന്റെ നിർമ്മാണം 85 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുള്ളതായും 31-10-2025-നകം നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രം

339 (2843) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രത്തെ നിത്യപൂജയുള്ള ക്ഷേത്രമാക്കി മാറ്റുന്നതിനും രണ്ടുനേരം പൂജ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഹരിപ്പാട് ഗ്രൂപ്പിൽപ്പെട്ട ദേവസ്വം ആയ പള്ളിപ്പാട് കാട്ടുവള്ളിൽ ശ്രീ ദുർഗാദേവി ക്ഷേത്രം ഒരു നേരം മാത്രം നിത്യ പൂജയുള്ളതും മാസ

വരുമാനം നാലായിരം രൂപയിൽത്താഴെ മാത്രം വരുന്നതുമാണ്. ടി ദേവസ്വത്തിൽ ഒരു പാർട്ട് ടൈം ശാന്തി പാർട്ട് ടൈം കഴകം തസ്തികകളാണ് നിലവിലുള്ളത്. ടി ക്ഷേത്രത്തെ രണ്ടുനേരം നിത്യപൂജയുള്ള ക്ഷേത്രമാക്കി മാറ്റുന്നതിന് ക്ഷേത്ര തന്ത്രിയുടെ അഭിപ്രായംകൂടി ലഭ്യമാകേണ്ടതുണ്ട്.

(ബി) ഇതിനാവശ്യമായ ശാന്തി, കഴകം എന്നീ തസ്തികകളിൽ സ്ഥിരം നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദേശം നൽകാമോ?

പള്ളിപ്പാട് കാട്ടുവള്ളിൽ ശ്രീ ദുർഗാദേവി ക്ഷേത്രത്തിൽ പാർട്ട് ടൈം കഴകം തസ്തികയിൽ നിയമനം നടന്നിട്ടുള്ളതാണ്. ശാന്തി തസ്തികയിൽ പുതിയ നിയമനങ്ങൾ നടത്തുന്നമുറയ്ക്ക് ആളെ നിയമിക്കാൻ കഴിയുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നാളിതുവരെ യാതൊരു നിവേദനങ്ങളും ലഭിച്ചിട്ടില്ല.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ

340 (2844) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷവും ദേവസ്വത്തിന്റെ

നിയന്ത്രണത്തിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ക്ഷേത്രങ്ങളുടെ പേരും എത്ര തുക വീതം ഫണ്ട് അനുവദിച്ചെന്നും വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷവും ദേവസ്വത്തിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പാറശാല നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ

341 (2845) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണസംവിധാനം ഗ്രൂപ്പുകളുടെ കീഴിൽ സബ് ഗ്രൂപ്പ് വിഭജിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. പാറശ്ശാല നിയോജകമണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ നെയ്യാറ്റിൻകര ഗ്രൂപ്പിൽ ഉൾപ്പെടുന്നതാണ്. നെയ്യാറ്റിൻകര ഗ്രൂപ്പിൽ ആകെ 13 സബ് ഗ്രൂപ്പുകളുണ്ട്. അതിൽ പാറശ്ശാല സബ് ഗ്രൂപ്പും ഉൾപ്പെടുന്നു. പാറശ്ശാല സബ് ഗ്രൂപ്പിന് കീഴിൽ ആകെ ഇരുപതോളം ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നിലവിലുണ്ട്. അതിനാൽ പാറശ്ശാല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും നവീകരണത്തിനായി 2016 മെയ് മുതൽ 2025 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം, അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും നവീകരണത്തിനായി 2016 മുതൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമിയുടെ അളവ് സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭൂമി സംബന്ധിച്ച വിവരം തരംതിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ദേവസ്വങ്ങളുടെ ഭൂമി കയ്യേറ്റം ഉണ്ടാകാതെ അടമാനം വരുത്തി സംരക്ഷിച്ചിട്ടുള്ളതും ഇക്കാര്യങ്ങൾ യഥാവിധി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഭൂസംരക്ഷണ വിഭാഗം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രവർത്തിച്ചുവരുന്നതുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം

342 (2846) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലും ഭരണനിയന്ത്രണത്തിലുമുള്ള ചങ്ങനാശ്ശേരി ഗ്രൂപ്പ് തൃക്കൊടിത്താനം ദേവസ്വത്തിൽ ജില്ലാപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ടേക്ക് എ ബ്രേക്ക്' പദ്ധതി ആരംഭിക്കുകയും ആയത് 2025-26 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ട് നമ്പർ 653-26 ആയി ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാപഞ്ചായത്ത് നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടത്തിൽ രണ്ട് നിലകളാണുള്ളത്. താഴത്തെ നിലയിൽ നാല് മുറികളും ആറ് ടോയ്ലറ്റുകളും രണ്ടാമത്തെ നിലയിൽ ഒരു ഡോർമിറ്ററിയും ആറ് ടോയ്ലറ്റുകളുമാണുള്ളത്.

82,40,000/- രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ 85 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം ടി കെട്ടിടം ദേവസ്വം ബോർഡിന് കൈമാറണമെന്ന് ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ

343 (2847) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളെ എത്ര വിഭാഗങ്ങളായാണ് തരംതിരിച്ചിട്ടുള്ളത്; ഇവ ഓരോന്നിലും വ്യവസ്ഥ ചെയ്യുന്ന പൂജാവിധികൾ, സമയക്രമങ്ങൾ എന്നിവ വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളെ ഗ്രേഡ് 1, ഗ്രേഡ് 2, ഗ്രേഡ് 3 എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഓരോ ദേവസ്വത്തിന്റേയും പതിവ് പടിത്തരം അനുസരിച്ചാണ് പൂജാവിധികൾ നിശ്ചയിച്ചിട്ടുള്ളത്. നിത്യപൂജകളുടെ എണ്ണം ഓരോ ദേവസ്വങ്ങളുടേയും പ്രാധാന്യമനുസരിച്ച് വ്യത്യസ്തമായിരിക്കും. നിത്യ പൂജകളുടെ എറവും കൂടിയ എണ്ണം അഞ്ചും കുറഞ്ഞത് ഒന്നുമാണ്.

അപ്രകാരമുള്ള അഞ്ച് പൂജകൾ ചുവടെ ചേർക്കുന്നു.

1. ഉഷപൂജ
2. എതിർത്ത് പൂജ
3. പന്തീരടി പൂജ
4. ഉച്ച പൂജ
5. അത്താഴ പൂജ

വിവിധങ്ങളായ പൂജകൾക്ക് യോജിച്ച സമയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു പൂജ മാത്രമുള്ള ക്ഷേത്രങ്ങളിൽ അത് രാവിലെ 6 മണിക്കും 10 മണിക്കുമിടയ്ക്കോ അങ്ങനെ സാധ്യമല്ലെങ്കിൽ വൈകുന്നേരം അഞ്ച് മണിക്കുമേൽ 8 മണി വരെയുള്ള സമയത്തോ ആയിരിക്കണം.

2. രണ്ട് പൂജ നടത്തേണ്ട ക്ഷേത്രങ്ങളിൽ ആദ്യത്തെ പൂജ രാവിലെ 6 മണിക്കും 10 മണിക്കുമിടയ്ക്കും വൈകുന്നേരത്തേത് 5 മണി മുതൽ 8 മണി വരെയുള്ള സമയത്തും ആയിരിക്കും.

3. മൂന്ന് പൂജകൾ ഉള്ളിടത്ത് ഉഷ പൂജ കാലത്ത് 6.30 മണിക്ക് മുൻപും ഉച്ചപൂജ 10-നുമേൽ 10.30-നും അത്താഴ പൂജ 7-നും 8-നും മദ്ധ്യേ ആയിരിക്കും.

4. നാല് പൂജകളുള്ള ദേവസ്വങ്ങളിൽ ആദ്യത്തെ പൂജ രാവിലെ 6.30 മണിയോട് കൂടി കഴിഞ്ഞിരിക്കണം, രണ്ടാമത്തേത് 8.30-നും ഉച്ച പൂജ 11 മണിക്കും അത്താഴ പൂജ 7 മണിക്കുമേൽ 8 മണിക്കകവും ആയിരിക്കണം.

5. അഞ്ച് പൂജ പതിവുള്ള ക്ഷേത്രങ്ങളിൽ ഉഷ പൂജ 6.30 മണിക്കും എതിർത്ത് പൂജ 7.30-നും പന്തീരടി പൂജ 8.30-നും ഉച്ച പൂജ 11 മണിക്കും, അത്താഴ പൂജ 7-നും 8-നും ഇടയിലുള്ള സമയത്തും നടത്തിയിരിക്കേണ്ടതാണ്.

പൂജകൾ സംബന്ധിച്ച അന്തിമ തീരുമാനം അതത് ദേവസ്വം തന്ത്രിയുടെ അഭിപ്രായപ്രകാരമായിരിക്കും.

ദേവസ്വം ബോർഡിന് നൽകേണ്ട നഷ്ടപരിഹാരം

344 (2848) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യയിനത്തിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്നും പ്രസ്തുത

ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സാധിക്കാത്ത തരത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിസന്ധി നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ക്ഷാമബത്ത ഇനത്തിൽ കുടിശ്ശിക നൽകാനില്ല. സംസ്ഥാന സർക്കാർ നൽകുന്ന അതേ ക്രമത്തിൽ തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ക്ഷാമബത്ത അനുവദിച്ചുവരികയാണ്. ആയതിനാൽ പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രതിസന്ധി നേരിടുന്നില്ല.

(ബി) നിയമപ്രകാരം ദേവസ്വം ബോർഡിന് സർക്കാർ നൽകേണ്ട നഷ്ടപരിഹാരം ഉൾപ്പെടെയുള്ള തുകകളുടെ കുടിശ്ശിക അടിയന്തരമായി അനുവദിച്ചുകൊണ്ട് പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് മേൽ ചോദ്യം (എ)-യിൽ പരാമർശിച്ച തരത്തിലുള്ള പ്രതിസന്ധി നിലവിലില്ല. ദേവസ്വം ബോർഡിന് സർക്കാർ നൽകേണ്ട Annual Contribution 2024-25 സാമ്പത്തിക വർഷത്തെ 80 ലക്ഷം രൂപയിൽ 44 ലക്ഷം രൂപ അനുവദിച്ചുനൽകുകയുണ്ടായി. കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

345 (2849) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലെ ഭരണസമിതി നിലവിൽ വന്നതെന്നാണെന്നും പ്രസ്തുത ഭരണസമിതിയുടെ കാലാവധി എന്നുവരെയാണെന്നും കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണസമിതിക്കുള്ള കാലാവധി നിശ്ചയിച്ചിട്ടില്ല.

നിലവിലെ മെമ്പർമാരുടെ കാലാവധി ചുവടെ ചേർക്കുന്നു:-

- പ്രസിഡന്റ് അഡ്വ. പി. എസ്. പ്രശാന്ത് - 14-11-2023 മുതൽ 13-11-2025 വരെ.
- മെമ്പർ അഡ്വ. എ. അജികുമാർ- 14-11-2023 മുതൽ 13-11-2025 വരെ.
- മെമ്പർ അഡ്വ. പി. ഡി. സന്തോഷ് കുമാർ- 15-07-2025 മുതൽ 14-07-2027 വരെ.

(ബി) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രതിനിധികൾക്ക് ഉണ്ടായിരുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റും രണ്ട് മെമ്പർമാരും പ്രതിനിധികളായല്ല, നടത്തിപ്പുകാരായാണ് പങ്കെടുത്തത്.

(സി) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ലഭിച്ച തുകയുടെയും ആകെ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ധനലക്ഷ്മി ബാങ്ക്, കേരള ബാങ്ക്, മറ്റ് വിവിധ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർഷിപ്പ് തുക ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ക്ഷേത്രങ്ങൾക്ക് നൽകിയ സഹായങ്ങൾ

346 (2850) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-25 കാലഘട്ടത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ദേവസ്വം വകുപ്പും ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശ സമിതികളും മുഖേന ക്ഷേത്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെയും ക്ഷേത്രങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

2021-25 കാലഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പും ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശ സമിതികളും മുഖേന ക്ഷേത്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെയും ടി ക്ഷേത്രങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായങ്ങളുടെയും വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു+.

തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ

347 (2851) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ തൃക്കാരിയൂർ ദേവസ്വത്തിൽ വികസന പ്രവർത്തനങ്ങളൊന്നും തന്നെ നടന്നുവരുന്നില്ല.

(സി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭജനമഠത്തിന്റെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും
2. ശുചിമുറി നിർമാണം
3. ഊട്ടുപുരയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്ന പ്രവൃത്തികൾ
4. ദേവസ്വം ഓഫീസിന്റെ അറ്റകുറ്റപ്പണികൾ.

അരുവിക്കര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

348 (2852) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടപ്പാക്കിയ വികസന പദ്ധതികളെകുറിച്ച് വിശദമാക്കാമോ?

1. അരുവിക്കര ദേവസ്വത്തിൽ കല്യാണമണ്ഡപത്തിന്റെ പണികൾ ആരംഭഘട്ടത്തിലാണ്. ഭരണാനുമതി തുക – 19,86,000/- രൂപ.
2. കുറിഞ്ഞിലക്കോട് ദേവസ്വത്തിൽ ഈ കാലയളവിൽ ശൗചാലയത്തിന്റ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം

349 (2853) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് നേരിട്ട് സാമ്പത്തിക സഹായമൊന്നും നൽകി വരുന്നില്ല. എന്നാൽ സംസ്ഥാന ബജറ്റിൽനിന്നും ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായും നോൺ സാലറി ഇനത്തിലും മലബാർ ദേവസ്വം ബോർഡിന് ഫണ്ട് അനുവദിക്കുന്നുണ്ട്. അപ്രകാരം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡുമുഖേന 2017-2018, 2022-2023 വർഷങ്ങളിൽ ജീർണ്ണോദ്ധാരണ സാമ്പത്തിക സഹായവും ജീവനക്കാരുടെ ശമ്പള ചെലവിലേക്കായി ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും 2020, 2021, 2022, 2023, 2024 വർഷങ്ങളിൽ

സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അബന്ധമായി ചേർക്കുന്നു+.

തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിന്റെ പുനരുദ്ധാരണം

350 (2854) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ തിരുവതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുത്ത് നടത്താൻ നിർദേശിക്കണമെന്നാവശ്യപ്പെട്ട് എതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ വിഷയത്തിന്മേൽ ആരുടെയൊക്കെ നിവേദനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിന്റെ ടാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് തിരുവല്ല താലൂക്ക് ഓഫീസിൽനിന്നും തഹസിൽദാറുടെ കത്ത് ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ വേതനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

351 (2855) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽ 102 ക്ഷേത്രങ്ങളാണുള്ളത്. പ്രസ്തുത ക്ഷേത്രങ്ങളുടെ അസംബ്ലി മണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ ക്ഷേത്രങ്ങളിൽ സേവനം ചെയ്യുന്ന സ്ഥാനികമാരടക്കമുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരമലബാറിലെ ആചാരസ്ഥാനികർ - കോലധാരികൾ പ്രതിമാസ അലവൻസ് പദ്ധതി പ്രകാരം അലവൻസ് കൈപ്പറ്റിവരുന്ന ആചാരസ്ഥാനികരുടെ എണ്ണം 534 ആണ്.

പ്രതിമാസ അലവൻസ് കൈപ്പറ്റുന്നവർക്കുപുറമെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളിലെ സ്ഥാനികരടക്കമുള്ള ക്ഷേത്ര ജീവനക്കാരുടെ എണ്ണം 407 ആണ്.

(സി) സ്ഥാനികരടക്കമുള്ളവരുടെ വേതനവും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എത്രയാണെന്ന് വ്യക്തമാക്കാമോ?

സ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം 1600/- രൂപ പ്രതിമാസ അലവൻസ് നൽകി വരുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേത്ര ജീവനക്കാരുടെ വേതനം 12-02-2024-ലെ സ.ഉ.(കൈ) നം.41-2024-RD ഉത്തരവിലൂടെ പരിഷ്കരിച്ച് നൽകിയിട്ടുള്ളത് പ്രകാരമുള്ള അടിസ്ഥാന ശമ്പളവും വീട്ടുവാടക ബത്തയും 23% നിരക്കിലുള്ള ക്ഷാമബത്തയും അടക്കമുള്ള ശമ്പളം എട്ട് മണിക്കൂറെങ്കിലും പ്രവർത്തിസമയമുള്ള ക്ഷേത്രജീവനക്കാർക്ക് നൽകി വരുന്നു. എന്നാൽ വളരെക്കുറച്ച് മാത്രം പ്രവർത്തിസമയമുള്ള മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ സ്ഥാനികരടക്കമുള്ള ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ നിയതവേതനമായി 8500/- രൂപ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) തുച്ഛമായ വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നത് കാരണം ജീവിത പ്രാരാബ്ധങ്ങൾ സഹിക്കുന്നവരാണ് സ്ഥാനികരും ക്ഷേത്രജീവനക്കാരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കാനാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരമലബാറിലെ ആചാരസ്ഥാനികരുടേയും കോലധാരികളുടേയും പ്രതിമാസ അലവൻസ് 1400/- രൂപയിൽനിന്നും സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾക്ക് തുല്യമായി 1600/- രൂപയായി 06-06-2024-ലെ സ.ഉ.(സാധാ) നം.1319-2024-RD ഉത്തരവ് പ്രകാരം വർധിപ്പിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ വേതനം 12-02-2024-ലെ സ.ഉ.(കൈ)നം.41-2024-RD ഉത്തരവിലൂടെ പരിഷ്കരിച്ച് 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുള്ള നിരക്കിലുള്ള വേതനം നിലവിൽ നൽകിവരുന്നുണ്ട്.

(ഇ) കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ ക്ഷേത്രം സ്ഥാനികരുടെയും ജീവനക്കാരുടെയും വേതനത്തിലുണ്ടായ വർധനവ് എത്രയാണ്; വേതനയിനത്തിൽ കുടിശ്ശിക ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ ക്ഷേത്രം സ്ഥാനികരുടേയും കോലധാരികളുടേയും പ്രതിമാസ അലവൻസ് (2016 മുതൽ 2025 വരെ) 800/- രൂപയിൽ നിന്നും 1600/- രൂപയായി വർധിപ്പിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016 മുതൽ 2018 വരെ: 800/- രൂപ

2019 മുതൽ 2020 ആഗസ്റ്റ് വരെ: 1100/- രൂപ

2020 സെപ്റ്റംബർ മുതൽ 2024 മെയ് വരെ: 1400/- രൂപ

2024 ജൂൺ മുതൽ: 1600/- രൂപ

നിലവിൽ 2025 ജൂലൈ മാസം മുതലുള്ള അലവൻസ് കുടിശ്ശികയായിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം 01-01-2019-ൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിലൂടെ ഏറ്റവും കുറഞ്ഞത് 3500/- രൂപയുടെ ശമ്പള വർധനവ് ഉറപ്പ് വരുത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കാസർഗോഡ് ജില്ലയിലെ 64 ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി ആകെ 2,30,80,964/- രൂപ ശമ്പളയിനത്തിൽ സർക്കാർ ഗ്രാന്റിൽനിന്നും മലബാർ ദേവസ്വം ബോർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ കാസർഗോഡ് ജില്ലയിലെ 19 ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 82,22,873/- രൂപ ശമ്പള കുടിശ്ശികയുണ്ട്.

ഹൈവേ വികസനത്തിന് ഏറ്റെടുത്ത ക്ഷേത്ര ഭൂമിക്ക് ലഭിച്ച നഷ്ടപരിഹാരം

352 (2856) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര ആവശ്യത്തിനായി ഉപയോഗിച്ചുവന്ന ഭൂമി ഹൈവേ വികസനത്തിന് ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം അനുവദിച്ചത് സംബന്ധിച്ച് ദേവസ്വം, റവന്യൂ വകുപ്പുകൾ തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ?

ക്ഷേത്ര ആവശ്യത്തിനായി ഉപയോഗിച്ചുവന്ന ഭൂമി ഹൈവേ വികസനത്തിന് ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം അനുവദിച്ചത് സംബന്ധിച്ച് ദേവസ്വം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം ഭൂമി ഹൈവേ വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര ഭൂമിയാണ് ഏറ്റെടുത്തതെന്നും എത്ര തുകയാണ് ഈ ഇനത്തിൽ നഷ്ടപരിഹാരമായി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക നിലവിൽ ഏത് രീതിയിലാണ് വിനിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഉള്ളൂർ, വർക്കല, കൊല്ലം, കരുനാഗപ്പള്ളി, ഹരിപ്പാട്, അമ്പലപ്പുഴ, വൈക്കം എന്നീ ഗ്രൂപ്പുകളിൽ ഉൾപ്പെട്ട മുപ്പതോളം ക്ഷേത്രങ്ങളിൽ നിന്നും ഭൂമിയും ക്ഷേത്രങ്ങൾ, ഷോപ്പിങ് കോംപ്ലക്സുകൾ, വഞ്ചി, ഉപദേവാലയങ്ങൾ, ശീവേലിപ്പാത ഉൾപ്പെടെ നിരവധിയായുള്ള നിർമ്മിതികളും ആലപ്പുഴയിലെ അരൂർ മുതൽ തിരുവനന്തപുരത്തെ കഴക്കൂട്ടം വരെയുള്ള നാഷണൽ ഹൈവേ 66-ന്റെ വികസനത്തിനായി ഏറ്റെടുത്തിട്ടുണ്ട്. വിവിധ ക്ഷേത്രങ്ങളിൽ നിന്നായി ഏകദേശം 6

ഏക്കറോളം ഭൂമിയും നിരവധി നിർമ്മിതികളും റോഡ് വികസനത്തിനായി ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ ലാൻഡ് വാല്യൂ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+. ടി തുകകൾ തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വത്തിന് ചിറങ്ങര ക്ഷേത്രം വക ചാലക്കുടി താലൂക്ക് കിഴക്ക് മുറി വില്ലേജ് സർവെ 401/4 ബി-യിൽ 0.1716 ഹെക്ടർ ഭൂമിക്ക് 38,51,899/- രൂപയും മുടിക്കോട് ക്ഷേത്രം വക തൃശ്ശൂർ താലൂക്ക് പാണഞ്ചേരി വില്ലേജ് റീ സർവെ 61/6 എ, 61/6 ബി-യിൽ 0.0088, 0.0676 ഹെക്ടർ ഭൂമികൾക്ക് 43,08,230/- രൂപയും ചേരാനെല്ലൂർ ദേവസ്വം വക കണയന്നൂർ താലൂക്ക് ചേരാനെല്ലൂർ വില്ലേജ് റീസർവ്വെ 120/5-ൽപ്പെട്ട 11.3746 ഹെക്ടർ ഭൂമിക്ക് 1,45,72,580/- രൂപ 25-09-2025 തീയതിയിലും നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. ആയതിൽ ചിറങ്ങര ക്ഷേത്രം വക ഭൂമിക്കും മുടിക്കോട് ക്ഷേത്രഭൂമിക്കും കൂടി ലഭിച്ച സംഖ്യയിൽനിന്നും 29,20,897/- രൂപ ചോറ്റാനിക്കര നവരാത്രി മണ്ഡപത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ളതും ബാക്കി സംഖ്യ സ്ഥിരനിക്ഷേപമാക്കിയിട്ടുള്ളതുമാണ്. ചേരാനെല്ലൂർ ദേവസ്വം വക ഭൂമിക്ക് ലഭിച്ച തുക Land Acquisition Fund ഇനത്തിൽ അക്കൗണ്ടിൽ സ്ഥിര നിക്ഷേപമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമി ഹൈവേ വികസനത്തിന് ഏറ്റെടുത്തത് സംബന്ധിച്ചും അനുവദിച്ച നഷ്ടപരിഹാരം, നഷ്ടപരിഹാരം വിനിയോഗിച്ചത് എന്നിവയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ ക്ഷേത്ര ഭൂമി ഹൈവേ വികസനത്തിനായി ഏറ്റടുത്തിട്ടില്ല.

ദേവസ്വം വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം

353 (2857) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യയിനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വത്തിൽനിന്നും ഹൃസ് അഡ്വർടൈസിങ് ഏജൻസി, എഫിഷ്യന്റ് അഡ്വർടൈസിങ് ഏജൻസി, ചക്ര കമ്മ്യൂണിക്കേഷൻസ് എന്നീ ഏജൻസികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഴിയാണ് പരസ്യം നൽകുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

ശബരിമല മാസ്റ്റർപ്ലാൻ പദ്ധതികളുടെ പരസ്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പാനലിലുള്ള തിരുവനന്തപുരം എഫിഷ്യന്റ് അഡ്വർടൈസിങ് കമ്പനിക്കാണ് നൽകിയിട്ടുള്ളത്. പരസ്യ തുകയിൽനിന്ന് 10% ഡിസ്കൗണ്ട് കുറച്ച് 9,69,992/- രൂപ ടി പരസ്യ കമ്പനിക്ക് നൽകിയിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ടെൻഡർ പരസ്യങ്ങളും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളുമൊഴികെ മറ്റ് പരസ്യങ്ങളൊന്നും നൽകി വരുന്നില്ല.

മലബാർ ദേവസ്വം ടെണ്ടർ, ക്വട്ടേഷൻ എന്നീ ഇനങ്ങളിൽ മാത്രമാണ് പത്രപരസ്യങ്ങൾ നൽകിവരുന്നത്. വാണിജ്യാവശ്യങ്ങൾക്കുള്ള പരസ്യങ്ങളൊന്നും നൽകിവരുന്നില്ല. മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും സ്വതന്ത്ര യൂണിറ്റുകളായി പ്രവർത്തിക്കുന്നതിനാൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഉത്സവാദി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ അതത് ക്ഷേത്രങ്ങളുടെ ഫണ്ടുപയോഗിച്ച് ക്ഷേത്രങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി വരികയാണ്. ആയതിന് പ്രത്യേക ഏജൻസികളെയൊന്നും നിയോഗിച്ചിട്ടില്ല.

ഗുരുവായൂർ ദേവസ്വം ടെൻഡർ-റീ ടെൻഡർ, വിജ്ഞാപനം എന്നിവയുടെ പരസ്യങ്ങൾ ദിനപത്രങ്ങളിൽ നേരിട്ടാണ് നൽകിവരുന്നത്. അഡ്വെർടൈസ്മെന്റ് ചാർജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-2021 – 22,47,668/-

2021-2022 – 10,04,302/-

2022-2023 – 19,67,372/-

2023-2024 – 32,70,016/-

2024-2025 – 13,26,872/-

കൂടൽമാണിക്യം ദേവസ്വത്തിൽനിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റെഗുലേഷൻസ്, 2016-ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം മാതൃഭൂമി, ദേശാഭിമാനി എന്നീ മലയാള ദിനപത്രങ്ങളിലും ടൈംസ് ഓഫ് ഇന്ത്യ, ദി ഹിന്ദു എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളിലും വിജ്ഞാപനങ്ങൾ പരസ്യം ചെയ്തുവരുന്നു. ആയതിന് ഈ സർക്കാരിന്റെ കാലയളവിൽ ആകെ 35,63,355/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

(2472, 2474, 2475, 2476, 2477, 2478, 2479, 2480, 2481, 2482, 2487, 2515, 2518, 2519, 2524, 2533, 2534, 2536, 2537, 2542, 2544, 2548, 2552, 2556, 2557, 2560, 2566, 2569, 2577, 2581, 2596, 2606, 2663, 2668 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം II

1. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കേണ്ടതിന്റെയും അരേകാപ്പ് - വീരാങ്കുടി ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

പട്ടികജാതി വികസന വകുപ്പുമുഖേന ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 4,50,000/- രൂപയും 6,00,000/- രൂപയും എന്ന ക്രമത്തിൽ ധനസഹായം അനുവദിക്കുകയാണ് ചെയ്യുന്നത്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 5,00,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 6,00,000/- രൂപ, 7,50,000/- രൂപയും എന്ന ക്രമത്തിൽ ധനസഹായം അനുവദിച്ചുവരുന്നു. ഇതിനുപുറമെ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപവരെ അനുവദിക്കുന്ന പദ്ധതിയും ദുർബല പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13531 പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് 757 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 3400 പേർക്കുകൂടി ഭൂമി വിതരണം ചെയ്യുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 9 വർഷത്തിനിടെ 34218 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയുണ്ടായി.

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 3126 പട്ടികവർഗ കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമി കൈവശാവകാശ രേഖയും 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ/പ്രോജക്ട്/ഫാം ഭൂമി പട്ടയവും 718 കുടുംബങ്ങൾക്ക് 243.80 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശരേഖയും നൽകി. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 280 കുടുംബങ്ങൾക്ക് 52.83 ഏക്കർ ഭൂമിയും വാങ്ങി നൽകി. ഇത്തരത്തിൽ 4151 കുടുംബങ്ങൾക്ക് 4542.16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ 9 വർഷത്തിനുള്ളിൽ 8278 പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ആദിവാസി മേഖലയിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറുകയുണ്ടായി. വയനാട്, കൊല്ലം, തൃശ്ശൂർ ജില്ലകളിലും ഇത്തരം പ്രവർത്തനം പുരോഗമിക്കുന്നു. ഈ സർക്കാരിന്റെ കാലത്തുതന്നെ സംസ്ഥാനത്തെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

അരേകാപ്പ് - വീരാങ്കുടി നിവാസികളുടെ പുനരധിവാസം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും മലയാറ്റൂർ വനം ഡിവിഷൻ, ഇടമലയാർ ഫോറസ്റ്റ് റെയിഞ്ചിനുകീഴിൽ പെരുമുഴി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിലുൾപ്പെടുന്ന കപ്പായം വനമേഖലയിലുള്ള ആദിവാസി നഗറാണ് അരേകാപ്പ്-വീരാങ്കുടി. സ്ഥിരമായി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഉണ്ടാകാറുള്ള ഈ ഉന്നതികളിൽനിന്നും നിവാസികളെ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിന് 20-12-2024-ൽ ചേർന്ന ജില്ലാതല സമിതി തീരുമാനമെടുത്തിരുന്നു. ഈ ഉന്നതിയിൽ വനാവകാശ നിയമപ്രകാരം വ്യക്തിഗത വനാവകാശ രേഖ ലഭിച്ച 29 കുടുംബങ്ങൾക്കും വ്യക്തിഗത വനാവകാശ രേഖക്ക് അർഹതയുണ്ടായിട്ടും ലഭിക്കാതിരുന്ന 2 കുടുംബങ്ങൾക്കുമുൾപ്പെടെ ആകെ 31 കുടുംബങ്ങൾക്കും അവരുടെ ഉപകുടുംബങ്ങൾക്കുമായി 42.9571 ഹെക്ടർ ഭൂമി (0.4780 + 42.4791) ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്ത് അനുവദിക്കുന്നതിനാണ് ജില്ലാതല സമിതി തീരുമാനമെടുത്തിരുന്നത്. പ്രസ്തുത തീരുമാനം 04-04-2025-ൽ നടന്ന സ്റ്റേറ്റ് ലെവൽ മോണിറ്ററിങ് കമ്മിറ്റി അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ, ടി.ആർ.ഡി.എം. സ്പെഷ്യൽ ഓഫീസർ, റവന്യൂ വകുപ്പ് എന്നിവർക്ക് നിർദേശം നൽകി ഉത്തരവാകുകയും ചെയ്തു. തുടർന്ന് മാരാങ്കോട് കശുമാവിൻതോപ്പിൽ ഭൂമി അളന്നുതിരിച്ച് കല്ലിടുന്ന പ്രവൃത്തി തുടരുന്ന സമയത്ത് ചാലക്കുടി ഡി.എഫ്.ഒ. സ്റ്റോപ്പ് മെമ്മോ നൽകുകയും

പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. ഈ സാഹചര്യം വിലയിരുത്തുന്നതിനായി റവന്യൂ, വനം-വന്യജീവി, പട്ടികവിഭാഗ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 25-06-2025-ന് യോഗം ചേർന്ന് സമയബന്ധിതമായി ഈ പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനിടയിൽ 05-09-2025-ന് അരേകാപ്പ്-വീരാങ്കുടി ഉന്നതിയിൽ വനാവകാശരേഖ ലഭിച്ചിട്ടുള്ള 28 കുടുംബങ്ങളിൽപ്പെട്ട 130-ഓളം പേർ മാരാങ്കോട് കശുമാവിൻതോപ്പിൽ കടന്ന് ഷെഡ് കെട്ടി താമസം ആരംഭിച്ചിരിക്കുന്നതായി ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. വീരാങ്കുടിയിൽ കാട്ടുപോത്തിന്റെയും പുലിയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ആക്രമണത്തിൽ മാരകമായ പരിക്കേറ്റതിനെത്തുടർന്ന് ഊരുമൂപ്പനും രാഹുൽ എന്ന മൂന്നര വയസ്സുകാരനും ഇപ്പോഴും ചികിൽസയിലാണ്. പുലിയുടെയും ആനയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യംമൂലമാണ് ഇവർ സർക്കാർ അനുവദിച്ച മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്ത് ഷെഡ് കെട്ടി താമസിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചതും എന്നാൽ പ്രകൃതി ദുരന്തം, വന്യമൃഗ ആക്രമണ ഭീഷണി തുടങ്ങിയവ അഭിമുഖീകരിക്കുന്ന പട്ടികവർഗ ഉന്നതിയിലെ കുടുംബങ്ങളെ സ്റ്റേറ്റ് ലെവൽ മോണിറ്ററിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പുനരധിവസിപ്പിക്കാറുണ്ട്. പോത്തുപാറ, പന്തപ്ര, പുലിമുണ്ട തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ഇത്തരത്തിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്. സർക്കാർതലത്തിൽ നടന്ന ഉന്നതാധികാര സമിതി യോഗത്തിന്റെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്ന് ലോക ആവാസ ദിനം കൂടിയാണ്. മതിയായ പാർപ്പിടം എല്ലാവരുടെയും അവകാശമാണെന്നാണ് ഈ ദിനത്തിന്റെ സന്ദേശം. അരേകാപ്പ്-വീരാങ്കുടി ഉന്നതിയിൽ

നിന്നുള്ള 31 കുടുംബങ്ങളെയും ഉപകുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് ജില്ലാതല, സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റികൾ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ സൂചിപ്പിച്ച പ്രശ്നം റവന്യൂ, വനം, പട്ടിക വിഭാഗ വകുപ്പുമന്ത്രിമാർ സംയുക്തമായി കൂടിയ യോഗം ചർച്ച ചെയ്യുകയുണ്ടായി. എത്രയും വേഗം പരിഹാരം കാണുന്നതാണ്.

അനുബന്ധം III

1. <u>കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) മേശപ്പുറത്തുവച്ച മറുപടി</u>

കുടിവെള്ള മേഖലയിൽ പ്രവർത്തിച്ചുവരുന്ന കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. കുടിവെള്ള വിതരണത്തിലൂടെ ലഭിക്കുന്ന വാട്ടർ ചാർജാണ് കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സ്. ഉൽപാദനച്ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാൽ കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർധിപ്പിക്കുന്നതിലേക്കായി 03-02-2023-ലെ ജി. ഒ. (എം.എസ്) നം. 11/2023/ഡബ്ല്യു.ആർ.ഡി. പ്രകാരം വെള്ളക്കരം ലിറ്ററിന് ഒരു പൈസ എന്ന നിരക്കിൽ വർധിപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകി. കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി ഒരു പരിധിവരെ സർക്കാർ നൽകുന്ന നോൺ പ്ലാൻ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് നികത്തിപ്പോരുന്നത്. 2022-23 കാലഘട്ടത്തിൽ 183.73 കോടി രൂപയും 2023-24 കാലഘട്ടത്തിൽ 66.10 കോടി രൂപയും 2024-25 കാലഘട്ടത്തിൽ 150.48 കോടി രൂപയും ചേർത്ത് നോൺ പ്ലാൻ ഗ്രാന്റായി 400.31 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. 12-03-2024-ലെ ജി. ഒ. (ആർ.ടി.) നമ്പർ 45/2024/പവർ നമ്പർ ഉത്തരവനുസരിച്ച് കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള 2,068 കോടി രൂപയുടെ വൈദ്യുതി ചാർജ് കുടിശ്ശികയും സർചാർജും സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ടി തുക 206.80 കോടി രൂപയുടെ 10 തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.എൽ.-ന്

സർക്കാർ നൽകുമെന്നും ഈ തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നോൺ പ്ലാൻ ഗ്രാന്റിൽ ഗഡുക്കളായി തിരികെ പിടിക്കാനും വ്യവസ്ഥ ചെയ്തു. കൂടാതെ 27-03-2025-ലെ ജി. ഒ. (ആർ.ടി.) നമ്പർ 3217/2025/ധന ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിശ്ശിക തീർക്കുന്നതിനായി 719.166 കോടി രൂപ സർക്കാർ അനുവദിച്ചു. പ്രസ്തുത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. 20-08-2025-ലെ ജി. ഒ.(എം.എസ്.) നമ്പർ 103/2025/ധന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർക്കുന്നതിനായി അനുവദിച്ച 719.166 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കുവേണ്ടി സർക്കാർ കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുള്ള 2,068 കോടി രൂപയിൽനിന്ന് കിഴിവ് ചെയ്യുകയും ഈ കിഴിവ് വരുത്തിയതിനുശേഷം ബാക്കിയുള്ള ബാധ്യതയായ 1,348.834 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നോൺ-പ്ലാൻ ഗ്രാന്റിൽനിന്ന് 10 തുല്യ ഗഡുക്കളായി ക്രമീകരിക്കാൻ ഉത്തരവാകുകയുമുണ്ടായി.

സംസ്ഥാന സർക്കാരാണ് കുടിവെള്ളത്തിന്റെ താരിഫ് നിശ്ചയിക്കുന്നത്. കാലാകാലങ്ങളായി സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാൽ വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. 2022-23, 2023-24, 2024-25 കാലഘട്ടത്തിൽ നോൺ പ്ലാൻ ഗ്രാന്റ് അനുവദിക്കുന്നതിൽ 667.41 കോടി രൂപയുടെ കുറവുണ്ടായി. നോൺ പ്ലാൻ ഗ്രാന്റിലുണ്ടായ ടി കുറവ് ജല അതോറിറ്റിയുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ജീവനക്കാരുടെ ജി.പി.എഫ്.-ഉം

പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ നൽകുന്നതിന് അതോറിറ്റി ബുദ്ധിമുട്ടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. കെ.ഡബ്ല്യു.എ.-യുടെ തുടർച്ചയായ റവന്യൂ കമ്മി മുഖാന്തരം വൈദ്യുതി ചാർജ്, സമയബന്ധിതമായി അറ്റകുറ്റപ്പണികളുടെ തുക, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ, ജീവനക്കാരുടെ മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാസമയം നൽകാൻ സാധിച്ചിട്ടില്ല. ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി കാരണം വിരമിച്ച പെൻഷൻകാർക്ക് 2020 മേയ് മുതൽ വിവിധ ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ല. പെൻഷൻകാർക്ക് മാത്രമുള്ള കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് 374.21 കോടി രൂപ ആവശ്യമാണ്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് കുടിശ്ശികയുള്ളത് കാരണം പുതിയ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിൽനിന്നും കരാറുകാർ പിൻവാങ്ങുന്ന അവസ്ഥയാണുള്ളത്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ സാധിക്കാത്തത് കുടിവെള്ളം പാഴായിപ്പോകുന്നതിനും ജലവിതരണം തടസ്സപ്പെടുന്നതിനും ഇടയാക്കുന്നുണ്ട്. ഈ അവസ്ഥ തുടർന്നാൽ ശുദ്ധജലത്തിന്റെ സുഗമമായ വിതരണത്തെ സാരമായി ബാധിച്ചേക്കാം. നിലവിൽ ഏപ്രിൽ 2024 മുതലുള്ള 146.75 കോടി രൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കുവാനായിട്ടുണ്ട്.

1	ഒരു കിലോ ലിറ്റർ കുടിവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ചെലവ്	24.56 രൂപ
2	ഒരു കിലോ ലിറ്ററിൽനിന്ന് ലഭിക്കുന്ന വരുമാനം	19.90 രൂപ
3	2020-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം	2.63 ലക്ഷം
4	2023-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം	6.03 ലക്ഷം
5	2025-ലെ ബി.പി.എൽ. കണക്ഷനുകളുടെ എണ്ണം	7.81 ലക്ഷം

6	ബി.പി.എൽ. കണക്ഷനുകൾക്ക് പ്രതിമാസം വരുന്ന സബ്സിഡി തുക	9.75 കോടി

വാട്ടർ അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി വളരെ വിശദമായി ധനകാര്യ വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയുമായും ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിഹരിക്കുന്നതിനായി ഉചിതമായ സാമ്പത്തിക സഹായം വാട്ടർ അതോറിറ്റിക്ക് നൽകുന്ന കാര്യം പരിഗണനയിലാണ്.

2. ചാവക്കാട് സർക്കാർ ഫിഷറീസ് സ്കൂളിൽ ആരംഭിക്കാൻ തീരുമാനിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തെ സംബന്ധിച്ച ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) മേശപ്പുറത്തുവച്ച മറുപടി

കേരളത്തിലെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പുതിയ തൊഴിലവസരങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ, ആധുനിക മത്സ്യബന്ധന സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധിത മത്സ്യ ഉൽപന്ന നിർമ്മാണം, അലങ്കാര മത്സ്യകൃഷി, വിവിധ മത്സ്യങ്ങളുടെ വിത്ത് ഉൽപാദനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായാണ് കേരളത്തിലുടനീളം ഫിഷറീസ് & ഓഷ്യൻ നോളജ് സെന്ററുകൾ സ്ഥാപിക്കുവാൻ കൃഫോസ് തീരുമാനിച്ചത്. സർക്കാർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ എം.പി./എം.എൽ.എ.-മാരുടെ അടിസ്ഥാന വികസന ഫണ്ട്, മത്സ്യബന്ധന

വകുപ്പ്/സർവകലാശാലയുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ഇവ വികസിപ്പിക്കാനായിരുന്നു ആദ്യഘട്ടത്തിൽ ആലോചിച്ചിരുന്നത്.

2023 ജൂലൈ 6-ന് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പരമാവധി വിദ്യാർഥികൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ ഫിഷറീസിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെട്ട വൈവിധ്യമുള്ള കോഴ്സുകൾ സർവകലാശാല ആരംഭിക്കേണ്ടതാണെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട തീരദേശ മേഖലയായ ചാവക്കാട് ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ മത്സ്യസംസ്കരണം, ജലകൃഷി, കടൽ സുരക്ഷ തുടങ്ങിയ മേഖലകളിൽ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തി ഒരു ടെയിനിങ്-കം-എക്സ്റ്റൻഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സാധ്യത കൂഫോസ് പരിഗണിക്കുകയുണ്ടായി. വിവിധ കോഴ്സുകൾക്കായി സിലബസും മറ്റ് അനുബന്ധ രേഖകളും സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് കൂഫോസ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പ്രവർത്തന ഫണ്ട് സംബന്ധിച്ചും അധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ചും വ്യക്തമായ റിപ്പോർട്ട് നൽകുന്നതിന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി സർവകലാശാലയുടെ ബജറ്റ് വിഹിതം ചെലവഴിക്കുന്നത് സർവകലാശാലയുടെ ഉന്നത വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള കാര്യവും സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമുള്ള കോഴ്സുകൾ ആരംഭിച്ച് പരമാവധി

വിദ്യാർഥികൾക്ക് പരമാവധി കോഴ്സുകൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ നിർദേശം നൽകിയ പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചാവക്കാട് റീജിയണൽ സ്കൂളിലെ വിദ്യാർഥികൾക്കും ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്ലസ് ടു പാസായ വിദ്യാർഥികൾക്കുമുൾപ്പെടെ താൽപര്യമുള്ളവർക്കായി അക്വാകൾച്ചർ, ഓർണമെന്റൽ ഫിഷ് കൾച്ചർ തുടങ്ങിയ മേഖലകളിൽ ഹാൻഡ്സ് ഓൺ പരിശീലന പരിപാടികൾ ഒരുക്കുന്നതിനായി കൃഫോസ് പുതുവൈപ്പ് ക്യാമ്പസിലെ ഫിഷറീസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ. അധ്യക്ഷത വഹിക്കുന്ന ഒരു മോണിറ്ററിങ് കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. ഇപ്പോൾ 5 ക്ലാസ് മുറികൾ, ഓഫീസ് മുറി, ടോയ്ലറ്റ് ബ്ലോക്ക്, ചുറ്റുമതിലും ഗേറ്റും അടങ്ങുന്ന നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഗുരുവായൂർ സൗകര്യ വികസന ഫണ്ടിന്റെ സഹായത്തോടെ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിന് പബ്ലിക്/പ്രൈവറ്റ് സെക്ടർ കമ്പനികൾ, കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾ, എൻ.ജി.ഒ.-കൾ എന്നിവയുടെ സി.എസ്.ആർ./പ്രോജക്ട് ഫണ്ടുകൾ ലഭ്യമാക്കുന്നതിനായുള്ള ശ്രമങ്ങൾ നടക്കുന്നതായി സർവകലാശാല അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചാവക്കാട് എക്സ്റ്റൻഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവർത്തനം

തുടങ്ങുന്നതിനുള്ള അടിസ്ഥാന മൂലധനത്തിനാവശ്യമായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് സെന്റർ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

3. പുതുമൺ പാലം നിർമ്മാണം സംബന്ധിച്ച ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

റാന്നി നിയോജകമണ്ഡലത്തിലെ പുതുമൺ പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ. പുതിയതായി നിർമ്മിക്കുന്ന പുതുമൺ പാലം 8 മീറ്റർ വീതം നീളമുള്ള 2 സ്പാനുകളോടുകൂടിയ സബ്മെഴ്സിബിൾ ബ്രിഡ്ജ് ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. 7.50 മീറ്റർ ക്യാര്യേജ് വേയും ഇരുവശങ്ങളിലും 1.5 മീറ്റർ ഫുട്പാത്തും ഉൾപ്പെടെ 11 മീറ്ററാണ് പാലത്തിന്റെ വീതി. നിലവിൽ പാലത്തിന്റെ പൈലുകൾ പൂർത്തിയായിട്ടുണ്ട്. ഇരുകരകളിലെയും അബട്ട്മെന്റുകളുടെയും നടുക്കുള്ള പിയറിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. തോടിന്റെ അടിത്തട്ടിൽ Apron നിർമ്മാണം പുരോഗമിക്കുന്നു. കാലവർഷം ശക്തമായതോടുകൂടി തോട്ടിലെ വെള്ളം അടിക്കടി ക്രമാതീതമായി ഉയരുന്നത് പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിരുന്നു. പാലത്തിന്റെ ഡെക്ക് സ്ലാബ് കോൺക്രീറ്റ് അടിയന്തരമായി പൂർത്തീകരിക്കുന്ന വിധത്തിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. തുടർന്ന്, പാലത്തിന്റെ പൂർത്തീകരിച്ച അപ്രോച്ച് റോഡിൽ GSB വിരിച്ച് ശബരിമല തീർത്ഥാടന സമയത്ത് വാഹന ഗതാഗതത്തിന് താൽക്കാലികമായി തുറന്ന് കൊടുക്കത്തക്കവിധത്തിൽ പ്രവൃത്തി ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശബരിമല പാതയിലെ പാലം എന്ന

നിലയിൽ പ്രവൃത്തി പ്രത്യേകമായി ശ്രദ്ധിക്കുവാൻ പാലം വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

4. കോങ്ങാട് - മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് നവീകരണം സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള കോങ്ങാട്-മണ്ണാർക്കാട്-ടിപ്പുസുൽത്താൻ റോഡ് പ്രവൃത്തിയുടെ സെക്കൻഡ് ഫേസായി നിർമ്മിക്കുന്ന മൈനർ ബ്രിഡ്ജിന്റെ ഡിസൈൻ സൂക്ഷ്മപരിശോധന കഴിഞ്ഞിട്ടുണ്ട്. കോങ്ങാട്-മണ്ണാർക്കാട്-ടിപ്പുസുൽത്താൻ റോഡ് പ്രവൃത്തിയുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

5. കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. എം. വിജിൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) മേശപ്പുറത്തുവച്ച മറുപടി

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും), 2019-ലെ 13-ാം ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്കുകീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02-03-2019 തീയതി

പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. തുടർന്ന് കേരള സഹകരണ ആശുപത്രി കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസും അനുബന്ധ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻകീഴിലാക്കി 18-03-2019-ലെ സ. ഉ.(കൈ) 44/2019/ആ.കു.വ. നമ്പർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

മുൻ പരിയാരം മെഡിക്കൽ കോളേജിൽനിന്നും ഏറ്റെടുത്ത ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ഏറ്റെടുക്കുന്നതിനായി താഴെപ്പറയുംപ്രകാരം വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1	മെഡിക്കൽ അധ്യാപക ജീവനക്കാർ	147
2	നഴ്സിങ് വിഭാഗം ജീവനക്കാർ	521
3	ഫാർമസി അധ്യാപകർ	26
4	ദന്തൽ അധ്യാപകർ	43
5	നഴ്സിങ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്	210
6	നഴ്സിങ് അധ്യാപകർ	27
7	പാരാമെഡിക്കൽ ജീവനക്കാർ	212
8	മിനിസ്റ്റീരിയൽ & എഞ്ചിനീയറിങ് ജീവനക്കാർ	237
9	ദന്തൽ വിഭാഗം അനധ്യാപക ജീവനക്കാർ	17

ഇപ്രകാരം അക്കോമഡേഷനായി ആകെ 1440 തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതുകൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 09-10-2020-ലെ സ. ഉ. (കൈ) നം. 131/2020/ആ.കു.വ. പ്രകാരം 100 തസ്തികകളും പ്രസ്തുത മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി 08-03-2019-ലെ സ. ഉ. (കൈ) നം. 39/2014/ആ.കൂ.വ. പ്രകാരം 11 അഡ്മിനിസ്ട്രേറ്റീവ് തസ്തികകളും 21-12-2023-ലെ സ. ഉ. (കൈ) നം. 346/2023 ആ.കു.വ. പ്രകാരം 31 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം കണ്ണൂർ മെഡിക്കൽ കോളേജ് സന്ദർശിച്ച വേളയിൽത്തന്നെ മെഡിക്കൽ കോളേജിൽ അനിവാര്യമായ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ പോരായ്മയും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കിയതിന്റെ ഭാഗമായി പ്ലാസ്റ്റിക് സർജറി വിഭാഗം ഉടൻതന്നെ ആരംഭിക്കുകയും നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, നിയോനാറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കായി 21-12-2023-ൽ 31 അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ആഗിരണം ചെയ്യപ്പെടേണ്ട ജീവനക്കാരുടെ ആഗിരണ പ്രക്രിയ സംബന്ധിച്ച് 07-10-2021-ൽ ധനകാര്യം, പി.&എ.ആർ.ഡി., ലേബർ, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ജീവനക്കാർക്ക് ആഗിരണ പ്രക്രിയ പ്രയാസകരമാകാത്ത തരത്തിൽ ഓപ്ഷൻ നൽകുന്നതിനും അവസരം

നൽകുന്നതിനും തീരുമാനമെടുത്തിരുന്നു. ഇതിന്റെ ഭാഗമായി മുൻ പരിയാരം മെഡിക്കൽ കോളേജിൽനിന്ന് ഏറ്റെടുത്ത എൻടി കേഡർ/സ്റ്റാൻഡ് എലോൺ സ്വീകരിച്ച മെഡിക്കൽ അധ്യാപകരിൽ ഒരാളൊഴികെയുള്ള എല്ലാ അധ്യാപകരുടെയും റെഗുലറൈസേഷൻ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുത്ത ദന്തൽ, ഫാർമസി നഴ്സിങ് വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് താൽക്കാലിക നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/പ്രിൻസിപ്പാളിൽനിന്നും മേൽ അധ്യാപകരുടെ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും തുടർന്നുള്ള പി.എസ്.സി.-യുടെ ഉപദേശവും ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയവരുടെ നിയമനം ക്രമീകരിക്കുന്നതാണ്. പാരാമെഡിക്കൽ ജീവനക്കാരുടെ ആഗിരണവുമായി ബന്ധപ്പെട്ട് ആകെയുള്ള 38 വിഭാഗം തസ്തികകളിൽ ധനകാര്യ വകുപ്പ് ശമ്പള സ്കെയിൽ ശിപാർശ ചെയ്ത 26 തസ്തികകളിലെ ജീവനക്കാരെ അക്കൊമഡേറ്റ് ചെയ്യുകയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർതലത്തിൽ ആയവർക്ക് താൽക്കാലിക നിയമന ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തസ്തികകൾക്ക് ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നോൺ ടീച്ചിങ് ദന്തൽ തസ്തികകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആകെയുള്ള 210 നഴ്സിങ് അസിസ്റ്റന്റ്/ട്രോളി വർക്കർ തസ്തികകളിൽ, ധനകാര്യ വകുപ്പിന്റെ ഉപദേശപ്രകാരം 208 ജീവനക്കാരെ അക്കൊമഡേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയവർക്ക് താൽക്കാലിക നിയമന ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരികയാണ്. ആഗിരണത്തിനായി സൃഷ്ടിച്ച 772

തസ്തികകളിലുൾപ്പെട്ട 237 മിനിസ്റ്റീരിയൽ & എഞ്ചിനീയറിങ് വിഭാഗം ജീവനക്കാർക്കായുള്ള തസ്തികകളുടെ വർഗീകരണവും ഏറ്റെടുക്കാനുള്ള 22 നോൺ മെഡിക്കൽ അദ്ധ്യാപകർക്കായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. മുൻ പരിയാരം മെഡിക്കൽ കോളേജിൽനിന്ന് ഏറ്റെടുത്തതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയതുമായ സ്റ്റാഫ് നഴ്സ് 1/ഹെഡ് നഴ്സ്/നഴ്സിങ് സൂപ്രണ്ട്-II വിഭാഗത്തിലെ സ്റ്റാൻഡ് എലോൺ സ്വീകരിച്ച 48 ജീവനക്കാരുടെ റെഗുലറൈസേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II വിഭാഗത്തിലെ 378 ജീവനക്കാരിൽ എൻടി കേഡർ തിരഞ്ഞെടുത്ത ആദ്യഘട്ടത്തിലെ 272 സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ഓഫീസർമാരുടെ റെഗുലറൈസേഷനും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന 106 ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കൂടാതെ ഓപ്ഷൻ മാറുന്നതിനായി കോടതി വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുള്ള 73 നഴ്സിങ് വിഭാഗം ജീവനക്കാരുടെ ആവശ്യത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്ന 8 മുറയ്ക്ക് ടിയാളുകളുടെ റെഗുലറൈസേഷനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത 02-03-2019 മുതലാണ് ടി സ്ഥാപനത്തിലെ ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുന്നത്. അതിനാൽ 02-03-2019 പ്രാബല്യത്തിൽ ടി ജീവനക്കാരെ സ്പാർക്കിൽ പ്രവേശിപ്പിക്കുമ്പോൾ പ്രീ-റിവൈസ്ഡ് ശമ്പള സ്കെയിലിലാണ് ആദ്യം ശമ്പളം നിർണ്ണയിക്കുന്നത്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി നിയമന ഉത്തരവ്

ലഭിച്ച് സ്പാർക്കിൽ പെൻ സൃഷ്ടിച്ച് ശമ്പളം സ്പാർക്ക് മുഖേന മാറുന്നതുവരെ ടി ജീവനക്കാർ നേരത്തെ വാങ്ങി വന്നിരുന്ന കൂടിയ ശമ്പളം ബിംസ് (BIMS) മുഖേന വാങ്ങിയതിനാൽ ടി ജീവനക്കാരെ പതിനൊന്നാം ശമ്പള പരിഷ്കരണത്തിലേക്ക് കൊണ്ടുവരാൻ സാങ്കേതിക പ്രയാസം നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി സർക്കാർ കൃത്യമായി ഇടപെട്ട് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ, സ്പാർക്ക്, ITSF, PRC എന്നീ വകുപ്പുകളുമായി ചർച്ച നടത്തുകയും ഈ പ്രശ്നം ഉടനടി പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സഹകരണ മേഖലയിൽ ഒരു സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിച്ച് വന്നിരുന്നത്. നിലവിലെ ചട്ടങ്ങൾപ്രകാരം സഹകരണ മേഖലയിലെ സൊസൈറ്റികൾക്കുകീഴിലെ സർവീസ് കേരള സർക്കാർ സിവിൽ സർവീസുമായി കൂട്ടിച്ചേർക്കാൻ വ്യവസ്ഥയില്ല. സർക്കാർ സ്ഥാപനം ഏറ്റെടുത്തതും ജീവനക്കാരെ സർക്കാർ സർവീസിലേക്ക് അക്കൊമഡേറ്റ് ചെയ്തതും 02-03-2019-ൽ ആയതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം സർക്കാർ ജീവനക്കാരായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന ജീവനക്കാർ കെ.എസ്.ആർ. ഭാഗം III-ന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ടി ജീവനക്കാർക്ക് സ്ഥാപനം ഏറ്റെടുക്കുമ്പോൾ

തന്നെ പെൻഷൻ ആനുകൂല്യം ഇല്ലായിരുന്നു. 07-01-2013-ലെ സ. ഉ. (അ) നം. 26/2013/ധന പ്രകാരം 01-04-2013-നോ അതിനുശേഷമോ കേരള സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ എല്ലാവരും പങ്കാളിത്ത പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുന്നത്. കണ്ണൂർ മെഡിക്കൽ കോളേജിലെ ജീവനക്കാർ എല്ലാവരും സർക്കാർ സർവീസിൽ പ്രവേശിച്ചിരിക്കുന്നത് 01-04-2013-നുശേഷമായതിനാലും മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് പാർട്ട് III പെൻഷൻ ബാധകമല്ലാത്തതിനാലും ഏറ്റെടുക്കപ്പെട്ട ജീവനക്കാർ എല്ലാവരെയും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ മാത്രമേ സാധിക്കൂ. ആഗിരണ നടപടികളിൽ ഉൾപ്പെട്ട് വളരെ കുറച്ചുസമയത്തിനുള്ളിൽ വിരമിച്ചുപോയ ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

മുൻ പരിയാരം മെഡിക്കൽ കോളേജിൽനിന്നും ഏറ്റെടുക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ പലർക്കും സർക്കാർ സർവീസിൽ അവർ ജോലി ചെയ്തിരുന്ന തസ്തികകളിൽ ആഗിരണം ചെയ്യപ്പെടാൻ സർക്കാർ/അതത് കൗൺസിലുകൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതയില്ലാത്ത സാഹചര്യമുണ്ട്. അപ്രകാരം യോഗ്യത കുറവുള്ള ജീവനക്കാരെ സർക്കാർ സർവീസിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ച് അക്കൊമഡേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തീരുമാനത്തിനെതിരെ പല ജീവനക്കാരും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ ഇളവ് വരുത്താൻ നിലവിലെ

സാഹചര്യത്തിൽ സാധിക്കാത്തതിനാലാണ് ടി ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള തസ്തികയിൽ അക്കൊമഡേറ്റ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വളരെയധികം വ്യവഹാരങ്ങൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുണ്ട്.

ഒഴിവുകൾ

അധ്യാപക തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

Department	Professor			Asso. Professor			Assi. Professor			Lectures		
	San	Exi	Vac	San	Exi	Vac	San	Exi	Vac	San	Exi	Vac
Bio Chemistry	2	2	0	1	0	1	2	1	1	0	0	0
Pathology	1	1	0	3	3	0	4	4	0	0	0	0
Pharmacology	1	1	0	1	1	0	2	1	1	0	0	0
Micro Biology	1	1	0	1	1	0	1	1	0	0	0	0
Transfusion Medicine	0	0	0	0	0	0	2	1	1	0	0	0
Anatomy	1	1	0	2	2	0	1	1	0	0	0	0
Community Medicine	1	1	0	2	2	0	3	3	0	0	0	0
Forensic Medicine	1	1	0	1	1	0	2	1	1	0	0	0
Physiology	1	1	0	2	2	0	3	3	0	0	0	0
Orthopaedics	1	0	1	2	2	0	3	3	0	1	1	0
ENT	2	2	0	1	1	0	2	1	1	0	0	0
Obstetrics & Gynaecology	3	3	0	4	4	0	2	1	1	1	1	0

Radiotherapy	1	1	0	1	1	0	2	2	0	1	1	0
Plastic surgery	1	1	0	0	0	0	1	0	1	0	0	0
CVTS	1	1	0	1	1	0	2	0	2	1	1	0
Urology	0	0	0	2	2	0	1	0	1	1	1	0
Pulmonary Medicine	2	2	0	0	0	0	2	1	1	0	0	0
Surgical Gastro Entrology	0	0	0	1	0	1	3	0	3	0	0	0
Physical Medicine Rehabilitation	1	1	0	0	0	0	1	1	0	0	0	0
Nephrology	1	1	0	1	1	0	1	1	0	1	1	0
General Surgery	2	2	0	3	3	0	7	7	0	2	2	0
Neuro surgery	0	0	0	1	1	0	3	1	2	0	0	0
Paediatric Surgery	0	0	0	1	1	0	2	1	1	0	0	0
Paediatrics	5	5	0	2	2	0	1	1	0	1	1	0
D&V	2	2	0	0	0	0	2	1	1	0	0	
Psychiatry	2	2	0	1	1	0	3	3	0	0	0	0
Medical Gastro	0	0	0	1	0	1	1	1	0	0	0	0
General Medicine	3	3	0	8	8	0	3	2	1	1	1	0
Cardiology	1	1	0	1	1	0	2	2	0	1	1	0
Radio Diagnosis	0	0	0	2	2	0	2	1	1	1	1	0
Neurology	0	0	0	1	1	0	2	2	0	0	0	0
Anaesthesiology	2	2	0	2	2	0	5	4	1	2	2	0
Ophthalmology	2	2	0	1	1	0	2	2	0	0	0	0
Emergency Medicine	1	0	1	1	1	0	1	1	0	2	2	0

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ഒഴിവുകൾ പരമാവധി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻടി കേഡർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളെല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും പ്രൊമോഷൻ തസ്തികയിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ഡെർമറ്റോളജി & വെനറോളജി തുടങ്ങിയ ചില വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ പി.എസ്.സി. റാങ്ക് പട്ടികയിലുൾപ്പെട്ടവർ നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ പി.എസ്.സി. വഴി ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ പി.എസ്.സി. വഴി സ്ഥിരനിയമനം നടത്തുന്ന കാലയളവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

മരുന്നുകളുടെ ലഭ്യത

മരുന്ന് വാങ്ങാനായി 19 കോടി രൂപയാണ് 2025-26 വർഷം കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് KMSCL വഴി അനുമതി നൽകിയിരുന്നത്. മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസമുണ്ടാകുമ്പോൾ അവയുടെ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്കുവേണ്ടി 9 കോടി രൂപയുടെ ഒരു ഫാർമസി സ്റ്റോർ നിർമ്മാണത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുകയും അതിന്റെ ആദ്യഘട്ടത്തിനുള്ള 3.5 കോടി രൂപ പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിലാണുള്ളത്. മുമ്പ് സർക്കാർ മെഡിക്കൽ കോളേജിന്റെ പരിധിയിലുള്ള പഴയ കെട്ടിടത്തിൽ ഒന്നിനെ എച്ച്.ഡി.എസ്. ഫണ്ടുപയോഗിച്ച് അറ്റകുറ്റപണി പൂർത്തീകരിച്ച് മരുന്ന് സ്റ്റോറേജിനായി ഇപ്പോൾ ഉപയോഗിച്ചുവരുന്നു. അതുകൂടാതെ മറ്റൊരു പഴയ കെട്ടിടം ഈ ഒരു കാര്യത്തിനായി അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തുവരുന്നു.

പുതിയ മെഷീനുകൾ

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 2021-22 വർഷം പ്ലാൻ ഫണ്ടിൽനിന്നും 10,69,85,000 രൂപയുടെ മെഷീനുകളായ ഡിജിറ്റൽ റേഡിയോഗ്രാഫി, ഹാർട്ട് ലങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയ പ്രധാനപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനും 2022-23 വർഷം മെഷിനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 14 കോടി രൂപയും 2023-24 വർഷം മെഷീനുകളും മറ്റനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 12.5 കോടി രൂപയും അനുവദിച്ചിരുന്നു. ഇതുകൂടാതെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ "Providing Modern Imaging Facilities including International Radiology in Medical Colleges" എന്ന സ്കീമിൽ ഉൾപ്പെടുത്തി 13.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പി.ഡബ്ല്യു.ഡി.-യുടെ റിപ്പോർട്ട് സ്ഥിതി താഴെപ്പറയും പ്രകാരമാണ്.

Sl. No.	Name of project	Project cost in Lakh rupees	Agency	Present Status as per the report
1	Construction and renovation of medial and paramedical hostels for under graduates & post graduate student-paramedical hostel construction	300	PWD	Location of building changed as per the suggestion received from PWD design wing. Revised site plan approved by the Medical College and detailed drawing (revised) received from AR wing on 20-01-2024. Designdrawing received on 31-05-2024. TS estimate submitted for approval
2	Construction of paramedical Hostel Phase II	300	PWD	TS estimate submitted combining with 1st phase As sanctioned in 2021-22 (Sl No.2). Now agreement executed and work started.
3	Modification works to the Men's Hostel of pharmacy college at GNC Kannur (Old Special ward Building)	64.2	PWD	Work completed UC Received as per G.O. (Rt)No.2547/2024/ H&FWD Dated, 24/10/2024 permission given for utilizing savings of an amount of Rs. 4,40,000/- for its electrical work and electrical works also completed

4	Painting works to Ladies hostel building (MBBS)-painting works and Civil works to Ladies hostel building	64.23	PWD	Work Completed UC received
5	Painting (inside only) and repair works to men's hostel (MBBS/BDS) painting (inside only) and repair works to men's hostel (MBBS/BDS)	56.1	PWD	Work Completed UC received
6	Construction of post graduate Hostel-1st phase (Deposit work)	200	PWD	Detailed AR drawing (revised-after incorporating rooms with attached toilet in GF) received on 20-01-2024. The same has been submitted to PWD design wing During the site visit of Design wing on 03-02-2024, Medical college officials reported about the pipe line passing through the proposed location. Based on the details received from Medical college, site plan revised. Since the amount sanctioned in 1st phase is not enough to start a major work, Design wing reported that structure design for preparing TSV

				estimate will be made available only after the receipt of 2nd phase AS (Submitted for Rs.500L).
7	Construction of Additional class Rooms in pharmacy college-phase-1 at GMC Kannur	100	PWD	Work completed. Bill under Scrutiny.
8	ROOFING THE TERRACE LEVEL OD EXISTING EXAMINATION HALL AREA OF (PHASE-1) MEDICAL COLLEGE BUILDING AT GMCK	85	PWD	Work Completed; UC RECEIVED
9	Construction of providing night autopsy arrangement above the existing forensic department at GMC at Kannur pariyaram	98.11	PWD	Work completed. UC Received.
10	LH2-GMC Kannur-Maintenance and Repair works of Ladies hostel LH-2	75	PWD	Completed; RE to be approved
11	Ladies Hostel (LH3)-Providing light roofing work and toilet repair at Ladies Hostel Building (LH3) in GMCK	50	PWD	Work started
12	Repair works at Men's Hostel Building - Providing light roofing and toilet repair work at men's hostel building GMCK	50	PWD	Work started
13	Painting works to Pharmacy College Govt. Medical	15	PWD	Work completed; UC

	College Kannur			Received.
14	Providing light roofing at the terrace level of the Medical College Building	100	PWD	Agreement to be executed
15	Repair and Maintenance Work of LH-2 Pharmacy College (Phase II)	75	PWD	LoA to be issued
16	Construction of disable friendly ramp in Men's and Ladies Hostel	18	PWD	G.O.(Rt)No.3146/2024/ H&FWD Dated, 23-12-2024 permission given for utilising savings of 2021-2022 Minor work agreement to be executed
17	Repair and Maintenance of toilet block (right side) in men's hostel	15	PWD	G.O.(Rt)No.786/ 2025/H&FWD Dated, 19-03-2025 permission given for utilising savings of 2022-23; work informed to PWD for starting the work immediately.

ഇതുകൂടാതെ കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ നവീകരണ പ്രവൃത്തികൾക്കും ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണത്തിനുമായി കിഫ്ബി ധനസഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നവീകരണ പ്രവർത്തനങ്ങൾക്ക് മാത്രമായി 29.78 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ അന്തിമഘട്ടത്തിലാണ്. ആശുപത്രിയിൽ വരുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഹൗസിംഗ് ബോർഡ് ആശ്വാസ ഭവന നിർമ്മാണ പദ്ധതിയിൽ

ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 23.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പക്ഷാഘാത കേന്ദ്രം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനായി 5.5 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 31-03-2022-ലെ സർക്കാർ ഉത്തരവുപ്രകാരം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 28.16 കോടി രൂപയുടെ പി.ജി. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ പ്രവൃത്തികൾക്കായി (രണ്ടാം ഘട്ടം) 12-08-2025-ലെ ഉത്തരവുപ്രകാരം 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഐ.എം.എൽ.ഡി. സീവേജ് ട്രീറ്റ്മെന്റ് നവീകരണ പ്രവൃത്തി സംസ്ഥാന സർക്കാരും ആശുപത്രി വികസന സമിതിയും സംയുക്തമായി ഫണ്ട് ചെലവഴിച്ചുകൊണ്ട് സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ M/s IRTC project Implementation Unit, പാലക്കാട് എന്ന സ്ഥാപനത്തെയായിരുന്നു ഏൽപ്പിച്ചിരുന്നത്. നിലവിൽ കരാർ ഏജൻസിയായ M/s IRTC, കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. ദേശീയപാതാ വികസനത്തിന്റെ ഭാഗമായുള്ള സർവീസ് റോഡ് കടന്നുപോകുന്നത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കളക്ഷൻ ടാങ്കിന് സമീപത്തുകൂടിയാണ്. 25 വർഷംമുമ്പേ നിർമ്മിച്ച കളക്ഷൻ ടാങ്ക് Under ground Water Sump

ആയിട്ടാണ് ഡിസൈൻ ചെയ്തിരുന്നത്. ആയതിനാൽ ടാങ്കിന്റെ വശങ്ങളിലുള്ള മണ്ണ് നീക്കം ചെയ്യുന്നത് പ്രസ്തുത ടാങ്കിന്റെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്. നിലവിലുള്ള കളക്ഷൻ ടാങ്ക് 0.25 MLD ആണ്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്ക്, ട്രോമാകെയർ ബ്ലോക്ക്, ഹോസ്റ്റലുകൾ എന്നിവ നിർമ്മിക്കുമ്പോൾ നിലവിലെ കളക്ഷൻ ടാങ്ക് മതിയാവാത്ത നിലയിലും കാലപ്പഴക്കംകൊണ്ടും പുതിയ കളക്ഷൻ ടാങ്ക് നിർമ്മിക്കേണ്ടതുണ്ട്. M/s. IRTC നടത്തിയ മലിനജല ശുദ്ധീകരണ ശാലയുടെ നവീകരണ പ്രവൃത്തിയിൽ കളക്ഷൻ ടാങ്കിന്റെ നവീകരണം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കളക്ഷൻ ടാങ്ക് നിർമ്മിക്കുന്നതിന് M/s. IRTC എന്ന സ്ഥാപനം ഒരു കോടി പത്തൊൻപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇത്തരത്തിൽ, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ സർവീസിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്.